# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### 2017 മേയ് 25, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 166- നമ്പർ 21

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 25, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി . ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

334/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക<br>സമുദായക്ഷേമവും നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും<br>കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും<br>വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും<br>വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു<br>സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....29
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....69

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിട്ട 395-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം – ....262

**III ചരമോപചാരം**

പള്ളിപ്രം ബാലൻ, അനിൽ മാധവ് ദവേ എന്നിവരുടെ
നിര്യാണം – ....262

**IV അടിയന്തരപ്രമേയം**

കേന്ദ്ര പദ്ധതി വിഹിതം (അവതരണാനുമതി നിഷേധിച്ചു) ...264

**V ശ്രദ്ധ ക്ഷണിക്കൽ**

1. നഞ്ചൻഗോഡ് - നിലമ്പൂർ റെയിൽപ്പാത
-ശ്രീ. സി.കെ.ശശീന്ദ്രൻ ...282
2. ഫാദർ ടോം ഉഴുന്നാലിലിന്റെ മോചനം
-ശ്രീ. കെ. എം. മാണി ....288

**VI സബ്മിഷൻ**

1. ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള നിയമവിരുദ്ധ റിക്രൂട്ട്മെന്റ്
-ശ്രീ. കെ. വി. അബ്ദുൾ ഖാദർ ....291

2. കോതമംഗലം മുൻസിഫ് കോടതി

- ശ്രീ. ആന്റണി ജോൺ ....292

3. അർദ്ധസൈനികരുടെ ആവശ്യങ്ങൾ

- ശ്രീ. എൻ. ഷംസുദ്ദീൻ .... 293

4. ചാരുംമൂട് ഫയർ സ്റ്റേഷൻ

- ശ്രീ. ആർ. രാജേഷ് ....294

5. ഹാംലെറ്റ് പദ്ധതി

- ശ്രീ. പി. കെ. ബഷീർ ....294

6. അയ്യങ്കാളി സ്മൃതി മണ്ഡപം

- ശ്രീ. ബി. സത്യൻ ....297

7. പട്ടയ ഭൂമി

- ശ്രീ. എസ്. രാജേന്ദ്രൻ ....298

8. മാമ്പഴം നാണ്യവിളയിൽ ഉൾപ്പെടുത്തൽ

- ശ്രീ. കെ. ബാബു .... 299

9. ഡയറി സയൻസ് കോളേജ്

- ശ്രീമതി ഇ. എസ്. ബിജിമോൾ .... 301

10. തീരപ്രദേശത്ത് സംരക്ഷണ ഭിത്തി

- ഡോ. എം. കെ. മുനീർ .... 301

11. ആർ.എസ്.ബി.വൈ.നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ

- ശ്രീമതി യു. പ്രതിഭ ഹരി .... 303

12. ഉള്ളൂർക്കടവ് പാലം

- ശ്രീ. കെ. ദാസൻ .... 305

13. റോഡ്, പാലം നിർമ്മാണം

- ശ്രീ. വി. ടി. ബൽറാം .... 306

14. മലയോര ഹൈവേ വികസനം

- ശ്രീ. കെ. കുഞ്ഞിരാമൻ .... 308

15. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

- ശ്രീ. എൻ. വിജയൻപിള്ള .... 309

16. പഞ്ചായത്ത് റോഡുകൾ

- ശ്രീ. അൻവർ സാദത്ത് ....310

17. അനധികൃതമായി പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകൾ

- ശ്രീ. പി. ടി. തോമസ് ....312

18. കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്

- ശ്രീ. റോജി എം. ജോൺ ....313

19. ഖാദി മേഖലയിലെ പ്രതിസന്ധി

- ശ്രീ. വി. ഡി. സതീശൻ ....314

20. നീർക്കടവ് ഫിഷിംഗ് ഹാർബർ

- ശ്രീ. കെ. എം. ഷാജി ....316

21. ഫിഷ് ലാൻഡിംഗ് സെന്റർ

- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ....317

22. സിവിൽ സർവ്വീസ് അക്കാദമി കെട്ടിട നിർമ്മാണം

- ശ്രീ. എ. പ്രദീപ്കുമാർ ....318

**VII റിപ്പോർട്ട് സമർപ്പണം**

IV, XI, XIII എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ ....319

**VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

തൊഴിൽദാന പദ്ധതിയിലെ അംഗങ്ങൾക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും

- കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) ...320

**IX ഗവൺമെന്റ് പ്രമേയം**

കുടിശ്ശിക തുക ലഭ്യമാക്കൽ

- തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) ...321

**X വ്യക്തിപരമായ വിശദീകരണം**

ശ്രീ. കെ. ബി. ഗണേഷ് കുമാർ നടത്തിയ പരാമർശം സംബന്ധിച്ച്

- ശ്രീ. പി. കെ. അബ്ദു റബ്ബ് ...329

**XI ക്രമപ്രശ്നം**

2005-ലെ കേന്ദ്ര ദുരന്തനിവാരണ ആക്റ്റിന് കീഴിൽ ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കുന്നത് സംബന്ധിച്ച്

- ശ്രീ. എം. ഉമ്മർ ...332

**റൂളിംഗ്** ...335

**XII നിയമനിർമ്മാണകാര്യം**

(1) 2017 -ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ...336

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...377

**XIII അവകാശലംഘന പ്രശ്നങ്ങൾ**

1. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്കയച്ച പ്രശ്നങ്ങൾ ...398

2. ചെയറിന്റെ പരിഗണനയിലിരിക്കുന്നവ ...398

**XIV പ്രമേയം**

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...399

**അനുബന്ധം** ...404

**കേരള നിയമസഭാ നടപടികൾ**

**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

*2017 മേയ് 25, വ്യാഴം*

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 21

നിയമസഭ 2017 മേയ് മാസം 25-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *631

### വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ

1 (*631) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി സമഗ്ര മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെയാണ് പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിന് ഇത് എപ്രകാരമെല്ലാം ഉപയോഗപ്പെടുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി സമഗ്രമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദസഞ്ചാര സാധ്യതയുള്ള പ്രധാന മേഖലകളെ ഉൾപ്പെടുത്തിയാണ് വകുപ്പ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ വികസനത്തിനുവേണ്ടിയുള്ള ആദ്യ പടിയെന്ന നിലയിൽ മാസ്റ്റർപ്ലാനിനെ കണക്കാക്കാം.

(ബി) ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് പദ്ധതികൾ തയ്യാറാക്കുന്നത് അതാത് പ്രദേശങ്ങളുടെ സാധ്യതകളും സവിശേഷതകളും മനസ്സിലാക്കി എംപാനൽ ചെയ്തിട്ടുള്ള ആർക്കിടെക്ടുകളിലൂടെയോ കൺസൾട്ടന്റുമാരിലൂടെയോ ആണ്. എന്നാലും ചില പ്രധാനപ്പെട്ട കേന്ദ്രങ്ങളുടെ വിശദമായ മാസ്റ്റർ പ്ലാനുകൾ ടെണ്ടർ പ്രക്രിയയിലൂടെ രാജ്യത്തെ വിദഗ്ദ്ധ ഏജൻസികളുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ കോവളം, പൂവാർ ടൂറിസം കോറിഡോർ, കുമരകം, ഫോർട്ട് കൊച്ചി, തേക്കടി, നിലമ്പൂർ, കക്കയം - പെരുവണ്ണാമൂഴി, ഗോൾഡൻ വാലി (പൊന്മുടി), അഷ്ടമുടി, അതിരപ്പിള്ളി (കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്) സസ്റ്റെയിനബിൾ ടൂറിസം ഡെവലപ്പ്മെന്റ് മാസ്റ്റർ പ്ലാൻ ഫോർ നിള, മൂന്നാർ എന്നിവയാണ് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി വകുപ്പ് ഉൾപ്പെടുത്തിയിരിക്കുന്നത്.

മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ നടക്കുന്ന ടൂറിസം വികസനം കൂടാതെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ബൃഹത്തായ ടൂറിസം പദ്ധതികൾ നടപ്പാക്കാൻ ടൂറിസം വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉത്തര മലബാറിലെ നദികൾ കേന്ദ്രീകരിച്ചുകൊണ്ട് ഏകദേശം 300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു ടൂറിസം പദ്ധതി തയ്യാറായിവരുന്നു. കൂടാതെ തലശ്ശേരി, മുസിരിസ്സ് എന്നീ പൈതൃക സംരക്ഷണ പദ്ധതികളുടെ വിശദമായ ഒരു പദ്ധതി രൂപരേഖ തയ്യാറാക്കിയാണ് മുന്നോട്ട് പോകുന്നത്. വകുപ്പ് നടപ്പാക്കാൻ പോകുന്ന ആലപ്പുഴ പൈതൃക സംരക്ഷണ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന നടപടിയും ആരംഭിച്ചു കഴിഞ്ഞു. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന 'പ്രസാദ്' പദ്ധതിയുടെ ഭാഗമായി ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസനം, സ്പിരിച്വൽ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി വരുന്ന ശബരിമല - ശ്രീപത്മനാഭസ്വാമിക്ഷേത്രം പദ്ധതി, ഇക്കോ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി വരുന്ന ഗവി - വാഗമൺ പദ്ധതി എന്നിവയ്ക്ക് സംസ്ഥാന ടൂറിസം വകുപ്പ് വിശദമായ പദ്ധതി രേഖ തയ്യാറാക്കി നടപ്പാക്കി വരുന്നു.

(സി)

| എജൻസി | ടൂറിസ്റ്റ് കേന്ദ്രങ്ങൾ |
|---|---|
| ഫോർട്രസ്സ് | കോവളം, പൂവ്വാർ ടൂറിസം കോറിഡോർ, കുമരകം |
| ജിറ്റ് പാക് | കാലടി - മലയാറ്റൂർ - അതിരപ്പിള്ളി സസ്റ്റെയിനബിൾ ടൂറിസം ഡെവലപ്പ്മെന്റ് മാസ്റ്റർപ്ലാൻ ഫോർ നിള |
| ടാറ്റാ കൺസൾട്ടൻസി | ഗോൾഡൻ വാലി (പൊന്മുടി)<br>നിലമ്പൂർ മാസ്റ്റർ പ്ലാൻ |
| ഐ എൽ & എഫ് എസ് | തേക്കടി മാസ്റ്റർപ്ലാൻ<br>കക്കയം പെരുവണ്ണാമൂഴി മാസ്റ്റർപ്ലാൻ<br>അഷ്ടമുടി മാസ്റ്റർ പ്ലാൻ |
| സാൻടെക് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് | ഫോർട്ട് കൊച്ചി |
| കൺസൾട്ടൻസി എഞ്ചിനീയറിംഗ് സർവ്വീസ് | മൂന്നാർ |

(ഡി) ഏജൻസികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർപ്ലാൻ ആദ്യ ഘട്ടത്തിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളുമായി ചർച്ച ചെയ്യും. അതിൽനിന്ന് ഉരുത്തിരിയുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്തുകൊണ്ട് രണ്ടാംഘട്ടത്തിൽ അതാത് പ്രദേശങ്ങളിലെ ടൂറിസം സംരംഭകരുമായും ഉപഭോക്താക്കളുമായും ചർച്ച നടത്തുകയും അവരുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്യും. മൂന്നാമതായി അതാത് പ്രദേശങ്ങളുടെ ജനപ്രതിനിധികളുമായും മറ്റ് പൊതു പ്രവർത്തകരുമായും ചർച്ചകൾ നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തിയാണ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. അംഗീകരിച്ച മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഭൂപ്രകൃതിക്ക് അനുയോജ്യമാംവിധം അതാത് പ്രദേശങ്ങളുടെ പ്രത്യേകതയുംകൂടി ഉൾക്കൊണ്ട് ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയാൽ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കാനും അതാത് ഡെസ്റ്റിനേഷനുകളുടെ സവിശേഷമായ ഭൂപ്രകൃതിക്ക് കോട്ടംതട്ടാതെ ടൂറിസം വികസന പദ്ധതികൾ നടപ്പാക്കാനും ആ പ്രദേശത്തിന് അനുയോജ്യമായ വികസനം ഉറപ്പിക്കാനും സാധിക്കുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്:</u> സർ, സംസ്ഥാനത്തെ ടൂറിസം ഡിപ്പാർട്ടുമെന്റ് കാലോചിതമായ നിരവധി ടൂറിസം മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നുണ്ട്. സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ഇനിയും ആകർഷിക്കുന്നതിന് ഉതകുന്നതാണ് മാസ്റ്റർപ്ലാനുകൾ. ഈ മാസ്റ്റർപ്ലാനുകൾ കൂടുതൽ വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, വളരെ മന്ദഗതിയിലാണ് ഈ പദ്ധതികളുടെ പ്രവർത്തനം നടക്കുന്നതെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം ശരിയാണ്. 10 വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പദ്ധതികൾ-പോലുമുണ്ട്, ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. പലകാരണങ്ങളും ഇതിന് ചൂണ്ടിക്കാണിക്കാൻ സാധിക്കും. CRZ പ്രശ്നംമൂലം മുടങ്ങിയ പദ്ധതികളുണ്ട്, ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്താതെ പദ്ധതിക്ക് അനുമതി നൽകിയതുകാരണം പദ്ധതി ആരംഭിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. അങ്ങനെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അനന്തമായ കാലതാമസം സംഭവിക്കുന്നുണ്ട്. ഖജനാവിനും ഇത് വലിയ നഷ്ടം വരുത്തിവയ്ക്കുന്നുണ്ട്. ഇത് പരിഹരിക്കാൻവേണ്ടി ഗവൺമെന്റ് ഒരു പ്രത്യേക സംവിധാനത്തിന് രൂപം നൽകുകയാണ്. ഇതനുസരിച്ച് പദ്ധതികളുടെ പ്രവർത്തനാവലോകനം നടത്തുന്നതിന് എം.എൽ.എ.-മാർതന്നെ ചെയർമാൻമാരായി 140 മണ്ഡലങ്ങളിലും വകുപ്പുകളുടെ പ്രതിനിധികളെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു സമിതിക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. ഈ സമിതിക്ക് ടൂറിസം പദ്ധതിയുടെ നേരിട്ടുള്ള മേൽനോട്ടം ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമിതി കാര്യക്ഷമമായി പ്രവർത്തിക്കാൻ ശ്രമിച്ചാൽ നിശ്ചയമായും ടൂറിസം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, സാങ്കേതികാനുമതി ലഭിക്കുന്ന കാര്യത്തിൽ വരുന്ന കാലതാമസമാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി ഒരു സാങ്കേതിക സമിതിക്കും ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. ആ സാങ്കേതിക സമിതിയും ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ഇവ രണ്ടുംകൂടി കാര്യക്ഷമമായി പ്രവർത്തിക്കാൻ തുടങ്ങിയാൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

<u>ശ്രീ. ഐ. ബി. സതീഷ്:</u> സർ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെത്തുന്ന ടൂറിസ്റ്റുകളിൽ ചെറുപ്പക്കാരുടെ എണ്ണം കുറവാണെന്നൊരു റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ആധികാരികമാണോ; ആണെങ്കിൽ കൂടുതൽ ചെറുപ്പക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, ടൂറിസ്റ്റുകളിൽ ചെറുപ്പക്കാരുടെ എണ്ണം കുറവാണെന്ന് പറയാൻ സാധിക്കില്ല. നമ്മുടെ സംസ്ഥാനം സന്ദർശിക്കുന്ന സഞ്ചാരികളിൽ നല്ലൊരു പങ്കും യുവാക്കൾ തന്നെയാണ്. ഇവർക്ക് താല്പര്യം അഡ്വഞ്ചർ ടൂറിസത്തിലാണ്. ഭാഗ്യവശാൽ നമ്മുടെ ഭൂപ്രകൃതി സാഹസിക വിനോദസഞ്ചാരത്തിന് വളരെ അനുയോജ്യമാണ്. അതുകൊണ്ടുതന്നെ യുവ വിനോദ സഞ്ചാരികളെ ലക്ഷ്യമിട്ട് അഡ്വഞ്ചർ ടൂറിസം പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്ന നടപടി ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ഏതാണ്ട് 50 കേന്ദ്രങ്ങളെ അഡ്വഞ്ചർ ടൂറിസത്തിന് സാധ്യതയുള്ള പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. വനംവകുപ്പുമായി സഹകരിച്ച് ഈ പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്ന നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരവികസനം ലക്ഷ്യമിട്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, വികസനത്തിൽ രാഷ്ട്രീയമില്ലെന്ന് യു.ഡി.എഫ്-ഉം മറ്റും പറയുമെങ്കിലും വികസനത്തിൽ രാഷ്ട്രീയം കാണിച്ചുകൊണ്ടാണ് തലശ്ശേരി പൈതൃക പദ്ധതി ഏതാണ്ട് 10 വർഷത്തോളം നീണ്ടുപോയത്. പ്രസ്തുത പദ്ധതി ഇപ്പോൾ അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ടി പദ്ധതി സമയപരിധിക്കുള്ളിൽ തീർക്കാൻ സർക്കാരിന് സാധിക്കുമോ? രണ്ട്, പിൽഗ്രിം ടൂറിസത്തിൽ ഉൾപ്പെടുത്തിയ 'പ്രസാദ്' എന്ന കേന്ദ്ര പ്രോജക്റ്റിന്റെ ഭാഗമായി കേന്ദ്ര ഫണ്ട് ഉൾപ്പെടെ കിട്ടുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. ഇപ്പോൾ എന്റെ മണ്ഡലത്തിലും രണ്ടായിരത്തിലേറെ വർഷം പഴക്കമുള്ള ക്ഷേത്രങ്ങളും നൂറിലേറെ വർഷം പഴക്കമുള്ള മുസ്ലീം പള്ളികളും ചർച്ചുകളുമൊക്കെയുണ്ട്. ബഹുമാനപ്പെട്ട സണ്ണി ജോസഫിന്റെ മണ്ഡലത്തിൽ കാക്കയം എന്ന ക്ഷേത്രമുണ്ട്. അതും വളരെയധികം പ്രാധാന്യമുള്ള ക്ഷേത്രമാണ്. ഇത്തരം ക്ഷേത്രങ്ങളെ കൂട്ടിയിണക്കിക്കൊണ്ട് പിൽഗ്രിം ടൂറിസത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ സാധിക്കുമോ; അതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. തലശ്ശേരി പൈതൃക ടൂറിസം സർക്യൂട്ട് യഥാർത്ഥത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി നിലച്ചുപോയ ഒരു പരിപാടിയാണ്. വികസന പ്രവർത്തനങ്ങളിൽ രാഷ്ട്രീയം കലരരുത് എന്നുള്ളത് നമ്മൾ പറഞ്ഞാൽ മാത്രം പോരാ, അത് പ്രവർത്തിപഥത്തിലെത്തിക്കാൻ ആവശ്യമായ സമീപനവും സ്വീകരിക്കേണ്ടതാണ്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം തലശ്ശേരി പൈതൃക ടൂറിസത്തിന്റെ അനന്ത സാധ്യതകൾ വളരെ വലുതാണ്. അഞ്ച് വർഷക്കാലം അത് മുടങ്ങിപ്പോയെങ്കിലും ......

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, പത്ത് വർഷമെന്ന് പറയണം .... (ബഹളം).....

<u>മി. സ്പീക്കർ:</u> പ്ലീസ്.....പ്ലീസ്.....അങ്ങ് മറുപടി പറഞ്ഞോളൂ..

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, ഞാൻ അഞ്ച് വർഷത്തെ കാര്യമാണ് പറയുന്നത്. അതിനുമുൻപ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സന്ദർഭത്തിലാണ് തലശ്ശേരി പൈതൃക പദ്ധതിയുടെ സാധ്യതകൾ മനസ്സിലാക്കി അതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ തുടങ്ങിയത്. ചിലപ്പോൾ രാഷ്ട്രീയമായ കാരണങ്ങൾ കൊണ്ടായിരിക്കും, അല്ലാതെ വേറൊരു കാരണം വരാൻ സാധ്യതയില്ല. അഞ്ച് വർഷക്കാലം ഒന്നും ചെയ്തില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം തലശ്ശേരി പൈതൃക ടൂറിസം സർക്യൂട്ട് പദ്ധതി വളരെ സജീവമായി കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനിടയിൽ വകുപ്പുമന്ത്രിമാരായ ഞങ്ങൾ രണ്ടുപേരും രണ്ട് ഘട്ടങ്ങളിലായി ചേർന്ന് മീറ്റിംഗുകളിൽ പങ്കെടുത്തിട്ടുണ്ട്. അതിന്റെ സജീവപ്രവർത്തനങ്ങൾ നടക്കുകയാണ്. മലബാറിന്റെ പ്രത്യേകിച്ച് വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസന സാധ്യതകളെ എല്ലാ രൂപത്തിലും പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിപാടികൾ ഗവൺമെന്റ് ആവിഷ്കരിക്കുകയാണ്. രണ്ടുമൂന്ന് വർഷം കഴിയുമ്പോഴേക്കും അതിന്റെ ഫലം ഉത്തരമലബാറിൽ നമുക്ക് ദർശിക്കാൻ സാധിക്കും.

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, വയനാട്ടിലെ പനമരം പുഴയുടെ ഭാഗത്തുകൂടിയുള്ള കൊറ്റില്ല കേന്ദ്രീകരിച്ച് കബനി നദീതട ടൂറിസം വികസന പദ്ധതി ടൂറിസം വകുപ്പ് തയ്യാറാക്കി വരുന്നുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചിരുന്നു. അതിന്റെ നടപടിക്രമങ്ങൾ എവിടെവരെയെത്തി?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, അതിന് പ്രത്യേക ചോദ്യം വേണം. അതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് പറയാം.

<u>ശ്രീ. ആന്റണി ജോൺ</u> : സർ, സംസ്ഥാനത്തെ ടൂറിസം മേഖലയിൽ മൂന്നാറും തേക്കടിയും കുമരകവും കോവളവും ഉൾപ്പെടെയുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുണ്ട്. അവയ്ക്കുപുറമേ ഇന്ന് ഓരോ ഗ്രാമപ്രദേശങ്ങളിലും പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തെ കുട്ടമ്പുഴ പഞ്ചായത്ത് തന്നെ ഏതാണ്ട് ആലപ്പുഴ ജില്ലയോളം വിസ്തൃതിയുള്ള ഒരു പ്രദേശമാണ്. പിണ്ടിമേട് വെള്ളച്ചാട്ടമുൾ-പ്പെടെയുള്ള പ്രശസ്തമായ നിരവധി വെള്ളച്ചാട്ടങ്ങൾക്ക് പേരുകേട്ട സ്ഥലമാണ്. കണ്ടമ്പാറ, സ്വാമിക്കുത്ത്, ഇടമലയാർ പദ്ധതി പ്രദേശമുൾപ്പെടെ നിരവധി പ്രകൃതിരമണീയമായ സ്ഥലങ്ങളുണ്ട്. പക്ഷേ ഇത്തരം സ്ഥലങ്ങളിലേക്കുള്ള

പ്രവേശനം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും അനുവദിക്കാത്ത ഒരു സമീപനമാണുള്ളത്. അതിനാൽ ഇക്കോടൂറിസംപോലുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ഗ്രാമപ്രദേശങ്ങളിലെ ആളുകൾക്ക് വരുമാനം ലഭിക്കുന്ന തരത്തിൽ, അവർക്ക് പ്രവേശനം അനുവദിക്കുന്നതിനുവേണ്ടിയിട്ടുള്ള ഇടപെടൽ ഉണ്ടാകുമോ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, വനംവകുപ്പ് പൊതുവെ വനപ്രദേശങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് എതിരാണ്. വനംവകുപ്പിനെക്കൊണ്ടുതന്നെ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പരിശ്രമത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. വനം വകുപ്പിന്റെ പിന്തുണ അതിന് ലഭിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ സ്ഥലത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രത്യേകം പരിശോധിക്കാം.

ശ്രീ. അടൂർ പ്രകാശ്: സർ, ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ടു കൊണ്ട് കോന്നി, അടവി, കൊക്കാതോട്, ഗവി തുടങ്ങിയ പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു സർക്യൂട്ടെന്ന നിലയിൽ ഉയർത്തുമെന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിതന്നെ ഈ സഭയിൽ ഉറപ്പുനൽകിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ച് അത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ടൂറിസം വകുപ്പിൽനിന്ന് 99 കോടി രൂപ അനുവദിച്ച് കിട്ടിയിട്ടുള്ളത്. പക്ഷേ വനം വകുപ്പ് ചില തടസ്സവാദങ്ങൾ പറഞ്ഞ് പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഉത്തരവാദിത്വം കാണിക്കാതെ പോകുന്നുണ്ട്. ഇപ്പോഴത്തെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി, ടൂറിസംവകുപ്പ് കൈകാര്യം ചെയ്ത അവസരത്തിൽ അദ്ദേഹം തന്നെ ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് ചില കാര്യങ്ങൾ ചർച്ചചെയ്തെങ്കിലും വനംവകുപ്പിലെ ഉദ്യോഗസ്ഥരെടുത്ത ഒരു പിടിവാശിമൂലമാണ് അത് നടപ്പാക്കാൻ കഴിയാതെ പോയത്.

മി. സ്പീക്കർ: ചോദ്യത്തിലേക്ക് വരൂ പ്ലീസ്....

ശ്രീ. അടൂർ പ്രകാശ്: സർ, ഗവിയുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്നത്തെ പത്രത്തിൽ വലിയൊരു വാർത്ത വന്നിട്ടുണ്ട്. അനേകം വിദേശികളും തദ്ദേശീയരുമായിട്ടുള്ള വിനോദസഞ്ചാരികൾ എത്തുന്ന ഒരു പ്രദേശമായി ഗവി മാറിയിട്ടുണ്ട്. അതിനാൽ അടിയന്തരമായി അങ്ങും വനം വകുപ്പുമന്ത്രിയും ചേർന്ന് ഒരു യോഗം വിളിച്ചു ചേർത്ത് ഇതിനൊരു പരിഹാരമാർഗ്ഗമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 'സ്വദേശി ദർശൻ' സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇക്കോടൂറിസം സർക്യൂട്ടിലെ പത്തനംതിട്ട, ഗവി, വാഗമൺ, തേക്കടി തുടങ്ങിയവയുടെ വികസനത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം

ഇവിടെ സൂചിപ്പിച്ചത്. അവിടെ ചില തടസ്സങ്ങളുണ്ടെങ്കിലും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കേന്ദ്രസംഘം നാളെ ഈ പ്രദേശം സന്ദർശിക്കുന്നുണ്ട്. സംസ്ഥാന ടൂറിസം ഡിപ്പാർട്ടുമെന്റും ചേർന്ന് പരിശോധിക്കുന്നുണ്ട്. അതിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിയെക്കൂടി ഉൾപ്പെടുത്തി പരിശോധിക്കാം.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കഴിഞ്ഞ ബഡ്ജറ്റിൽ കാരാപ്പുഴ ടൂറിസം ഹബ്ബ് പ്രഖ്യാപിച്ചിരുന്നു. 1978-ൽ ആരംഭിച്ച കാരാപ്പുഴ പദ്ധതി 39 വർഷത്തിനുശേഷം കഴിഞ്ഞ 21-ാം തീയതി ജലസേചന-ടൂറിസം വകുപ്പുമന്ത്രിമാർ പങ്കെടുത്ത് ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ഉത്തരവാദിത്വ ടൂറിസത്തിലൂന്നി ഫാം ടൂറിസം, ഇക്കോ ടൂറിസം, ഹെറിറ്റേജ് ടൂറിസം, ട്രൈബൽ ടൂറിസം, അഡ്വഞ്ചർ ടൂറിസം എന്നിവയിലുൾപ്പെടുത്തി വയനാട് ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും വയനാട് ടൂറിസം മാർക്കറ്റിംഗിനുവേണ്ടി പ്രത്യേക പദ്ധതി രൂപീകരിക്കാനും വിനോദസഞ്ചാര വകുപ്പ് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി വയനാട് മാറുകയാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായത്തെ മാനിച്ച് വിപുലമായിട്ടുള്ള ഒരു പ്രോജക്ട് തയ്യാറാക്കുന്നതിനുവേണ്ടി നിശ്ചയമായും ഗവൺമെന്റ് ശ്രമിക്കും.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ബൃഹത്തായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത് സ്വാഗതാർഹമാണ്. ഇത്തരത്തിലുള്ള മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുമ്പോൾ അത് നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നത് വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. ടൂറിസം വകുപ്പിന് സ്വന്തമായി ഭൂമിയില്ലാതിരിക്കെ ഈ പദ്ധതികൾ നടപ്പിലാക്കേണ്ട പല പ്രദേശങ്ങളും സ്ഥിതിചെയ്യുന്നതും ഉടമസ്ഥാവകാശം നിലനിൽക്കുന്നതും ഇറിഗേഷൻ, ഫോറസ്റ്റ്, കെ.എസ്.ഇ.ബി.എൽ, തുറമുഖം, തദ്ദേശ ഭരണം, പ്ലാന്റേഷൻ കോർപ്പറേഷൻ തുടങ്ങിയ നിരവധി വകുപ്പുകളുടെ കീഴിലാണ്. അതിനാൽ ഇത്തരം വകുപ്പുകളിൽ നിന്ന് പലപ്പോഴും എൻ.ഒ.സി. ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം പദ്ധതികൾ യാഥാർത്ഥ്യമാക്കിയെടുക്കുന്നതിലും ഉണ്ടാകുന്നു. കാലടിയും മലയാറ്റൂരും അതിരപ്പിള്ളിയുമൊക്കെയായി ബന്ധപ്പെടുത്തി 'സ്വദേശി ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി ഒരു ടൂറിസം സർക്യൂട്ടിനെ കുറിച്ചും ആലോചിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ബൃഹത്തായ പദ്ധതികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഉന്നതതലത്തിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് പരിശോധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് സംബന്ധിച്ച് ഞാൻ ആദ്യത്തെ ഉത്തരത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ പദ്ധതികൾ വേഗതയിൽ നീങ്ങുന്നതിന് തടസ്സം നിൽക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ വിവിധ വകുപ്പുകളുടെ ഏകോപനം നടത്തുന്നതിനുവേണ്ടിയിട്ടുള്ള ഒരു പ്രത്യേക പരിപാടി ആവിഷ്കരിക്കുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ പദ്ധതികളും ബഹുമാനപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ കൂട്ടായി ചർച്ചചെയ്ത് തീരുമാനമെടുത്ത് തന്നെയാണ് മുന്നോട്ടുപോകുന്നത്. മലയാറ്റൂരിന്റെ കാര്യത്തിലും അങ്ങനെ തന്നെയാണ് വരാൻ പോകുന്നത്.

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ചിലയിടങ്ങൾ അപകടം പതിയിരിക്കുന്ന സ്ഥലങ്ങളാണ്. ഇത്തരം സ്ഥലങ്ങളിൽ വിനോദസഞ്ചാരത്തിന് പോകുന്ന ചെറുപ്പക്കാർ അപകടങ്ങളിൽപ്പെട്ട് മരണമടയുന്ന ദുഃഖകരമായ വാർത്തകൾ പുറത്തുവരാറുണ്ട്. കേരളത്തിലെ അപകടം പതിയിരിക്കുന്ന ഇത്തരം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇപ്പോൾ മുന്നറിയിപ്പ് ബോർഡുകളോ, അത്യാഹിതമുണ്ടായാൽ ജീവൻ രക്ഷിക്കാനുള്ള അടിയന്തര സാഹചര്യങ്ങളോ ഇല്ലാത്ത സാഹചര്യമുണ്ട്. ഒരാളുടെപോലും ജീവൻ നഷ്ടപ്പെടാതിരിക്കാനാവശ്യമായ മുൻകരുതലുകൾ കേന്ദ്രീകൃതമായി പരിശോധിച്ച് ആവശ്യമുള്ളിടത്ത് അത് ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിനോദസഞ്ചാരികളുടെ സുരക്ഷ വളരെ പ്രാധാന്യമുള്ളതാണ്. പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളിലെല്ലാംതന്നെ അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നുണ്ട്. ബീച്ചുകളിൽ ലൈഫ്ഗാർഡ്സിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ലൈഫ്ഗാർഡുകളുടെ നിയമിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നുണ്ട്. അപകടം പതിയിരിക്കുന്ന കേന്ദ്രങ്ങളിൽ അപകടസാധ്യതാ മുന്നറിയിപ്പ് നൽകുന്ന സൈൻ ബോർഡുകളും മറ്റും വയ്ക്കണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനെക്കുറിച്ച് ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, തലശ്ശേരി പൈതൃക പദ്ധതി രാഷ്ട്രീയ കാരണങ്ങളാലാണ് മുന്നോട്ടുപോകാതിരുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ തലശ്ശേരി പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചാൽ രാഷ്ട്രീയമായ കാര്യങ്ങൾകൊണ്ടല്ല പദ്ധതി മുന്നോട്ടുപോകാത്തതെന്ന് അങ്ങേയ്ക്ക് മനസ്സിലാകും. ശ്രീ. കോടിയേരി ബാലകൃഷ്ണൻ തുടങ്ങിവച്ച പദ്ധതിക്ക് കഴിഞ്ഞ ഗവൺമെന്റ് വന്നപ്പോഴാണ് റോഡുൾപ്പെടെയുള്ള പദ്ധതിയുമായി ബന്ധപ്പെട്ടവയ്ക്ക് പണം അനുവദിച്ചത്.

കഴിഞ്ഞ സാമ്പത്തികവർഷം സ്വാഭാവികമായും കേന്ദ്ര ഗവൺമെന്റിന്റെ ചെറുതും വലുതുമായ കുറെയേറെ പദ്ധതികൾ നമുക്ക് ലഭ്യമായിട്ടുണ്ട്. ഇത്തരം പദ്ധതികളിലൂടെ കഴിഞ്ഞ സാമ്പത്തികവർഷം എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിന്റേതായി ലഭിച്ചിട്ടുണ്ടെന്ന് അങ്ങേയ്ക്ക് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 'സ്വദേശി ദർശൻ ' സ്കീമിലുൾപ്പെടുത്തി പത്തനംതിട്ട, ഗവി, വാഗമൺ, തേക്കടി തുടങ്ങിയവയുടെ വികസനത്തിന് 99.22 കോടി രൂപയുടെ കേന്ദ്രസഹായം കിട്ടിയിട്ടുണ്ട്. അതിന്റെ 20 ശതമാനം ലഭിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങളാണ് ഇപ്പോൾ ആരംഭിച്ചതായി ബഹുമാനപ്പെട്ട അംഗത്തോട് പറഞ്ഞത്. മറ്റൊന്ന്, ശബരിമല വികസനത്തിന്റെ ഭാഗമായി എരുമേലി, പമ്പ, സന്നിധാനം എന്നീ സ്ഥലങ്ങളെ സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി 99.99 കോടി രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. അതിന്റെയും 20 ശതമാനം തുക ലഭ്യമായിട്ടുണ്ട്. ഉന്നതാധികാര സമിതിയെ ഏൽപ്പിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. മൂന്നാമത്തേത്, സ്പിരിച്വൽ ടൂറിസം സർക്ക്യൂട്ടിൽ ഉൾപ്പെടുത്തി ശ്രീപത്മനാഭസ്വാമിക്ഷേത്രം, ആറന്മുള-ശബരിമല വികസനം എന്നിവയ്ക്ക് ലഭിച്ചത് 92.44 കോടി രൂപയാണ്. അതിന്റെ 20 ശതമാനം തുക കിട്ടിയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. 'പ്രസാദ്' സ്കീമിലുൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനത്തിന് 46.14 കോടി രൂപയാണ് സമീപ ദിവസങ്ങളിൽ ലഭിച്ചത്. അതിന്റെ പ്രവർത്തനവും ആരംഭിക്കുകയാണ്. ഇപ്പോൾ ഒരു പദ്ധതി സമർപ്പിച്ചിട്ടുള്ളത് റിവർ ക്രൂയിസ് ടൂറിസം സർക്യൂട്ടിന്റേതാണ്. അതിന് അംഗീകാരം കിട്ടിയില്ല. മറ്റ് നാല് പദ്ധതികൾക്കാണ് പണം ലഭ്യമായത്.

ശ്രീ. വി. ജോയി: സർ, ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സഞ്ചാരികളുടെ സുരക്ഷയ്ക്കായി കൂടുതൽ ലൈഫ്ഗാർഡുകളെ നിയോഗിക്കുമെന്ന് അങ്ങ് പറഞ്ഞു. എന്നാൽ അവർക്ക് തൊഴിലിൽ സുരക്ഷിതത്വമില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. അവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനു-വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വളരെ ശരിയായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. കഴിഞ്ഞ വർഷം 45-ഓളം വരുന്ന വിദേശ ടൂറിസ്റ്റുകളെ സഹായിച്ച ലൈഫ്ഗാർഡുകളുടെ സ്ഥിതി പരമദയനീയമാണ്. അവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് അടിയന്തര പ്രാധാന്യം നൽകി അതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള കായികക്ഷമതാ മിഷൻ

2 (*632) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. സി. മമ്മൂട്ടി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടാൻ കേരള കായിക-ക്ഷമതാ മിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഘടനയും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) വിദ്യാർത്ഥികൾക്കിടയിൽ കായികക്ഷമതാ മിഷന് എത്രത്തോളം പ്രവർത്തന സ്വാതന്ത്ര്യമാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ&ബി) ഉദ്ദേശിക്കുന്നുണ്ട്. സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള കായിക-ക്ഷമതാ മിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിലെ നഴ്സറി തലം മുതൽ സീനിയർ സിറ്റിസൺ വരെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. എല്ലാ ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് തലംമുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാ മേഖലകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള രൂപരേഖ ടി പദ്ധതിയിൻകീഴിൽ തയ്യാറാക്കി വരുന്നു.

(സി) നഴ്സറിതലം മുതൽ ഏഴാം ക്ലാസ്സ് വരെയും 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയും കോളേജ് തലത്തിലും പ്രത്യേക വിഭാഗങ്ങളായി തരംതിരിച്ച് കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും ആരോഗ്യ ശീലങ്ങളും ആരോഗ്യത്തെക്കുറിച്ചുള്ള പൊതുബോധവും ജീവിതചര്യകളും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായുള്ള രൂപരേഖയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പാക്കാനാവശ്യമായ പ്രവർത്തന സ്വാതന്ത്ര്യം മിഷന് നൽകും.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, XXXV-ാം നാഷണൽ ഗെയിംസ് കേരളത്തിൽ നടന്നപ്പോൾ കായിക മേഖലയിൽ വലിയ ഉണർവ്വും ആവേശവുമാണ് ഉണ്ടാക്കിയത്. അതിന്റെ ഭാഗമായി നടത്തിയ റൺ കേരള റൺ-ൽ കേരളത്തിലെ സ്പോർട്സ് മേഖലയോട് താൽപ്പര്യ-മില്ലാതിരുന്നവർകൂടി പങ്കെടുക്കുകയാണുണ്ടായത്. അങ്ങനെ കായികരംഗത്തേക്ക് ആവേശപൂർവ്വം കടന്നുവന്ന ചെറുപ്പക്കാർക്ക് ആവശ്യമായ പരിശീലനം നൽകാനുള്ള സംവിധാനം ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് വേണ്ടതുപോലെയില്ല. ഒരു പഞ്ചായത്തിൽ ഒരു കുളവും ഒരു കളിസ്ഥലവും നിർമ്മിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. അതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്? ഒരു പഞ്ചായത്തിൽ ഏറ്റവും ചുരുങ്ങിയത് മൂന്ന് ഏക്കർ സ്ഥലമെങ്കിലും കണ്ടെത്തി അവിടെ കളിസ്ഥലം നിർമ്മിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്ന 25 കളിസ്ഥലങ്ങളും മറുപടി പ്രസംഗത്തിൽപ്പറഞ്ഞ 6 കളിസ്ഥലങ്ങളും ഉൾപ്പെടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. അതിന്റെ ഡി.പി.ആർ. തയ്യാറാക്കി-ക്കൊണ്ടിരിക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും ഭൂമി കണ്ടെത്തി കളിസ്ഥലങ്ങൾ നിർമ്മിക്കാനാകില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി ലഭ്യമാക്കിയാൽ അതിന്റെ വികസനപ്രവർത്തനങ്ങൾക്കാവശ്യമായ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. മിക്കവാറും പറഞ്ഞ സ്ഥലത്ത് കളിസ്ഥലങ്ങൾ കണ്ടെത്താനായിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പറഞ്ഞിരുന്നു. അതിൽ 7 എണ്ണത്തിന് സ്ഥലം ലഭ്യമായതും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. അതിന്റെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കാൻ തയ്യാറായിരിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഹൈസ്കൂളുകളിൽ കായിക അദ്ധ്യാപകരുണ്ട്. എന്നാൽ ദേശീയ ഗെയിംസിൽ തുടർച്ചയായി ചാമ്പ്യന്മാരായി കുതിക്കുന്ന കേരളത്തിന്റെ 60 ശതമാനം പോയിന്റുകൾ കരസ്ഥമാക്കുന്നത് സീനിയർ വിഭാഗമാണ്. ഈ വിഭാഗത്തിന് തുടർ പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ലാത്തതിനാൽ കായിക പരിശീലനം അന്യമാകുന്ന സാഹചര്യത്തിൽ ഹയർ സെക്കണ്ടറി തലത്തിൽക്കൂടി കായിക അദ്ധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കായികക്ഷമതാ മിഷൻ വരുന്നതോടുകൂടി സ്കൂൾ തലങ്ങളിലുൾപ്പെടെയുള്ള അദ്ധ്യാപകർക്ക് പുറമെ കോച്ചുകൾ ആവശ്യമുണ്ടെങ്കിൽ അവരെയുമുൾപ്പെടെ പ്രയോജനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹായത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ആ പദ്ധതി നടപ്പിലാകുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരം കാണാനാകും.

ശ്രീ. കെ. എം. ഷാജി: സർ, ചെറുപ്പക്കാരുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നത് നാട്ടിൻപുറങ്ങളിലെ കളിക്കളങ്ങളാണ്. കുറേക്കാലങ്ങളായി അവയെ വേണ്ടത്ര പ്രോൽസാഹിപ്പിക്കുന്നില്ല. അവർക്ക് നേരത്തെ ഉപകരണങ്ങൾ വാങ്ങാൻ ഗ്രാന്റ് അനുവദിച്ചിരുന്നു. നാട്ടിൻപുറങ്ങളിലെ കളിക്കളങ്ങൾ തിരിച്ചു-പിടിക്കാനുള്ള പരിശ്രമങ്ങളെന്തെങ്കിലും കായികക്ഷമതാ മിഷന്റെ ഭാഗമായി കൊണ്ടുവരുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഒരുപാട് കളിസ്ഥലങ്ങളുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ സ്പോർട്സ് വികസനത്തിനുവേണ്ടിയുള്ള പദ്ധതി തയ്യാറാക്കുന്നുണ്ട്. അത് പ്രയോജനപ്പെടുത്തി ഗ്രാമമേഖലയിലെ കളിസ്ഥലങ്ങളുടെ വികസനവും അവിടെയുള്ള കായിക പ്രതിഭകളുടെ മികവും വളർത്തിയെടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണമെന്നുതന്നെയാണ് പ്ലാനിംഗ് ബോർഡിന്റെ ശിപാർശയിലുള്ളത്. ഇതുമായി ബന്ധപ്പെട്ട ചർച്ച ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. കെ. എം. ഷാജി: സർ, ഉപകരണങ്ങൾ വാങ്ങാൻ ഗ്രാന്റ് അനുവദിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കിറ്റ് കൊടുക്കുന്നൊരു പദ്ധതിയുണ്ട്. ആ കിറ്റ് കൊടുക്കുന്നതിനുവേണ്ടി അതത് സ്ഥലത്തെ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്പോർട്സ് ക്ലബ്ബുകളെ പ്രയോജനപ്പെടുത്തി കായികോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി ശ്രീ. ടി. വി. ഇബ്രാഹിം: സർ, ചെറുപ്പക്കാരുടെയും മുതിർന്നവരുടെയും കായികക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ പ്രദേശത്തും വലിയ ഗ്രൗണ്ടുകളുണ്ട്. ഈ ഗ്രൗണ്ടുകൾ സിന്തറ്റിക് ആക്കുന്നതോടു-കൂടി പലയിടത്തും പൊതുജനങ്ങൾക്കും മറ്റും പ്രവേശനം നിഷേധിക്കുകയാണ്. ഇത്തരം ഘട്ടങ്ങളിൽ ഈ ഗ്രൗണ്ടുകളിലേക്ക് എല്ലാവർക്കും പ്രവേശനം നൽകുന്ന രീതിയിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. അതോടൊപ്പം യുവജന സ്പോർട്സ് ക്ലബ്ബുകളെയും സന്നദ്ധ സംഘടനകളെയും ഉപയോഗപ്പെടുത്തി ഓരോ വാർഡിലും ഓരോ വാക്കിംഗ് ക്ലബ്ബുകൾ രൂപീകരിച്ചുകൊണ്ട് ഇത് താഴേത്തട്ടിലേക്ക് വ്യാപിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കായികക്ഷമതാ മിഷന്റെ ഭാഗമായി ജില്ലാതലം കഴിഞ്ഞാൽ താഴേത്തലംവരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായ കമ്മിറ്റികൾ ഉണ്ടാക്കിയാണ് പ്രവർത്തനം നടത്തുന്നത്. അതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും

ജനപ്രതിനിധികളുടെയും പങ്കാളിത്തം ഇതിൽ ഉറപ്പുവരുത്തും. താൽപ്പര്യമുള്ള സ്പോർട്സ് സംഘടനകൾ ഉൾപ്പെടെയുള്ള എല്ലാവർക്കും പങ്കാളിത്തം നൽകി-ക്കൊണ്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിലെ ജനസംഖ്യയിൽ 70 ശതമാനത്തോളം യുവാക്കളാണ്. Intellectually അവരൊക്കെ ഏറെ മുന്നിലാണെങ്കിലും physically അവരൊക്കെ ഏറെ പുറകിലാണ്. 2014-15-ൽ ഞാൻ ഉൾപ്പെടെയുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് 'കോളേജ് ഫിറ്റ്നസ് എഡ്യൂക്കേഷൻ' എന്ന പ്രോഗ്രാം തയ്യാറാക്കി നടപ്പിലാക്കാനുള്ള പരിപാടികൾ ആരംഭിച്ചുവരികയാണ്. അടുത്ത ആഴ്ച ബഹുമാനപ്പെട്ട മന്ത്രി അത് ഉദ്ഘാടനം ചെയ്യാനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ എത്തുന്നുണ്ടെന്നാണ് എന്റെ ധാരണ. അതുപോലെ എല്ലാ യൂണിവേഴ്സിറ്റികളിലും വിദ്യാർത്ഥികൾ-ക്കിടയിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി, ഗ്രേസ് മാർക്ക് നൽകുന്ന-തടക്കമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചാൽ കായികക്ഷമതയും ആരോഗ്യവും വർദ്ധിപ്പിക്കാൻ സാധിക്കും. അങ്ങനെയൊരു പദ്ധതി ആവിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തീർച്ചയായും. ഇതിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് മറുപടിയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. യൂണിവേഴ്സിറ്റികളെക്കൂടി പങ്കാളികളാക്കി കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് കോളേജിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉൾപ്പെടെ പ്രയോജനപ്പെടുത്താൻ കഴിയുന്ന സൗകര്യം ഉണ്ടാകണം എന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കേന്ദ്ര കായിക വകുപ്പുമന്ത്രി ഇവിടെ വന്നപ്പോൾ ഫുട്ബോൾ അക്കാഡമി സ്ഥാപിക്കാൻ അനുമതി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ആ പ്രവർത്തനവുംകൂടി അവിടെ നടക്കാൻ പോകുകയാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്നതാണ് നമ്മുടെ ലക്ഷ്യം. ഇതിന് ഭൂമിയാണ് ആവശ്യം. എം.എൽ.എ.-യുടെ ആസ്തി വികസനഫണ്ടിൽനിന്നും ഒരു നിയോജകമണ്ഡലത്തിൽ ഒരു കളിസ്ഥലമെങ്കിലും ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇപ്പോൾ ആസ്തിവികസന ഫണ്ടുപയോഗിച്ച് കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതിയില്ല. പ്രത്യേക അനുമതി നൽകുകയാണെങ്കിൽ അത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം. ധനകാര്യ വകുപ്പുമന്ത്രിയാണ് ഇക്കാര്യത്തെക്കുറിച്ച് പറയേണ്ടത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻവേണ്ടി ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമായി മുന്നോട്ടുപോകണമെങ്കിൽ മുൻകാല കായികതാരങ്ങളെ വേണ്ടരീതിയിൽ ആദരിക്കുന്നുവെന്ന് പുതിയ കായികതാരങ്ങൾക്ക് തോന്നേണ്ടതുണ്ട്. നിർഭാഗ്യവശാൽ ഒളിമ്പിക്സ് ഹോക്കി താരം മാനുവൽ ഫ്രെഡറിക്കിന് വാഗ്ദാനം ചെയ്ത തുകയോ വീടോ ലഭിച്ചിട്ടില്ലെന്നാണ് പത്രവാർത്തകളിൽനിന്നും മനസ്സിലാകുന്നത്. അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ ജോലി ചെയ്തിരുന്ന ശ്രീ. സി. കെ. വിനീത് എന്ന കായിക താരത്തെ പിരിച്ചുവിട്ട നടപടി കേരളത്തിനുതന്നെ അപമാനമാണ്. ഇത് രണ്ടും വളർന്നുവരുന്ന കായികതാരങ്ങൾക്ക് കായിക രംഗത്ത് ഉറച്ചു നിൽക്കാൻ ഒട്ടും പ്രേരണ നൽകുന്ന കാര്യങ്ങളല്ല. ശ്രീ. സി. കെ. വിനീതിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന ഞാൻ വായിച്ചു. അതോടൊപ്പം-തന്നെ മാനുവൽ ഫ്രെഡറിക്കിന്റെ കാര്യത്തിലും സമയബന്ധിതമായി കാര്യങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; സി. കെ. വിനീതിന് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽത്തന്നെ ജോലി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഫുട്ബോളിൽ അഭിമാനകരമായ നേട്ടമുണ്ടാക്കിയ ഭാവിയുടെ വാഗ്ദാനം കൂടിയായ ശ്രീ. സി. കെ. വിനീതിനെ അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ജോലിയിൽനിന്നും പിരിച്ചുവിടുന്ന ശ്രമമുണ്ടായെന്ന് അറിഞ്ഞപ്പോൾത്തന്നെ ഗവൺമെന്റ് ഇടപെട്ടു. കേരളത്തിലെ അക്കൗണ്ടന്റ് ജനറലുമായി സംസാരിച്ചപ്പോൾ ഡൽഹിയിൽ നിന്നുള്ള തീരുമാനമാണെന്ന് പറഞ്ഞു. അവിടെയും ഈ നടപടി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഇടപെടുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിൽ നേരിട്ട് ഇടപെടുകയുണ്ടായി. പക്ഷെ അവർ അവരുടേതായ കാരണങ്ങൾ പറഞ്ഞ് അദ്ദേഹത്തെ ജോലിയിൽനിന്നും പിരിച്ചുവിടുകയാണുണ്ടായത്. ഇന്നലെ അദ്ദേഹം എന്നെയും മുഖ്യമന്ത്രിയെയും വന്നുകണ്ടിരുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ സമീപനം വ്യക്തമാക്കിയിട്ടുണ്ട്. അക്കാര്യത്തിൽ കേന്ദ്രമന്ത്രി ഉൾപ്പെടെയുള്ളവർ ഇടപെടുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്, കേന്ദ്ര സ്പോർട്സ് വകുപ്പു മന്ത്രിയെയും ഈ വിഷയം ധരിപ്പിച്ചിട്ടുണ്ട്, ആ തീരുമാനം തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ അത് തിരുത്തിയില്ലെങ്കിൽ സി. കെ. വിനീതിനെ മികവുള്ള താരം എന്നുള്ള നിലയിൽ സംരക്ഷിക്കാനാവശ്യമായ നടപടി കേരള ഗവൺമെന്റ് സ്വീകരിക്കും. ഹോക്കിതാരം മാനുവൽ ഫ്രെഡറിക്കിന്റെ കാര്യത്തിൽ താമസം വന്നതെന്താണെന്ന് അറിയില്ല. വാഗ്ദാനം ഉണ്ടായെന്ന് പറയുകയുണ്ടായി. അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കേരളത്തിൽ ജീവിതശൈലീ രോഗങ്ങൾ ക്രമാതീതമായി വർദ്ധിക്കുകയാണ്. വ്യായാമത്തിലധിഷ്ഠിതമായ ഒരു സംസ്കാരം വളർത്തിയെടുക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. കേരളത്തിലെ എല്ലാ വാർഡുകളിലും കുട്ടികൾ മുതൽ സീനിയർ സിറ്റിസൺ വരെയുള്ളവർക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ എൽ.എസ്.ജി.ഡി.-യുമായി ചേർന്ന് ഫിറ്റ്നസ് ക്ലബ് ആരംഭിക്കാൻ കായിക വകുപ്പ് ആലോചിക്കുമോ ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ടിൽ വികസനത്തിന്റെ ഭാഗമായിത്തന്നെ സ്പോർട്സിനെ കാണുന്ന സമീപനവും അതിനാവശ്യമായ പ്രോജക്ടുകളും തയ്യാറാക്കിവരുന്നുണ്ട്. പ്ലാനിംഗ് ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടത് ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം എന്നതന്നെയാണ്. ഇത് വേറിട്ട് നിൽക്കാതെ, സ്പോർട്സ് വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കളിസ്ഥലങ്ങളും അവർക്കുള്ള ഫണ്ടും പ്രയോജനപ്പെടുത്തി സംയോജിപ്പിച്ച് താഴെത്തലം മുതൽ മുതിർന്ന പൗരന്മാർക്കുൾപ്പെടെ ആവശ്യമായ ഫിറ്റ്നസ് സൗകര്യങ്ങൾ ഉണ്ടാക്കണം. ഇതിന്റെ ഫലമായി ജീവിതശൈലീ രോഗങ്ങൾക്ക് മാറ്റമുണ്ടാക്കാൻ കഴിയും. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് സ്പോർട്സിന്റെ പങ്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിർവ്വഹിക്കാൻ കഴിയുമെന്ന് തന്നെയാണ് സർക്കാർ കരുതുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയാണ് സ്പോർട്സിൽ എപ്പോഴും മുന്നിൽ നിൽക്കുന്നത്. ഡോ. എൻ. ജയരാജിന്റെ നിയോജകമണ്ഡലമായ കാഞ്ഞിരപ്പള്ളിയിലെ പൊൻകുന്നത്ത് ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കാൻ എടുത്ത തീരുമാനം വളരെ ഉചിതമായി എന്ന അഭിപ്രായക്കാരനാണ് ഞാൻ. കോരുത്തോട്, കേശവ മെമ്മോറിയൽ സ്കൂളിലെ കുട്ടികളാണ് സ്പോർട്സിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത്. കോതമംഗലം സ്കൂളും അതിൽ ഉൾപ്പെടും. സ്പോർട്സിന്റെ കുലപതിയായ ജി.വി. രാജയുടെ പേരിൽ ഒരു സ്റ്റേഡിയം പൂഞ്ഞാറിൽ പണി തുടങ്ങിയിട്ട് മൂന്ന് വർഷമായി. ഇതുവരെയും പണി പൂർത്തിയായിട്ടില്ല. ആ സ്റ്റേഡിയത്തിന്റെ പണി എത്രയുംവേഗം പൂർത്തീകരിക്കുകയും അതോടൊപ്പം ജി.വി.രാജയുടെ പേരിലുള്ള എസ്.എം.വി. ഹയർ സെക്കന്ററി സ്കൂൾ കൂടി സ്പോർട്സിന്റെ കേന്ദ്രമാക്കി മാറ്റാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കാഞ്ഞിരപ്പള്ളിയിലെ സ്കൂളിനെ സംബന്ധിച്ച വിഷയം കാഞ്ഞിരപ്പള്ളി എം.എൽ.എ.-യുമായി യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ ഭാവിപ്രവർത്തനങ്ങൾക്കാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കോരുത്തോട് സ്കൂളിന്റെ കാര്യവും ജി.വി. രാജാ സ്റ്റേഡിയവുമായി ബന്ധപ്പെട്ട വിഷയങ്ങളും പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, വിവിധ കായിക ഇനങ്ങളിൽ മികവ് തെളിയിച്ച പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് തുടർ പരിശീലനത്തിനാവശ്യമായ നടപടി ഗവൺമെന്റ് കൈക്കൊള്ളുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സ്കൂൾ വിദ്യാർത്ഥികൾക്ക് വിവിധ ഘട്ടങ്ങളിലായി, പ്രത്യേക പരിശീലനവും മികവ് തെളിയിച്ചവരെ ഗ്രേഡ് നിശ്ചയിച്ച് അവർക്ക് തുടർപരിശീലനം ഉൾപ്പെടെ നൽകുന്നതിനുവേണ്ടിയാണ് കായികക്ഷമതാ മിഷൻ സ്കൂൾ തലത്തിലുൾപ്പെടെ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി നടപ്പാക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കായികരംഗത്ത് കേരളത്തിന് ഒറ്റക്കെട്ടായി മുന്നോട്ടുപോകണം. ഒ. പി. ജയ്ഷയും സജൻപ്രകാശും ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്ത താരങ്ങളാണ്. അന്ന് നമ്മുടെ സ്പോർട്സ് ഡിപ്പാർട്ട്മെന്റിൽനിന്നും 10 ലക്ഷം രൂപ വീതം വിദേശ ട്രെയിനിംഗിനായി ആ കുട്ടികൾക്ക് അനുവദിച്ചിരുന്നു. ഇന്നലെ ഒ.പി. ജയ്ഷ എന്നെ വന്നുകണ്ടിരുന്നു. അങ്ങയെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും കണ്ടിട്ടുണ്ട്. അവർ ഒരു നിവേദനം തന്നിരുന്നു. അന്ന് അനുവദിച്ച പത്ത് ലക്ഷം രൂപയിൽ രണ്ടര ലക്ഷം രൂപ ഒഴിച്ച് ബാക്കി തുക കൊടുത്തിട്ടില്ല എന്നതാണ് അവരുടെ വിഷമം. അത് അവരുടെ പരാതിയായിട്ടല്ല പറഞ്ഞത്. അവർ പിന്നീട് കടം വാങ്ങിയാണ് ആ പരിശീലനം പൂർത്തിയാക്കിയത്. അതുകൊണ്ട് നേരത്തെ നിശ്ചയിച്ച തുക കൊടുക്കുന്നതിനുള്ള നടപടി അടിന്തരമായി സ്വീകരിക്കണം. മാത്രമല്ല, ഒളിമ്പിക്സിൽ പങ്കെടുത്ത ചില ആളുകളെ കോച്ചുകളായി വച്ചിട്ടുണ്ട്. അവർക്ക് നിയമനം കൊടുക്കുന്നില്ല. അവരെ കരാറടിസ്ഥാനത്തിൽ എടുക്കുമെന്നാണ് പറയുന്നത്, എന്നാൽ അതുമാറ്റി, അവർക്കുകിട്ടിയ പരിശീലനം കേരളത്തിലെ പുതിയ തലമുറയിൽപ്പെട്ട കുട്ടികൾക്കു-കൂടി പറഞ്ഞുകൊടുക്കത്തക്കവിധത്തിൽ അവർക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഒ.പി. ജയ്ഷയ്ക്ക് വാഗ്ദാനം ചെയ്ത പണം കൊടുത്തിട്ടില്ല എന്ന പരാതി എനിക്ക് അവർ തന്നിട്ടില്ല. ജോലിയുടെ പ്രശ്നം സംസാരിച്ചിരുന്നു. അങ്ങ് ഇക്കാര്യം ഉന്നയിച്ച സ്ഥിതിക്ക് അത് പരിശോധിക്കാം. കോച്ചുകളായി നിരവധി ഒളിമ്പ്യൻമാരുടെ സേവനം സ്പോർട്സ് വികസനത്തിനു-വേണ്ടി പ്രയോജനപ്പെടുത്താൻ സർക്കാർ ശ്രമിക്കുന്നുണ്ട്. പലരും കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിൽ ജോലിയുള്ളവരാണ്. ഡെപ്യൂട്ടേഷനിൽ അവരെ എടുത്താൽ നമുക്ക് അവരെ സംരക്ഷിക്കാനാകും. കരാറടിസ്ഥാനത്തിൽ നിയമിക്കുക എന്ന സമീപനം അവർക്ക് സ്വീകാര്യമാവുകയില്ല, പൊതുവിൽ അത് സ്വീകരിക്കാനും സാധിക്കില്ല. ഡെപ്യൂട്ടേഷൻവഴി കേരളത്തിൽ കിട്ടുമോയെന്ന-കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതുപരിശോധിച്ച് വിജയകരമായില്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കും. അവരുടെ സേവനം കേരളത്തിന് ലഭ്യമാകണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട 633-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 653-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യണമെന്ന് ശ്രീ. എൻ. എ. നെല്ലിക്കുന്ന് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് ഉത്തരം പറയണം.

**ജി.എസ്.ടി. ബിൽ**

3 (*633) ശ്രീ. അനിൽ അക്കര:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. ബിൽ തയ്യാറായിട്ടുണ്ടോ; ബിൽ എന്നത്തേയ്ക്ക് പാസ്സാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) 2017 ജൂലൈ 1-ന് ജി.എസ്.ടി. നിയമം ഇന്ത്യയൊട്ടുക്ക് നടപ്പിലാക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തും നടപ്പിലാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദനികുതിയും പരസ്യനികുതിയും ഈടാക്കാൻ സാധിക്കുമോ;

(ഡി) കേന്ദ്രവും സംസ്ഥാനവും ചുമത്തുന്ന ജി.എസ്.ടി.-ക്ക് പുറമെ തദ്ദേശ സ്ഥാപനങ്ങൾ നികുതി ചുമത്തിയാൽ വിനോദനികുതിയും പരസ്യനികുതിയും വർദ്ധിക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) കരട് ബിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ബാക്ക് എൻഡ് ഐ.റ്റി. ചട്ടക്കൂട്ടുകളുടെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുകയും എൻ.ഐ.സി.-യുടെ സഹകരണത്തോടുകൂടി പ്രസ്തുത പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുകയുമാണ്. കൂടാതെ വകുപ്പിലെ 1,517 ഉദ്യോഗസ്ഥർക്ക് ജി.എസ്.ടി. നിയമത്തെക്കുറിച്ച് പരിശീലനം നൽകിക്കഴിഞ്ഞു. അവശേഷിക്കുന്നവർക്കുള്ള പരിശീലനം ജില്ലാകേന്ദ്രങ്ങളിൽ നടന്നുവരുന്നു. കൂടാതെ വകുപ്പിലെ 50 ജീവനക്കാർക്ക് ജി.എസ്.ടി.-യുടെ സാങ്കേതിക വിദ്യയെക്കുറിച്ച് തമിഴ്നാട്ടിലെ കാഞ്ചീപുരം ഇൻഫോസിസ് കാമ്പസിൽവച്ച്

പരിശീലനം നൽകുകയുണ്ടായി. തുടർന്ന് ഇവർക്ക് 28-4-2017-ൽ തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽവച്ച് ജി.എസ്.ടി.എൻ. (Goods and Services Tax Network)-ന്റെ നേതൃത്വത്തിൽ ഏകദിന പരിശീലനവും നൽകുകയുണ്ടായി. അവശേഷിക്കുന്നവർക്കുള്ള സാങ്കേതിക പരിശീലനം ജില്ലാകേന്ദ്രങ്ങളിൽ പുരോഗമിച്ചുവരുന്നു. ജനങ്ങളെ ജി.എസ്.ടി. നിയമത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ വാണിജ്യ നികുതി വകുപ്പും സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസും ചേർന്ന് ക്ലാസ്സുകൾ നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. നിലവിൽ വരുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരസ്യനികുതി ഈടാക്കുന്നതിന് അവകാശമുണ്ടാവില്ല, കാരണം ഭരണഘടനാ ഭേദഗതിപ്രകാരം പരസ്യനികുതി ജി.എസ്.ടി.-യിൽ ലയിപ്പിച്ചിരിക്കുകയാണ്. എന്നാൽ വിനോദനികുതി പിരിക്കുന്നതിനുള്ള അവകാശമുണ്ടാകും. പക്ഷേ ജി.എസ്.ടി.-യുടെ വിനോദനികുതിയുണ്ട്. ഇത് 28 ശതമാനംവച്ചാണ്. 25 ശതമാനംവച്ച് വിനോദനികുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുകയാണെങ്കിൽ ചോദ്യകർത്താക്കൾ പറയുന്നതുപോലെ ഗണ്യമായി നികുതി ഉയരും. അതുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് എത്തിയിരിക്കുന്ന ധാരണ, ഇതിനുള്ള നഷ്ടപരിഹാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുക എന്നതാണ്. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നതിന്റെ 15 ശതമാനംവച്ച്, അടുത്ത നാല് വർഷം വർദ്ധിപ്പിച്ചുകൊടുക്കുകയും അടുത്ത് വരാൻപോകുന്ന ഫിനാൻസ് കമ്മീഷന്റെ പരിഗണനയ്ക്ക് ഈ വിഷയം വിടുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(സി&ഡി) ചരക്കുസേവന നികുതി നടപ്പിലാക്കുന്നതിനായി കൊണ്ടുവന്ന ഭരണഘടനാ ഭേദഗതിയും ജി.എസ്.ടി. നിയമവും പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈടാക്കിവരുന്ന വിനോദനികുതി തുടർന്നും അവർക്ക് ഈടാക്കാൻ നിയമ തടസ്സമില്ല. ജി.എസ്.ടി. നിരക്ക് നിലവിലെ നികുതി നിരക്കിനെക്കാൾ കൂടുതലാണെങ്കിൽ സംസ്ഥാനങ്ങൾക്ക് തദ്ദേശഭരണ വിനോദനികുതിക്കു പുറമെ ജി.എസ്.ടി.-യും ഈടാക്കാൻ നിയമതടസ്സമില്ല. എന്നാൽ പരസ്യനികുതി പൂർണ്ണമായും ജി.എസ്.ടി.-യിൽ സംയോജിക്കുമെന്നതിനാൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ജി.എസ്.ടി. നിലവിൽ വന്നാൽ പരസ്യനികുതി ഈടാക്കാൻ അധികാരമില്ല. ജി.എസ്.ടി. നിലവിൽ വരുന്നതോടെ റിട്ടേൺ ഫയൽ ചെയ്യലും അതിന്റെ ഒത്തുനോക്കലും രജിസ്ട്രേഷൻ എടുക്കലും എല്ലാം ഓൺലൈൻ ആവുകയും നികുതിഭരണം കാര്യക്ഷമമാവുകയും ചെയ്യുമെന്നതിനാൽ പരസ്യനികുതി പിരിവ് ഗണ്യമായി വർദ്ധിക്കാനാണ് സാധ്യത. ഇതുമൂലം ഉടലെടുക്കുന്ന പ്രശ്നങ്ങൾ മറികടക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

## ജി.എസ്.ടി. നടപ്പാക്കുന്നതിനായി നിയമനിർമ്മാണം

4 (*653) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എം. ഉമ്മർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കുന്നതിലേയ്ക്ക് സംസ്ഥാന നിയമസഭ നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ;

(ബി) എങ്കിൽ അതിനായുള്ള കരട് ബിൽ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടോ;

(സി) ജി.എസ്.ടി നടപ്പാവുമ്പോൾ സംസ്ഥാനം എന്തൊക്കെ പുതിയ പ്രശ്നങ്ങൾ നേരിടേണ്ടിവരുമെന്നത് സംബന്ധിച്ച ധാരണയുണ്ടോ; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ഉണ്ട്.

(ബി) കരട് ബിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) പരിശോധിച്ച് തയ്യാറെടുപ്പുകൾ നടത്തിവരുന്നു.

ശ്രീ. അനിൽ അക്കര: സർ, ജി.എസ്.ടി. നടപ്പിലാകുമ്പോൾ അതിന്റെ ഏറ്റവും കൂടുതൽ ഗുണം ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. ഇതുമായി ബന്ധപ്പെട്ട് നികുതി വെട്ടിപ്പിനുള്ള സാധ്യതകളുമുണ്ട്. വ്യാപാരികൾ അവർക്ക് ആവശ്യമായ ഉത്പന്നങ്ങൾ സ്റ്റോക്ക് ചെയ്യുന്ന രീതി നമ്മുടെ സംസ്ഥാനത്ത് വ്യാപകമായിട്ടുണ്ട്. ഈ നിയമം വരുന്നതോടുകൂടി സ്റ്റോക്ക് വയ്ക്കുന്നത് ഗണ്യമായി കുറയ്ക്കാനും ഉല്പാദന കേന്ദ്രങ്ങളിൽ സ്റ്റോക്ക് വച്ച് ആവശ്യാനുസരണം ഇങ്ങോട്ട് കൊണ്ടുവരുന്നതിനുള്ള ഒരു ചർച്ച വ്യാപാരസമൂഹം നടത്തിക്കൊണ്ടിരിക്കുകയുമാണ്. നമ്മുടെ നാട്ടിൽ നടക്കുന്ന കച്ചവടത്തിന്റെ മൊത്തത്തിലുള്ള വിൽപ്പനയിൽ ഗണ്യമായ കുറവ് വരാനുള്ള സാധ്യതയുണ്ട്. അതെല്ലാം പരിഗണിക്കുന്നതോടൊപ്പം ജി.എസ്.ടി. വരുമ്പോഴുണ്ടാകുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെല്ലാം കരുതൽ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ജി.എസ്.ടി.-യുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത അത് സമ്പൂർണ്ണ സ്വയം പോലീസിംഗ് നടത്തുന്ന സംവിധാനമാണ് എന്നുള്ളതാണ്. ഇതുവരെ നികുതി ഉദ്യോഗസ്ഥർ പോയി പരിശോധിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ

ഇനിമുതൽ ജി.എസ്.ടി. നികുതിദായകരുടെ ഉത്തരവാദിത്വമാണ് അവർ മുമ്പ് സാധനം വാങ്ങിയപ്പോഴുള്ള ബിൽ ഹാജരാക്കുക എന്നത്. ഉദാഹരണത്തിന് നേരത്തെ കേരളത്തിന് പുറത്തുനിന്നും ചരക്ക് കൊണ്ടുവന്ന് വിൽക്കുന്ന ഒരാൾ ആദ്യത്തെ പോയിന്റിൽ സാധനം വിൽക്കുമ്പോൾ നികുതി വെട്ടിക്കുന്നതിനുവേണ്ടി ബില്ലുകൊടുത്തില്ലെങ്കിലും വാങ്ങിച്ചപ്പോഴുള്ള നികുതി കാണിച്ചില്ലെങ്കിലും നഷ്ടമൊന്നുമില്ല. എന്നാൽ ഇനിമേൽ അങ്ങനെയല്ല. കേരളത്തിൽ സാധനങ്ങൾ ഇറക്കുമതി ചെയ്യുന്ന ആൾ അത് കേരളത്തിൽ വിൽക്കുമ്പോൾ അയാൾ എവിടെ നിന്നാണോ സാധനം വാങ്ങിയത് അവിടെ കൊടുത്ത നികുതി അയാൾക്ക് ഇവിടെ കുറവ് ചെയ്തുകിട്ടും. അതിന് ബിൽ ഹാജരാക്കണമെന്ന് നിർബന്ധമുള്ളതുകൊണ്ട് നികുതിവെട്ടിപ്പ് കുറയുന്നതിനാണ് സാധ്യതയുള്ളത്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യം ജൂലൈ 31-ന് ആണല്ലോ പുതിയ നികുതി വരുന്നത്. അപ്പോൾ നമ്മൾ സാധനങ്ങളുടെ സ്റ്റോക്കിന്റെ കണക്കെടുക്കാറില്ല. മാർച്ച് 31-നാണ് സ്റ്റോക്കിന്റെ കണക്കെടുക്കുന്നത്. അവിടത്തെ സ്റ്റോക്കിന്റെ കണക്ക് കൃത്യമായി എടുക്കണം. ആദ്യത്തെ ക്വാർട്ടറിന്റെ കണക്ക് ഹാജരാക്കണമെന്നുള്ള ഉത്തരവ് ഉടൻ ഇറങ്ങും, അതുസംബന്ധിച്ച പരിശോധനകൾ ഉദ്യോഗസ്ഥർ നടത്തുകയും ചെയ്യും. ഇത് തുടക്കത്തിലുള്ള പ്രശ്നമാണ്. ഇത് സ്ഥിരമായി നിൽക്കാൻ പോകുന്നില്ല.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഇതുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ നഷ്ടമുണ്ടാകാൻ പോകുന്നത് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. പരസ്യനികുതി പൂർണ്ണമായി ഒഴിവാക്കുന്നതോടെ വലിയ നഷ്ടമാണ് ഉണ്ടാകാൻ പോകുന്നത്. വിനോദനികുതിയുടെ കാര്യത്തിലും വലിയ ആശങ്ക നിലനിൽക്കുകയാണ്. സംസ്ഥാനത്ത് ഭൂമിയുടെ ക്രയവിക്രയം നടക്കുമ്പോഴും വാഹന നികുതി പിരിക്കുമ്പോഴുമൊക്കെ ആ പ്രദേശത്തെ ആനുപാതികമായ കണക്കെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിന്റെ ഒരു വിഹിതം സംസ്ഥാന ഗവൺമെന്റ് നൽകാറുണ്ട്. പരസ്യ നികുതി ഈടാക്കുന്ന വിഷയത്തിൽ അങ്ങനെ ഒരു ആനുപാതികമായ ഷെയർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയുമോ? നമ്മുടെ പഞ്ചായത്തുകളുടെ ഒരു പ്രധാന വരുമാനം തൊഴിൽ നികുതിയുമായി ബന്ധപ്പെട്ടതാണ്. തൊഴിൽ നികുതി ഒരു നിശ്ചിത സംഖ്യയിൽ നിജപ്പെടുത്തിയിരിക്കുകയാണ്. ശമ്പള വർദ്ധനയുടെ അടിസ്ഥാനത്തിൽ അതുംകൂടി മാറ്റം വരുത്തിയാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകാൻ സാധ്യതയുണ്ട്. ഇതുകൂടി ഈ വിഷയത്തിൽ പരിഗണിക്കാൻ കഴിയുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, പ്രൊഫഷണൽ ടാക്സ് ഉയർത്തുന്നതിന് ഭരണഘടന ഭേദഗതി ചെയ്യണം. ഭരണഘടനയിലാണെങ്കിലും ജി.എസ്.ടി.-യിലാണെങ്കിലും ഇതുപോലുള്ള ലിമിറ്റുകൾ വച്ചുകഴിഞ്ഞാൽ എന്താണ് ഉണ്ടാകാൻ പോകുന്നതെന്നതിന്റെ നല്ല ഉദാഹരണമായാണ് പ്രൊഫഷണൽ ടാക്സിന്റെ പരിധി പറയുന്നത്. അക്കാര്യത്തിൽ നമുക്ക് ഒന്നുംതന്നെ ചെയ്യാൻ കഴിയില്ല. എന്നാൽ ആനുപാതികമായി കൊടുക്കുന്ന കാര്യത്തിലൊക്കെ പ്രശ്നങ്ങളുണ്ട്. കഴിഞ്ഞ വർഷം ഓരോ പഞ്ചായത്തിനും നഗരസഭയ്ക്കും ഈ ഇനങ്ങളിൽ എത്ര കിട്ടിയോ അതിനെക്കാൾ 15 ശതമാനം കൂടുതൽ ഇനിയുള്ള വർഷങ്ങളിൽ നൽകണം എന്നതാണ് എളുപ്പമാർഗ്ഗം. പുതിയ ധനകാര്യ കമ്മീഷൻ വരുമ്പോൾ സർക്കാർ ശിപാർശ ചെയ്യാൻ ആവശ്യപ്പെടും. ഈ നികുതിയുടെ ആനുപാതികമായ തുക വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള സാധ്യതകൾ എന്താണെന്ന് പരിശോധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ അവരോട് ആവശ്യപ്പെടാവുന്നതാണ്. അതാണ് ഭരണഘടന നിർദ്ദേശിക്കുന്ന മാർഗ്ഗം. അത് സർക്കാർ പാലിക്കുകയും ചെയ്യും.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, സംസ്ഥാനങ്ങളുടെ സമ്പദ്ഘടനയിലും ടാക്സ് ഘടനയിലും വലിയ മാറ്റമുണ്ടാകാൻ പോകുകയാണ്. ജൂലൈ 1-ന് നടപ്പിലാക്കണമെങ്കിൽ വലിയ മുന്നൊരുക്കം ആവശ്യമാണ്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിൽ മാറ്റം വരുത്താൻ നമുക്ക് അവകാശമുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ നിയമം നടപ്പിലാക്കാൻ വൈകുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ചില കാര്യങ്ങൾ പൊതുവിൽ പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ മാതൃകയിൽ തന്നെയായിരിക്കണം. അതുപോലെത്തന്നെ പാസ്സാക്കണം എന്നുപറഞ്ഞാൽ സംസ്ഥാന നിയമസഭയുടെ പ്രസക്തി എന്താണ്? ഒന്നുരണ്ട് കാര്യങ്ങളിൽ ഗൗരവമായ പ്രശ്നങ്ങളുണ്ട്. ഒന്ന്, ലോട്ടറിയാണ്. ലോട്ടറിയിൽ 28 ശതമാനം നികുതി വേണമെന്ന് ആവശ്യപ്പെട്ടതിന് തർക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ ഫേസ്‌വാല്യൂ ആണ് വയ്ക്കുന്നത്. എത്ര ലോട്ടറി ടിക്കറ്റ് വന്നുവെന്ന് നമുക്ക് ഉറപ്പിക്കാൻ സാധിക്കും, അതിനുള്ള മാർഗ്ഗമെന്താണ്? അതുസംബന്ധിച്ച് റൂളിലെങ്കിലും കൊണ്ടുവരുന്നതിന് ആവശ്യമായ ഒരു മാറ്റം നമ്മുടെ നിയമത്തിൽത്തന്നെ എങ്ങനെ വരുത്താം എന്നത് സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. അത് ചർച്ച ചെയ്ത് ചില ധാരണകളിലെത്തുകയാണ്. രണ്ടാമത്തേത്, ജി.എസ്.ടി. നിയമത്തിൽ ചെക്ക്പോസ്റ്റുകൾ എന്നുള്ള ഒരു ഭാഗമില്ല. ചെക്ക്പോസ്റ്റുകൾ ഒരു അന്തരാളഘട്ടത്തിലെങ്കിലും തുടരേണ്ടിവരുമെന്നാണ് ഇന്ന് നമുക്ക് ബോധ്യമായിരിക്കുന്നത്. എന്നാൽ ചെക്ക്പോസ്റ്റുകൾ എന്ന പേര് പറയാൻ കഴിയില്ല. ഏത് രീതിയിലുള്ള സംവിധാനമാണ് വരേണ്ടത് എന്നത് മറ്റൊരു

കാര്യമാണ്. ട്രാൻസിഷൻ പീരിഡിൽ ആ കാലത്തിന് മാത്രമായി പ്രത്യേകം നിയമത്തിൽ വ്യവസ്ഥ ചെയ്യും. മറ്റു പല സംസ്ഥാനങ്ങളും യാന്ത്രികമായി ആ നിയമം പാസ്സാക്കിയിരിക്കുകയാണ്. അതിന് കുറ്റം പറയാൻ കഴിയില്ല. നമ്മളെ സംബന്ധിച്ച് ആദ്യവർഷംതന്നെ നികുതി വരുമാനം ഗണ്യമായി ഉയർത്തണമെന്ന വാശിയുള്ളതുകൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങൾ പരിഗണിക്കുന്നതിന് താമസമുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ജി.എസ്.ടി. നിലവിൽ വന്നാൽ സംസ്ഥാനത്തിന് വമ്പിച്ച നേട്ടമെന്നാണ് ആദ്യകാലത്ത് അങ്ങ് പറഞ്ഞിരുന്നത്. കഴിഞ്ഞ ജി.എസ്.ടി. കൗൺസിൽ യോഗത്തിനുശേഷം അങ്ങ് മലക്കം മറിഞ്ഞതായി പത്രത്തിൽ വാർത്ത കണ്ടു. എന്താണ് ഇക്കാര്യത്തിൽ അങ്ങയുടെ മനംമാറ്റത്തിന് കാരണം? ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് മെച്ചമാണോ, ദോഷമാണോ സംഭവിക്കാൻ പോകുന്നത് എന്നുള്ളത് വിശദീകരിക്കാമോ? ടൂറിസം മേഖല വളരെയധികം വെല്ലുവിളി നേരിടുകയാണ്. പന്ത്രണ്ടര ശതമാനമായിരുന്ന നികുതി ഇപ്പോൾ ഇരുപത്തിയെട്ട് ശതമാനമായിരിക്കുകയാണ്. കേരളത്തിൽ ടൂറിസം മേഖല ഇപ്പോൾ ഒരു എക്സ്പെൻസീവ് ഡെസ്റ്റിനേഷൻ എന്നാണ് അറിയപ്പെടുന്നത്. സാമ്പത്തികമായി നേട്ടമുണ്ടാകുന്ന ഒരു മേഖല തകരാൻ പോകുന്ന സാഹചര്യമാണുള്ളത്. അങ്ങ് പറഞ്ഞ ലോട്ടറി മേഖലയിൽ എന്താണ് ചെയ്യാൻ കഴിയുന്നത്. അടുത്ത കൗൺസിൽ യോഗത്തിൽ ഇതുസംബന്ധിച്ച് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുമോ? ഇതിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ടൂറിസത്തിൽ നികുതി നിരക്ക് കുറയുകയാണ് ചെയ്യുന്നത്. കാരണം നേരത്തേ സർവ്വീസ് ടാക്സുണ്ട്. ഉത്പന്നങ്ങളുടെമേൽ സംസ്ഥാനത്തിന്റെ വാല്യു ആഡഡ് ടാക്സുമുണ്ട്. ഇതിനൊക്കെ പുറമേയാണ് ലക്ഷ്വറി ടാക്സ്. നമ്മൾ ഏതെങ്കിലും ഒന്ന് കണക്കിലെടുത്താൽ മതിയാകില്ല. ഇതെല്ലാം കൂട്ടിച്ചേർക്കുമ്പോൾ ഇതിനെക്കാൾ കൂടുതലാണ് ടൂറിസത്തിനുമേലുള്ള നികുതി. ഇത് കുറഞ്ഞുവെന്ന് മാത്രമല്ല ഇവർ വാങ്ങുന്ന സാധനങ്ങൾക്കെല്ലാം ഇൻപുട്ട് ടാക്സ് എടുക്കുന്നുണ്ട്. അതെല്ലാം ഇനി കിട്ടും. മുമ്പ് സർവ്വീസ് ടാക്സിന് ഇൻപുട്ട് ടാക്സില്ല. ഇതിനൊക്കെ 28 ശതമാനത്തിൽനിന്ന് ഗണ്യമായ ഒരു ഭാഗം അവർ വാങ്ങിയ സാധനങ്ങൾക്ക് കൊടുത്ത നികുതിയിൽ സെറ്റ്ഓഫ് ആയി വരും. അതുകൊണ്ട് ടൂറിസത്തിന് യഥാർത്ഥത്തിൽ പ്രത്യക്ഷത്തിൽ കാണുന്നത് ഹെഡ്‌ലൈൻ റേറ്റിനെക്കാൾ വളരെ താഴ്ന്നതായിരിക്കും അവർ നൽകേണ്ടിവരുന്ന യഥാർത്ഥ നികുതി നിരക്ക്. ഇത് കേരളത്തിന് നേട്ടമാണ്. കേരളത്തിന് നേട്ടമുണ്ടായില്ലെങ്കിൽ ഒരു

സംസ്ഥാനത്തിനും നേട്ടമുണ്ടാകില്ല. കേരളമാണ് ഏറ്റവും കൂടുതൽ നേട്ടമുണ്ടാകുന്ന സംസ്ഥാനമായി പരിഗണിക്കപ്പെടുന്നത്. എന്നാൽ നമ്മൾ പ്രതീക്ഷിച്ച അത്രയും നേട്ടമുണ്ടാകില്ല. കാരണം ടൂറിസത്തിന് നികുതി നിരക്ക് കുറഞ്ഞുവെന്ന് പറഞ്ഞല്ലോ. ഇതുപോലെ മൊത്തത്തിൽ ഗണ്യമായി നിരക്ക് കുറഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി ഇപ്പോൾ കേന്ദ്രത്തിനും സംസ്ഥാനത്തിനും മൊത്തത്തിൽ കിട്ടിക്കൊണ്ടിരിക്കുന്ന നികുതിയെക്കാൾ ഏതാണ്ട് ഒരു ലക്ഷം കോടി രൂപയുടെ നികുതി കുറവുണ്ടാകുംമെന്നാണ് കരുതുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം, വാഹന നികുതി എന്നിവയൊക്കെ ജി.എസ്.ടി.-യിൽനിന്നും ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ അങ്ങയുടെ കണക്കനുസരിച്ച് ഏതാണ്ട് 5 വർഷക്കാലം-കൊണ്ട് ഏതാണ്ട് 1,700 കോടി രൂപയോളം വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. 5 വർഷത്തിനുശേഷം പെട്രോളിയം ഉൽപ്പന്നങ്ങളെക്കൂടി ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരുമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. അത് സെസ്സ് എന്ന നിലയിൽ നമുക്ക് ലഭ്യമാകുന്ന തുക വിനിയോഗിച്ചുകൊണ്ടാണ്. കിഫ്ബി എന്ന സ്വപ്നപദ്ധതിയുടെ തിരിച്ചടവിന് അങ്ങ് കണ്ടിരിക്കുന്നത് സെസ്സിൽനിന്ന് കിട്ടുന്ന പണമാണ്. 5 വർഷങ്ങൾക്കു ശേഷം പെട്രോളിയം ഉത്പന്നങ്ങൾകൂടി ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരുമ്പോൾ ഇത് എങ്ങനെയാണ് തിരിച്ചടയ്ക്കാൻ ഉദ്ദേശിക്കുന്നത്? കിഫ്ബിയുമായി ബന്ധപ്പെട്ട് തിരിച്ചടവ് നടത്താനുള്ള സാധ്യതകൾ എന്തെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, വരാൻ പോകുന്ന 20-25 വർഷക്കാലത്തെ കിഫ്ബിയുടെ വരുമാനം പരിശോധിച്ചാൽ പെട്രോൾ സെസ്സ് 15 ശതമാനം മാത്രമേ ഉണ്ടാകുകയുള്ളൂ. ബാക്കി മോട്ടോർ വെഹിക്കിൾ ടാക്സാണ്. കിഫ്ബിക്ക് ഇതിനുപുറമേ മറ്റുപല വരുമാന മാർഗ്ഗങ്ങളും നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രണ്ടാമത്തെ കാര്യം, 5 വർഷം കഴിഞ്ഞാലും ജി.എസ്.ടി.-യിൽ പെട്രോൾ ഉൾപ്പെടില്ല. ഉൾപ്പെടണമെങ്കിൽ 75 ശതമാനം വോട്ട് ലഭിക്കണം. പന്ത്രണ്ടോ, പതിമൂന്നോ സംസ്ഥാനങ്ങൾ എതിർത്താൽ അത് നടപ്പിലാകില്ല. ഇന്ന് സംസ്ഥാനങ്ങൾക്ക് ഒന്നരലക്ഷം കോടി രൂപ ലഭിക്കുന്നതാണ്. അത് ശരാശരി 20 മുതൽ 40 ശതമാനംവരെ നികുതി ചുമത്തിക്കൊണ്ടാണ്. അത് 28 ശതമാനത്തിലേയ്ക്ക് താഴ്ത്താൻ കേന്ദ്രമോ, സംസ്ഥാനമോ തയ്യാറാകില്ല. ക്രൂഡോയിലിന്റെ വില കൂടുന്നതിനനുസരിച്ച് കേന്ദ്രം എക്സൈസ് ടാക്സ് കൂട്ടിക്കൊണ്ടിരിക്കുകയാണ്. അവർക്കും താൽപ്പര്യമില്ല. എന്നാൽ ബിസിനസ്സ് ഇന്ററസ്റ്റ് ഉണ്ട്. ഇന്റർനാഷണൽ റേറ്റിംഗ് ഏജൻസികളുണ്ട്. ഇത് കുറയ്ക്കുക എന്നത് അവരുടെ മുന്നിൽ നല്ലപിള്ള ചമയാനുള്ള ഒരു പരിപാടി മാത്രമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനം എന്തൊക്കെ പുതിയ പ്രശ്നങ്ങൾ നേരിടേണ്ടിവരും എന്നതിനെക്കുറിച്ച് എന്തെങ്കിലും ധാരണയുണ്ടോ എന്ന ചോദ്യത്തിന് പരിശോധിച്ച് തയ്യാറെടുപ്പുകൾ നടത്തിവരുന്നു എന്ന ഉത്തരമാണ് ലഭിച്ചത്. ജി.എസ്.ടി.-യിലൂടെ നമ്മൾ പുതിയ സംവിധാനത്തിലേയ്ക്ക് കടക്കുകയാണ്. ഹെയർപിൻ ടു ഹെയർ ഡ്രസ്സിംഗ്വരെ ടാക്സിന് വിധേയമാകുകയാണ്. പലതരത്തിലുള്ള സജ്ജീകരണങ്ങളും ഒരുക്കങ്ങളും തയ്യാറെടുപ്പുകളും വളരെ അത്യന്താപേക്ഷിതമാണ് പ്രത്യേകിച്ച് ഐ.ടി. ബാക്ക്ബോൺ. ഇതുമായി ബന്ധപ്പെട്ട് ജി.എസ്.ടി.-യെ വരവേൽക്കാൻ എന്തൊക്കെ ഇൻഫ്രാസ്ട്രക്ചറുകളാണ് നടത്തിയിട്ടുള്ളത്? നമ്മുടെ സംസ്ഥാനം കൺസ്യൂമർ ഗുഡ്സിന്റെ ഒരു ഹബ്ബാണ്. ജി.എസ്.ടി. നിലവിൽ വരുമ്പോൾ നമ്മൾ പ്രതീക്ഷിക്കുന്ന അധികവരുമാനം എത്രയെന്ന് പറയാമോ? മറ്റൊന്ന്, ലോകത്ത് ഏതൊക്ക രാജ്യങ്ങളിൽ ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ട്? അമേരിക്കയിൽ ഏർപ്പെടുത്തിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. അതുസംബന്ധിച്ച അറിവ് അങ്ങ് പകർന്നുതന്നാൽ വളരെ ഉപകാരമായിരിക്കും.

ഡോ. ടി. എം. തോമസ് ഐസക്: സർ, അമേരിക്ക ഒഴികെയുള്ള എല്ലാ പ്രധാനപ്പെട്ട രാഷ്ട്രങ്ങളും ജി.എസ്.ടി. നടപ്പിലാക്കിയിട്ടുണ്ട്. അമേരിക്കയിൽ ഏകീകൃതമായിട്ടുള്ള നികുതി സമ്പ്രദായത്തിനെ സംസ്ഥാനങ്ങൾ എതിർക്കുകയാണ് ചെയ്യുന്നത്. അതും പഠിക്കേണ്ട ഒരു കാര്യമാണ്. ജി.എസ്.ടി. വന്നുകഴിഞ്ഞാൽ വികസനവും വളർച്ചയും ഉണ്ടാകുമെന്ന് പറയുന്നത് അടിസ്ഥാനമില്ലാത്ത കാര്യമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. അല്ലെങ്കിൽ അമേരിക്ക ജി.എസ്.ടി. നടപ്പിലാക്കുമായിരുന്നു. നാടിന് സാമാന്യം ചില ഗുണമൊക്കെ ചെയ്യുമെങ്കിലും വളരെ ഊതിവീർപ്പിച്ച അവകാശവാദങ്ങളാണ് വയ്ക്കുന്നത്. ഐ.ടി. ബാക്ക്ബോൺ സംബന്ധിച്ച് ഒന്ന്, കേരളം ഇന്ന് ഐ.ടി. അധിഷ്ഠിത നികുതിപിരിവിലാണ് പ്രവർത്തിക്കുന്നത്. അതാണ് ഏറ്റവും വലിയ പ്ലസ് പോയിന്റ്. രണ്ട്, പഴയ കമ്പ്യൂട്ടറുകളും മറ്റും പുനഃപ്രതിഷ്ഠിക്കുന്നതിനുള്ള പർച്ചേസിംഗിന് ഓർഡർ നൽകിക്കഴിഞ്ഞു. മൂന്ന്, നമ്മൾ കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി.-യുമായി അവരാണ് ഐ.ടി. ബാക്ക് ബോൺ ഇന്ത്യ മുഴുവൻ ഉണ്ടാക്കുന്നത്. സംസ്ഥാനത്തിന് ആവശ്യമുള്ള സാധനങ്ങൾ എടുക്കാനുള്ള പ്രത്യേക മോഡ്യൂൾസ് നമ്മൾ തയ്യാറാക്കണം. അത് മറ്റ് സംസ്ഥാനങ്ങളിൽ ജി.എസ്.ടി.-യെത്തന്നെ ഏൽപ്പിച്ചിരിക്കുകയാണ്. പക്ഷേ ജി.എസ്.ടി. തന്നെ അത് ചെയ്തുകഴിഞ്ഞിട്ടില്ല. കേരളത്തിൽ നമ്മൾതന്നെ എൻ.ഐ.സി.-യുമായി ബന്ധപ്പെട്ട് അതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. അത് ഏതാണ്ട് പൂർത്തീകരിച്ചു കഴിഞ്ഞു. ഐ.ടി. പ്രിപ്പയേഡ്നെസ് ഏറ്റവും നന്നായി ഇന്നുള്ളത് കേരളത്തിനാണ്.

ശ്രീ. എം. ഉമ്മർ: സർ, 2017 ജൂലൈ 1 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയാൽ കേരള മൂല്യവർദ്ധിത നികുതി, ജനറൽ സെയിൽസ് ടാക്സ് ആക്ട് എന്നിവയുടെ ഈ വർഷം നടപ്പിലാക്കിയ നികുതിയിളവും നികുതി റിട്ടേൺ സമർപ്പിക്കുന്നതിന് കാലപരിധി ദീർഘിപ്പിച്ചതും നിലനിൽക്കുമോ; നിലനിൽക്കു-മെങ്കിൽ ഏത് കാലയളവുവരെ എന്നുള്ളത് അങ്ങ് വ്യക്തമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിന് സേവിംഗ് ക്ലോസ് നമ്മുടെ നിയമത്തിൽ കൊണ്ടുവരണം. വാറ്റ് നിയമവും ജനറൽ സെയിൽസ് ടാക്സ് ആക്ടും ജനറൽ പർപ്പസിനുവേണ്ടി നിലനിർത്തുമോ എന്നതാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്; ഇല്ല. നമ്മൾ repeal ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. രണ്ടാമതായി ഇക്കാര്യത്തിനുവേണ്ടിയുള്ള സേവിംഗ് ക്ലോസ് നമ്മുടെ പുതിയ നിയമത്തിൽ ഉൾപ്പെടുത്തും. അതിന്റെയടിസ്ഥാനത്തിൽ വാറ്റ്-ന്റെ വകുപ്പുകൾ നാലഞ്ച് വർഷം നിലനിന്നാൽ മാത്രമേ നികുതി പിരിവ് പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. 2010-11 വരെയേ ആംനെസ്റ്റി കൊടുത്തിട്ടുള്ളൂ. അതിനുശേഷമുള്ള അസസ്മെന്റ് പൂർത്തീകരിച്ചാലേ പണം പിരിക്കുന്നത് പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായത്തിൽ സേവിംഗ് ക്ലോസ് നിലനിൽക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2015-ൽ ഈ നിയമസഭ പാസ്സാക്കിയ The Kerala tax on Paper Lotteries Act ജി.എസ്.ടി. വരുമ്പോൾ ഇല്ലാതാകും. ഈ സാഹചര്യത്തിൽ ഭാഗ്യക്കുറി മേഖലയിലുണ്ടായേക്കാവുന്ന പല പ്രതിസന്ധികളുണ്ട്. അതിനെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; അത് തരണം ചെയ്യാൻ എന്തൊക്കെ പരിപാടികളാണ് ഏർപ്പാടാക്കിയിട്ടുള്ളത്; അതുപോലെ ജി.എസ്.ടി.-യുടെ മറവിൽ അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിലേയ്ക്ക് കടന്നുവരാനുള്ള എന്തെങ്കിലും സാധ്യതകളുണ്ടോ; അത് തടയാൻ എന്താണ് ചെയ്യേണ്ടത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിന്റെ അപകടം വളരെ വലുതാണ്. യഥാർത്ഥത്തിൽ അവരൊക്കെ നാലഞ്ച് മാസങ്ങളായിട്ടുള്ള തയ്യാറെടുപ്പിലാണ്. കേരളാ ലോട്ടറിയുമായി നടക്കുന്ന ചില കള്ളലോട്ടറി എന്നുപറയുന്ന വിവാദങ്ങൾ മനപ്പൂർവ്വം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതാണ് എന്നാണ് എന്റെ വ്യക്തിപരമായിട്ടുള്ള വിലയിരുത്തൽ. കാരണം സംഘടിതമായിട്ടുള്ള ചില നീക്കങ്ങൾ ഇതിന്റെ പുറകിലുണ്ട്. മാത്രമല്ല, ദേശീയ തലത്തിൽ ലോട്ടറി മാഫിയ വലിയ ക്യാമ്പെയിൻ നടത്തുന്നുണ്ട്. നമ്മുടെ ലോട്ടറി നിയമം അസാധുവാകും. ഇങ്ങനെയൊരു പ്രശ്നം വരുന്നുണ്ട് എന്നുള്ളത് സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായും മുൻമുഖ്യമന്ത്രിയുമായും 5 മാസം മുമ്പ് വ്യക്തിപരമായി സംസാരിച്ചിരുന്നു. ഇപ്പോൾ നമ്മൾ എത്തിച്ചേർന്നിരിക്കുന്ന നിലപാട് highest

നികുതി വേണമെന്നാണ്. സാധാരണ അങ്ങനെ ആവശ്യപ്പെടാറില്ല. ലോട്ടറിയുടെ ഫെയ്സ് വാല്യുവിന് 28 ശതമാനം നികുതി ആവശ്യപ്പെട്ടു. എന്തുകൊണ്ടാണ് അങ്ങനെ ആവശ്യപ്പെടുന്നത്? ഇപ്പോൾ 50 ശതമാനമാണ് സമ്മാനം കൊടുക്കുന്നത്. 40 ശതമാനമെങ്കിലും സമ്മാനം കൊടുക്കേണ്ടിവരും. 30 ശതമാനം കമ്മീഷന് പോകും. ബാക്കി 30 ശതമാനമാണ് മാർജിൻ. അതിൽ 28 ശതമാനം ടാക്സ് പോയാൽ പ്രൈവറ്റ് പ്ലെയേഴ്സിന് സാധ്യതയുണ്ടാകില്ല. ഇതാണ് നമ്മൾ കണ്ടെത്തിയിരിക്കുന്ന മാർഗ്ഗം. അതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന നികുതി സമ്പ്രദായമായ വാറ്റ് പ്രകാരം 5,350 കോടി രൂപയുടെ കുടിശ്ശിക ഇക്കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പിരിഞ്ഞു കിട്ടാനുണ്ടെന്ന് ഒരു ചോദ്യത്തിനുള്ള ഉത്തരമായി നൽകിയിട്ടുണ്ട്. അടുത്ത മാസങ്ങളിൽ ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ അതിനുമുമ്പായി വാറ്റ് കുടിശ്ശിക പിരിച്ചെടുക്കാനുള്ള ഊർജ്ജിതമായ എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? ജി.എസ്.ടി. നടപ്പിലാക്കിക്കഴിയുമ്പോൾ കുടിശ്ശിക ഇതിനകം പിരിച്ചു കിട്ടിയില്ലെങ്കിൽ അതിന്റെ അവസ്ഥയെന്തായിരിക്കും? ജി.എസ്.ടി വരുന്നതിനെ സ്വാഗതം ചെയ്യുകയും അത് ഈ സംസ്ഥാനത്തിന് വളരെ നല്ലതാണെന്നും സാമ്പത്തിക വിദഗ്ദ്ധൻകൂടിയായ അങ്ങ് പറയുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ ഒരു കരണംമറിച്ചിൽ കാണുന്നുണ്ട്. അത് പാർട്ടി നയത്തിന്റെ ഭാഗമാണോ; അങ്ങയുടെ നയവും പാർട്ടിയുടെ നയവും തമ്മിൽ എന്തെങ്കിലും ക്ലാഷ് ഇതിനകത്തുണ്ടായോ എന്നതുകൂടി അറിയാൻ താൽപ്പര്യമുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ഞാൻ വിശദീകരിച്ചുകഴിഞ്ഞു. നമ്മൾ യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കാണണം. കാണുന്ന കാര്യങ്ങൾ തുറന്നുപറയണം. കരണംമറിച്ചിലോ തകിടംമറിച്ചിലോ ഒന്നുമില്ല. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ മറുപടി പറഞ്ഞ കാര്യമാണ്. മലപ്പുറം ഒഴികെ എല്ലാ ജില്ലകളിലും ആംനെസ്റ്റി സ്കീം പൂർത്തീകരിക്കുന്നതിനുള്ള യോഗങ്ങൾ നടന്നിരുന്നു. മലപ്പുറത്ത് ഇലക്ഷൻ നടന്നതുകൊണ്ട് യോഗം നടന്നില്ല. 27-ാം തീയതി യോഗം നടക്കും. യുദ്ധകാലാടിസ്ഥാനത്തിൽ അസസ്മെന്റും റീഅസസ്മെന്റും പൂർത്തീകരിച്ചു-കൊണ്ടിരിക്കുകയാണ്. സി.ആർ. ഫയലുകൾ ഇന്റലിജൻസ് പൂർത്തീകരിച്ചു-കൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് അപ്പീലുകൾ തീർക്കുന്നതിനുവേണ്ടി അപ്പീലുകാരുടെ യോഗം ഇന്ന് നടക്കാൻ പോകുകയാണ്. അങ്ങനെ സമയ ബന്ധിതമായി കുടിശ്ശികയായി ലഭിക്കാനുള്ള 1,500-2,000 കോടി രൂപ പിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ജി.എസ്.ടി. വരുമ്പോൾ ഇപ്പോൾ ടാക്സ് ഇല്ലാത്ത പല ഐറ്റത്തിനും ടാക്സ് വരുന്നതായി പറയുന്നുണ്ട്. അത് ആളുകൾക്ക് വലിയ ആശങ്കയുണ്ടാക്കുന്നൊരു കാര്യമാണ്. ഉദാഹരണത്തിന് ഐസ്, മെഴുകുതിരി എന്നിവയ്ക്ക് ഇപ്പോൾ ടാക്സ് ഇല്ല. ഇവയ്ക്കെല്ലാം ടാക്സ് വരുമെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതുസംബന്ധിച്ച് വിശദീകരണം നൽകാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അപൂർവ്വം ചില ഉൽപ്പന്നങ്ങൾക്ക് ഇങ്ങനെ വരുന്നുണ്ട്. കേരളത്തിൽ നികുതിയില്ലെങ്കിലും ബാക്കിയുള്ള സംസ്ഥാനങ്ങളിൽ നികുതിയുണ്ട്. കേരളത്തിലുള്ള ഉൽപ്പന്നങ്ങൾമാത്രം വച്ചല്ല എക്സംപ്ഷൻ നൽകുന്നത്. ബാക്കിയുള്ള സംസ്ഥാനങ്ങളിൽ സാമാന്യം നികുതിയുള്ള ഉൽപ്പന്നങ്ങൾ ഇന്ന് നികുതിക്ക് വിധേയമാക്കുന്നുണ്ട്. അങ്ങനെയാണ് ഐസിനും മെഴുകുതിരിക്കും നികുതി വന്നിട്ടുള്ളത്. ഐസിന് വരുന്ന നികുതി അൽപ്പം ഉയർന്നതാണ് എന്നുള്ളത് സംബന്ധിച്ച് ഒരു ചർച്ചയുണ്ട്. നമുക്ക് എന്താണ് ചെയ്യാൻ പറ്റുമെന്നുള്ളത് നോക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഇവിടെ ഒരു ക്ലാസ് എടുക്കുന്നതു പോലെയാണ് ചോദ്യങ്ങൾക്കെല്ലാം വളരെ ഭംഗിയായി മറുപടി പറഞ്ഞു കൊണ്ടിരിക്കുന്നത്. ആ ഉത്തരങ്ങൾതന്നെ ജി.എസ്.ടി. ബില്ലിന് എത്ര ആധികാരികതയും എത്ര പരപ്പും എത്ര ആഴവുമുണ്ടെന്ന് വ്യക്തമാക്കുന്ന ഒന്നാണ്. പക്ഷേ ദൗർഭാഗ്യവശാൽ 16 സംസ്ഥാനങ്ങൾ ഈ നിയമം പാസ്സാക്കിയിട്ടും നമ്മുടെ നിയമസഭ ഇത് പാസ്സാക്കുന്നില്ല. അങ്ങ് അതുസംബന്ധിച്ച് പറഞ്ഞിട്ടില്ല. വരാൻ പോകുന്നത് ഓർഡിനൻസാണെന്ന് സാമാന്യബുദ്ധിയുള്ള എല്ലാവർക്കും ഊഹിക്കാം. ഓർഡിനൻസ് ഒഴിവാക്കി ഇത്ര ബൃഹത്തായ ഒരു ബിൽ പാസ്സാക്കുന്നതിനുവേണ്ടി നിയമസഭയുടെ ഒരു പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടി ജി.എസ്.ടി. ബിൽ പാസ്സാക്കാൻ സർക്കാർ തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ നിയമസഭയിൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കാൻ കഴിയാത്തതിൽ ഞാൻ ഖേദം പ്രകടിപ്പിക്കുന്നു. അങ്ങയുടെ വികാരം ഞാൻ ഉൾക്കൊള്ളുന്നു. എന്താണ് നടപടിയെന്നുള്ളത് അടുത്ത് ചേരുന്ന ക്യാബിനറ്റ് പരിശോധിച്ച് തീരുമാനമെടുക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ്, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് ഇവയൊക്കെ നിലനിൽക്കുന്നത് സെസ്സ് കൊണ്ടാണ്. ജി.എസ്.ടി. ബിൽ വരുമ്പോൾ ആ സെസ് നിലനിൽക്കുമോ; കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിന്റെയും സ്പൈസസ് ബോർഡിന്റെയും ഭാവി എന്താകും?

ഡോ. ടി. എം. തോമസ് ഐസക്: സർ, സാമാന്യമായ സെസ് ഒന്നും നിലനിൽക്കുന്നതല്ല. സെസ് മാത്രമല്ല ഹിമാചൽപ്രദേശ് പോലുള്ള സംസ്ഥാനങ്ങൾക്ക് വ്യവസായത്തിൽ സമ്പൂർണ്ണ എക്സ്സൈസ് നികുതിയിളവ് നിലനിൽക്കുന്നതല്ല. എത്രയാണോ നഷ്ടം വരുന്ന തുക അത് ബന്ധപ്പെട്ട ഏജൻസി, സംസ്ഥാന സർക്കാരോ കേന്ദ്രസർക്കാരോ അവർക്ക് നൽകണമെന്നുള്ളതാണ് എത്തിച്ചേർന്നിട്ടുള്ള ധാരണ.

ഡോ. എൻ. ജയരാജ്: സർ, ജി.എസ്.ടി. വരുമ്പോൾ നിലവിലുള്ള സാധനങ്ങളുടെ വില കുറയും. MRP അതുപോലെതന്നെ നിലനിൽക്കുമ്പോൾ ഉപഭോക്താക്കളെ സംബന്ധിച്ച് വലിയ ബുദ്ധിമുട്ടുണ്ടാകും. അതുമായി ബന്ധപ്പെട്ട് നിയമത്തിൽ എന്തെങ്കിലും ഉൾപ്പെടുത്തിക്കൊണ്ട് ഉപഭോക്താക്കളെ സംരക്ഷിക്കാൻ കഴിയുമോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രധാനപ്പെട്ട എല്ലാ ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെയും MRP, അതിനുമേലുള്ള നികുതി എത്ര, പുതിയ നികുതി എത്ര കുറയുന്നു എന്നത് പട്ടികയാക്കി ജനങ്ങളുടെ മുന്നിൽ ലഭ്യമാക്കുന്നതിന് സർക്കാർ പരിശോധിച്ചിരുന്നു. അതിന്റെ ഫലമായി കുത്തകകളുടെ പേരിൽ ജനകീയ സമ്മർദ്ദം കൊണ്ടുവന്ന് MRP കൂട്ടാതിരിക്കുന്നതിന് ശ്രമിക്കും. സിമെന്റ് കമ്പനിക്കാർ MRP കുറയ്ക്കേണ്ടിവരുമെന്ന് വിചാരിച്ച് ഇപ്പോഴേ കൂട്ടി നിശ്ചയിക്കുകയാണ്. വില കുറച്ചുവെന്ന് പറഞ്ഞ് ഭാവിയിൽ നല്ലപിള്ള ചമയാൻ വേണ്ടിയാണത്. അതിനെതിരായി ജനങ്ങളെ ബോധവത്കരിക്കാനുള്ള നടപടികൾ സ്വീകരിക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**കരകൗശല മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി നടപടികൾ**

5(*634) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എസ്.രാജേന്ദ്രൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരകൗശല മേഖല പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരകൗശല മേഖലയിലെ കൂലിക്കുറവ് നിമിത്തം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അവർ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വാങ്ങി വിപണനം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, മെച്ചപ്പെട്ട വേതനത്തിന്റെ അഭാവം, ഉൽപ്പന്ന വിപണന സംവിധാനത്തിന്റെ അപര്യാപ്തത, ആധുനിക സാങ്കേതികവിദ്യയുടെ അഭാവം എന്നിവ സംസ്ഥാനത്തെ കരകൗശല മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. ഈ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി കരകൗശല വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) ഉല്പന്ന വിപണന സംവിധാനത്തിന്റെ അപര്യാപ്തത, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, തൊഴിലാളികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പി-ക്കുന്നതിനുള്ള നടപടികളുടെ അപര്യാപ്തത എന്നിവ കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കാത്തതിന് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല തൊഴിലാളികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിനുമുള്ള പരിശീലന പരിപാടികൾ, കരകൗശല തൊഴിലാളികളുടെ കൂട്ടായ പ്രവർത്തനത്തിനായി ക്ലസ്റ്ററുകൾ രൂപീകരിക്കൽ എന്നിവയ്ക്കായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികൾക്ക് ഒറ്റയ്ക്ക് ചെയ്യുന്നതിന് ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒരു കേന്ദ്രത്തിൽ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾ മുഖേന പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കരകൗശല തൊഴിലാളികളുടെ

ഉൽപ്പന്നങ്ങൾ ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, അപക്സ് സഹകരണ സ്ഥാപനമായ സുരഭി എന്നിവവഴി വിൽക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്രാഫ്റ്റ് ടൂറിസം, കേരളത്തിന്റെ തനതായ കരകൗശല ഉല്പന്നങ്ങൾ ഉപയോഗിച്ച് സുവനീറുകൾ എന്നീ പദ്ധതികളിലൂടെ കരകൗശല മേഖലയിൽ മെച്ചപ്പെട്ട വിലയും വിപണനവും തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും ലക്ഷ്യമിടുന്നു.

(സി) കരകൗശല തൊഴിലാളികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിനുമുള്ള പരിശീലന പരിപാടികൾ, കരകൗശല തൊഴിലാളികളുടെ കൂട്ടായ പ്രവർത്തനത്തിനായി ക്ലസ്റ്ററുകൾ രൂപീകരിക്കൽ എന്നിവയ്ക്കായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിൽ ക്ലസ്റ്റർ വികസന പദ്ധതി പ്രകാരം വാഴനാര്, കൈത, ഓട്, കളിമൺ പാത്ര നിർമ്മാണം, തടി, ലോഹം എന്നീ വിഭാഗങ്ങളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള പതിനൊന്ന് ക്ലസ്റ്ററുകൾ കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സുരഭി എന്നീ സ്ഥാപനങ്ങൾ മുഖേന ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. തൊഴിലാളികൾക്ക് ഒറ്റയ്ക്ക് ചെയ്യുന്നതിന് ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒരു കേന്ദ്രത്തിൽ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾ മുഖേന പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കരകൗശല തൊഴിലാളികളുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വിലനൽകി കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സുരഭി എന്നീ സ്ഥാപനങ്ങൾവഴി വില്പന നടത്തുന്നതിനും ക്രാഫ്റ്റ് ബസാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ച് കരകൗശല ഉല്പന്നങ്ങളുടെ വിപണനത്തിന് സഹായിക്കുകയും ചെയ്തുവരുന്നു.

(ഡി) കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നത് ലക്ഷ്യമിട്ട് ഷോറൂമുകളുടെ പുനരുദ്ധാരണവും ആധുനികവൽക്കരണവും, കരകൗശല മേഖലയിലെ കയറ്റുമതി വിപണിയുടെ ശാക്തീകരണം, ഓൺലൈൻ വിപണി ആരംഭിക്കൽ, ഷോറൂമുകളുടെ നെറ്റ്‌വർക്ക്, ബ്രാന്റ് ബിൽഡിംഗ്സ്, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട കരകൗശല വിപണി എന്നീ പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നത് ലക്ഷ്യമിട്ട് കരകൗശല മേഖലയിലെ കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് പരിശീലനം നൽകൽ, പിന്നോക്ക വിഭാഗങ്ങളിലെയും കരകൗശല മേഖലയിലെയും യുവാക്കൾക്ക് പരിശീലനം നൽകി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സിറ്റികളിൽ കാഡ്കോയുടെ ഷോറൂമുകൾ ആരംഭിക്കൽ, ഡെക്കറേറ്റീവ് അപ്പാരൽ ഹബ്ബ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ആന്റ് പ്രൊമോഷൻ ഓഫ് ഹാന്റിക്രാഫ്റ്റ്സ് (ഐ.ഡി.പി.എച്ച്.) എന്ന പദ്ധതി പ്രകാരം കരകൗശല പ്രദർശന വില്പന മേളകൾ, തൊഴിൽ പരിശീലനം, നവീന കരകൗശല വസ്തുക്കളുടെ നിർമ്മാണം, ക്ലസ്റ്ററുകൾ, പൊതു സേവന കേന്ദ്രങ്ങൾ, ടൂൾകിറ്റുകൾ, അവബോധ ക്ലാസ്സുകൾ, ദേശീയ പിന്നോക്ക ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ കുറഞ്ഞ പലിശ നിരക്കിൽ സ്വയംതൊഴിൽ വായ്പ, വസ്തുഗ്രാമം പദ്ധതി, പ്രീമിയം റീട്ടെയിൽ സുവനീർ ചെയിൻ പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു.

## ടൂറിസം മാർക്കറ്റിംഗ്

6 (*635) ശ്രീ. എം. സ്വരാജ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ജോയി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മാർക്കറ്റിംഗ് വിപുലപ്പെടുത്തി കൂടുതൽ വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ലോക ടൂറിസം വിപണിയിൽ വേണ്ടവിധം കടന്നുചെല്ലാനും ലോക ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം നിലനിർത്തുന്നതിനും കാര്യക്ഷമതയുള്ള പ്രചരണ പരിപാടികളും വിപണന തന്ത്രങ്ങളും ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ)

- കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു.
- ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രചരണം സംസ്ഥാന വ്യാപകമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കിവരുന്നു.
- വിനോദസഞ്ചാരികളെയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ സംഘടിപ്പിച്ചു.
- യൂറോപ്പിലെ പ്രധാന ചാനലുകളായ യൂറോന്യൂസ്, സ്കൈന്യൂസ് എന്നിവയിലും മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലെയും പ്രധാന ടി.വി. ചാനലായ സി.എൻ.എൻ.-ലും കേരള ടൂറിസത്തിന്റെ പരസ്യം പ്രൈം ടൈമിൽ സംപ്രേഷണം ചെയ്തിട്ടുണ്ട്.
- സ്വീഡൻ, യുണൈറ്റഡ് കിംഗ്ഡം, സ്പെയിൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ മാസികകളിൽ കേരള ടൂറിസത്തിന്റെ പരസ്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- ആസ്ട്രേലിയയിലെ അച്ചടി മാധ്യമങ്ങളിലും സിഡ്നി, മെൽബൺ എന്നീ നഗരങ്ങളിലെ പ്രധാന ടി.വി. ചാനലായ സി.എൻ.എൻ.-ലും ഔട്ട് ഓഫ് ഹോം (OOH) പ്രചരണംവഴി ട്രാമുകളിലും കേരള ടൂറിസത്തിന്റെ പരസ്യം നൽകിയിട്ടുണ്ട്.

(ബി) ലോക ടൂറിസം വിപണിയിൽ കേരള ടൂറിസത്തിന്റെ പ്രാതിനിധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രചരണ പരിപാടികളും വിപണന തന്ത്രങ്ങളും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച റിപ്പോർട്ട്

7 (*636) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് പ്രൊഫ. ശ്രീറാം നൽകിയ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ഏതെങ്കിലും ശിപാർശകൾ സംസ്ഥാന സർക്കാരിന്റെ നയത്തിന് അനുസൃതമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിനുമുമ്പ് സഹകരണ മേഖലയിലെ വിദഗ്ദ്ധർ, സഹകാരികൾ എന്നിവർ മുമ്പാകെ സമർപ്പിച്ച് എല്ലാതലത്തിലുമുള്ള സമഗ്രമായ ചർച്ചയ്ക്ക് കളമൊരുക്കുമോ;

(സി) ജീവനക്കാരുടെ താല്പര്യങ്ങൾക്കും സംസ്ഥാന താല്പര്യങ്ങൾക്കും അനുസൃതമായി കേരള ബാങ്കിനെ രൂപപ്പെടുത്തുന്നതിന് എന്തൊക്കെ മുൻകരുതലുകൾ ഉണ്ടാകുമെന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ-സി) കമ്മിറ്റി 28-4-2017-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധനയിലാണ്. പരിശോധിച്ചശേഷമേ ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുകയുള്ളൂ.

## കയർ ഉദ്യമി യോജന

8 (*637) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ വികസനത്തിനായി കേന്ദ്ര ചെറുകിട വ്യവസായ മന്ത്രാലയത്തിന്റെ 'കയർ ഉദ്യമി യോജന' സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശി-ക്കുന്നുണ്ടോ; എങ്കിൽ വിവരിക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാം എത്ര യൂണിറ്റുകളാണ് ഇപ്രകാരം ആരംഭിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ഇതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട്; ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് വിവരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ ഉദ്യമി യോജന സംസ്ഥാനത്ത് നടപ്പിലാക്കാൻ കയർബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. റിമോട്ട് സ്കീം എന്നപേരിൽ XI & XII-ാം പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് കയർ ഉദ്യമി യോജന എന്ന പേരിൽ നടപ്പിൽ വരുത്തുന്നത്.

(ബി) സംസ്ഥാനത്ത് കയർ ഉദ്യമി യോജന പദ്ധതി പ്രകാരം 110 യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുള്ള അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് തുടർനടപടി കയർബോർഡിൽനിന്നും ഉണ്ടാകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് മന്ത്രാലയം 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ വാർഷിക പദ്ധതിക്കായി കേരളത്തിന് ഒരുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കയർ വകുപ്പിലെ കയർ പ്രോജക്ട് ഓഫീസർമാരുടെ സാന്നിധ്യത്തിലാണ്. ആയതിനുള്ള നടപടികൾ കയർ ബോർഡ് സ്വീകരിച്ചുവരുന്നു.

**സമഗ്ര ടൂറിസം വികസന പദ്ധതി**

9 (*638) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ഏതെല്ലാം വിനോദ സഞ്ചാര കേന്ദ്രങ്ങളെയാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ ലക്ഷ്യമാക്കി തീർത്ഥാടന ടൂറിസം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. കടകംപള്ളി സുരേന്ദ്രൻ)</u>

(എ&ബി) സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസന പദ്ധതികൾക്കുള്ള നടപടികളാണ് നിലവിൽ ആവിഷ്കരിച്ച് വരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റേയും കേന്ദ്ര സർക്കാരിന്റേയും സഹായത്തോടെയുള്ള സമഗ്ര ടൂറിസം വികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളോടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെയുള്ള ടൂറിസം പദ്ധതികളും സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, ആയുർവ്വേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങി വിവിധ മേഖലകൾ സ്വകാര്യ നിക്ഷേപത്തിനായി സാദ്ധ്യതയുള്ളതാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 9,77,479 വിദേശ ടൂറിസ്റ്റുകളും 1,24,65,571 ആഭ്യന്തര ടൂറിസ്റ്റുകളും ഒരു വർഷത്തിൽ കേരളം സന്ദർശിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ടൂറിസം സെന്ററുകൾ ഭിന്നശേഷി സൗഹൃദമാക്കിയും അടുത്ത 5 വർഷംകൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഇപ്പോൾ 14 ലക്ഷം തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അടുത്ത അഞ്ച് വർഷംകൊണ്ട് 4 ലക്ഷത്തിലധികം തൊഴിലവസരം സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(സി) പ്രധാനപ്പെട്ട മലയോര, കായലോര ടൂറിസം കേന്ദ്രങ്ങൾ, ബീച്ചുകൾ, ഇക്കോ ടൂറിസം കേന്ദ്രങ്ങൾ മറ്റ് സാധ്യതയുള്ള ടൂറിസം മേഖലകൾ, പൈതൃക സംരക്ഷിത കേന്ദ്രങ്ങൾ, ബേക്കൽ, തലശ്ശേരി, മുസിരീസ് തുടങ്ങിയ വിവിധ കേന്ദ്രങ്ങളുമാണ് ഈ രീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ മലബാറിന്റെ ടൂറിസം സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താനും അതുവഴി ധാരാളം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാനും കഴിയുന്ന തീമാറ്റിക് സർക്യൂട്ടായ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയും നടപ്പാക്കാൻ പ്രാരംഭ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സാഹസിക ടൂറിസത്തിന് സാധ്യതയുള്ള കേരളത്തിലെ പരാമവധി കേന്ദ്രങ്ങളും വികസിപ്പിക്കാൻ ലക്ഷ്യം വയ്ക്കുന്നു.

(ഡി) സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള വിവിധങ്ങളായ ടൂറിസം സർക്യൂട്ട് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ഇത്തരം കേന്ദ്രങ്ങളിൽ വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഇവയുടെ പൈതൃകവും തനിമയും നിലനിർത്തിക്കൊണ്ടുള്ള വികസനമാണ് ഉദ്ദേശിക്കുന്നത്. പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ ശ്രീപത്മനാഭ സ്വാമിക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറൻമുള എന്നിവ ഉൾപ്പെടുന്ന കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. മലയാറ്റൂർ, കാലടി പിൽഗ്രിം ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

## ലോട്ടറി വില്പന വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി

10 (*639) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ വില്പന വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജൂൺ 1 മുതൽ നറുക്കെടുക്കുന്ന സംസ്ഥാന ലോട്ടറികളുടെ ടിക്കറ്റ് വില കുറയ്ക്കാൻ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സമ്മാനത്തുകയിൽ എന്തെങ്കിലും വർദ്ധനവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) വ്യാജടിക്കറ്റുകളും നമ്പർ തിരുത്തിവരുന്ന ടിക്കറ്റുകളും കണ്ടു-പിടിക്കാനുള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ-സി) 50 രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി, നിർമ്മൽ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവിലകൂടി 30 രൂപയാക്കി കുറച്ചുകൊണ്ടും സമ്മാന ശതമാനത്തിലും സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് വരുത്തിയും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം

ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. അറ്റാദായത്തിൽനിന്നും 5% കുറവുവരുത്തി പ്രസ്തുത തുക കൂടി ഉൾപ്പെടുത്തി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിലൂടെ ലോട്ടറി വിൽപ്പനയിൽ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ലോട്ടറി വില്പന വർദ്ധിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന 14 ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ, മൂന്ന് താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ എന്നിവയ്ക്ക് പുറമേ 18 ഭാഗ്യക്കുറി സബ് ഓഫീസുകൾകൂടി ആരംഭിച്ചിട്ടുണ്ട്.

(ഡി) ബാർകോഡ്, സീക്രട്ട്കോഡ്, ടിക്കറ്റ് കടക്കുറ്റിയുമായി യോജിപ്പിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ വ്യാജ ടിക്കറ്റുകളും നമ്പർ തിരുത്തി വരുന്ന ടിക്കറ്റുകളും കണ്ടുപിടിക്കാൻ നിലവിൽ സാധിക്കുന്നുണ്ട്. ഇതിനുപുറമെ Microprinting, Opaque Text, Currency Strips മുതലായ സുരക്ഷാമാർഗ്ഗങ്ങൾകൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തി ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ സുരക്ഷാമാർഗ്ഗങ്ങൾ ഉൾപ്പെടുത്തി ടിക്കറ്റുകൾ ഡിസൈൻ ചെയ്യുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ C-Dit-മായി ചേർന്ന് Security Design Laboratory സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**കെ.എസ്.ഡി.പി.-യെ വികസിപ്പിക്കാൻ നടപടി**

11 (*640) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളുടെയും പ്രമേഹ ചികിത്സക്കുള്ള ഇൻസുലിന്റെയും നിർമ്മാണം പൊതുമേഖലാ സ്ഥാപനമായ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഏറ്റെടുക്കാൻഉദ്ദേശിക്കുന്നുണ്ടോ;

(ബി) അത്യാധുനിക രീതിയിലുള്ള പ്ലാന്റുകൾ ഈ മരുന്നുകളുടെ നിർമ്മാണത്തിന് ആവശ്യമായിവരുമെന്നിരിക്കെ കെ.എസ്.ഡി.പി.-യെ തദനുസൃതമായി വികസിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനുള്ള സാമ്പത്തിക സഹായം പ്രസ്തുത കമ്പനിക്ക് നൽകുമോ;

(സി) ജനറിക് മരുന്നുകൾക്ക് പുറമെ ബ്രാൻഡഡ് മരുന്നുകൾ വിപണിയിലിറക്കാൻ കെ.എസ്.ഡി.പി ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുല്പാദനത്തിനുള്ള നിർമ്മാണശാല അത്യന്തം നൂതനവും ഉന്നത സാങ്കേതിക നിലവാരമുള്ളതു-മാകേണ്ടതുണ്ട്. കമ്പനിയിൽ നിലവിലുള്ള നിർമ്മാണശാലകളിൽ ഈ മരുന്നുകൾ ഉല്പാദിപ്പിക്കാൻ കഴിയില്ല. ഇതിനുവേണ്ടി മാത്രം പ്രത്യേകം പ്ലാന്റ് നിർമ്മിക്കണം. ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

(ബി) ഏറ്റവും ആധുനികമായ സംവിധാനത്തോടെ ഒരു ബീറ്റാലാക്ടം പ്ലാന്റ് സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനോടനുബന്ധമായി ആന്റിബയോട്ടിക് ഇൻജക്ഷൻ നിർമ്മിക്കുന്നതിന് ഡ്രൈപൗഡർ ഇൻജക്ഷൻ യൂണിറ്റും ഈയിടെ കമ്മിഷൻ ചെയ്തു. ഇതിനുപുറമേ നോൺ ബീറ്റാലാക്ടം മരുന്നുകളുടെ നിർമ്മാണത്തിനുള്ള പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 28.15 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ മരുന്നുകളുടെ നിർമ്മാണത്തിനായി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ലക്നൗവിലുള്ള സെൻട്രൽ ഡ്രഗ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഉണ്ട്. ട്രേഡ് മാർക്ക് രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അനുമതി ലഭിക്കുന്നമുറയ്ക്ക് ബ്രാൻഡഡ് മരുന്നുകൾ വിപണിയിൽ ഇറക്കാനാകും.

**കേരളാ ബാങ്ക്**

12 (*641) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്ക് എന്ന് നിലവിൽ വരുമെന്ന് അറിയിക്കുമോ; കേരളാ ബാങ്കിന്റെ കാഴ്ചപ്പാട് എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബാങ്ക് നിലവിൽ വരുന്നതിനായി ഏതെല്ലാം നിയമങ്ങളിലും ചട്ടങ്ങളിലുമാണ് ഭേദഗതി വരുത്തേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) മറ്റു വാണിജ്യ ബാങ്കുകളെപ്പോലെ എസ്.എം.ഇ. ബാങ്കിംഗ്, കോർപ്പറേറ്റ് ബാങ്കിംഗ്, ട്രഷറി മാനേജ്മെന്റ്, ഫോറെക്സ് മാനേജ്മെന്റ് തുടങ്ങിയ ബാങ്കിംഗ് സേവനങ്ങൾ കേരളാ ബാങ്കിൽ ലഭ്യമാകുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ വിഭാഗം സഹകരണ സംഘങ്ങൾക്കും പ്രസ്തുത ബാങ്കിൽ അംഗത്വം അനുവദിക്കണമെന്ന് കേരളാബാങ്കിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരള സഹകരണ ബാങ്ക് നിലവിൽ വരുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ വിശദമായി പരിശോധിച്ച ശേഷമേ കേരള സഹകരണ ബാങ്ക് സംബന്ധിച്ച അന്തിമ കാഴ്ചപ്പാട് നിശ്ചയിക്കുകയുള്ളൂ.

(ബി) ഇക്കാര്യത്തിൽ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷമേ ഏതെല്ലാം നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തണമെന്ന കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ.

(സി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ ഇക്കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

(ഡി) കമ്മിറ്റി 28-4-2017-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

## നികുതി വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിൽ

13 (*642) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാല പരിധിയിൽ നികുതി വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടാക്കിയ വ്യതിയാനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നികുതി ഘടനയിൽ ഈ വർഷം വരുത്തുന്ന മാറ്റം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ഏത് വിധത്തിൽ സ്വാധീനിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നികുതി വരുമാനത്തിൽ വർദ്ധന പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ ആ വർദ്ധന സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉപയുക്തമാക്കാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2011-12 മുതൽ 2016-17 വരെയുള്ള സംസ്ഥാനത്തിന്റെ നികുതി വരുമാനം, റവന്യൂ കമ്മി/ജി.എസ്.ഡി.പി., ധനകമ്മി/ജി.എസ്.ഡി.പി., മൂലധന ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

2011-2012-ൽ 18.04% നികുതി വരുമാനം (കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെ) വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2012-13-ൽ 16.43%, 2013-14-ൽ 6.9%, 2014-15-ൽ 9.36% എന്നിങ്ങനെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലുള്ള ചോർച്ചയും നികുതി പിരിച്ചെടുക്കുന്നതിലുള്ള വീഴ്ചയും ഇതിന് പ്രധാന കാരണങ്ങളാണ്. 2015-16-ൽ നികുതി വരുമാനം 19.76 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. 14-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിച്ചിട്ടുള്ളത് ഇതിന് ഒരു പ്രധാന കാരണമാണ്.

(ബി) 2017 ജൂലൈ 1 മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി വ്യവസ്ഥയാണ്. കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യസ്ഥാന തത്വം കേരളത്തിന്റെ നികുതി പിരിവിന് ഗുണപ്രദമാണെന്നാണ് കരുതുന്നത്. എന്നാൽ കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ നികുതി നിരക്ക് നിശ്ചയിച്ച പ്രകാരം പല സാധനങ്ങൾക്കും നിലവിലുള്ള നികുതി നിരക്കിനേക്കാൾ ജി.എസ്.ടി. നിരക്ക് കുറവാണ്. ആയതിനാൽ മുൻപ് പ്രതീക്ഷിച്ചതുപോലുള്ള നേട്ടം നികുതി പിരിവിൽ ഉണ്ടാകാൻ ഇടയില്ല. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി വാങ്ങിയ വ്യാപാരിക്ക് തുടർ വില്പന നടത്തുമ്പോൾ ക്രെഡിറ്റ് എടുക്കാവുന്നതാണ്. നികുതിക്കുമേൽ നികുതി എന്ന അവസ്ഥ പൂർണ്ണമായും ഇല്ലാതാകും. ഇത് വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കുകയും ഉപഭോക്താക്കൾക്ക് ഗുണപ്രദമാകുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ടെലികമ്മ്യൂണിക്കേഷൻ, ഇൻഷ്വറൻസ്, ഫിനാൻസ്, ബാങ്കിംഗ് തുടങ്ങിയ സേവന മേഖലകളിൽനിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിക്കുന്നു. ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ വരുമാനത്തിൽ നഷ്ടമുണ്ടായാൽ 2015-16 വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാസ്സാക്കിയിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കില്ലെന്നാണ് കരുതുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വർദ്ധിച്ചുവരുന്ന റവന്യൂ ചെലവുകളും സാമൂഹ്യക്ഷേമ ചെലവുകളും യാതൊരു തടസ്സവും കൂടാതെ നിർവ്വഹിക്കുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതോടൊപ്പം പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന മേഖലകളുമായി ബന്ധപ്പെട്ട പ്രോജക്ടുകളും നിർവ്വഹണത്തിന്റെ പ്രാരംഭഘട്ടത്തിലാണ്. കൂടാതെ സ്പോർട്സ് സ്റ്റേഡിയങ്ങൾ, സാംസ്കാരിക സമുച്ചയങ്ങൾ, കാർഷിക സംസ്കരണ പാർക്കുകൾ, വ്യവസായ പാർക്കുകൾ, വ്യവസായ ഇടനാഴിക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

## ഗ്രീൻ കാർപ്പറ്റ് പദ്ധതി

14 (*643) ശ്രീ. പി. വി. അൻവർ :

ശ്രീ. എസ്.ശർമ്മ :

ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതി ഏതെല്ലാം ഏജൻസികളുടെ കൂട്ടായ്മയിലൂടെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര മേഖലകളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുമ്പോൾ പ്രകൃതിയുടെ സ്വാഭാവികത നിലനിർത്തിക്കൊണ്ടുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകുമോ എന്നറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ, പ്രദേശവാസികൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പ്രകൃതിയുടെ സ്വാഭാവിക ഭംഗിക്ക് കോട്ടം തട്ടാത്ത രീതിയിലാണ് ഓരോ പദ്ധതിയും തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി രൂപീകരണവേളയിൽത്തന്നെ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു.

**സഹകരണമേഖലയിൽ നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ**

15 (*644) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ നടപ്പിലാക്കി രുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഈ രംഗത്ത് കേരള സംസ്ഥാന സഹകരണ ഭവനനിർമ്മാണ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രാഥമിക സഹകരണ ഭവന നിർമ്മാണ സംഘങ്ങൾക്ക്, കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിന് തിരിച്ചടവ് എളുപ്പമായ തരത്തിൽ സാമ്പത്തിക സഹായം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് ഫെഡറേഷൻ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ഭവന നിർമ്മാണ സംഘങ്ങളിലെ അംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും അംഗസംഘങ്ങൾവഴി വായ്പ നൽകുന്നു.

(ബി) കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ നേരിട്ട് അംഗസംഘങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, നാഷണൽ ഹൗസിംഗ് ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ദീർഘകാല വായ്പയെടുത്ത് ഫെഡറേഷന്റെ വായ്പാ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നു. ഇതിനുപുറമെ എല്ലാ വർഷവും കേരള സർക്കാരിൽനിന്നും ഓഹരി മൂലധന വിഹിതവും ലഭിക്കുന്നുണ്ട്. ഇത്തരം ഫണ്ട് ഉപയോഗിച്ച് അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലൂടെ വ്യക്തിഗത വായ്പ നൽകിവരുന്നു. അംഗസംഘങ്ങളിലെ അംഗങ്ങൾക്ക് പുതിയ വീട് നിർമ്മിക്കുന്നതിനും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണിക്കും വായ്പ നൽകിവരുന്നു.

(ഡി) കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുവന്നവർക്കും ഇടത്തരക്കാർക്കും കുറഞ്ഞ പലിശ നിരക്കിൽ പുതിയ വീട് വയ്ക്കുന്നതിന് പരമാവധി 15 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി 7.5 ലക്ഷം രൂപയും അംഗസംഘങ്ങൾവഴി വായ്പ നൽകിവരുന്നു. തിരിച്ചടവ് എളുപ്പമാക്കുന്നതിനുവേണ്ടി കുറഞ്ഞ ഗഡു വരത്തക്ക രീതിയിൽ 15 വർഷ കാലാവധിക്ക് ദീർഘകാല വായ്പയായിട്ടാണ് നൽകിവരുന്നത്. കൃത്യമായി തിരിച്ചടവ് നടത്തുന്ന സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി അടച്ച പലിശയുടെ 1% ഇൻസെന്റീവ് ആയി ഓരോ വർഷവും നൽകിവരുന്നു.

**ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്താൻ പദ്ധതികൾ**

16 (*645) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര പുതിയ വൈദ്യുതി കണക്ഷനുകളാണ് ഒരു വർഷക്കാലയളവിനുള്ളിൽ നൽകാനുദ്ദേശിക്കുന്നത്;

(സി) ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി ഏതെല്ലാം വിതരണ ലൈനുകളാണ് കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നത്; ഇതുസംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ രംഗത്ത് മുൻ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് :

1. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം മെച്ചപ്പെടുത്തുക.
3. നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring).

4. സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ.

5. മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bundled Cable) ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക.

6. മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.

(ബി) 2017-18 കാലയളവിൽ മൂന്നുലക്ഷത്തിൽപ്പരം വൈദ്യുതി കണക്ഷനുകൾ നൽകാനുണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

(സി) വിതരണരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18 കാലയളവിൽ 2725 കി.മീ. 11 KV ലൈൻ വലിച്ച് 2508 ട്രാൻസ്ഫോർമർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 1100 -ഓളം കി.മീ. കവചിത കേബിൾ ആണ് ഉപയോഗിക്കുന്നത് (800 കി.മീ. ABC-യും 300 കി.മീ. ഭൂഗർഭ കേബിളും). കൂടാതെ നിലവിലുള്ള 1754 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആയി മാറ്റുകയും 1000 കി.മീ. HT ലൈനും 7500 കി.മീ. LT ലൈനും മെച്ചപ്പെട്ട കമ്പി ഉപയോഗിച്ച് പുനർനിർമ്മിക്കാനും പുതിയ കണക്ഷനുകൾ നൽകുന്നതിനും മറ്റുമായി ഏകദേശം 3000 കി.മീ. LT ലൈനും (430 കി.മീ. ABC കവചിത കേബിൾ ഉൾപ്പെടെ) നിർമ്മിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് (5 വർഷത്തെ ഭരണകാലയളവിൽ) വിതരണ മേഖലയിൽ 2099316 വൈദ്യുത കണക്ഷനുകൾ നൽകുകയും 9989 കി.മീ. 11 കെ.വി. ലൈൻ, 19284 കി.മീ. എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 16348 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 13272 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും 3871999 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം

17 (*646) <u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും ഉപജീവനമാർഗ്ഗവും പ്രദാനം ചെയ്യാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

(സി) പുതിയ പദ്ധതികളുടെ നടത്തിപ്പിനായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ&ഡി) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി ഗ്രാന്റ് നൽകുന്നത് ഉൾപ്പെടെ ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 6 ലക്ഷം രൂപ അനുവദിച്ചുവരുന്നു. (2,40,000 രൂപ ഓഹരി, 3,60,000 രൂപ സബ്സിഡി)

2. ടി സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചുവരുന്നു.

3. സർക്കാർ ഓഹരി മൂലധനമായി പരമാവധി 4 ലക്ഷം രൂപ (ഓഹരിയിനത്തിൽ) അനുവദിച്ചുവരുന്നു.

4. ടി സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റ് ഇനത്തിൽ പരാവധി രണ്ട് ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചുവരുന്നു.

5. ടി സംഘം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് മാനേജീരിയൽ സബ്സിഡിയായി ഒരു സംഘത്തിന് പ്രതിമാസം 5,000 രൂപ നിരക്കിൽ ആദ്യത്തെ രണ്ട് വർഷവും പ്രതിമാസം 3,000 രൂപ നിരക്കിൽ അടുത്ത രണ്ട് വർഷവും; പ്രതിമാസം 1,000 രൂപ നിരക്കിൽ അഞ്ചാം വർഷവും സർക്കാർ അംഗീകരിച്ച് നൽകിയ മാർഗ്ഗനിർദ്ദേശപ്രകാരം മാനേജീരിയൽ സബ്സിഡിയും അനുവദിച്ചുവരുന്നു.

6. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനും പരമാവധി 5 ലക്ഷം രൂപ (ഓഹരി 1,50,000 രൂപ; സബ്സിഡി 3,50,000 രൂപ) അനുവദിച്ചുവരുന്നു.

7. സംഘാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ടിനത്തിലും ടി സംഘങ്ങൾക്ക് പരാവധി 5 ലക്ഷം രൂപ അനുവദിച്ചുവരുന്നുണ്ട്.

ഇതിനുപുറമെ പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപ ഗ്രാന്റും 20 ലക്ഷം രൂപ ഓഹരിയും ഉൾപ്പെടെ 50 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും ഉപജീവനമാർഗ്ഗവും പ്രദാനം ചെയ്യാനുതകുന്ന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

1. എസ്.സി./എസ്.റ്റി. സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം നൽകിവരുന്ന 6 ലക്ഷം രൂപ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 20 ലക്ഷം രൂപയായി (ഓഹരി 5 ലക്ഷം രൂപ; സബ്സിഡി-15 ലക്ഷം രൂപ) വർദ്ധിപ്പിക്കുന്നതിനും; സംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രവർത്തന മൂധന ഗ്രാന്റിനത്തിൽ അനുവദിച്ചുവരുന്ന 2 ലക്ഷം രൂപ എന്നത് 5 ലക്ഷം രൂപയാക്കുന്നതിനും; ജീവനക്കാർക്ക് നിലവിൽ നൽകിവരുന്ന മാനേജീരിയൽ സബ്സിഡിയിൽ മാറ്റംവരുത്തി ആദ്യത്തെ അഞ്ച് വർഷം പ്രതിമാസം 10,000 രൂപ നിരക്കിലും, ടി 5 വർഷക്കാലത്തിനിടയിൽ സംഘം ലാഭകരമാകുന്നപക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000 രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും നൽകുന്നതിന് നിലവിലുള്ള മാർഗ്ഗ നിർദ്ദേശത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

2. അട്ടപ്പാടിയിലെ പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ ഇ.എം.എസ്. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലുമായി ചേർന്ന് സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക, ആരോഗ്യ പ്രവർത്തകരെ/വോളന്റിയർമാരെ എല്ലാ കോളനികളിലുംവിട്ട് ആരോഗ്യ പോഷക ആവശ്യങ്ങളെ

കുറിച്ച് ബോധവാൻമാരാക്കുക, ആംബുലൻസ് സേവനങ്ങൾ ഉറപ്പാക്കുക, ഗർഭിണികൾക്കും കുട്ടികൾക്കും ഭക്ഷണവും ആവശ്യമായ പോഷകാഹാരങ്ങളും നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലാ പട്ടികവർഗ്ഗ വികസന ആഫീസർ, ജില്ലാ പട്ടികജാതി ആഫീസർ, ജോയിന്റ് രജിസ്ട്രാർ എന്നിവർ സംയുക്തമായി ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതാണ്. ഈ പദ്ധതി ആവശ്യാനുസരണം മറ്റ് അവശ്യ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാവുന്നതാണ്.

3. കേരള എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉൽപാദന യൂണിറ്റിന്റെ പേറ്റന്റുകൾ അടങ്ങിയ മരുന്നുകളുടെ ഉൽപാദനത്തിനായുള്ള സഹായ പദ്ധതി.

4. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.റ്റി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻവേണ്ടിയുള്ള സഹായത്തിനുള്ള പദ്ധതി.

(സി) പുതിയ പദ്ധതികളുടെ നടത്തിപ്പിനായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

1. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സബ്സിഡിയിനത്തിൽ 30 ലക്ഷം രൂപയും ഓഹരിയിനത്തിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ 40 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പരിശോധിച്ചുവരുന്നു.

2. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സബ്സിഡിയിനത്തിൽ 30 ലക്ഷം രൂപയും ഓഹരിയിനത്തിൽ 20 ലക്ഷം രൂപയും ഉൾപ്പെടെ 50 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പരിശോധിച്ചുവരുന്നു.

2017-18 വർഷത്തിൽ ടി സംഘങ്ങൾക്ക് നൽകുന്നതിനായി ഓഹരിയിനത്തിൽ 252 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ലോട്ടറി വകുപ്പിന്റെ പ്രവർത്തനം

18 (*647) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) ലോട്ടറികളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ലോട്ടറി മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും ഓരോ ജില്ലയിലെയും പ്രമുഖ ഭാഗ്യക്കുറി ഏജന്റുമാരുടെയും ജില്ലാ/താലൂക്ക് ഭാഗ്യക്കുറി ഓഫീസർമാരുടെയും യോഗങ്ങൾ കാലാകാലങ്ങളിൽ വിളിച്ചുചേർത്ത് വകുപ്പിന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. ഇവരുടെയെല്ലാം അഭിപ്രായങ്ങൾകൂടി മാനിച്ചുകൊണ്ടാണ് സമ്മാനഘടന പരിഷ്കരണം, ടിക്കറ്റ് അച്ചടി, വിതരണം എന്നിവ നിർവ്വഹിച്ചിക്കുന്നത്.

(ബി) നിലവിൽ 30 രൂപ ഭാഗ്യക്കുറികൾ (പൗർണ്ണമി, വിൻവിൻ, അക്ഷയ) 80 ലക്ഷം വീതവും 50 രൂപ ഭാഗ്യക്കുറികൾ (കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി, നിർമ്മൽ) 38 ലക്ഷം വീതവുമാണ് അച്ചടിക്കുന്നത്. ടിക്കറ്റിന്റെ ഡിമാന്റ് അനുസരിച്ചും ഏജന്റുമാരുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും കാലാകാലങ്ങളിൽ ഭാഗ്യക്കുറി സമ്മാനഘടനകൾ പരിഷ്കരിക്കുകയും ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നു.

2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30 രൂപയാക്കി ഏകീകരിച്ചുകൊണ്ട് സമ്മാനഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. അറ്റാദായത്തിൽ നിന്നും 5% കുറവ് വരുത്തി പ്രസ്തുത തുകകൂടി ഉൾപ്പെടുത്തി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിയാണ് പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ പരിഷ്കരിച്ചിരിക്കുന്നത്. സമ്മാനഘനടകൾ ആകർഷണീയമാക്കി പരിഷ്കരിച്ചതു വഴി ലോട്ടറികളുടെ വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ലോട്ടറികളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി ഐ.&പി.ആർ.ഡി, സി-ഡിറ്റ്, കെ.എസ്.എഫ്.ഡി.സി. എന്നിവ മുഖേന പരസ്യചിത്രങ്ങൾ നിർമ്മിച്ച് പ്രമുഖ ടി.വി. ചാനലുകളിലും QUBE/UFO എന്നീ പരസ്യ കമ്പനികൾവഴി ഡിജിറ്റൽ സിനിമ നിർമ്മിച്ച് സിനിമാ തീയേറ്ററുകളിലും പ്രദർശിപ്പിച്ചുവരുന്നു. കൂടാതെ എഫ്.എം. ചാനലുകൾ പ്രമുഖ ദിനപ്പത്രങ്ങൾ എന്നിവ വഴിയും ഭാഗ്യക്കുറികളുടെ പരസ്യപ്രചാരണം നടത്തുന്നുണ്ട്. കൂടാതെ ലോട്ടറി വില്പന വർദ്ധിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന 14 ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ, മൂന്ന് താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ എന്നിവയ്ക്ക് പുറമെ 18 ഭാഗ്യക്കുറി സബ് ഓഫീസുകൾകൂടി ആരംഭിച്ചിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങൾ വഴി സിമന്റ് വില്പന

19 (*648) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾവഴി സിമന്റ് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സിമന്റ് വില കുതിച്ചുയരുന്ന സാഹചര്യത്തിൽ സിമന്റ് വിപണിയിൽ സഹകരണ സ്ഥാപനങ്ങൾ ഇടപെടുന്നതുവഴി സിമന്റിന് എത്ര മാത്രം വില കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സഹകരണ സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുന്ന സിമന്റിന് വിപണി വിലയേക്കാൾ എത്രമാത്രം കുറഞ്ഞ വിലയ്ക്കാണ് വിൽക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ-സി) ഭാവിയിൽ പരിഗണിക്കാവുന്നതാണ്.

## വൈദ്യുതി മേഖലയിലെ സ്വകാര്യവൽക്കരണം ഒഴിവാക്കാൻ നയപരമായ തീരുമാനം

20 (*649) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയെ സ്വകാര്യവത്ക്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ സമ്മർദ്ദങ്ങളെ അതിജീവിച്ച് മേഖലയെ ഒറ്റ സ്ഥാപനമായി പൊതുമേഖലയിൽ നിലനിർത്തുന്നതിനായി എന്തെല്ലാം നയപരമായ തീരുമാനങ്ങളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിന്റെ പൊതു വികസനത്തിന് സഹായകമായരീതിയിൽ വിദ്യുച്ഛക്തി ബോർഡിന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേന്ദ്രസർക്കാർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതികൾ അപ്പാടെ നടപ്പിലാക്കപ്പെടുകയാണെങ്കിൽ വൈദ്യുത മേഖല വിവിധ കമ്പനികളായി വിഭജിക്കപ്പെടുന്നതിനും അതിലൂടെ സ്വകാര്യ കമ്പനികൾ കടന്നുവരുന്നതിനുള്ള സാധ്യത സംജാതമാകും. ആയതിനാൽ പൊതുമേഖല ഉടമസ്ഥത തുടർന്നും ഉറപ്പാക്കുന്നവണ്ണം മാത്രമേ വൈദ്യുത നിയമത്തിൽ ഭേദഗതികൾ അനുവദിക്കാനാകൂ എന്നതാണ് സംസ്ഥാനത്തിന്റെ നയം.

അതേസമയം വൈദ്യുതി മേഖലയുടെ കാര്യക്ഷമത വലിയ തോതിൽ ഉയർത്തിക്കൊണ്ട് മാത്രമേ സ്വകാര്യവൽക്കരണത്തിനുള്ള പ്രചരണങ്ങളെ പ്രതിരോധിക്കാനാകൂ എന്നതിനാൽ ഈ മേഖലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സാമ്പത്തികവും സാങ്കേതികവുമായ പ്രവർത്തനങ്ങളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) പൊതു വികസനത്തിന് സഹായകമായ രീതിയിൽ വിദ്യുച്ഛക്തി ബോർഡിന്റെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി അന്തിമഘട്ടത്തിലാണ്. 1.50 ലക്ഷം ഗുണഭോക്താക്കൾക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

2. വിതരണനഷ്ടം കുറച്ച് ഗുണമേന്മയേറിയ വൈദ്യുതി ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക.

3. നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring).

4. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുക.

5. മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bundled Cable) ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക.

6. മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.

7. കൂടുതൽ back feeding സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ.

8. വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി മെച്ചപ്പെട്ട വോൾട്ടേജിൽ വൈദ്യുതി എത്തിക്കുന്നതിനായി വോൾട്ടേജ് ഇംപ്രൂവ്മെന്റ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

9. പുതിയ എച്ച്.റ്റി. ലൈനുകൾ നിർമ്മിക്കുക.

10. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്ത് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം കുറച്ചു.

11. ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ എടുക്കുന്നതാണ്.

12. കേന്ദ്രസർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച 'ഉദയ് പദ്ധതി'-യിൽ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു.

13. ഹ്രസ്വ- ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾവഴി മതിയായ വിലയിൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ.

14. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി.

15. 21 ടൗണുകളിൽ ഫേസ്-2 ഐ.ടി. പദ്ധതികൾ നടപ്പിൽവരുത്തുന്ന പദ്ധതി.

16. എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കൾക്കായി ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് (എ.എം.ആർ.) സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

17. എനർജി ഓഡിറ്റിംഗും ഔട്ടേജ് മോണിറ്ററിംഗും ലക്ഷ്യമാക്കി സംസ്ഥാനമൊട്ടാകെ എച്ച്.റ്റി. ഫീഡറുകളിലും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും എ.എം.ആർ. മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

18. എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിൽ വരുത്തുന്ന പദ്ധതി.

19. ഗ്രാമീണ മേഖലകളിലുള്ള ഫീഡറുകളുടെ തടസ്സം സംബന്ധിച്ച വിവരങ്ങൾ നാഷണൽ പവർ പോർട്ടലിൽ എത്തിക്കുന്നതിനുള്ള 11 കെ.വി. റൂറൽ ഫീഡർ മോണിറ്ററിംഗ് പദ്ധതി.

20. നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ (NII) ഭാഗമായി ഗവൺമെന്റ് ഓഫീസുകളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾവഴി ബന്ധിപ്പിക്കാനുള്ള പദ്ധതി.

21. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.

22. തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

23. സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

24. താരിഫ് മാറ്റം, ഫേയ്സ് മാറ്റം മുതലായവയ്ക്കുവേണ്ടി ഉപഭോക്താക്കളിൽനിന്നും ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കാനുള്ള സംവിധാനം.

**പരമ്പരാഗത കയർ മേഖലയിലെ നേട്ടങ്ങൾ**

21 (*650) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർത്തൊഴിലാളികളുടെ വരുമാന സ്ഥിരത ഉറപ്പു വരുത്താൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അതിന്റെ ഫലമായി ഈ മേഖലയിൽ കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കുമോ;

(സി) 2016-17 വർഷത്തിൽ പരമ്പരാഗത കയർ മേഖലയ്ക്കുവേണ്ടി എന്ത് തുക ചെലവിട്ടു എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുനഃസംഘടനാ പദ്ധതിയാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. പ്രസ്തുത കയർ ഉപയോഗിച്ച് നിർമ്മിക്കുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ കയർ കോർപ്പറേഷനും ന്യായവില നൽകി സംഭരിക്കും. ഇതിനായി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായിരുന്ന 17 കോടി രൂപ പുതുക്കിയ ബഡ്ജറ്റിൽ 77 കോടി രൂപയായി ഉയർത്തി കയർഫെഡിനും കയർ കോർപ്പറേഷനുമായി അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷവും ആവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം കയർഫെഡുവഴി ഒരുലക്ഷം ക്വിന്റൽ കയറും കയർ കോർപ്പറേഷൻവഴി 100 കോടി രൂപയുടെ ഉല്പന്നങ്ങളും സർക്കാർ സംഭരിച്ചിട്ടുണ്ട്.

(ബി) 2016-17 വർഷത്തിൽ കേരളത്തിലെ 10 കയർ പ്രോജക്ട് ഓഫീസുകളുടെ പരിധിയിൽ 48422 കയർ തൊഴിലാളികൾക്ക് ജോലി ലഭിക്കുകയും കൂലിയായി 23,96,17,228 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വരുമാനം ഉറപ്പിക്കൽ പദ്ധതിയുടെ പരിധിയിൽ വരുന്ന 27956 തൊഴിലാളികൾക്ക് 12,62,36,570 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) 2016-17 വർഷത്തിൽ പരമ്പരാഗത കയർ മേഖലയ്ക്ക് വേണ്ടി 160,69,12,959 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഖാദിമേഖലയുടെ വികസനത്തിനായി പദ്ധതി

22 (*651) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) ഈ രംഗത്ത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഖാദി മേഖലയുടെ പ്രൗഢിയും പാരമ്പര്യവും നിലനിർത്താൻ ഉതകുന്ന വിധത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് ഉൽപ്പാദന വർദ്ധനവിലൂടെ വരുമാനം വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഖാദി ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും ഇതിനായി പ്രദർശന വിൽപ്പന മേളകൾ നടത്താൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) കേരളത്തിൽ ഖാദി മേഖലയുടെ വികസനത്തിനായി ക്രിയാത്മക നടപടികൾ കേരള ഖാദി ഗ്രാമവ്യവസായ ബോർഡുവഴി സർക്കാർ നടപ്പിലാക്കി വരുന്നു. ഖാദി മേഖലയിലെ ആധുനികവൽക്കരണം, കുറഞ്ഞ ശാരീരിക ആയാസം വേണ്ട ചർക്കളും തറികളും സ്ഥാപിക്കൽ, ചർക്കകളുടെയും തറികളുടെയും താരതമ്യേന പരിഷ്കൃത രൂപങ്ങൾ ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയുള്ള ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉല്പാദന ഇൻസെന്റീവ്, ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ മുതലായവ ഏർപ്പെടുത്തൽ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത

ഇടവേളകളിലെ പരിശീലനം, സ്ട്രീറ്റ് വീവിംഗ് ഖാദി ഗ്രാമം പോലുള്ള ബൃഹത് പദ്ധതികൾ, ഖാദി മേഖലയിൽ ക്ലസ്റ്റർ, സ്ഫൂർട്ടി പദ്ധതികൾ, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തി പഴയവസ്തുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിധ്യവൽക്കരണം, മുതലായവ ഖാദി മേഖലയുടെ വികസനത്തിനായുള്ള കർമ്മ പദ്ധതികളായി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ മിനിമം വേതന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി ഓണം, ബക്രീദ്, ക്രിസ്തുമസ് തുടങ്ങിയ ഉത്സവകാലങ്ങളിൽ സംസ്ഥാന വ്യാപകമായി പ്രത്യേക ഖാദി വിപണനമേളകൾ സംഘടിപ്പിക്കുന്നു. കൂടാതെ പുതിയ ഖാദി ഗ്രാമോദ്യോഗ് ഭവനുകൾ (വില്പന കേന്ദ്രങ്ങൾ) ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കേന്ദ്ര വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരടിലെ പ്രധാന നിർദ്ദേശങ്ങൾ**

23 (*652) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയെ സാമൂഹിക ഉടമസ്ഥതയിൽനിന്നും അടർത്തിമാറ്റി വൻകിട കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന കേന്ദ്ര സർക്കാരിന്റെ നയസമീപനങ്ങൾ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്ര വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് വിലയിരുത്തിയിട്ടുണ്ടോ; ഇതിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത നയങ്ങളുടെ ഫലമായി സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി വിതരണ സ്ഥാപനങ്ങൾ ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും ഉടമസ്ഥർ മാത്രമായി ചുരുങ്ങുമോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേന്ദ്ര സർക്കാർ നിലവിലുള്ള വൈദ്യുതി നിയമത്തിൽ ചില ഭേദഗതികൾ വരുത്തുന്നതിന് ഒരു ബിൽ പാർലമെന്റിൽ വച്ചിട്ടുണ്ട്. ആ ഭേദഗതി വൈദ്യുതി ബോർഡിനും, സർക്കാരിനും, പൊതുജനങ്ങൾക്കും ദോഷകരമായിരിക്കും എന്നാണ് വിലയിരുത്തുന്നത്. പ്രത്യേക വിഭാഗമായി സപ്ലേ ലൈസൻസി വരുന്നത് ക്രോസ് സബ്സിഡി ഇല്ലാതാക്കുകയും പാവപ്പെട്ട ഉപഭോക്താക്കളെ സാരമായി ബാധിക്കുകയും ചെയ്യും. കൂടാതെ പൊതുമുതൽ ഉപയോഗിച്ച് നിർമ്മിച്ച വൈദ്യുതി വിതരണ ശൃംഖല സ്വകാര്യ/വൻകിട/ധനിക ലൈസൻസികൾക്ക് നിയന്ത്രണമില്ലാതെ നൽകുന്നതിന് നിർബന്ധിതമാകും.

(ബി) ഉണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വൈദ്യുതി ഭേദഗതിയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വൈദ്യുതി വിതരണ മേഖല വിഭജിച്ച്, ശൃംഖലയുടെ നിർമ്മാണ പരിപാലനച്ചുമതല ഒരു സ്ഥാപനത്തിനും വൈദ്യുതി വാങ്ങൽ-വിൽപ്പന മറ്റൊരു സ്ഥാപനത്തിനും (സപ്ലൈ ലൈസൻസി) ആയി മാറ്റണം.

2. ഒരു പ്രദേശത്ത് ഒന്നിലധികം സപ്ലൈ ലൈസൻസി ഉണ്ടാകാം.

3. ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള സപ്ലേ ലൈസൻസിയിൽനിന്നും വൈദ്യുതി വാങ്ങാം. അത് ഈ രംഗത്ത് മത്സരമുണ്ടാക്കുന്നതിന് വേണ്ടിയാണ്.

4. കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ദേശീയ വൈദ്യുതി പോളിസി, താരിഫ് പോളിസി തുടങ്ങിയവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന കമ്മീഷൻ, സംസ്ഥാന സർക്കാരുകൾ, ഉല്പാദന ലൈസൻസികൾ തുടങ്ങിയവർക്ക് നിർബന്ധമായും ബാധകമാണ്.

5. റിന്യൂവബിൾ എനർജി ഉത്പാദകരിൽനിന്നുള്ള ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നു.

6. വിതരണ ലൈസൻസികളുടെയും, സപ്ലൈ ലൈസൻസികളുടെയും ഇടനിലയിൽ പ്രവർത്തിക്കുന്ന ഒരു ഇൻർ മീഡിയറി കമ്പനിയും വിഭാവന ചെയ്തിട്ടുണ്ട്.

(സി) ബിൽ പ്രകാരം, വൈദ്യുതി വിതരണരംഗം വിഭജിക്കപ്പെടുകയും വിതരണ ശൃംഖലയുടെ ചുമതല വിതരണ ലൈസൻസികൾക്കും, യഥാർത്ഥ ക്രയവിക്രയ ചുമതല സപ്ലൈ ലൈസൻസികൾക്കും ആയിത്തീരുകയും ചെയ്യും. സപ്ലൈ ലൈസൻസികൾക്ക് നിലവിലുള്ള ശൃംഖലയിൽക്കൂടി വൈദ്യുതി കടത്തി വിടുന്നതിനും വിൽക്കുന്നതിനുമുള്ള അവകാശം ലഭിക്കും. ഉപഭോക്താവിന് വൈദ്യുതി എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം സപ്ലൈ ലൈസൻസികൾ ക്കായിരിക്കും. എന്നാൽ ഒരു വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിന് സപ്ലൈ ലൈസൻസി ഇല്ലാതെ വന്നാൽ ഡിസ്ട്രിബ്യൂഷൻ ലൈസൻസി അവർക്ക് സപ്ലൈ നൽകണം.

ടി നയങ്ങളുടെ ഫലമായി സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി വിതരണ സ്ഥാപനങ്ങൾ ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും ഉടമസ്ഥർ മാത്രമായി മാറും. കെ.എസ്.ഇ.ബി. ലിമിറ്റഡിന് സപ്ലൈ ലൈസൻസിയായും പ്രവർത്തിക്കാവുന്നതാണ്. എന്നാൽ മറ്റ് സ്വകാര്യ സപ്ലൈ ലൈസൻസികൾക്കും അതേ മേഖലയിൽ പ്രവർത്തിക്കുന്നതിന് അനുമതിയുണ്ട്.

**ആധുനിക ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതികൾ**

24 (*654) <u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ചെറുകിട വ്യവസായ സംരംഭങ്ങളെ സഹായിക്കാൻ ഒരു അന്തർദേശീയ ഹബ്ബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പുതിയ ചെറുകിട വ്യവസായ സംരംഭകർക്ക് മൂലധന പിന്തുണ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങളൊരുക്കി സംരംഭകരെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, അതുവഴി കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം സർക്കാർ നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും, അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായങ്ങളുടെ നടത്തിപ്പിനായുള്ള ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലത്തിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

(ബി) കേരളത്തിലെ ഫർണിച്ചർ മേഖലയിലുള്ള ചെറുകിട വ്യവസായ സംരംഭങ്ങളെ സഹായിക്കാനായി ഒരു അന്തർദേശീയ ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കാനായുള്ള പദ്ധതികൾക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ കൊരട്ടിയിൽ സ്ഥാപിക്കാനായുള്ള സ്ഥലം കൺസോർഷ്യം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്തിന്റെ പ്രാഥമിക ക്ലിയറൻസിനുള്ള നടപടികൾ നടന്നുവരികയാണ്.

(സി) സംരംഭകത്വ സഹായ പദ്ധതിപ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു (പരമാവധി 20 ലക്ഷം രൂപ). വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു (പരമാവധി 30 ലക്ഷം രൂപ). മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ) അധികസഹായം നൽകി വരുന്നു. ധനസഹായവും അധിക ധനസഹായവും ചേർത്ത് എല്ലാ, സാമൂഹിക വിഭാഗങ്ങളിലുംപെട്ടവർക്ക് (ജനറൽ, വുമൺ, യൂത്ത്, എസ്.സി./എസ്.ടി.) പരമാവധി അനുവദിക്കുന്ന തുക 30 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

## സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിന് തിരുത്തൽ നടപടികൾ

25 (*655) ശ്രീമതി സി. കെ. ആശ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശമുള്ള അംഗത്വം ഏതൊക്കെ ഇനത്തിൽപ്പെട്ട സഹകരണ സംഘങ്ങൾക്കാണ് നല്കിയിട്ടുള്ളത്;

(ബി) സഹകരണ മേഖലയെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി മുൻസർക്കാർ ധാരാളം കടലാസ് സംഘങ്ങൾക്ക് അംഗത്വം നല്കിയതിന്റെ ദൂഷ്യഫലങ്ങൾ വിശദമാക്കുമോ;

(സി) സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം തിരുത്തൽ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശമുള്ള അംഗത്വം പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമാണ് നൽകിയിട്ടുള്ളത്.

(ബി) ഒരു ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും ബാങ്കിംഗ് ഇടപാട് നടത്തുന്ന അർബൻ സഹകരണ ബാങ്കുകളുടെയും സെൻട്രൽ സഹകരണസംഘമായ ജില്ലാ സഹകരണ ബാങ്കിൽ ജില്ലയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട സഹകരണസംഘങ്ങൾക്കും അംഗത്വം നൽകിയതുമുഖേന, പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങൾക്കും അംഗത്വം നൽകിയതുമുഖേന, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതിയിൽ മതിയായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല.

(സി) സഹകരണമേഖലയെ ശാക്തീകരിക്കുന്നതിനായി 14 ജില്ലാ സഹകരണബാങ്കുകളെയും സംസ്ഥാന സഹകരണബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും ജില്ലാ

സഹകരണബാങ്കുകളിലും സംസ്ഥാന സഹകരണബാങ്കിലും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കി കോമൺ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ച് ചർച്ചകൾ നടന്നുവരുന്നു. പ്രാഥമിക കാർഷികവായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

ഉപഭോക്തൃമേഖലയിൽ കൂടുതൽ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. എസ്.സി./എസ്.ടി. ഫെഡറേഷൻ വഴി ആയുർവേദ മരുന്നുകളുടെ വിതരണം-ആയുർധാര ശക്തിപ്പെടുത്തൽ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണം, 1000 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, 5 ലക്ഷം വൃക്ഷത്തൈകൾ നടുന്ന പദ്ധതി, സഹകരണസംഘങ്ങൾവഴി സോളാർ പദ്ധതികളുടെ നടത്തിപ്പിനായി അനെർട്ടുമായി ചേർന്ന് സംയുക്ത പദ്ധതി, സഹകരണ സംഘങ്ങളെ അഴിമതി വിമുക്തമാക്കുക ഇങ്ങനെ നിരവധി പദ്ധതികളാണ് സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ളത്.

**സബ്സിഡി നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ**

26 (*656) ശ്രീമതി. വീണാ ജോർജ്ജ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ വ്യവസായത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കയർ സഹകരണ സംഘങ്ങൾക്കും സ്വയംസഹായ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഡീഫൈബറിംഗ് യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ സ്വകാര്യ വ്യക്തികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) രണ്ടാം കയർ പുനഃസംഘടനാ സ്കീം പ്രകാരമുള്ള മില്ല് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ.ടി.എം. തോമസ് ഐസക്):

(എ) പരമ്പരാഗത കയർ വ്യവസായത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് രണ്ടാം പുനഃസംഘടനാ പദ്ധതി.
2. പരമ്പരാഗത മേഖലയിലെ കയർ, കയർ ഉൽപ്പന്നങ്ങൾ പരിധിയില്ലാതെ സംഭരിക്കുന്നു.
3. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവത്കരണം.
4. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം.
5. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം.

(ബി) കയർ സഹകരണ സംഘങ്ങൾക്ക് 90% സബ്സിഡിയും സ്വയം സഹായ സംഘങ്ങൾക്ക് 75% സബ്സിഡിയും ഡീഫൈബറിംഗ് യന്ത്രങ്ങൾ സർക്കാർ നൽകുന്നതാണ്.

(സി) സ്വകാര്യ വ്യക്തികൾക്ക് 50% സബ്സിഡി നിരക്കിൽ ഡി.എഫ്. മെഷീനുകൾ സർക്കാർ നൽകിവരുന്നു.

(ഡി) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ഡീഫൈബറിംഗ് മില്ല് നെൻമാറ മണ്ഡലത്തിലെ വടവന്നൂരിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഇതിനാവശ്യമായ മെഷീനറി കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി നിർമ്മിച്ച് നൽകിയിട്ടുണ്ട്.

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി**

27 (*657) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ ഉൾക്കൊള്ളുന്ന കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എത്ര കോടി രൂപയുടെ മുതൽമുടക്കാണ് പ്രസ്തുത പദ്ധതിക്കായി വേണ്ടതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി മൊയ്തീൻ):

(എ&ബി) കേരളത്തിലെ വ്യവസായിക വികസനം മുന്നിൽക്കണ്ട് കൊച്ചി-പാലക്കാട് ഹൈടെക്ക് വ്യവസായ ഇടനാഴിയെ ബംഗളൂരു വരെ ബന്ധിപ്പിച്ച് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുക വഴി കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദന വർദ്ധനവും, സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് സർക്കാർ ഈ പദ്ധതി വിഭാവനം ചെയ്തുവരുന്നു. ഇതുസംബന്ധിച്ച പ്രാഥമിക രൂപരേഖ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയതിനുശേഷം മാത്രമേ പദ്ധതിച്ചെലവ് നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

**എനർജി മാനേജ്മെന്റ് രംഗത്ത് പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

28 (*658) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഊർജ്ജ ഓഡിറ്റിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) എല്ലാ വൻകിട ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സർക്കാർ സ്ഥാപനങ്ങളിലും ചെറുകിട സ്ഥാപനങ്ങളിലും എനർജി ഓഡിറ്റിംഗ് നടത്താറുണ്ടോ;

(ഡി) എനർജി മാനേജ്മെന്റ് രംഗത്ത് പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഊർജ്ജസംരക്ഷണം സംബന്ധിച്ച് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം.മണി):

(എ) ഉണ്ട്. ഊർജ്ജ ഓഡിറ്റിംഗിലൂടെ ഊർജ്ജം നഷ്ടപ്പെടുന്ന വഴികൾ കണ്ടെത്തി ഊർജ്ജകാര്യക്ഷമത ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുക വഴി വലിയതോതിൽ ഊർജ്ജം ലാഭിക്കാൻ കഴിയും.

എല്ലാ മേഖലകളിലും ഊർജ്ജ ഓഡിറ്റിന് സാധ്യതയുണ്ട്. ഊർജ്ജ സംരക്ഷണ നിയമത്തിന്റെ പരിധിയിൽവരുന്ന ഊർജ്ജ ഉപഭോക്താക്കൾക്ക് നിശ്ചിത ഇടവേളകളിലൂടെ ഊർജ്ജ ഓഡിറ്റ് നിർബന്ധമാണ്.

പൊതുകെട്ടിടങ്ങൾ, വ്യവസായങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഊർജ്ജ ഓഡിറ്റ് പ്രോത്സാഹിപ്പിച്ച് ഊർജ്ജകാര്യക്ഷമമാക്കുന്നതിന് ഇ.എം.സി. സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകിവരുന്നുണ്ട്.

(ബി) ഉണ്ട്. ഊർജ്ജസംരക്ഷണ നിയമം 2001 പ്രകാരം സംസ്ഥാനത്ത് 9 വൻകിട ഊർജ്ജ ഉപഭോക്താക്കളെ 'ഡെസിഗ്നേറ്റഡ് കൺസ്യൂമർ' ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഊർജ്ജ ഓഡിറ്റ് നിർബന്ധിതമാണ്. ഈ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി Accredited Energy Auditors ആയി 219 സ്ഥാപനങ്ങളെ ഇന്ത്യയിൽ എംപാനൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT/EHT) സ.ഉ.(സാധാ) 2/2011/ഊ.വ. തീയതി 1-1-2011 പ്രകാരം മൂന്നു വർഷത്തിലൊരിക്കൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ പരിധിയിൽവരുന്ന ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റിംഗിനായി എനർജി മാനേജ്മെന്റ് സെന്റർ എംപാനൽ ചെയ്ത ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

(സി) ഉണ്ട്. സർക്കാർ ഓഫീസുകൾ, കെട്ടിടങ്ങൾ, വ്യവസായങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ എനർജി ഓഡിറ്റ് നടത്താറുണ്ട്.

(ഡി) ഊർജ്ജ മാനേജ്മെന്റ് രംഗത്ത് പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ട്. വ്യക്തികൾ, വിദ്യാർത്ഥികൾ, അധ്യാപകർ, സ്ഥാപനങ്ങൾ

എന്നിവർക്ക് ഗവേഷണത്തിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്. പ്രൊപ്പോസലുകൾ വിദഗ്ധ സമിതി വിലയിരുത്തി സാമ്പത്തിക സഹായം അനുവദിക്കും.

(ഇ) ഉണ്ട്. കഴിഞ്ഞ കാലഘട്ടത്തിൽ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ പരസ്യരൂപത്തിൽ നൽകിയിട്ടുണ്ട്. ഇതു കൂടാതെ ആകാശവാണിയിലൂടെ ശ്രോതാക്കളുടെ ഊർജ്ജ സംരക്ഷണ സംബന്ധമായ സംശയങ്ങൾക്ക് ഇ.എം.സി. ഉദ്യോഗസ്ഥർ മറുപടി നൽകുന്ന ഹലോ ആകാശവാണി പരിപാടിയും നടത്തിയിട്ടുണ്ട്. പത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ എന്നിവയിൽ പരസ്യങ്ങൾ നൽകുന്നത്കൂടാതെ അവയുമായി ചേർന്ന് വായനക്കാർക്കായി മത്സരപരിപാടികളും നടത്തിയിട്ടുണ്ട്. ഇത്തരം പരിപാടികൾ ഭാവിയിലും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

**വൈദ്യുതി സംരക്ഷിക്കുന്നതിനായി ബോധവത്കരണ പദ്ധതി**

29 (*659) ശ്രീ. പി. കെ. ശശി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വരൾച്ച വൈദ്യുതി മേഖലയെ സാരമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധന, കടുത്ത ചൂട് തുടങ്ങിയ കാരണങ്ങളാൽ ഉപഭോഗത്തിൽ വലിയ വർദ്ധന ഉണ്ടായ സാഹചര്യത്തിൽ വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി സംരക്ഷിക്കുന്നതിനും വൈദ്യുതിയുടെ ഉപഭോഗത്തിൽ സ്വയംനിയന്ത്രണം ഏർപ്പെടുത്തി ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനും ജനങ്ങളുടെ സഹായസഹകരണം അത്യന്താപേക്ഷിതമായതിനാൽ ഇതു സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്കരണ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം.മണി):

(എ&ബി) ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചതിനാൽ സംസ്ഥാനത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വരൾച്ച വൈദ്യുതി മേഖലയെ സാരമായി ബാധിക്കാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

- കാലവർഷക്കുറവ് മൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാനായി മദ്ധ്യകാല ദീർഘകാലകരാറുകൾ മുഖേന (ഡി.ബി.എഫ്.ഒ.ഒ. പ്രകാരം) 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുക വഴി, ഡാമുകളിൽ വെള്ളം വേനൽക്കാലത്തേക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്.

- ഇതുകൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി താരതമ്യേന കുറഞ്ഞ നിരക്കിൽ കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കാരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാ വാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016 ൽ ലഭിച്ചുതുടങ്ങി.

- ഹ്രസ്വകാല കരാർ അനുസരിച്ച് 1-3-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാവാട്ട് ലഭിക്കുന്നു

- കൂടാതെ മാർച്ച് 2017 മുതൽ മെയ് 2017 അവസാനം വരെ 100 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും 100 മെഗാവാട്ട് രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാർ പ്രകാരം ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

- ഇതുകഴിഞ്ഞുള്ള വൈദ്യുതിക്കമ്മി താരതമ്യേന കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ച് അൺഷെഡ്യൂൾഡ് ഇന്റർചെയിഞ്ച് വഴിയാണ് ഇപ്പോൾ നികത്തി കൊണ്ടിരിക്കുന്നത്. എന്നിരുന്നാലും എല്ലാ വേനൽ കാലത്തെയും പോലെ ഈ വർഷവും വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായുള്ള ആഹ്വാനം ദൃശ്യ - ശ്രവ്യ മാധ്യമങ്ങളിലൂടെ നൽകിവരുന്നു.

ഡെൽപ്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ 2 എൽ.ഇ.ഡി. ബൾബുകൾ വീതം വിതരണം ചെയ്യുന്ന പദ്ധതി നടന്നുവരുന്നു. ഈ പദ്ധതിയിലൂടെ 1.5 കോടി ബൾബുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ ഒരു കോടി ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു.

2016 ഡിസംബർ 14-ന് ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ച് ഊർജ്ജ സംരക്ഷണ സന്ദേശം ഉൾക്കൊള്ളിച്ചുകൊണ്ട് കാസർഗോഡ് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിച്ച സൈക്കിൾ റാലി പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിന് സാധിച്ചു. എല്ലാ ജില്ലകളിലും ഊർജ്ജ സംരക്ഷണ ദിനത്തിൽ മാസ് റാലി സംഘടിപ്പിച്ചു.

ഇതിനുപുറമെ കെ.എസ്.ഇ.ബി.എൽ -ന്റെ വിവിധ ഓഫീസുകളിൽ നിലവിലുള്ള ഫാനുകൾ മാറ്റി കാര്യക്ഷമതയുള്ള 1000 ഫാനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അവസാനഘട്ടത്തിലാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സ്വകാര്യ സ്ഥാപനങ്ങളിലും അവരുടെ അപേക്ഷ അനുസരിച്ച് എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

കൂടാതെ ഇ.എം.സി. മുഖേന വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന പരിപാടികൾ നടത്തിവരുന്നു.

- ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിനായി വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക്ക് നടത്തിവരുന്നു.
- പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.-കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു.
- വിദ്യാലയങ്ങളിലെയും വീടുകളിലെയും വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ സ്മാർട്ട് എനർജി പ്രോഗ്രാം നടത്തിവരുന്നു.

(സി) നാഷണൽ സർവ്വീസ് സ്കീം, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റസിഡൻസ് അസോസിയേഷനുകൾ എന്നിവരുമായി ഒത്തുചേർന്ന് സംസ്ഥാനത്തുടനീളം വിവിധ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കെ.എസ്.ഇ.ബി.എൽ-ന്റെ ഡി.എസ്.എം. സെല്ലിന്റെ നേതൃത്വത്തിൽ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പതിവായി നടത്തിവരുന്നു.

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി വിവിധ പത്ര-ദൃശ്യ-സാമൂഹ്യ മാധ്യമങ്ങൾവഴി ബോധവൽക്കരണത്തിനായുള്ള പ്രചാരണങ്ങൾ സംഘടിപ്പിക്കാറുണ്ട്. പ്രമുഖ ഉത്സവ നഗരികളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ആ പ്രദർശനശാലകളിലൂടെ ഊർജ്ജ

സംരക്ഷണത്തിനായുള്ള ലഘുലേഖകൾ വിതരണം ചെയ്യാറുമുണ്ട്. ദൃശ്യ-മാധ്യമങ്ങൾവഴി അതിപ്രശസ്തരായ സിനിമാ താരങ്ങളെ അണിനിരത്തി ഊർജ്ജ സംരക്ഷണ സന്ദേശം സംപ്രേഷണം ചെയ്തവ ബഹുജന ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിന്റെ അവബോധം സൃഷ്ടിക്കുന്നതിനായി കേരളത്തിന്റെ 140 നിയോജകമണ്ഡലങ്ങളിലും ഊർജ്ജ കിരൺ എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ എനർജി ക്ലിനിക് എന്ന പദ്ധതി പ്രകാരം സ്ത്രീകളായ ക്ലിനിക് വോളണ്ടിയർമാർ ഓരോ പഞ്ചായത്തിലും വീടുകൾ സന്ദർശിക്കുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് വീട്ടുകാരെ ബോധവാൻമാരാക്കുകയും ചെയ്യുന്നു.

പൊതുജന വായനശാലകളുമായി ചേർന്ന് എല്ലാ ജില്ലകളിലും ഊർജ്ജ സംരക്ഷണത്തെകുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നുണ്ട്.

**സ്വദേശ് ദർശൻ പദ്ധതി**

30 (*660) ശ്രീ. മുഹമ്മദ് മുഹസിൻ. പി. :
ശ്രീമതി ഇ.എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ടൂറിസം പദ്ധതിയായ സ്വദേശ് ദർശൻ പദ്ധതിയിൽ ഏതൊക്കെ തീമാറ്റിക് സർക്യൂട്ടുകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) സംസ്ഥാന ടൂറിസം വകുപ്പ് സ്വദേശ് ദർശൻ പദ്ധതിയിലെ സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഏതൊക്കെ പ്രദേശങ്ങളാണ് ഉൾപ്പെടുത്തിയതെന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകം പള്ളി സുരേന്ദ്രൻ):

(എ) "സ്വദേശ് ദർശൻ" പദ്ധതിയിൽ താഴെ പറയുന്ന തീമാറ്റിക് സർക്യൂട്ടുകൾ ഉൾപ്പെടുന്നു.

- ഇക്കോ ടൂറിസം സർക്യൂട്ട്
- റൂറൽ ടൂറിസം സർക്യൂട്ട്
- കോസ്റ്റൽ സർക്യൂട്ട്

- ബുദ്ധിസം സർക്യൂട്ട്
- സ്പിരിച്വൽ ടൂറിസം സർക്യൂട്ട്
- ഹിമാലയ സർക്യൂട്ട്
- ഹെറിറ്റേജ് ടൂറിസം സർക്യൂട്ട്
- നോർത്ത് ഈസ്റ്റേൺ സർക്യൂട്ട്.

(ബി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ "സ്വദേശ് ദർശൻ"പദ്ധതിയിൽ സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം), ശ്രീപത്മനാഭസ്വാമിക്ഷേത്രം-ആറന്മുള -ശബരിമല വികസനം എന്നീ രണ്ട് പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**സാമ്പത്തികനിലമെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ**

1 (5727) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2016-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആളോഹരി കടം എത്ര രൂപയാണ്;

(ബി) ഈ കാലയളവിലെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്ര രൂപയാണ്;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനായി ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 31-3-2016-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആളോഹരി കടം 46,058 രൂപയാണ്.

(ബി) 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 9,656.81 കോടി രൂപയാണ്.

(സി) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിക്കുന്നുണ്ട്.

2017 ജൂലൈ മുതൽ ജി.എസ്.റ്റി. (ചരക്ക് സേവന നികുതി) ഏർപ്പെടുത്തുന്നതോടുകൂടി കേരളത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുപ്രകാരം കൂടുതൽ കൃത്യതയാർന്ന നികുതി പിരിവ് സമ്പ്രദായം നിലവിൽ വരുന്നതുവഴി നികുതി വെട്ടിപ്പുവഴിയുള്ള ചോർച്ച വലിയ തോതിൽ കുറയ്ക്കാനാകുമെന്നും കരുതുന്നു.

ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ നികുതി ചുമത്തുന്നത് ഉപഭോഗം നടക്കുന്ന സ്ഥലത്തായതിനാൽ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് ഗുണകരമാകുകയും നികുതി വരുമാനം വർദ്ധിക്കുകയും ചെയ്യും. കൂടാതെ സർവ്വീസ് ടാക്സിലൂടെയും സംസ്ഥാനത്തിന് അധിക വരുമാനം പ്രതീക്ഷിക്കാം. വാറ്റ് ആംനസ്റ്റി സ്കീം നടപ്പിലാക്കുന്നതിലൂടെ 2017-18-ൽ നല്ലൊരു തുക നികുതി കുടിശ്ശിക ഇനത്തിൽ പ്രതീക്ഷിക്കുന്നുണ്ട്.

നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽനിന്നുള്ള പണ വിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ഇതുവഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേയ്ക്ക് പണമടയ്ക്കുന്നതിന് സൗകര്യ മേർപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പ്, മറ്റ് വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്.

## എ.ടി.എം. ഇടപാടുകൾക്ക് സർവ്വീസ് ചാർജ്

2 (5728) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് ഇടപാടുകാർക്ക് പ്രയാസംകൂടാതെ ഇടപാട് നടത്താൻ സഹായിക്കുന്ന സംവിധാനമായി കൊണ്ടുവന്ന എ.ടി.എം. സംവിധാനം അവരെ പിഴിയാനുള്ള മാർഗ്ഗമായി ബാങ്കുകൾ ദുരുപയോഗം ചെയ്യുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എ.ടി.എം. ഇടപാടുകൾക്ക് സർവ്വീസ് ചാർജ് ഈടാക്കാനുള്ള എസ്.ബി.ഐ.-യുടെ നീക്കത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) നോട്ട് നിരോധനത്തോടെ എസ്.ബി.ഐ.-യുടെ നിഷ്ക്രിയാസ്തി വർദ്ധിച്ചതാണ് സേവന നികുതി നിരക്കുകൾ കൂട്ടാൻ കാരണമെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ സാധാരണക്കാരായ ഇടപാടുകാരെ ബാങ്കുകളുടെ ഇത്തരം ചൂഷണത്തിൽനിന്ന് സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളു മെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എ.ടി.എം. ഇടപാടുകൾക്ക് സർവ്വീസ് ചാർജ് ഈടാക്കാനുള്ള എസ്.ബി.ഐ.-യുടെ നീക്കത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നോട്ട് നിരോധനത്തിനുശേഷം എസ്.ബി.ഐ.-യുടെ നിഷ്ക്രിയ ആസ്തി വർദ്ധിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ബാങ്കിന്റെ നിഷ്ക്രിയ ആസ്തിയിലുണ്ടായ വർദ്ധനവും സർവ്വീസ് ചാർജ് ഉയർത്തുന്നതിന് കാരണമായിട്ടുണ്ടാകാം.

(ഡി) പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ് ബാങ്കും ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവനങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുകിട്ടുന്നതിന് പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## കെ.എസ്.എഫ്.ഇ.-യുടെ എൻ.ആർ.ഐ. ചിട്ടി

3 (5729) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ എൻ.ആർ.ഐ. ചിട്ടിയിൽ ഏകദേശം എത്ര വരിക്കാരെയാണ് ചേർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത്; ഇതുവഴി ഏകദേശം എത്ര തുക സ്വരൂപിക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(ബി) പ്രസ്തുത വരിക്കാരിൽനിന്നും ലഭിക്കുന്ന തുക കിഫ്ബിയിൽ നിക്ഷേപമായി സ്വരൂപിക്കാനാണോ ഉദ്ദേശിക്കുന്നത്; എങ്കിൽ ഈ തുക അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചിട്ടി നടത്തിപ്പിനായോ ചിട്ടിനടത്തിപ്പ് വഴിയോ സ്വരൂപിക്കുന്ന തുക മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിക്കുന്നതിന് നിലവിലെ ചിട്ടി നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ഈ തുക അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയോഗിക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രവാസി ചിട്ടികളിൽ ഏകദേശം ഒരു ലക്ഷം ഇടപാടുകാരെയാണ് ആദ്യ വർഷം ചേർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത്. അടുത്ത ഏതാനും വർഷങ്ങൾകൊണ്ട് 12,000 കോടി രൂപ സമാഹരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ചിട്ടിയിലടയ്ക്കുന്ന പണം ബോണ്ടുകളിൽ നിക്ഷേപിക്കുകയും ഇടപാടുകാർക്ക് നൽകേണ്ട ചിട്ടി പണത്തിനു വേണ്ടതായ തുക കാൾ ഓപ്ഷൻ സംവിധാനത്തിലൂടെ തിരിച്ചെടുക്കുകയും കിഫ്ബിയിൽ മിച്ചം വരുന്ന പണം അടിസ്ഥാന സൗകര്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുമാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) ചിട്ടിവഴി സമാഹരിക്കുന്ന തുക ചെലവഴിക്കുന്നത് സംബന്ധിച്ച് 1982-ൽ കേന്ദ്ര ചിട്ടി നിയമത്തിന്റെ സെക്ഷൻ (14) -ൽ പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ പ്രസക്തഭാഗം അനുബന്ധമായി* ചേർക്കുന്നു.

## കെ.എസ്.എഫ്.ഇ. ചിട്ടി

4 (5730) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ചിട്ടിവഴി സമാഹരിക്കുന്ന തുക ഏതെല്ലാം ട്രസ്റ്റി സെക്യൂരിറ്റികളിലാണ് നിക്ഷേപിക്കുന്നത്;

(ബി) ഈ തുക നിലവിൽ സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കോ ദൈനംദിന ചെലവുകൾക്കോ ഉപയോഗിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഉപയോഗിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കെ.എസ്.എഫ്.ഇ. ചിട്ടിവഴി സമാഹരിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിന് കേന്ദ്ര ചിട്ടി നിയമത്തിൽ എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ചിട്ടിയുടെ ആദ്യ പിരിവ് സെക്യൂരിറ്റിയായി സർക്കാർ ട്രഷറിയിലാണ് നിക്ഷേപിക്കുന്നത്.

(ബി&സി) ട്രഷറിയിൽ നിക്ഷേപിക്കുന്ന തുക നിയമപ്രകാരം വിനിയോഗിക്കുന്നുണ്ട്.

(ഡി) ചിട്ടിവഴി സമാഹരിക്കുന്ന തുക ചെലവഴിക്കുന്നത് സംബന്ധിച്ച് 1982-ലെ കേന്ദ്ര ചിട്ടി നിയമത്തിന്റെ സെക്ഷൻ (14)-ൽ പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർക്കുന്നു.*

## എം.എൽ.എ. ആസ്തി വികസന ഫണ്ട്

5 (5731) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന മാനദണ്ഡങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കാണ് ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ കഴിയുന്നത്; പൊതുകുളങ്ങൾ, ജലസംഭരണികൾ തുടങ്ങിയവ നവീകരിക്കുന്നതിന് ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോ യെന്ന് വ്യക്തമാക്കുമോ;

(സി) ആസ്തി വികസനഫണ്ട് വിനിയോഗിക്കുന്നതിലെ കാല താമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്കുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത് സ.ഉ.(പി) നമ്പർ 332/2012/ധന. തീയതി 11-6-2012 പ്രകാരമാണ്. കാലാനുസൃതമായ മാറ്റങ്ങൾ പ്രസ്തുത ഉത്തരവിൽ വരുത്തിയിട്ടുണ്ട്.

(ബി) സർക്കാർ അധീനതയിൽ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. എന്നിരുന്നാലും സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനും വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി വാഹനം വാങ്ങുന്നതിനും ആസ്തി വികസന ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ എയ്ഡഡ് സ്കൂളുകളിൽ പാചകപ്പുര, ശുചിമുറി എന്നിവയുടെ നിർമ്മാണം, ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി പരമാവധി 10 ലക്ഷം രൂപ വീതം ആസ്തി വികസന ഫണ്ടിൽനിന്നും വിനിയോഗിക്കാൻ അനുമതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയിട്ടുണ്ട്. സർക്കാരിന്റെയോ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങളും ജലസംഭരണികളും നവീകരിക്കുന്നതിന് ആസ്തി വികസന പദ്ധതിയുടെ വ്യവസ്ഥകൾക്ക് വിധേയമായി ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകിവരുന്നുണ്ട്.

(സി) ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി സർക്കുലർ നമ്പർ 67/2015/ധന. തീയതി 22-7-2015 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ആസ്തി വികസന പദ്ധതി നടപ്പാക്കുന്നതിനായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ.(അ) നമ്പർ 41/2017/ധന. തീയതി 25-3-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനായുള്ള ബജറ്റ് വിഹിതം

6 (5732) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി/എസ്.ടി. വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനായി കാസർഗോഡ് ജില്ലയിലെ ത്രിതല പഞ്ചായത്തുകൾക്ക് നൽകുന്ന ബജറ്റ് വിഹിതം ഈ വിഭാഗങ്ങളിലെ ജനസംഖ്യയ്ക്ക് ആനുപാതികമായല്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ എസ്.സി. വിഭാഗത്തിൽനിന്ന് എസ്.ടി. വിഭാഗത്തിലേക്ക് ഒരു സമുദായത്തെ ഉൾപ്പെടുത്തുകവഴി ജനസംഖ്യയിൽ വന്നിട്ടുള്ള വർദ്ധനവിന്റെ അടിസ്ഥാനത്തിലല്ല തുക ബജറ്റിൽ വകയിരുത്തുന്നതെന്ന വർഷങ്ങളായുള്ള പരാതി ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പരിഹരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് പ്രാദേശിക സർക്കാരുകൾക്ക് ധനവിന്യാസം നടത്തുന്നത്. ഏതെങ്കിലും പ്രാദേശിക സർക്കാരുകൾക്ക് ഇക്കാര്യത്തിൽ പരാതിയുണ്ടെങ്കിൽ അക്കാര്യം അടുത്ത സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടാവുന്നതാണ്. കാസർഗോഡ് ജില്ലയിലെ ചോദ്യത്തിലുന്നയിച്ചിരിക്കുന്ന പ്രശ്നം സർക്കാർ പരിശോധിക്കുന്നതാണ്.

## എസ്.ബി.ഐ. ഈടാക്കുന്ന അമിത സർവ്വീസ് ചാർജ്

7 (5733) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂൺ 1-ാം തീയതി മുതൽ എസ്.ബി.ഐ. എല്ലാ ബാങ്കിങ് സേവനങ്ങൾക്കും കനത്ത സർവ്വീസ് ചാർജ് ഈടാക്കും എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ് ബാങ്കും ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവനങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ടനടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചു കിട്ടുന്നതിന് പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## വാഹന ഉപയോഗം

8 (5734) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക ഉപയോഗത്തിനായി വാഹനങ്ങൾ വാടകയ്ക്കെടുക്കാൻ അനുമതി നൽകിയിട്ടുള്ള ഓഫീസുകളിലെ വാഹന ഉപയോഗം ക്രമപ്രകാരമാണോ നടക്കുന്നതെന്ന് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധിക്കാറുണ്ടോ;

(ബി) സർക്കാർ ഖജനാവിൽനിന്ന് കോടിക്കണക്കിന് രൂപ ചോർന്നു പോകുന്ന വാഹനവാടക ക്രമക്കേട് ഇൻസ്പെക്ഷൻ വിഭാഗം പരിശോധിച്ചിട്ടുണ്ടോ;

(സി) ഫുഡ് സേഫ്റ്റി വകുപ്പിന്റെ വാഹന വാടക ഇടപാടുകൾ പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ എന്തെല്ലാമാണ്; ഇല്ലെങ്കിൽ പരിശോധിക്കുമോ ?

<u>ഉത്തരം</u>

(എ) ഔദ്യോഗിക ഉപയോഗത്തിനായി വാഹനങ്ങൾ വാടകയ്ക്കെടുക്കാൻ അനുമതി നൽകിയിട്ടുള്ള ഓഫീസുകളിലെ വാഹന ഉപയോഗം ക്രമപ്രകാരമാണോ നടക്കുന്നതെന്ന് പ്രത്യേകമായി പരിശോധനകളൊന്നും നടത്തിയിട്ടില്ല.

(ബി) പരിശോധനാവേളയിൽ ശ്രദ്ധയിൽപ്പെടുന്ന വാഹന വാടക ക്രമക്കേടുകളിൽ പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കാറുണ്ട്.

(സി) ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിൽ വാഹനം വാടകയ്ക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പണത്തിലാണ്.

കൊല്ലം ഭക്ഷ്യ സുരക്ഷ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയത്തിൽ 2016 ഡിസംബർ മാസം 2-ാം തീയതി പരിശോധന നട<u>ത്തു</u>കയുണ്ടായി. ഓഫീസിന് സ്വന്തമായി വാഹനം അനുവദിച്ചിട്ടില്ല. കെ.എൽ.-02, എ. കെ. 2115 നമ്പരിലുള്ള ടാറ്റാ സുമോ വാഹനമാണ് ഓഫീസ് ആവശ്യങ്ങൾക്കായി വാടകയ്ക്ക് ഉപയോഗിക്കുന്നത്. ശ്രീ. ജയകുമാർ കെ., ജയമന്ദിരം, കന്നിമേൽ, കിളിക്കൊല്ലൂർ പി.ഒ., കൊല്ലം എന്ന വിലാസത്തിലാണ് എഗ്രിമെന്റ് തയ്യാറാക്കിയിരിക്കുന്നത്. 2011 വരെ NRHM-ന്റെ വാഹനമാണ് ഉപയോഗിച്ചുവന്നിരുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ 6-1-2012-ലെ D-3421/11/CFS പ്രകാരം പരമാവധി 20,000 രൂപ ചെലവഴിച്ചുകൊണ്ട് ഓഫീസ് ആവശ്യത്തിനായി വാഹനം ഉപയോഗിക്കാൻ ഉത്തരവായിട്ടുണ്ട്. 2210-06-102-99-34-OC Plan എന്ന ശീർഷകത്തിൽ നിന്നാണ് തുക മാറുന്നത്. 11-9-2012-ലെ ഉത്തരവ് പ്രകാരം ദിവസം 1500 രൂപ പ്രകാരം 7/2012-ൽ വാഹനം ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ 17-9-2012-ലെ D-1985/12 CFS ഉത്തരവ് പ്രകാരം മാസപരിധി 24,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

**കേരള സംസ്ഥാന സംരംഭക വികസന മിഷൻ**

9 (5735) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ കീഴിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുള്ളത്; ഇതുവരെ എത്ര തുക അനുവദിച്ചു; ജില്ലതിരിച്ച് വിശദാംശം നൽകുമോ;

(ബി) കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ പ്രവർത്തനം പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 31-5-2016-ലെ കണക്കുകൾ പ്രകാരം കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ കീഴിൽ 1757 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 3836 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 15179.14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) 2011 മുതൽ 5 വർഷത്തേയ്ക്കാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. പ്രസ്തുത പദ്ധതി 2016 ഡിസംബറിൽ അവസാനിച്ചു. അടുത്ത അഞ്ച് വർഷംകൊണ്ട് 1500 പുതുസംരംഭങ്ങൾ ആരംഭിക്കാനുതകുന്ന 'യുവസംരംഭക വികസന പദ്ധതി'-യുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

**'ഫുഡ് സേഫ്റ്റി വകുപ്പ് ഈടാക്കി ട്രഷറിയിൽ അടച്ച തുകയുടെ വിശദാംശങ്ങൾ'**

10 (5736) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 വർഷങ്ങളിൽ പെറ്റിവെണ്ടേഴ്സിൽനിന്നും ഫുഡ് സേഫ്റ്റി വകുപ്പ് ഫൈൻ ഇനത്തിൽ ഈടാക്കിയ എത്ര തുക ഖജനാവിൽ അടച്ചിട്ടുണ്ട്;

(ബി) കോമ്പൗണ്ടിംഗ് ഇനത്തിൽ ഈ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ട്രഷറിയിൽ അടച്ചിട്ടുണ്ട്;

(സി) പെറ്റിവെണ്ടേഴ്സ് അല്ലാത്തവരിൽനിന്നും ഈ ഇനത്തിൽ ഫൈൻ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) ഫുഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റിന് ഏതു നിയമവ്യവസ്ഥ പ്രകാരമാണ് കോമ്പൗണ്ടിംഗ് നടത്താൻ ചുമതല നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16, 2016-17 വർഷങ്ങളിൽ FSS Act Section (69) -ഉം (49) -ഉം പ്രകാരം ഫുഡ് സേഫ്റ്റി വകുപ്പ് ഫൈൻ ഇനത്തിൽ ഏകദേശം 59,69,000 രൂപ ഖജനാവിൽ അടച്ചിട്ടുണ്ട്.

(ബി) കോമ്പൗണ്ടിംഗ് ഇനത്തിൽ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഏകദേശം 90,09,000/- രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ട്.

(സി) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 -ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ച് മാത്രമേ ഫൈൻ ഈടാക്കുന്നുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2006- ലെ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വകുപ്പ് 69 -ഉം 49 -ഉം പ്രകാരം ഭക്ഷ്യ സുരക്ഷാ കമ്മീഷണർ അധികാരപ്പെടുത്തിയ ഡെസിഗ്നേറ്റഡ് ഓഫീസർമാർക്കാണ് കോമ്പൗണ്ടിംഗ് നടത്താൻ ചുമതല നൽകിയിട്ടുള്ളത്.

**ആസ്തി വികസന ഫണ്ട്**

11 (5737) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം നിയമസഭയിലെ അംഗങ്ങൾ യഥാസമയം നിർദ്ദേശിച്ചതും എന്നാൽ ഭരണാനുമതി ലഭിക്കാത്തതുമായ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഇപ്പോൾ ഭരണാനുമതി ലഭിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് തടസ്സമുണ്ടോ യെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒരു സാമ്പത്തിക വർഷം നിയമസഭാ സാമാജികർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് അതേ സാമ്പത്തിക വർഷംതന്നെ ധനാനുമതിയും ഭരണാനുമതിയും നൽകുന്ന രീതിയിലാണ് ആസ്തി വികസന പദ്ധതിക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ 13-ാം കേരള നിയമസഭയിലെ അംഗങ്ങൾ ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി യഥാസമയം നിർദ്ദേശിച്ചതും ഭരണാനുമതി ലഭിക്കാത്തതുമായ പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷത്തിലും പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. സർക്കുലർ നമ്പർ 33/2016/ധന. തീയതി 12-4-2016 പ്രകാരം 2015-16 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ വർക്കുകളായി പ്രസ്തുത പ്രവൃത്തികളെ പരിഗണിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ ധനാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള പുതുക്കിയ കാലപരിധി 31-3-2017-ൽ അവസാനിച്ചു.

**ആസ്തി വികസന ഫണ്ട്**

12 (5738) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിനുള്ള ശിപാർശകൾ 2016 ഡിസംബർ 31-ന് മുൻപ് നോഡൽ ഓഫീസർക്ക് ലഭ്യമായിട്ടുണ്ടോ;

(ബി) ധനകാര്യ വകുപ്പിന്റെ അഭിപ്രായം നൽകാത്ത എത്ര ശിപാർശകളാണ് ഇപ്പോഴുള്ളത്; കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ;

(സി) സമർപ്പിച്ച ശിപാർശകളിൽ ഇതുവരെയായി ഭരണാനുമതി ലഭ്യമാകാത്ത എത്ര പ്രൊപ്പോസലുകളാണ് ഉള്ളത്; കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ഡി) ആവശ്യമില്ലാത്ത കാലതാമസം ഒഴിവാക്കുന്നതിന് എ.ഡി.എസ്. ഫണ്ട് വിനിയോഗത്തിന് പുതിയ രീതികൾ കൈക്കൊള്ളുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഇ) എം.എൽ.എ. -മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിന് ഇപ്പോഴുള്ള രീതി ശാസ്ത്രീയമല്ലെന്നും കാലഹരണപ്പെട്ട രീതിയാണ് ഇപ്പോഴും പിന്തുടരുന്നതെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നവീനമായ രീതീ അവലംബിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഒരു ശിപാർശയുണ്ട്. (Construction of Kitchen, Toilet for Govt. UP School, Neduncad). പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും 20-5-2017-ന് ലഭിച്ച വിശദമായ എസ്റ്റിമേറ്റ് ധനാനുമതി നൽകുന്നതിനായുള്ള സമർപ്പണത്തിലാണ്.

(സി) 2016-17-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിനായി സമർപ്പിച്ച ശിപാർശകളിൽ ഭരണാനുമതി ലഭ്യമാകാത്ത ഒരു പ്രൊപ്പോസലാണുള്ളത്. (Renovation of Public pond in Padinjare Poonkulam infront of Chamundeshwari Devi Temple). പ്രസ്തുത പ്രവൃത്തി ഭരണാനുമതി ലഭിക്കുന്നതിനായുള്ള സമർപ്പണത്തിലാണ്.

(ഡി&ഇ) സ.ഉ.(അ)നമ്പർ 41/2017/ധന. തീയതി 25-3-2017 പ്രകാരം ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

13 (5739) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കാനുള്ള ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) അവശേഷിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ൽ ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) അവശേഷിക്കുന്ന പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി എസ്റ്റിമേറ്റുകളും അനുബന്ധ രേഖകളും എത്രയുംവേഗം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

14 (5740) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്കും പെൻഷൻകാർക്കുമായി പുതിയതായി ആരംഭിക്കാൻ തീരുമാനിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് അടച്ചുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ കാര്യം ഇതുമായി ബന്ധപ്പെട്ട് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രാരംഭ നടപടിയായി ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിക്കേണ്ടതുണ്ട്. അതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. അതിനുശേഷം മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ആശുപത്രികളെ സംബന്ധിച്ച് തീരുമാനമെടുക്കാനാകൂ.

(ബി) IRDA-യുടെ അംഗീകാരമുള്ള 4 പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾക്ക് മുൻഗണന നൽകിക്കൊണ്ട് നിലവിലുള്ള മറ്റ് 28 ആരോഗ്യ ഇൻഷ്വറൻസ് കമ്പനികളെക്കൂടി ഉൾപ്പെടുത്തി ടെണ്ടർ നടപടിക്രമം പാലിച്ചുകൊണ്ട് പരിഗണിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുംവേണ്ടി നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മറ്റ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ ബന്ധപ്പെടുത്താനാകില്ല.

**കിഫ്ബി**

15 (5741) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷം കിഫ്ബി വഴി ഭരണാനുമതി നൽകിയ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ച കിഫ് ബോർഡിന്റെ ആദ്യ ബോർഡ് യോഗം) 4022.08 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകുകയും 21-3-2017-ൽ കൂടിയ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകുകയും ചെയ്തു. 27-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.* അതാത് പദ്ധതികളുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ സ്ഥലമേറ്റെടുപ്പ് /ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്. 28-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ നടപ്പിലാക്കലിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്.

**മണ്ഡലം ആസ്തിവികസന പദ്ധതി**

16 (5743) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികളുടെ സേവിംഗ്സ് തുക ഉപയോഗപ്പെടുത്തി പുതിയ പ്രവൃത്തികളുടെ നിർവ്വഹണം സാധ്യമാണോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം ഹരിപ്പാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികളുടെ മുൻവർഷത്തെ സേവിംഗ്സ് തുക എത്രയാണ്;

(സി) പ്രസ്തുത തുക ഉപയോഗപ്പെടുത്തി പുതിയ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അനുമതി നൽകുന്നകാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആസ്തി വികസന പദ്ധതിയിൻകീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതുക്കിയ SoR അനുസരിച്ച് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ധനാനുമതിയും ഭരണാനുമതിയും നൽകി വിവിധ വകുപ്പുകൾ മുഖേനയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത്. സർക്കുലർ നമ്പർ 97/2013/ധന. തീയതി 4-12-2013 പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തി പുതിയ പ്രവൃത്തികളുടെ നിർവ്വഹണം അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും ടെണ്ടർ നടപടിക്രമങ്ങളിലെ സ്വാഭാവിക പ്രക്രിയയായതിനാലും നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തികളുടെയും അടങ്കൽ തുകയിൽ ആയത് അനുസരിച്ച് വ്യത്യാസം വരുത്തുന്നത് പ്രായോഗികമല്ലാത്തതിനാലുമാണ് ഇപ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചത്. ആയതുകൊണ്ടുതന്നെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ടെണ്ടർ സേവിംഗ്സ് തുക ധനകാര്യ വകുപ്പിൽ സൂക്ഷിക്കുന്നില്ല.

(സി) പരിഗണനയിലില്ല.

**നികുതി വരുമാനം**

17 (5744) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2016-17 -ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച നികുതി വരുമാനവും നികുതിയേതര വരുമാനവും എത്ര ശതമാനമെന്നും വളർച്ച/പിരിവ് എത്ര ശതമാനമെന്നും കറൻസി പിൻവലിക്കലിന് മുൻപും ശേഷവുമുള്ള കണക്ക് എത്രയെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) കറൻസി പിൻവലിക്കൽമൂലം സംസ്ഥാനത്തിന് സംഭവിച്ച നികുതി/നികുതിയേതര വരുമാനക്കുറവ് എത്രയെന്നും ഇത് നേരിടാൻ എന്തെങ്കിലും കേന്ദ്ര സഹായം ലഭിച്ചുവോ എന്നും ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സഹായം ലഭിക്കാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു-വെന്നും വ്യക്തമാക്കുമോ;

(സി) കറൻസി നിരോധനം നാളിതുവരെ കാർഷിക വ്യവസായ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ മേഖലയെ എത്തരത്തിൽ ബാധിച്ചു- വെന്നും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി സഹകരണ മേഖലയെ സംരക്ഷിക്കാൻ ധനവകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം തനത് നികുതി വരുമാനത്തിൽ 4.81 ശതമാനവും തനത് നികുതിയേതര വരുമാനത്തിൽ 27.19 ശതമാനവും വളർച്ചയാണ് പ്രതീക്ഷിച്ചിരുന്നത്. 2016 ഡിസംബർ 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98 ശതമാനവും നികുതിയേതര ഇനത്തിൽ 16.47 ശതമാനവും വളർച്ച നേടാൻ കഴിഞ്ഞെങ്കിലും നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധികാരണം ഡിസംബർ മാസത്തെ നികുതി വരുമാനത്തിലുള്ള വളർച്ചാനിരക്ക് 2.35 ശതമാനവും നികുതിയേതര ഇനത്തിൽ വളർച്ചാ നിരക്ക് (-)16.67 ശതമാനവുമാണ്.

(ബി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. എന്നിരുന്നാലും നോട്ട് നിരോധനംമൂലം ഓരോ മേഖലയിലുമുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച് അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

(സി) നോട്ട് നിരോധനം കാർഷിക വ്യാവസായിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ മേഖലയെ വൻ പ്രതിസന്ധിയിലേയ്ക്ക് തള്ളിയിടുകയാണ് ചെയ്തിട്ടുള്ളത്. ഈ സർക്കാരിന്റെ അവസരോചിതമായ ഇടപെടലുകൾ ഈ മേഖലയിലെ പ്രതിസന്ധികളെ തരണം ചെയ്യുവാൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാര മുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം

ഉണ്ടാക്കി. കോർ-ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടും കൂടി നടപ്പുവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരന്റി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

**ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്**

18 (5745) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാണ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബാക്കി ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് എ.ടി.എം. വഴി പണം പിൻവലിക്കാൻ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണു സംവിധാനമുള്ളതെന്നും ഇല്ലെങ്കിൽ ഈ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ സ്പാർക്ക് മുഖേന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്ന ഗസറ്റഡ്, നോൺ ഗസറ്റഡ് വിഭാഗങ്ങളിലെ എല്ലാ ജീവനക്കാർക്കും അവരുടെ താത്പര്യപ്രകാരം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി കൈപ്പറ്റാവുന്നതാണ്. 3-2-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 658/10/ഫിൻ പ്രകാരം എല്ലാ സെൽഫ് ഡ്രോയിംഗ് ഓഫീസർമാരുടെയും ശമ്പളവും ആനുകൂല്യങ്ങളും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാക്കിയിരുന്നു. 22-4-2017-ലെ 53/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് നോൺ ഗസറ്റഡ് വിഭാഗം ജീവനക്കാർക്കും അവർക്ക് താത്പര്യമുള്ളപക്ഷം ടി.എസ്.ബി. അക്കൗണ്ട് വഴി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റാവുന്നതാണ്.

(ബി) ട്രഷറി അക്കൗണ്ട് മുഖേന ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന ബോർഡ്, കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ ജീവനക്കാർക്ക് അവരുടെ താത്പര്യപ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് എ.ടി.എം. വഴി പണം പിൻവലിക്കാനുള്ള സംവിധാനം നിലവിലില്ല. 14-12-2012-ലെ G.O.(Rt) No. 10460/12/Fin പ്രകാരം സംസ്ഥാനത്തെ 4 ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനംവഴി നടപ്പിലാക്കുന്ന Stand alone ATM-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ലെന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.-ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്.

**കരാർ ജോലികളിൽ നിയമിക്കപ്പെട്ടവർക്ക് ആർജ്ജിതാവധി**

19 (5746) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കരാർ ജോലികളിൽ നിയമിക്കപ്പെട്ടവർക്ക് ആർജ്ജിതാവധി നൽകുന്ന സംവിധാനം നിലവിലുണ്ടോ;

(ബി) കരാർ കാലാവധി തീരുമ്പോൾ പ്രസ്തുത അവധി സറണ്ടർ ചെയ്യാൻ അവർക്ക് അർഹതയുണ്ടോ;

(സി) സ്വമേധയാ ഇടയ്ക്കുവച്ച് കരാർ അവസാനിപ്പിച്ചവർക്കും ലീവ് ആനുകൂല്യം ലഭിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കരാർ അടിസ്ഥാനത്തിലുള്ള നിയമന ഉത്തരവിലോ കരാറിലോ അവധി ചട്ടങ്ങൾ കെ.എസ്.ആർ. പ്രകാരമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ, കരാർ ജോലികളിൽ നിയമിക്കപ്പെട്ടവർക്ക് കെ.എസ്.ആർ., ഭാഗം- I, അനുബന്ധം VIII പ്രകാരം 11 ദിവസത്തെ ഡ്യൂട്ടിക്ക് ഒരു ദിവസം എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 ആർജ്ജിതാവധി അനുവദനീയമാണ്.

(ബി) കെ.എസ്.ആർ., ഭാഗം- I, അനുബന്ധം VIII-ലേയും കാലാകാലങ്ങളിൽ സറണ്ടർ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെയും നിബന്ധനകൾക്ക് വിധേയമായി ക്രെഡിറ്റിൽ അവധി ഉള്ളപക്ഷം സറണ്ടർ ചെയ്യാവുന്നതാണ്.

(സി) സർവ്വീസിൽനിന്ന് വിട്ടുപോകുകയോ രാജിവയ്ക്കുകയോ ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് സറണ്ടർ ആനുകൂല്യം അനുവദനീയമല്ലെന്ന് 1-1-2003 ലെ സർക്കുലർ നമ്പർ 04/2003/ധന-ൽ (അനുബന്ധം -I*) വ്യക്തമാക്കിയിട്ടുണ്ട്. സ്വമേധയാ ഇടയ്ക്കുവച്ച് കരാർ അവസാനിപ്പിച്ചവർക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാകുന്നതല്ല.

(ഡി) കെ.എസ്.ആർ.-ലെ പ്രസക്ത ഭാഗം, 20-10-1970 സ.ഉ.(പി) നമ്പർ 740/70/ധന, 26-4-1971 സ.ഉ. (പി) നമ്പർ 181/71/ധന, 30-1-2006 സ.ഉ.(പി) നമ്പർ 47/2006/ധന. എന്നീ ഉത്തരവുകളുടെ പകർപ്പ് (അനുബന്ധം- II) ഉള്ളടക്കം ചെയ്യുന്നു.*

**നികുതി വരുമാനത്തിലുണ്ടായ കുറവ്**

20 (5747) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തനത് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻ വർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്;

(ബി) നികുതി വരുമാനത്തിലുണ്ടായ ഈ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) തനത് നികുതി വരുമാനത്തിലുണ്ടായ ഇടിവും മോട്ടോർവാഹന നികുതി, പെട്രോളിയം സെസ് എന്നിവയുടെ വിഹിതം കിഫ്ബിയിലേയ്ക്കു മുതൽക്കൂട്ടുന്നതും സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിന് എന്തെല്ലാം പരിഹാരങ്ങളാണ് ആലോചിക്കുന്നത്?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തനത് നികുതി വരുമാനത്തിൽ കുറവ് വന്നിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31-വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 8.98% വളർച്ച നേടാൻ കഴിഞ്ഞിട്ടുണ്ട്.

(സി) മോട്ടോർവാഹന നികുതി, പെട്രോളിയം സെസ് എന്നിവയുടെ വിഹിതം കിഫ്ബിയിലേയ്ക്ക് മുതൽക്കൂട്ടുന്നത് സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്കരണം

21 (5748) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച കോളേജ് അദ്ധ്യാപകരുടെ 2014 മുതലുള്ള പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ലഭിച്ച നിവേദനങ്ങൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2014 മുതലുള്ള സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിച്ചിട്ടുണ്ടോ; ഇതിന് സമാനമായി കോളേജ് അദ്ധ്യാപകരുടെയും പെൻഷൻ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്കരിക്കണമെന്ന നിവേദനങ്ങളിൽ അനുകൂല തീരുമാനമെടുക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിരമിച്ച കോളേജ് അദ്ധ്യാപകരുടെ 2014 മുതലുള്ള പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ലഭിച്ച നിവേദനങ്ങൾ പരിഗണനയിലുണ്ട്.

(ബി) 2014 മുതലുള്ള സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിച്ചിട്ടുണ്ട്. കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം നടത്തിയതിന് ശേഷം പെൻഷൻ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം നടത്തിയതിനുശേഷം മാത്രമേ വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## കാരുണ്യ ബെനവലന്റ് ഫണ്ട്

22 (5749) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് വഴി നിലവിൽ ഒരു റേഷൻ കാർഡിൽ പരമാവധി എത്ര തുകയാണ് അനുവദിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഒരു കുടുംബത്തിലെ ഒന്നിലേറെ പേർക്ക് മാരക അസുഖങ്ങൾ പിടിപെടുന്ന സാഹചര്യത്തിൽ പാവപ്പെട്ടവർക്ക് ഇത് ബുദ്ധിമുട്ടായിരിക്കുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി മുഖേന ഒരേ റേഷൻ കാർഡിൽ ഉൾപ്പെടുന്ന ഒരാൾക്കോ ഒന്നിലധികം പേർക്കോ, ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയയ്ക്കും ക്യാൻസർ, ശ്വാസകോശരോഗം എന്നിവയ്ക്കുള്ള ചികിത്സയ്ക്കും നട്ടെല്ല്, സുഷുമ്നാനാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾക്കും പരമാവധി രണ്ട് ലക്ഷം രൂപ ധനസഹായം ലഭിക്കും. വൃക്ക രോഗികൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപ ചികിത്സാ ധനസഹായം ലഭിക്കും. ഹീമോഫീലിയ രോഗത്തിന് തുക പരിധി ഇല്ലാതെ മരുന്ന് വിതരണം ചെയ്തുവരുന്നു.

(ബി) ഉണ്ട്. സർക്കാരിന്റെ പരിഗണനയിലുള്ള സമഗ്ര ചികിത്സാ സഹായ പദ്ധതി നടപ്പിലാകുന്നതോടെ ഈ ബുദ്ധിമുട്ട് പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഓഡിറ്റ് കമ്മീഷൻ**

23 (5750) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഡിറ്റ് കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി മാത്രമാണോ രൂപീകരിക്കുന്നത്;

(ബി) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്യുന്ന സർവ്വകലാശാലകൾ, ക്ഷേമനിധികൾ, അനാഥാലയങ്ങൾ, ദേവസ്വംബോർഡുകൾ, തുടങ്ങിയവ പുതിയ ഓഡിറ്റ് കമ്മീഷന്റെ പരിധിയിൽ വരുമോ;

(സി) ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുമ്പോൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് നിലനിർത്തുമോ; ഓഡിറ്റ് കമ്മീഷന്റെ ഘടന സംബന്ധിച്ച് വ്യക്തമായ നിർദ്ദേശമുണ്ടോ;

(ഡി) ഓഡിറ്റ് കമ്മീഷൻ നിലവിൽ വരുമ്പോൾ സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ജീവനക്കാർക്കുള്ള ജോലി സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ ഓഡിറ്റ് കമ്മീഷന് രൂപം നൽകുമെന്ന് ബജറ്റ് പ്രസംഗം ഖണ്ഡിക 56 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട തുടർനടപടികൾ പരിശോധിച്ചുവരുന്നു.

**പ്രവാസി മലയാളികളിൽനിന്നുള്ള നിക്ഷേപം**

24 (5751) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തിൽ പ്രവാസി മലയാളികളിൽനിന്നും എത്ര രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടായിട്ടുണ്ടെന്ന കണക്കാക്കിയോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാനതല ബാങ്കേഴ്സ് സമിതിയിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ ഡിസംബർ 31-വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിലെ എൻ.ആർ.ഐ. ഡെപ്പോസിറ്റ് 12,465 കോടി രൂപയാണ്. പ്രവാസി മലയാളികളുടെ നിക്ഷേപത്തിന്റെ വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല.

**ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലി**

25 (5752) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലി സംബന്ധിച്ച എത്ര പരാതികൾ ധനകാര്യ വകുപ്പിൽ നിലവിൽ പരിശോധനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പത്താം ശമ്പള പരിഷ്കരണവും നടപ്പിലാക്കിയത് കണക്കിലെടുത്ത് മേൽ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പരാതികൾ എത്ര സമയപരിധിക്കുള്ളിൽ പരിഹരിക്കണമെന്ന നിർദ്ദേശമാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലി സംബന്ധിച്ച് 85 പരാതികൾ നിലവിൽ പരിശോധിക്കുന്നുണ്ട്.

(ബി&സി) മേൽ പരാതികൾ പരിശോധിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായി പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ കാലതാമസംകൂടാതെ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

**വാർഷിക പദ്ധതി**

26 (5753) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ ആകെ തുക എത്രയെന്നും കേന്ദ്ര സർക്കാരിന്റെ കറൻസി പിൻവലിക്കലും തുടർനടപടികളും സംസ്ഥാന ട്രഷറികളുടേയും സർക്കാർ അധീനതയിലുള്ള ധനകാര്യസ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളെ ബാധിച്ചതുമൂലം പ്രസ്തുത തുക ചെലവാക്കുന്നതിൽ നേരിട്ട പ്രശ്നങ്ങൾ എന്തെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാന വരുമാനത്തിന്റെ ഭാഗമായ കേന്ദ്ര സർക്കാർ വിഹിതം എത്രയെന്നും അതിൽ എത്ര ലഭിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോഴുള്ള പൊതുകടം എത്ര എന്നും ശേഷം വന്ന യു.ഡി.എഫ്. സർക്കാരിന്റെ കടബാധ്യത എത്രയെന്നും മുൻകട ബാധ്യത തീർക്കാനായി കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എന്ത് നടപടികൾ സ്വീകരിച്ച എന്നും എത്ര പൊതുകടബാധ്യത തീർക്കുകയുണ്ടായി എന്നും വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിനായി ആകെ 30,570.17 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ 2016 നവംബർ 8-ന് 500, 1,000 രൂപ നോട്ടുകൾ അസാധുവാക്കാൻ തീരുമാനിച്ചതിന്റെ ഫലമായി കേരള സമ്പദ്ഘടനയ്ക്ക് സംഭവിച്ച പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് കേരള സംസ്ഥാന ആസൂത്രണ ബോർഡ് 2016 നവംബർ 23-ന് ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. നോട്ട് നിരോധനം സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകൾക്കുണ്ടാക്കിയ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് ഒരു ഇടക്കാല റിപ്പോർട്ടും 2017 ഫെബ്രുവരിയിൽ അന്തിമ റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2011-12 മുതൽ 2014-15 വരെയുള്ള വാർഷിക മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് 14.9 ശതമാനം ആയിരുന്നു. എന്നാൽ നോട്ട് റദ്ദാക്കലിനുശേഷം കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് 14.9 ശതമാനത്തെക്കാളും വളരെ കുറവാകാനാണ് സാധ്യതയെന്ന് പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

കേരള സമ്പദ്‌വ്യവസ്ഥയുടെ ചില സവിശേഷതകൾ നോട്ട് റദ്ദാക്കലിന്റെ ഫലമായി കൂടുതൽ പ്രത്യാഘാതങ്ങൾക്കിടയാക്കി. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ

മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളും കറൻസി വിനിമയത്തിൽ അധിഷ്ഠിതമായതിനാൽ ഇവയിൽനിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതലാവശ്യമായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ്‌വ്യവസ്ഥയുടെ 40 ശതമാനത്തിന് മുകളിൽ വരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാകട്ടെ 16 ശതമാനവും. അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം നേരിടുകയാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖല ഈ നയംമാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റുകൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേക്കാം. ഉയർന്ന വളർച്ച പ്രകടമാക്കിയ വ്യാപാര/ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ 8-ന് ശേഷം റിസർവ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ 14-ലെ സഹകരണ ബാങ്കുകളെയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽനിന്ന് വിലക്കിക്കൊണ്ടുള്ള ഉത്തരവ് കേരളത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനാൽ അവയുടെ പ്രവർത്തനത്തെയും തദ്വാരാ സംസ്ഥാനത്തിലെ മൊത്തം ധനകാര്യ ഇടപാടുകളെയും അവതാളത്തിലാക്കി. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിന് പുറമെ ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കും. തൻമൂലം ഇത് സംസ്ഥാനങ്ങളിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി സമാഹരണത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്. ചുരുക്കത്തിൽ നോട്ട് റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രൂക്ഷമായി ബാധിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ നോട്ട് റദ്ദാക്കലിന് ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി.

(ബി) 2016-17 കാലയളവിലെ സംസ്ഥാന വരുമാനത്തിന്റെ ഭാഗമായ കേന്ദ്ര സർക്കാർ വിഹിതം ചുവടെ ചേർക്കുന്നു. (31-12-2016-ലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം)

(തുക കോടിയിൽ)

| നമ്പർ | ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് | ലഭിച്ച തുക |
|---|---|---|---|
| 1 | കേന്ദ്ര നികുതി വിഹിതം | 14,282 | 9,567.59 |
| 2 | ഗ്രാന്റ്-ഇൻ-എയ്ഡ് | 11,361.72 | 5,347.70 |
| | ആകെ | 25,643.72 | 14,915.29 |

(സി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം (31-3-2011-ലെ കണക്കുകൾ അടിസ്ഥാനമാക്കി) 78673.24 കോടി രൂപയും അതിനുശേഷം വന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ (31-3-2016-ലെ കണക്കുകൾ അടിസ്ഥാനമാക്കി) ഇത് 1,57,370.33 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഓരോ വർഷവും തിരിച്ചടയ്ക്കേണ്ട കടം തിരിച്ചടവ് തീയതികളിൽതന്നെ സർക്കാർ അടയ്ക്കേണ്ടതാണ്. തിരിച്ചടവിനുശേഷമുള്ള പണമാണ് വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്.

**ഗ്രേഡിന് തുല്യമായ നോൺ കേഡർ പ്രൊമോഷൻ തസ്തിക നാമം**

27 (5754) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ പ്രൊമോഷൻ ലഭിക്കാത്ത ജീവനക്കാർക്ക് ലഭിക്കുന്ന ഗ്രേഡിന് തുല്യമായ നോൺ കേഡർ പ്രൊമോഷൻ തസ്തികക്കു നാമം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത നടപടിയിലൂടെ അധിക സാമ്പത്തിക ബാധ്യത വരുന്നില്ലെന്ന വസ്തുത കണക്കിലെടുത്ത് ടി വിഷയം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(സി) ഇത് നടപ്പിലാക്കുന്നതുമൂലം ജീവനക്കാരുടെ ആത്മവിശ്വാസവും ജോലിയോടുള്ള ആത്മാർത്ഥതയും വർദ്ധിക്കുമെന്നതുകൂടി ഇക്കാര്യത്തിൽ പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) പരിഗണനയിലില്ല.

(സി) ഭരണപരമായ അസൗകര്യം ഉണ്ടായതുമൂലമാണ് ഇത് നിർത്തലാക്കിയത്.

**കോതമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ**

28 (5755) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർവ്വഹണം ഏതെല്ലാം ഏജൻസികളെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുമാണ് നിലവിൽ കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതികൾ ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 2016-17 പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം (എ) ആയി ചേർക്കുന്നു.* ഈ പദ്ധതികളിൽ 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം അംഗീകരിച്ച 4,022.08 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികളുടെ ലിസ്റ്റും 21-3-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 28-ാമത് ബോർഡ് യോഗം വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ച 8,041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികളുടെ ലിസ്റ്റും അനുബന്ധം (ബി)(സി) ആയി ചേർക്കുന്നു*. 27-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ പട്ടിക അനുബന്ധം (ഡി) ആയി ചേർക്കുന്നു.*

**തലശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ**

29 (5756) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ തുടങ്ങിയോ; എങ്കിൽ ആയതു സംബന്ധിച്ച് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേയ്ക്കായി നിയോജകമണ്ഡലം-ആസ്തി വികസന പദ്ധതിയുടെ കീഴിൽ (LAC-ADS) 5 കോടി രൂപയും നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന നിധിയുടെ കീഴിൽ 1 കോടി രൂപയും 2017-18-ലെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിനായി വകയിരുത്തിയിട്ടുണ്ട്. മറ്റ് പ്രവൃത്തികളെ ക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ കിഫ്ബി (KIIFB) മുഖാന്തരം നടപ്പിലാക്കുന്ന പ്രത്യേക നിക്ഷേപ പദ്ധതിയുടെ കീഴിൽ തലശ്ശേരി കോർട്ട് കോംപ്ലക്സ്, ചമ്പാട്-കോപ്പാലം തലശ്ശേരി റോഡ് എന്നീ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സംബന്ധിച്ച് തലശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് ശിപാർശകൾ ഒന്നും ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. പ്രത്യേക വികസനനിധി പ്രകാരമുള്ള പ്രവൃത്തികളിൽ ബന്ധപ്പെട്ട കളക്ടറേറ്റുകളിൽ നിന്നുമാണ് തുടർനടപടികൾ സ്വീകരിക്കുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മറ്റ് പ്രവൃത്തികൾ നിർവ്വഹണത്തിന്റെ പ്രാരംഭഘട്ടങ്ങളിലാണ്.

**ദേവികുളം നിയോജകമണ്ഡലത്തിൽ കാരുണ്യ ചികിത്സാ സഹായ നിധിയിൽനിന്നും അനുവദിച്ചിട്ടുള്ള തുക**

30 (5757) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാരുണ്യ ചികിത്സാ സഹായനിധിയിൽ നിന്നും ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് ഏതൊക്കെ പഞ്ചായത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സഹായനിധി ലഭിച്ചവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നിയോജകമണ്ഡലം, പഞ്ചായത്ത് എന്നിവ തിരിച്ചുള്ള കണക്കുകൾ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ്വെയറിൽ നിലവിൽ ഇല്ലാത്തതിനാൽ ടി വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ല.

**ഭരണാനുമതി**

31 (5758) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) 2016-17, 2017-18 വർഷങ്ങളിൽ ഓരോ വകുപ്പുകളിലും ഓരോ വിഭാഗത്തിലും എത്ര കോടി രൂപയുടെ വീതം ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഇതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് ടെൻഡർ വിളിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**പെൻഷൻ ഇനത്തിൽ ഉണ്ടായ ചെലവ്**

32 (5759) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിൽ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ ഇനത്തിൽ ഉണ്ടായ ചെലവ് വാർഷികക്രമത്തിൽ അറിയിക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം പ്രസ്തുത വർഷങ്ങളിൽ പെൻഷൻ ഫണ്ടിൽ നിക്ഷേപിച്ച തുക വാർഷിക ക്രമത്തിൽ അറിയിക്കാമോ;

(സി) 2013-14 മുതൽ 2016-17 വരെ സർക്കാരിന്റെ പെൻഷൻ ചെലവിൽ ഓരോ വർഷവും എന്ത് തുക കുറവ് വന്നിട്ടുണ്ട് എന്നതുസംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) പെൻഷൻ ഇനത്തിൽ ഉണ്ടായ ചെലവ് (തുക ലക്ഷത്തിൽ)

2013-14 – 9,78,979.49

2014-15 - 11,03,951.33

2015-16 - 12,74,788.95

2016-17 - 10,77,901(ഡിസംബർ 2016 വരെയുള്ള കണക്ക് പ്രകാരം)

(ബി) സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക്

2013-14 – 0.02 കോടി രൂപ

2014-15 - 43.92 കോടി രൂപ

2015-16 - 136.12 കോടി രൂപ

2016-17 - 295.21 കോടി രൂപ

(സി) 2013-14 മുതൽ 2016-17 വരെ സർക്കാരിന്റെ പെൻഷൻ ചെലവിൽ ഓരോ വർഷവും വർദ്ധനവാണ് സംഭവിച്ചിരിക്കുന്നത്.

**താമരക്കുളം - വേട്ടമുക്ക് റോഡ് പ്രവൃത്തി**

33 (5760) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച താമരക്കുളം- വേട്ടമുക്ക് റോഡിന് കിഫ്ബിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നു വ്യക്തമാക്കുമോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത റോഡ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച അതേ നിലയിൽ താമരക്കുളം മുതൽ വേട്ടമുക്ക് വരെ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2016-17 -ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 136-ൽ പ്രഖ്യാപിച്ച വേട്ടമുക്ക്-തേവലക്കര-മൈനാഗപ്പള്ളി-ശാസ്താംകോട്ട-മാനാമ്പള്ളി-കാഞ്ഞിരത്തുമൂട് - താമരക്കുളം റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട പദ്ധതി 1-3-2017-നാണ് കിഫ്ബി വെബ്സൈറ്റുവഴി ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നത്. ടി പദ്ധതിയുടെ റിപ്പോർട്ട് വിശദമായ പരിശോധനയ്ക്കുശേഷം 23-3-2017-ലെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ 28-ാമത് ജനറൽ ബോഡി യോഗത്തിൽ പരിഗണിക്കുകയും ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന് നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്കും പദ്ധതി നടപ്പിലാക്കുന്ന എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിനും നൽകിയിരുന്നു. ടി നിർദ്ദേശങ്ങൾക്കുള്ള മറുപടി 12-5-2017-ന് കിഫ്ബിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

(ബി) "137 Roads" എന്ന മുഖ്യ പദ്ധതിക്ക് കീഴിൽ വരുന്ന പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 64 കോടി രൂപയാണ്. ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതി അടങ്കൽ 50 കോടി രൂപയായിരുന്നെങ്കിലും പി.ഡബ്ല്യു.ഡി. സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് 103.89 കോടി രൂപയുടെ അടങ്കൽ തുകയാണ് സൂചിപ്പിച്ചത്. ഈ റിപ്പോർട്ട് പഠിച്ച് ആവശ്യമായ ഭേദഗതികൾ കിഫ്ബി നിർദ്ദേശിച്ച പ്രകാരം ടി വകുപ്പ് അടങ്കൽ തുക 64.48 കോടി രൂപയായി പരിമിതപ്പെടുത്തുകയായിരുന്നു. എസ്റ്റിമേറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ടി പദ്ധതിയുടെ റിപ്പോർട്ട് പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകളും സാങ്കേതിക വിവരങ്ങളുടെ അഭാവവും പരിഹരിക്കാൻ ശ്രമിച്ചുകൊണ്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള മറുപടികൾ പരിശോധിച്ചുവരികയാണ്. ഇവ തൃപ്തികരവും പരിഗണനായോഗ്യവുമാകുന്ന മുറയ്ക്ക് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന് അനുസൃതമായി താമരക്കുളം മുതൽ വേട്ടമുക്ക് വരെയുള്ള റോഡ് നവീകരണ പദ്ധതി നിർവ്വഹണത്തിനായി പദ്ധതി നിർദ്ദേശം കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതും അംഗീകാരം ലഭിക്കുന്നപക്ഷം പ്രസ്തുത പദ്ധതിക്കായി കിഫ്ബി ധനസഹായം നൽകുന്നതുമാണ്.

**നിലവിലുള്ള വാണിജ്യ ചെക്ക് പോസ്റ്റുകളുടെ അവസ്ഥ**

34 (5761) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നിയമം നടപ്പാക്കുമ്പോൾ നിലവിലുള്ള വാണിജ്യ ചെക്ക് പോസ്റ്റുകളുടെ അവസ്ഥ എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നിയമം നടപ്പാക്കിയാലും വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ തുടരുന്ന കാര്യം പരിഗണനയിലുണ്ടോ; വിവരിക്കുമോ;

(സി) ജി.എസ്.ടി. നിയമം നടപ്പാക്കുന്നതിന് മുന്നോടിയായി ഉദ്യോഗസ്ഥന്മാരുടെ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ&ബി) ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനമനുസരിച്ച് കേന്ദ്രസർക്കാർ പാസ്സാക്കിയ സി.ജി.എസ്.ടി. നിയമത്തിലും ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ച കരട് എസ്.ജി.എസ്.ടി. നിയമത്തിലും ചെക്ക് പോസ്റ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംബന്ധിച്ച വ്യവസ്ഥകൾ പരാമർശിക്കുന്നില്ല. ജി.എസ്.ടി. നടപ്പിലാകുന്ന മാറിയ സാഹചര്യത്തിൽ ചെക്ക്പോസ്റ്റുകളുടെ സ്ഥിതി എന്താകണമെന്നത് ആലോചിച്ച് വരുന്നു.

(സി) ചരക്ക് സേവന നികുതി നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി വാണിജ്യ നികുതി വകുപ്പിലെ 1517 ഉദ്യോഗസ്ഥർക്ക് ജി.എസ്.ടി. നിയമത്തെപ്പറ്റിയുള്ള പരിശീലനം ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു. അവശേഷിക്കുന്നവർക്കുള്ള പരിശീലനം ജില്ലാകേന്ദ്രങ്ങളിൽ നടന്നുവരുന്നു. കൂടാതെ വകുപ്പിലെ അൻപത് ജീവനക്കാർക്ക് ജി.എസ്.ടി.-യുടെ സാങ്കേതിക വിദ്യയെക്കുറിച്ച് തമിഴ്നാട്ടിലെ കാഞ്ചിപുരം ഇൻഫോസിസ് കാമ്പസിൽവച്ച് പരിശീലനം നൽകുകയുണ്ടായി. വകുപ്പിലെ മറ്റ് ജീവനക്കാർക്ക് ഇവരാണ് പരിശീലനം നൽകുന്നത്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സാങ്കേതിക പരിശീലന പരിപാടി ആരംഭിച്ചുകഴിഞ്ഞു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

35 (5762) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ 'പെൻഷൻ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പുതിയതായി രൂപീകരിക്കപ്പെടുന്ന കേരളാ ബാങ്കിൽ ഈ ഫണ്ട് നിക്ഷേപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിൽ അനുബന്ധ ഫണ്ട് ഏതെല്ലാം ബാങ്കിംഗ് സ്ഥാപനങ്ങളിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ്. വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956 -ലെ SCRA(Securities Contracts (Regulation) Act 1956) പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി ട്രഷറിയെ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കില്ല.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാരിന്റെയും പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കുന്ന എൻ.പി.എസ്. ട്രസ്റ്റിന്റെയും മാർഗ്ഗ

നിർദ്ദേശങ്ങൾ പ്രകാരം എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയെയാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർമാരായി ആയി നിയമിച്ചിട്ടുള്ളത്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

36 (5763) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായി ജീവനക്കാരിൽനിന്നും സമാഹരിക്കുന്ന വിഹിതവും മാച്ചിങ് ഗ്രാന്റും ഇപ്പോൾ ഏതെല്ലാം മേഖലകളിലാണ് നിക്ഷേപിക്കപ്പെടുന്നത്; ഈ അക്കൗണ്ടിൽ നിലിവിൽ എത്ര രൂപയുടെ നിക്ഷേപമുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഈ തുക കേരളത്തിന്റെ ട്രഷറികളിൽ നിക്ഷേപിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 6-2-2014 -ലെ സർക്കുലർ നമ്പർ 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന പെൻഷൻ ഫണ്ട് മാനേജർമാരായ എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയിലാണ് ജീവനക്കാരിൽനിന്നും സമാഹരിക്കുന്ന വിഹിതവും മാച്ചിംഗ് ഗ്രാന്റും നിക്ഷേപിക്കുന്നത്.

ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2017 മാർച്ച് 31 -വരെ പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെ വിഹിതവും (215.665 കോടി രൂപ) സർക്കാർ വിഹിതവും (215.665 കോടി രൂപ) കൂടിച്ചേർത്ത് ആകെ 431.33 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ്. വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956 -ലെ SCRA(Securities Contracts (Regulation) Act 1956) പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി ട്രഷറിയെ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

37 (5764) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുന്നതു സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിക്കണം എന്ന സർക്കാർ പ്രഖ്യാപനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് ഏതെല്ലാം സർവ്വീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ഡി) സർവ്വീസ് സംഘടനകളുടെ പ്രസ്തുത നിവേദനങ്ങളിൽ പരാമർശിച്ചിട്ടുള്ള അഭിപ്രായങ്ങളുടെ സാരാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) കേരള എൻ.ജി.ഒ. യൂണിയൻ, ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻ, കേരള എൻ.ജി.ഒ. സംഘ് തുടങ്ങിയ സർവ്വീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് സാരാംശം.

**കിഫ്ബിയിലെ ഉദ്യോഗസ്ഥർ**

38 (5765) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ എത്ര ഉദ്യോഗസ്ഥരുണ്ട്;

(ബി) ഇവരിൽ ഡെപ്യൂട്ടേഷനിലുള്ളവർ എത്ര; പുനർനിയമനം ലഭിച്ചവർ എത്ര ; കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എത്ര ; ഇവരുടെ തസ്തിക തിരിച്ചിട്ടുള്ള വിവരം ലഭ്യമാക്കാമോ; ഇവർക്ക് നൽകുന്ന പ്രതിവർഷ ശമ്പളം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പുനർ നിയമനം, കരാർ/ദിവസ കൂലി നിയമനം എന്നിവ സർക്കാരിന്റെ പൊതുവെയുള്ള നയത്തിന്റെ ഭാഗമായാണോയെന്ന് വിശദമാക്കുമോ;

(ഡി) ഇവരെ ഒഴിവാക്കി ഈ മേഖലയിൽ പ്രാവീണ്യമുള്ളവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 14-2-2017-ലെ സ.ഉ.(കൈ) നമ്പർ 77/2017/ധന പ്രകാരം കിഫ്ബിയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യാനുസരണം ഒഴിവുകൾ നികത്തുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* ഈ ഉത്തരവ് പ്രകാരം സൃഷ്ടിച്ച തസ്തികകളിൽ ധനകാര്യ വകുപ്പിലെ ഒരു ജോയിന്റ് സെക്രട്ടറി, ഒരു ഡെപ്യൂട്ടി സെക്രട്ടറി, ഒരു സെക്ഷൻ ഓഫീസർ, മൂന്ന് അസിസ്റ്റന്റുമാർ എന്നിവർ ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിലെ ചുമതലകൾക്കുപുറമെ കിഫ്ബിയുടെ ധനകാര്യവും ഭരണവും സെക്ഷനിൽ യഥാക്രമം ജോയിന്റ് ഫണ്ട് മാനേജർ, ഡെപ്യൂട്ടി ഫണ്ട് മാനേജർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ധനകാര്യ വകുപ്പിൽ നിന്നാണ് നൽകി വരുന്നത്. ഇതിനുപുറമെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ധനകാര്യ വകുപ്പിലെ ഒരു അഡീഷണൽ സെക്രട്ടറി, ഒരു അണ്ടർ സെക്രട്ടറി, മൂന്ന് അസിസ്റ്റന്റുമാർ കിഫ്ബിയുടെ പ്രോജക്ട് അവലോകന വിഭാഗത്തിൽ ജനറൽ മാനേജർ (അപ്രൈസൽ), പ്രോജക്ട് മാനേജർ, പ്രോജക്ട് അസിസ്റ്റന്റ് എന്നീ തസ്തികകളിലും പൊതുഭരണ വകുപ്പിലെ ഒരു അഡീഷണൽ സെക്രട്ടറി, കിഫ്ബിയിലെ ഇൻസ്പെക്ഷൻ അതോറിറ്റിയിലെ അഡീഷണൽ സെക്രട്ടറി തസ്തികയിലും, സെബിയിലെ അസിസ്റ്റന്റ് ജനറൽ മാനേജർ അതേ തസ്തികയിലും കിഫ്ബിയിൽ നിലവിൽ ജോലി ചെയ്യുന്നു. കൂടാതെ കപ്പാസിറ്റി ബിൽഡിംഗ് കൺസൾട്ടന്റായി ധനകാര്യ വകുപ്പിൽനിന്നും വിരമിച്ച ഒരു അഡീഷണൽ സെക്രട്ടറിയെയും അക്കൗണ്ട്സ് & അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി ട്രഷറി വകുപ്പിൽനിന്നും വിരമിച്ച സബ് ട്രഷറി ഓഫീസറെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ ഒരു ഓഫീസ് അറ്റന്റന്റും, രണ്ട് സ്വീപ്പർ-കം-ഓഫീസ് അറ്റന്റന്റുമാർ ദിവസ വേതനാടിസ്ഥാനത്തിൽ കിഫ്ബിയിൽ നിലവിൽ ജോലി ചെയ്യുന്നു. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്ക് പ്രതിമാസം 4,89,423 രൂപ കണക്കാക്കി പ്രതിവർഷം 58,73,076 രൂപയും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പ്രതിമാസം 70,000 രൂപ കണക്കാക്കി പ്രതിവർഷം 8,40,000 രൂപയും ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പ്രതിമാസം ശരാശരി 42,000 രൂപയും കണക്കാക്കി പ്രതിവർഷം ശരാശരി 5,04,000 രൂപയും ശമ്പളമായി നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) അക്കൗണ്ട്സ് & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലും കൺസൾട്ടന്റ് തസ്തികയിലും നിയമിതരായ പ്രസ്തുത ഉദ്യോഗസ്ഥർ അതാത് മേഖലകളിൽ വളരെ പരിചയസമ്പന്നരും സേവന സന്നദ്ധരുമാണ്. പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബിയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലായതിനാൽ ഇത്തരം പരിചയസമ്പന്നരുടെ സേവനം അനിവാര്യമാണ്. അടിയന്തര ഘട്ടങ്ങളിൽ താത്കാലികാടിസ്ഥാനത്തിലുള്ള ഇത്തരം നിയമനങ്ങൾ അനുവദനീയമാണ്. ദിവസ വേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റന്റന്റ്, സ്വീപ്പർ-കം-ഓഫീസ് അറ്റന്റന്റ് തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളത്. ഇത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചെയ്തിട്ടുള്ളത്.

## കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം

39 (5766) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ സ്ഥിരം അപകടമേഖലയായ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ സ്ഥലം ഏറ്റെടുക്കാനും റോഡ് നിർമ്മാണത്തിനുംവേണ്ടി ഭരണവകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന നിരവധി വാഹനങ്ങൾ രാത്രികാലത്ത് അപകടങ്ങളിൽപ്പെടുന്നതും നിരവധി മരണങ്ങൾ ഉണ്ടാകുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രാധാന്യം നൽകേണ്ട പ്രസ്തുത പദ്ധതിയുടെ ആവശ്യകത ഭരണവകുപ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കിഫ്ബി മുഖേന ഏറ്റെടുത്ത് റോഡ് പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഈ വിഷയം മൂന്നുതവണ ധനകാര്യ വകുപ്പ് പരിശോധിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിനായി 20 കോടി രൂപയുടെയും നിർമ്മാണ പ്രവൃത്തികൾക്കായി 15 കോടി രൂപയുടെയും ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുകയുമുണ്ടായി. കൂടാതെ പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനുകളും ഇലക്ട്രിക് പോസ്റ്റുകളും മാറ്റുന്നതിന്റെ ചെലവിലേയ്ക്കായി 25.40 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(സി) ബഡ്ജറ്റ് സ്പീച്ചിൽ അനൗൺസ് ചെയ്തിട്ടുള്ളതും G.O.(P) 315/2016/Fin. dated 8-8-2016 ഉത്തരവിലെ നടപടിക്രമം പാലിച്ച് ഭരണ വകുപ്പ് ക്യാബിനറ്റിൽ വച്ച് പാസ്സാക്കിയിട്ടുള്ളതുമായ പ്രവൃത്തികളാണ് നിലവിൽ കിഫ്ബി മുഖേന ചെയ്യുന്നത്. കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം ഇതിൽപ്പെടുന്നില്ല.

## ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ കടലാക്രമണം തടയുന്നതിനുള്ള കിഫ്ബി പ്രോജക്ടുകൾ

40 (5767) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കടലാക്രമണം തടയുന്നതിനായി എത്ര രൂപയുടെ പ്രോജക്ടുകളാണ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചത്;

(ബി) ഇതിൽ എത്ര പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയെന്ന് വിശദമാക്കുമോ?

(സി) ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കടലാക്രമണം തടയുന്നതിനായി ആറാട്ടുപുഴ പഞ്ചായത്തിൽ Construction of 21 Nos. Groyne field at Arattupuzha in between Chainage 56.600 to 57.200 KM at Arattupuzha Grama Panchayat in Harippad Constituency, Construction of Groyne field for shore protection for the coast of Arattupuzha from ch. 55.200 Km to ch. 56.600 Km 12 Nos. Of Groynes on Alappuzha District എന്നീ പദ്ധതികൾക്ക് 40.20 കോടി രൂപയുടെയും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ construction of 13 Nos. Groyne field at Pathiankara in between chainage 60.100 to 61.600 km at Trikkunnapuzha Gramapanchayat in Harippad Constituency in Alappuzha District എന്നീ പദ്ധതികൾക്കായി 14.95 കോടി രൂപയുടെയും പദ്ധതി നിർദ്ദേശങ്ങളാണ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന നടപ്പിലാക്കുന്നതിനായി കിഫ്ബ് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ടി പദ്ധതി നിർദ്ദേശങ്ങൾ നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് സമർപ്പിച്ചിട്ടുള്ളത്.

(ബി&സി) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കിഫ് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി 8-6-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവുപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് പദ്ധതി വിശദാംശങ്ങൾ കിഫ്ബിയിൽ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കടലാക്രമണം തടയുന്നതിനായി കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബന്ധപ്പെട്ട ഭരണ

വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് കിഫ്ബിക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കെ.ഐ.ഐ.ഡി.സി. സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്മേലുള്ള കിഫ്ബിയുടെ പരിശോധനയിൽ ധാരാളം ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന് അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജലസേചന വകുപ്പുസെക്രട്ടറിക്കും കെ.ഐ.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർക്കും നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട്, ഭരണാനുമതി, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവ സഹിതം പുനഃസമർപ്പിക്കുന്നമുറയ്ക്ക് കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

**അനധികൃതമായി പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ**

41 (5768) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയ്ക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയ്ക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**നെയ്യാറ്റിൻകര മണ്ഡലത്തിൽ കെ.എസ്.എഫ്.ഇ .-യുടെ പുതിയ ബ്രാഞ്ചുകൾ**

42 (5769) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പെരുമ്പഴുതൂർ, പൂഴിക്കുന്ന് എന്നീ സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനു നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) പെരുമ്പഴുതൂർ, പൂഴിക്കുന്ന് എന്നീ സ്ഥലങ്ങളിൽ 2017-18 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ചുകൾ ആരംഭിക്കാൻ കഴിയുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പെരുമ്പഴുതൂർ, പൂഴിക്കുന്ന് എന്നീ സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ. -യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് ഉതകുന്ന ബിസിനസ്സ് പ്രായോഗികത വിലയിരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്മേൽ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പെരിന്തൽമണ്ണ- ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി**

43 (5770) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രത്യേകവികസന ഫണ്ടിൽനിന്നും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഫണ്ടിൽനിന്നും ഇത്തരം പ്രവൃത്തികൾ നടത്തുന്നതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രത്യേക വികസനഫണ്ടിൽനിന്നും പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽപെട്ട സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി പ്രത്യേക അനുമതി ലഭിക്കുന്നതിന് സമർപ്പിച്ച ശിപാർശ നിരസിക്കാനിടയായ സാഹചര്യമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് വ്യവസ്ഥയില്ല. MLA SDF-ൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് മാർഗ്ഗരേഖ പ്രകാരം ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തിയായതിനാലാണ് ടി ഫണ്ടിൽനിന്ന് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽപ്പെട്ട സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി പ്രത്യേകാനുമതി ലഭിക്കുന്നതിന് സമർപ്പിച്ച ശിപാർശ നിരസിക്കാനിടയായത്.

**ചെക്ക്പോസ്റ്റ് വഴിയുള്ള നികുതി വെട്ടിപ്പ്**

44 (5771) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്ന് സംസ്ഥാനത്തിലേക്ക് ചെക്ക്പോസ്റ്റ് വഴിയും അല്ലാതെയും നികുതി വെട്ടിച്ച് നടത്തുന്ന കോഴിക്കടത്ത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) വാഹനപരിശോധനയ്ക്കായുള്ള വാണിജ്യ നികുതി വകുപ്പിന്റെ സ്ക്വാഡുകളിൽ ആവശ്യമായ ഇൻസ്പെക്ടർമാരെയും മറ്റുജീവനക്കാരെയും നിയമിക്കാത്തതിനാൽ നികുതി വെട്ടിപ്പിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ കഴിയുന്നില്ലെന്നത് വസ്തുതയാണോ;വിശദമാക്കുമോ;

(സി) പ്രതിവർഷം എത്ര കോടിരൂപയുടെ നികുതി നഷ്ടമാണ് ഇത്തരത്തിൽ ഉണ്ടാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത മേഖലയിലെ നികുതി വെട്ടിപ്പ് തടയുവാൻ ഓൺലൈൻ ഡെലിവറി നോട്ട് നിർബന്ധമാക്കുവാൻ കർശനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റ് വഴി തമിഴ്നാട്ടിൽനിന്നും വരുന്ന ഇറച്ചിക്കോഴി മുൻകൂർ നികുതി അടച്ചാണ് കൊണ്ടുവരുന്നത്. ചെക്ക്പോസ്റ്റുകളിൽ ഈ വാഹനങ്ങൾ കർശന പരിശോധനയ്ക്ക് വിധേയമാക്കുകയും ക്രമക്കേടുകൾ കണ്ടാൽ നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ചെക്ക്പോസ്റ്റിന് സമീപമുള്ള ചെറിയ വഴികളിലൂടെയുള്ള കോഴിക്കടത്ത് തടയുന്നതിന് ശ്രദ്ധയിൽപ്പെട്ടിടത്തെല്ലാം ഇന്റലിജൻസ് സ്ക്വാഡിന്റെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡിന്റെ സൂക്ഷ്മ നിരീക്ഷണംമൂലം കോഴിക്കള്ളക്കടത്ത് ഏറെക്കുറെ തടയാൻ കഴിഞ്ഞിട്ടുണ്ട്.

(ബി&സി) വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകളിൽ ആവശ്യമായ ഇൻസ്പെക്ടർമാരും മറ്റ് ജീവനക്കാരും നിലവിലുണ്ട്. ആയതിനാൽ ജീവനക്കാരുടെ അഭാവംമൂലം നികുതി വെട്ടിപ്പിനെതിരെ നടപടി സ്വീകരിക്കുന്നതിന് തടസ്സം വന്നിട്ടില്ല. അതുകൊണ്ടുതന്നെ നികുതിനഷ്ടം ഉണ്ടാകുന്നില്ല.

(ഡി) ഇറച്ചിക്കോഴി കൊണ്ടുവരുന്നതിന് ഓൺലൈൻ ഡെലിവറി നോട്ട് ഇപ്പോൾ നിർബന്ധമല്ല. ചരക്ക് സേവന നികുതി നടപ്പിൽ വരുമ്പോൾ ഇറച്ചിക്കോഴിയുടെ നികുതി സംബന്ധിച്ച് പുതിയ തീരുമാനം ബാധകമാകും.

**പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ**

45 (5772) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ധനവകുപ്പിലെ ജീവനക്കാരെ മാനദണ്ഡ പ്രകാരമല്ലാതെ അടിക്കടി സ്ഥലം മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 25-2-2017-ലെ 'പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ' ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്) ധനകാര്യ വകുപ്പിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(സി) 25-5-2016 മുതൽ 24-4-2017 വരെ ധനകാര്യ വകുപ്പിൽ രണ്ടോ അതിലധികമോ സ്ഥലത്തേയ്ക്ക്/സെക്ഷൻ മാറ്റം നൽകപ്പെട്ട ജീവനക്കാരുടെ പേര്,തസ്തിക,എണ്ണം എന്നിവ ലഭ്യമാക്കാമോ;

(ഡി) ഇത്തരത്തിൽ അടിക്കടി ഉണ്ടാകുന്ന സ്ഥലംമാറ്റം ധനവകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മാനദണ്ഡ പ്രകാരമല്ലാത്ത സ്ഥലംമാറ്റം ഒഴിവാക്കി ധനവകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭരണപരമായ ആവശ്യം മുൻനിർത്തി സെക്ഷനുകളുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിലാണ് ധനകാര്യ വകുപ്പിൽ സ്ഥലംമാറ്റം നൽകിവരുന്നത്.

(ബി) ഭരണപരമായ ആവശ്യം മുൻനിർത്തി സെക്ഷനുകളുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിലാണ് ധനകാര്യ വകുപ്പിൽ സ്ഥലംമാറ്റം നൽകിവരുന്നത്. ഗവ. സെക്രട്ടേറിയറ്റിനുള്ളിൽ നടത്തുന്ന സ്ഥലംമാറ്റങ്ങൾ ഒരു സെക്ഷനിൽനിന്ന് മറ്റൊന്നിലേയ്ക്കുള്ളതാകയാൽ ടി സ്ഥലംമാറ്റങ്ങൾക്ക് 25-2-2017- ലെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാറില്ല.

(സി) ധനകാര്യ വകുപ്പിൽ 25-5-2016 മുതൽ 24-4-2017 വരെയുള്ള കാലയളവിൽ രണ്ടോ അതിലധികമോ തവണ സ്ഥലം മാറ്റം/സെക്ഷൻ മാറ്റം നൽകപ്പെട്ട ജീവനക്കാരുടെ എണ്ണം താഴെ പറയുംപ്രകാരമാണ്.

| | | |
|---|---|---|
| അസിസ്റ്റന്റ് | - | 67 |
| സെക്ഷൻ ഓഫീസർ | - | 33 |
| അക്കൗണ്ട്സ് ഓഫീസർ | - | 12 |
| അണ്ടർ സെക്രട്ടറി | - | 15 |
| ഡെപ്യൂട്ടി സെക്രട്ടറി | - | 6 |
| ജോയിന്റ് സെക്രട്ടറി | - | 6 |
| അഡീഷണൽ സെക്രട്ടറി | - | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 14 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | - | 25 |
| ഡ്രൈവർ | - | 4 |
| ബൈൻഡർ | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 28 |

ജീവനക്കാരുടെ പേരുവിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി&ഇ) ഭരണപരമായ ആവശ്യം മുൻനിർത്തി സെക്ഷനുകളുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിലാണ് ധനകാര്യ വകുപ്പിൽ സ്ഥലംമാറ്റം നൽകിവരുന്നത്.

**ഒമ്പതാം ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ അനോമലി**

46 (5773) <u>ശ്രീ. ഹൈബി ഈഡൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7777/പി.ആർ.സി-ഡി2/2012/ഫിൻ. നമ്പർ ഫയലിലെ തീരുമാനം എന്തായിരുന്നു;

(ബി) എന്ത് കാരണത്താലാണ് പ്രസ്തുത ഫയലിൽ ഡിപ്പാർട്ട്മെന്റിന്റെ ശിപാർശ നിരാകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) 7777/പി.ആർ.സി-ഡി2/2012/ഫിൻ. നമ്പർ ഫയലിൽ തീരുമാനം എടുത്തശേഷം 9-ാം ശമ്പളകമ്മീഷൻ റിപ്പോർട്ടിലെ ഏതെങ്കിലും അനോമലികൾ പരിഹരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര എണ്ണം; അവ പരിഹരിക്കാനുണ്ടായ സാഹചര്യം എന്താണ്;

(ഡി) മേൽപറഞ്ഞപ്രകാരം അനോമലികൾ പരിഹരിച്ചിട്ടുണ്ടെങ്കിൽ 7777/പി.ആർ.സി-ഡി2/2012/ഫിൻ. നമ്പർ ഫയലിലെ തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2009 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടന്നുകഴിഞ്ഞിട്ട് 3 വർഷം കഴിയുകയും അതിനോടകംതന്നെ പൊതു ശമ്പള പരിഷ്കരണ ഉത്തരവ്, ജി.ഒ.(പി)നമ്പർ 85/2011/ധന. തീയതി 26-2-2011-ന് അനുബന്ധമായി ഏകദേശം 117 അനോമലി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തതിനാൽ ശേഷിക്കുന്ന അനോമലികൾ എന്തെങ്കിലും ഉണ്ടെങ്കിൽ, ആയത് അടുത്ത ശമ്പള കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനുള്ള തീരുമാനമാണുണ്ടായത്.

(സി) ഉണ്ട്. 7777/പി.ആർ.സി.-ഡി2/2012/ഫിൻ. നമ്പർ ഫയലിലെ തീരുമാനത്തിനുശേഷം നാളിതുവരെ 98 അനോമലി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ അടിയന്തരമായി പരിഹരിക്കപ്പെടേണ്ടവയാണെന്ന് ബോധ്യപ്പെട്ട വിഷയങ്ങളിലാണ് അനോമലി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) പത്താം ശമ്പള പരിഷ്കരണത്തെത്തുടർന്ന് ഈ വിഷയം ധനകാര്യ വകുപ്പിൽ E.No. 229127/ARC1/16/Fin. ഫയലിൽ പരിശോധിക്കുകയുണ്ടായി. തുടർ പരിശോധനയ്ക്കുവേണ്ടി ധനകാര്യ വകുപ്പ് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്.

**ജി.എസ്.ടി.**

47 (5774) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ പെട്രോളിയം ഉൽപ്പന്നങ്ങളെയാണ് ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പെട്രോളും ഡീസലും ജി.എസ്.ടി.-യിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേരളത്തിന്റെ സാമ്പത്തികനിലയെ ഇത് എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പെട്രോളും ഡീസലും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നത് കിഫ്ബി വായ്പ തിരിച്ചടവിനെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെട്രോളിയം ഉൽപ്പന്നങ്ങളായ കെറോസിൻ (PDS), എൽ.പി.ജി., സുപ്പീരിയർ കെറോസിൻ ഓയിൽ (SKO), ലൂബ്രിക്കേറ്റിംഗ് ഓയിൽ, പെട്രോളിയം ഗ്യാസസ്, പെട്രോളിയം ജെല്ലി, പാരഫിൻ വാക്സ്, പെട്രോളിയം വാക്സ്, പെട്രോളിയം കോക്ക്, പെട്രോളിയം ബിറ്റുമിൻ തുടങ്ങിയവയെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉൾപ്പെട്ടിട്ടില്ല.

(സി) പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സിൽ നിന്നുള്ള വരുമാനം കിഫ്ബിയുടെ തനത് ഫണ്ടിലേയ്ക്ക് കൈമാറാൻ ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 വ്യവസ്ഥ ചെയ്യുന്നുണ്ട്. ജി.എസ്.ടി. പ്രാബല്യത്തിൽ വരുമ്പോൾ ഈ ഇനത്തെ ബാധിക്കാനിടയില്ല എന്നാണ് നിലവിലെ വിലയിരുത്തൽ.

## വാണിജ്യനികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോറിറ്റി

48 (5775) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യനികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോറിറ്റി സംബന്ധിച്ച തർക്കങ്ങൾ യഥാസമയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഇതു സംബന്ധിച്ച് എത്ര തർക്കങ്ങളാണ് നിലവിലുള്ളത്; എന്താണ് ഈ തർക്കങ്ങൾ യഥാസമയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അതാത് കാലയളവിലെ ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമയത്തും അല്ലാതെയുമുള്ള തർക്കങ്ങൾ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് യഥാസമയം പരിഹരിച്ചിട്ടുണ്ട്.

(ബി) രണ്ട് തർക്കങ്ങൾ നിലവിലുണ്ട്. 1977-2000, 2000-2006 എന്നീ കാലയളവുകളിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച രണ്ട് അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## ചെക്ക്പോസ്റ്റുകളിലും ഇന്റലിജൻസ് വിഭാഗത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് സുരക്ഷ

49 (5776) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യനികുതി വകുപ്പിൽ ചെക്കുപോസ്റ്റുകളിലും ഇന്റലിജൻസ് സ്ക്വാഡുകളിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക്, ആഫീസുകളിൽ അതേ തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരേക്കാൾ എന്തെങ്കിലും അലവൻസ് കൂടുതലായി നൽകുന്നുണ്ടോ;

(ബി) ചെക്ക്പോസ്റ്റുകളിലും ഇന്റലിജൻസ് വിഭാഗത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് മതിയായ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്ത്രീജീവനക്കാർക്കുകൂടി ജോലി ചെയ്യാവുന്ന വിധത്തിൽ നിലവിൽ ഏതെങ്കിലും ചെക്ക്പോസ്റ്റുകളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) വാണിജ്യനികുതി വകുപ്പ് ചെക്ക് പോസ്റ്റുകളിലും ഇന്റലിജൻസ് സ്ക്വാഡുകളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജോലി സമയം നിജപ്പെടുത്തിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം അധികമായിവരുന്ന ജോലിക്ക് ഓഫ് അനുവദിക്കുകയോ പ്രത്യേക അലവൻസ് നൽകുകയോ ചെയ്യുന്നുണ്ടോ;

(ഇ) അന്യജില്ലകളിൽനിന്ന് വ്യത്യസ്ത ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) അവശ്യഘട്ടങ്ങളിൽ പോലീസ് സഹായം സ്വീകരിക്കാറുണ്ട്.

(സി) ഉണ്ട്.

(ഡി) ചെക്ക് പോസ്റ്റുകളിലും ഇന്റലിജൻസ് സ്ക്വാഡുകളിലും ജോലി സമയം എട്ടു മണിക്കൂർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. അധികമായി വരുന്ന ജോലിക്ക് കെ.എസ്.ആർ. പ്രകാരമുള്ള 'ഓഫ്' അനുവദിക്കാറുണ്ട്.

(ഇ) അന്യജില്ലകളിൽനിന്നും ജോലി ചെയ്യുന്ന ജീവനക്കാർക്ക് വാളയാർ, മഞ്ചേശ്വരം, അമരവിള മുതലായ ചെക്ക്പോസ്റ്റുകളിൽ സർക്കാർ ചെലവിൽ താമസ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

50 (5777) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനായി ചികിത്സയിൽ കഴിയുന്ന ശ്രീ. സെൻമോൻ വർഗ്ഗീസ്, മാളിയേക്കൽവീട്, പരിയാരം പി.ഒ., തൃശ്ശൂർ, കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൽ അടിയന്തര നടപടികൾ സ്വീകരിച്ച് ധനസഹായം അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്നു വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ശ്രീ. സെൻമോൻ വർഗ്ഗീസിന്റെ അപേക്ഷ 28-ാമത് കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല സമിതിയിൽ സമർപ്പിക്കുകയും ടിയാൻ ചികിത്സാ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് 2 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

51 (5778) ശ്രീ. റോഷി അഗസ്റ്റിന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാരുണ്യ ബെനവലന്‍റ് ഫണ്ട് ചികിത്സാ പദ്ധതിയില്‍ എന്തെങ്കിലും മാറ്റങ്ങള്‍ വരുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാരുണ്യ ബെനവലന്‍റ് ഫണ്ടില്‍നിന്നും സഹായം അനുവദിക്കുന്നതിനായി ഗവണ്‍മെന്‍റ് സ്പെഷ്യല്‍ അനുമതി നല്‍കിയ അപേക്ഷകള്‍ എത്ര;അനുവദിച്ചത് എത്ര രൂപ; ആയതില്‍ എത്ര അപേക്ഷകള്‍ തീര്‍പ്പാക്കാനുണ്ട്; അവയുടെ തുക എത്രയാണ്; തീര്‍പ്പാക്കാനുള്ളവയില്‍ നടപടികള്‍ സ്വീകരിക്കുമോ; ബാക്കിയുള്ള സ്പെഷ്യല്‍ കേസുകളില്‍ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) കാരുണ്യ ബെനവലന്‍റ് ഫണ്ടില്‍ സര്‍ക്കാര്‍ ആശുപത്രികളില്‍നിന്നും ലഭിക്കേണ്ട ഉപയോഗപത്രവും സാക്ഷ്യപത്രവും ലഭിക്കുന്നുണ്ടോ; ലഭിച്ചവരുടെയും ലഭിക്കാനുള്ളവരുടെയും വിവരങ്ങളും ലഭിച്ചവയില്‍ അപ്ഡേറ്റ് ചെയ്തുവരുടെയും ചെയ്യാത്തവരുടെയും വിവരങ്ങളും ഹോസ്പിറ്റല്‍ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) സ്പെഷ്യല്‍ സാംഗ്ഷന്‍ മുഖേന 1983 അപേക്ഷകള്‍ക്ക് അനുമതി നല്‍കിയിട്ടുണ്ട്. സ്പെഷ്യല്‍ അനുമതി പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളില്‍ ചികിത്സാ ധനസഹായം സംസ്ഥാനതല കമ്മിറ്റി തീരുമാനപ്രകാരമാണ് അനുവദിക്കുന്നത്. പാക്കേജ് നിരക്കിലും ബില്ലുകളുടെയും ചികിത്സാ രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക അനുവദിക്കാന്‍ സംസ്ഥാനതല കമ്മിറ്റി തീരുമാന മെടുത്തിട്ടുള്ളത്. ആയതിനാല്‍തന്നെ, അനുവദിച്ച തുകയുടെ കണക്കുകള്‍ അവ വിതരണം ചെയ്തുശേഷം മാത്രമേ പൂര്‍ണ്ണമായി കണക്കാക്കാന്‍ സാധിക്കുകയുള്ളൂ. ഇതില്‍ 1337 അപേക്ഷകള്‍ തീര്‍പ്പാക്കാനായി പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. ഈ തുകയുടെ കണക്കും പരിശോധന പൂര്‍ത്തിയാക്കിയാല്‍ മാത്രമേ കണക്കാക്കാന്‍ സാധിക്കുകയുള്ളൂ. ഈ അപേക്ഷകള്‍ ത്വരിതഗതിയില്‍ തീര്‍പ്പാക്കാനായി കുടുംബശ്രീയില്‍നിന്ന് താല്ക്കാലികാടിസ്ഥാനത്തില്‍ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അവ എത്രയും പെട്ടെന്ന് വിതരണം ചെയ്യാന്‍ നടപടികള്‍ സ്വീകരിച്ചുവരുന്നു.

(സി) സർക്കാർ അശുപത്രികളിൽനിന്ന് കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് ലഭിക്കേണ്ട ഉപയോഗപത്രം നിലവിൽ ഭാഗികമായി ലഭിക്കുന്നുണ്ട്. ഉപയോഗപത്രങ്ങൾ പൂർണ്ണമായും ലഭിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ ആശുപത്രികളിൽനിന്നും ലഭിച്ച ഉപയോഗപത്രങ്ങളിൽ 14085 എണ്ണം അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ഇനി ആകെ 61358 ഉപയോഗപത്രങ്ങൾ അപ്ഡേറ്റ് ചെയ്യാൻ അവശേഷിക്കുന്നുണ്ട്.

ഇതിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ ലഭിച്ച ഉപയോഗപത്രങ്ങളിൽ അപ്ഡേറ്റ് ചെയ്യാനവശേഷിക്കുന്ന യൂട്ടിലൈസേഷനുകൾ അടിയന്തരമായി അപ്ഡേറ്റ് ചെയ്യുന്നതിനായി കുടുംബശ്രീയിൽനിന്നും കൂടുതൽ ജീവനക്കാരെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് ഹെഡ് ഓഫീസിൽ സ്ഥല പരിമിതിയുള്ളതിനാൽ, പ്രസ്തുത ജോലികൾ നിർവ്വഹിക്കുന്നതിനായി ഹൗസിംഗ് ബോർഡ് കെട്ടിടത്തിൽ 187 sq ft സ്ഥലം വാടകയ്ക്ക് എടുത്തിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി പ്രസ്തുത ജോലികൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

**സംസ്ഥാന ഭാഗ്യക്കുറികൾ സുരക്ഷിതമാക്കുന്നതിന് നടപടി**

52 (5779) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറികൾ കൂടുതൽ സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;വിശദമാക്കുമോ;

(ബി) ഇതിനായി പുതിയ സുരക്ഷാ മാനദണ്ഡങ്ങളും സാങ്കേതിക ക്രമീകരണങ്ങളും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഒരു സാങ്കേതിക കമ്മിറ്റിയെ നിയോഗിച്ചിരുന്നോ ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ-സി) ബാർകോഡ്, സീക്രട്ട്കോഡ്, ടിക്കറ്റ് കടക്കുറ്റിയുമായി യോജിപ്പിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ വ്യാജ ടിക്കറ്റുകളും, നമ്പർ തിരുത്തി വരുന്ന ടിക്കറ്റുകളും കണ്ടുപിടിക്കുവാൻ നിലവിൽ സാധിക്കുന്നുണ്ട്.

ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ 23-11-2016-ലെ ജി.ഒ. (ആർ.റ്റി.) 910/2016/റ്റി.ഡി. ഉത്തരവ് പ്രകാരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺ ഹിൽ

റിട്ടേയർഡ് പ്രിൻസിപ്പൽ പ്രൊഫ. ജി. ജയശങ്കർ ചെയർമാനായി അഞ്ചംഗ സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിരുന്നു. സാങ്കേതിക കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സുരക്ഷാസംവിധാനങ്ങൾക്കുപുറമേ Microprinting, opaque text, Currency strips മുതലായ സുരക്ഷാമാർഗ്ഗങ്ങൾ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ സുരക്ഷാ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തി ടിക്കറ്റ് ഡിസൈൻ ചെയ്യുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ C-Dit-മായി ചേർന്ന് Security Design Laboratory സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**പുതുക്കിയ നിരക്കിലുള്ള ലോട്ടറി ടിക്കറ്റുകൾ**

53 (5780) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കിയ നിരക്കിലുള്ള ലോട്ടറി ടിക്കറ്റുകൾ എന്നുമുതൽ വില്പന ക്കെത്തുമെന്ന് അറിയിക്കുമോ?

ഉത്തരം

50 രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ, കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളുടെ മുഖവില 30/- രൂപയാക്കി കുറച്ചുകൊണ്ട് 2017 ജൂൺ 1-ാം തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പുതുക്കിയ നിരക്കിലുള്ള ലോട്ടറി ടിക്കറ്റുകൾ പ്രാബല്യത്തിൽ വരുന്നതാണ്. മേയ് അവസാനവാരം മുതൽ പ്രസ്തുത ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽപ്പനയ്ക്കെത്തുന്നതാണ്.

**ലോട്ടറിയുടെ ഘടനയിൽ വരുത്തുന്ന മാറ്റങ്ങൾ**

54 (5781) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറിയുടെ വിറ്റുവരവിന്റെ എത്ര ശതമാനം സമ്മാനമായി നൽകുന്നതിനാണ് ഘടനാ മാറ്റത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കാരുണ്യ ലോട്ടറിയുടെ ഘടനയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരിഷ്കരിച്ച സമ്മാനഘടന പ്രകാരം ഓരോ പ്രതിവാര ഭാഗ്യക്കുറിയിലും വിറ്റുവരവിന്റെ ഏകദേശം 47 ശതമാനം മുതൽ 48.5 ശതമാനംവരെ സമ്മാനയിനത്തിൽ നൽകുന്നതാണ്.

(ബി) 3-6-2017-ന് നറുക്കെടുക്കുന്ന കാരുണ്യ 296-ാമത് ഭാഗ്യക്കുറി മുതൽ പ്രസ്തുത ഭാഗ്യക്കുറിയുടെ മുഖവില 30 രൂപയാക്കി കുറച്ചുകൊണ്ട് പരിഷ്കരിച്ച സമ്മാനഘടന പ്രാബല്യത്തിൽ വരുന്നതാണ്. 10 പരമ്പരകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് കാരുണ്യ ഭാഗ്യക്കുറിയുടെ സമ്മാനഘടന ആവിഷ്കരിച്ചിരിക്കുന്നത്. നിലവിലുള്ള സമ്മാനഘടന പ്രകാരം മൊത്തം സമ്മാനത്തുക 8,71,40,000 രൂപ ആയിരുന്നത്, പരിഷ്കരിച്ച സമ്മാനഘടന പ്രകാരം 12,76,70,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സമ്മാനങ്ങളുടെ എണ്ണം 72,956-ൽ നിന്ന് 1,54,821 ആയി വർദ്ധിച്ചിട്ടുണ്ട്. ഒന്നാം സമ്മാനം ഒരു കോടിരൂപയിൽനിന്ന് 75 ലക്ഷംരൂപയാക്കി കുറയ്ക്കുകയും പതിനായിരം രൂപയുടെ സമ്മാനം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

**ഫെസ്റ്റിവൽ അലവൻസ് തുക ലഭ്യമാക്കുന്നതിന് നടപടി**

55 (5782) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ 4 വരെ കാരുണ്യ ബെനവലൻറ് ഫണ്ട് സ്കീമിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീ. അജിമോൻ പീറ്ററിന് 2015-16 സാമ്പത്തിക വർഷത്തിൽ ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ടാക്സസ് ഡിപ്പാർട്ട്മെൻറിലുള്ള 1244653/17 നമ്പർ ഫയലിൽ 3 മാസം കഴിഞ്ഞിട്ടും ടിയാന് അർഹതപ്പെട്ട ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് തീരുമാനമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജോലിയിൽനിന്നും പിരിച്ചുവിടപ്പെട്ട ടിയാന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന ഫെസ്റ്റിവൽ അലവൻസ് തുക ലഭിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവിറക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. ഫെസ്റ്റിവൽ അലവൻസ് തുക അനുവദിക്കുന്നതിന് പ്രത്യേകാനുമതിക്കുള്ള കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററുടെ നിർദ്ദേശം അംഗീകരിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം

56 (5783) ശ്രീ. അനിൽ അക്കര :

ശ്രീ. റോജി എം. ജോൺ :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2016-17 കാലയളവിൽ വായ്പ തിരിച്ചടവിലും പലിശ വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; 2015-16-നെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്;

(സി) സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കായുള്ള ഏതെങ്കിലും പുതിയ പദ്ധതി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 2016-17-ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം വായ്പ തിരിച്ചടവ് മുൻ വർഷത്തെക്കാളും 15.19% വർദ്ധനവും മൊത്ത വരുമാനം 13.40% വർദ്ധനവും പലിശ വരുമാനം 11.30% വർദ്ധനവും രേഖപ്പെടുത്തി. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തെ കണക്കുകൾ താഴെ പറയുംപ്രകാരമാണ്.

തുക കോടി രൂപയിൽ

| | 2015-16 | 2016-17 | വർദ്ധനവ് |
|---|---|---|---|
| വായ്പ തിരിച്ചടവ് | 758.21 | 873.38 | 15.19% |
| മൊത്ത വരുമാനം | 308.98 | 350.38 | 13.40% |
| പലിശ വരുമാനം | 272.06 | 302.92 | 11.30% |

(സി) സ്റ്റാർട്ടപ്പുകൾക്കായി 10 ലക്ഷം രൂപ വരെ മിതമായ പലിശ നിരക്കിൽ ഈട് രഹിത വായ്പ നൽകുന്ന ഒരു പുതിയ പദ്ധതി 16-1-2017 മുതൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അഞ്ച് വർഷംകൊണ്ട് 1500 പുതുസംരംഭങ്ങൾ സ്ഥാപിക്കാനുതകുന്ന പലിശരഹിത വായ്പ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

**മാങ്കാംകുഴിയിൽ കെ.എസ്.എഫ്.ഇ. ശാഖ**

57 (5784) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ തഴക്കര ഗ്രാമ പഞ്ചായത്തിലെ മാങ്കാംകുഴിയിൽ കെ.എസ്.എഫ്.ഇ. ശാഖ സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കുമോ:

(ബി) പ്രസ്തുത പ്രദേശത്ത് കെ.എസ്.എഫ്.ഇ. ശാഖ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ മാങ്കാംകുഴിയിൽ കെ.എസ്.എഫ്.ഇ.-യുടെ ഒരു ബ്രാഞ്ച് ആരംഭിക്കുന്നതിന്റെ ബിസിനസ് പ്രായോഗികത വിലയിരുത്താൻ ആലപ്പുഴ റീജിയണൽ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**കെ.എസ്.എഫ്. ഇ. ജനകീയമാക്കാനുള്ള നടപടികൾ**

58 (5785) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. കൂടുതൽ ജനകീയമാക്കാൻ എല്ലാ പഞ്ചായത്തിലും ബ്രാഞ്ചുകൾ ആരംഭിക്കുമോ;

(ബി) ജാമ്യ വ്യവസ്ഥകൾ കൂടുതൽ ലളിതമാക്കുന്ന കാര്യം ആലോചിക്കുമോ;

(സി) കൂടുതൽ കമ്മീഷൻ ഏജന്റുമാരെ നിയമിച്ച് തൊഴിൽരഹിതരായ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നകാര്യം ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ കെ.എസ്.എഫ്.ഇ.-യ്ക്ക് 568 ബ്രാഞ്ചുകളുണ്ട്. സാധ്യതാ പഠനം നടത്തി ഉചിതമായ സ്ഥലങ്ങളിൽ പുതിയ ശാഖകൾ തുറക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) സ്ഥാപനത്തിന് ദോഷകരമാകാത്ത വിധത്തിൽ ജാമ്യ വ്യവസ്ഥകൾ കൂടുതൽ ലളിതമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

**കയർ സഹകരണ സംഘങ്ങളുടെ സ്ഥിതി**

59 (5786) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് കയർ വ്യവസായ മേഖലയിൽ രൂപീകരിച്ച കയർ സഹകരണ സംഘങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ കയർ സഹകരണ സംഘങ്ങൾക്കായി കയർ വകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും കയർ വ്യവസായ മേഖലയുടെ പുരോഗതിക്കുമായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. 31-3-2016-വരെ 1005 കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ ഇപ്പോൾ 543 എണ്ണം പ്രവർത്തനക്ഷമമാണ്. 145 എണ്ണം ലിക്വിഡേഷനിലായിട്ടുണ്ട്. 175 എണ്ണം പ്രവർത്തനം ആരംഭിച്ചില്ല. 142 എണ്ണം പ്രവർത്തനം നിലച്ചുപോയിരിക്കുകയാണ്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ആകെ 226 സംഘങ്ങൾ രജിസ്റ്റർ ചെയ്തതിൽ 68 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. പ്രവർത്തനം തുടങ്ങാത്തവ 48-ഉം ഡോർമെന്റ് 30-ഉം, ലിക്വിഡേഷനിൽ 80 സംഘങ്ങളുമുണ്ട്.

(സി) 31-3-2016-ലെ കണക്കുപ്രകാരം 1,60,69,12,959 രൂപ വിവിധ പദ്ധതികളിലായി കയർ സഹകരണ സംഘങ്ങൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) കയർ സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിനും കയർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യവസായ മേഖലയുടെ പുരോഗതിക്കുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിൽവരുത്തുന്നുണ്ട്.

1. രണ്ടാം പുനഃസംഘടനാ പദ്ധതി.
2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്ക്കരണം.
3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം.
4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം.

പുനഃസംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജരിയൽ ഗ്രാന്റ് അനുവദിച്ച് ജി.ഒ. (ആർ.ടി.)583/2017/ഐ.ഡി തീയതി 31-3-2017 പ്രകാരം ഉത്തരവായിട്ടുണ്ട്.

നിയന്ത്രിത യന്ത്രവൽക്കരണം എന്ന പദ്ധതിയിൽനിന്നും സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനേയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി രൂപയായിരുന്ന ബജറ്റ് വിഹിതം പുതുക്കിയ ബജറ്റ് പ്രകാരം 77 കോടി രൂപയായി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്.

ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് ഉന്നതതല ചർച്ച നടന്നുവരുന്നു.

കയർ ജിയോ ടെക്സ്റ്റൈയിൽസിന് കൃഷി-ജല-മണ്ണ് സംരക്ഷണ റോഡ് നിർമ്മാണ പരിപാടികളിൽ MGNREGS-ന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിപുലമായ

പഠന പ്രചാരണ പരിപാടികൾ സംഘടിപ്പിച്ച കഴിഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി നേരിട്ട് ജില്ലകളിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ജിയോ ടെക്സ്റ്റെയിൽസ് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജിയോ ടെക്സ്റ്റെയിൽസിന്റെ വിനിയോഗം വർദ്ധിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കും. തൊഴിൽശക്തി കേന്ദ്രീകൃതമായ കയർമേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു.

## കയർ വ്യവസായ മേഖലയിൽ ഗ്രാമീണ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ

60 (5787) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ വികസനത്തിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കയർ വ്യവസായ മേഖലയിൽ ഗ്രാമീണ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുന്നതിനായി മഹിള കയർ യോജന നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം ചകിരി ഉല്പാദന മേഖലയിലും അനുബന്ധ മേഖലകളിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ഡി) കയർ വ്യവസായ പുനരുദ്ധാരണം, നവീകരണം എന്നിവയിലൂടെ കയർ മേഖലയുടെ സുസ്ഥിര വികസനത്തിനായി കയർ ഉദ്യമി യോജന നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) സ്ത്രീകൾക്കും ഗ്രാമീണമേഖലയിലെ ദുർബല വിഭാഗങ്ങൾക്കും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ പദ്ധതി പ്രകാരം സാധ്യമാകുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ വിപണി വികസന ധനസഹായം പ്രകാരം പ്രതിവർഷം സംസ്ഥാന വിഹിതത്തിന് തുല്യമായ തുക കേന്ദ്രസഹായമായി അനുവദിച്ചിട്ടുണ്ട്. ഈ തുക വിപണി വികസനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വിനിയോഗിച്ചുവരുന്നു. മാറ്റ് & മാറ്റിംഗ്സ്

സൊസൈറ്റികൾക്കും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കും എം.ഡി.എ. പദ്ധതി പ്രകാരം തുക അനുവദിച്ചുവരുന്നു. " കയർ കേരള" നടത്തുന്നതിനുവേണ്ടി മുൻകാലങ്ങളിൽ കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയിരുന്ന മഹിളാ കയർ യോജന പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ കയർബോർഡിന്റെ കയർ ഉദ്യമി യോജന പദ്ധതിവഴി കയർപിരി പരിശീലനത്തിനും യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കഴിയുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാർ കയർവിരി പരിശീലനം, ഇലക്ട്രോണിക് റാട്ട്, എ.എസ്.എം. എന്നിവയിൽ നൽകിവരുന്നുണ്ട്.

(സി) ബാധകമല്ല.

(ഡി) കയർ ഉദ്യമി യോജന കയർബോർഡിന്റെ പദ്ധതിയാണ്. കയർ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപവരെ മൂലധനമുള്ള യൂണിറ്റുകൾക്ക് 40% കയർബോർഡ് സബ്സിഡി ഈ പദ്ധതി പ്രകാരം ലഭിക്കുന്നു. 55% ബാങ്ക് വായ്പയും 5% ഗുണഭോക്തൃ വിഹിതവുമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് മന്ത്രാലയം 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ വാർഷിക പദ്ധതിക്കായി കേരളത്തിന് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കയർ വകുപ്പിലെ കയർ പ്രോജക്റ്റ് ഓഫീസർമാരുടെ സാന്നിധ്യത്തിലാണ്. ആയതിനുള്ള നടപടികൾ കയർ ബോർഡ് സ്വീകരിച്ചുവരുന്നു.

(ഇ) കയർ മേഖലയിൽ പണിയെടുക്കുന്നവരിൽ 85% വനിതകൾ ആയതിനാൽ ഗ്രാമീണ മേഖലയിൽ സ്ത്രീകൾക്കും ദുർബലവിഭാഗക്കാർക്കും കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് കയർ ഉദ്യമി യോജന സഹായകരമാണ്.

**കയർ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള സഹായങ്ങൾ**

61 (5788) <u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘങ്ങൾക്ക് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് കയർ ബോർഡ് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്;

(സി) പ്രസ്തുത സഹായത്തിന് പുറമേ ഇവർക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഫോം മാറ്റിംഗ്സിന്റെ കീഴിൽ കയർ കോമ്പോസിറ്റ് ഫാക്ടറി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 76 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ വാങ്ങുന്നതിനുള്ള ഫണ്ട് സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. 101 കയർ സഹകരണ സംഘങ്ങളിൽ ഇലക്ട്രോണിക് റാട്ടുകൾ ഉപയോഗിക്കുന്നു. 55 കയർ സഹകരണ സംഘങ്ങളും 6 സ്വകാര്യ സംരംഭങ്ങളും ഉൾപ്പെടെ 61 സ്ഥാപനങ്ങൾ ഡി.എഫ്. മെഷീനും ഉപയോഗിക്കുന്നുണ്ട്.

(ബി) സ്വകാര്യ നിക്ഷേപകർക്ക് കയർ ബോർഡ് ചുവടെ പറയുന്ന പദ്ധതികൾ മുഖേന സഹായങ്ങൾ നൽകിവരുന്നു.

1. <u>കയർ വികാസ് യോജന</u>: ആഭ്യന്തര-വിദേശ മാർക്കറ്റ് വികസനം, സ്കിൽ ട്രെയിനിംഗ്, വനിതാ ശാക്തീകരണം, സംരംഭകത്വ വികസനം.

2. <u>SFURTI</u>: സ്കീം ഓഫ് ഫണ്ട് ഫോർ റീജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ് - കയർ ക്ലസ്റ്ററുകൾക്ക് സഹായം നൽകുന്നു. (75%)

3. <u>കയർ ഉദ്യമി യോജന</u>: കയർ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപവരെ മൂലധനമുള്ള യൂണിറ്റുകൾക്ക് 55% ബാങ്ക് വായ്പ, 40% സബ്സിഡി എന്ന രീതിയിൽ സഹായം നൽകുന്നു. 5% ഗുണഭോക്തൃ വിഹിതമായിരിക്കും.

4. <u>എക്സ്പോർട്ട് മാർക്കറ്റ് പ്രൊമോഷൻ സ്കീം</u>: വിദേശമേഖലകളിലും ബയർ-സെല്ലർ മീറ്റുകളിലും പങ്കെടുക്കുന്നതിന് സഹായം നൽകുന്നു.

5. <u>ഡെവലപ്പ്മെന്റ് ഓഫ് പ്രൊഡക്ഷൻ ഇൻഫ്രാസ്ട്രക്ച്ചർ സ്കീം ഫോർ കയർ യൂണിറ്റ്സ്</u>: പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ നവീകരണത്തിനും Fixed Capital Investment എന്ന നിലയിൽ 25% സബ്സിഡി ഡി.എഫ്. യൂണിറ്റിന് 6 ലക്ഷം രൂപ, ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ യൂണിറ്റിന് 4 ലക്ഷം രൂപ, നിലവിലെ യൂണിറ്റ് നവീകരണത്തിന് 2 ലക്ഷം രൂപ, കോമ്പസിറ്റ് & മൾട്ടിപ്പിൾ യൂണിറ്റിന് 9 ലക്ഷം രൂപ.

6. സ്കിൽ അപ്ഗ്രഡേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് സ്കീം

സ്കിൽ ട്രെയിനിംഗ് - സംരംഭകത്വ വികസന പദ്ധതി മോട്ടറൈസ്ഡ് ട്രഡീഷണൽ റാട്ടിന് 3,200/- രൂപ, മോട്ടറൈസ്ഡ് റാട്ടിന് 7,500 രൂപ കയർ ബോർഡിൽ നിന്നും വനിതാ കയർ തൊഴിലാളികൾക്ക് നൽകുന്നു.

7. സയൻസ് ആന്റ് ടെക്നോളജി സ്കീം: ടെക്നോളജി ട്രാൻസ്ഫറിനും ടെസ്റ്റിംഗ്സ് & സർവ്വീസ് ഫെസിലിറ്റികൾക്കുമായി നൽകിവരുന്നു.

8. പ്രധാനമന്ത്രി സുരക്ഷാ ബീമ യോജന: (PMSBY): കയർ തൊഴിലാളികൾക്ക് 12 രൂപ നിരക്കിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

9. ട്രേഡ് ആന്റ് ഇൻഡസ്ട്രി റിലേറ്റഡ് ഫംഗ്ഷണൽ സപ്പോർട്ട് സർവ്വീസ് സ്കീം: കയറ്റുമതി ഡിമാന്റ് സംബന്ധിച്ച വിവരങ്ങൾ നൽകുന്നു. സർവ്വേ സ്റ്റഡി റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. നൂതന സാങ്കേതികവിദ്യയിൽ മനുഷ്യ വിഭവശേഷി വികസന പരിപാടികൾ നടത്തുന്നു.

(സി) ഉൽപ്പന്ന മേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് കയർബോർഡ് സബ്സിഡിക്ക് പുറമേ 10% അധിക സബ്സിഡി നൽകുന്ന പദ്ധതി 2016-17-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ സാമ്പത്തിക വർഷം അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

(ഡി) ആലപ്പുഴ ജില്ലയിലെ കണിച്ചുകുളങ്ങരയിൽ ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ഫാക്ടറി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനായി നാളിതുവരെ 5,56,24,000 രൂപ അനുവദിച്ചിട്ടുണ്ട്. ഫാക്ടറി നിർമ്മാണം പുരോഗമിച്ചുവരുന്നു.

**മിനിമം കൂലി ഉറപ്പുവരുത്തി കയർ ഉല്പന്നങ്ങൾ സംഭരിക്കാൻ നടപടി**

62 (5789) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ രംഗത്തെ സാങ്കേതിക നവീകരണംമൂലം കയർ പിരിക്കാർക്കും നെയ്ത്തുകാർക്കും തൊഴിൽനഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തി, അവർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വാങ്ങി സംഭരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കയർ കോർപ്പറേഷൻ, കയർഫെഡ് മുതലായ സ്ഥാപനങ്ങൾ വാങ്ങി സംഭരിക്കുന്ന കയർ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കയർ വ്യവസായ രംഗം എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി ആധുനികവൽക്കരിക്കുമ്പോൾ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനും കൂലിക്കും യാതൊരുവിധ തടസ്സവും ഉണ്ടാകാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. സംഘങ്ങളിൽ ഉത്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡു വഴി സംഭരിക്കുന്നതാണ്. കൂടാതെ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴിയുള്ള ആനുകൂല്യവും കയർപിരി രംഗത്തെ പരമ്പരാഗത തൊഴിലാളികൾക്ക് തടസ്സം കൂടാതെ ലഭ്യമാക്കുന്നതാണ്. സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം സംഭരിച്ചുവരികയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 2 ലക്ഷം ക്വിന്റൽ കയറും 200 കോടി രൂപയുടെ ഉൽപ്പന്നങ്ങളും സംഭരിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. പരമ്പരാഗത നെയ്ത്തുകാർക്കും കയർപിരിക്കാർക്കും തൊഴിൽ നഷ്ടമുണ്ടാകാതെ സംരക്ഷിക്കുന്നതിന് മേൽ സൂചിപ്പിച്ച നടപടികൾ ഉറപ്പുവരുത്തി മാത്രമേ സാങ്കേതിക നവീകരണം നടപ്പാക്കുകയുള്ളൂ.

(ബി) കയർ വ്യവസായ രംഗത്തെ പരമ്പരാഗത തൊഴിലാളികൾ സംഘങ്ങളിലൂടെ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും കയർഫെഡുവഴി മിനിമം കൂലി ഉറപ്പാക്കി സർക്കാർ സംഭരിച്ചുവരുന്നു. ഈ കയർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ സർക്കാർ ക്രയവില സ്ഥിരതാ പദ്ധതിവഴി കയർ കോർപ്പറേഷനിലൂടെ സംഭരിക്കുന്നു. ഈ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സർക്കാർ ഡിസ്കൗണ്ട് നൽകുന്നു. 2016-17 സാമ്പത്തിക വർഷത്തെ ആദ്യ ബഡ്ജറ്റിൽ 17 കോടി രൂപ വകയിരുത്തിയിരുന്ന ക്രയവില സ്ഥിരതാ ഫണ്ട് 77 കോടി രൂപയായി പുതുക്കിയ ബഡ്ജറ്റിൽ ഉയർത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷം ക്വിന്റൽ കയറും 100 കോടി രൂപയുടെ കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് 2016-17 വർഷത്തിൽ കഴിഞ്ഞിട്ടുണ്ട്.

(സി) കയർ അപ്പക്സ് /പൊതുമേഖലാ സ്ഥാപനങ്ങൾ വാങ്ങി സംഭരിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഓണക്കാലത്ത് 100 താല്ക്കാലിക സ്റ്റാളുകൾ

ആരംഭിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഇതു കൂടാതെ സർക്കാർ ജീവനക്കാർക്ക് തവണ വ്യവസ്ഥയിൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ഡിസ്കൗണ്ട് കൂപ്പണുകൾവഴി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ കയർ ഉല്പന്നങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## ചകിരിച്ചോറ് പുനരുപയോഗിക്കാനുള്ള പദ്ധതികൾ

63 (5790) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശങ്ങളിലും ചവറ തെക്കുംഭാഗം, തേവലക്കര എന്നീ പ്രദേശങ്ങളിലും ചകിരി-കയർ വ്യവസായവുമായി ബന്ധപ്പെട്ട് ചകിരിച്ചോറ് കുന്നുകൂടി ഉണ്ടാകുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഹരിതകേരളം പദ്ധതി പ്രകാരം ഈ ചകിരിച്ചോറ് പുനരുപയോഗിക്കാനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുമോ;

(സി) കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിനായി ഇവ പ്രയോജനപ്പെടുത്തുന്ന തരത്തിൽ ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം വിശദമായ പഠനത്തിനുശേഷം പുതിയ പദ്ധതികൾ ആരംഭിക്കുമോ;

(ഇ) റോഡ് നിർമ്മാണത്തിന്റെ അസംസ്കൃത വസ്തുവായി ചകിരിച്ചോറ് ഉപയോഗിക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കയർ വികസന വകുപ്പിന് കീഴിൽ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ പദ്ധതികളില്ല.

(ബി) ഈ മേഖലയിലെ ചകിരിച്ചോറിൽ ഉപ്പിന്റെ അംശം കൂടുതൽ ഉള്ളതിനാൽ നിലവിൽ ഇവ കാർഷികാവശ്യത്തിനായി ഉപയോഗിക്കാൻ സാധ്യമല്ല. എന്നാൽ ഈ ചകിരിച്ചോറ് കമ്പോസ്റ്റിംഗ് നടത്തി കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ചകിരിച്ചോർ കമ്പോസ്റ്റിംഗ് ചെയ്യുന്നതിനുവേണ്ടിയുള്ള ഗവേഷണ പദ്ധതികൾ എൻ.സി.ആർ.എം.ഐ. നടത്തിവരികയാണ്.

(സി) ചകിരിച്ചോറുപയോഗിച്ചുള്ള ചപ്പൽ നിർമ്മിക്കുന്നതിനുവേണ്ട സാങ്കേതികവിദ്യ എൻ.സി.ആർ.എം.ഐ.-യിൽ വികസിപ്പിച്ചിട്ടുണ്ട്. ഈ

സാങ്കേതികവിദ്യ ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന് കൈമാറുകയും അവർ വ്യാവസായികാടിസ്ഥാനത്തിൽ ചപ്പൽ നിർമ്മാണം നടത്തിവരികയുമാണ്.

(ഡി) ബാധകമല്ല.

(ഇ) റോഡ് നിർമ്മാണത്തിന്റെ അസംസ്കൃത വസ്തുവായി ചകിരിച്ചോറ് ഉപയോഗിച്ചുകൊണ്ടുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടില്ല.

**കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം**

64 (5791) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി.നമ്പ്യാരുടെ സ്മാരകമായി കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മാരകമായി 'കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം' ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കല്ല്യാശ്ശേരിയിലുള്ള കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിൽ സ്മാരക മ്യൂസിയവും അതിനോടൊപ്പം ഒരു ഇലക്ട്രോണിക് ആർ & ഡി സ്ഥാപനവുമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായുള്ള കരട് ആശയക്കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് ചുമതലയ്ക്കായി ഒരു സൊസൈറ്റി രൂപീകരിക്കാനുള്ള പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ കഴിയുന്നതുംവേഗം തീരുമാനമെടുത്ത് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**പി.എം.ഇ.ജി.പി. പദ്ധതി**

65 (5792) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ഇ.ജി.പി. പദ്ധതിയിൽ സംരംഭകനെ തെരഞ്ഞെടുക്കുകയും പരിശീലനം നൽകി ബാങ്ക് വായ്പ തരപ്പെടുത്തി കൊടുക്കുന്നതുവരെയുമുള്ള പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് ഏറ്റെടുക്കുമോ; 2006-11 കാലത്തുണ്ടായിരുന്ന ഹാൻഡ് ഹോൾഡിംഗ് പദ്ധതി നിലവിൽ തുടർന്നുവരുന്നുണ്ടോ;

(ബി) പരിശീലനം കഴിഞ്ഞ് സംരംഭകൻ വായ്പക്കായി ബാങ്കിനെ സമീപിക്കുമ്പോൾ വായ്പ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊല്ലം ജില്ലയിൽ ഇത്തരത്തിലുള്ള കേസുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പ്രൈംമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പി.എം.ഇ.ജി.പി.) പദ്ധതിയിൽ സംരംഭകനെ തെരഞ്ഞെടുക്കുന്നതിനായുള്ള ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി (ഡി.എൽ.റ്റി.എഫ്.സി.), പരിശീലന ത്തിനായുള്ള എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (ഇ.ഡി.പി.) തുടങ്ങി ബാങ്ക് വായ്പ ലഭ്യമാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ വ്യവസായ വികസന ഓഫീസർമാർവഴി ഹാൻഡ്ഹോൾഡിംഗ് പദ്ധതി തുടർന്നുവരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**എം.ആർ. ഹാച്ചറി എന്ന സ്ഥാപനത്തിനെതിരെയുള്ള ജപ്തി നടപടികൾ**

66 (5793) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23-6-1999 -ൽ കോഴിക്കോട് ജില്ലയിലെ നാദാപുരം മുളമ്പത്ത് പ്രവർത്തനമാരംഭിച്ച എം.ആർ. ഹാച്ചറി എന്ന ചെറുകിട വ്യവസായ സ്ഥാപനം ആ വർഷംതന്നെ സബ്സിഡിക്ക് അപേക്ഷിച്ചെങ്കിലും അതു ലഭിച്ചത് 2002 -ലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 6½ വർഷം പ്രവർത്തിച്ചശേഷം നഷ്ടം നേരിട്ടതിനാൽ പ്രസ്തുത സ്ഥാപനം 6-12-2005 -ൽ അടച്ചു പൂട്ടുകയുണ്ടായോ;

(സി) സബ്സിഡി ലഭിച്ചശേഷം അഞ്ച് വർഷം പ്രവർത്തിച്ചില്ലെന്ന കാരണത്താൽ സബ്സിഡി തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം P1-6013/2005/dtd. 2-5-2006 നമ്പർ കത്തിലൂടെ പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെടുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) എങ്കിൽ ഇതിൽ ജപ്തി നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) സബ്സിഡിയുമായി ബന്ധപ്പെട്ട് 2004 ൽ ഉണ്ടായ നിയമ ഭേദഗതി പ്രകാരം സ്ഥാപനം ആരംഭിച്ചശേഷം അഞ്ച് വർഷം പ്രവർത്തിച്ചവരിൽനിന്ന് സബ്സിഡി തിരിച്ചുപിടിക്കരുതെന്ന് നിർദ്ദേശമുണ്ടോ;

(എഫ്) എങ്കിൽ സബ്സിഡി അനുവദിച്ചതിലെ കാലതാമസം സംരംഭകരെ ദോഷകരമായി ബാധിച്ചത് പരിഹരിക്കാൻ 2004-ലെ നിയമ ഭേദഗതിക്ക് മുൻകാല പ്രാബല്യം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ജി) എങ്കിൽ അതുവരെ എം.ആർ. ഹാച്ചറി എന്ന സ്ഥാപനത്തിനെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവെയ്ക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുകയുണ്ടായി.

(സി) അഞ്ച് വർഷം പ്രവർത്തിച്ചില്ലെന്ന കാരണത്താൽ 4-1-1994-ലെ G.O. (Ms) No. 4/94/ID ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

(ഡി) ജപ്തി നടപടികൾ സ്വീകരിക്കുകയുണ്ടായി.

(ഇ) നിർദ്ദേശമില്ല.

(എഫ്&ജി) ഇതുസംബന്ധിച്ച നിർദ്ദേശം/ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഈ വിഷയം പരിശോധിക്കുന്നതാണ്.

## കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പുനരുദ്ധാരണം

67 (5794) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രതിമാസം എത്ര ഓട്ടോറിക്ഷകൾവീതം പുറത്തിറക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) നിലവിൽ കേരള ആട്ടോമൊബൈൽസിന് എന്തെങ്കിലും ഓർഡറുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പുതിയ മോഡലുകൾ പുറത്തിറക്കിയും കമ്പോളത്തിൽ മത്സരിച്ചും, കേരള ആട്ടോമൊബൈൽസിനെ അതിന്റെ പ്രതാപകാലത്തേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) നിലവിലെ ഓട്ടോറിക്ഷ ഉൽപ്പാദനം BS IV നിബന്ധനകൾക്ക് വിധേയമായി പുനഃക്രമീകരിച്ച് ഉൽപ്പാദനം കൂട്ടാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഫാക്ടറിയിലെ മെഷിനറികളുടെ സ്ഥാപിതശേഷി കണക്കിലെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതാണ്.

(i) ISRO-യ്ക്കുവേണ്ടി CNC മെഷീനുകൾ ഉപയോഗിച്ച് കരാർ ജോലികൾ വിപുലപ്പെടുത്താൻവേണ്ട ആധുനിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ISRO-യുടെ ജോലികൾ ചെയ്യുന്നതിന് പ്രത്യേക വിഭാഗത്തെ ആസൂത്രണം ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ii) നിലവിലുള്ള പരിശീലന പദ്ധതിയായ KAL Skill Devp. & Research Centre കൂടുതൽ കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കുന്നതാണ്.

(ബി) പ്രതിമാസം 125 ഓട്ടോറിക്ഷകൾവീതം പുറത്തിറക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) രാജസ്ഥാനിൽ നിലവിലുള്ള S.A Auto sales ൽനിന്ന് 3 ലോഡ് ഓട്ടോകളുടെ പ്രാരംഭ ഓർഡർ ലഭിച്ചിട്ടുണ്ട്. കൂടാതെ VSSC-യുടെ കരാർ ജോലികൾ ചെയ്യാനുള്ള ഓർഡറും ലഭിച്ചിട്ടുണ്ട്.

(ഡി) പുതിയ മോഡലുകൾ പുറത്തിറക്കിയും കമ്പോളത്തിൽ മത്സരിച്ചും കേരള ആട്ടോമൊബൈൽസിനെ അതിന്റെ പ്രതാപകാലത്തേയ്ക്ക് മടക്കിക്കൊണ്ടു വരുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ശ്രമിക്കുന്നതാണ്.

**കാഡ്കോ വഴി പരിശീലനം**

68 (5795) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഡ്കോ വഴി എല്ലാവിധ വസ്തുങ്ങൾ തയ്ക്കാനും എംബ്രോയിഡറി ചെയ്യാനും ഉൾപ്പെടെ പരിശീലനം നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) പദ്ധതി നടത്തിപ്പിനുള്ള ധനാഗമ മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) വഴി എല്ലാവിധ വസ്ത്രങ്ങൾ തയ്ക്കാനും എംബ്രോയിഡറി ചെയ്യാനും ഉൾപ്പെടെ പരിശീലനം നൽകുന്നതിന് "വസ്ത്രഗ്രാമം" എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നു. സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സർക്കാർ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്ന പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി തിരുവനന്തപുരം, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 60 വനിതകളെ തെരഞ്ഞെടുത്ത് വിവിധതരം വസ്ത്രങ്ങൾ തയ്ക്കുന്നതിനും വസ്ത്രങ്ങളിൽ മൂല്യവർദ്ധനവ് (ഓർണമെന്റേഷൻ) നടത്തുന്നതിനും ഹോസ്പിറ്റൽ വെയർ മാനുഫാക്ചറിംഗ്, ചുരിദാർ നിർമ്മാണം, ഡിസ്പോസിബിൾ നാനോ വസ്ത്ര നിർമ്മാണം എന്നിവയിലും പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം വിജയകരമായി പൂർത്തീകരിച്ചവർ രൂപീകരിക്കുന്ന വനിതാ വ്യവസായ സഹകരണ സംഘങ്ങൾ തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ രൂപീകരിച്ചുകഴിഞ്ഞു. ഈ സംഘങ്ങളുടെ പൊതുസേവന കേന്ദ്രങ്ങൾക്കാവശ്യമായ മെഷിനറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വനിതാ വ്യവസായ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ബി) കേരളത്തിലെ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻസ് കുടുംബങ്ങളിലെ സ്ത്രീകൾക്ക് ടെക്സ്റ്റൈൽ മേഖലയിലെ വിപുലമായ തൊഴിൽ സാധ്യത പ്രയോജനപ്പെടുത്തി ആർട്ടിസാൻ കുടുംബങ്ങളെ സ്വയംപര്യാപ്തമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതി നടത്തിപ്പിനായി 2015-16 സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപ ധനസഹായമായി കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് സർക്കാർ അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ തുക ഉപധനാഭ്യർത്ഥനവഴി കണ്ടെത്തുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയ വ്യവസായ വികസന പദ്ധതികൾ**

69 (5796) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച 20,000 കോടിരൂപയുടെ വികസന പദ്ധതികളിൽ വ്യവസായ വികസന പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 27/2017/വ്യവ. പ്രകാരം ലൈഫ് സയൻസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 340.55 കോടി രൂപ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) സ്കീം വഴി നൽകാനായി തത്വത്തിൽ അംഗീകാരം (inprinciple sanction) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് (കെ.എസ്.ഐ.ഡി.സി.) നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

കേരളത്തിലെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വ്യവസായ ഭൂമിയിൽ വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അനുവദിച്ച് നൽകുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടിയെടുത്തുവരുന്നു. ഇത് വായ്പ അധിഷ്ഠിത പദ്ധതിയായി നടപ്പിലാക്കാനും പദ്ധതിയുടെ 70% കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖേനയുള്ള വായ്പ തുകയും ശേഷിക്കുന്ന 30% തുക 50:50 എന്ന അനുപാതത്തിൽ സംസ്ഥാന സർക്കാരിന്റെയും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും വിഹിതമായി ചെലവുചെയ്യാനാണ് ലക്ഷ്യമിടുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ ഇതിനായുള്ള സംസ്ഥാന സർക്കാർ വിഹിതമായി 200 ലക്ഷം രൂപയുടെ ബഡ്ജറ്റ് വിഹിതം ലഭ്യമാണ്. കേരളത്തിൽ ലഭ്യമായ വ്യവസായഭൂമി സംരംഭകർക്ക് ആവശ്യാനുസരണം അനുവദിച്ചുനൽകാൻ പര്യാപ്തമല്ല. ആയതിനാൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് ഇതിനായി ഉപയോഗപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതി ഊന്നൽ നൽകുന്നു.

FACT-യിൽനിന്നും 600 ഏക്കർ ഭൂമി ഏറ്റെടുത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1,864 കോടി രൂപ പദ്ധതിച്ചെലവുണ്ട്. ആയതിന്റെ ധനസമാഹരണം കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖേനയാണ് നടത്തിവരുന്നത്.

കൂടാതെ, 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 18.15 കോടി രൂപ വകയിരുത്തിയിട്ടുള്ള നോൺ ബിറ്റാലാക്റ്റം ഫാക്ടറിയുടെ ഒന്നാംഘട്ടവും 10 കോടി രൂപ അധികമായി പ്രഖ്യാപിച്ചിട്ടുള്ള അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ആവശ്യമുള്ള മരുന്ന് ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഏകജാലക ക്ലിയറൻസ് ബോർഡ്**

70 (5797) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വ്യവസായ പാർക്കുകളിലെ ഏകജാലക ക്ലിയറൻസ് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

ഉത്തരം

വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ വകുപ്പുകളിൽനിന്ന് ലഭിക്കേണ്ട ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും ലഭിക്കുന്നതിന് അതാത് വകുപ്പുകളുമായി ഏകജാലക ക്ലിയറൻസ് ബോർഡ് നേരിട്ട് ബന്ധപ്പെട്ട ലൈസൻസുകളുംമറ്റും വേഗത്തിൽ ലഭിക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയും അതുവഴി അപേക്ഷയിൽ സമയബന്ധിതമായി തീരുമാനമെടുക്കുക എന്നതാണ് വ്യവസായ പാർക്കുകളിലെ ഏകജാലക ക്ലിയറൻസ് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

**വ്യവസായ നയം**

71 (5798) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള വ്യവസായ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(ബി) പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ എങ്ങനെയാണ്; ആയത് ലഘൂകരിച്ച് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യുവാക്കളെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയും വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം

സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലും പാരിസ്ഥിതിക/മലിനീകര പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്കും സ്ത്രീ സംരംഭകർക്കും കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതരത്തിലും നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ കരട് സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു.

(ബി) പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നതിനായി കെട്ടിടത്തിന്റെ 'Layout approval' നഗരാസൂത്രണ വകുപ്പിൽനിന്നും വാങ്ങേണ്ടതാണ്. കെട്ടിട നിർമ്മാണത്തിനുള്ള അനുവാദം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നുള്ള 'Consent to establish' വാങ്ങേണ്ടതും ആവശ്യമാണ്. പൗരന്റെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ തുടങ്ങുന്നതിനു മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുവാദം വാങ്ങേണ്ടതുണ്ട്. നിബന്ധനകൾ അനുസരിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് നമ്പർ രേഖപ്പെടുത്തിയശേഷം വൈദ്യുതി കണക്ഷന് അപേക്ഷിക്കാവുന്നതാണ്. പഞ്ചായത്തിൽനിന്നുള്ള ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള consent to operate എന്നിവ ലഭ്യമാക്കിയശേഷംവേണം യൂണിറ്റ് പ്രവർത്തനം ആരംഭിക്കാൻ. ഈ ലൈസൻസുകളും ക്ലിയറൻസുകളും ലഭിക്കുന്നതിനുള്ള വേദിയായി ഏകജാലക ക്ലിയറൻസ് ബോർഡുകൾ, കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് ആക്ട് പ്രകാരം പ്രവർത്തിക്കുന്നുണ്ട്.

വ്യവസായ സംരംഭങ്ങൾക്ക് കാലതാമസം കൂടാതെ സംസ്ഥാനത്തെ നിക്ഷേപാന്തരീക്ഷം വ്യവസായ സൗഹൃദമാക്കാൻ ലോകബാങ്ക് നിർദ്ദേശ പ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ലൈസൻസുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണിച്ചുവരുന്നു.

### സിമന്റ് ക്ഷാമം

72 (5799) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സിമന്റ് ക്ഷാമം നേരിടുന്നതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിവരം നൽകാമോ;

(ബി) ഈ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് സ്വകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

<u>ഉത്തരം</u>

(എ&ബി) സിമന്റ് ക്ഷാമം നേരിടുന്നതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലബാർ സിമന്റ്സിനെ സംബന്ധിച്ചിടത്തോളം ഏകദേശം 3 മാസത്തോളം (ഒക്ടോബർ, നവംബർ, ഡിസംബർ 2016) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഉൽപാദനത്തിൽ തടസ്സം നേരിട്ടിരുന്നു. എന്നാൽ ഇപ്പോൾ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുകയും ഉല്പാദനം പൂർവ്വസ്ഥിതിയിൽ ആക്കുകയും ചെയ്തിട്ടുണ്ട്. സിമന്റ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സിമന്റ് ഡീലർമാരെയും സിമന്റ് നിർമ്മാതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് വ്യവസായ വകുപ്പുമന്ത്രിയും ധനമന്ത്രിയും ഉൾപ്പെട്ട ഒരു ഉന്നതതല യോഗം 10-5-2017-ൽ നടത്തുകയും സിമന്റിന്റെ വില ഏകീകരിക്കുന്നതിന് ആവശ്യമായ ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. മലബാർ സിമന്റ്സ് കേരളത്തിലുടനീളം കമ്പനിയുടെ വാളയാർ പ്ലാന്റിൽനിന്നും ചേർത്തല പ്ലാന്റിൽനിന്നും സിമന്റിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിലെ പാക്കിംഗ് പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതോടുകൂടി കേരള വിപണിയുടെ ഗണ്യമായ ശതമാനം മലബാർ സിമന്റ്സിന് അവകാശപ്പെടാനാകും.

**"ചെറുകിട സംരംഭകരെ പ്രയോജനപ്പെടുത്തുന്ന വ്യവസായനയം"**

73 (5800) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട സംരംഭകരെ പ്രയോജനപ്പെടുത്തുന്ന രീതിയിൽ ആവിഷ്കരിക്കുമെന്ന് പ്രസ്താവിച്ച പ്രകാരമുള്ള വ്യവസായ നയത്തെ സംബന്ധിച്ച് വിവരിക്കുമോ;

(ബി) പ്രായഭേദമില്ലാതെ സ്ത്രീ സംരംഭകർക്ക് പ്രത്യേക പരിഗണന നൽകി, ഇവർ മുന്നോട്ടുവയ്ക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) യുവാക്കളെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയും, വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിനുതകുന്ന തരത്തിലും പാരിസ്ഥിതിക/മലിനീകര

പ്രശ്നങ്ങൾ കുറവുള്ളതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്കും സ്ത്രീ സംരംഭകർക്കും കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിലും നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ കരട് സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു.

## വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടി

74 (5801) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) മുൻ സർക്കാർ നിക്ഷേപക സംഗമം നടത്തുന്നതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്താൻ വേണ്ടി വിവിധ രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിനുകീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി.ഐ.പി.പി.)-ന്റെ നിർദ്ദേശമുണ്ട്. അവരുടെ റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ വാണിജ്യ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് ഡി.ഐ.പി.പി. സംസ്ഥാനങ്ങളെ പട്ടികപ്പെടുത്തിയിരിക്കുന്നത്. ഇതിനായി വിവിധ മേഖലകളിൽ ചട്ടങ്ങളും വ്യവസായ നിയമങ്ങളുമനുസരിച്ച് നവീകരണം നടപ്പിലാക്കാനാവശ്യമായ നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തി മികച്ച രീതിയിൽ ഇത് മുന്നോട്ട് കൊണ്ടുപോകാൻ പഠനം നടത്തിയിരുന്നു. കേരളത്തിൽ വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടത്താനാവശ്യമായ സാഹചര്യം സൃഷ്ടിക്കുകയാണ് ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യം. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിച്ച് ക്ലിയറൻസിനുള്ള കാലതാമസം ഒഴിവാക്കി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോൽസാഹി പ്പിക്കുന്നതിനും ആയതിലൂടെ വാണിജ്യ വ്യവസായങ്ങൾ സുഗമമായും വേഗത്തിലും

നടത്താനാവശ്യമായ പാരിസ്ഥിതിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. അതുവഴി വ്യവസായ മേഖലയിലെ അനുമതികൾ സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിമയങ്ങൾ/ചട്ടങ്ങൾ, ഉത്തരവുകൾ, നിലവിലുള്ള ഏകജാലക നിയമം, അടിസ്ഥാന സൗകര്യമേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതുഅപേക്ഷാ ഫോറം തുടങ്ങിയവ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ, നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' (ഐ.പി.എഫ്. എ.) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി.) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കുക, ബന്ധപ്പെട്ട വകുപ്പുകളിലെയും ഏജൻസികളിലെയും അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാ ഫോറം കൊണ്ടുവരുന്നതിനായും നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മുൻസർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) മുഖേന നടത്തിയ നിക്ഷേപ സംഗമമാണ് 'എമർജിംഗ് കേരള 2012'. പ്രസ്തുത സംഗമവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതുവരെ 19.73 കോടി രൂപ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്. ഐ. ഡി. സി.) മുഖേന ചെലവഴിച്ചിട്ടുണ്ട്.

## കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി

75 (5802) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി രൂപീകരണം ഏത് ഘട്ടത്തിലാണ്; ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ വ്യവസായങ്ങളാണ് പ്രസ്തുത ഹൈടെക് ഇടനാഴിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത ഹൈടെക് ഇടനാഴി സ്ഥാപിക്കാൻ എത്ര ഏക്കർ സ്ഥലം ആവശ്യമായി വരുമെന്നും എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും അതിന് എത്ര കോടി രൂപ ചെലവാകുമെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത വ്യവസായ ഇടനാഴി സംസ്ഥാനത്തെ വ്യവസായരംഗത്തെ എപ്രകാരം പോഷിപ്പിക്കുവാൻ ഉതകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയെ ബംഗളൂരു വരെ ബന്ധിപ്പിച്ച് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വ്യവസായ ഇടനാഴി രൂപീകരണത്തിന് സർക്കാർ നടപടികൾ എടുത്തുവരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചപ്രകാരം കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതിയുടെ വിശദപഠനം കേന്ദ്ര സർക്കാർ നടത്തിയതിനുശേഷം, കേരള സർക്കാർ സമർപ്പിക്കുന്ന വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ മാത്രമേ വ്യവസായങ്ങളുടെയും സ്ഥലം ഏറ്റെടുക്കൽ നടപടികളുടെയും പദ്ധതിച്ചെലവിന്റേയും വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഡി) പ്രസ്തുത വ്യവസായ ഇടനാഴി സ്ഥാപിക്കുകവഴി വ്യാവസായിക രംഗത്തേക്ക് നിരവധി സംരംഭകരെ ആകർഷിക്കുന്നതിനും വ്യാവസായിക ആഭ്യന്തര ഉൽപ്പാദന വർദ്ധനവിനും അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക ഉന്നമനവും ലക്ഷ്യമിടുന്നു.

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി**

76 (5803) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി' എന്ന സമഗ്ര പദ്ധതി ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതികൊണ്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയെ ബംഗളൂരു വരെ ബന്ധിപ്പിച്ച് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വ്യവസായ ഇടനാഴി രൂപീകരണത്തിന് സർക്കാർ നടപടികളെടുത്തുവരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT) -ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇന്ത്യയിൽ നടപ്പിലായി വരുന്ന മറ്റ് വ്യാവസായിക ഇടനാഴികളുമായി പ്രസ്തുത കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയെ ബന്ധിപ്പിച്ച് അതുമൂലം കേരളത്തിനുണ്ടാകുന്ന വ്യാവസായിക വികസനമാണ് ഭാവിയിൽ പ്രസ്തുത പദ്ധതിമൂലം ഉണ്ടാകുന്ന പ്രധാനനേട്ടം. പ്രസ്തുത പദ്ധതിയുടെ വിശദപഠനം പൂർത്തിയായാൽ മാത്രമേ ഇതുസംബന്ധിച്ച കോട്ടങ്ങൾ പ്രതിപാദിക്കാൻ കഴിയുകയുള്ളൂ.

**വാമനപുരം നിയോജകമണ്ഡലത്തിലെ വ്യവസായ വികസന പ്രവർത്തനങ്ങൾ**

77 (5804) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടത്തിയ വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കുംവേണ്ടി ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) വാമനപുരം നിയോജകമണ്ഡലത്തിൽ വ്യവസായവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ സംരംഭകത്വ സഹായ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, സംരംഭകത്വ ബോധവത്കരണ പരിപാടി എന്നീ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) 1. സംരംഭകത്വ സഹായ പദ്ധതി പ്രകാരം 6 സംരംഭങ്ങൾക്കായി 8.78 ലക്ഷം രൂപ നിക്ഷേപസഹായമായി നൽകിയിട്ടുണ്ട്.

2. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം രണ്ട് സംരംഭകർക്ക് 2.76 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

3. സംരംഭകത്വ ബോധവത്കരണ പരിപാടി മൂന്ന് വിദ്യാലയങ്ങളിൽ സംഘടിപ്പിച്ചു. ആയതിലേക്ക് 19,800 രൂപ ചെലവായിട്ടുണ്ട്.

(സി) ഇല്ല.

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ കെടുകാര്യസ്ഥത**

78 (5805) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ കെടുകാര്യസ്ഥത ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഓരോ സ്ഥാപനങ്ങളെയും പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായിത്തന്നെ പരിഹാരം കണ്ടെത്താൻ സഹായിക്കുന്നുണ്ട്.

ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കാൻ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 270 കോടി രൂപയുടെ പദ്ധതി വിഹിതം സർക്കാർ അനുവദിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം തുടർച്ചയായ മോണിട്ടറിംഗിന് വിധേയമാക്കുന്നതിനാൽ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന മികവുറ്റ സാങ്കേതികവും ഭരണപരവുമായ നടപടിക്രമങ്ങളിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ച പ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ട്.

കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായതിന്റെ കാരണങ്ങൾ**

79 (5806) ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം എത്ര കോടി രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ തിരുത്തി അവയെ ലാഭകരമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കി വിപണനത്തിനനുയോജ്യമായ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലുണ്ടായ കാലതാമസം, മെഷീനറികളുടെ കാലപ്പഴക്കം എന്നിവ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതിയെയും, വിപണിയിൽനിന്നുള്ള കടുത്ത മത്സരത്തെയും വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ

പ്രവർത്തനം മത്സരക്ഷമമാകുവാൻ കഴിയാത്തതും, മതിയായ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുമാണ് മിക്ക സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണങ്ങൾ.

(ബി) മുൻസർക്കാരിന്റെ കാലത്ത് അവസാന സാമ്പത്തിക വർഷമായ 2015-16-ൽ വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 131.60 കോടി രൂപയായിരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) കൃത്യമായി അവലോകനം ചെയ്തുവരുന്നു. അതിനുപുറമെ ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കി; ഇത്തരം അവലോകനങ്ങൾ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായിത്തന്നെ പരിഹാരം കണ്ടെത്തുവാൻ സഹായിച്ചു. ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സഹായം ലഭിക്കുന്ന സ്ഥിതിയിലല്ല മിക്ക സ്ഥാപനങ്ങളും. ആയതിനാൽ കൂടുതൽ ധനസഹായം ബഡ്ജറ്റിൽനിന്നും നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയ 100 കോടി രൂപയ്ക്കുപുറമെ 23 കോടി രൂപകൂടി സർക്കാർ അധിക ധനസഹായമായി നൽകിയിട്ടുണ്ട്. വിപണന മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വിപുലീകരണത്തിലൂടെയും നവീന സാങ്കേതികവിദ്യയിലൂടെ ഉൽപ്പാദനക്ഷമത കൂട്ടിയും ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിലൂടെ വിപണന സാധ്യതകൾ ഉറപ്പുവരുത്തിയും മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിപണിയിലെ കടുത്ത മത്സരത്തെ അതിജീവിക്കാൻ സാധിക്കുകയുള്ളൂവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ സാമ്പത്തിക വർഷം മുതൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതികൾ നടപ്പിലാക്കാൻ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 270 കോടി രൂപയുടെ പദ്ധതിവിഹിത സഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻവർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്. ഇതുകൂടാതെ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കാൻ പ്രത്യേക ധനസഹായവും സർക്കാർ അനുവദിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന വിവിധ വിപുലീകരണ പദ്ധതികളുടെ ഫലമായി 20% മുതൽ 30% -ത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് പ്രാഥമിക വിലയിരുത്തൽ. കൂടാതെ വിവിധ സ്ഥാപനങ്ങളിൽ ആസൂത്രണം ചെയ്തു വരുന്ന പദ്ധതികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും കൂടുതൽ കേന്ദ്ര നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

80 (5807) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനിൽ അക്കര :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ആധാരമാക്കിയ പഠനം ഏതാണ്; ആ പഠനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ കണക്കാക്കുന്നതിനായുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റിംഗ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിരുന്നുവോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിലായതായി സർക്കാർ വെളിപ്പെടുത്തിയത് എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിന്റെ ഭാഗമായി ഓരോ മാസത്തെയും പ്രവർത്തനം സംബന്ധിച്ച വിവരം സർക്കാരിന് നൽകുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന ഇന്റർനെറ്റ് അധിഷ്ഠിത വെബ്പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ഓരോ മാസത്തെയും പ്രവർത്തന റിപ്പോർട്ട് അടുത്തമാസം 10-ാം തീയതിക്കുമുമ്പ് റിയാബിൽ ലഭിക്കുകയും ചെയ്തുവരുന്നു. ഈ റിപ്പോർട്ടിൽ കമ്പനികളുടെ അതാത് മാസത്തെ വിറ്റുവരവും, ഉൽപ്പാദന ചെലവുകളും ലാഭനഷ്ടക്കണക്കുകളും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള 31-3-2017-ൽ അവസാനിച്ച സാമ്പത്തിക വർഷമായ 2016-17-ലെ കണക്കുകളുടെ ആഡിറ്റുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ ആഡിറ്റുകൾ യഥാസമയം നടത്തുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനവും റിയാബ് മുഖേന നടത്തിവരുന്നു. എന്നിരുന്നാലും ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളിൽ അക്കൗണ്ട്സ് വാർഷിക പൊതുയോഗത്തിൽവച്ച് അംഗീകരിക്കുന്നതിലുള്ള താമസവും, മറ്റുചില സാങ്കേതിക കാരണങ്ങളാലും ചില കമ്പനികളിൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് തീർക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ഇത് പരിഹരിക്കുന്നതിനായി വകുപ്പുതലത്തിൽ വിവിധ ഇടപെടലുകൾ നടന്നുവരുന്നു. അതുകൂടാതെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി തീർക്കുന്നതിന് ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ വ്യവസായ വകുപ്പ് സെക്രട്ടറിതലത്തിൽ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

(സി) ഇന്റർനെറ്റ് അധിഷ്ഠിത വെബ്ബ്പോർട്ടലിലൂടെ ലഭിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തന റിപ്പോർട്ടിലെ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് റിയാബ് ഈ സ്ഥാപനങ്ങളുടെ ആഡിറ്റിനുമുൻപുള്ള ലാഭനഷ്ടക്കണക്കുകൾ വിലയിരുത്തുന്നത്, അതാത് മാസങ്ങളിലെ കണക്കുകൾ അക്കൗണ്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾ ഈ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നത്.

**മാവേലിക്കര നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ**

81 (5808) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം ഈ വർഷം 20 സ്വകാര്യ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതാണ്. ഇവയ്ക്ക് പി.എം.ഇ.ജി.പി. പ്രകാരമുള്ള സബ്സിഡി ലഭിക്കും. സംസ്ഥാന സർക്കാരിന്റെ സംരംഭകത്വ സഹായപദ്ധതി പ്രകാരമുള്ള ആനുകൂല്യം 15 സ്വകാര്യ ചെറുകിട വ്യവസായങ്ങൾക്ക് നൽകിയിട്ടുണ്ട്. ആയിരം പേർക്ക് തൊഴിൽ ലഭിക്കത്തക്ക വിധത്തിൽ 300 സ്വകാര്യ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ചെറുകിട വ്യവസായ സംരംഭങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ അനുമതിയോടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾവഴി ആരംഭിക്കുന്നതാണ്.

**മൈലാടിയിൽ കെ.എസ്.റ്റി.സി.-ക്ക് സ്ഥലം**

82 (5809) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാടിയിൽ കെ.എസ്.റ്റി.സി. -ക്ക് എത്ര ഏക്കർ സ്ഥലമുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ ഉദുമ സ്പിന്നിങ് മിൽസിനായി എത്ര ഏക്കർ സ്ഥലമാണ് ഉപയോഗിക്കുന്നത്;

(സി) ബാക്കി എത്ര ഏക്കർ സ്ഥലം ഉപയോഗിക്കാതെ കിടപ്പുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഈ കോമ്പൗണ്ടിലുള്ള സെറിഫെഡിന്റേതായുള്ള കെട്ടിടങ്ങളും സ്ഥലങ്ങളും പ്രയോജനപ്പെടുത്തി ഈ സ്ഥലത്ത് ഒരു പുതിയ വ്യവസായസ്ഥാപനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ മൈലാടിയിൽ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് 23.83 ഏക്കർ ഭൂമി കൈവശമുണ്ട്.

(ബി) ഇതിൽ ഉദുമ സ്പിന്നിങ് മിൽസ് കെട്ടിടം സ്ഥിതി ചെയ്യുന്നത് ഏകദേശം 7 ഏക്കർ സ്ഥലത്താണ്.

(സി) നിലവിൽ ഏകദേശം 16.83 ഏക്കർ ഭൂമി ഉപയോഗിക്കാതെ കിടപ്പുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**നഷ്ടത്തിലായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

83 (5810) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് നഷ്ടത്തിലായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിനും കൃത്യമായ കർമ്മപദ്ധതികൾ തയ്യാറാക്കി ത്രികക്ഷിക്കരാർ ഉണ്ടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഓരോ പൊതുമേഖലാ സ്ഥാപനവും ലാഭകരമാക്കുന്നതിന് സമയ ബന്ധിതമായ പാക്കേജുകൾ തയ്യാറാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ത്രികക്ഷി കരാർ ഉണ്ടാക്കുന്ന കാര്യം പരിശോധിച്ചിട്ടില്ല.

(സി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### ക്വാറികളുടെ പ്രവർത്തനം

84 (5811) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറികളുടെ പ്രവർത്തനം നിലച്ചതിനാൽ നിർമ്മാണ രംഗത്ത് മാന്ദ്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്വാറികൾക്ക് പരിസ്ഥിതി ക്ലിയറൻസ് നൽകുംമുമ്പ് പരിസ്ഥിതി ആഘാത പഠനം കാര്യക്ഷമമായി നടക്കുന്നുണ്ട് എന്നുറപ്പാക്കാൻ എന്ത് നടപടികളാണ് കൈകൊണ്ടിട്ടുള്ളത്എന്നറിയിക്കാമോ?

ഉത്തരം

(എ) 2-12-2016-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിരുന്നു. പാരിസ്ഥിതികാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. ഇതുമൂലം ക്വാറി ഉല്പന്നങ്ങൾക്ക് ഉണ്ടായ ക്ഷാമം നിർമ്മാണമേഖലയെ നേരിയതോതിൽ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ 2006-ലെ നോട്ടിഫിക്കേഷൻ നിഷ്കർഷിക്കുന്ന രീതിയിൽ പരിസ്ഥിതി ആഘാത പഠനം കാര്യക്ഷമമായി നടത്തിയതിനുശേഷമാണ് പാരിസ്ഥിതികാനുമതി നൽകുന്നത്.

### ചാലക്കുടിയിൽ താലൂക്ക് വ്യവസായ കേന്ദ്രം

85 (5812) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ താലൂക്ക് അനുവദിച്ച് പ്രവർത്തനം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ, ചാലക്കുടിയിൽ താലൂക്ക് അടിസ്ഥാനത്തിലുള്ള വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

നിർദ്ദേശം പരിശോധിക്കുന്നതാണ്.

### സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി

86 (5813) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിലും ബജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചിട്ടുള്ള ചെറുതും വലുതുമായ എത്ര സ്റ്റേഡിയങ്ങളാണുള്ളത്; ഓരോന്നിന്റെയും തുക ഉൾപ്പെടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളുടെ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 ബജറ്റ് പ്രസംഗത്തിൽ പറളി, മേപ്പയൂർ, ഫറൂക്ക് ഗണപതി എന്നിവിടങ്ങളിലെ സ്കൂളുകളിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം, പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം എന്നിവയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പന്തളത്ത് ചേരിക്കൽ പട്ടികജാതി കോളനിക്കുള്ളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്റ്റേഡിയങ്ങളുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ കായിക യുവജനകാര്യ ഡയറക്ടറേറ്റിലെ സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗംവഴി സ്വീകരിച്ചുവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

**അന്യസംസ്ഥാനത്തുനിന്നും മണൽ കൊണ്ടുവരുന്നതിന് രേഖകൾ**

87 (5814) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണത്തിനായി അന്യസംസ്ഥാനത്തുനിന്നും മണൽ കൊണ്ടുവരുന്നതിന് എന്തൊക്കെ രേഖകളാണ് ആവശ്യമായിട്ടുള്ളത്;

(ബി) ഇതുസംബന്ധിച്ച പൂർണ്ണവിവരം ബന്ധപ്പെട്ട നിയമ വ്യവസ്ഥകളുടെ പകർപ്പു സഹിതം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ടിലെ സെക്ഷൻ 23 C-പ്രകാരം ധാതുക്കൾ ഗതാഗതം ചെയ്യുന്നതിന് മിനറൽ ട്രാൻസിറ്റ് പാസ് ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഓരോ സംസ്ഥാനവും വ്യത്യസ്ത രീതിയിലാണ് മിനറൽ ട്രാൻസിറ്റ് പാസ്

തയ്യാറാക്കിയിരിക്കുന്നത്. സാധുവായ ഇത്തരം മിനറൽ ട്രാൻസിറ്റ് പാസുകൾ ഉണ്ടെങ്കിൽ മറ്റേതൊരു സംസ്ഥാനത്തുനിന്നും കേരളത്തിലേക്ക് മണൽ കൊണ്ടുവരാവുന്നതാണ്. ആയതിന് യാതൊരു നിയമതടസ്സവും നിലവിലില്ല.

മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്പ്മെന്റ് ആന്റ് റഗുലേഷൻ) ആക്ടിന്റെ 23(C)-യിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് ധാതുക്കൾ ഗതാഗതം ചെയ്യുന്നതിനും സംഭരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ് സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ 7-2-2015-ലെ സ.ഉ.(പി)17/2015/വ്യവ(SRO 73/2015) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ചെക്ക്പോസ്റ്റ് വഴി മണൽ കടത്തുമ്പോൾ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് അതിനാവശ്യമായ രേഖകളും ആവശ്യമായി വരുന്നതാണ്. ആക്ടിന്റെ പ്രസക്ത ഭാഗവും SRO 73/2015 ചട്ടത്തിന്റെ പകർപ്പും അനുബന്ധം I&II ആയി ചേർത്തിട്ടുണ്ട്.*

## കൈത്തറി മേഖലയുടെ നവീകരണത്തിനുള്ള നടപടികൾ

88 (5815) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ആൻസലൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കൈത്തറി നെയ്ത്തുകാർക്ക് പരമ്പരാഗതമായി ലഭിച്ചുവരുന്ന വിവിധതരം ഇൻസെന്റീവുകളും ക്ഷേമപദ്ധതികളും വരുമാന ഉറപ്പുപദ്ധതിയും തുടരുന്നതിന് എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കൈത്തറി ഉല്പന്നങ്ങൾക്ക് റിബേറ്റ് നൽകിയ വകയിലുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കൈത്തറി മേഖലയുടെ നവീകരണത്തിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(1) പണിശാല നവീകരണത്തിന് ധനസഹായം .

(2) ഡൈഹൗസ് നവീകരണത്തിന് ധനസഹായം.

(3) വ്യക്തിഗത നെയ്ത്തുകാർക്ക് പണിശാല നവീകരണത്തിനുള്ള ധനസഹായം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾക്ക് താഴെ പറയുന്ന തുക 2016-17 വർഷം വിനിയോഗിച്ചു.

| | | |
|---|---|---|
| 1 | പണിശാലാ നവീകരണ ഗ്രാന്റ് | 14,09,440 |
| 2 | ഡൈഹൗസ് നവീകരണ ഗ്രാന്റ് | 6,87,780 |
| 3 | വ്യക്തിഗത നെയ്ത്തുകാർക്ക് പണിശാല നവീകരണ ഗ്രാന്റ് | 10,84,000 |

കൂടാതെ, ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിന് പുനരുദ്ധാരണ പദ്ധതിയിൻ കീഴിൽ ധനസഹായം നൽകുന്നു. ഒരു ഡിസൈനിന് 20,000/- രൂപ വീതം ഡിസൈൻ വികസനത്തിനായി ഒരു ലക്ഷം രൂപ ഉൽപ്പന്ന വൈവിധ്യ വൽക്കരണത്തിനായി നൽകുന്നുണ്ട്. മൂല്യവർദ്ധിതവും അധികമൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രോത്സാഹനവും എന്ന പദ്ധതിയിലൂടെ ശേഷിവികസനത്തിനും പുതിയ ഡിസൈൻ വികസനത്തിനും നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു. ട്രെയിനിംഗിൽ പങ്കെടുക്കുന്ന നെയ്ത്തുകാർക്ക് സ്റ്റൈപന്റ്, ട്രെയിനിംഗിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങാൻ ധനസഹായം, പരിശീലകർക്കുള്ള വേതനം എന്നിവയും നൽകുന്നു.

(ബി) കൈത്തറി നെയ്ത്തുകാർക്ക് പരമ്പരാഗതമായി ലഭിച്ചുവരുന്ന ഇൻസെന്റീവ് പദ്ധതിയാണ് പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഇതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 5.93 കോടി രൂപ ഇതിനായി വിനിയോഗിച്ചു. നടപ്പുവർഷം 6 കോടി രൂപ റിബേറ്റ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## കൈത്തറി സംഘങ്ങളുടെ ഉൽപ്പാദനശേഷി

89 (5816) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. ഉണ്ണി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്തുകാരുടെ നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് പരിശീലനം, നൈപുണ്യം, ശേഷി വികസന പദ്ധതി. നെയ്ത്തുകാരുടെ ക്ഷാമം പരിഹരിക്കുന്നതിന് താൽപ്പര്യമുള്ള പുതിയ ആളുകൾക്ക് നൂതന സാങ്കേതികവിദ്യയിൽ പരിശീലനം നൽകുന്നു. പുതിയ ഡൈകൾ, ഡൈയിംഗ് രീതികൾ, കളർ പാക്കേജുകൾ, പുതിയ ഡിസൈനുകൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം, പരിശീലനം എന്നിവ നെയ്ത്തുകാർക്കും, ഡൈയിംഗ് മാസ്റ്റർമാർക്കും നൽകിവരുന്നു. ഓർഗാനിക് ഡൈയിംഗ് എന്ന പേരിൽ പ്രകൃതിദത്തമായ ചായങ്ങൾ ഉപയോഗിച്ച് നൂൽ ഡൈ ചെയ്യുന്നതിന് പരിശീലനം നൽകിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പരിശീലനങ്ങൾക്കായി 105 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മൂല്യവർദ്ധിതവും അധിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രോത്സാഹനവും എന്ന പദ്ധതിയിലൂടെ ശേഷി വികസനത്തിനും പുതിയ ഡിസൈൻ വികസനത്തിനും നെയ്ത്തുകാർക്ക് വിവിധയിനം പരിശീലനങ്ങൾ നൽകിവരുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്ന നെയ്ത്തുകാർക്ക് സ്റ്റൈപന്റ്, ട്രെയിനിംഗിനാവശ്യമായ അസംസ്കൃതവസ്തുക്കൾ വാങ്ങാൻ ധനസഹായം, പരിശീലകർക്കുള്ള വേതനം എന്നിവയും നൽകുന്നു.

**ചുട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതി**

90 (5817) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അമരവിളയിൽ ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.വി.ഐ.എൻ.ഡി. (റ്റി)3 എന്ന ചുട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതിയെക്കുറിച്ച് ലഭിച്ച പരാതിയിൽ നടപടി സ്വീകരിച്ചോ;

(ബി) പ്രസ്തുത ക്രമക്കേടിനെ സംബന്ധിച്ച് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ ; അതിന്മേൽ സംഘം ഭാരവാഹികളോട് വിശദീകരണം ആവശ്യപ്പെട്ടോ;

(സി) പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് ജില്ലാ, സംസ്ഥാന ഖാദിബോർഡ് സെക്രട്ടറിമാർക്ക് പലപ്രാവശ്യം പരാതി നൽകിയിട്ടും അന്വേഷണം നടത്താൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് പ്രസ്തുത അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര അമരവിളയിൽ ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.വി.ഐ.എൻ.ഡി. (റ്റി) 3 എന്ന ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതിയെക്കുറിച്ച് ലഭിച്ച പരാതിയിന്മേൽ ബോർഡിലെ അസിസ്റ്റന്റ് രജിസ്ട്രാർ സംഘം സന്ദർശിച്ച് പരാതിയെപ്പറ്റി അന്വേഷിച്ച് 19-4-2017-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല.

(സി) കെ.വി.ഐ.എൻ.ഡി.(റ്റി)3 എന്ന ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതിയെക്കുറിച്ച് ടി സംഘത്തിലെ അംഗമായ ശ്രീ. എസ്. വിജയൻ മുതൽ പേർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരനായ ശ്രീ. എസ്. വിജയനെ നേരിൽക്കണ്ട് മൊഴി എടുക്കുകയും മേൽ നടപടികൾക്കായി പരാതിയും അനുബന്ധ രേഖകളും ഖാദി ബോർഡ് സെക്രട്ടറിയുടെ പേർക്ക് അയച്ചുകൊടുത്ത് അന്വേഷണം നടത്തി റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഖാദി ബോർഡ് തിരുവനന്തപുരം ജില്ലാ ഓഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ അന്വേഷണ റിപ്പോർട്ട് ഇപ്പോൾ പരിശോധിച്ചുവരികയാണ്.

**കായിക നയം**

91 (5818) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കായിക നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) കായിക സമ്പന്നമായിരുന്ന കേരളത്തിന്റെ ഇന്നലെകൾ ഇപ്പോൾ പിന്നോട്ടടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കായികമേഖലയെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ മുൻകയ്യെടുക്കാത്തതുമൂലം സ്കൂൾ മേളയിൽപോലും കേരളം പിന്നിലാവുകയും കായികതാരങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് ചേക്കേറുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ സംസ്ഥാനത്തുതന്നെ പിടിച്ചു നിർത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2012-ൽ ഒരു കായിക നയം പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മലയാള മനോരമ സംഘടിപ്പിച്ച ബാഡ്മിന്റൺ ടൂർണമെന്റിന് നൽകിയ ധനസഹായം**

92 (5819) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത്, മലയാള മനോരമ സംഘടിപ്പിച്ച ബാഡ്മിന്റൺ ടൂർണമെന്റിന് ഓരോ സാമ്പത്തിക വർഷവും എത്ര രൂപ വീതം സർക്കാർ നൽകി ;

(ബി) ആയതിന്റെ വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട സ്ഥാപനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ തുക തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സമാനമായ രീതിയിൽ മറ്റ് മാധ്യമങ്ങൾ സംഘടിപ്പിക്കുന്ന ടൂർണമെന്റുകൾക്ക് ധനസഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലയാള മനോരമ സംഘടിപ്പിച്ച ബാഡ്മിന്റൺ ടൂർണമെന്റിന് 2013-14-ൽ 6,18,000 രൂപയും 2014-15-ൽ 6,18,000 രൂപയും 2015-16-ൽ 6,15,000 രൂപയും അനുവദിച്ചിട്ടുണ്ടായിരുന്നു.

(ബി) വരവ് ചെലവ് കണക്കുകൾ ലഭിച്ചിട്ടില്ല. കായിക യുവജനകാര്യ ഡയറക്ടറേറ്റിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുക തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇപ്പോൾ വ്യക്തമാക്കാനാകില്ല.

**കായിക പരിശീലനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

93 (5820) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) വിദ്യാർത്ഥികളിൽ കായിക നേട്ടം ഉറപ്പാക്കുന്നതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കായിക വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്കൂളുകളിൽ കായികപരിശീലനം മെച്ചപ്പെടുത്തുന്നതിനായി നിലവിൽ കായിക വകുപ്പിന്റെകൂടി ആഭിമുഖ്യത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) പല സ്കൂളുകളിലും കുട്ടികൾക്ക് കളിസ്ഥലങ്ങൾ ലഭ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാലയങ്ങളിൽ കളിസ്ഥലങ്ങളും ഇൻഡോർ സ്റ്റേഡിയവും ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഇ) വിശാലമായ മൈതാനങ്ങൾ ലഭ്യമായ സ്കൂളുകളിൽ അവ അത്യാധുനിക വത്കരിക്കാനും വ്യത്യസ്തങ്ങളായ കായിക പരിശീലനങ്ങൾക്ക് സൗകര്യമേർ പ്പെടുത്താനും കായിക വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികളിൽ കായിക നേട്ടം ഉറപ്പാക്കുന്നതിനായി നിരവധി പദ്ധതികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പാക്കിയിട്ടുണ്ട്. ആയതിൽ സെൻട്രലൈസ്ഡ്, സ്കൂൾ, കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും എലൈറ്റ് സ്കീം തുടങ്ങിയവ ഉൾപ്പെടുന്നു.

(ബി) സ്കൂളുകളിൽ കായികപരിശീലനം മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്കൂൾ സ്പോർട്സ് ഹോസ്റ്റൽ സ്കീമും ഡേ ബോർഡിംഗ് സ്കീമും നടപ്പിലാക്കിയിട്ടുണ്ട്.

(സി&ഡി) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന പല സ്കൂളുകളിലും ഏറ്റവും മികച്ച നിലവാരത്തിലുള്ള കളിസ്ഥലങ്ങൾ എണ്ണത്തിൽ കുറവായതിനാൽ ആയത് പരിഹരിക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിലും കായിക യുവജനകാര്യ വകുപ്പും ഫണ്ടുകൾ അനുവദിച്ച് നൽകുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായവും കേന്ദ്രാവിഷ്കൃത പദ്ധതിയായ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥല വികസനത്തിനായി ഫണ്ടുകൾ അനുവദിച്ചും നൽകിയിട്ടുണ്ട്. കൂടാതെ സ്പൈസൽ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിലും മറ്റും മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങളും നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്. കായിക പരിശീലനത്തിന് മികച്ച സൗകര്യങ്ങളുള്ള സ്കൂളുകളിൽ ആയത് മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിച്ചുകൊണ്ട് ഏറ്റവും മികച്ച കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

## കായിക സർവ്വകലാശാലയും ഹൈ ആൾട്ടിറ്റ്യൂഡ് പരിശീലനകേന്ദ്രങ്ങളും ആരംഭിക്കാൻ നടപടി

94 (5821) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടും ഒട്ടേറെ ഒളിമ്പ്യൻമാരെ സൃഷ്ടിച്ചിട്ടും കേരളത്തിനുമാത്രം ഒരു കായിക സർവ്വകലാശാല ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോകോത്തര നിലവാരത്തിലുള്ള ഒരു കായിക സർവ്വകലാശാല കേരളത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഹൈ ആൾട്ടിറ്റ്യൂഡ് മേഖലയിൽ സ്ഥിതി ചെയ്യുന്ന ലോക രാഷ്ട്രങ്ങളിലെ പല സ്റ്റേഡിയങ്ങളിലും മൽസരിക്കുമ്പോൾ കേരള കായിക താരങ്ങൾ പിൻതള്ളപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇന്ത്യയിൽ ഹൈ ആൾട്ടിറ്റ്യൂഡ് മേഖലയിൽ പരിശീലനകേന്ദ്രങ്ങൾ കുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളത്തിൽ മൂന്നാറിലടക്കം ഇത്തരം ഹൈ ആൾട്ടിറ്റ്യൂഡ് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കായിക മേഖലയുടെ ഉന്നമനത്തിനായി ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

(സി) ഇല്ല. കേരളത്തിലെ കായിക താരങ്ങൾ അന്തർദേശീയ നിലവാരത്തിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുന്നുണ്ട്.

(ഡി) ഇന്ത്യയിൽ ഹൈ ആൾട്ടിറ്റ്യൂഡ് മേഖലയിൽ പരിശീലനകേന്ദ്രങ്ങൾ കുറവാണെങ്കിലും കേരളത്തിൽ മൂന്നാറിൽ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ടി സെന്ററിൽ ഏറ്റവും മികച്ച അന്തർദേശീയ നിലവാരത്തിലുള്ള ആധുനിക പരിശീലന സൗകര്യങ്ങൾ ഉൾക്കൊള്ളിക്കുന്ന തിനായിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഇ) നിലവിൽ മൂന്നാറിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ടി സെന്ററിൽ കായിക താരങ്ങൾക്കായി ഏറ്റവും മികച്ച അന്തർദേശീയ നിലവാരത്തിലുള്ള ആധുനിക പരിശീലന സൗകര്യങ്ങൾ ഉൾക്കൊള്ളിക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഒളിമ്പിക് ദിനാചരണം**

95 (5822) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക് ദിനാചരണം സംഘടിപ്പിക്കാൻ സ്പോർട്സ് കൗൺസിലിനെ ചുമതലപ്പെടുത്തി ഉത്തരവ് നിലനിൽക്കെ തിരുവനന്തപുരം ഒളിമ്പിക് അസോസിയേഷന് ഒളിമ്പിക് ദിനാചരണം സംഘടിപ്പിക്കുന്നതിന് കഴിഞ്ഞ വർഷം ധനസഹായം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പരിപാടി നടത്തിയതിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പൊഴിയൂർ-പരുത്തിയൂർ സ്റ്റേഡിയം, നെയ്യാറ്റിൻകര നഗരസഭാ സ്റ്റേഡിയം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി**

96 (5823) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര എം.എൽ.എ. 2017 ഫെബ്രുവരി മാസം നൽകിയ നിവേദനപ്രകാരം (No.139/VIP/M (ind SBYA)/16 dtd. 22-2-2017) കായിക-യുവജനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ നിർദ്ദേശം അനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്ന പ്രകാരം പൊഴിയൂർ-പരുത്തിയൂർ സ്റ്റേഡിയം, നെയ്യാറ്റിൻകര നഗരസഭാ സ്റ്റേഡിയം എന്നിവ മെച്ചപ്പെടുത്തുന്നതിനു വേണ്ട ഫണ്ട് അനുവദിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കാൻ സ്പോർട്സ്

യുവജനകാര്യ വകുപ്പ് ഏതെങ്കിലും ഏജൻസിയെ ഏൽപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) സ്വൈമൽ പദ്ധതി പ്രകാരം അപേക്ഷ നൽകിയാൽ സ്കൂൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ നീന്തൽക്കുളങ്ങൾ നിർമ്മിക്കാൻ ഫണ്ട് അനുവദിക്കാൻ സാധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടതിൻ പ്രകാരം, ടി സ്റ്റേഡിയങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**കായികക്ഷമതാ മിഷൻ**

97 (5824) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികക്ഷമതാ മിഷൻ രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലൂടെ എന്തെല്ലാം പദ്ധതികളാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനുവേണ്ടി എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇത് എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായികക്ഷമതാ മിഷൻ രൂപീകരിക്കുന്നുണ്ട്.

(ബി) നഴ്സറി തലം മുതൽ ഏഴാം ക്ലാസ്സ് വരെയും 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയും കോളേജ് തലത്തിലും പ്രത്യേക വിഭാഗങ്ങളായി തിരിച്ച് കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും ആരോഗ്യശീലങ്ങളും ആരോഗ്യത്തെക്കുറിച്ചുള്ള പൊതുബോധവും ജീവിതചര്യകളും

ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുമാണ് ടി പദ്ധതിയിൻകീഴിൽ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

(സി) പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കിവരുന്നു.

(ഡി) 2017-18 സ്കൂൾ അധ്യയന വർഷം മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## സ്പോർട്സ് കിറ്റ് വിതരണം

98 (5825) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾക്ക് പുതിയതായി സ്പോർട്സ് കിറ്റ് വിതരണം ചെയ്യാൻ കായിക വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കിറ്റിൽ എന്തൊക്കെ കായിക ഉപകരണങ്ങളാണ് ലഭ്യമാക്കുകയെന്ന് വ്യക്തമാക്കാമോ;

(സി) സ്പോർട്സ് കിറ്റ് ലഭിക്കുന്നതിനായി വിദ്യാലയങ്ങൾക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) വലിയ തുക ചെലവഴിച്ച് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുമ്പോൾ അവ മികച്ച രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്നും സ്കൂളുകൾ അവ സസൂക്ഷ്മം കൈകാര്യം ചെയ്യുന്നുണ്ടെന്നും പരിശോധിക്കാൻ സംവിധാനം ഉറപ്പാക്കുമോ?

### ഉത്തരം

(എ&ബി) ഇല്ല. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്കൂൾ/കോളേജ്/സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സ്പോർട്സ് കിറ്റ് എല്ലാ വർഷവും നൽകാറുണ്ട്. കൂടാതെ സംസ്ഥാനത്ത് കായിക വികസനവുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി കായിക യുവജനകാര്യ ഡയറക്ടറേറ്റും ധനസഹായം അനുവദിക്കുന്നുണ്ട്.

(സി) വിദ്യാലയങ്ങൾക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

## ചാലക്കുടിയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

99 (5826) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ചാലക്കുടി മുനിസിപ്പാലിറ്റി ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

## ആസ്ട്രേലിയൻ സർക്കാരുമായി ചേർന്ന് കായിക രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ

100 (5827) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് ഡയറക്ടറേറ്റ് ആസ്ട്രേലിയൻ സർക്കാരുമായി ചേർന്ന് കായിക രംഗത്തെ ഉന്നമനത്തിനായി 2013-14, 2014-15, 2015-16 കാലഘട്ടത്തിൽ എന്തൊക്കെ പരിപാടികൾ നടത്തി; ഇതിനായി ഏത്ര രൂപയുടെ ഭരണാനുമതി നൽകി; മേൽ കാലഘട്ടത്തിൽ എത്ര രൂപ ചെലവഴിച്ചു;

(ബി) ഭരണാനുമതിയേക്കാൾ കൂടുതൽ തുക ചെലവഴിച്ചുവെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) ഏതൊക്കെ ഇനങ്ങളിൽ എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കായിക യുവജന കാര്യാലയം ആസ്ട്രേലിയൻ സർക്കാരുമായി ചേർന്ന് കായിക രംഗത്തെ ഉന്നമനത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 3 വർക്കുഷോപ്പുകൾ നടത്തുകയുണ്ടായി. ഇതിനായി 14-5-2014-ലെ

ജി.ഒ.(ആർ.ടി.) നമ്പർ 89/14/കാ.യു.വ. പ്രകാരം 86,00,000 രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ സംസ്ഥാന വിഹിതം 39,00,000 രൂപയാണ്. മേൽ കാലഘട്ടത്തിൽ ആകെ 35,89,362 രൂപ ചെലവഴിച്ചു.

(ബി) ഭരണാനുമതിയേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടില്ല.

(സി) മൂന്ന് വർക്ക്ഷോപ്പുകൾ. 35,89,362 രൂപ ചെലവഴിച്ചു.

## പഞ്ചായത്തുകൾതോറും സ്പോർട്സ് കോംപ്ലക്സുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ

101 (5828) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾതോറും സ്പോർട്സ് കോംപ്ലക്സുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സ്പോർട്സിന്റെ വികസനത്തിനുവേണ്ടി പഞ്ചായത്തുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്ന പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)* ഇവയിൽ 18 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## സ്റ്റേഡിയങ്ങളുടെ പ്രോജക്ട് റിപ്പോർട്ട്

102 (5829) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 -ലെ പുതുക്കിയ ബജറ്റിൽ വിവിധ നിയോജകമണ്ഡലങ്ങളിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചതിൽ എത്ര സ്റ്റേഡിയങ്ങളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചുകഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര പ്രോജക്ടുകൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പ്രോജക്ടുകൾക്കാണ് ഭരണാനുമതി നൽകിക്കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) സ്റ്റേഡിയം വികസനത്തിന്റെ ഭാഗമായി 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിൽ 7 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി ലഭിക്കുകയും എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിക്കുകയും ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 60 കോടി രൂപ ചെലവിൽ 6 സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിൽ 5 പ്രോജക്ടുകൾക്കും മലപ്പുറം ഫുഡ്ബോൾ ഹബ്ബിനും (മഞ്ചേരി ജില്ലാ സ്പോർട്സ് കോംപ്ലക്സ് & ഫുഡ്ബോൾ അക്കാദമി) ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ

മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ

1. തിരുവനന്തപുരം -തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം
2. കോട്ടയം-സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം
3. തൃശ്ശൂർ-ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം
4. മലപ്പുറം-പി. മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം
5. കോഴിക്കോട്-ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം
6. വയനാട്-സി.കെ.ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം
7. കണ്ണൂർ-ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം

എല്ലാ പഞ്ചായത്തുകളിലും കളിക്കളം

1. നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം
2. ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം
3. കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം
4. വയനാട് ജില്ലാ സ്റ്റേഡിയം
5. നടുവണ്ണൂർ വോളിബോൾ അക്കാദമി
6. എടപ്പാൾ ഗവ. എച്ച്.എസ്.എസ്.

7. നിലമ്പൂർ മിനി സ്റ്റേഡിയം
8. പാലക്കാട് ഇൻഡോർ സ്റ്റേഡിയം
9. ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്
10. തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്
11. ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം
12. പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം
13. അയ്യനം പഞ്ചായത്ത് സ്റ്റേഡിയം
14. നെടുങ്കണ്ടം സ്റ്റേഡിയം
15. കണ്ണൂർ ജവഹർ സ്റ്റേഡിയം
16. അടൂർ മുനിസിപ്പൽ സ്റ്റേഡിയം
17. ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം രണ്ടാംഘട്ടം
18. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം
19. പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട്, അത്തൂർ

<u>ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച സ്റ്റേഡിയങ്ങൾ</u>

1. തലശ്ശേരി വി.ആർ കൃഷ്ണയ്യർ സ്റ്റേഡിയം
2. കൊടുമൺ സ്റ്റേഡിയം
3. പട്ടാമ്പി കോളേജ് മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം
4. പൊന്നാനി നിളാതീരം അക്വാർട്ടിക് സ്പോർട്സ് കോംപ്ലക്സ്
5. താനൂർ സ്റ്റേഡിയം
6. ഫുഡ്ബോൾ ഹബ്ബ് (മഞ്ചേരി സ്റ്റേഡിയം രണ്ടാം ഘട്ടം)

ഭരണാനുമതി ലഭ്യമായ പദ്ധതികളുടെ ഡി.പി.ആർ. കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 19 സ്റ്റേഡിയത്തിന് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഭരണാനുമതികളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

**യുവശക്തി പദ്ധതി**

103 (5830) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) യുവജനങ്ങൾക്കായി 'യുവശക്തി' എന്ന പദ്ധതി ബോർഡ് ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ യുവജന പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് ഈ പ്രോജക്ട് എപ്രകാരമാണ് സഹായിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അവലോകനം ചെയ്തിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ബോർഡ് യോഗം ചേർന്ന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളും/പദ്ധതികളും സംബന്ധിച്ച് അവലോകനം നടത്താറുണ്ട്.

(ബി&സി) ഉണ്ട്. യുവജനങ്ങളുടെ വികസനം പ്രാദേശികതലം മുതൽ തന്നെ ആസൂത്രണം ചെയ്യപ്പെടണം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വികേന്ദ്രീകൃതമായ ഒരു സമീപനം സ്വീകരിക്കുന്നതിന് പ്രാദേശികതലത്തിൽ ലഭ്യമാകുന്ന വിഭവങ്ങളെ സംയോജിപ്പിച്ച് യുവജനവികസനത്തിന് അവരെ സജ്ജമാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനതലത്തിൽ യൂത്ത് പ്രോമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി യൂത്ത് സെന്ററുകൾ ശാക്തീകരിച്ച് യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും യുവജനവികസന മാതൃകകൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ഡി) ഉണ്ട്. പ്രാദേശിക യുവജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് യുവജന വികസനത്തിന് അടിസ്ഥാന വിഭവങ്ങൾ പ്രാദാനം ചെയ്യാൻ കഴിയുന്നവിധത്തിൽ ഗ്രാമപഞ്ചായത്ത്, മിനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ 1934 യൂത്ത് സെന്ററുകൾ സജ്ജമാക്കുന്നുണ്ട്. നിലവിലുള്ള യൂത്ത് സെന്റുകളുടെ പ്രവർത്തനവും സംഘാടനവും പുനഃസംഘടിപ്പിക്കുന്നതോടൊപ്പം ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ യൂത്ത് സെന്റർ ആരംഭിക്കുകയും ചെയ്യുന്നതാണ്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും പ്രായവും യുവജന വികസനത്തിൽ താല്പര്യവും

ശേഷിയുമുള്ള യുവജനങ്ങളെ യൂത്ത് കോ-ഓർഡിനേറ്റർമാരായി ജില്ല, ഗ്രാമം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ നിയോഗിക്കുന്നതായിരിക്കും. ബോർഡ് നേരിട്ട് നടപ്പാക്കുന്നതോ ഇതര വകുപ്പുകളുടെ സഹായത്തോടെ നടപ്പാക്കുന്നതോ ആയിട്ടുള്ള വിവിധ പദ്ധതികളുടെ ഫീൽഡുതല സംഘാടനം യൂത്ത് സെന്ററുകളുടെ നേതൃത്വത്തിലായിലിക്കും നടപ്പാക്കുക. അതിനായി പ്രാദേശിക തലത്തിൽ പ്രഗത്ഭരായ യുവജനങ്ങളുടെ പ്രതിനിധികൾ/സംഘടനാ പ്രതിനിധികൾ ഉൾപ്പടെയുള്ള ഒരു യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി യൂത്ത് സെന്ററുകളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതാണ്. യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി അംഗങ്ങൾക്കും യൂത്ത് കോ-ഓർഡിനേറ്റർമാർക്കും ജില്ലാതലത്തിൽ വിദഗ്ധ പരിശീലനം നൽകുന്നതയിരിക്കും. യുവജന വികസന സമീപന തന്ത്രങ്ങൾ, കാഴ്ചപ്പാടുകൾ, മാതൃകകൾ എന്നിവ ഉൾപ്പെടെയുള്ള പരിശീലനമായിരിക്കും നൽകുന്നത്. ആദ്യഘട്ടമെന്ന നിലയിൽ ഒരു ജില്ലയിൽ ഒരു യൂത്ത് സെന്റർ എന്ന രീതിയിൽ 14 പഞ്ചായത്ത് യൂത്ത് സെന്ററുകൾ സ്ഥാപിക്കുക എന്നത് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു.

(ഇ) യുവജനവികസനത്തിനായി സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്ന പദ്ധതികളും ഏകോപിപ്പിക്കുന്നതിനും അവയ്ക്കുവേണ്ട വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിനും സംസ്ഥാനത്തെ യൂത്ത് ക്ലബ്ബുകൾ, സർക്കാരേതര സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഒരു വിഭവ-വിവര-വിനിമയ കേന്ദ്രമായി യുവജനക്ഷേമ ബോർഡ് ആസ്ഥാനത്തെ സജ്ജമാക്കുന്നതിനും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് സെന്ററുകളെ ശാക്തീകരിക്കുന്നതിനും ഈ പ്രോജക്ട് സഹായകമായിരിക്കും.

**യുവജനക്ഷേമ വകുപ്പിന്റെ ചുമതലയിൽ പ്രവർത്തനങ്ങൾ**

104 (5831) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലും യുവാക്കളിലുമുള്ള കായികാഭിരുചിയും സർഗ്ഗവാസനയും പരിപോഷിപ്പിക്കുന്നതിനായി യുവജനക്ഷേമ വകുപ്പിന്റെ ചുമതലയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഉല്ലാസയാത്രയോടനുബന്ധിച്ചും മറ്റും വെള്ളക്കെട്ടുകളിൽ വീണ് യുവജനങ്ങളും കുട്ടികളും മരിക്കുന്ന സഹചര്യത്തിൽ കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കുട്ടികളിലെ കായികാഭിരുചി പരിപോഷിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരിശീലകർ/ട്രെയിനർമാർ പരിശീലനം നൽകിവരുന്നു. കേരളത്തിലെ സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ എന്നിവ കേന്ദ്രീകരിച്ച് ഡേബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഗ്രാമങ്ങളിൽ 11 റൂറൽ കോച്ചിംഗ് സെന്ററുകളിലും സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളിലും വിവിധ സ്കൂൾ/കോളേജ് മാനേജ്മെന്റുകളുടെ സഹകരണത്തോടെ സ്കൂൾ/കോളേജുകളിലെ സ്പോർട്സ് ഹോസ്റ്റലുകളിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരിശീലകർ പരിശീലനം നൽകിവരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള 43 സംസ്ഥാന കായിക അസോസിയേഷൻ മുഖേനയും ഇവയുടെ ജില്ലാ യൂണിറ്റുകൾ മുഖേനയും കായികതാരങ്ങൾക്ക് പരിശീലനം നൽകിവരുന്നുണ്ട്.

18 മുതൽ 40 വയസ്സ് വരെയുള്ള യുവാക്കളുടെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ചുമതല. യുവാക്കളിലുള്ള കായികാഭിരുചിയും സർഗ്ഗവാസനയും പരിപോഷിപ്പിക്കുന്നതിനായി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളോത്സവം, യുവസാഹിത്യ ക്യാമ്പ്, യുവ കായിക വികസന പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ തുടങ്ങിയവ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള നീന്തൽക്കുളങ്ങളിൽ കൗൺസിൽ പരിശീലകരുടെ കീഴിൽ കായികതാരങ്ങൾക്ക് നീന്തൽ പരിശീലനം നൽകിവരുന്നു. കൂടാതെ കൗൺസിൽ പരിശീലകർ വിവിധ അസോസിയേഷനുകൾ/ക്ലബ്ബുകൾ മുഖേനയും നീന്തലിൽ പരിശീലനം നൽകിവരുന്നുണ്ട്.

നീന്തൽ അഭ്യസിപ്പിക്കുന്നതിലൂടെ ആരോഗ്യം സമ്പുഷ്ടമാക്കുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹായകരമാകുംവിധം സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലെയും കൗമാരപ്രായക്കാർക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി 2017-18 സാമ്പത്തിക വർഷം ബോർഡ് നടപ്പിലാക്കുന്നതാണ്.

## വയനാട് ഇലക്ട്രിക് പോസ്റ്റ് നിർമ്മാണ യൂണിറ്റ്

105 (5832) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആരംഭിച്ച ഇലക്ട്രിക് പോസ്റ്റ് നിർമ്മാണ യൂണിറ്റിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ യൂണിറ്റ് പ്രവർത്തനക്ഷമമായാൽ പ്രതിദിനം എത്ര പോസ്റ്റുകൾ നിർമ്മിക്കാൻ സാധിക്കും;

(ഡി) എത്ര തൊഴിലാളികൾക്ക് ഈ യൂണിറ്റിൽ തൊഴിൽ നൽകാൻ കഴിയും?

ഉത്തരം

(എ) വയനാട് ജില്ലയിലെ മാനന്തവാടിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഇലക്ട്രിക് പോസ്റ്റ് നിർമ്മാണ യൂണിറ്റിൽ നിലവിൽ ദർഘാസ് നമ്പർ SCM-CP/51/2014-15 പ്രകാരം ഷാർപ്പ് ലൈൻ ബിൽഡേഴ്സ് ആന്റ് ഡെവലപേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നമ്പർ SCM 53/2015-16/2388 തീയതി 1-2-2015 പ്രകാരം കൽപ്പറ്റ ഇലക്ട്രിക്കൽ സർക്കിളിലേയ്ക്ക് ആവശ്യമായ 8 മീറ്റർ, 9 മീറ്റർ പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് രണ്ട് വർഷത്തേയ്ക്ക് കരാർ ഏർപ്പെട്ടിട്ടുള്ളതുമാണ്. ആയതിൻപ്രകാരം ടി സ്ഥാപനം പോസ്റ്റുകൾ വിതരണം ചെയ്തുവരുന്നു.

(ബി) നിലവിൽ യൂണിറ്റ് പ്രവർത്തനക്ഷമമാണ്.

(സി) ടി യൂണിറ്റിൽ നിലവിൽ 8 മീറ്റർ പോസ്റ്റുകൾ 180 എണ്ണം (ഒരു വരിയിൽ 90 എണ്ണം വീതം രണ്ടുവരി), 9 മീറ്റർ പോസ്റ്റുകൾ 168 എണ്ണം (ഒരു വരിയിൽ 84 എണ്ണം വീതം രണ്ടുവരി) ഒരു പ്രാവശ്യം വാർക്കുന്നതിന് സാധിക്കും.

(ഡി) നിലവിൽ ദർഘാസ് ക്ഷണിച്ച് വൈദ്യുതി പോസ്റ്റുകൾ വിതരണം ചെയ്യുന്നതിന് സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് കരാർ നൽകുന്നതിനാൽ ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തൊഴിൽ നൽകുന്നില്ല.

## എടച്ചേരി കെ.എസ്.ഇ.ബി.എൽ. ഓഫീസും ഹെൽപ്പ് ലൈൻ സംവിധാനവും

106 (5833) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സംബന്ധമായ പ്രശ്നം കൈകാര്യം ചെയ്യാൻ കെ.എസ്.ഇ.ബി.എൽ. ഹെൽപ്പ് ലൈൻ സംവിധാനം ഏർപ്പെടുത്തുമോ;

(ബി) കസ്റ്റമർ ഫീഡ്ബാക്ക് ലഭ്യമാക്കി കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനം മെച്ചപ്പെട്ടതാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നാദാപുരം മണ്ഡലത്തിലെ എടച്ചേരി കെ.എസ്.ഇ.ബി.എൽ.ഓഫീസ് സ്ഥലം മാറ്റാൻ ആലോചനയിലുണ്ടോ ?

ഉത്തരം

(എ) ഹെൽപ്പ് ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

## വൈദ്യുതി ഉല്പാദനം

107 (5834) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) കാറ്റിൽനിന്ന് വൈദ്യുതി ഉണ്ടാക്കാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ ബാരാപോൾ വൈദ്യുതി ഉല്പാദന പദ്ധതിയിൽ നിന്നും പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും;

(ഡി) ഇവിടെനിന്നുള്ള വൈദ്യുതി ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളെയും, ലൈനുകളെയും ഉയർന്ന വോൾട്ടേജിലേയ്ക്ക് മാറ്റുക, തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2017-18 കാലയളവിൽ വിവിധ വോൾട്ടതകളിലായി 35 സബ്സ്റ്റേഷനുകളും ഏകദേശം 450 കിലോ മീറ്ററോളം പ്രസരണ ലൈനുകളും

നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ 2017-22 കാലയളവിലായി ട്രാൻസ്ഗ്രിഡ്-2.0 പദ്ധതിയും നടപ്പിലാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയിൽപ്പെടുത്തി 2017-18 കാലയളവിൽ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

വിതരണ നഷ്ടം കുറയ്ക്കുന്നതിന് പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക, സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവേർഷൻ നടത്തുക, മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുത കമ്പികൾ ABC (Aerial Bundled Cable)/ ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പൊതു മേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി. -യുമായി സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പ് വയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിൽ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കാനുള്ള നടപടികൾ എൻ.എച്ച്.പി.സി.-യുടെ ഭാഗത്തുനിന്നും പുരോഗമിക്കുന്നു.

പൂവാറിൽ ഒരു മെഗാവാട്ട് ശേഷിയുള്ള മൈക്രോവിന്റ് പദ്ധതി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. 6.25 മെഗാവാട്ടിന്റെ വിന്റ് മെഷീനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു.

(സി) ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ശേഷി 15 MW ആണ്. അവിടെ 4 മെഗാവാട്ട് സൗരോർജ്ജ പദ്ധതിയും സ്ഥാപിച്ചിട്ടുണ്ട്. ആകെ ശേഷി 19 മെഗാവാട്ടാണ്.

(ഡി) ഇല്ല.

**സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗത്തിൽ ഉണ്ടായ വർദ്ധനവ്**

108 (5835) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കേരളത്തിൽ ഗാർഹിക ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 18-5-2017-ലെ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ വൈദ്യുതി കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | നൽകിയ വൈദ്യുത കണക്ഷനുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 17709 |
| 2 | കൊല്ലം | 9194 |
| 3 | പത്തനംതിട്ട | 5733 |
| 4 | ആലപ്പുഴ | 6931 |
| 5 | കോട്ടയം | 5567 |
| 6 | എറണാകുളം | 5511 |
| 7 | ഇടുക്കി | 9740 |
| 8 | തൃശ്ശൂർ | 9548 |
| 9 | പാലക്കാട് | 19398 |
| 10 | മലപ്പുറം | 14765 |
| 11 | കോഴിക്കോട് | 11528 |
| 12 | വയനാട് | 15059 |
| 13 | കണ്ണൂർ | 11260 |
| 14 | കാസർഗോഡ് | 8135 |
| | ആകെ | 150078 |

(ബി) ഈ പദ്ധതി പ്രകാരം ലഭ്യാമാക്കിയ വൈദ്യുതി കണക്ഷനുകളുടെ വാർഷിക ഉപഭോഗം ഏകദേശം 36 ദശലക്ഷം യൂണിറ്റായിരിക്കുമെന്നാണ് കണക്കാക്കുന്നത്. ഇത് നിലവിലുള്ള കേരളത്തിലെ ഉപഭോഗത്തിന്റെ 0.17 ശതമാനം മാത്രമാണ്.

**വഴിവിളക്കുകളുടെ വൈദ്യുതി ബിൽ കണക്കാക്കുന്നതിന് വൈദ്യുതി മീറ്റർ**

109 (5836) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വഴിവിളക്കുകളുടെ വൈദ്യുതി ബിൽ കണക്കാക്കുന്നതിന് എന്ത് സംവിധാനമാണ് ഇപ്പോൾ കെ. എസ്. ഇ. ബി.എൽ. -ൽ ഉള്ളത്; വഴിവിളക്കുകളുടെ യഥാർത്ഥ വൈദ്യുത ഉപഭോഗം അളക്കുന്നതിന് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ;

(ബി) എത്ര കോർപ്പറേഷൻ, നഗരസഭ, ഗ്രാമപഞ്ചായത്തുകളിൽ വൈദ്യുതി മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വൈദ്യുതി മീറ്റർ ഏർപ്പെടുത്തിയതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ അടച്ചിരുന്ന തുകയിൽ കുറവ് രേഖപ്പെടുത്തുകയുണ്ടായോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ പ്രദേശത്തും വൈദ്യുതി മീറ്റർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; എല്ലാ സ്ഥലങ്ങളിലും സമയബന്ധിതമായി വൈദ്യുത മീറ്റർ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) നിലവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വഴിവിളക്കുകളുടെ വൈദ്യുതി ബിൽ കണക്കാക്കുന്നത്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 17-4-2017-ൽ പുറത്തിറക്കിയ താരിഫ് പരിഷ്കരണ ഉത്തരവ് പ്രകാരമാണ്.

എനർജി മീറ്ററുകൾ ഇല്ലാതെ സ്ഥാപിച്ചിട്ടുള്ള വഴിവിളക്കുകൾക്ക്, നിലവിൽ L.T.VIII (A) എന്ന താരിഫിനും മീറ്ററുകൾ സ്ഥാപിച്ചിട്ടുള്ള വഴിവിളക്കുകൾ L.T.VIII (B) താരിഫിലുമാണ് ബിൽ ചെയ്യുന്നത്. L.T.VIII (A) താരിഫിൽ, വഴിവിളക്കുകളുടെ ശേഷി (Wattage), പ്രവർത്തിക്കുന്ന സമയം (Burning Hours) എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ L.T.VIII (B) താരിഫിൽ, ഉപഭോഗം (Consumption) അടിസ്ഥാനമാക്കിയാണ് നിരക്ക് നിശ്ചയിക്കുന്നത്. വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) 6 കോർപ്പറേഷനുകളിലും 54 നഗരസകളിലും 444 ഗ്രാമപഞ്ചായത്തുകളിലുമുള്ള തെരുവുവിളക്കുകളിൽ മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കിവരുന്നു. മീറ്ററുകൾ സ്ഥാപിക്കുന്നതോടുകൂടി വൈദ്യുതി ബില്ലിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. പല സ്ഥലങ്ങളിലും വൈദ്യുതിചാർജ് കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇല്ല. ചില സ്ഥലങ്ങളിൽ പുതിയതായി സ്ട്രീറ്റ് മെയിൻ വലിക്കേണ്ടതായിവരും. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ എല്ലാ പ്രദേശങ്ങളിലും തെരുവുവിളക്കുകളിൽ മീറ്റർ സ്ഥാപിക്കുന്നതിന് അപേക്ഷ നൽകി അതിനാവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പ്രവൃർത്തികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**ഊർജ്ജവിതരണരംഗം ശക്തിപ്പെടുത്താൻ കർമ്മ പദ്ധതി**

110 (5837) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജവിതരണരംഗം ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിവരിക്കുമോ;

(ബി) എത്ര പുതിയ വൈദ്യുതി കണക്ഷനുകളാണ് ഒരു വർഷക്കാലയളവിനുള്ളിൽ നൽകാനുദ്ദേശിക്കുന്നത്;

(സി) ഊർജ്ജവിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം വിതരണലൈനുകളാണ് കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ രംഗത്ത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം മെച്ചപ്പെടുത്തുക.
3. നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (reconductoring).

4. സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവേർഷൻ.

5. മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bundled Cable)/ ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക.

6. മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.

(ബി) 2017-18 കാലയളവിൽ 3 ലക്ഷത്തിൽപ്പരം വൈദ്യുതി കണക്ഷനുകൾ നൽകാനാണ് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നത്.

(സി) വിതരണരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18 കാലയളവിൽ 2725 കി.മീ. 11 കെ.വി. ലൈൻ വലിച്ച് 2508 ട്രാൻസ്ഫോർമർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 1100-ഓളം കി.മീ. കവചിതകേബിളാണ് ഉപയോഗിക്കുന്നത് (800 കി.മീ. ABC -യും 300 കെ.വി. ഭൂഗർഭ കേബിളും). കൂടാതെ നിലവിലുള്ള 1754 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആയി മാറ്റുകയും 1000 കി. മീ. എച്ച്.റ്റി. ലൈനും 7500 കി.മീ. എൽ.റ്റി. ലൈനും മെച്ചപ്പെട്ട കമ്പി ഉപയോഗിച്ച് പുനർ നിർമ്മിക്കാനും പുതിയ കണക്ഷനുകൾ നൽകുന്നതിനുംമറ്റുമായി ഏകദേശം 3000 കി.മീ. എൽ.റ്റി. ലൈനും (430 കി.മീ. ABC കവചിതകേബിൾ ഉൾപ്പെടെ) നിർമ്മിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് (5 വർഷത്ത ഭരണ കാലയളവിൽ) വിതരണ മേഖലയിൽ 2099316 വൈദ്യുതി കണക്ഷനുകൾ നൽകുകയും 9989 കി.മീ. 11 കെ.വി. ലൈൻ, 19284 കി.മീ. എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 16348 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 13272 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കിമാറ്റുകയും 3871999 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ-ലെ ടെക്നിക്കൽ തസ്തികകളിലെ ജീവനക്കാരുടെ പേരുവിവരം

111 (5838) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ തസ്തികകളുള്ള എത്ര ഓഫീസുകൾ നിലവിലുണ്ട്;

(ബി) ഈ ഓഫീസുകളിൽ പി.എസ്.സി. ക്വാട്ട (40% ഓപ്പൺ ക്വാട്ട & 10% ഇൻ സർവ്വീസ് ക്വാട്ട), 30% ഡിപ്ലോമ പ്രൊമോഷൻ ക്വാട്ട മുഖേന ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി നിയമിതരാകുകയും തുടർന്ന് സ്ഥാനക്കയറ്റംവഴി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) വരെയുള്ള തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നതുമായ ജീവനക്കാരുടെ പേര്, ജനന തീയതി, നിയമന തീയതി, എംപ്ലോയി കോഡ് എന്നീ വിവരങ്ങൾ നൽകാമോ;

(സി) ഈ ഓഫീസുകളിൽ ആശ്രിത/സ്പെഷ്യൽ നിയമന ക്വാട്ടയിൽ നിലവിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) വരെയുള്ളവരുടെ പേര്, ജനന തീയതി, നിയമന തീയതി, എംപ്ലോയി കോഡ് എന്നീ വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിലുള്ള സബ് സ്റ്റേഷനുകൾ**

112 (5839) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിനുകീഴിൽ നിലവിൽ കമ്മീഷൻ ചെയ്യാത്തതും പണി നടന്നുകൊണ്ടിരിക്കുന്നതുമായ എത്ര 66 KV, 110 KV, 220 KV, 400 KV സബ് സ്റ്റേഷനുകളാണ് ടി.സി. സബ് ഡിവിഷന് (ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ) കീഴിൽ നിലനിർത്തിയിരിക്കുന്നത്; ഇവയുടെ എണ്ണം തരം തിരിച്ച് നൽകുമോ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിനുകീഴിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്തതും പൂർണ്ണക്ഷമതയിൽ വൈദ്യുതി വിതരണം ചെയ്യുന്നതുമായ എത്ര 66 KV, 110 KV, 220 KV, 400 KV സബ് സ്റ്റേഷനുകളാണുള്ളത്; തരം തിരിച്ച് ഉള്ള എണ്ണം നൽകുമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിനുകീഴിൽ നിലവിൽ കമ്മീഷൻ ചെയ്തതും വൈദ്യുതി വിതരണത്തിനുശേഷം 6 മാസത്തിൽ കൂടുതൽ ട്രാൻസ്മിഷൻ കൺസ്ട്രക്ഷനുകീഴിൽ നിലനിർത്തിയിരിക്കുന്നതുമായ എത്ര 66 KV, 110 KV, 220 KV, 400 KV സബ് സ്റ്റേഷനുകളാണുള്ളത്; തരം തിരിച്ച് എണ്ണം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിനുകീഴിൽ നിലവിൽ കമ്മീഷൻ ചെയ്യാത്തതും പണി നടന്നു കൊണ്ടിരിക്കുന്നതും റ്റി.സി. സബ് ഡിവിഷന് കീഴിൽ നിലനിർത്തിയിരിക്കുന്നതുമായ സബ്സ്റ്റേഷനുകളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

(i) 66 കെ.വി. സബ്സ്റ്റേഷനുകൾ-3 എണ്ണം

1. ഏനാത്ത് (പത്തനംതിട്ട)
2. ഓടക്കാലി (എറണാകുളം)
3. സൈബർ പാർക്ക് (കോഴിക്കോട്)

(ii) 110 കെ.വി. സബ്സ്റ്റേഷനുകൾ-6 എണ്ണം

1. മുട്ടത്തറ (തിരുവനന്തപുരം)
2. അഞ്ചൽ (കൊല്ലം) (ശേഷി വർദ്ധിപ്പിക്കൽ)
3. മുട്ടം (ഇടുക്കി)
4. മാറാടി (എറണാകുളം)
5. കിനാലൂർ (കോഴിക്കോട്)

(iii) 220 കെ.വി. സബ്സ്റ്റേഷനുകൾ-1 എണ്ണം

കാട്ടാക്കട (തിരുവനന്തപുരം)

(iv) 400 കെ.വി. സബ്സ്റ്റേഷനുകൾ-ഇല്ല.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിനുകീഴിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്തതും പൂർണ്ണക്ഷമതയിൽ വൈദ്യുതി വിതരണം ചെയ്യുന്നതുമായ സബ്സ്റ്റേഷനുകളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു :

(i) 66 കെ.വി. സബ്സ്റ്റേഷനുകൾ-5 എണ്ണം

1. ബാലരാമപുരം
2. തെന്മല
3. പാലക്കാട് മെഡിക്കൽ കോളേജ്
4. മങ്കട
5. അഞ്ചുകുന്ന്

(ii) 110 കെ.വി. സബ്സ്റ്റേഷനുകൾ-17 എണ്ണം

1. പെരിനാട്
2. ജി.ഐ.എസ്. കൊല്ലം
3. കാഞ്ഞിരപ്പള്ളി
4. പാമ്പാടി
5. കോടിമത
6. എറണാകുളം നോർത്ത്
7. കിഴക്കമ്പലം
8. കുത്തുങ്കൽ
9. കൂടൽ
10. അരങ്ങോട്ടുകര
11. പരപ്പനങ്ങാടി
12. ഗാന്ധിറോഡ്
13. കാട്ടൂർ
14. പുതുക്കാട്
15. അങ്കമാലി
16. കൂത്തുപറമ്പ്
17. പെരിന്തൽമണ്ണ

(iii) 220 കെ.വി. സബ്സ്റ്റേഷനുകൾ-1 എണ്ണം

പുന്നപ്ര

(iv) 400 കെ.വി. സബ്സ്റ്റേഷനുകൾ-ഇല്ല.

(സി) കെ.എസ്.ഇ.ബി.എൽ.-ന് കീഴിൽ കമ്മീഷൻ ചെയ്തതും 6 മാസത്തിൽ കൂടുതൽ ട്രാൻസ്മിഷൻ കൺസ്ട്രക്ഷന് കീഴിൽ നിലനിർത്തിയിരിക്കുന്നതുമായ സബ്സ്റ്റേഷനുകളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു :

(i) 66 കെ.വി. സബ്സ്റ്റേഷനുകൾ-5 എണ്ണം

1. അഞ്ചൽ
2. തെന്മല
3. മാങ്കാവ്
4. പുതിയറ
5. അഞ്ചുകുന്ന്

(ii) 110 കെ.വി. സബ്സ്റ്റേഷനുകൾ-5 എണ്ണം

1. പെരിനാട്
2. കോടിമത
3. ഗാന്ധിറോഡ്
4. കൊട്ടുവള്ളി
5. എരുമേലി

(iii) 220 കെ.വി. സബ്സ്റ്റേഷനുകൾ-ഇല്ല.

(iv) 400 കെ.വി. സബ്സ്റ്റേഷനുകൾ-ഇല്ല.

**കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാരുടെ വിവരങ്ങൾ**

113 (5840) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നീ തസ്തികകളിൽ എത്ര എൽ.ഡബ്ല്യൂ.എ ഒഴിവുകളാണ് നിലവിലുള്ളത്; ജീവനക്കാരുടെ പേര്, ജനനതീയതി, നിയമന തീയതി, എംപ്ലോയീമെന്റ് കോഡ് എന്നീ വിവരങ്ങൾ നൽകാമോ;

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 20% ഐ.റ്റി.ഐ. പ്രൊമോഷൻ ക്വാട്ടയിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേര്, ജനനതീയതി, നിയമന തീയതി, എംപ്ലോയീമെന്റ് കോഡ് എന്നീ വിവരങ്ങൾ നൽകാമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിനു കീഴിൽ നിലവിൽ ഉള്ള 66 കെ. വി. 110 കെ. വി. 220 കെ. വി, 400 കെ.വി സബ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ എണ്ണം തരംതിരിച്ച് നൽകുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കെ.എസ്.ഇ.ബി.എൽ. തസ്തികയിലേയ്ക്കുള്ള നിയമനരീതി**

114 (5841) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. മസ്ദൂർമാരുടെ അംഗീകൃത കേഡർ സ്റ്റ്രെംഗ്ത് എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) മസ്ദൂർ തസ്തികയിലേക്കുള്ള നിയമനരീതി ഏതെല്ലാം വിധത്തിലാണെന്ന് വിശദമാക്കാമോ;

(സി) 2011 ജനുവരി മുതൽ 2017 ഏപ്രിൽ 30 വരെ പി.എസ്.സി. മുഖേന മസ്ദൂർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) മസ്ദൂർ തസ്തികയിൽനിന്ന് ഏതെല്ലാം തസ്തികകളിലേക്ക് കാറ്റഗറി മാറ്റം സാധ്യമാണെന്ന് വിശദമാക്കാമോ; അനുപാതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർമാരുടെ സാഗ്ഷൻഡ് സ്റ്റെംഗ്ത് 5311 ആണ്.

(ബി) പി.എസ്.സി. വഴി ജില്ലാതലത്തിലാണ് നിയമിക്കുന്നത്. കൂടാതെ ആശ്രിത നിയമനം വഴിയും, സ്പോർട്സ് ക്വാട്ട വഴിയും നിയമിക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കാറ്റഗറി മാറ്റം സാധ്യമല്ല.

**രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന**

115 (5842) ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരം മുൻ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിടുന്ന ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| 1 | 11 കെ.വി. ലൈൻ നിർമ്മാണം | 1705 km |
| 2 | 25 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 1556 Nos |
| 3 | എൽ.റ്റി. ലൈൻ നിർമ്മാണം | 3491 km |
| 4 | വൈദ്യുതി കണക്ഷൻ നൽകിയത് (ബി.പി.എൽ) | 96182 Nos |
| 5 | വൈദ്യുതി കണക്ഷൻ നൽകിയത് (എ.പി.എൽ) | 11344 Nos |

(ബി&സി) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി മുൻ സർക്കാരിന്റെ കാലയളവിൽത്തന്നെ പൂർത്തീകരിച്ചു. എന്നാൽ ഡിസംബർ 2014-ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജനയിൽ ഉൾപ്പെടുത്തി ഗ്രാമീണ വൈദ്യുതീകരണ പ്രവർത്തികൾ നടന്നുവരുന്നു.

## സൗരഗൃഹ പദ്ധതിയിൽ എൻ.ജി.ഒ.-കളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ നടപടി

116 (5843) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരഗൃഹ പദ്ധതിക്കായി ഉപഭോക്താക്കളെ കണ്ടെത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്; അതുവഴി എത്ര മെഗാവാട്ട് ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് സൗരഗൃഹ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്;

(ഡി) ഉപഭോക്താക്കൾക്ക് ഇതിനായുണ്ടാകുന്ന ചെലവ് എത്രയാണ്; എത്ര ശതമാനം സബ്സിഡി നൽകുന്നുണ്ട്;

(ഇ) ആരാണ് പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയെന്നും ആരെയാണ് ഇതിനായി സമീപിക്കേണ്ടതെന്നും അറിയിക്കുമോ;

(എഫ്) സൗരഗൃഹ പദ്ധതി വ്യാപിപ്പിക്കുന്നതിനായി വിവിധ എൻ.ജി.ഒ.-കളെയും തദ്ദേശ ഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പദ്ധതി ജനകീയമാക്കാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര നവനവീകരണീയ ഊർജ്ജ മന്ത്രാലയം പുറത്തിറക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി അപേക്ഷ സമർപ്പിക്കുന്ന മുൻഗണനാ ക്രമത്തിലാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. സോളാർ ഓഫ്ഗ്രിഡ് പദ്ധതിയിൽ 1 മുതൽ 3 കിലോവാട്ട് വരെ മാത്രമേ ഗാർഹിക ഗുണഭോക്താക്കൾക്ക് അർഹതയുള്ളൂ. സോളാർ ഗ്രിഡ് കണക്റ്റഡ് പദ്ധതിയിൽ ഗാർഹിക ഗുണഭോക്താക്കൾക്ക് പുറമെ നോൺ-പ്രോഫിറ്റ് ആയി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കും സബ്സിഡി ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് നിലവിൽ സോളാർ കണക്ട് പ്രോഗ്രാമിലൂടെ പവർ പ്ലാന്റുകൾ സ്ഥാപിച്ചതിൽനിന്ന് ആകെ 3.274 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിച്ചിട്ടുണ്ട്. കൂടാതെ 10000 സൗരമേൽക്കൂര പ്രോഗ്രാമിലൂടെ 9836 പവർ പ്ലാന്റുകൾ സ്ഥാപിച്ചതിൽനിന്നും ആകെ 9.836 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിച്ചിട്ടുണ്ട്.

(സി) സോളാർ കണക്ട് പ്രോഗ്രാമിലൂടെ 5 മെഗാവാട്ട് സ്ഥാപിതശേഷിയും സോളാർ സ്മാർട്ട് പ്രോഗ്രാമിലൂടെ 6.4 മെഗാവാട്ട് സ്ഥാപിതശേഷിയുമാണ് സംസ്ഥാനത്ത് ലക്ഷ്യം വച്ചിട്ടുള്ളത്.

(ഡി) ഉപഭോക്താവിന് സോളാർ കണക്ട് പ്രോഗ്രാമിലൂടെ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് ആകെ 75,000 രൂപയാണ് ഏകദേശവില. ഇതിൽ കേന്ദ്ര സർക്കാർ സബ്സിഡി വിഹിതമായി ആകെ തുകയുടെ 30 ശതമാനവും സംസ്ഥാന സർക്കാർ സബ്സിഡി വിഹിതമായി 7,200 രൂപയുമാണ് ലഭിക്കുക. സോളാർ സ്മാർട്ട് പ്രോഗ്രാമിലൂടെ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് ഏകദേശ വില 1,50,000 രൂപയും സബ്സിഡി വിഹിതമായി ഒരു കിലോവാട്ടിന് 67,500 രൂപയും ലഭിക്കും.

(ഇ) അനെർട്ട് ആണ് നോഡൽ ഏജൻസി. ഉപഭോക്താക്കൾ ഡയറക്ടർ, അനെർട്ടിനെ സമീപിക്കുന്നു.

(എഫ്) 2017-18 സ്കീമിൽ ഉൾപ്പെടുത്തി എൻ.ജി.ഒ.-കളെയും തദ്ദേശ ഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പദ്ധതി ജനകീയമാക്കാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

## സോളാർ എനർജിവഴി വൈദ്യുതി ഉല്പാദനം

117 (5844) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി സോളാർ എനർജിവഴി വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് ഉല്പാദിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി 9.505 MW സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായിട്ടുണ്ട്.

അനെർട്ട് പുതിയതായി സോളാർ കണക്ട് പ്രോഗ്രാം വഴി ആകെ 3.274 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത പവർ പ്ലാന്റുകളും, 10000 സൗരമേൽക്കൂര പദ്ധതിക്ക് കീഴിൽ 1.925 മെഗാവാട്ട് ശേഷിയുള്ള ഓഫ്ഗ്രിഡ് പവർ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ അനെർട്ട് പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിതശേഷി (മെഗാവാട്ട്) | കരാർ തുക (കോടിരൂപയിൽ) | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കൊല്ലങ്കോട് സബ്സ്റ്റേഷൻ പരിസരത്ത് | 1.00 | 6.75 | 8-8-2016 |
| 2 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 4.293 | 29-8-2016 |
| 3 | ഇടയാർ സബ്സ്റ്റേഷൻ സെക്ഷൻ ആന്റ് ഓഫീസ് പരിസരത്ത് | 1.25 | 8 | 5-9-2016 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | ജനറേഷൻ റൂഫ് ടോപ് പദ്ധതി 17 എണ്ണം | 0.7 | 5.88 | - |
| 5 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി.) | 0.047 | 1.08 | 30-11-2016 |
| 6 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 6.75 | 7-11-2016 |
| 7 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി.) | 0.018 | 0.761 | 30-11-2016 |
| 8 | ബാരാപ്പോൾ കനാൽ ടോപ് ഗ്രിഡ് കണക്ട് കനാൽ ടോപ് | 3.00 | 25.983 | 17.11.2016 |
| 9 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 4.5 | 22-4-2016 |
| 10 | കെ.എസ്.ഇ.ബി.എൽ. ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നമ്പർ) | 0.91 | 7.64 | - |
| 11 | കെ.എസ്.ഇ.ബി.എൽ.ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നമ്പർ.) | 0.46 | 3.82 | - |
| 12 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മുകളിൽ | 0.03 | 0.228 | - |
| | ആകെ | 9.505 | 75.685 | |

സോളാർ കണക്ട് പവർ പ്ലാന്റുകൾ സ്ഥാപിച്ചതിന് സംസ്ഥാന സർക്കാർ വിഹിതമായി പ്രതികിലോവാട്ടിന് 10,000 രൂപ വീതം ആകെ 49,20,000 രൂപയും കേന്ദ്രസർക്കാർ വിഹിതമായി ആകെ 1,43,80,720 രൂപയും വിതരണം ചെയ്തിട്ടുണ്ട്. 10000 സൗരമേൽക്കൂര പ്രോഗ്രാമിന് സംസ്ഥാന സർക്കാർ വിഹിതമായി പ്രതികിലോവാട്ടിന് 39,000 രൂപ വീതം ആകെ 7,50,75,000 രൂപയും കേന്ദ്ര സർക്കാർ വിഹിതമായി പ്രതികിലോവാട്ടിന് 52,197 രൂപ വീതം ആകെ 1,05,43,794 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

അനെർട്ടിന്റെ കുഴൽമന്ദം 2 മെഗാവാട്ട് സൗരോർജ്ജ പവർ പ്ലാന്റിന്റെ നിർമ്മാണ ചെലവ് (ഇ.പി.സി. കോസ്റ്റ്) 13,09,78,332 രൂപ (പതിമൂന്ന് കോടി ഒമ്പത് ലക്ഷത്തി എഴുപത്തി എട്ടായിരത്തി മൂന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം)

ആണ്. ഇതിൽനിന്നും 6,88,32,388 രൂപ (ആറ് കോടി എൺപത്തിയെട്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി മൂന്നൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

### ദേവികുളം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

118 (5845) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ദേവികുളം നിയോജക മണ്ഡലത്തിലെ എത്ര വീടുകൾ വൈദ്യുതീകരിച്ചെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ എത്ര തുക ചെലവാക്കിയെന്നും കെ.എസ്.ഇ.ബി.എൽ. എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി സന്നദ്ധ സംഘടനകളുടെ സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 17-5-2017-ലെ കണക്കുകൾ പ്രകാരം ദേവികുളം മണ്ഡലത്തിൽ വൈദ്യുതീകരിച്ച വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | നൽകിയ വൈദ്യുതി കണക്ഷനുകൾ |
|---|---|---|
| (1) | (2) | (3) |
| 1 | അടിമാലി | 751 |
| 2 | ബൈസൻവാലി | 14 |
| 3 | ചിന്നക്കനാൽ | 351 |
| 4 | ദേവികുളം | 155 |
| 5 | കാന്തല്ലൂർ | 503 |
| 6 | മാങ്കുളം | 591 |
| 7 | മറയൂർ | 455 |

| (1) | (2) | (3) |
|---|---|---|
| 8 | മൂന്നാർ | 135 |
| 9 | പള്ളിവാസൽ | 98 |
| 10 | വട്ടവട | 315 |
| 11 | വെള്ളത്തൂവൽ | 200 |
| | ആകെ | 3568 |

(ബി&സി) പ്രാഥമിക കണക്കുകൾ പ്രകാരം ദേവികുളം നിയോജക മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് 16.09 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. ഇതിനായി ഒരുകോടി രൂപ കെ.എസ്.ഇ.ബി.എൽ. വകയിരുത്തിയിരുന്നു. ഇതുവരെ 13 കോടി രൂപയാണ് മണ്ഡലത്തിലെ വൈദ്യുതീകരണത്തിനായി ചെലവാക്കിയത്. ഇതിൽ 35.85 ലക്ഷം രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും 5.99 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പത്ത് ലക്ഷം രൂപ സുമനസ്സുകൾ/സന്നദ്ധ സംഘടനകൾ മുഖേനയും ലഭിച്ചിട്ടുണ്ട്. ഒരുകോടി രൂപ ബഹുമാനപ്പെട്ട എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്.

**ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്തവർക്ക് സബ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ**

119 (5846) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010 നടപ്പിലാക്കാൻ സർക്കാർ നീട്ടി നൽകിയ സമയപരിധിക്ക് മുമ്പായി അതോറിറ്റി നിഷ്കർഷിക്കുന്ന യോഗ്യതയായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്ത ജീവനക്കാരെ ഉൾപ്പെടുത്തി സബ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) സബ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് അതോറിറ്റി നിഷ്കർഷിക്കുന്ന യോഗ്യതയായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്തവർക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനായി യോഗ്യത എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് എന്ന്

മാറ്റി ഉത്തരവാക്കിയിട്ടുണ്ടോ; ഐ.റ്റി.ഐ. യോഗ്യതയുള്ള സബ് എഞ്ചിനീയർമാർക്ക് ലാറ്ററൽ എൻട്രി ട്രെയിനിംഗ് കോഴ്സ് നൽകി ഡിപ്ലോമ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സി.ഇ.എ. സേഫ്റ്റി റെഗുലേഷൻ 2010 നടപ്പിലാക്കുന്നതിനുള്ള സമയപരിധി അവസാനിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച റിപ്പോർട്ട് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഓവർസിയർ (ഇലക്ട്രിക്കൽ), സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) & അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരെയും കെ.എസ്.ഇ.ബി.എൽ.-ൽ കാലാകാലമായി നിയമിച്ചിരുന്ന രീതിക്ക് സി.ഇ.എ. റഗുലേഷൻ 2010 പ്രകാരം ചില കാതലായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. സമഗ്രമായ പഠനത്തിനും ചർച്ചകൾക്കുംശേഷം മാത്രമേ കെ.എസ്.ഇ.ബി.എൽ.-ൽ ബഹുഭൂരിപക്ഷം വരുന്ന സാങ്കേതിക ജീവനക്കാരുടെ നിയമനരീതി, പ്രൊമോഷൻ എന്നിവയെ ബാധിക്കുന്ന 2010-ലെ നിയമം പൂർണ്ണമായും ഉൾക്കൊള്ളിക്കാൻ സാധിക്കു എന്നതിനാൽ ടി വിഷയത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ. ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി കമ്മിറ്റി പ്രസ്തുത വിഷയം ഗഹനമായി പഠിച്ചു വരുന്നതുമാണ്.

സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നിവരുടെ നിയമനം സംബന്ധമായി ബഹുവിധമായ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാലും ടി വിഷയത്തിൽ നിയമനത്തിനും പുനർവിന്യാസത്തിനും പ്രായോഗികമായ പരിഹാരം കണ്ടുപിടിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാൽ ടി നിയമം കെ.എസ്.ഇ.ബി.എൽ.-ൽ പൂർണ്ണമായി നടപ്പാക്കുന്നതിന് കൂടുതൽ സമയം അനുവദിച്ചു നൽകാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) സബ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് അതോറിറ്റി നിഷ്കർഷിക്കുന്ന യോഗ്യതയായ ഡിഗ്രിയോ, ഡിപ്ലോമയോ ഇല്ലാത്തവർക്ക് പ്രസ്തുത തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനായി യോഗ്യത എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് എന്ന് മാറ്റി ഉത്തരവാക്കിയിട്ടില്ല. നിലവിലെ ബോർഡ് ഉത്തരവുകൾ പ്രകാരമാണ് പ്രൊമോഷൻ നൽകുന്നത്. ഐ.ടി.ഐ. യോഗ്യതയുള്ള സബ് എഞ്ചിനീയർമാർക്ക് ലാറ്ററൽ എൻട്രി ട്രെയിനിംഗ് കോഴ്സ് നൽകി ഡിപ്ലോമ നൽകാൻ തീരുമാനിച്ചിട്ടില്ല.

(സി) ഇല്ല. ഓവർസിയർ (ഇലക്ട്രിക്കൽ), സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) & അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരെയും കെ.എസ്.ഇ.ബി.എൽ.-ൽ കാലാകാലമായി നിയമിച്ചിരുന്ന രീതിക്ക് സി.ഇ.എ. റഗുലേഷൻ 2010 പ്രകാരം ചില കാതലായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. സമഗ്രമായ പഠനത്തിനും ചർച്ചകൾക്കുംശേഷം മാത്രമേ കെ.എസ്.ഇ.ബി.എൽ.-ൽ ബഹുഭൂരിപക്ഷം വരുന്ന സാങ്കേതിക ജീവനക്കാരുടെ നിയമനരീതി, പ്രൊമോഷൻ എന്നിവയെ ബാധിക്കുന്ന 2010-ലെ നിയമം പൂർണ്ണമായും ഉൾക്കൊള്ളിക്കാൻ സാധിക്കു എന്നതിനാൽ ടി വിഷയത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കെ.എസ്.ഇ.ബി.എൽ. ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി കമ്മിറ്റി പ്രസ്തുത വിഷയം ഗഹനമായി പഠിച്ചുവരുന്നതുമാണ്.

സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നിവരുടെ നിയമനം സംബന്ധമായി ബഹുവിധമായ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാലും ടി വിഷയത്തിൽ നിയമനത്തിനും പുനർവിന്യാസത്തിനും പ്രായോഗികമായ പരിഹാരം കണ്ടുപിടിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാൽ ടി നിയമം കെ.എസ്.ഇ.ബി.എൽ.-ൽ പൂർണ്ണമായി നടപ്പാക്കുന്നതിന് കൂടുതൽ സമയം അനുവദിച്ചു നൽകാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

## പതിനഞ്ച് ദിവസത്തിനകം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കർമ്മ പരിപാടി

120 (5847) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപേക്ഷ നൽകി പതിനഞ്ച് ദിവസത്തിനകം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടങ്ങൾ പ്രകാരം അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കണമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി സർവ്വീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിട്ടുണ്ട്. ഇതനുസരിച്ച് പുതിയതായി പോസ്റ്റോ ലൈനോ സ്ഥാപിക്കേണ്ടാത്ത എൽ.റ്റി. കണക്ഷനുകൾ രണ്ട് പ്രവർത്തി ദിവസത്തിനുള്ളിലും, സപ്പോർട്ട് പോസ്റ്റ്/ പോസ്റ്റ് ഇൻസർഷൻ വേണ്ട എൽ.റ്റി. കണക്ഷനുകൾ 7 ദിവസത്തിനുള്ളിലും, ഓവർഹെഡ് ലൈൻ വലിക്കേണ്ട എൽ.റ്റി. കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്. പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തണമെന്ന സർക്കാർ നൽകിയ നയപരമായ നിർദ്ദേശത്തിനനുസരിച്ച് കെ.എസ്.ഇ.ആർ.സി. മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനും ഉടമസ്ഥാവകാശ മാറ്റത്തിനുമുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പംതന്നെ, അപേക്ഷഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 100 ചതുരശ്ര മീറ്റർ വരെയുള്ള വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഉടമസ്ഥാവകാശ രേഖ ഒഴിവാക്കിക്കൊണ്ട് 6-10-2016-നും (പകർപ്പ് അനുബന്ധം(1) ആയി ചേർക്കുന്നു.*) 1500 ചതുരശ്ര അടിവരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാൻ 16-11-2016-നും (പകർപ്പ് അനുബന്ധം(2) ആയി ചേർക്കുന്നു.*) സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.*

**കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി നിരക്ക് ഏകീകരിക്കാൻ നടപടി**

121 (5848) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾക്ക് വ്യാവസായിക നിരക്കിലും ലോക ബാങ്ക് ധനസഹായത്തോടെയുമുള്ള ജലനിധി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികൾക്ക് ഗാർഹിക നിരക്കിലും വൈദ്യുതി നൽകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ കുടിവെള്ള പദ്ധതികൾക്കും വൈദ്യുതി നിരക്ക് ഏകീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി.എൽ.-ന് എത്ര തുക കുടിശ്ശിക നൽകാനുണ്ട്; ഗ്രാമീണ പദ്ധതികളുടെയും നഗരപദ്ധതികളുടെയും തുക വേർതിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി ചാർജ് പരിഷ്കരിക്കുന്നതിനും നിർണ്ണയിക്കുന്നതിനുമുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിൻപ്രകാരം 17-4-2017-ലെ ഉത്തരവിലൂടെ ഏതാനും ചില ഉപഭോക്തൃ വിഭാഗങ്ങളുടെ താരിഫ് പരിഷ്കരിക്കുകയുണ്ടായി. ടി ഉത്തരവ് പ്രകാരം ശുദ്ധജല വിതരണ പദ്ധതികൾ 'LT IV(A)-വ്യവസായം' താരിഫിലും, ജലനിധി പദ്ധതികൾ 'LT I-ഗാർഹികം' താരിഫിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലഭ്യമായ വിവരങ്ങൾ പ്രകാരം 1980 മുതൽക്കുതന്നെ കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ളതും അല്ലാത്തതുമായ ശുദ്ധജല വിതരണ പദ്ധതികൾ 'LT IV(A)-വ്യവസായം' താരിഫിലുൾപ്പെടുത്തിയാണ് ബിൽ ചെയ്തുവരുന്നത്. ഇങ്ങനെയുള്ള ശുദ്ധവിതരണ പദ്ധതികൾ സംസ്ഥാനത്തെ ഗാർഹികാവശ്യത്തിനുവേണ്ടി മാത്രമല്ല, വാണിജ്യ, ഗാർഹികേതര, വ്യാവസായിക ആവശ്യങ്ങൾക്കുകൂടി ഉപയോഗിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത താരിഫിൽ ബിൽ ചെയ്തുവരുന്നത്.

എന്നാൽ ഗ്രാമീണമേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന ഗവൺമെന്റ് ജലനിധി പദ്ധതി നടപ്പിലാക്കിയത്. ഗ്രാമീണ മേഖലയിലുള്ള അയൽപക്കത്തുള്ള ഏതാനും കുടുംബങ്ങൾ ചേർന്ന് ജലസ്രോതസ്സ് കണ്ടെത്തി പരിപാലിച്ച് അനുബന്ധ സംവിധാനങ്ങൾ ഏർപ്പെടുത്തി ഗാർഹികാവശ്യത്തിന് മാത്രമായി ഉപയോഗിക്കുന്നതിനുവേണ്ടിയാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. സംസ്ഥാന വൈദ്യുതി ബോർഡ് ടി പദ്ധതിയുടെ എല്ലാ വശങ്ങളും പരിശോധിക്കുകയും പദ്ധതി വാണിജ്യാവശ്യത്തിനല്ല എന്ന കാര്യം പരിഗണിക്കുകയും കൂടാതെ പദ്ധതിയുടെ പരിപാലന ചെലവ് ഗുണഭോക്താക്കൾ വഹിക്കുകയും ചെയ്യുന്നതിനാൽ 15-12-2004 മുതൽ ജലനിധി പദ്ധതിക്കും

അതുപോലുള്ള മറ്റ് പദ്ധതികൾക്കും (16-8-2014 മുതൽ 17-4-2017 വരെയുള്ള കാലയളവ് ഒഴിച്ച്) ഗാർഹിക താരിഫിൽതന്നെ ബിൽ ചെയ്തുവരുന്നു.

(ബി) വൈദ്യുതി നിയമം 2003-ലെ വിവിധ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി താരിഫ് പരിഷ്കരിക്കരിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്.

(സി) 2017 ഏപ്രിൽ അവസാനംവരെ എൽ.റ്റി. വിഭാഗത്തിൽ കേരള വാട്ടർ അതോറിറ്റി നൽകാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക 4,64,47,33,435 രൂപയാണ്. ഇതിൽ ഗ്രാമീണ പദ്ധതികൾക്കായി 3,78,20,66,330 രൂപയും നഗര പദ്ധതികൾക്കായി 86,26,67,105 രൂപയും കുടിശ്ശികയുണ്ട്. കേരള വാട്ടർ അതോറിറ്റി എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ 552.10 കോടി രൂപ (5,52,10,06,244 രൂപ) 31-3-2017-ൽ വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകാനുണ്ട്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

122 (5849) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതിവകുപ്പിനുകീഴിൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പിൽ വരുത്തിയതും ഭരണാനുമതി ലഭിച്ചിട്ടുള്ളതും പൂർത്തീകരിച്ചിട്ടുള്ളതുമായ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ 17.64 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 14.61 കിലോമീറ്റർ ലൈനിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ കാലളയളവിൽ 13 ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനും 25.39 കിലോമീറ്റർ എൽ.റ്റി. ലൈൻ നിർമ്മിക്കാനും 34.06 കിലോമീറ്റർ സിംഗിൾഫേസ് ലൈൻ ത്രീ ഫേസ് ലൈനായി മാറ്റാനും 165.74 കിലോമീറ്റർ എൽ.റ്റി. ലൈൻ 10.71 കിലോമീറ്റർ എച്ച്.റ്റി. ലൈൻ എന്നിവയുടെ നിലവിലുള്ള കമ്പികൾ മാറ്റി ശേഷി കൂടിയ കമ്പികൾ ഉപയോഗിക്കുന്ന

പ്രവൃത്തികൾക്കും 2727 വൈദ്യുതി കണക്ഷനുകൾ നൽകാനും ഭരണാനുമതി നൽകിയതിൽ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 14 കിലോമീറ്റർ എൽ.റ്റി. ലൈൻ നിർമ്മിച്ച് 1120 വൈദ്യുതി കണക്ഷനുകൾ നൽകിയ പ്രവൃത്തി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലും ബാക്കി പ്രവൃത്തികൾ വാർഷിക പദ്ധതിയിലുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

പ്രസരണ വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

(i) 33 കെ.വി. സബ്സ്റ്റേഷൻ കറ്റാനത്തിന്റെ ശേഷി വർദ്ധിപ്പിച്ച് 66 കെ.വി. ആക്കുന്നതിന്റെ ഭാഗമായി 3.6 കി.മീ. 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ സഹിതം നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എ.എസ്. തുക 11.8 കോടി രൂപ.

പ്രസ്തുത ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ii) വള്ളിക്കുന്നം 33 കെ.വി. സബ്സ്റ്റേഷൻ രണ്ടാമത്തെ 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

എ.എസ്. തുക ഒരു കോടി രൂപ.

പ്രസ്തുത പ്രവൃത്തിയുടെ ബന്ധപ്പെട്ട സ്ട്രക്ചറൽ ഫൗണ്ടേഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(iii) 220 കെ.വി. ഇടപ്പോൺ സബ്സ്റ്റേഷനിൽ രണ്ടാമത്തെ 110/33 കെ.വി., 16 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

എ.എസ്. തുക 2,78,70,000 രൂപ.

ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

ട്രാൻസ്ഫോർമറുകളും ബേ എക്യുപ്മെന്റുകളും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പാക്കാവുന്നതാണ്.

(iv) 10.75 കിലോമീറ്റർ ദൈർഘ്യമുള്ള 66 കെ.വി. ഇടപ്പോൺ-മാവേലിക്കര ഡബിൾ സർക്യൂട്ട് ഫീഡർ അപ്ഗ്രേഡ് ചെയ്ത് 110 കെ.വി.ഡബിൾ സർക്യൂട്ട് ഫീഡറാക്കുന്ന പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

എ.എസ്. തുക -9.34 കോടി രൂപ

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊഫൈൽ സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(v) 41 കിലോമീറ്റർ ദൈർഘ്യമുള്ള പള്ളം-മാവേലിക്കര 66 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ അപ്ഗ്രേഡ് ചെയ്ത് 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ ആക്കുന്നതിനുള്ള പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

എ.എസ്. തുക -54 കോടി രൂപ

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രസ്തുത ലൈനിന്റെ മാവേലിക്കര മുതൽ തിരുവല്ല ഭാഗം വരെയുള്ള പ്രൊഫൈൽ സർവ്വേ ജോലികൾ പുരോഗമിക്കുന്നു.

ഇടപ്പോൺ 220 കെ.വി. സബ്സ്റ്റേഷൻ കെട്ടിടത്തിന്റെ മേൽക്കൂരയിൽ 30 KWP ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണ വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

മാവേലിക്കര ട്രാൻസ്മിഷൻ ഡിവിഷന്റെ കീഴിൽ 220 കെ.വി. ഇടപ്പോൺ സബ്സ്റ്റേഷൻ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സബ്സ്റ്റേഷൻ യാഡിൽ നിലവിലുള്ള ലൈറ്റിംഗ് സംവിധാനം മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

ഇടപ്പോൺ സബ്സ്റ്റേഷന്റെ കൺട്രോൾ റൂമിലെ നിലവിലുള്ള ഉപയോഗശൂന്യമായ കംപ്രസർ മാറ്റി സ്പ്ലിറ്റ് എ.സി. സ്ഥാപിക്കുന്ന പദ്ധതി. ഇതുകൂടാതെ കൺട്രോൾ റൂമിൽ HVAC System (High Voltage Alternating Current)-നു വേണ്ടി പുതിയ AC സ്ഥാപിക്കുന്ന പദ്ധതി. ഈ പദ്ധതികൾ സെപ്റ്റംബർ, 2017 -ഓടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## അതിരപ്പിള്ളി വൈദ്യുതപദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ചെലവാക്കിയ തുക

123 (5850) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി വൈദ്യുതപദ്ധതി ഉപേക്ഷിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ഈ പദ്ധതി ഉപേക്ഷിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി സംബന്ധിച്ച പ്രവർത്തനം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ആരംഭിച്ചത് എന്നാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ട്; ഓരോ സാമ്പത്തിക വർഷം തിരിച്ച് തുക വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് 1982-ലാണ് തയ്യാറാക്കിയത്. വിശദമായ പഠനത്തിനുശേഷം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 1998-ലും 2005-ലും 2007-ലും പാരിസ്ഥിതികാ അനുമതി നൽകിയിരുന്നു. തുടർന്ന് വിവിധ പൊതുതാല്പര്യ ഹർജികൾ പരിഗണിച്ച് മന്ത്രാലയം 2007-ൽ നൽകിയ പാരിസ്ഥിതിക അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് 4-1-2010-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകുകയും ഇതിനുള്ള മറുപടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 2010 ജനുവരി മാസം തന്നെ മന്ത്രാലയത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ നോട്ടീസ് 9-10-2015-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പിൻവലിക്കുകയും 163 മെഗാവാട്ടിന്റെ പദ്ധതിക്ക് പാരിസ്ഥിതികാനുമതി 18-7-2017 വരെ നീട്ടി നൽകുകയും ചെയ്തു.

(ഡി) ഈ പദ്ധതിക്കായി ഇതുവരെയും 14.45 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

സാമ്പത്തികവർഷം തിരിച്ചിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| Upto 2008-09 | 7,98,61,188 രൂപ |
| 2009-2010 | 1,08,78,868 രൂപ |
| 2010-2011 | 1,23,62,902 രൂപ |
| 2011-2012 | 2,06,13,519 രൂപ |

| | |
|---|---|
| 2012-2013 | 88,28,159 രൂപ |
| 2013-2014 | 27,25,081 രൂപ |
| 2014-2015 | 23,20,324 രൂപ |
| 2015-2016 | 22,06,264 രൂപ |
| 2016-2017 | 47,03,695 രൂപ |
| ആകെ | 14.45 കോടി രൂപ |

**കാസർഗോഡ് ജില്ലയിൽ മസ്ദൂർ നിയമനം**

124 (5851) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മസ്ദൂർ തസ്തികയിൽ നിയമനത്തിനായി അഡ്വൈസ് മെമ്മോ അയച്ച് മൂന്ന് മാസം കഴിഞ്ഞിട്ടും ഇതുവരെ നിയമന ഉത്തരവ് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ എത്ര പേർക്ക് നിയമന ഉത്തരവ് നൽകാനുണ്ട്;

(സി) അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ 28 ഒഴിവുകൾ 28-12-2016-ന് റിപ്പോർട്ട് ചെയ്തതിൻപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 28 പേരുടെ അഡ്വൈസ് ലിസ്റ്റ് നൽകുകയുണ്ടായി. എന്നാൽ ഒഴിവുകളുടെ അഭാവത്തിൽ ഒരാളിന് മാത്രമാണ് നിമയന ഉത്തരവ് നൽകാൻ സാധിച്ചത്.

പ്രൊമോഷനുകൾ, റിട്ടയർമെന്റ് എന്നിവമൂലമുണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ബാക്കി നിയമനം നൽകാനുള്ളവർക്ക് ഈ വർഷം തന്നെ നിയമനം നൽകാൻ ശ്രമിക്കുന്നതാണ്.

(ബി) 27

(സി) സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് വൈദ്യുതി ഭവന് സ്വന്തമായി കെട്ടിടം**

125 (5852) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതി ഭവൻ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വൈദ്യുതി ഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിയായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കെട്ടിടം പണിക്കുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്നും എത്ര പേർ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടെന്നും ടെണ്ടർ ഉറപ്പിച്ച് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ടെണ്ടർ ഉറപ്പിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ഇലക്ട്രിക്കൽ സർക്കിളും കാസർഗോഡ് ഇലക്ട്രിക്കൽ ഡിവിഷനും ഉൾപ്പെടുന്ന കാസർഗോഡ് വൈദ്യുതി ഭവൻ ഒക്ടോബർ 2015 മുതൽ വാടകയ്ക്ക് പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിന് ഇപ്പോൾ 98,509/- രൂപ വാടക നൽകുന്നുണ്ട്.

(ബി) കാസർഗോഡ് വൈദ്യുതി ഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 1947 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം സ്റ്റീൽ പ്രീ ഫാബ് ടെക്നോളജി ഉപയോഗപ്പെടുത്തിയാണ് നിർമ്മിക്കുന്നത്.

(സി&ഡി) എസ്റ്റിമേറ്റ് തുക 4.20 കോടി രൂപയായിരുന്നു. 13-12-2016-ൽ കെട്ടിട നിർമ്മാണത്തിന് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടറിൽ 5 പേർ പങ്കെടുത്തിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ റദ്ദ് ചെയ്തു. 2016-ലെ ഡി.എസ്.ആർ. പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വൈദ്യുതിയുടെ മിത ഉപയോഗത്തിന് ബോധവത്ക്കരണ പരിപാടികൾ**

126 (5853) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ ഉപയോഗത്തിന് ആവശ്യമായ കരുതൽ സ്വീകരിക്കേണ്ടതിന് പൊതുജനങ്ങളിലെന്നപോലെ വിദ്യാർത്ഥികളിലും അവബോധം സൃഷ്ടിക്കാൻ വൈദ്യുതി വകുപ്പ് എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതിയുടെ മിത ഉപയോഗത്തിന് വകുപ്പ് നടത്തുന്ന ബോധവത്ക്കരണ പരിപാടികൾ വിജയംകണ്ടതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. കുട്ടികളിൽ ഊർജ്ജസംരക്ഷണത്തിനെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കാനായി സ്മാർട്ട് എനർജി പ്രോഗ്രാം എന്ന പേരിൽ 2014-15 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു. സ്മാർട്ട് എനർജി പ്രോഗ്രാം 2014-15-ന്റെ ഭാഗമായി കേരളത്തിലെ 41 വിദ്യാഭ്യാസ ജില്ലകളിൽനിന്നും ഒരു വിദ്യാഭ്യാസ ജില്ലയിലെ 10 സ്കൂളുകളെ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയുണ്ടായി. സ്മാർട്ട് എനർജി പ്രോഗ്രാം 2015-16-ൽ ഒരു വിദ്യാഭ്യാസ ജില്ലയിലെ 50 സ്കൂളുകളെ ഉൾപ്പെടുത്താൻ ലക്ഷ്യമിടുകയും 1500-ലധികം സ്കൂളുകളെ ഉൾപ്പെടുത്താൻ സാധിക്കുകയും ചെയ്തു. 2016-17-ൽ ഒരു വിദ്യാഭ്യാസ ജില്ലയിൽനിന്നും 100 സ്കൂളുകൾ എന്ന നിലയിൽ പങ്കാളിത്തം ലക്ഷ്യമിടുകയും 4270 സ്കൂളുകളെ ഉൾപ്പെടുത്താൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണത്തെപ്പറ്റി അവബോധം സൃഷ്ടിക്കാനായി രൂപീകരിച്ച ഊർജ്ജ കിരൺ പദ്ധതിപ്രകാരം കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലായി പരിപാടികൾ നടത്തിവരുന്നു. 2015-16-ൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു പരിപാടി എന്ന കണക്കിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും 192 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. 2016-17-ൽ 304 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക വഴി ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടി ക്കാനും പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും ഊർജ്ജ കിരൺ കൈപ്പുസ്തകം വിതരണം ചെയ്യുകവഴി അവരുടെ വീടുകളിലെ ഊർജ്ജ ഉപയോഗം സ്വയം വിലയിരുത്താൻ പ്രാപ്തരാക്കാനും സാധിച്ചു. കേരളത്തിലെ എൻ.ജി.ഒ.-കൾ മുഖാന്തരമാണ് ഊർജ്ജകിരൺ പദ്ധതി നടപ്പിലാക്കുന്നത്.

പൊതുജന ബോധവൽക്കരണത്തിനായി ആകാശവാണി, എഫ്.എം. റേഡിയോ എന്നിവയിലൂടെ ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ പരസ്യരൂപേണ നൽകിവരുന്നുണ്ട്. പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഇ.എം.സി. നടത്തിയ സർവ്വേകളിൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കിയ സ്ഥലങ്ങളിൽ വൈദ്യുതി ഉപയോഗം കുറഞ്ഞതായി കണ്ടിട്ടുണ്ട്.

## സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന സ്മാർട്ട് എനർജി പ്രോഗ്രാം

127 (5854) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിവരുന്ന സ്മാർട്ട് എനർജി പ്രോഗ്രാം സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ നടപ്പിലാക്കി വരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; ഇതിൽ അംഗമാകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം സ്കൂളുകൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) സ്മാർട്ട് എനർജി പ്രോഗ്രാം 2016-17-ന്റെ ഭാഗമായി കേരളത്തിലെ 4270 സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സി.ബി.എസ്.ഇ. സ്കൂളുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളത്. ഇവയിൽ ഹൈസ്കൂൾ/യു.പി. സ്കൂളുകളും ഉൾപ്പെടുന്നു.

(സി) ഈ പദ്ധതി പ്രകാരം സ്കൂളുകളിൽ ഊർജ്ജസംരക്ഷണ ക്ലാസുകൾ കൈകാര്യം ചെയ്യാൻ റിസോഴ്സ് പേഴ്സൺമാരുടെ സേവനം സൗജന്യമായി നൽകിവരുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സംസ്ഥാനത്തെ 500 സ്കൂളുകൾക്ക് ഊർജ്ജകാര്യക്ഷമ ഉപകരണങ്ങൾ നൽകിവരുന്നു.

## ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം പ്രകാരം വിനിയോഗിച്ച തുക

128 (5855) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്റഗ്രേറ്റഡ് പവർ ഡെവലപ്പ്മെന്റ് സ്കീം അനുസരിച്ച് 2016 ഏപ്രിൽ മുതൽ 2017 മാർച്ച്31 വരെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചു; അതിൽ എത്ര തുക വിനിയോഗിച്ചു; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം അനുസരിച്ച് 2016 ഏപ്രിൽ മുതൽ 2017 മാർച്ച് 31 വരെ Phase-1-ന് കേന്ദ്ര സർക്കാർ 100.95 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 12.08 കോടി രൂപ വിനിയോഗിച്ചു.

വിനിയോഗിച്ച തുകയുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

| | |
|---|---|
| സോളാർ പദ്ധതികൾക്ക് | 9.4 കോടി രൂപ |
| ട്രാൻസ്മിഷൻ തുടങ്ങിയവ | 2.68 കോടി രൂപ |
| ആകെ | 12.08 കോടി രൂപ |

**കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകൾ**

129 (5856) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് നിർദ്ധനരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് സന്നദ്ധ സംഘടനകൾ പ്രവർത്തിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിനിയോഗിക്കുന്ന തുകയുടെ സ്രോതസ്, തുക എന്നിവ വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 19-5-2017-ലെ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 757 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ലഭിച്ച 760 അപേക്ഷകളിൽ 757 കണക്ഷനുകൾ നൽകി. 3 അപേക്ഷകളിൽ മറ്റ് വസ്തു ഉടമകളുടെ എതിർപ്പ് മൂലം കണക്ഷൻ നൽകാൻ സാധിച്ചിട്ടില്ല. എ.ഡി.എം.-ന്റെ തീരുമാനം വരുന്നതനുസരിച്ച് അവർക്കും കണക്ഷൻ നൽകാവുന്നതാണ്.

(സി) കെ.എസ്.ഇ.ബി.എൽ. ജീവനക്കാരും അവരുടെ സംഘടനകളും ചേർന്ന് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 37 വീടുകളുടെ വയറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ 36.5 ലക്ഷം രൂപയാണ് കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുതീകരണത്തിന് ചെലവ് പ്രതീക്ഷിച്ചിരുന്നത്. ഇതിന്റെ 50% കെ.എസ്.ഇ.ബി. ലിമിറ്റഡ് വഹിക്കാനും ബാക്കി തുക മറ്റ് സ്രോതസ്സുകളിൽനിന്ന് കണ്ടെത്താനുമാണ് തീരുമാനിച്ചിരുന്നത്. പദ്ധതി പൂർത്തീകരിക്കുമ്പോൾ ആകെ ചെലവ് 58,00,882 രൂപ ആയതിൽ എം.എൽ.എ. ഫണ്ട് ആയി 23,00,000 രൂപയും തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതമായി 3,31,800 രൂപയും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ വിഹിതമായി 1,66,286 രൂപയും നിലവിൽ ലഭിച്ചിട്ടുണ്ട്.

**ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ**

130 (5857) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദ വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഇൻകാന്റസെന്റ്, സി.എഫ്.എൽ. മുതലായ ഊർജ്ജക്ഷമത കുറഞ്ഞവ മാറ്റി ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി EESL (Energy Efficiency Services Limited) എന്ന പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് DELP (Domestic Efficient Lighting Programme) എന്ന പദ്ധതിയിലൂടെ എൽ.ഇ.ഡി. ബൾബുകൾ സൗജന്യ നിരക്കിൽ നൽകി വരികയാണ്. ഓരോ ഉപഭോക്താവിനും രണ്ട് എൽ.ഇ.ഡി. ബൾബുകൾ ലഭ്യമാകുന്ന പദ്ധതിയിൽ ഇതുവരെ ഒരു കോടിയോളം ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ഇതുവഴി 250 മെഗാവാട്ടിന്റെ ഉപഭോഗക്കുറവും പ്രതിവർഷം 900 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭവും പ്രതീക്ഷിക്കുന്നു. മൊത്തം ഒന്നരക്കോടി ബൾബുകൾ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

**നെയ്യാറ്റിൻകര തൊഴുക്കലിൽ 110 കെ.വി. സബ് സ്റ്റേഷൻ**

131 (5858) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭാ പ്രദേശമായ തൊഴുക്കലിൽ സ്ഥിതിചെയ്യുന്ന 66 കെ.വി സബ് സ്റ്റേഷൻ നവീകരിച്ച് 110 കെ.വി. സബ് സ്റ്റേഷൻ ആയി ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) വളരെ പഴക്കം ചെന്ന ഈ സബ് സ്റ്റേഷൻ പരിധിയിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 110 കെ.വി സബ് സ്റ്റേഷൻ ആയി ഉയർത്തുന്നതിന്റെ എസ്റ്റിമേറ്റ് തുക അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) നെയ്യാറ്റിൻകര പ്രദേശത്തിന്റെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുവാൻ ഈ സബ് സ്റ്റേഷനെ 110 കെ.വി. ആയി ഉയർത്താൻ വർഷങ്ങളായി നടത്തുന്ന ശ്രമം വിഫലമാകുന്നതിന് കാരണം വിശദമാക്കാമോ;

(ഇ) ഈ സബ് സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പണികൾ ഈ സർക്കാരിന്റെ ഒന്നാം വാർഷികത്തിൽ ആരംഭിക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ആയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. നെയ്യാറ്റിൻകര 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്നതിന് 837.56 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ആയിട്ടുണ്ട്.

(ഡി) സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഇതിന് കാലതാമസം ഉണ്ടായിട്ടില്ല. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി സ്ഥലം നിർമ്മാണ പ്രവർത്തനത്തിന് സജ്ജമാക്കിയിട്ടുണ്ട്.

(ഇ) നെയ്യാറ്റിൻകര സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പണികൾ ഈ സർക്കാരിന്റെ ഒന്നാം വാർഷികത്തിൽ ആരംഭിക്കാൻ കഴിയും.

**മുട്ടത്തറയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

132 (5859) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ മുട്ടത്തറയിൽ സ്ഥാപിക്കുന്ന 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഇതിലേയ്ക്കായി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്; പദ്ധതിക്കായി ആകെ എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) മുട്ടത്തറ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം നിരപ്പാക്കുന്ന പ്രവൃത്തിയും സ്റ്റേഷൻ കോമ്പൗണ്ടിന്റെ ചുറ്റുമതിൽ നിർമ്മാണവും പുരോഗമിക്കുന്നു.

(ബി) 45.26 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. 45.26 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) 2017-18-ൽ നിർമ്മാണം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## 2006-2011-ലെ സമ്പൂർണ്ണ വൈദ്യുതീകരണം

133 (5860) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചിട്ടുള്ള മണ്ഡലങ്ങളിൽ ചില വീടുകളിൽ ഇപ്പോഴും വൈദ്യുതി ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 2006-2011-ലെ സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 19-5-2017-ലെ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ലഭിച്ച 152466 അപേക്ഷകളിൽ 150323 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി താമസിച്ച് ലഭിച്ചതോ ലഭിക്കാത്തതോ ആയ ചില പ്രദേശങ്ങളിലും മറ്റു ഭൂവുടമകളുടെ എതിർപ്പിനെത്തുടർന്ന് റവന്യൂ അധികൃതരിൽനിന്നും കോടതിയിൽനിന്നും തീർപ്പിനായി കാത്തിരിക്കുന്നതും നിശ്ചിത സമയത്തിനുള്ളിൽ വയറിംഗ് പൂർത്തിയാകാത്തതുമായ ഗുണഭോക്താക്കൾക്കാണ് പ്രധാനമായും ഇനിയും വൈദ്യുതി കണക്ഷൻ നൽകാനാകാത്തത്. ഭൂഗർഭ

കേബിൾ/ഏരിയൽ ബൺഡിൽഡ് കേബിൾ (ABC) ഉപയോഗിച്ച് മാത്രം വൈദ്യുതി എത്തിക്കാൻ അനുവാദം ലഭിച്ച ചില കോളനികളിലും വൈദ്യുതി എത്തിക്കാൻ ഏതാനും ദിവസം കൂടി ആവശ്യമാണ്.

(സി&ഡി) 2006-2011 സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ മുഴുവൻ മണ്ഡലങ്ങൾ ഉൾപ്പെടെ 86 മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിരുന്നു.

### സഹകരണ സംഘം ജീവനക്കാർക്കും ആരോഗ്യ ഇൻഷ്വറൻസ്

134 (5861) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരളത്തിലെ സഹകരണ സംഘം ജീവനക്കാർക്കും ബാധകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

ഈ വിഷയം സംബന്ധിച്ച പ്രൊപ്പോസൽ ഒന്നും നിലവിലില്ല.

### കോതമംഗലം മണ്ഡലത്തിലെ നീതി മെഡിക്കൽ സ്റ്റോർ

135 (5862) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സഹകരണ മേഖലയിൽ പുതുതായി നീതി മെഡിക്കൽ സ്റ്റോർ/നീതി ലാബുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) കോതമംഗലം മണ്ഡലത്തിൽ സഹകരണ മേഖലയിൽ നിലവിൽ എത്ര നീതി മെഡിക്കൽ സ്റ്റോർ/മെഡിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) സഹകരണ മേഖലയിൽ പുതുതായി നീതിമെഡിക്കൽ/മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ വന്നതിനുശേഷം സഹകരണ മേഖലയിൽ നീതി മെഡിക്കൽ സ്റ്റോറുകളും നീതി ലാബുകളും അനുവദിച്ചിട്ടുണ്ട്.

(ബി) കോതമംഗലം മണ്ഡലത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 8 നീതി മെഡിക്കൽ സ്റ്റോറുകളും 3 നീതി മെഡിക്കൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

(സി)

| ക്രമ നമ്പർ | നീതി മെഡിക്കൽ സ്റ്റോർ നടത്തുന്ന സംഘത്തിന്റെ പേര് | മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന സ്ഥലം |
|---|---|---|
| 1 | പോത്താനിക്കാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 3510 | പോത്താനിക്കാട് |
| 2 | പോത്താനിക്കാട് റൂറൽ സഹകരണ സംഘം (ക്ലിപ്തം) നമ്പർ 1088 | വാരപ്പെട്ടി |
| 3 | കവളങ്ങാട് സഹകരണ സംഘം. 1348 | നേര്യമംഗലം |
| 4 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 583 | കോതമംഗലം കെ.എസ്. ആർ.ടി.സി.-ക്ക് സമീപം |
| 5 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 583 | കോതമംഗലം റവന്യൂ ടവറിന് സമീപം |
| 6 | കോതമംഗലം റൂറൽ സഹകരണ സംഘം (ക്ലിപ്തം) നമ്പർ ഇ. 1079 | കോതമംഗലം പ്രൈവറ്റ് സ്റ്റാന്റിന് സമീപം |
| 7 | കോതമംഗലം ഹൗസിംഗ് സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ314 | കോതമംഗലം ഗവൺമെന്റ് ആശുപത്രിക്ക് എതിർവശം |
| 8 | കോതമംഗലം താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 740 | കോതമംഗലം ഹൈറേഞ്ച് ജംഗ്ഷന് സമീപം |

| ക്രമ നമ്പർ | നീതി മെഡിക്കൽ ലാബ് നടത്തുന്ന സംഘത്തിന്റെ പേര് | നീതി മെഡിക്കൽ ലാബുകൾ പ്രവർത്തിക്കുന്ന സ്ഥലം |
|---|---|---|
| 1 | പോത്താനിക്കാട് റൂറൽ സഹകരണ സംഘം (ക്ലിപ്തം) നമ്പർ 1088 | അടിവാട് |
| 2 | പോത്താനിക്കാട് റൂറൽ സഹകരണ സംഘം (ക്ലിപ്തം) നമ്പർ 1088 | വാരപ്പെട്ടി |
| 3 | വാരപ്പെട്ടി സഹകരണ സംഘം (ക്ലിപ്തം) നമ്പർ 1015 | വാരപ്പെട്ടി |

(ഡി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. നിലവിൽ സഹകരണ വകുപ്പിൽനിന്നും മാവേലി സ്റ്റോർ തുടങ്ങുന്നതിന് അനുമതി നൽകുന്നില്ല. നീതി ലാബുകൾ ആരംഭിക്കുന്നതിന് മുന്നോട്ടുവരുന്ന സംഘങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ അനുവാദം നൽകി വരുന്നുണ്ട്.

## കുമരംപുത്തൂർ സർവ്വീസ് സഹകരണബാങ്കിന്റെ അഡ്മിനിസ്ട്രേറ്ററുടെ ഭരണ കാലാവധി

136 (5863) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ സർവ്വീസ് സഹകരണബാങ്കിന്റെ അഡ്മിനിസ്ട്രേറ്ററുടെ ഭരണ കാലാവധി ദീർഘിപ്പിക്കുന്നതിന് ഗസറ്റ് പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഇ-ഫയൽ നമ്പർ C3/ 43/17-ൽ സഹകരണ വകുപ്പ് എന്തുനടപടി നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും ആയതിന്റെ കോപ്പി ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സി3/43/17-സഹ നമ്പർ ഫയൽ കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ടതല്ല. സഹ-സി3/42/17 നമ്പർ ഫയലാണ് ടി വിഷയവുമായി ബന്ധപ്പെട്ടത്. കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി 6 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള വിഷയം സംബന്ധിച്ച ടി ഫയലിന്മേൽ വിജ്ഞാപനത്തിന്റെ കരട് സൂക്ഷ്മ പരിശോധന നടത്തി നൽകുന്നതിനായി നിയമവകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്. ഫയൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് വിജ്ഞാപനത്തിന്റെ പകർപ്പ് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി അയച്ചു കൊടുക്കുന്നതാണ്.

## കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തിക

137 (5864) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ 2016 ഒക്ടോബർ മാസം വരെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ റെഗുലർ തസ്തികകളിലും അല്ലാതെയും എത്രപേർ ജോലി ചെയ്തിട്ടുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 1-6-2015 മുതൽ 31-3-2017 വരെ സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെകട്ർ/ഓഡിറ്റർ തസ്തികയിൽ റെഗുലർ തസ്തികകളി ലല്ലാത്തതും തുടർച്ചാനുമതി ലഭിക്കാത്തതുമായ തസ്തികകൾ എത്ര; വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) സഹകരണ വകുപ്പിൽ 2016 ഒക്ടോബർ മാസത്തിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികയിൽ റഗുലർ തസ്തികകളിലും അല്ലാതെയും 964 പേർ ജോലി ചെയ്തിട്ടുണ്ടായിരുന്നു.

(ബി) 1-6-2015 മുതൽ 31-3-2017 വരെ സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികയിൽ തുടർച്ചാനുമതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ തസ്കികകൾക്കും തുടർച്ചാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## വി.ആർ. ജയരാജനെ പ്യൂൺ തസ്തികയിൽ നിയമിക്കാൻ നടപടി

138 (5865) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിലെ ഡെയ്‌ലി കളക്ഷൻ ഏജന്റ് വി.ആർ.ജയരാജനെ ബാങ്കിൽ ഒഴിവുള്ള പ്യൂൺ തസ്തികയിൽ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നമ്പർ 9368/C3/2015/സഹ. എന്ന ഫയലിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയൽ തീർപ്പ് കൽപ്പിച്ച് ടിയാനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുവാനും ആയതിന്റെ പകർപ്പ് ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. വി. ആർ. ജയരാജനെ പ്യൂൺ തസ്തികയിൽ നിയമിക്കുന്നതിനുള്ള അപേക്ഷയിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ആയത് ലഭ്യമായതിനെത്തുടർന്ന് ഫയൽ സമർപ്പണത്തിലാണ്.

(ബി) ഫയൽ നിയമപ്രകാരം നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ആയതിന്റെ പകർപ്പ് ലഭ്യമാക്കുന്നതുമാണ്.

## കേരള ഫിനാൻഷ്യൽ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്ന ശിപാർശ

139 (5866) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്ന് ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സഹകരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനായി നിയോഗിച്ച പ്രൊഫസർ എം.എസ്. ശ്രീറാം അദ്ധ്യക്ഷനായ 5 അംഗ വിദഗ്ദ്ധസമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കേരള ഫിനാൻഷ്യൽ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

(സി) റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

**സഹകരണ മേഖലയെ ആധുനികവൽക്കരിക്കുന്നതിന് നടപടി**

140 (5867) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ആധുനികവൽക്കരിക്കുന്നതിന് ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ആരുടെയെല്ലാം പങ്കാളിത്തവും സഹകരണവുമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ-സി) സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനായി 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് പ്രോജക്ട് ചെലവിന്റെ 90 ശതമാനം അഥവാ 10 ലക്ഷം രൂപ ഏതാണോ കുറവ് ടി തുക ധനസഹായമായി അനുവദിക്കുന്നതാണ്.

സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിനുകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോറ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Service)മായി നടത്തിയ ചർച്ചയെ തുടർന്ന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

കോമൺ സോഫ്റ്റ്‌വെയറിലേയ്ക്ക് ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാറെ കൺവീനറാക്കിക്കൊണ്ട് 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

SeMT, സംസ്ഥാന ഐ.ടി. വകുപ്പ് എന്നിവരുടെ പങ്കാളിത്തവും സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവരുടെ സഹകരണവുമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയത്.

## സഹകരണ വകുപ്പ് മുഖേന വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികൾ

141 (5868) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത വ്യക്തി മരണപ്പെട്ടാൽ കുടുംബത്തിന് എന്തെല്ലാം ആശ്വാസ നടപടികൾ ലഭിക്കുമെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പ് മുഖേന വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികൾ ഏതൊക്കെയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിട്ടുള്ള ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. സംസ്ഥാന സഹകരണ യൂണിയനും, സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങളും മുഖേന സഹകരണ വിദ്യാഭ്യാസം, പരിശീലനം എന്നിവ നടപ്പിലാക്കുന്നതിനും ഗവേഷണം, സഹകരണ പ്രചാരണം എന്നിവയ്ക്കായും പദ്ധതി നടപ്പിലാക്കുന്നതിന് ധനസഹായം നൽകുന്നു.

2. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർ ബാങ്കിംഗ്, എ.ടി.എം. ഉൾപ്പെടെയുള്ള ആധുനികവൽക്കരണം, സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക, വായ്പാ തിരിച്ചടവ് കാലയളവിൽ മരണപ്പെടുന്ന വായ്പക്കാരന്റെ വായ്പകൾ നിബന്ധനയ്ക്ക് വിധേയമായി എഴുതിത്തള്ളുക, നെൽകൃഷിക്ക് വായ്പ കൊടുക്കുന്ന പ്രാഥമിക കാർഷിക, വായ്പാ സംഘങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വയം സഹായ ഗ്രൂപ്പുകൾക്ക് പ്രോത്സാഹനം, ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക, ഹരിതഭവനങ്ങൾ സ്ഥാപിക്കുക, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നൽകിയ വായ്പയുടെ പലിശ സബ്സിഡി, ഭവനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വായ്പ, പലിശ, സബ്സിഡി തുടങ്ങിയവ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതി.

3. പുതിയ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായുള്ള പദ്ധതി.

4. സ്കൂൾ/ സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, നീതി സ്റ്റോറുകൾ/ നീതി മെഡിക്കൽ സ്റ്റോറുകൾ/ ജില്ലാതല മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ തുടങ്ങിയവയ്ക്ക് ധനസഹായ പദ്ധതി.

5. സ്വയം സഹായ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, വനിതാ ഫെഡറേഷൻ എന്നിവയ്ക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിനും, മോട്ടോർ ട്രാൻസ്പോർട്ട് / ആട്ടോറിക്ഷാ/ ടാക്സി ഡ്രൈവർമാരുടെ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, സാഹിത്യ പ്രസാധക സഹകരണ സംഘം, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ എന്നിവയ്ക്കും സഹകരണ ആശുപത്രികൾ/ ഡിസ്പെൻസറികൾ, സഹകരണ ആശുപത്രി അപ്പെക്സ് ഫെഡറേഷൻ, മെച്ചപ്പെട്ട സജ്ജീകരണങ്ങളുള്ള മെഡിക്കൽ ലബോറട്ടറീസ്, ബ്ലഡ് ബാങ്ക് എന്നിവ എല്ലാ താലൂക്ക്, ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിനും ദുർബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും ഉപകരണ

സജ്ജമായ മണ്ണ് പരീക്ഷണ ശാലകൾക്കും, വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും അച്ചടി സംഘങ്ങളുടെ പുനരുദ്ധാര ണത്തിനുമുള്ള ധനസഹായ പദ്ധതി.

6. പട്ടികജാതി/ പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പ്രത്യേക പ്രോജക്ടുകൾക്കുമായി നൽകുന്ന ധനസഹായ പദ്ധതി.

7. മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി.

8. സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള ധനസഹായ പദ്ധതി.

9. സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായുള്ള ധനസഹായ പദ്ധതി.

10. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കു വേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി.

11. 'കേപ്പ്'-ന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായ പദ്ധതി.

12. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രത്തിനുള്ള ധനസഹായ പദ്ധതി.

13. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി.

14. ഉപഭോക്തൃ ഫെഡറേഷൻ, മൊത്ത വ്യാപാര സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

15. നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ ഇവ ഏറ്റെടുത്തു നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

16. സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സംഘങ്ങൾക്ക് സഹായം, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

17. സംസ്ഥാന/ജില്ല/പ്രാദേശികതല സഹകരണ സംഘങ്ങൾക്ക് മാർജിൻ മണി നൽകുന്നതിനായുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

18. സഹകരണ മേഖലയിലെ ദുർബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

19. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

20. പട്ടികജാതി- പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

21. സഹകരണ ആശുപത്രികൾ, വനിതാ സഹകരണ സംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ തുടങ്ങിയ സേവന മേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

22. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് യന്ത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

23. ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

24. കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

25. സംഭരണ ശാലകൾ നിർമ്മിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

26. സംസ്ഥാന/ ജില്ലാ/ പ്രാദേശിക തലത്തിലുള്ള മറ്റു സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും മാർജിൻമണി നൽകുന്നതിനായുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

27. വിപണന സംഘങ്ങൾക്ക് പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

28. പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

29. സഹകരണ സംഘങ്ങളിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

30. പുഷ്പക്കൃഷി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

31. കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം, തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

32. തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സംയോജിത സഹകരണ വികസനം (ഐ.സി.ഡി.പി.) ലക്ഷ്യമാക്കിയുള്ള എൻ.സി.ഡി.സി. ധനസഹായ പദ്ധതി.

33. നെൽകൃഷി പലിശ രഹിത വായ്പ പദ്ധതി, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പലിശ രഹിത വായ്പ പദ്ധതി, കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്നീ ധനസഹായ പദ്ധതിയും കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീമും നടപ്പാക്കിവരുന്നു.

34. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി വിതരണ കേന്ദ്രങ്ങൾ എന്നിവയെല്ലാം വിവര സാങ്കേതികവിദ്യയുടെ പിൻബലത്താൽ ഏകോപിപ്പിച്ച് ഫലപ്രദമായി മാർക്കറ്റ് ഇടപെടൽ ശക്തമാക്കുന്നതിന് പദ്ധതിയുണ്ട്. കൺസ്യൂമർഫെഡിലെ ജീവനക്കാരെ കൂടുതൽ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി പ്രൊഫഷണഷൽവൽക്കരണവും പരിശീലനവും ലക്ഷ്യമിടുന്നുണ്ട്. ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് ക്യാഷ്‌ലെസ് സംവിധാനത്തിലൂടെ നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവരും

സാധാരണക്കാരുമായ വ്യക്തികൾക്ക് സർക്കാരിന്റെ സേവനങ്ങൾ സമന്വയിപ്പിച്ച് ലഭ്യമാക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്.

35. ടൂർ ഫെഡിന്റെ ആഭിമുഖ്യത്തിൽ ബേക്കൽ കേന്ദ്രമാക്കി ആയുർവേദ റിസോർട്ട്, ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ ആശ്രാമം കേന്ദ്രമാക്കി അഡ്വഞ്ചർ പാർക്കിൽ ഒരു മിനിയേച്ചർ റെയിൽവേ നിർമ്മിക്കുന്ന പദ്ധതി, വർക്കല ഹരിഹരപുരത്ത് കയർ ടൂറിസം ഹൗസ്ബോട്ട്, തിരുവനന്തപുരത്ത് ട്രിവാൻഡ്രം ഫെസ്റ്റിവൽ, ആശുപത്രി സഹകരണ സംഘങ്ങൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, കേപ്പ്, വനിതാ സഹകരണ സംഘം, സാഹിത്യ പ്രവർത്തക സഹകരണസംഘം, ടൂറിസം, വെൽഫെയർ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ എന്നിവയുടെ ധനസഹായതുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

36. പൈലറ്റ് അടിസ്ഥാനത്തിൽ ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വട്ടവട, മൂന്നാർ, മറയൂർ, ദേവികുളത്തെ മറ്റ് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിപണന സഹായത്തിനുള്ള പലിശ സബ്സിഡിക്കായി 2 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

37. തിരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളെ അതാതു സ്ഥലത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മേൽനോട്ടത്തിൽ പുനരുജ്ജീവിപ്പിക്കുക.

38. ഓഹരി മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും / കൺസ്യൂമർ ഫെഡിനെയും, നീതി സ്റ്റോറുകൾ/ നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുടങ്ങുവാൻ വേണ്ടിയുള്ള സഹായം നൽകുക.

39. അട്ടപ്പാടിയിലെ പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ ഇ.എം.എസ്. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലുമായി ചേർന്ന് സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതിക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക, ആരോഗ്യ പ്രവർത്തകരെ / വോളണ്ടിയർമാരെ എല്ലാ കോളനികളിലും വിട്ട് ആരോഗ്യ-പോഷക ആവശ്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക, ആംബുലൻസ് സേവനങ്ങൾ ഉറപ്പാക്കുക,

ഗർഭിണികൾക്കും കുട്ടികൾക്കും ഭക്ഷണവും ആവശ്യമായ പോഷകാഹാരങ്ങളും നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ, ജില്ലാ പട്ടികജാതി ആഫീസർ, ജോയിന്റ് രജിസ്ട്രാർ എന്നിവർ സംയുക്തമായി ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതാണ്. ഈ പദ്ധതി ആവശ്യാനുസരണം മറ്റ് അവശ്യപ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

40. കേരള എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പ്പാദന യൂണിറ്റിന്റെ പേറ്റന്റുകൾ അടങ്ങിയ മരുന്നുകളുടെ ഉത്പ്പാദനത്തിനായുള്ള സഹായം.

41. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.റ്റി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായം.

42. സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം.

43. 2017-18 വർഷത്തിൽ സുവർണ്ണം സ്റ്റോർ എന്ന പദ്ധതി ആരംഭിക്കുന്നതിനായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി) വായ്പാ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളാൻ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്.

(സി) വാമനപുരം മണ്ഡലത്തിലുള്ള വെഞ്ഞാറമൂട് റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ റ്റി. 299-ന് 2015-16 സാമ്പത്തിക വർഷത്തിലെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## സഹകരണ മേഖലയിലെ കൺസ്യൂമർ സംഘങ്ങൾ

142 (5869) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ എത്ര കൺസ്യൂമർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ 189 കൺസ്യൂമർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 22 |
| കൊല്ലം | 8 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 4 |
| കോട്ടയം | 2 |
| ഇടുക്കി | 4 |
| എറണാകുളം | 17 |
| തൃശ്ശൂർ | 12 |
| പാലക്കാട് | 8 |
| മലപ്പുറം | 29 |
| കോഴിക്കോട് | 17 |
| വയനാട് | 5 |
| കണ്ണൂർ | 49 |
| കാസർഗോഡ് | 10 |
| ആകെ | 189 |

(ബി) സ്വീകരിക്കുന്നുണ്ട്.

(സി) സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ (ഓഹരി, വായ്പ, സബ്സിഡി) ഉൾപ്പെടുത്തി കൺസ്യൂമർ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ധനസഹായം നൽകി വരുന്നുണ്ട്.

## സഹകരണ മേഖലയിലെ ത്രിതല സംവിധാനം

143 (5870) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ നിലനിൽക്കുന്ന ത്രിതല സംവിധാനം മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിലെ ഹ്രസ്വകാല മദ്ധ്യകാല വായ്പ മേഖലയിലെ ത്രിതല സംവിധാനം മാറ്റുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്.

(ബി) സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കാനും ഇപ്രകാരം രൂപീകരിക്കുന്ന ബാങ്കിന്റെ അംഗങ്ങളായി പ്രാഥമിക വായ്പ സഹകരണ സംഘങ്ങളെയും/ അർബൻ ബാങ്കുകളും ഉൾപ്പെട്ട ദ്വിതല ഘടനയാണ് നടപ്പിലാക്കാൻ ആലോചിക്കുന്നത്.

## സഹകരണ ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ അതിക്രമിച്ച് കയറിയ സംഭവം

144 (5871) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന സഹകരണ ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ 17-4-2017 ന് രാത്രി അതിക്രമിച്ച് കയറി ഫയലുകൾ നശിപ്പിക്കാനും മോഷ്ടിക്കാനും ശ്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സംഭവവുമായി ബന്ധപ്പെട്ട് സി.സി.ടി.വി. ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള തെളിവുകൾ പരിശോധിച്ച് ആവശ്യമായ അന്വേഷണ നടപടികൾ സ്വീകരിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ, തൃശ്ശൂർ ജില്ലാ പോലീസ് മേധാവി എന്നിവർക്ക് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) 18-4-2017-ന് പരാതി സമർപ്പിച്ചിട്ടുണ്ട്.

**സഹകരണ സംഘങ്ങളിൽ നടന്ന ക്രമക്കേട്**

145 (5872) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ 2015-നും 2016-നും ഇടയിൽ ഒരു കോടിയിലധികം രൂപയുടെ ക്രമക്കേട് നടന്നതായി ആഡിറ്റിലും അന്വേഷണത്തിലും കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽപ്പെട്ട സംഘങ്ങൾ ഏതെല്ലാമാണ് ;

(ബി) ഇതിൽ എത്ര സംഘങ്ങളിൽ സർക്കുലർ നമ്പർ 11/79 പ്രകാരമുള്ള റിപ്പോർട്ട് പോലീസ് അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്;

(സി) ക്രമക്കേട് കണ്ടെത്തിയ സഹകരണ സംഘങ്ങളിൽ നിയമം 68 (1) പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ച എത്ര കേസുകളിൽ സർചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

<u>കൊല്ലം</u>

1. ആലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യൂ. 268

2. പട്ടത്താനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യൂ. 1145

3. കുന്നത്തൂർ താലൂക്ക് റസിഡന്റ് വെൽഫെയർ സഹകരണ സംഘം.

<u>കോട്ടയം</u>

1. പാലാ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4214

2. നാലുന്നാക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 296

3. മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 118.

എറണാകുളം

1. മുളവൂർ അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ. 1068

2. പെരുമ്പാവൂർ അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2029

3. തിരു. കൊച്ചി അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1279.

തൃശ്ശൂർ

1. ആർ. 1021-ാം നമ്പർ ലൈഫ് ഇൻഷുറൻസ് ഏജന്റ്സ് സഹകരണ സംഘം ക്ലിപ്തം

2. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്- കൊടുങ്ങല്ലൂർ ശാഖ.

3. 345- പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം.

കണ്ണൂർ

1. വളപട്ടണം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എൽ. എൽ. 242

2. പാപ്പിനിശ്ശേരി വനിതാ സഹകരണ സംഘം നമ്പർ സി. 1219.

ആലപ്പുഴ

1. ഈരേഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 190

2. മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 707

3. പട്ടണക്കാട് താലൂക്ക് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1144

4. വലിയകുഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2259.

മലപ്പുറം

കൊണ്ടോട്ടി വനിതാ സഹകരണ സംഘം.

കാസർഗോഡ്

1. മുട്ടത്തോടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി. 336

2. മംഗൽപ്പാടി - പൈവളിഗെ അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 33

(ബി) ഇതിൽ 11 സംഘങ്ങളിൽ സർക്കുലർ നമ്പർ 11/79 പ്രകാരമുള്ള റിപ്പോർട്ട് പോലീസ് അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്.

(സി) ക്രമക്കേട് കണ്ടെത്തിയ സഹകരണ സംഘങ്ങളിൽ നിയമം 68(1) പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ച 4 കേസുകളിൽ സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി

146 (5873) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഓഡിറ്റിങ്ങിനുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനും ഓഡിറ്റ് കുടിശ്ശിക പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുതായി ജോലിയിൽ പ്രവേശിച്ച ഓഡിറ്റർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർവൽകൃത സാഹചര്യങ്ങളിൽ ഓഡിറ്റിൽ ശ്രദ്ധിക്കേണ്ടത് സംബന്ധിച്ച് നിർദ്ദേശവും നൽകിയിട്ടുണ്ട്. ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി ആനുപാത വിശകലനം നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെയും ജില്ലാ ഓഡിറ്റ് ജോയിന്റ് ഡയറക്ടർമാരുടെയും അസിസ്റ്റന്റ് ഡയറക്ടർമാരുടെയും പ്രവൃത്തി അവലോകനം നടത്തി വരുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഓഡിറ്റ് ബാക്കിനിൽപ്പിന് മുഖ്യകാരണം ഓഡിറ്റർമാരുടെ ഒഴിവുകളാണ്. ഇപ്പോൾ ടി ഒഴിവുകൾ പരമാവധി നികത്തിയിട്ടുണ്ട്. സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്ന കൺകറന്റ് ഓഡിറ്റർ തസ്തികകളിൽ പ്രവർത്തിക്കുന്ന ഓഡിറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തി യൂണിറ്റ് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഓഡിറ്റർമാരുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമെങ്കിൽ ഭരണവിഭാഗത്തിൽ നിന്നുള്ള ഇൻസ്പെക്ടർമാരുടെ സഹായവും ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ

147 (5874) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ കമ്പ്യൂട്ടറുകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയർ വിവിധ കമ്പനികളുടേതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സഹകരണ സംഘങ്ങൾക്കും ഒറ്റ സോഫ്റ്റ്‌വെയർ അഥവാ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ സഹകരണ സംഘങ്ങൾക്കും ഒറ്റ സോഫ്റ്റ്‌വെയർ അഥവാ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Services) മായി നടത്തിയ ചർച്ചയെ തുടർന്ന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## സഹകരണ ബാങ്കുകൾക്ക് കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയർ

148 (5875) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾക്ക് പൊതുവായ ബാങ്കിംഗ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ബി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയർ റിപ്പോർട്ടുകൾ മോണിറ്ററിംഗ് ഏജൻസികൾക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എല്ലാ സഹകരണ സംഘങ്ങൾക്കും ഒറ്റ സോഫ്റ്റ്‌വെയർ അഥവാ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Services) മായി നടത്തിയ ചർച്ചയെത്തുടർന്ന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കോമൺ സോഫ്റ്റ്‌വെയറിലേയ്ക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാറെ കൺവീനറാക്കിക്കൊണ്ട് 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(സി) കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുള്ള സംഘങ്ങളിൽ സോഫ്റ്റ്‌വെയർ റിപ്പോർട്ടുകൾ മോണിറ്ററിംഗ് ഏജൻസികൾക്ക് ലഭ്യമാക്കുന്നുണ്ട്.

**സഹകരണ സംഘത്തിനെതിരെയുള്ള പരാതി**

149 (5876) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിനെതിരെ മുൻ അംഗമായിരുന്ന സി.രാജൻ 4-1-2017-ന് സഹകരണ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എത്രയുംവേഗം നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിലെ മുൻ അംഗമായിരുന്ന ശ്രീ. സി. രാജൻ സമർപ്പിച്ച അപേക്ഷയിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ബി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സഹകരണ സ്ഥാപനങ്ങൾക്കുള്ള നിയന്ത്രണം**

150 (5877) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോട്ട് നിരോധനവും അതേ തുടർന്ന് കേന്ദ്ര സർക്കാർ സഹകരണ സ്ഥാപനങ്ങൾക്ക് കൊണ്ടുവന്ന നിയന്ത്രണവുംമൂലം സൃഷ്ടിക്കപ്പെട്ട പ്രതിസന്ധി മറികടക്കാൻ കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയും സഹകരണ മേഖലയിലുണ്ടായ താൽക്കാലിക പ്രതിസന്ധി മറികടക്കുന്നതിനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല ദിനമായി ആചരിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. ഇതിലൂടെ നിക്ഷേപകരുടെയും അംഗങ്ങളുടെയും വിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം**

151 (5878) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്/കാഷ്യർ തസ്തികകളിൽ 2017 ജനവരിയിൽ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിലേക്കായി ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ റാങ്ക് പട്ടികയിൽ നിന്നുതന്നെ തുടർന്നുള്ള നിയമനവും നടത്തുമോയെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ ഇപ്പോഴത്തെ രീതിക്ക് മാറ്റം വരുത്തിയാലും തുടർന്നുണ്ടാകുന്ന ഒഴിവുകളിലേക്കും ഇപ്പോൾ നിലവിൽവന്ന റാങ്ക് പട്ടികയിൽനിന്നും തുടർന്നും നിയമനം നടത്തുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

| ജില്ല | ഒഴിവുകൾ |
|---|---|
| തിരുവനന്തപുരം | നിലവിൽ ഒഴിവുകളില്ല |
| കൊല്ലം | നിലവിൽ ഒഴിവുകളില്ല |
| പത്തനംതിട്ട | 7 |
| ആലപ്പുഴ | നിലവിൽ ഒഴിവുകളില്ല |
| കോട്ടയം | നിലവിൽ ഒഴിവുകളില്ല |
| ഇടുക്കി | 20 |
| എറണാകുളം | 16 |
| തൃശ്ശൂർ | നിലവിൽ ഒഴിവുകളില്ല |
| പാലക്കാട് | 6 |
| മലപ്പുറം | 4 |
| കോഴിക്കോട് | 23 |
| വയനാട് | 5 |
| കണ്ണൂർ | നിലവിൽ ഒഴിവുകളില്ല |
| കാസർഗോഡ് | 26 |

(ബി) പുതിയ റാങ്ക് പട്ടികയിൽ നിന്നുതന്നെ തുടർന്നുള്ള നിയമനവും നടത്തും.

(സി) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതു സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ നടക്കുന്നു. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന വിഷയത്തിലും തീരുമാനമുണ്ടാകുന്നതാണ്.

## കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/ കാഷ്യർ തസ്തിക

152 (5879) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന് അനുവദിച്ച് നൽകിയിട്ടുള്ള ക്ലാർക്ക്/കാഷ്യർ തസ്തികകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികകളിൽ എത്ര സ്ഥിര ജീവനക്കാരും എത്ര താല്ക്കാലിക ജീവനക്കാരും ജോലിചെയ്യുന്നുണ്ടെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികകളിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ 2014-ലെ റീ-ക്ലാസിഫിക്കേഷൻ പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ക്ലാർക്ക്/ കാഷ്യർ തസ്തികകളുടെ എണ്ണം 132 ആണ്.

(ബി) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ 157 സ്ഥിരം ജീവനക്കാരുണ്ട്. അധികമായുള്ള ജീവനക്കാരെ സൂപ്പർ ന്യൂമററി തസ്തികയിൽ നിലനിർത്തിയിട്ടുള്ളതാണ്. ബാങ്കിന്റെ താൽക്കാലിക ജീവനക്കാർ ആരും തന്നെ ഇല്ല. നിലവിൽ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ ഒഴിവുകളില്ല.

(സി) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ 2 എൻ.ജെ.ഡി.ഒഴിവുകൾ 16-3-2017-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേപ്പ് എഞ്ചിനീയറിംഗ് കോളേജിലെ സ്റ്റാഫ് നിയമനം

153 (5880) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പ് എൻജിനീയറിംഗ് കോളേജിലെ സ്റ്റാഫ് നിയമനവുമായി ബന്ധപ്പെട്ട റാങ്ക് ലിസ്റ്റുകൾക്ക് എത്ര വർഷത്തെ കാലാവധി ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേപ്പ് എൻജിനീയറിംഗ് കോളേജുകളിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി എത്ര വീതം അപ്രന്റീസ് ട്രെയിനികൾ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2 വർഷം.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കേപ്പ് എൻജിനീയറിംഗ് കോളേജുകളിലെ സ്റ്റാഫുകളുടെ പ്രമോഷനും ശമ്പള പരിഷ്കരണവും

154 (5881) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പ് എൻജിനീയറിംഗ് കോളേജുകളിലെ സ്റ്റാഫുകളുടെ നിയമാനുസൃതമായ പ്രൊമോഷനുകളും ശമ്പള പരിഷ്കരണങ്ങളും യഥാസമയം നടത്താറുണ്ടോ; അവസാനമായി നടന്ന ശമ്പള പരിഷ്കരണത്തിന്റെയും പ്രൊമോഷനുകളുടെയും വിവരം ഇനം തിരിച്ച് നൽകുമോ;

(ബി) 25-7-15 തീയതിയിലെ ഇ 3/777/2014/സിഎപിഇ നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം നടന്ന പരീക്ഷയിലെ റാങ്ക്‌ലിസ്റ്റുമായി ബന്ധപ്പെട്ട് പരാതികളോ കേസുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത് 1-11-2011-ലാണ്.

പ്രൊമോഷനുകളുടെ വിവരം താഴെ ചേർക്കുന്നു:

| | |
|---|---|
| ജൂനിയർ സൂപ്രണ്ട് | 26-2-2016 |
| അസിസ്റ്റന്റ് ഗ്രേഡ് -II | 12-11-2014 |
| ട്രേഡ്സ്മാൻ | 5-1-2016 |
| ടെക്നിക്കൽ അസിസ്റ്റന്റ് | 18-6-2015 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്. നിലവിൽ ട്രേഡ്സ്മാൻ, അസിസ്റ്റന്റ് ഗ്രേഡ്-II എന്നീ തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് 3 കേസുകൾ വീതം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്. ഇൻസ്ട്രക്ടർ/ട്രേഡ്സ്മാൻ പരീക്ഷ സംബന്ധിച്ചും അഭിമുഖം സംബന്ധിച്ചും പരാതി ലഭിച്ചിട്ടുണ്ട്.

**പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിന് നടപടി**

155 (5882) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിവരിക്കുമോ;

(സി) ഈ പദ്ധതികൾ അനുസരിച്ച് എത്ര സഹകരണ സംഘങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിനായി കൺസ്യൂമർ സഹകരണ സംഘങ്ങൾ, എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് സബ്സിഡി, ഓഹരിയിനത്തിലും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ദുർബല വനിതാ സഹകരണ സംഘങ്ങൾ, അച്ചടി സംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ, കൂടാതെ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് പദ്ധതിയുടെ സ്വീകാര്യത, സംഘങ്ങളുടെ പ്രവർത്തനം എന്നിവ വിലയിരുത്തി സബ്സിഡി, ഓഹരി, വായ്പയിനത്തിൽ ധനസഹായം നൽകുന്നതിനും ഈ സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി, ദുർബല വനിതാ സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി, ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി, കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി, എസ്.സി./

എസ്.റ്റി. സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി, മറ്റ് സഹകരണ സംഘങ്ങൾക്ക് ധനസഹായ പദ്ധതി, സഹകരണ സംഘങ്ങളുടെ വികസനവും പുനഃരുദ്ധാരണ പദ്ധതി എന്നീ പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്.

(സി) ഈ പദ്ധതികൾ അനുസരിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ സഹകരണ വകുപ്പ് മുഖേന 82 സഹകരണ സംഘങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | ധനസഹായം അനുവദിച്ച സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1 | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 19 |
| 2 | ദുർബല വനിതാ സഹകരണ സംഘങ്ങൾ | 7 |
| 3 | ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ | 8 |
| 4 | കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 5 |
| 5 | എസ്.സി./ എസ്.റ്റി. സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 40 |
| 6 | സാഹിത്യ സഹകരണ സംഘങ്ങൾക്ക് സഹായം | 1 |
| 7 | ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള ദുർബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 2 |
| | ആകെ | 82 |

**കളക്ഷൻ ഏജന്റുമാർക്ക് ജോലി സുരക്ഷിതത്വം**

156 (5883) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർക്ക് ജോലി സുരക്ഷിതത്വം ഇല്ലാത്തതുകാരണം അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് നൽകുന്ന കമ്മീഷൻ തുക കാലാനുസൃതമായി ഉയർത്തി നൽകുന്നത് പരിഗണനയിലുണ്ടോ;

(സി) ഇവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) സ്ഥിരപ്പെടുത്തിയവർക്ക് നിലവിൽ 2,500 രൂപ സ്ഥിര വേതനമായും കളക്ഷൻ ആനുപാതികമായി കമ്മീഷനും നൽകിവരുന്നു. കമ്മീഷൻ ഉയർത്തുന്നത് നിലവിൽ പരിഗണനയിലില്ല.

(സി) കളക്ഷൻ ഏജന്റുമാരുടെയും അപ്രൈസർമാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് 15-7-2015-ൽ ഉത്തരവ് പുറപ്പെടുവിച്ചു. നിലവിൽ പരിഷ്കരണ നടപടികൾ പരിഗണനയിലില്ല.

**ബംഗാളിൽനിന്നും ഇറക്കുമതി ചെയ്ത അരിയുടെ ഗുണമേന്മ**

157 (5884) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ഉബൈദുള്ള :
ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കൺസ്യൂമർഫെഡ് വഴി ബംഗാളിൽനിന്നും ഇറക്കുമതി ചെയ്ത അരിയുടെ ഗുണമേന്മ സംബന്ധിച്ച ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൺസ്യൂമർഫെഡ് അരി വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുന്നതിന് മുൻപ് അരിയുടെ ഗുണനിലവാരം പരിശോധിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ ഗുണനിലവാരം കുറഞ്ഞ അരി ഇറക്കുമതി ചെയ്തതുമൂലം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

## ഉത്തരം

(എ) സംസ്ഥാനത്ത് അരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കൺസ്യൂമർഫെഡ് വഴി ബംഗാളിൽനിന്നും വാങ്ങിയ അരിയുടെ ഗുണമേന്മ സംബന്ധിച്ച ആക്ഷേപങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. എന്നാൽ ഒരു സപ്ലൈയർ വിതരണം ചെയ്ത അരി കൂടുതലായി വെന്ത് പോകുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടപ്പോൾ ആ സപ്ലൈയർക്ക് നൽകിയ ഓർഡർ റദ്ദാക്കുകയും അവർ ഇറക്കിയ അരി തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കൺസ്യൂമർഫെഡ് അരി വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുന്നതിനു മുമ്പ് അരിയുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ട്. അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതു വിപണിയിലെ വിൽപ്പനവില പിടിച്ച് നിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിക്കുകയും, കൺസോർഷ്യം പ്രതിനിധികൾ ആന്ധ്ര, ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ അരി ഉൽപ്പാദകർ, കച്ചവടക്കാർ, ഹോൾസെയിൽ കച്ചവടക്കാർ, നെല്ല് ഉൽപ്പാദക കമ്പനികൾ, കർഷകർ എന്നിവരുമായി ആശയവിനിമയം നടത്തി അവരിൽനിന്നും ലഭിക്കുന്ന സാമ്പിളുകൾ പരിശോധിക്കുകയും, പാചകം നടത്തി ഭക്ഷ്യ യോഗ്യമെന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ്. അരിയുടെ സാമ്പിളുകൾ യഥാക്രമം കേന്ദ്ര സർക്കാർ സ്പോൺസർ ചെയ്തിട്ടുള്ള കാർഷിക സർവ്വകലാശാലയുടെ റേഡിയോ ട്രേസ്സർ ലബോറട്ടറിയും കൊച്ചിയിലെ ഇന്റർഫീൽഡ് ലബോറട്ടറീസ്, നാഗ്പൂരിലെ അനക്കോൺ ലാബ്സ് എന്നിവിടങ്ങളിലും പരിശോധന നടത്തി കെമിക്കലുകൾ ഒന്നും ഇല്ല എന്ന് ഉറപ്പു വരുത്തിയിട്ടുള്ളതുമാണ്.

(സി) ഗുണനിലവാരം കുറഞ്ഞ അരി ഇറക്കുമതി ചെയ്തിട്ടില്ല. ബംഗാൾ അരി വിൽപ്പന നടത്തിയതിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. 26.30 രൂപയ്ക്ക് വാങ്ങിയ അരി സംഘങ്ങൾ മുഖേന 25 രൂപയ്ക്കാണ് വിൽപ്പന നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ നൽകിയ വിലയിളവ് സഹകരണ സംഘങ്ങൾ സാമൂഹിക പ്രതിബദ്ധതയായി കണക്കാക്കി സ്വന്തം നിലയിൽ വഹിക്കണമെന്ന തീരുമാനം അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.

## കൺസ്യൂമർഫെഡിന്റെ നവീകരണം

158 (5885) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ നവീകരണത്തിനും കൺസ്യൂമർഫെഡിനെ ലാഭത്തിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ചാർട്ടേർഡ് അക്കൗണ്ടന്റ്മാരുടെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സംഘടനാ രൂപം ചിട്ടപ്പെടുത്തി ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവ്വഹിച്ച് നൽകുകയുണ്ടായി. കൂടാതെ മോണിറ്ററിംഗ് ശക്തമാക്കുകയും ചെയ്തു. ബിസിനസ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ് മാർക്കറ്റ് ആരംഭിക്കുന്നതിനും ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്നതിനുമായി ത്രിവേണി ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി ഔട്ട്ലെറ്റും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ത്രിവേണി, നീതി മെഡിക്കൽ സ്റ്റോർ എന്നിവയ്ക്ക് പ്രത്യേകം ടാർജറ്റ് നൽകിയതോടെ വിറ്റ് വരവ് വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. വിദേശ മദ്യത്തിലെ ഇൻസെന്റീവ് നേരിട്ട് ഫെഡറേഷനിൽ ലഭ്യമാക്കിയതിലൂടെ ഈ ഇനത്തിലെ വരുമാനത്തിലും വർദ്ധനവ് ഉണ്ടായി. പ്രവർത്തന ചെലവുകൾ ചുരുക്കിയതിലൂടെ ഭരണ ചെലവ് കുറയ്ക്കുന്നതിന് സാധിച്ചു. ജീവനക്കാരെ വിശ്വാസത്തിൽ എടുത്തുകൊണ്ട് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയതിലൂടെയും ലാഭകരമല്ലെന്ന് കണ്ടെത്തുകയും നഷ്ടത്തിനും ഡാമേജിനും, കെടുകാര്യസ്ഥതയ്ക്ക് ഈടാക്കിയ നന്മ സ്റ്റോറുകൾ ഒഴിവാക്കുകയും ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി അധികമായി നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ ഒഴിവാക്കി ബാക്കിയുള്ളവരെ പുനർവിന്യസിക്കുകയും

ചെയ്തു. വിവിധ ഗോഡൗണുകളിൽ കെട്ടിക്കിടന്ന സാധനങ്ങൾ വിറ്റഴിച്ചതിലൂടെയും പലിശ നഷ്ടം ഒഴിവാക്കുന്നതിനായി വായ്പകൾ പുനർക്രമീകരിച്ചതിലൂടെയും ഫെഡറേഷന്റെ പ്രവർത്തനം ലാഭത്തിലാക്കുന്നതിനും സാധിച്ചു. മേൽ പരാമർശിച്ച പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ 2016-17 സാമ്പത്തിക വർഷത്തെ കൺസ്യൂമർഫെഡിന്റെ ആഡിറ്റിംഗിന് വിധേയമാക്കാത്ത കണക്കുകൾ പ്രകാരം 64.78 കോടി രൂപയുടെ പ്രവർത്തനലാഭം ഉണ്ടായിട്ടുണ്ട്.

**ചാലക്കുടിയിൽ പുതിയ എ.ആർ. ഓഫീസ് അനുവദിക്കുന്നതിന് നടപടി**

159 (5886) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ പുതുതായി അനുവദിച്ച താലൂക്ക് പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷം പിന്നിട്ട സാഹചര്യത്തിൽ, ചാലക്കുടിയിൽ എ.ആർ. ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പരിശോധിക്കുന്നതാണ്.

**കൺസ്യൂമർഫെഡിന്റെ മാറ്റി സ്ഥാപിച്ച വിദേശ മദ്യഷോപ്പുകൾ**

160 (5887) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ എത്ര വിദേശ മദ്യഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര മദ്യഷോപ്പുകൾ ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയിൽ എത്രയെണ്ണം മാറ്റി സ്ഥാപിച്ചു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ 36 വിദേശ മദ്യഷോപ്പുകളും 3 ബിയർ ഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | ജില്ല |
|---|---|---|
| (1) | (2) | (3) |
| 1 | എഫ്.എൽ-005 പേരൂർക്കട | തിരുവനന്തപുരം |
| 2 | എഫ്.എൽ-007 സ്റ്റാച്യു | തിരുവനന്തപുരം |
| 3 | എഫ്.എൽ.009 ഓവർബ്രിഡ്ജ് | തിരുവനന്തപുരം |
| 4 | എഫ്.എൽ.-020 വെഞ്ഞാറമൂട് | തിരുവനന്തപുരം |
| 5 | എഫ്.എൽ.-021 ആറ്റിങ്ങൽ | തിരുവനന്തപുരം |
| 6 | ബിയർ ഷോപ്പ് കോവളം | തിരുവനന്തപുരം |
| 7 | ബിയർ ഷോപ്പ് സ്റ്റാച്യൂ | തിരുവനന്തപുരം |
| 8 | എഫ്.എൽ.-023 ചിന്നക്കട | കൊല്ലം |
| 9 | എഫ്.എൽ.-035 പരവൂർ | കൊല്ലം |
| 10 | എഫ്.എൽ.-045 പത്തനംതിട്ട | പത്തനംതിട്ട |
| 11 | എഫ്.എൽ.-056 ആലപ്പുഴ | ആലപ്പുഴ |
| 12 | എഫ്.എൽ.-060 അമ്പലപ്പുഴ | ആലപ്പുഴ |
| 13 | എഫ്.എൽ.-072 പൊൻകുന്നം | കോട്ടയം |
| 14 | എഫ്.എൽ.-083 ഏറ്റുമാനൂർ | കോട്ടയം |
| 15 | എഫ്.എൽ.-086 പാല | കോട്ടയം |
| 16 | എഫ്.എൽ.-091 തൊടുപുഴ | ഇടുക്കി |
| 17 | എഫ്.എൽ.-095 അടിമാലി | ഇടുക്കി |
| 18 | എഫ്.എൽ.-104 ബാനർജി റോഡ് | എറണാകുളം |
| 19 | എഫ്.എൽ.-107 വൈറ്റില | എറണാകുളം |

| (1) | (2) | (3) |
|---|---|---|
| 20 | എഫ്.എൽ.-108 ഗാന്ധി നഗർ | എറണാകുളം |
| 21 | എഫ്.എൽ.-109 കടവന്ത്ര | എറണാകുളം |
| 22 | എഫ്.എൽ.-129 തോപ്പുംപടി | എറണാകുളം |
| 23 | ബി.ആർ.-003 കലൂർ | എറണാകുളം |
| 24 | എഫ്.എൽ.-135 ഞാറയ്ക്കൽ | എറണാകുളം |
| 25 | എഫ്.എൽ.-142 കൂത്താട്ടുകുളം | എറണാകുളം |
| 26 | എഫ്.എൽ.-152 തൃശ്ശൂർ | തൃശ്ശൂർ |
| 27 | എഫ്.എൽ.-159 കുന്നംകുളം | തൃശ്ശൂർ |
| 28 | എഫ്.എൽ.-160 വടക്കാഞ്ചേരി | തൃശ്ശൂർ |
| 29 | എഫ്.എൽ.-162 കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| 30 | എഫ്.എൽ.-172 പാലക്കാട് | പാലക്കാട് |
| 31 | എഫ്.എൽ.-175 ഒറ്റപ്പാലം | പാലക്കാട് |
| 32 | എഫ്.എൽ.-185 മലപ്പുറം | മലപ്പുറം |
| 33 | എഫ്.എൽ.-192 കോഴിക്കോട് | കോഴിക്കോട് |
| 34 | എഫ്.എൽ.-202 കൊയിലാണ്ടി | കോഴിക്കോട് |
| 35 | എഫ്.എൽ.-206 കുറ്റ്യാടി | കോഴിക്കോട് |
| 36 | എഫ്.എൽ.-218 മട്ടന്നൂർ | കണ്ണൂർ |
| 37 | എഫ്.എൽ.-219 കണ്ണൂർ ടൗൺ | കണ്ണൂർ |
| 38 | എഫ്.എൽ.-223 തളിപ്പറമ്പ് | കണ്ണൂർ |
| 39 | എഫ്.എൽ.-224 ആലക്കോട് | കണ്ണൂർ |

(ബി) 28 വിദേശ മദ്യഷോപ്പുകളും 2 ബിയർ ഷോപ്പുകളും ഉൾപ്പെടെ 30 ഷോപ്പുകൾ ദേശീയ സംസ്ഥാന പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്നു.

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | ജില്ല |
|---|---|---|
| (1) | (2) | (3) |
| 1 | എഫ്.എൽ.-005 പേരൂർക്കട | തിരുവനന്തപുരം |
| 2 | എഫ്.എൽ.-007 സ്റ്റാച്യു | തിരുവനന്തപുരം |
| 3 | എഫ്.എൽ.-009 ഓവർബ്രിഡ്ജ് | തിരുവനന്തപുരം |
| 4 | എഫ്.എൽ.-020 വെഞ്ഞാറമൂട് | തിരുവനന്തപുരം |
| 5 | ബിയർ ഷോപ്പ്, സ്റ്റാച്യു | തിരുവനന്തപുരം |
| 6 | എഫ്.എൽ.-021 ആറ്റിങ്ങൽ | തിരുവനന്തപുരം |
| 7 | എഫ്.എൽ.-023 ചിന്നക്കട | കൊല്ലം |
| 8 | എഫ്.എൽ.-045 പത്തനംതിട്ട | പത്തനംതിട്ട |
| 9 | എഫ്.എൽ.-056 ആലപ്പുഴ | ആലപ്പുഴ |
| 10 | എഫ്.എൽ.-060 അമ്പലപ്പുഴ | ആലപ്പുഴ |
| 11 | എഫ്.എൽ.-072 പൊൻകുന്നം | കോട്ടയം |
| 12 | എഫ്.എൽ.-083 ഏറ്റുമാനൂർ | കോട്ടയം |
| 13 | എഫ്.എൽ.-086 പാല | കോട്ടയം |
| 14 | എഫ്.എൽ.-091 തൊടുപുഴ | ഇടുക്കി |
| 15 | എഫ്.എൽ.-095 അടിമാലി | ഇടുക്കി |
| 16 | എഫ്.എൽ.-107 വൈറ്റില | എറണാകുളം |
| 17 | എഫ്.എൽ.-129 തോപ്പുംപടി | എറണാകുളം |
| 18 | എഫ്.എൽ.-135 ഞാറയ്ക്കൽ | എറണാകുളം |
| 19 | എഫ്.എൽ.-142 കുത്താട്ടുകുളം | എറണാകുളം |
| 20 | ബി.ആർ.-003 കല്ലൂർ | എറണാകുളം |
| 21 | എഫ്.എൽ.-159 കുന്നംകുളം | തൃശ്ശൂർ |
| 22 | എഫ്. എൽ.-160 വടക്കാഞ്ചേരി | തൃശ്ശൂർ |

| (1) | (2) | (3) |
|---|---|---|
| 23 | എഫ്. എൽ.-162 കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| 24 | എഫ്.എൽ.-185 മലപ്പുറം | മലപ്പുറം |
| 25 | എഫ്.എൽ.-192 കോഴിക്കോട് | കോഴിക്കോട് |
| 26 | എഫ്.എൽ.-202 കൊയിലാണ്ടി | കോഴിക്കോട് |
| 27 | എഫ്.എൽ.-206 കുറ്റ്യാടി | കോഴിക്കോട് |
| 28 | എഫ്.എൽ.-218 മട്ടന്നൂർ | കണ്ണൂർ |
| 29 | എഫ്.എൽ.-219 കണ്ണൂർ ടൗൺ | കണ്ണൂർ |
| 30 | എഫ്.എൽ.-223 തളിപ്പറമ്പ് | കണ്ണൂർ |

(സി) സംസ്ഥാന പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന 24 വിദേശ മദ്യ ഷോപ്പുകളും 2 ബിയർ ഷോപ്പുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | ജില്ല |
|---|---|---|
| (1) | (2) | (3) |
| 1 | എഫ്.എൽ-005 പേരൂർക്കട | തിരുവനന്തപുരം |
| 2 | എഫ്.എൽ-007 സ്റ്റാച്യു | തിരുവനന്തപുരം |
| 3 | എഫ്.എൽ.-009 ഓവർബ്രിഡ്ജ് | തിരുവനന്തപുരം |
| 4 | ബിയർ ഷോപ്പ്, സ്റ്റാച്യു | തിരുവനന്തപുരം |
| 5 | എഫ്.എൽ.-023 ചിന്നക്കട | കൊല്ലം |
| 6 | എഫ്.എൽ.-045 പത്തനംതിട്ട | പത്തനംതിട്ട |
| 7 | എഫ്.എൽ.-056 ആലപ്പുഴ | ആലപ്പുഴ |
| 8 | എഫ്.എൽ.-060 അമ്പലപ്പുഴ | ആലപ്പുഴ |
| 9 | എഫ്.എൽ.-072 പൊൻകുന്നം | കോട്ടയം |
| 10 | എഫ്.എൽ.-083 ഏറ്റുമാനൂർ | കോട്ടയം |

| (1) | (2) | (3) |
|---|---|---|
| 11 | എഫ്.എൽ.-086 പാല | കോട്ടയം |
| 12 | എഫ്.എൽ.-091 തൊടുപുഴ | ഇടുക്കി |
| 13 | എഫ്.എൽ.-095 അടിമാലി | ഇടുക്കി |
| 14 | എഫ്.എൽ.-107 വൈറ്റില | എറണാകുളം |
| 15 | എഫ്.എൽ.-129 തോപ്പുംപടി | എറണാകുളം |
| 16 | എഫ്.എൽ.-142 കൂത്താട്ടുകുളം | എറണാകുളം |
| 17 | ബി.ആർ.-003 കലൂർ | എറണാകുളം |
| 18 | എഫ്.എൽ.-159 കുന്നംകുളം | തൃശ്ശൂർ |
| 19 | എഫ്.എൽ.-160 വടക്കാഞ്ചേരി | തൃശ്ശൂർ |
| 20 | എഫ്.എൽ.-162 കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| 21 | എഫ്.എൽ.-185 മലപ്പുറം | മലപ്പുറം |
| 22 | എഫ്. എൽ.-192 കോഴിക്കോട് | കോഴിക്കോട് |
| 23 | എഫ്.എൽ.-202 കൊയിലാണ്ടി | കോഴിക്കോട് |
| 24 | എഫ്.എൽ.-206 കുറ്റ്യാടി | കോഴിക്കോട് |
| 25 | എഫ്.എൽ.-219 കണ്ണൂർ ടൗൺ | കണ്ണൂർ |
| 26 | എഫ്.എൽ.-223 തളിപ്പറമ്പ് | കണ്ണൂർ |

**കെ.ടി.ഡി.സി. പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

161 (5888) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.ടി.ഡി.സി. എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.ടി.ഡി.സി. പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(സി) കെ.ടി.ഡി.സി.-യുടെ കീഴിലുള്ള ഹോട്ടലുകളുടെയും ടാമറിന്റ് ഹോട്ടലുകളുടെയും പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാന - ദേശീയ പാതയോരങ്ങളിലെ മദ്യശാലകൾ പൂട്ടണമെന്ന സുപ്രീംകോടതി വിധി കെ.ടി.ഡി.സി.-യുടെ ബിയർ പാർലറുകളുടെ പ്രവർത്തനത്തെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.ടി.ഡി.സി. പലവിധ സംഭാവനകൾ നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി -യുടെ ആദ്യ സാന്നിധ്യം തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയവ പല ടൂറിസം ഡെസ്റ്റിനേഷനുകളുടെയും വികസനത്തിന് കാരണമായിട്ടുണ്ട്. വിവിധ ഡെസ്റ്റിനേഷനുകളിലെ ഹോട്ടലുകളെ ബന്ധിപ്പിച്ചുള്ള എയർലൈൻ ടൂർ പാക്കേജ്, പ്രൈവറ്റ് ട്രാവൽ എജൻസികളുമായി ചേർന്ന് ട്രെയിൻ ചാർട്ടർ പാക്കേജ്, മൺസൂൺ സമയത്ത് താരീഫ് കുറച്ച് മൺസൂൺ ടൂറിസം എന്നിങ്ങനെ പല ടൂർ പാക്കേജുകളും തുടങ്ങി വച്ചത് കെ.ടി.ഡി.സി.-യാണ്. ഇതു കൂടാതെ കേരളത്തിലെ വികസിതവും വികസിച്ചു കൊണ്ടിരിക്കുന്നതുമായ എല്ലാ ടൂറിസം ഡെസ്റ്റിനേഷനുകളിലും കെ.ടി.ഡി.സി.-യുടെ പ്രീമിയം, ബഡ്ജറ്റ് ഹോട്ടലുകളുടെ സാന്നിധ്യം അവിടെയുള്ള ടൂറിസം മാർക്കറ്റിങ്ങിന് ഉത്തേജനം നൽകുന്നുണ്ട്.

(ബി) പൊൻമുടിയിൽ ടൂറിസം വകുപ്പ് കൈമാറിയ 15 കോട്ടേജുകളുടെ ആധുനികവൽക്കരണം, തമ്പാനൂർ ചൈത്രം ഹോട്ടൽ, കോവളം സമുദ്ര ഹോട്ടൽ, മൂന്നാർ ടീ കൗണ്ടി ഹോട്ടൽ എന്നിവയുടെ നവീകരണം, ബേക്കൽ ബീച്ച് ക്യാമ്പിൽ 24 പുതിയ കോട്ടേജുകൾ/ക്യാമ്പ് എന്നിവയുടെ നിർമ്മാണം, മലമ്പുഴ, നെയ്യാർ ഡാം എന്നീ രണ്ട് യൂണിറ്റികളിലുമായി 3 മെഗാവാട്ട് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കൽ, കണ്ണൂർ, തൃശ്ശൂർ, പീരുമേട്, ആലപ്പുഴ എന്നിവിടങ്ങളിലെ ടാമറിന്റ് ഹോട്ടലുകളുടെ നവീകരണം എന്നിവയാണ് കെ.ടി.ഡി.സി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

(സി) ടാമറിന്റ് ഹോട്ടലുകൾ പഴയ യാത്രി നിവാസിനെ പേരുമാറ്റി വിപണനം ചെയ്യുന്നവയാണ്. ടാമറിന്റ് ഹോട്ടലുകൾക്കും, മോട്ടലുകൾക്കും അവ ഇരിക്കുന്ന സ്ഥാപനങ്ങളുൾക്കനുസരിച്ച് വരുമാനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ട്. ടാമറിന്റ് ഹോട്ടലുകളിലും മോട്ടലുകളിലും പരിമിതമായ എണ്ണം മുറികളും സൗകര്യങ്ങളും മാത്രമേയുള്ളൂ. ആകയാൽ ഇവയുടെ പ്രവർത്തനം ലാഭകരമാക്കാൻ ചില പരിമിതികളുണ്ട്.

(ഡി) കെ.ടി.ഡി.സി. 40 ബിയർ പാർലറുകളാണ് കേരളത്തിലങ്ങോളമിങ്ങോളം നടത്തി വന്നിരുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പ്രകാരം 22 എണ്ണം പൂട്ടുകയുണ്ടായി. ഈ ബിയർ പാർലറുകൾ പൂട്ടിയതുമൂലം നടപ്പ് സാമ്പത്തിക വർഷം 48 കോടി വിറ്റുവരവിൽ കുറവ് വരുമെന്ന ആശങ്കയിലാണ്. ഇതുമൂലം കേരളസർക്കാരിൽ അടയ്ക്കുന്ന നികുതിയിൽ 5 കോടിയും കേന്ദ്ര സർക്കാരിലേക്കുള്ള 1 കോടിയും കുറവ് വരും. ഈ സ്ഥാപനങ്ങളിലെല്ലാം കൂടി 344 തൊഴിലാളികളെ നിയമിച്ചിരുന്ന (സ്ഥിരം ജീവനക്കാർ-47, കെ.ടി.ഡി.സി. നേരിട്ടുള്ള കോൺട്രാക്ട്-21, ട്രെയിനീസ്-38, പുറം കരാർ-238 എന്ന രീതിയിലാണ്) ഇതിനാൽ ഇവരുടെ തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ തൊഴിൽ രഹിതരായ കെ.ടി.ഡി.സി. -യുടെ തൊഴിലാളികളെ പുനർ വിന്യസിക്കുന്നതു മൂലം ഒരു വർഷം ഏകദേശം 4.08 കോടി രൂപ അധിക ബാധ്യത കൂടി കെ.ടി.ഡി.സി.-യ്ക്ക് ഉണ്ടാകും.

**ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ള സ്ഥാപനങ്ങൾ**

162 (5889) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ള എത്ര സ്ഥാപനങ്ങൾ ലീസ്/പാട്ടം/വാടക ഇനത്തിൽ നൽകിയിട്ടുണ്ടെന്നും ആർക്കൊക്കെയാണെന്ന് നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) ലീസ്/പാട്ടം /വാടക കാലാവധി എത്രയെന്നും പ്രസ്തുത തുകയിൽ വാർഷിക വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) വർഷങ്ങളായി ഒരേ സ്ഥാപനത്തിന്/വ്യക്തിക്ക് മാത്രം ലീസ്/ പാട്ടം/വാടകയ്ക്ക് നൽകുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്നും എന്ന് മുതലാണ് നൽകിവരുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ബി.ആർ.ഡി.സി.-യിൽ 2016-17 -ൽ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെന്നും ഏതൊക്കെ സ്ഥാപനങ്ങളിലാണ്

ഈ പ്രവൃത്തി നടത്തിയതെന്നും, ഓരോ സ്ഥാപനത്തിലും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ബി.ആർ.ഡി.സി.-യുടെ അധീനതയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലീസിനായി നൽകിയിട്ടുണ്ട്.

1. ആയിറ്റി ടെർമിനൽ-വലിയപറമ്പ കായൽ ടൂറിസം വികസന സമിതിക്ക്
2. ഇടയിലക്കാട് അമിനിറ്റി സെന്റർ-വലിയപറമ്പ കായൽ ടൂറിസം വികസന സമിതിക്ക്
3. ബേക്കൽ ബീച്ച് പാർക്ക് -പള്ളിക്കര സഹകരണബാങ്കിന്
4. കോട്ടപ്പുറം ഹൗസ് ബോട്ട് സെന്റർ -ശ്രീ.മുഹമ്മദ് അനസ്-ന്
5. ബേക്കൽ ഫോർട്ട് പാർക്കിംഗ് ബേ-ശ്രീ.അബ്ദുൽ സനാഫ്-ന്
6. തൃക്കണാട് അമിനിറ്റി സെന്റർ-ശ്രീ.ഷറഫുദിൻ-ന്

(ബി)

| സ്ഥാപനം | പ്രതിമാസ ലീസ് തുക (Rs) | പാട്ട കാലാവധി (വർഷം) | വാർഷിക വർദ്ധനവ് |
|---|---|---|---|
| ആയിറ്റി ടെർമിനൽ | 8,500 | 5 | -------- |
| ഇടയിലക്കാട് അമിനിറ്റി സെന്റർ | 1,500 | 5 | 20.00% |
| ബേക്കൽ ബീച്ച് പാർക്ക് | 1,60,500 | 3 | ------ |
| കോട്ടപ്പുറം ഹൗസ് ബോട്ട് സെന്റർ | 16,500 | 5 | ------ |
| ബേക്കൽ ഫോർട്ട് പാർക്കിംഗ് ബേ | 30,416 | 1 | |
| തൃക്കണാട് അമിനിറ്റി സെന്റർ | 4,100 | 5 | ----- |

(സി) പാട്ടക്കാലാവധി തീരുന്ന മുറയ്ക്ക് ദർഘാസുകൾ മുഖേന വീണ്ടും പാട്ടക്കാരനെ കണ്ടെത്തുകയാണ് ചെയ്തു വരുന്നത്.

(ഡി) ബി.ആർ.ഡി.സി.-യിൽ 2016-17 ആയിറ്റി ടെർമിനൽ 9,81,757 രൂപയും ബേക്കൽ ബീച്ച് പാർക്കിൽ 23,500 രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു.

## ഫാം ടൂറിസം

163 (5890) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ടൂറിസവുമായി ബന്ധപ്പെടുത്തി ഫാം ടൂറിസത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫാം ടൂറിസം പദ്ധതിയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഇതിനകം അംഗീകാരം നൽകിയിട്ടുള്ളത്;

(സി) ഈ പദ്ധതികൾക്ക് നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഫാം ടൂറിസം പ്രോജക്ടുകൾക്കുവേണ്ടി തയ്യാറാകുന്ന കർഷകർക്ക് സർക്കാർ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ഫാം ടൂറിസം സെന്ററുകൾ സജ്ജീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാം ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രീൻ ഫാം കേരള പദ്ധതി ടൂറിസം വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ വയനാട് ജില്ലയിലെ പഞ്ചാരകൊല്ലിയിൽ പ്രിയദർശിനി ടീ എൻവയോൺമെൻസ് എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) ഫാം ടൂറിസം നടപ്പാക്കുന്നതിനായി പ്രത്യേക പ്രോത്സാഹന പദ്ധതി നിലവിലില്ല.

(ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) പരിശോധിക്കാവുന്നതാണ്.

## വേളി ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

164 (5891) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

ഉത്തരം

വേളി ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനവും മേൽനോട്ടവും ടൂറിസം വകുപ്പ് നേരിട്ടാണ് നിർവ്വഹിക്കുന്നത്. നിലവിൽ ഇവിടത്തെ പ്രവർത്തനം കാര്യക്ഷമമായ രീതിയിലാണ് നടന്നുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 ടൂറിസം പ്രവൃത്തികൾക്ക് വേളിയിൽ അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ സമയത്ത് ബന്ധപ്പെട്ട വകുപ്പുകളുടെ മീറ്റിംഗ് വിളിച്ച് ചർച്ച ചെയ്ത് വിഷയങ്ങൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

**പൈതൃക ടൂറിസം പദ്ധതി**

165 (5892) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ടൂറിസം പദ്ധതി എന്നത് എന്താണെന്ന് വിശദമാക്കുമോ;

(ബി) പുരാതന സ്പൈസ് റൂട്ട് പുനരുദ്ധാരണത്തിനുള്ള പദ്ധതിയിൽ പങ്കാളിയാകുന്നത് കേരളാ ടൂറിസത്തിന് ഏതൊക്കെ തരത്തിൽ മുതൽ കൂട്ടാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചരിത്ര പ്രധാന്യം മനസ്സിലാക്കി നിരവധി ചരിത്ര സ്മാരകങ്ങളെയും ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങളെയും ബന്ധിപ്പിച്ച് ചരിത്രത്തിന്റെ ഒരു നേർകാഴ്ച വിനോദസഞ്ചാരികൾക്ക് പകർന്നു നൽകുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് പൈതൃക ടൂറിസം പദ്ധതി.

(ബി) ഏകദേശം 3000 ബി.സി. മുതൽ പ്രാചീന രേഖകളിൽ പരാമർശിച്ച തുറമുഖങ്ങളും ലോകത്തിലെ അന്ന് അറിയപ്പെടുന്ന സംസ്കാര സംപുഷ്ടമായ രാജ്യങ്ങളുമായിട്ടാണ് കേരളത്തിന്റെ വ്യാപാരം. ഇവയിൽ അധികവും

സുഗന്ധ വ്യഞ്ജന വ്യാപാരമായിരുന്നു. ഒരു കാലത്ത് നഷ്ടപ്പെട്ടുപോയ പ്രതാപം സംസ്ഥാനം വീണ്ടെടുക്കുന്നതിലേക്ക് മുസിരിസ് പദ്ധതിയുടെ നടത്തിപ്പിനോടൊപ്പം അന്താരാഷ്ട്ര വിനോദസഞ്ചാരികളെ ആകർഷിപ്പിക്കാൻ വേണ്ടി പൗരാണിക കാലത്തുണ്ടായിരുന്ന വ്യാപാര പങ്കാളിത്ത രാജ്യങ്ങളായ ബർമ്മ, ചൈന, ഡെൻമാർക്ക്, ഈജിപ്റ്റ്, ഗ്രീസ് തുടങ്ങിയ 31-ഓളം വിദേശരാജ്യങ്ങളെ ബന്ധപ്പെടുത്തി ഒരു റൂട്ട് മാപ്പ് തയ്യാറാക്കുകയും അതിനെ 'സിൽക്ക് റോഡ്' എന്ന് മാതൃക സ്വീകരിച്ച് സ്പൈസ് റൂട്ട് എന്ന നാമകരണം ചെയ്യുകയുണ്ടായി.

അന്താരാഷ്ട്ര സംഘടനയായ UNESCO-യുടെ പ്രാമുഖ്യത്തിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതി ആയതിനാൽ അന്താരാഷ്ട്രതലത്തിൽത്തന്നെ ഇത് ടൂറിസം മേഖലയിൽ ശ്രദ്ധേയമാകുന്നതാണ്. ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക പദ്ധതികളിൽ ഒന്നായ സ്പൈസ് റൂട്ട് പദ്ധതി അന്താരാഷ്ട്രതലത്തിൽത്തന്നെ കേരള വിനോദസഞ്ചാര മേഖലയ്ക്ക് മഹത്തായ നേട്ടം കൈവരിക്കാൻ കഴിയുന്ന ഒന്നാണ്. പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ ഈ പദ്ധതി കേരളാ ടൂറിസം മാർക്കറ്റിംഗിനുള്ള നൂതന വിപണന മേഖല തുറന്നു തരുന്നു. UNESCO, UNWTO എന്നീ അന്താരാഷ്ട്ര സംഘടനകളാണ് ഈ പദ്ധതിക്ക് പിൻതുണ നൽകുന്നത്.

**തലശ്ശേരി നിയോജക മണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ**

166 (5893) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഇനി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും തരം തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു പ്രവൃത്തിക്കാണ് ഭരണാനുമതി ലഭിക്കാനുള്ളത്.

(ബി) തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി തലശ്ശേരി സബ് കളക്ടർ ബംഗ്ലാവിന്റെ കൺസർവേഷൻ & റീ യൂസ് ആസ് തലശ്ശേരി ഹെറിറ്റേജ് മ്യൂസിയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടത്തിന്റെ സംരക്ഷണം (conservation) നവീകരണം സൗന്ദര്യവത്ക്കരണം എന്നീ പ്രവൃത്തികളാണ് വിഭാവന ചെയ്തിട്ടുള്ളത്. നിലവിൽ കെട്ടിടം റവന്യൂ വകുപ്പിന്റെ അധീനതയിൽ ആയതിനാൽ ടി വകുപ്പിൽനിന്നും എൻ. ഒ. സി. ലഭിച്ചതിനുശേഷം മാത്രമേ ഭരണാനുമതിക്കായി സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

## ടൂറിസം മാസ്റ്റർ പ്ലാനുകൾ

167 (5894) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദവുമായ വികസന ലക്ഷ്യം കൈവരിക്കുന്നതിന്റെ ആദ്യ പടിയായി നടപ്പാക്കുന്ന മാസ്റ്റർ പ്ലാനുകളുടെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഡെസ്റ്റിനേഷനുകളുടെ മാസ്റ്റർ പ്ലാനാണ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാനുകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അവ വിവിധ ഘട്ടങ്ങളിൽ ആണ്. നിലവിൽ കോവളം-പൂവാർ ടൂറിസം കോറിഡോർ, കുമരകം, ഫോർട്ട് കൊച്ചി, തേക്കടി എന്നീ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഫോർട്ട് കൊച്ചി മാസ്റ്റർ പ്ലാനിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഏജൻസികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാൻ ആദ്യഘട്ടത്തിൽ ബന്ധപ്പെട്ട വിവിധ വകുപ്പുമായി ചർച്ചകൾ സംഘടിപ്പിക്കുകയും അതിൽ നിന്ന് ഉരുത്തിരിയുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്തുകൊണ്ട് രണ്ടാം ഘട്ടത്തിൽ അതാത് പ്രദേശങ്ങളിലെ ടൂറിസം സംരംഭകരും ഉപഭോക്താക്കളുമായും ചർച്ച നടത്തി അവരുടെ അഭിപ്രായങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടും തുടർന്ന് അതാത് പ്രദേശങ്ങളുടെ ജനപ്രതിനിധികളുടേയും മറ്റ് പൊതുപ്രവർത്തകരുമായി ചർച്ചകൾ നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി മാത്രമേ അംഗീകരിക്കുകയുള്ളൂ.

ഇത്തരത്തിൽ അംഗീകരിച്ച മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ അതത് സ്ഥലങ്ങളുടെ പ്രത്യേകത കൂടി ഉൾക്കൊള്ളിച്ചാണ് ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്.

## ടൂറിസം വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനക്കായുള്ള പ്രോജക്ടുകൾ

168 (5895) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽനിന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനക്കായി എത്ര പ്രൊജക്ടുകൾ സമർപ്പിച്ചിരുന്നു; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഡി.റ്റി.പി.സി.-യും ബി.ആർ.ഡി.സി.-യും സമർപ്പിച്ചിരുന്ന പ്രോജക്ടുകൾ ഓരോന്നും വിശദമാക്കുമോ

(സി) ഏതൊക്കെ പ്രൊജക്ടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട് വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2016 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനക്കായി ആലപ്പുഴ ജില്ലയിൽനിന്നും പ്രോജക്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ബി&സി) ഡി.റ്റി.പി.സി.-യും ബി.ആർ.ഡി.സി.-യും പ്രോജക്ടുകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല.

## ഗ്രാമീണ ടൂറിസം

169 (5896) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ടൂറിസം പദ്ധതിയുടെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുക;

(ബി) കേരളത്തിൽ ബാറുകളും മദ്യ വിൽപന കേന്ദ്രങ്ങളും പൂട്ടിയതിനുശേഷം ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ ടൂറിസം പദ്ധതിയുടെ വിപുലീകരണത്തിന് ഉതകുന്ന തരത്തിൽ ഉത്തരവാദിത്ത ടൂറിസം, ഗ്രീൻ കാർപ്പറ്റ് എന്നീ പദ്ധതികളിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനവും, പ്രാദേശിക ടൂറിസം പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി&സി) വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ വരവിലുള്ള വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുണ്ട്.

**ആലപ്പുഴ കൊമേഴ്സ്യൽ കനാലിന്റെ കരയിലുള്ള ചെറുഹട്ടുകൾ**

170 (5897) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കൊമേഴ്സ്യൽ കനാലിന് ഇരുകരകളിലുമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ചെറുഹട്ടുകളുടെ നിർമ്മാണ ചുമതല ആർക്കായിരുന്നുവെന്നും ഇതുവരെ എത്രയെണ്ണം പൂർത്തീകരിച്ച് ഡി.ടി.പി.സി.-യെ ഏൽപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ചിട്ടും ഡി.ടി.പി.സി. -ക്ക് കൈമാറാത്ത എത്ര ഹട്ടുകളാണ് കാലപ്പഴക്കംമൂലം നശിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കൊത്തവാൽ ചാവടിപ്പാലത്തിന് സമീപം നിർമ്മിച്ചിട്ടുള്ള ശൗചാലയം ശാസ്ത്രീയ രീതിയിൽ പ്രവർത്തന സജ്ജമാക്കാൻ കഴിയുമോ;

(ഡി) പ്രസ്തുത സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളതും (ആസ്പിൻവാൾ ഫാക്ടറിയുടെ എതിർവശം) നിർമ്മാണം പൂർത്തീകരിച്ചതുമായ റൂം ഡി.ടി.പി.സി-ക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിർമ്മാണ ചുമതല കിറ്റ്കോ (KITCO) യ്ക്കാണ്. ഈ സ്ഥാപനം നിർമ്മാണം പൂർത്തിയാക്കി വകുപ്പിന് കൈമാറിയിട്ടില്ല.

(ബി) കാലപ്പഴക്കംമൂലം ഒന്നും നശിച്ചിട്ടില്ല.

(സി) പരിശോധിക്കുന്നതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

**ആഭ്യന്തര ടൂറിസം**

171 (5898) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം വന്നതിനുശേഷം ആഭ്യന്തര ടൂറിസം രംഗത്ത് മാന്ദ്യം സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ടൂറിസം പാക്കേജുകൾ നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) ഇല്ലെങ്കിൽ യാത്ര ചെലവ്, ഭക്ഷണം, താമസം, സ്ഥലങ്ങൾ കാണൽ എന്നിവയെല്ലാം ഉൾപ്പെടെയുള്ള ടൂറിസം പാക്കേജുകൾ നടപ്പിലാക്കുന്നതിനും തദ്വാരാ ആഭ്യന്തര ടൂറിസം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നോട്ട് നിരോധനത്തിനുശേഷം ആഭ്യന്തര ടൂറിസം രംഗത്ത് മാന്ദ്യം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്തും സ്വദേശത്തും റോഡ് ഷോകളും ഫെയറുകളും സംഘടിപ്പിച്ചതിലൂടെയും പരസ്യ പ്രചരണങ്ങളിലൂടെയും പ്രചരണങ്ങൾ ത്വരിതപ്പെടുത്തിയതിലൂടെയും നോട്ട് നിരോധനംമൂലം സംസ്ഥാന ടൂറിസം രംഗത്തുണ്ടായ മാന്ദ്യം പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

(സി&ഡി) ആഭ്യന്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിലുള്ള ടൂറിസം പാക്കേജുകൾ ടൂറിസം വകുപ്പ് നേരിട്ട് നടപ്പാക്കി വരുന്നില്ല. നിലവിൽ ടൂറിസം പാക്കേജുകൾ നേരിട്ട് നടപ്പാക്കുന്ന വിഷയം ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ കേരള ടൂറിസത്തിന്റെ അക്രഡിറ്റഡ് ടൂർ ഓപ്പറേറ്റർമാർ നൽകുന്ന ടൂർ പാക്കേജുകളെ സംബന്ധിച്ച വിശദാംശം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താറുണ്ട്.

**മലപ്പുറം ജില്ലയിൽ വിനോദ സഞ്ചാര വകുപ്പ് ചെലവഴിച്ച തുക.**

172 (5899) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ വിനോദസഞ്ചാര വകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഡി.റ്റി.പി.സി. മലപ്പുറം വഴി ,എത്ര രൂപയാണ് ചെലവഴിച്ചതെന്നും ഏതൊക്കെ കേന്ദ്രങ്ങളിൽ ഏതൊക്കെ ഇനത്തിലാണ് തുക ചെലവഴിച്ചതെന്നും അറിയിക്കുമോ;

(സി) താനൂർ-ഒട്ടുംപുറം വിനോദസഞ്ചാര കേന്ദ്രത്തിൽനിന്നും ഡി.റ്റി.പി.സി.-ക്ക് മേൽ സൂചിപ്പിച്ച വർഷങ്ങളിൽ ലഭിച്ച വരുമാനം എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ ടൂറിസം പദ്ധതികൾക്കായി ആകെ 17,45,86,836 രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 6,73,66,342 രൂപ വിവിധ ഏജവിസികൾക്ക് നൽകുകയും ചെയ്തു.

2016-17 സാമ്പത്തിക വർഷത്തിൽ ടൂറിസം പദ്ധതികൾക്കായി ആകെ 2,78,90,000 രൂപയുടെ ഭരണാനുമതി ലഭിക്കുകയും 94,45,000 രൂപ വിവിധ ഏജൻസികൾക്ക് നൽകുകയും ചെയ്തു.

(ബി) വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) താനൂർ ഒട്ടുമ്പുറം ബീച്ചിൽ നിന്ന് ഡി.റ്റി.പി.-സിക്ക് ലഭിച്ച വരുമാനം

2015-16 -1,14,387 രൂപ

2016-17 -4,51,605 രൂപ

**സംസ്ഥാനം സന്ദർശിച്ച വിനോദഞ്ചാരികളുടെ എണ്ണം**

173 (5900) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ, മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള എത്ര ടൂറിസ്റ്റുകൾ സംസ്ഥാനത്ത് വന്നിട്ടുണ്ടെന്നും ഇവരിൽനിന്നും സർക്കാരിന് എത്ര കോടി രൂപയുടെ വരുമാനമുണ്ടായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിനോദസഞ്ചാരികളുടെ എണ്ണം കണക്കാക്കുന്നത് കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ്. 2016 വർഷത്തിൽ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | ആഭ്യന്തര വിനോദ സഞ്ചാരികൾ |
|---|---|---|
| 2015 | 9,77,479 | 1,24,65,571 |
| 2016 | 10,38,419 | 1,31,72,535 |
| വർദ്ധനവ് | 6.23% | 5.67% |

2015-ൽ ആഭ്യന്ത ടൂറിസത്തിൽ നിന്നുള്ള വരുമാനം 13,836.78 കോടി രൂപ ആയിരുന്നത് 2016-ൽ 15,348.64 കോടി രൂപയായി വർദ്ധിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

**ഭൂതത്താൻകെട്ടിൽ ബോട്ട് സർവ്വീസ്**

174 (5901) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ ടൂറിസം പ്രദേശമായ ഭൂതത്താൻകെട്ടിൽ വിനോദസഞ്ചാരികൾക്കുവേണ്ടി ബോട്ട് സർവ്വീസ് നിലവിലുണ്ടോ;

(ബി) എത്ര ബോട്ടുകളാണ് നിലവിൽ ഭൂതത്താൻകെട്ട് റിസർവോയറിൽ സർവ്വീസ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സർവ്വീസിൽ സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും ബോട്ടുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ഡി) ഭൂതത്താൻകെട്ട്, തട്ടേക്കാട്, പൂയംകുട്ടി, നേരിയമംഗലം തുടങ്ങിയ പ്രദേശങ്ങളിലെ ടൂറിസം സാധ്യത ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ഭൂതത്താൻകെട്ട് റിസർവോയറിനുവേണ്ടി പുതുതായി ബോട്ട് സർവ്വീസ് ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിൽ ബോട്ട് സർവ്വീസ് നിലവിലുണ്ട്.

(ബി) 9 എണ്ണം

(സി) നിലവിൽ സർവ്വീസ് നടത്തുന്ന എല്ലാ ബോട്ടുകളും സ്വകാര്യ വ്യക്തികളുടേതാണ്.

(ഡി) ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 7 അംഗ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജലസേചനവകുപ്പ് പുതിയ ബോട്ടുകളുടെ സർവ്വീസ് ആരംഭിക്കുന്നതിന് അനുമതി നൽകി വരുന്നു.

**കുറ്റ്യാടി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

175 (5902) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഭരണാനുമതിക്കായി കുറ്റ്യാടി മണ്ഡലത്തിൽനിന്ന് ഇതിനകം സമർപ്പിച്ചതും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ഡി) മണ്ഡലത്തിൽ ടൂറിസം മേഖലയിൽ ഏറെ സാധ്യതയുള്ള ഏതെങ്കിലും പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പ്രവൃത്തികൾ ഒന്നും തന്നെയില്ല.

(സി) പദ്ധതികൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ഡി) ലോകനാർകാവ് ക്ഷേത്രത്തിനെ പിൽഗ്രിം ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

1. ഇംപ്രൂവ്മെന്റ്സ് ടു വടകര ലോകനാർകാവ് ടെമ്പിൾ റോഡ്

2. പിൽഗ്രിം ടൂറിസം സെന്റർ അറ്റ് ലോകനാർകാവ്

പൂയംകുറ്റിമല എന്ന സ്ഥലം ടൂറിസം വികസന സാദ്ധ്യതയുള്ള സ്ഥലമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**മലപ്പുറത്തെ പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

176 (5903) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വിനോദസഞ്ചാര വകുപ്പ് പുതുതായി കണ്ടെത്തിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ എതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുഴയോര സ്നേഹ പാത ചമ്രവട്ടം എന്ന ടൂറിസ്റ്റ് കേന്ദ്രമാണ് പുതുതായി കണ്ടെത്തിയത്.

(ബി) ഉണ്ട്

(സി) സ്വീകരിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര വിപണനത്തിനായി സ്വീകരിച്ച നടപടികൾ**

177 (5904) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വിപണനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിനോദസഞ്ചാര വിപണനത്തിനുള്ള ഏറ്റവും നല്ല ഉപാധി വിനോദസഞ്ചാരികൾക്ക് മികച്ച സേവനവും മാന്യമായ പെരുമാറ്റവും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വവും ഗതാഗതസൗകര്യവും ആയതിനാൽ ഇവയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമോ;

(സി) മെച്ചപ്പെട്ട വിനോദസഞ്ചാര വിപണനത്തിനായി പ്രചരണ പരിപാടികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

- കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു വരുന്നു.

- ഉത്തരവാദിത്ത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.
- നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു.
- വിനോദസഞ്ചാരികളേയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു വരുന്നു.
- ദേശീയ/അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ കേരള ടൂറിസത്തിന്റെ പരസ്യം നൽകിവരുന്നു.
- മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ കേരളത്തെ പരിചയപ്പെടുത്തുന്നതിനും ആകർഷിക്കുന്നതിനുമായി പാർട്ണർഷിപ്പ് മീറ്റുകളും റോഡ്ഷോകളും നടത്തിവരുന്നു.
- അവധിക്കാലത്തും മറ്റും ദേശീയ തലത്തിൽ കേരള ടൂറിസം പ്രചരിപ്പിക്കാനായി ഡ്രീം സീസൺ/ഓഫ് സീസൺ ക്യാമ്പയിൻ നടത്തിവരുന്നു.
- സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്കും തദ്ദേശീയർക്കുമായി ഓണം വാരാഘോഷം, നിശാഗന്ധി ഫെസ്റ്റിവൽ, ഉത്സവം എന്നീ പരിപാടികൾ നടത്തിവരുന്നു.
- നാഷണൽ ഇന്റർനാഷണൽ ക്യാമ്പയിൻ നടത്തിവരുന്നു.
- പ്രചരണത്തിന്റെ ഭാഗമായി വിവിധ വിദേശ രാജ്യങ്ങളിലെ പ്രസിദ്ധീകരണങ്ങളിലും ടി.വി. ചാനലുകളിലും പരസ്യം നൽകി വരുന്നു.
- വിവിധ സാംസ്കാരിക പരിപാടികൾക്കും മേളകൾക്കും സാമ്പത്തിക സഹായവും സ്പോൺസർഷിപ്പും നൽകിവരുന്നു.

(ബി&സി) നടപടി സ്വീകരിച്ചുവരുന്നു.

## വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യവിമുക്തമായി സൂക്ഷിക്കുന്നതിന് സംവിധാനങ്ങൾ

178 (5905) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ബാബു :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമായി സൂക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വമില്ലായ്മയും മാലിന്യ സംസ്കരണ പദ്ധതികളുടെ അഭാവവും മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ മാലിന്യ സംസ്കരണത്തിന് പൊതുജനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാന വിനോദസഞ്ചാര മേഖലകളിലെ മാലിന്യ നിയന്ത്രണത്തിനും സംസ്കരണത്തിനുമായി കുടംബശ്രീ, ശുചിത്വമിഷൻ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, എൻ.ജി.ഒ. കൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പു വരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി പ്രകാരം മാലിന്യനീക്കം നടത്തി വരുന്നു. ടൂറിസം സെന്ററുകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും ദ്രുതഗതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ പ്രധാന ഘടകമായി മാലിന്യ നിയന്ത്രണവും സംസ്കരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. കായലോര ജലാശയങ്ങളിലെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാൻറുകൾ സ്ഥാപിച്ചു വരുന്നു. വിവിധ കേന്ദ്രങ്ങളിൽ ശാസ്ത്രീയമായി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇൻസിനേറ്ററുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

(സി) മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കേണ്ടതും ശുചിത്വ പരിപാലനം ഉറപ്പാക്കേണ്ടതും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിലും ചുമതലയിലും പെട്ടതാണ്. എന്നിരുന്നാലും സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ചും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പു വരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination Campaign" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ എൻ.ജി.ഒ. -കളുമായി സഹകരിച്ചുകൊണ്ട് മാലിന്യ നിർമ്മാർജ്ജന പദ്ധതികളും ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിവിധ ഏജൻസികളുമായി ചേർന്ന് മാലിന്യ നിയന്ത്രണത്തിന് പ്രത്യേക പ്രാധാന്യം നൽകി വരുന്നു.

## ഉത്തരവാദിത്ത ടൂറിസം

179 (5906) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം മേഖലയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്;

(ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹത്തിന് കൂടുതൽ വരുമാനം നേടിക്കൊടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(സി) ഉത്തരവാദിത്ത ടൂറിസം സംബന്ധിച്ച് പൊതുജനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബോധവൽക്കരണം, പരിശീലനം എന്നിവ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉത്തരവാദിത്ത ടൂറിസം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉത്തരവാദിത്ത ടൂറിസം രംഗത്ത് മറ്റൊരു സംസ്ഥാനവും പ്രത്യേക പ്രോജക്റ്റ് നടപ്പാക്കുന്നില്ല. ഈ രംഗത്ത് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അതുവഴി യു.എൻ.ഡബ്ല്യു.റ്റി.ഒ.-യുടേതടക്കം ഒട്ടേറെ ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ നേടാനും കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ലഭിച്ച പുരസ്കാരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ 2011 -ലാണ് ആരംഭിച്ചത്. പുതുതായി 3 കേന്ദ്രങ്ങളിൽക്കൂടി ടി പദ്ധതി വ്യാപിപ്പിച്ചു. വിവിധ ഉദ്പാദന ഗ്രൂപ്പുകളെയും വിതരണ ഗ്രൂപ്പുകളെയും കണ്ടെത്തുകയും അവയെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി വിദഗ്ദ്ധ പരിശീലന പരിപാടികൾ നടത്തിക്കൊണ്ട് യൂണിറ്റുകൾ രൂപീകരിച്ച് വരുമാന വർദ്ധനവിന് നടപടികൾ സ്വീകരിച്ചു. ഉത്തരവാദിത്ത ടൂറിസം-ഗ്രാമീണ ടൂറിസം പാക്കേജുകൾ തദ്ദേശീയർക്ക് മുതൽമുടക്കില്ലാതെ അധികവരുമാനം നേടാൻ സഹായിക്കുന്നു.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം, പരിശീലനം എന്നിവ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. 2017-18 പദ്ധതി വർഷത്തിൽ എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉത്തരവാദിത്ത ടൂറിസം കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും സാദ്ധ്യതയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതാണ്.

**ആക്സിസിബിൾ ടൂറിസം പദ്ധതി**

180 (5907) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആക്സിസിബിൾ ടൂറിസം പദ്ധതി നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതിനകം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിൽ ഭിന്നശേഷിക്കാരടക്കമുള്ള വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന തരത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുത്ത് പരമാവധി വിനോദസഞ്ചാര കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ റാമ്പുകൾ, വീൽചെയർ സൗകര്യങ്ങൾ, നടപ്പാതകൾ, വിശ്രമ മുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവയെല്ലാം സാധ്യതയനുസരിച്ച് ഓരോ കേന്ദ്രത്തിലും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് ലക്ഷ്യമിടുന്നു.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

181 (5908) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) നിലവിൽ എത്ര ടൂറിസം കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്; വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദേശീയ-അന്തർദേശീയ അംഗീകാരങ്ങൾ ഉൾപ്പെടെ 10 പുരസ്കാരങ്ങൾ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ 7 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കി വരുന്നു. കുമരകം, തേക്കടി, കോവളം, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. ഇതിനു പുറമേ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ ഉൾപ്പെടെ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും "ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം" പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 7 കേന്ദ്രങ്ങളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

## അതിരപ്പിള്ളി ടൂറിസം മേഖലയിൽ സൗകര്യങ്ങൾ

182 (5909) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ടൂറിസം മേഖലയിൽ ടൂറിസ്റ്റുകൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങളായ ടോയ്‌ലറ്റ്, പാർക്കിംഗ് തുടങ്ങിയവ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) അതിരപ്പിള്ളി ടൂറിസം മേഖലയിൽ ഉൾപ്പെട്ട തുമ്പൂർമൂഴിയിൽ ടൂറിസ്റ്റുകൾക്കായി എന്തെല്ലാം സൗകര്യങ്ങളും വികസന പ്രവർത്തനങ്ങളുമാണ് നടത്തുക എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) അതിരപ്പിള്ളി ടൂറിസ്റ്റുകൾക്കായി ഒരു യാത്രി നിവാസ് നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതിയായിട്ടുണ്ട്. ഇക്കോ ഷോപ്പുകൾ ഹെൽപ്പ് ഡെസ്ക്, ഭക്ഷണശാല, കോൺഫറൻസ് ഹാൾ എന്നിവയടക്കമുള്ള സൗകര്യങ്ങൾ ഇതോടനുബന്ധിച്ച് ഉൾപ്പെടുത്തുന്നതാണ്. ഇതിനു പുറമെ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, പാർക്കിംഗ്, പബ്ലിക്ക് പാർക്ക്, വ്യൂ പോയിന്റ് എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉമ്പൂർമൂഴിയിൽ ടൂറിസ്റ്റുകൾക്കായി ചുവടെ പറയുന്ന വികസന പ്രവൃത്തികൾ ആണ് നടപ്പാക്കുന്നത്.

1. കുട്ടികളുടെ പാർക്കിന്റെ നവീകരണം
2. കർട്ടൻ ഫൗണ്ടൻ
3. ജനറേറ്റർ
4. ഫൂട്ട് ഓവർ ബ്രിഡ്ജ്
5. നടപ്പാതകൾ
6. ഇരിപ്പിടങ്ങൾ

**വാടാനപ്പള്ളി ബീച്ചിന്റെ സൗന്ദര്യവത്ക്കരണം**

183 (5910) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ബീച്ചിന്റെ സൗന്ദര്യ വൽക്കരണത്തിനുള്ള നടപടിക്കായി മണലൂർ എം.എൽ.എ. നൽകിയിട്ടുള്ള കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

**ടൂറിസ്റ്റുകളെ ആകർഷിക്കാൻ പദ്ധതി**

184 (5911) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. കെ.എസ്.ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പുവഴി, വരുംവർഷങ്ങളിൽ സംസ്ഥാനത്തേക്ക് എത്ര ടൂറിസ്റ്റുകളെ ആകർഷിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പുവഴി, 2017 കലണ്ടർ വർഷത്തിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 10 ശതമാനം വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ടൂറിസ്റ്റുകൾക്കായി ഹോംസ്റ്റേ

185 (5912) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ടൂറിസ്റ്റുകൾക്കായി ഹോം സ്റ്റേ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്ഥലവാസികൾ ഏർപ്പെടുത്തേണ്ടതെന്നും ഇതു സംബന്ധിച്ച നടപടികൾ/അംഗീകാരങ്ങൾ എന്നിവ എവിടെ നിന്നും തേടണമെന്നും വ്യക്തമാക്കുമോ?

ഉത്തരം

കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് താമസസൗകര്യം വർദ്ദിപ്പിക്കുന്നതിനും അവർക്ക് കേരളത്തിന്റെ സംസ്കാരവും ആതിഥ്യ മനോഭാവവും അനുഭവവേദ്യമാക്കുന്നതിനുംവേണ്ടി കേരള ടൂറിസം ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ പദ്ധതി നടപ്പാക്കി വരുന്നു. ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷ അനുബന്ധ രേഖകൾ ഉൾപ്പെടെ ടൂറിസം വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. ഹോംസ്റ്റേയിൽ ഉണ്ടാകേണ്ട അവശ്യ സൗകര്യങ്ങളെക്കുറിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

186 (5913) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി എന്തൊക്കെ പ്രവൃത്തികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്നും ഇതിൽ ഏതൊക്കെയാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളതെന്നും എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ബി) അടുത്ത ശബരിമല സീസണുമുമ്പ് എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇവയുടെ നിർമ്മാണ പുരോഗതി വിലയിരുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ എന്തെങ്കിലും തടസ്സം ഏതെങ്കിലും പദ്ധതിക്ക് നേരിടുന്നുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രൂപവൽക്കരിച്ചിട്ടുള്ള ഉന്നതാധികാര സമിതിയും (ഹൈപ്പവർ കമ്മിറ്റി ഫോർ ഇംപ്ലിമെന്റേഷൻ ഓഫ് ശബരിമല മാസ്റ്റർ പ്ലാൻ) ഉന്നതാധികാര സമിതിയ്ക്ക് സാങ്കേതിക ഉപദേശം നൽകുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയും (ടെക്നിക്കൽ കമ്മിറ്റി ടു ദി ഹൈ പവർ കമ്മിറ്റി) ബന്ധപ്പെട്ട കൺസൾട്ടന്റുമാരെയും യോഗം ചേർന്ന് ശബരിമല മാസ്റ്റർ പ്ലാനിന് വിധേയമായി ഘട്ടംഘട്ടമായി നടപ്പിലാക്കേണ്ട പദ്ധതികൾ മുൻ ഗണനാക്രമത്തിൽ നടപ്പിലാക്കി വരുന്നു. പൂർത്തികരിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം -1 ആയി ചേർക്കുന്നു.* മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ 89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) അനുബന്ധം -2 ആയി ചേർക്കുന്നു.*

(സി) പെരിയാർ കടുവാ സങ്കേതത്തിലാണ് ശബരിമലയുമായി ബന്ധപ്പെട്ട പ്രവൃത്തനങ്ങൾ നടക്കുന്നത് എന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര/സംസ്ഥാന വനം വന്യജീവി വകുപ്പുകളുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഇത്തരം അനുമതികൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട തലത്തിൽ സ്വീകരിച്ചുവരുന്നു.

**ശബരിമല ഇടത്താവളങ്ങൾ**

187 (5914) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് ശബരിമലയിലേക്കുള്ള പാതയിൽ മുപ്പത്തേഴ് ഇടത്താവളങ്ങൾ പ്രഖ്യാപിച്ച പ്രകാരം ഇവ ഏതൊക്കെ സ്ഥലങ്ങളിലാണ് നിർമ്മിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇടത്താവളങ്ങളുടെ ഘടന വിശദമാക്കുമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദേശീയ, സംസ്ഥാന പാതയ്ക്കരുകിൽ 50 കിലോമീറ്റർ ഇടവിട്ട് ദേവസ്വം ബോർഡുകളുടെ കീഴിലുള്ള, മതിയായ സ്ഥലസൗകര്യങ്ങളുള്ള ക്ഷേത്രങ്ങളിൽ തീർത്ഥാടകർക്ക് താമസത്തിനും വിശ്രമത്തിനും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും മറ്റുമായി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

**മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പളം**

188 (5915) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരിൽ ഏതൊക്കെ ക്ഷേത്രം ജീവനക്കാർക്കാണ് ശമ്പളം മുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മാനേജ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് ഏതൊക്കെ ജീവനക്കാർക്കാണ് ശമ്പള വർദ്ധനവ് നൽകാൻ കഴിയാതെ വന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ക്ഷേത്ര ഭരണാധികാരികൾ യഥാസമയം അപേക്ഷ സമർപ്പിക്കാത്തതും കണക്കുകളിൽ ക്രമക്കേടുകൾ കണ്ടെത്തുന്നതുമായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ധനസഹായം കൃത്യമായി അനുവദിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്.

(ബി) മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 1-3-2009 പ്രാബല്യത്തിലാണ് അവസാനമായി ശമ്പള പരിഷ്കരണം അനുവദിച്ചത്. ഇൻക്രിമെന്റ്, ക്ഷാമബത്ത വർദ്ധനവ്, ഗ്രേഡ് പ്രൊമോഷൻ തുടങ്ങിയവ മൂലമുള്ള ശമ്പള വർദ്ധനവ് അല്ലാതെ ശമ്പള പരിഷ്കരണം മുഖേനയുള്ള ശമ്പള വർദ്ധനവ് 1-3-2009-ന് ശേഷം മലബാർ ദേവസ്വം ബോർഡ് നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ലഭ്യമായിട്ടില്ല.

**ശബരിമലയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി.**

189 (5916) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചത് എന്നാണ്; എത്ര രൂപയാണ് ഇതിനായി ചെലവഴിച്ചത്; ആർക്കായിരുന്നു നിർമ്മാണച്ചുമതല;

(ബി) പ്ലാന്റിന്റെ സ്ഥാപിത ശേഷി എത്രയാണ്; ഇത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർമ്മാണത്തിൽ എന്തൊക്കെ അപാകതകളാണ് സംഭവിച്ചതെന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2015 നവംബറിലാണ് സന്നിധാനത്ത് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചത്. ഹൈദ്രാബാദിലെ രാംകി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡാണ് കരാറുകാർ. പ്ലാന്റ് സ്ഥാപിച്ചതിന് നാളിതുവരെ 20,31,61,499 (ഇരുപത് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) കരാറുകാർക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രതിദിനം അഞ്ച് ദശലക്ഷം ലിറ്ററാണ് പ്ലാന്റിന്റെ സ്ഥാപിത ശേഷി. പ്ലാന്റ് പൂർണ്ണമായും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലാന്റ് പൂർണ്ണമായും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്ലാന്റിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും അപാകതകൾ സംഭവിച്ചതായോ പാകപ്പിഴകൾ ഉള്ളതായോ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. പ്ലാന്റ് പൂർണ്ണമായും കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനാകാതെ വന്നാൽ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## കാടാമ്പുഴ ശ്രീഭഗവതി ക്ഷേത്രം ശബരിമല ഇടത്താവളമാക്കുന്നതിനുള്ള നടപടി

190 (5917) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴ ശ്രീഭഗവതി ക്ഷേത്രം ശബരിമല ഇടത്താവളം ആക്കുന്നത് സംബന്ധിച്ച് ക്ഷേത്രം അധികാരികൾ ദേവസ്വം വകുപ്പിന് നൽകിയ പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ;

(ബി) ആയിരക്കണക്കിന് തീർത്ഥാടകരുടെ ഇടത്താവളമായി മാറിക്കൊണ്ടിരിക്കുന്ന കാടാമ്പുഴ ശ്രീഭഗവതി ക്ഷേത്രത്തിലെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുവാൻ വേണ്ടിയുള്ള പദ്ധതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(സി) തീർത്ഥാടന ടൂറിസം വികസനവുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉൾപ്പെടുത്തി ഇവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് ഇത് സംബന്ധിച്ച പ്രൊജക്ട് തയ്യാറാക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; കാടാമ്പുഴയുടെ ടൂറിസം വികസനത്തിനായി എടുത്ത നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശബരിമല തീർത്ഥാടനത്തിനായി സംസ്ഥാനത്തിനകത്ത് നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്തജനങ്ങൾക്ക് ഇടത്താവളങ്ങളായി ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് ശുചിമുറികൾ, ആഹാരം, താമസം, വിശ്രമം, വാഹന പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്തി വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ശ്രീകാടാമ്പുഴ ദേവസ്വത്തേയും തെരഞ്ഞെടുത്തിട്ടുണ്ട്.

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

**തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയെ മാറ്റണമെന്ന ആവശ്യം**

191 (5918) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയെ നീക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. ദേവസ്വം മന്ത്രി, ദേവസ്വം ബോർഡ് പ്രസിഡന്റിന് കത്ത് കൊടുത്തിട്ടുണ്ടോ; എങ്കിൽ കത്തിലെ ഉള്ളടക്കം വിവരിക്കുമോ;

(ബി) സെക്രട്ടറിയെ മാറ്റാനുള്ള എന്തെങ്കിലും പ്രത്യേക കാരണങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമി**

192 (5919) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനും അവിടെ കോഴ്സുകൾ ആരംഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

2017-18 ബഡ്ജറ്റിൽ 2250-00-103-85 എന്ന ശീർഷകത്തിൽ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2016-17-ൽ സാംസ്കാരിക വകുപ്പിന്റെ ശീർഷകത്തിൽ അനുവദിച്ച 50 ലക്ഷം രൂപയുടെ വിഹിതം 31-3-2017-ൽ അക്കാദമിക്ക് കൈമാറിയിട്ടുണ്ട്. കോഴ്സുകൾ ആരംഭിക്കുന്നതടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലേയ്ക്കായി 11-5-2017-ൽ ബഹു. സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി വിളിച്ച ചേർത്ത യോഗത്തിൽ ജൂണിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി.

**ആരാധനാലയങ്ങളിൽ മാസ്ഡ്രില്ലും കായിക പരിശീലനവും ഒഴിവാക്കാൻ നടപടി**

193 (5920) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്ര പരിസരങ്ങളിലും മൈതാനങ്ങളിലും മാസ്ഡ്രില്ലും കായിക പരിശീലനവും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ദേവസ്വം ക്ഷേത്രങ്ങളിൽ ഇത്തരം പ്രവൃത്തികൾ നടത്തുന്നതിനെ നിയന്ത്രിച്ചുകൊണ്ട് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ക്ഷേത്രങ്ങൾ ആത്മീയ കേന്ദ്രങ്ങളും ആരാധനാലയങ്ങളുമായി മാത്രം നിലനിർത്തുന്നതിനും ആയുധ പരിശീലനമുൾപ്പെടെയുള്ള പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എല്ലാത്തരം ആരാധനാലയങ്ങളെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് ബന്ധപ്പെട്ട ദേവസ്വം ബോർഡ് കമ്മീഷണർമാർക്കും അഡ്മിനിസ്ട്രേറ്റർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനിർമ്മാണം ആവശ്യമെങ്കിൽ യഥാസമയം പരിഗണിക്കാവുന്നതാണ്.

**പത്മതീർത്ഥക്കുളം നവീകരണം**

194 (5921) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മനാഭസ്വാമി ക്ഷേത്ര പരിസരത്തുള്ള പത്മതീർത്ഥക്കുളം നവീകരണത്തെ സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) പത്മതീർത്ഥക്കുളം നവീകരണത്തിന് ഈ സർക്കാർ നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; എത്ര രൂപ ചെലവാക്കി; നവീകരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) പത്മതീർത്ഥക്കുളം നവീകരണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല.

(ബി&സി) പത്മതീർത്ഥക്കുളം നവീകരണത്തിന്റെ ഭാഗമായി കുളം മലിനപ്പെടുന്നത് തടയുന്നതിനുള്ള പൈപ്പ് ലൈൻ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിക്ക് 28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി. കൂടാതെ മിത്രാനന്ദപുരം കുളത്തിന്റെ നവീകരണത്തിനായി 1 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ നടന്നു വരികയാണ്.

(നക്ഷത്ര ചിഹ്നമിടാത്ത 5742 നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല. )

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II. തിരുത്തിയ ഉത്തരം

### നക്ഷത്രചിഹ്നമിട്ട 395 -ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2017 മേയ് മാസം 15-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 395-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2017 മേയ് 15-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 395 -ാം നമ്പർ ചോദ്യത്തിൽ നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തികൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

മി. സ്പീക്കർ: ഓർഡർ........ഓർഡർ........ചരമോപചാരം

## III. ചരമോപചാരം

### പള്ളിപ്രം ബാലൻ, അനിൽ മാധവ് ദവേ എന്നിവരുടെ നിര്യാണം

പള്ളിപ്രം ബാലൻ

മുൻ നിയമസഭാ സാമാജികൻ പള്ളിപ്രം ബാലൻ 2017 ഏപ്രിൽ 29-ന് അന്തരിച്ചു.

കരത്തുട്ടിയുടേയും പഞ്ചുവിന്റേയും മകനായി 1939 ഒക്ടോബർ 10-ന് പള്ളിപ്രം ബാലൻ ജനിച്ചു. ബാലസംഘത്തിന്റെ യൂണിറ്റ് സെക്രട്ടറിയായി സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ സംഘടനാ പ്രവർത്തനം ആരംഭിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയിൽ മുഴുവൻ സമയപ്രവർത്തകനായി. എ.ഐ.വൈ.എഫ്. കണ്ണൂർ താലൂക്ക് സെക്രട്ടറി, ജില്ലാ ജോയിന്റ് സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചു. സി.പി.ഐ.-യുടെ കണ്ണൂർ ജില്ലാ കമ്മിറ്റി അംഗം, ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി, കണ്ണൂർ ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം സി.പി.ഐ. കേരള സ്റ്റേറ്റ് കൗൺസിൽ, നാഷണൽ കൗൺസിൽ എന്നിവയിൽ അംഗമായും പ്രവർത്തിച്ചു.

---

* അനുബന്ധമായി ചേർക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാനായും കണ്ണൂർ ജില്ലാ പഞ്ചായത്ത് (ധനകാര്യ ആരോഗ്യ) സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

2006 മുതൽ 2011 വരെ പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ ഹോസ്ദുർഗ്ഗ് മണ്ഡലത്തെ പ്രതിനിധാനം ചെയ്തു. ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ നിരവധി വികസന പ്രവർത്തനങ്ങൾക്ക് ഈ കാലയളവിൽ അദ്ദേഹം നേതൃത്വം നൽകി.

സൗമ്യമായ പെരുമാറ്റത്തിലൂടെയും ലാളിത്യമാർന്ന ജീവിതത്തിലൂടെയും ജനമനസ്സുകളിൽ ഇടം നേടിയ കർമ്മനിരതനായ ഒരു മനുഷ്യസ്നേഹിയേയും മികച്ച ഒരു പൊതുപ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>അനിൽ മാധവ് ദവേ</u>

കേന്ദ്ര വനം പരിസ്ഥിതി സഹമന്ത്രി അനിൽ മാധവ് ദവേ 2017 മേയ് 18-ാം തീയതി അന്തരിച്ചു.

1956 ജൂലൈ 6-ന് മദ്ധ്യപ്രദേശിലെ ഉജ്ജയിനി ജില്ലയിൽ ബർ നാഗറിൽ അനിൽ മാധവ് ദവേ ജനിച്ചു. ഇൻഡോറിലെ ഗുജറാത്തി കോളേജിൽ എം.കോം ബിരുദ വിദ്യാർത്ഥിയായിരിക്കെ കോളേജ് യൂണിയൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ജെ.പി. മൂവ്മെന്റിലൂടെ രാഷ്ട്രീയ രംഗത്ത് എത്തിയ അദ്ദേഹം തുടർന്ന് ബി.ജെ.പി പ്രവർത്തകനായി.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പ്രത്യേക താല്പര്യം ചെലുത്തിയിരുന്ന അദ്ദേഹം നർമ്മദ നദീ സംരക്ഷണത്തിനായി ' നർമ്മദ സമഗ്ര' എന്ന കൂട്ടായ്മയ്ക്ക് രൂപം നൽകി. നർമ്മദ നദിയെ സംരക്ഷിക്കുന്നതിനായി പല പദ്ധതികൾക്ക് ഇതിലൂടെ ജൻമം നൽകി. കൂടാതെ ജനിതകമാറ്റം വരുത്തിയ വിത്തുകൾ കൃഷി ചെയ്യുന്നതിനെതിരെയും വൻകിട അണക്കെട്ടുകളുടെ നിർമ്മാണത്തിനെതിരെയും അദ്ദേഹം ശക്തമായ നിലപാടുകളെടുക്കുകയും പാരമ്പര്യ കൃഷി രീതികൾ പിൻതുടരാൻ ആഹ്വാനം ചെയ്യുകയും ചെയ്തു.

2009 മുതൽ മദ്ധ്യപ്രദേശിൽ നിന്നുള്ള രാജ്യസഭാംഗമായ അദ്ദേഹം ജലവിഭവ സമിതി, വാർത്താവിനിമയ സമിതി എന്നിവയിലെ അംഗമായും പ്രവർത്തിച്ചു. കൂടാതെ പാർലമെന്ററി ഫോറം ഓൺ ഗ്ലോബൽ വാമിംഗ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ചിലും അംഗമായിരുന്നു.

2016 ജൂലൈ 5 മുതൽ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാനം വകുപ്പുകളുടെ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയായി പ്രവർത്തിച്ചു വരികയായിരുന്നു.

അനിൽ മാധവ് ദവേയുടെ നിര്യാണത്തോടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ നിതാന്ത ജാഗ്രത ചെലുത്തിയിരുന്ന നർമ്മദയുടെ എക്കാലത്തേയും സംരക്ഷകനായിരുന്ന മികച്ച ഒരു വ്യക്തിത്വത്തെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹദ്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

## IV. അടിയന്തരപ്രമേയം

### കേന്ദ്രപദ്ധതി വിഹിതം

മി. സ്പീക്കർ: കുട്ടനാട് പാക്കേജ്, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ, PMGSY, MGNREGS തുടങ്ങിയ കേന്ദ്ര പദ്ധതികൾക്ക് കേരളത്തിന് ലഭിക്കേണ്ട 2,000 കോടിയിലേറെ രൂപയുടെ സഹായത്തിന് ആവശ്യമായ രേഖകൾ സംസ്ഥാന ഗവൺമെന്റ് യഥാസമയം സമർപ്പിക്കാത്തതുമൂലവും തുടർനടപടികൾ സ്വീകരിക്കാത്തതുമൂലവും പല പദ്ധതികൾക്കും ഉള്ള കേന്ദ്രവിഹിതം ലാപ്സായതും കൂടുതൽ സംഖ്യ നഷ്ടപ്പെടാൻ ഇടയുള്ളതുമായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന പദ്ധതികൾക്കുള്ള സാധാരണ കേന്ദ്രസഹായം, ഒറ്റത്തവണ സഹായം എന്നിവ നിർത്തലാക്കിക്കൊണ്ടും മറ്റ് ധനസഹായങ്ങളിൽ ആനുപാതികമായ കുറവ് വരുത്തിക്കൊണ്ടും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചില പദ്ധതികൾ ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കേന്ദ്ര പദ്ധതി വിഹിതം വിനിയോഗിച്ചത് പരിശോധിക്കേണ്ടത് ഈ പശ്ചാത്തലത്തിലാണ്. 2016-17-ൽ 6,534 കോടി രൂപയാണ് കേന്ദ്ര പദ്ധതി വിഹിതം ലഭ്യമാകുമെന്ന് കണക്കാക്കി ബഡ്ജറ്റ് വിഹിതമായി വച്ചിട്ടുണ്ടായിരുന്നത്. 6,806 കോടി രൂപ ഇതിനകം ചെലവായിക്കഴിഞ്ഞു. 2015-16-ലാകട്ടെ 7,720 കോടി രൂപ വകയിരുത്തിയെങ്കിലും 3,739 കോടി രൂപ മാത്രമേ ചെലവാക്കാനായുള്ളൂ. ഇത് പ്ലാൻ സ്പേസ് എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറിൽ നമുക്കെല്ലാവർക്കും ലഭ്യമായ വിവരമാണ്. 2014-15-ൽ കേന്ദ്ര പദ്ധതികളിൽ മാറ്റംവരുത്തുന്നതിനുമുമ്പ് കേന്ദ്ര വിഹിതം 2,762 കോടി രൂപയും വിനിയോഗം 1,565 കോടി രൂപയുമായിരുന്നു. 2013-14 -ലാകട്ടെ

2,669 കോടിയും ചെലവ് 1,714 കോടി രൂപയുമായിരുന്നു. 2016-17-ന്റെ കാര്യം ഞാൻ നേരത്തെ പ്രസ്താവിച്ചിട്ടുണ്ട്. 2016-17-ൽ 6,534 കോടി രൂപ കേന്ദ്ര പദ്ധതി വിഹിതമായി ലഭ്യമാകുമെന്ന് കണക്കാക്കി ബഡ്ജറ്റ് വിഹിതം വച്ചു. 6534-ന്റെ സ്ഥാനത്ത് 6,806 കോടി രൂപ ഇതിനകം ചെലവായിക്കഴിഞ്ഞിട്ടുണ്ട്. ഇതിൽനിന്ന് വ്യക്തമാകുന്നത് ഈ സർക്കാർ കേന്ദ്ര വിഹിതം പരമാവധി ലഭ്യമാക്കാനും ചെലവഴിക്കാനും കാര്യക്ഷമമായി ഇടപെട്ടിട്ടുണ്ട് എന്നാണ്. അടിയന്തരപ്രമേയത്തിലെ ആരോപണം വസ്തുതാവിരുദ്ധവും അടിസ്ഥാനരഹിതവുമാണ്. ഇക്കാര്യത്തിൽ ഗുരുതരമായ ഒരു പ്രശ്നം ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പലപ്രാവശ്യം നമ്മൾ ചർച്ച ചെയ്തിട്ടുണ്ട്. 2,426 കോടി രൂപ കഴിഞ്ഞവർഷം വകയിരുത്തിയിട്ടുള്ള ഈ പദ്ധതിയിലെ 2,144 കോടി രൂപ വേതന ഇനത്തിലായി നമ്മൾ ചെലവഴിച്ചു. പക്ഷേ കേന്ദ്ര സർക്കാർ കേവലം 1,582 കോടി രൂപ മാത്രമേ ഇതുവരെ ലഭ്യമാക്കിയിട്ടുള്ളൂ. ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം ആവശ്യമായ രേഖകൾ സമർപ്പിക്കുക, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുക എന്നതൊന്നും ആവശ്യമില്ലാത്തവയാണ്. പൂർണ്ണമായും കമ്പ്യൂട്ടറധിഷ്ഠിത സംവിധാനത്തിലൂന്നി തൽസമയ വിവരങ്ങൾ ലഭ്യമാക്കുന്ന സംവിധാനമാണ് തൊഴിലുറപ്പ് പദ്ധതിക്കുള്ളത്. എന്നിട്ടും നമുക്ക് അർഹതപ്പെട്ട തുക ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്നുള്ളത് വളരെ ഗൗരവമുള്ള കാര്യമാണ്. ഇത് ഞാൻ പ്രധാനമന്ത്രിയുടേയും കേന്ദ്രമന്ത്രിയുടേയും ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്.

കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈ മാസത്തിൽ അവസാനിച്ചതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ചില പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ഡിസംബർ 2016 വരെ കേന്ദ്രസർക്കാർ സമയപരിധി നീട്ടി നൽകിയിരുന്നു. വിഹിതം ലഭ്യമാക്കുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ ഭാഗത്തുനിന്നല്ല വീഴ്ചയുണ്ടായിട്ടുള്ളത്. അതേസമയം ഈ സർക്കാർ കുട്ടനാട് പാക്കേജുവഴി ചെലവഴിക്കാൻ കഴിയുന്ന 90 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കാൻ സമ്മർദ്ദം ചെലുത്തി വരികയാണ്.

പി.എം.ജി.എസ്.വൈ. പദ്ധതിക്ക് കഴിഞ്ഞ വർഷം ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം 180 കോടി രൂപയുണ്ടായിരുന്നതിൽ 175.09 കോടി രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ മുൻ വർഷങ്ങളിൽ പെർഫോമൻസ് കുറവായതുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിച്ച ഇൻസെന്റീവ് സംസ്ഥാനത്തിന് കഴിഞ്ഞവർഷം ലഭിക്കാതെ പോയത്. ഇതിനുകാരണം മുൻവർഷങ്ങളിലെ പ്രവർത്തനം മെച്ചമാകാതിരുന്നതുകൊണ്ടും അതുസംബന്ധിച്ച പ്രവർത്തന റിപ്പോർട്ട് കേന്ദ്രത്തിന് നൽകാതിരുന്നതുകൊണ്ടുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

കേന്ദ്ര പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് നിശ്ചിത സമയത്തിനുള്ളിൽ വിവിധ തരത്തിലുള്ള അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുകയും ചീഫ് സെക്രട്ടറിയും ഉദ്യോഗസ്ഥരടക്കമുള്ളവരുമായി മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരുമുൾപ്പെടെ യോഗം വിളിച്ചുചേർത്ത് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം കേന്ദ്രസർക്കാരിന്റെ നിലവിലുള്ള വെബ് അധിഷ്ഠിത പ്ലാൻ മോണിറ്ററിംഗ് സംവിധാനത്തിന്റെ മാതൃകയും സംസ്ഥാനത്തിന്റെ പദ്ധതി വിഹിതവും കേന്ദ്ര പദ്ധതിവിഹിതവും നിശ്ചിത ശതമാനത്തിൽ തന്നെയാണ് വിനിയോഗിക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്തുന്ന വിധത്തിലും കേന്ദ്രത്തിൽ സമർപ്പിക്കാനുള്ള വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം കമ്പ്യൂട്ടർ അധിഷ്ഠിതമായിത്തന്നെ നൽകുന്നതിനുമുള്ള സംവിധാനം ധനവകുപ്പിന്റെ കീഴിൽ നിലവിൽ വരുന്നതാണ്. ജില്ലാ-ബ്ലോക്ക്-താലൂക്ക് തലങ്ങളിലും ഈ പ്രത്യേക സംവിധാനം ഉപയോഗപ്പെടുത്തും. ഇതുവഴി യഥാസമയം കേന്ദ്രസഹായം നേടിയെടുക്കുന്നതിനും അത് സംസ്ഥാനത്ത് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾക്ക് വിനിയോഗിക്കാനും കഴിയും.

ശ്രീ. കെ. മുരളീധരൻ: സർ, 'എല്ലാം ശരിയാക്കാം' എന്നുപറഞ്ഞ് അധികാരത്തിൽ വന്ന സർക്കാർ ഇന്ന് ഒരു വർഷം പൂർത്തിയാക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇന്നത്തെ സ്റ്റേറ്റുമെന്റിൽനിന്നും ഒന്നും ശരിയായിട്ടില്ലെന്ന് അദ്ദേഹം തന്നെ വ്യക്തമാക്കി. കാരണം, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത്രയേ ചെലവഴിച്ചിട്ടുള്ളൂ, അതുകൊണ്ട് ഞങ്ങളും ഇത്രയേ ചെലവഴിച്ചുള്ളൂവെന്നാണ് അദ്ദേഹം സ്റ്റേറ്റ്മെന്റിലൂടെ പ്രതിപാദിച്ചത്. അദ്ദേഹം ഇവിടെ അവസാനം പറഞ്ഞ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിൽ, കഴിഞ്ഞ 6 മാസമായി ആ മേഖലയിലുള്ളവർക്ക് ഒന്നും കൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. തമിഴ്നാട്, ആന്ധ്രാ പ്രദേശ്, കർണ്ണാടക തുടങ്ങിയ തൊട്ടടുത്ത സംസ്ഥാനങ്ങളിൽ ഇത് സംബന്ധിച്ച ഫണ്ട് പൂർണ്ണമായും കൊടുത്തുകഴിഞ്ഞിട്ടും എന്തുകൊണ്ടാണ് കേരളത്തിൽ മാത്രം കൊടുക്കാൻ കഴിയാഞ്ഞത്? മാത്രമല്ല, ഇത് സംബന്ധിച്ച പാർലമെന്ററി കമ്മിറ്റി കഴിഞ്ഞ മാസം കേരളത്തിൽ വന്നിരുന്നു. അവർ മൂന്നാറിൽ പോയി തെളിവെടുപ്പ് നടത്തിയിരുന്നു. ഇതിന് മിഷൻ ഡയറക്ടറായി കുറെ കാലമായി ആളില്ലായെന്നുള്ളതാണ് പ്രധാന പ്രശ്നം. പാർലമെന്ററി കമ്മിറ്റിയിൽ കാര്യങ്ങൾ ഫലപ്രദമായി അവതരിപ്പിച്ചത് ആരാണ്? അങ്ങനെ അവതരിപ്പിച്ചപ്പോഴുള്ള കമ്മിറ്റിയുടെ റിയാക്ഷൻ എന്തായിരുന്നു? അത് അറിയാൻ സഭയ്ക്ക് താൽപര്യമുണ്ട്. ഏതായാലും മറ്റ് സംസ്ഥാനങ്ങളിൽ കൃത്യമായി കിട്ടിയപ്പോൾ നമുക്ക് മാത്രം എന്തുകൊണ്ട് കിട്ടിയില്ലായെന്നുള്ളതിന് ഫലപ്രദമായ ഒരു മറുപടി നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിഞ്ഞിട്ടില്ല.

നാഷണൽ പ്രോജക്ട് ഓൺ ബയോഗ്യാസ് ഡെവലപ്പ്മെന്റ് മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേരളത്തിൽ പകർച്ചപ്പനി വ്യാപിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ബയോഗ്യാസ് പ്ലാന്റിനുള്ള കേന്ദ്ര ഗവൺമെന്റ് ഫണ്ടൊന്നും നമ്മൾ വിനിയോഗിച്ചിട്ടില്ല. അതിന്റെ പരിണിത ഫലമായാണ് മാലിന്യ സംസ്കരണംപോലും നടക്കാതെ പകർച്ചപ്പനി ബാധിച്ച് മനുഷ്യർക്ക് മരണം സംഭവിക്കുന്നത്. ഞാൻ ആകെ കേൾക്കുന്നത് എഫ്.എം. റേഡിയോയാണ്. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരസ്യം സ്ഥിരം വരുന്നുണ്ട്. ഇപ്പോൾ പാട്ട് കേൾക്കാൻ പറ്റുന്നില്ല. കാരണം, റേഡിയോ തുറന്നുകഴിഞ്ഞാൽ, 'ഞാൻ പിണറായി വിജയൻ, ആരോഗ്യ രംഗത്ത് കേരളം കുതിച്ചുചാട്ടം നടത്തുന്നു, സർക്കാർ നിങ്ങളോടൊപ്പമുണ്ട് എന്നാണ് കേൾക്കുന്നത്. അപ്പോഴാണ് ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത്, 'എച്ച്1 എൻ1 വന്ന് 40 രോഗികൾ മരണപ്പെട്ടു, ഡെങ്കിപ്പനി വന്ന് രോഗികൾ മരിച്ചുകൊണ്ടിരിക്കുന്നു.' ഒരു ഭാഗത്ത് ആളുകൾ പനി വന്ന് മരിക്കുമ്പോൾ ഇവിടെ എല്ലാം ഭദ്രമെന്ന് എഫ്.എം. റേഡിയോയിൽ പരസ്യം പറഞ്ഞിട്ട് കാര്യമുണ്ടോ? .....(ബഹളം).........

മി. സ്പീക്കർ: യെസ്,...... പ്ലീസ്...... പ്ലീസ്...

ശ്രീ. കെ. മുരളീധരൻ: സർ, മന്ത്രിസഭയുടെ ഒന്നാം വാർഷികത്തിൽ സഭ നന്നായി നടത്തിക്കൊണ്ടുപോകുന്നതല്ലേ നമുക്കൊക്കെ നല്ലത്. എഫ്.എം. റേഡിയോയിൽ പരസ്യം കൊടുത്താൽ കേന്ദ്രത്തിന്റെ ഫണ്ട് കിട്ടുമോ? സർക്കാർ ഒപ്പമുണ്ടെന്നാണ് പറയുന്നത്. എവിടെ പോകുമ്പോഴാണ്? ശ്മശാനത്തിലേയ്ക്ക് പോകുമ്പോഴാണോ സർക്കാർ ഒപ്പമുണ്ടെന്ന് പറയുന്നത്. ലൈവ് സ്റ്റോക്ക് സെൻസസ്, കൺസർവേഷൻ ഓഫ് നാചുറൽ റിസോഴ്സസ് ആന്റ് എക്കോ സിസ്റ്റം, റാഷണലൈസേഷൻ ഓഫ് മൈനർ ഇറിഗേഷൻ സ്റ്റാറ്റിസ്റ്റിക്സ്, അഗ്രിക്കൾച്ചറൽ സെൻസസ്, എലിഫന്റ് പ്രോജക്ട്, വെറ്റ്ലാന്റ് കൺസർവേഷൻ തുടങ്ങിയ 45 പദ്ധതികൾക്ക് 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. അതിൽ എത്ര ഇവിടെ ചെലവഴിച്ചിട്ടുണ്ട്? അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇവിടെ പറയാൻ കഴിയുമോ; ഇതിൽ പലതും താഴെത്തട്ടിലുള്ള ആളുകളുടെ ഉന്നമനത്തിനുവേണ്ടിയുള്ളതാണ്. പ്രത്യേകിച്ച്, കൺസ്ട്രക്ഷൻ ഓഫ് ഗേൾസ് ഹോസ്റ്റൽ, കിർത്താഡ്സിനുള്ള സഹായമായ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി ടു കിർത്താഡ്സ് ഇതിലൊന്നുംതന്നെ കേന്ദ്രം അനുവദിച്ച തുകയിൽ ഒരു രൂപപോലും ചെലവഴിച്ചിട്ടില്ല. സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും വേണ്ടി കേന്ദ്രം നൽകിയ തുക തന്നെ ചെലവഴിച്ചിട്ടില്ല. (ബഹളം)... കേന്ദ്രം നൽകുന്ന തുകയിൽ വേരിയേഷൻ ഉണ്ടായിരിക്കാം അതിന് ശക്തമായി പ്രതിഷേധിക്കേണ്ടതാണ്. അക്കാര്യത്തിൽ നമുക്കെല്ലാവർക്കും

ഒരുമിച്ച് നിൽക്കാം. പക്ഷെ, അനുവദിച്ച തുകയിൽ ഒരു രൂപ പോലും ചെലവഴിച്ചില്ലായെന്ന് പറയുമ്പോൾ കുറ്റം മറ്റാർക്കെങ്കിലുമാണോ; എന്തുകൊണ്ടാണ് സംസ്ഥാന സർക്കാരിന് ചെലവഴിക്കാൻ കഴിയാഞ്ഞത്? അത് മാത്രമല്ല, ഇക്കാര്യത്തിൽ ഞാൻ കഴിഞ്ഞ മാസം 25-ാം തീയതി നിയമസഭയിൽ ചോദിച്ച ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യനുണ്ട്.

(എ) 2016-17 സാമ്പത്തിക വർഷം, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) ഇതിൽ 2017 ഡിസംബർ 31 വരെ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി വരവുചെലവ് കണക്കുകളും നടത്തിപ്പ് റിപ്പോർട്ടും സമർപ്പിക്കാത്തതിനാലാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ശേഷിക്കുന്ന തുക ലഭ്യമാക്കാത്തതിന്റെ കാരണം എന്നത് ശരിയാണോ;

(ഡി) ഏതൊക്കെ പദ്ധതികൾക്കുള്ള തുകയാണ് ഇപ്രകാരം ലഭിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

ഇതായിരുന്നു അങ്ങയുടെ മറുപടി. കഴിഞ്ഞ മാസം ഞാൻ ചോദിച്ചതാണ്. ഇന്നത്തേയ്ക്ക് ഒരു മാസം ആകുകയാണ്. ആ ചോദ്യങ്ങൾക്ക് മറുപടിയായി ഇതൊന്നും പറഞ്ഞില്ലല്ലോ; അതിന് വിവരം ശേഖരിച്ചുവരുന്നുവെന്നല്ലേ മറുപടി പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുള്ളപ്പോൾ വേറാരും മറുപടി തരേണ്ടല്ലോ; അദ്ദേഹം പറയട്ടെ.

(ഇ) സർക്കാർ സംവിധാനത്തിലുള്ള മെല്ലെപ്പോക്കാണ് കേന്ദ്രസഹായം ലഭിക്കാത്തതിനുള്ള കാരണം എന്നതിനാൽ കേന്ദ്രപദ്ധതികളുടെ ഏകോപനത്തിന് പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; എന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ മറുപടി,

കേന്ദ്ര പദ്ധതികളുടെ ഫണ്ട് സമയബന്ധിതമായി നേടിയെടുക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സംസ്ഥാന സർക്കാർ പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്.

പിന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട ഉത്തരം. ഡൽഹി കേരള ഹൗസിലെ റസിഡന്റ് കമ്മീഷണറുമായി മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ നിരന്തരം ബന്ധപ്പെടുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇവിടെയാണ് പ്രധാന പ്രശ്നം. ഉദ്യോഗസ്ഥരുടെ ചക്കളത്തിൽ പോരാട്ടം ഡൽഹിയിലുമുണ്ടെന്നാണ് കഴിഞ്ഞ ദിവസം പത്രത്തിൽ വാർത്ത വന്നത്. ഡൽഹിയിൽ റസിഡന്റ് കമ്മീഷണറും അസിസ്റ്റന്റ് കമ്മീഷണറുമായി വാക്കുതർക്കം, പല സർക്കാർ ഉദ്യോഗസ്ഥരും കേരളാ ഹൗസിൽനിന്ന് കേരളത്തിലേയ്ക്ക് മടങ്ങിപ്പൊയ്ക്കൊണ്ടിരിക്കുന്നു. കേന്ദ്ര മന്ത്രാലയവുമായി ബന്ധപ്പെടാനുള്ള സംവിധാനത്തിൽ വീഴ്ച പറ്റി. ഇത്തരത്തിലുള്ള വാർത്ത കഴിഞ്ഞ ദിവസം മിക്ക പത്രങ്ങളിലുമുണ്ടായിരുന്നു. ഇന്നലെ ശ്രീ. വി. ഡി. സതീശൻ അടിയന്തരപ്രമേയം കൊണ്ടുവന്നതിന്റെ ഒരു ബാക്കിപത്രമാണ് കേന്ദ്രം അനുവദിച്ച പദ്ധതികൾപോലും നേടിയെടുക്കാൻ കഴിയാത്തതും അത് ചെലവഴിക്കാൻ കഴിയാത്തതും. അത് നേടിയെടുക്കേണ്ട ഉദ്യോഗസ്ഥർ തമ്മിലും നേടിയെടുത്തു കഴിഞ്ഞാൽ നടപ്പാക്കുന്ന കാര്യത്തിലും തർക്കം നിലനിൽക്കുകയാണ്. എങ്ങനെയാണ് പിന്നെ കാര്യങ്ങൾ മുന്നോട്ടുപോകുന്നത്? കേന്ദ്രത്തിൽ പോയി ഫണ്ട് വാങ്ങാൻ കഴിയാത്ത റസിഡന്റ് കമ്മീഷണർ ഡൽഹിയിൽ ജയിച്ചുവന്ന ബി.ജെ.പി.-യുടെ കൗൺസിലർമാർക്ക് കേരളാഹൗസിൽവച്ച് പാർട്ടി കൊടുത്തുവെന്നാണ് അറിയുന്നത്. കഴിഞ്ഞ ദിവസം ഇക്കാര്യം സഭയിൽ ഉന്നയിച്ചപ്പോൾ അങ്ങ് സഭയിൽ ഇല്ലായിരുന്നു. ശ്രീ. എ. കെ. ബാലൻ സഭയിലുണ്ടായിരുന്നു. അങ്ങ് ഡൽഹി മുഖ്യമന്ത്രിക്ക് ബ്രേക്ക്ഫാസ്റ്റ് കൊടുത്ത അതേ കേരളാഹൗസിൽ അങ്ങയുടെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥൻ ബി.ജെ.പി. കൗൺസിലർമാർക്ക് പാർട്ടി കൊടുത്തത് ശരിയാണോയെന്ന് അന്വേഷിക്കണം. ഇതിനാണോ ഡൽഹിയിലേയ്ക്ക് സർക്കാർ ഉദ്യോഗസ്ഥരെ അയച്ചിട്ടുള്ളത്? അതുപോലെ ഞാനൊരു ഉദാഹരണം പറയാം. ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന)-യുടെ 251 കോടി രൂപ കേരളത്തിന് കിട്ടിയത് ലാപ്സാക്കിയില്ലേ? പി.എം.കെ.എസ്.വൈ. (Pradhan Mantri Krishi Sinchai Yojana) പ്രകാരം തമിഴ്നാടിന് 3,521 കോടി രൂപ കിട്ടി. അതിൽനിന്നാണ് അവർ അവിനാശി ഇറിഗേഷൻ പ്രോജക്ട് കേന്ദ്രത്തിൽ സമർപ്പിച്ച് സാംഗ്ഷൻ വാങ്ങിയത്. സംസ്ഥാനം ഇക്കാര്യത്തിൽ ഒരു രൂപയുടെപോലും പ്രൊപ്പോസൽ കൊടുത്തിട്ടില്ല. അതും അന്വേഷിക്കണം.

തോട്ടവിളകളുടെ പുനരുദ്ധാരണത്തിനായി 80 കോടി രൂപയുടെ അനുമതി കിട്ടിയിട്ടും സംസ്ഥാനം അത് ഉപയോഗിച്ചിട്ടില്ല. തന്നതുപോലും മര്യാദയ്ക്ക് കൊണ്ടു നടന്നിട്ടുണ്ടോ? തെങ്ങിന്റെ പുന:കൃഷിക്കും അതിന്റെ പുനരുദ്ധാരണത്തിനും എത്ര

കോടി രൂപ വേണമെങ്കിലും കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചാൽ തരുമായിരുന്നു. എന്നാൽ സംസ്ഥാനം പ്രൊപ്പോസൽ സമർപ്പിച്ചില്ല. ഒരു രൂപപോലും കിട്ടിയിട്ടുമില്ല. കാലാവസ്ഥാ വ്യതിയാനം തടയുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര ഫണ്ട് ലഭിക്കാൻ ഒന്നും ചെയ്തിട്ടില്ല. അതേസമയം ഒറീസ്സയ്ക്ക് 147 കോടി രൂപ കിട്ടി, ഇത് അന്താരാഷ്ട്ര ഫണ്ടായതുകൊണ്ട് കിട്ടാൻ പ്രയാസമൊന്നുമില്ല. സംസ്ഥാനം ഒരു പ്രൊപ്പോസൽ കൊടുത്താൽ മതി. ജില്ലാ-സംസ്ഥാന ഇറിഗേഷൻ പ്ലാനുണ്ടാക്കാൻ പത്ത് ലക്ഷം രൂപ ഓരോ ജില്ലയ്ക്കും കേന്ദ്രം അനുവദിച്ചിട്ടും അതിന്മേൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് പത്രവാർത്തകൾ ധാരാളമുണ്ട്. സമയക്കുറവ് കാരണം ഞാൻ അതൊന്നും വായിക്കുന്നില്ല. കേന്ദ്ര ഫണ്ടിൽ കേരളത്തിന് കിട്ടാനുള്ളത് രണ്ടായിരം കോടിരൂപയാണ്, പിടിപ്പുകേട്; 'മാതൃഭൂമി'-യിൽ വന്ന വാർത്തയാണ്. പദ്ധതി ചെലവഴിച്ചത് 58 ശതമാനം മാത്രമാണ്. 'മലയാള മനോരമ'-യിൽ വന്ന വാർത്തയാണ്. ഇവിടെ 2016-17-ൽ ആകെ അടങ്കൽ പദ്ധതി 30,534 കോടി രൂപ. സംസ്ഥാനം ചെലവഴിച്ചത് 19,236 കോടി രൂപ, ബാക്കി 11,298 കോടി രൂപ ചെലവഴിച്ചിട്ടില്ല. സംസ്ഥാന പദ്ധതികൾക്ക് 18,500 കോടി രൂപ, ചെലവഴിച്ചത് 10,730 കോടി രൂപ. ബാക്കി 7,770 കോടി രൂപ ചെലവഴിച്ചിട്ടില്ല.

മി. സ്പീക്കർ : പ്ലീസ്...... പതിനൊന്ന് മിനിട്ടായി.

ശ്രീ. കെ. മുരളീധരൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 5,500 കോടി രൂപ ചെലവഴിച്ചത് 2,860 കോടി രൂപ ബാക്കി 2,640 കോടി രൂപ. അപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ 850 കോടിയോളം രൂപ അനുവദിച്ചതിൽതന്നെ...

മി. സ്പീക്കർ: അങ്ങ് വളരെ സമയനിഷ്ഠയുള്ള ആളാണ്.

ശ്രീ. കെ. മുരളീധരൻ: സർ, തീർച്ചയായും. ഇതെല്ലാം നമുക്ക് കിട്ടേണ്ട ഫണ്ടാണ്, അല്ലാതെ കേന്ദ്രത്തിന്റെ ഔദാര്യമല്ല. കേന്ദ്രത്തിന്റെ പല ഫണ്ടുകൾക്കും പ്രൊപ്പോസൽ സമർപ്പിക്കാതിരിക്കുകയും അനുവദിച്ചുകിട്ടിയ ഫണ്ടുകൾപോലും വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തര പ്രമേയത്തിനുള്ള മറുപടിയിൽ പറഞ്ഞത് ഇവിടെ ഒരു പ്രശ്നവുമില്ലെന്നാണ്. ഇന്നലെ ഒരു പ്രശ്നവുമില്ലെന്ന് പറഞ്ഞ മുഖ്യമന്ത്രിക്ക് വൈകുന്നേരം ആയപ്പോൾ ഇന്നലെ അടിയന്തരപ്രമേയം കൊണ്ടുവന്നതിന് കാരണക്കാരായ രണ്ട് ഉദ്യോഗസ്ഥരെ മാറ്റേണ്ടി വന്നില്ലേ?

മി. സ്പീക്കർ : അത് ഇന്നലത്തെ കാര്യമാണ്.

ശ്രീ. കെ. മുരളീധരൻ : സർ, ഇതെല്ലാം ലാഘവത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണുന്നതിന്റെ ഫലമാണ്. അദ്ദേഹം പറഞ്ഞത്, ചീഫ് സെക്രട്ടറി......

(ബഹളം).... അതിപ്പോൾ ഞങ്ങളെല്ലാം താമസിച്ച് വന്നാൽ അങ്ങയോട് ഒരു സോറി ചോദിക്കുന്നത് പോലെയാണോ സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പോയി സമസ്താപരാധം പൊറുക്കണമെന്ന് പറയുന്നത്. അതും അഞ്ച് മിനിട്ട് വൈകിപ്പോയതിന് സാറിനോട് ഒരു ക്ഷമ ചോദിക്കുന്നതും ഒന്നാണോ? വഴിയിലൊരു ട്രാഫിക് ബ്ലോക്കുണ്ടായതിന് ക്ഷമ ചോദിക്കുന്നതുപോലെയാണോ സുപ്രീം കോടതിയിലേയ്ക്ക് പോയപ്പോൾ ചീഫ് സെക്രട്ടറിക്ക് ക്ഷമ ചോദിക്കേണ്ടി വന്നത്. അതുകൊണ്ട് കഴിഞ്ഞ ഒരു വർഷത്തെ ഭരണത്തിൽ കേന്ദ്രഫണ്ടുകൾപോലും വാങ്ങിയെടുക്കാൻ കഴിയാത്തത് വളരെ ഗുരുതരമായ വിഷയമാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്തതിന്റെ തലേദിവസം അദ്ദേഹത്തിന്റെ 72-ാം പിറന്നാളായിരുന്നു. ഇന്ന് 73-ാം പിറന്നാളാണ്. നിയമസഭാംഗമായി വന്നപ്പോൾ അദ്ദേഹത്തിന്റെ പെർഫോമൻസ് ഞാൻ കണ്ടതാണ്. അന്ന് അദ്ദേഹം ജന്മദിനം ആഘോഷിച്ചത് ആദ്യമായിട്ടാണ്. പത്രക്കാർക്കെല്ലാം ലഡു കൊടുത്തുകൊണ്ട് വലിയ സന്തോഷവാനായിരുന്നു. ഇന്നലെ അതിന്റെ വിഷ്വൽ വീണ്ടും കാണിച്ചു. പക്ഷെ ഇന്നലെ അങ്ങനെയൊന്നും ഉണ്ടായില്ല. അദ്ദേഹം വളരെ പിരിമുറുക്കത്തിലായിരുന്നു. അതായത് ഒരു വർഷത്തെ ഭരണത്തിൽ അദ്ദേഹത്തിന് വളരെയേറെ പിരിമുറുക്കമുണ്ടായിരിക്കുന്നു. അതുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കണം. ഇത് നമുക്ക് ലഭിക്കേണ്ട ഫണ്ടാണ്. എനിക്ക് ഒറ്റ അഭ്യർത്ഥനയേയുള്ളൂ. ഇന്നിപ്പോൾ സഭ പിരിയുകയാണ്, വീണ്ടും സഭ സമ്മേളിക്കുമ്പോൾ ഞങ്ങളൊക്കെ ഇവിടെയുണ്ടാകും. കാരണം ഞങ്ങൾക്ക് വീണ്ടും നാല് കൊല്ലം ഇവിടെ ഇരിക്കാനുള്ളതാണ്. പക്ഷെ സഭ കഴിഞ്ഞ് വീണ്ടും സമ്മേളിക്കുമ്പോൾ സഭാനേതാവിന്റെ കസേരയിൽ ഇരിക്കാൻ ദൈവം അങ്ങയെ സഹായിക്കട്ടെ എന്നുമാത്രം പറയുന്നു. ഇത്രയും അടിയന്തരമായ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നേരത്തെ ഞാൻ പറഞ്ഞ കാര്യങ്ങളിൽത്തന്നെ ഇപ്പോൾ ബഹുമാന്യനായ അംഗം പറഞ്ഞ കാര്യങ്ങൾക്കുള്ള എല്ലാ മറുപടിയുമുണ്ട്. പക്ഷെ അദ്ദേഹം തയ്യാറാക്കി വന്ന കാര്യങ്ങൾ ഇവിടെ ആവർത്തിക്കുകയാണ് ചെയ്തിരിക്കുന്നത്. നേരത്തെ ഞാൻ സംസാരിച്ച കാര്യം ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. 2016-17-ൽ 6,534 കോടി രൂപയാണ് കേന്ദ്ര പദ്ധതി വിഹിതമായി കണക്കാക്കി ബഡ്ജറ്റ് വിഹിതമായി വച്ചത്. നമ്മൾ ചെലവഴിച്ചത് ഇതിനകം 6,806 കോടി രൂപയാണ്. ഇവിടെ പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വലിയ തോതിൽ വന്നുവെന്ന് പറയുവാൻ പറ്റില്ല. എന്നാൽ അദ്ദേഹം ആവർത്തിക്കുന്ന കാര്യങ്ങൾ സംസ്ഥാന

സർക്കാരിനെ ഏതെങ്കിലും തരത്തിൽ കുറ്റപ്പെടുത്തണമെന്ന മനോഭാവത്തിന്റെ അടിസ്ഥാനത്തിൽ മാത്രമുള്ളതാണ്. അതിലൊന്നാണ് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യം. തൊഴിലുറപ്പ് പദ്ധതിയുടെ 2013-ലെ മാർഗ്ഗനിർദ്ദേശങ്ങളിലാണ് ഫണ്ട് വിതരണം സംബന്ധിച്ച കാര്യങ്ങൾ പരാമർശിക്കുന്നത്. ഒരു സാമ്പത്തിക വർഷം സെപ്റ്റംബർ മാസത്തിനുശേഷം ഫണ്ട് ആവശ്യപ്പെടുന്നപക്ഷം അപേക്ഷയോടൊപ്പം മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടും സമർപ്പിക്കണം. 2015-16-ലെ ഓഡിറ്റ് റിപ്പോർട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ഇതിനുശേഷം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് വിവിധ കാലയളവിലാണ് പണം അനുവദിച്ചത്. അത് 1-12-2016-ൽ നൂറ്റിനാൽപ്പത്തി യൊൻപത് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം. 3-1-2017-ൽ നൂറ്റി അറുപത്തിരണ്ട്കോടി രണ്ട് ലക്ഷം. 3-1-2017-ൽ മെറ്റീരിയൽസ് ഇനത്തിൽ മുപ്പത് കോടിയും മറ്റേത് രണ്ടും കൂലിയിനത്തിലുമാണ്. 24-2-2017-ൽ രണ്ട് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം. ഇതിൽ റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർക്കാണ് മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീമിന്റെ ചുമതല. ഒരു വീഴ്ചയും പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിൽ ഉണ്ടായിട്ടില്ല. ഫണ്ട് തരാത്തത് വസ്തുതയാണ്. അതിന്റെ കാരണമെന്താണെന്ന് പ്രത്യേകം പരിശോധിച്ചുനോക്കണം. സാങ്കേതികമായ കാരണങ്ങളൊന്നും അതിന് ചൂണ്ടിക്കാണിക്കാൻ പറ്റില്ല. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച പറ്റിയെന്ന് പറയാൻ സാധിക്കില്ല. പക്ഷെ ഫണ്ട് നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് കേന്ദ്രത്തിൽ നിന്നും ലഭിക്കാൻ താമസമുണ്ടായിട്ടുണ്ട്. അന്ന് ഓരോ പഞ്ചായത്തിലുമുള്ള കുടിശ്ശിക തുക അതാത് പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ടിൽനിന്നും തൊഴിലാളികൾക്ക് അഡ്വാൻസായി നൽകി അവരുടെ ദുരിതം പരിഹരിക്കുകയാണ് ചെയ്തത്. പിന്നീട് കേന്ദ്രത്തിൽനിന്നും പണം വരുമ്പോൾ പഞ്ചായത്തുകൾക്ക് നൽകും. കാരണം തൊഴിലുറപ്പ് തൊഴിലാളികളെല്ലാം വെറും പാവപ്പെട്ടവരാണെന്ന് അങ്ങേയ്ക്കും അറിയാം. എന്തുകൊണ്ട് അങ്ങനെ ഒരു ഉത്തരവ് ഈ ഗവൺമെന്റിന് ഇറക്കിക്കൂടാ?

10.00 AM]

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ വേറെ മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിതന്നെ ഇന്നലെയോ

മിനിഞ്ഞാന്നോ സംസാരിക്കുമ്പോൾ പറഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് പണം കിട്ടാൻ വൈകുന്നത് കണക്കാക്കി ആ തൊഴിലാളികൾക്ക് പണം നൽകുന്നതിനുള്ള ക്രമീകരണം സംസ്ഥാന സർക്കാർ ഉണ്ടാക്കുകതന്നെ ചെയ്യും. അതിൽ ഒരുതരത്തിലും ആശങ്കപ്പെടേണ്ടതില്ല. ഇവിടെ മൂന്നാറിൽ എം.ജി.എൻ. ആർ.ഇ.ജി.എസ്.-ന്റെ പാർലമെന്ററി കമ്മിറ്റി വന്നിരുന്നു. ആ കമ്മിറ്റിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ശ്രീ. ഷാജഹാൻ ഇതുമായി ബന്ധപ്പെട്ട അവതരണം നടത്തിയിരുന്നു. കുടിശ്ശിക തുക നൽകുന്നതിന് മന്ത്രാലയത്തിന് നിർദ്ദേശം നൽകാമെന്ന് അവർ സമ്മതിച്ചിട്ടാണ് പോയത്. പക്ഷേ കുടിശ്ശിക ലഭിച്ചിട്ടില്ല. നമ്മുടെ ഭാഗത്ത് ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഉണ്ടായി എന്ന് പറയാൻ പറ്റില്ല.

പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ ഈ പണം ചെലവഴിക്കുന്നതിൽ എന്തോ വീഴ്ചയുണ്ടായി എന്ന മട്ടിൽ അദ്ദേഹം പറയുകയുണ്ടായി. യഥാർത്ഥത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, 9, 10 ക്ലാസുകൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, ശുചീകരണ തൊഴിലാളികളുടെ മക്കൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്, SCA to SCSP, SCA to TSP, പട്ടികവർഗ്ഗ വിഭാഗത്തിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരമുള്ള സാമ്പത്തിക സഹായം ഇവയൊക്കെയാണ് പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ. പട്ടികവർഗ്ഗ വികസന വകുപ്പിൽ കേന്ദ്ര സഹായമായി കഴിഞ്ഞ അഞ്ചുവർഷക്കാലയളവിലെ സ്ഥിതി എടുത്താൽ 37.5 കോടി രൂപ നമുക്ക് ലഭിക്കാനുണ്ട്. പട്ടികജാതി വികസന വകുപ്പിലാണെങ്കിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട തുക 130 കോടി രൂപയാണ്. ഇതിൽ കഴിഞ്ഞ 2016-17 സാമ്പത്തിക വർഷത്തിൽ നാം ചെലവഴിച്ച തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിക്കഴിഞ്ഞിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്ത പ്രശ്നമില്ല. പക്ഷേ കേന്ദ്രം പണം റിലീസ് ചെയ്തിട്ടില്ല. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്ര സർക്കാർ 2.5 ലക്ഷം രൂപയുടെ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. പക്ഷേ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതിയിൽ വരുമാന പരിധി നിശ്ചയിച്ചിട്ടില്ല. സംസ്ഥാന ബഡ്ജറ്റിൽ നാം പ്രതീക്ഷിക്കുന്ന മുഴുവൻ കേന്ദ്ര സഹായവും നൽകാതിരുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ച വരുമാന പരിധി ഒരു കാരണമായി അവർ ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നാലും നമുക്ക് അർഹതപ്പെട്ട പണം കിട്ടുന്നില്ല എന്നുള്ളത് ഇവിടെ കുറവായിത്തന്നെ നിൽക്കുകയാണ്. ഇത് വിവിധ മേഖലകളിൽ നടക്കുകയാണ്.

പിന്നോക്കവിഭാഗ വികസന വകുപ്പിൽ ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് 50 കോടി രൂപ കേന്ദ്ര സഹായ പദ്ധതിയിൽ സംസ്ഥാനം

വകയിരുത്തിയിരുന്നു. അത് സർക്കാർ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ കേന്ദ്ര സർക്കാർ ഇതിൽ ഓരോ വർഷവും പണം കുറഞ്ഞ തോതിൽ മാത്രമേ നൽകുന്നുള്ളൂ.

2014-15-ൽ 50 കോടി രൂപയുടെ സ്ഥാനത്ത് 24.15 കോടി രൂപ; 2015-16-ൽ 26.95 കോടി രൂപ; 2016-17-ൽ 25 കോടി രൂപ. ബാക്കി അവിടെ കിടക്കുകയാണ്. ഇങ്ങോട്ട് തന്നിട്ടില്ല. അതുപോലെ ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ്. ഇതിൽ 32 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്, കേന്ദ്ര സഹായം കിട്ടേണ്ടതായിട്ടുണ്ട്. ഇത് സംസ്ഥാന സർക്കാർ ചെലവഴിച്ചു. പക്ഷേ കേന്ദ്ര സർക്കാർ അത് റീ-ഇംബേഴ്സ് ചെയ്യേണ്ടതിൽ വലിയ കുറവാണ് വന്നിട്ടുള്ളത്. 2014-15-ൽ 7.06 കോടി രൂപ, 2015-16-ൽ 7.03 കോടി രൂപ, 2016-17-ൽ 4.6 കോടി രൂപ. ഇങ്ങനെ കുറഞ്ഞ തുക മാത്രമാണ് നമുക്ക് റീ-ഇംബേഴ്സ് ചെയ്ത് തരുന്നത്. ചെലവഴിച്ച മുഴുവൻ തുകയ്ക്കും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയോ എന്നുള്ള ചോദ്യമാണ് വരുന്നത്. അത് മുഴുവൻ നൽകിയിട്ടുമുണ്ട്. പക്ഷേ അത് നൽകിയിട്ടും ഇവിടെ റീ-ഇംബേഴ്സ് ചെയ്യാൻ തയ്യാറാകുന്നില്ല എന്നതാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാട്.

കഴിഞ്ഞ വർഷങ്ങളിലെ പൊതുവായ സ്ഥിതിയെടുത്താൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ വാങ്ങിയെടുക്കുന്നതിൽ ചില വീഴ്ചകളുണ്ടായിട്ടുണ്ടെന്ന് വിമർശനപരമായി ചൂണ്ടിക്കാണിക്കാൻ സാധിക്കും. പക്ഷേ അത് ഇപ്പോഴുള്ള സർക്കാരിനല്ല കൂടുതൽ ബാധകം. അത് കൂടുതൽ ബാധകമായി നിൽക്കുന്നത് 2011 മുതൽ 2016 വരെയുണ്ടായിരുന്ന സർക്കാരിന് തന്നെയാണ്. ആ കാലയളവിലാണ് ഏറ്റവും കൂടുതൽ തുക വാങ്ങിയെടുക്കാൻ ബാക്കി നിൽക്കുന്നത്. നമ്മൾ തമ്മിലുള്ള തർക്കത്തിന്റെ ഇടയിൽ പൊതുവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മറന്നുപോകരുത്. അത് നയപരമായ കാര്യമാണ്. അതായത് ആഗോളവൽക്കരണ, ഉദാരവൽക്കരണ നയങ്ങളുടെ നടപ്പാക്കലിന് ഈ പദ്ധതികളെ ആയുധമാക്കുന്ന ഒരു രീതി കുറേ കാലമായി കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഉദാരവൽക്കരണ നയങ്ങളുടെ അടിസ്ഥാനത്തിലുള്ള പദ്ധതികൾ അടിച്ചേൽപ്പിക്കുക, അതിന്റെ പ്രവർത്തന പുരോഗതി അനുസരിച്ചുമാത്രം പണം അനുവദിക്കുക. ഇതാണ് നമ്മുടെ സംസ്ഥാനത്തിന് പലപ്പോഴും വിഷമകരമായി വരുന്ന കാര്യം. ഈ നയം തിരുത്തേണ്ടതായിട്ടുണ്ട്. പൊതുവിൽ ഫണ്ട് അനുവദിക്കുന്ന രീതിയാണ് മുമ്പ് പാലിച്ചിരുന്നത്. എന്നാൽ ഉദാരവൽക്കരണ നയത്തിന്റെ ആവിർഭാവം വന്നതോടെ പിൽക്കാലത്ത് പ്രോജക്ടുകൾക്കാണ് ഫണ്ട് അനുവദിക്കുന്നത്. പ്രോജക്ടുകളാകട്ടെ ഉദാരവൽക്കരണനയം മുൻനിർത്തിയുള്ളതാണ്. സംസ്ഥാനത്തിന് സ്വീകാര്യതയില്ലാത്ത പ്രോജക്ടുകളുണ്ട്. ആ പ്രോജക്ടുകളാണ് സംസ്ഥാനത്ത്

നടപ്പിലാക്കാൻ നോക്കുന്നത്. അത് നടപ്പാക്കുന്നതിലുള്ള പുരോഗതി വിലയിരുത്തി പണം അനുവദിക്കുന്ന രീതിയാണ് വരുന്നത്. നമുക്ക് ചിലപ്പോൾ വേണ്ടതായിരിക്കില്ല. ഇത് ഈ ഒരു വർഷം ഉണ്ടായത് മാത്രമല്ല. കുറച്ചു നാളായി തുടരുന്നൊരു കാര്യമാണ്. ഇത് ശരിയായ രീതിയല്ല. ജനാധിപത്യ സംവിധാനത്തിൽ സംസ്ഥാനത്തും കേന്ദ്രത്തിലും ചിലപ്പോൾ വ്യത്യസ്തമായ നയങ്ങൾ തുടരുന്ന ഗവൺമെന്റുകളുണ്ടായെന്ന് വരാം. സംസ്ഥാനത്തെ ജനങ്ങൾ നിരാകരിച്ച നയം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെക്കൊണ്ട് നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കാൻ പാടില്ലായിരുന്നു. അത് ജനാധിപത്യത്തിന്റെ സത്തയ്ക്ക്തന്നെ വിരുദ്ധമായ കാര്യമാണല്ലോ. അപ്പോൾ ഇത്തരം കാര്യങ്ങളിൽ പൊതുവായ അഭിപ്രായ സമന്വയം തന്നെ ദേശീയ തലത്തിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്.

ചില രംഗങ്ങളിൽ നാം വളരെ മുന്നിട്ടുനിൽക്കുന്നുണ്ട്. കേരളത്തിന് പൊതുവായി നേടാൻ കഴിഞ്ഞ നേട്ടങ്ങളുടെ ഭാഗമായി ലോകത്തിന്റെ മുന്നിൽത്തന്നെ അഭിമാനകരമായ നില ചില മേഖലകളിൽ നമുക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, കുടുംബക്ഷേമം തുടങ്ങിയ മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങൾ നമുക്ക് പാരയായി വന്നിരിക്കുകയാണ്. ആ നേട്ടങ്ങളുടെ ഭാഗമായി നമ്മെ ശിക്ഷിക്കുന്ന നില ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. നേട്ടം കൈവരിച്ചതിന്റെ പേരിൽ കേന്ദ്രം സ്വീകരിക്കുന്ന സമീപനം, ആ മേഖലയ്ക്കുള്ള സഹായം നിഷേധിക്കുന്ന നില വരികയാണ്. ഇതാണ് ഞാൻ ശിക്ഷ എന്നതുകൊണ്ട് ഉദ്ദേശിച്ചത്. നമ്മൾ പിന്നോക്കം നിൽക്കുന്ന ചില രംഗങ്ങൾ സ്വാഭാവികമായിട്ടുമുണ്ട്. ആ മേഖലകളിലേയ്ക്ക് വകമാറ്റാൻ സാധാരണ നിലയ്ക്ക് നമ്മെ അനുവദിക്കേണ്ടതാണ്. അങ്ങനെ ഈ പണം ചെലവഴിക്കാൻ നമ്മെ അനുവദിക്കണം. പക്ഷേ ആ തരത്തിൽ ധനസഹായം നൽകാനല്ല തയ്യാറാകുന്നത്. അപ്പോൾ അത്തരത്തിൽ ധനസഹായം നൽകുന്ന നില കേന്ദ്രം തുടരുകയാണ് വേണ്ടത്. ഇത് തുടർന്നും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിട്ടുണ്ട്.

കേന്ദ്രം പലപ്പോഴും ആവിഷ്കരിച്ച് നിർദ്ദേശിക്കുന്ന പദ്ധതികൾ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യത്തിന് ചേർന്നതാകുന്നില്ല. അങ്ങനെ വരുമ്പോൾ സംസ്ഥാനങ്ങളുമായി ആലോചിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്ന നില കേന്ദ്രം സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതും കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതാണ്. ഇതിന് അനുകൂലമായ ചില സൂചനകൾ ഈ അടുത്ത കാലത്ത് വരുന്നുണ്ട് എന്നത് ഞാൻ കാണാതിരിക്കുന്നില്ല. എന്നാലും പൂർണ്ണമായി മാറിയെന്ന് പറയാൻ കഴിയില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വീഴ്ചയുണ്ടായി എന്ന് അങ്ങിവിടെ പറയുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ ഒരിക്കലും സ്റ്റേറ്റ് സ്പെസിഫിക്കല്ല. പ്രത്യേകിച്ചും കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് വേണ്ടിയിട്ടുള്ളതാണ്. ഓരോ സംസ്ഥാനങ്ങളുടെയും സാഹചര്യങ്ങൾ വ്യത്യസ്തമാണ്. ഞങ്ങൾ ഇക്കാര്യം പലവട്ടം ഉന്നയിക്കുകയും അതിനുവേണ്ടി പ്ലാനിംഗ് കമ്മീഷൻതന്നെ ചതുർവേദി കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. കമ്മിറ്റി രൂപീകരിച്ചതല്ലാതെ നടപടി സ്വീകരിച്ചിട്ടില്ല. അങ്ങ് പറഞ്ഞത് ശരിയാണ്. തീർച്ചയായും ഓരോ സംസ്ഥാനങ്ങളുടെ ആവശ്യം കണക്കിലെടുത്തുവേണം കേന്ദ്ര പദ്ധതികൾ രൂപീകരിക്കേണ്ടത്. അതിനുവേണ്ടിയുള്ള നടപടികൾ മുന്നോട്ടു കൊണ്ടുപോകാൻ അങ്ങേയ്ക്ക് തീർച്ചയായും ഞങ്ങളുടെ പിന്തുണയുണ്ടാകും.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അക്കാര്യത്തിന് നന്ദി. ഇതുതന്നെയാണ് നമുക്ക് ആവശ്യം. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യങ്ങളാണ്. ആ ആവശ്യങ്ങൾക്ക് പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസം ഉണ്ടാകേണ്ടതില്ല. ഒന്നിച്ച് നമുക്ക് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാനാണ് കഴിയേണ്ടത്.

ഒരു വർഷം പൂർത്തിയായതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ പറയണമെന്ന് അദ്ദേഹം പറഞ്ഞു. അത് പറയണമെങ്കിൽ കുറച്ച് സമയം വേണ്ടി വരും. ഇപ്പോൾ അടിയന്തര പ്രമേയത്തെക്കുറിച്ച് പറഞ്ഞാൽ മതിയല്ലോ. എനിക്കത് പറയുന്നതുകൊണ്ട് ഒരു പ്രയാസവുമില്ല. ഒരു വർഷത്തെ നേട്ടങ്ങളെപ്പറ്റി എനിക്ക് ധാരാളം പറയാനുണ്ട്. അതിന് ചുരുങ്ങിയത് അര മണിക്കൂറെങ്കിലും തരികയാണെങ്കിൽ അക്കാര്യത്തെക്കുറിച്ച് ഞാൻ സംസാരിക്കാം.

ഇക്കാര്യത്തിൽ വേറെ പ്രശ്നങ്ങൾ വരുന്നില്ല. നല്ല രീതിയിൽത്തന്നെ സംസ്ഥാന സർക്കാർ പദ്ധതികൾ നടപ്പാക്കാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. കേന്ദ്ര സഹായം മാത്രമല്ല, നമ്മുടെ പദ്ധതികൾ തന്നെ കൃത്യമായി നടപ്പാക്കാനുള്ള മോണിറ്ററിംഗ് സംവിധാനം ഇപ്പോൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ എങ്ങനെയൊക്കെ നടപ്പാക്കുന്നു എന്നത് കൃത്യമായി മോണിറ്റർ ചെയ്ത് പോകുന്ന സംവിധാനമുണ്ടാകും. അപ്പോൾ കഴിഞ്ഞ കാലത്തെല്ലാം ഉള്ളതിനേക്കാളും വലിയ പുരോഗതി ഈ വർഷം നമുക്ക് ഇക്കാര്യത്തിൽ നേടാൻ കഴിയും. അതുകൊണ്ടുതന്നെ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ പദ്ധതി പ്രവർത്തനങ്ങൾ നന്നായി നടക്കണമെന്നുള്ളതുകൊണ്ടും കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു തരുന്ന വിഹിതം ഫലപ്രദമായി ചെലവഴിക്കണമെന്നുമുള്ള ആഗ്രഹത്തിന്റെയും അടിസ്ഥാനത്തിലാണ് ഞങ്ങൾ ഈ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയും കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളോട് കാണിക്കുന്ന ക്രൂരതയും ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇവിടെ ചോദ്യോത്തരവേള കഴിഞ്ഞാൽ ബഹുമാനപ്പെട്ട സ്പീക്കർ ഉത്തരത്തിൽ തിരുത്ത് എല്ലാ ദിവസവും പറയാറുണ്ട്, അത് നല്ല കാര്യമാണ്. ശ്രീ. എൽദോ എബ്രഹാമിന്റെ ഒരു ചോദ്യത്തിന് ഉത്തരമായി 25-4-2017-ൽ മുഖ്യമന്ത്രി ഒരു മറുപടി നൽകി. കഴിഞ്ഞ സാമ്പത്തിക വർഷം 6,534.17 കോടി രൂപയിൽ 4,935.01 കോടി രൂപ മാത്രമാണ് ചെലവാക്കിയിട്ടുള്ളത് എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഇനി ഉത്തരത്തിൽ തിരുത്ത് വരുമ്പോൾ ഇത് മാറുമെങ്കിൽ മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. അല്ലെങ്കിൽ ശ്രീ. എൽദോ എബ്രഹാമിനോട് പറഞ്ഞതാണ് സഭയിൽ ചോദ്യത്തിന് ഉത്തരമായി മുഖ്യമന്ത്രി പറഞ്ഞത്. അപ്പോൾ മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞതാണോ ശ്രീ. എൽദോ എബ്രഹാമിന്റെ ചോദ്യത്തിന് മറുപടി പറഞ്ഞതാണോ ശരി എന്നുള്ളതാണ് ഞങ്ങൾക്ക് ഇപ്പോൾ ഉണ്ടായിരിക്കുന്ന സംശയം. രണ്ടും ശരിയാണോ? രണ്ടും എങ്ങനെയാണ് ശരിയാകുന്നത്, മാണി സാറേ? മാണി സാർ പറയുന്നത് രണ്ടും ശരിയാണെന്നാണ്, രണ്ടും ശരിയാകുകയില്ലല്ലോ? ഉത്തരത്തിൽ തിരുത്ത് വരുമെങ്കിൽ ശരിയാണ്, എല്ലാ ദിവസവും ഉത്തരത്തിൽ തിരുത്ത് വരുന്നെങ്കിൽ ശ്രീ. എൽദോ എബ്രഹാമിന്റെ ചോദ്യം ചിലപ്പോൾ അങ്ങ് മാറ്റി പറഞ്ഞേയ്ക്കാം, എനിക്കത് അറിയില്ല. ഞങ്ങൾ വളരെ ഗൗരവമായ ഒരു പ്രശ്നമാണ് ഈ സഭയുടെ മുന്നിൽ ഉന്നയിച്ചത്.

കേന്ദ്ര ഗവൺമെന്റിന്റേത് കേരളത്തോടുള്ള ഔദാര്യമൊന്നുമല്ല. സെൻട്രലി സ്പോൺസേർഡ് സ്കീം എല്ലാ കാലഘട്ടത്തിലും ഉള്ളതാണ്. ഈ ഗവൺമെന്റ് എന്ത് ചെയ്തു? 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം, നമ്മുടെ 10 ശതമാനം കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചു. പക്ഷെ വലതുകൈ കൊണ്ടു തന്നത്, ഇടതു കൈകൊണ്ട് എടുക്കുകയാണ് ചെയ്തത്. 10 ശതമാനം വർദ്ധിപ്പിച്ചപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പണം വെട്ടിക്കുറച്ചു. 28 വിഭാഗങ്ങളിലായി umbrella scheme-ൽ 189 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ഇതിന് ആവശ്യമായ പണം കേന്ദ്രം അനുവദിക്കുമ്പോൾ ചില മാനദണ്ഡങ്ങൾ വയ്ക്കാറുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്,

അതിൽ ചില മാനദണ്ഡങ്ങൾ കേരളത്തിന് ഗുണകരമല്ല. നമുക്ക് മാത്രമല്ല, ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും നടപ്പാക്കാൻ കഴിയാത്ത മാനദണ്ഡങ്ങൾ കേന്ദ്ര ഗവൺമെന്റ് നിർവ്വചിക്കാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങളുമായി ആലോചിക്കണമെന്നാണ് എല്ലാ സംസ്ഥാനങ്ങളും കേന്ദ്രത്തോട് ആവശ്യപ്പെടുന്നത്. പക്ഷേ കേന്ദ്രം ഇപ്പോഴും ആ നില തുടരുകയാണ്. ഇതിന്റെ ഫലമായി പല കേന്ദ്രാവിഷ്കൃത പദ്ധതികളും നമുക്ക് നടപ്പിലാക്കാൻ കഴിയാതെ വരുന്നു. ഈ കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതിലും കേരളം പിന്തള്ളപ്പെടുന്നു എന്നത് ശരിയാണ്.

പോപ്പുലേഷൻ കൺട്രോൾ, സാക്ഷരത ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കേരളം മുൻപന്തിയിലാണ്. അതുകൊണ്ട് യു.പി., ബീഹാർ, മധ്യപ്രദേശ്, ജാർഖണ്ഡ് തുടങ്ങിയ മറ്റ് സംസ്ഥാനങ്ങൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ നമുക്ക് കിട്ടാതെ വരുന്നതും ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഗ്ലോബലൈസേഷന്റെ അടിസ്ഥാനത്തിലാകാം പ്രോജക്ട് ഓറിയന്റഡ് പ്രോഗ്രാംസ് വരുന്നത്. അതിനെ നയപരമായി എതിർത്തുകൊള്ളൂ. പക്ഷെ ആ പ്രോജക്ട് ഓറിയന്റഡായ പദ്ധതികൾ വിവിധ ഡിപ്പാർട്ടുമെന്റുകൾ കൊടുത്താൽ കിട്ടും. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്നു ഡോ. എം. കെ. മുനീർ. അദ്ദേഹം 500 കോടിയിലധികം തുകയുടെ പദ്ധതി, സ്പെഷ്യൽ പ്രോജക്ട് കൊടുത്ത് നേടിയെടുത്ത കാര്യം ഞാൻ ഇവിടെ ഓർക്കുകയാണ്. കേന്ദ്രത്തിന്റെ നയത്തെ നമുക്ക് വിമർശിക്കാം, ഞങ്ങളും വിമർശിക്കുന്നുണ്ട്. പക്ഷേ പ്രോജക്ട് ഓറിയന്റഡ് ആയ പദ്ധതികൾ കേരളത്തിൽ നേടിയെടുക്കുന്നതിന് നമ്മൾ എന്തിനാണ് വിമുഖത കാണിക്കുന്നത്? ബഹുമാന്യനായ മുഖ്യമന്ത്രി ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഓരോ വകുപ്പിലുമുള്ള മന്ത്രിമാരോട് അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ച് അതിന്റെ ആനുകൂല്യം കേരളത്തിൽ ലഭ്യമാക്കുക എന്നുള്ളതാണ്. അതിനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. എന്തുപറഞ്ഞാലും കഴിഞ്ഞ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് ഒരു ശൈലിയായി മാറിയിട്ടുണ്ട്.

നിങ്ങൾ അധികാരത്തിൽ വന്നിട്ട് ഒരു വർഷം ഇന്ന് പൂർത്തിയാക്കുകയാണ്. നിങ്ങൾക്കിനിയും കഴിഞ്ഞ ഗവൺമെന്റിനെ കുറ്റം പറഞ്ഞ് എത്രനാൾ മുന്നോട്ട് പോകാൻ കഴിയും? ചില കുറ്റങ്ങൾ ചെയ്തതുകൊണ്ടാണല്ലോ ഞങ്ങൾക്ക് ഇപ്പുറത്ത് ഇരിക്കേണ്ടി വന്നത്. അത് ഞങ്ങൾ അംഗീകരിക്കുന്നു, ജനഹിതം അംഗീകരിക്കുന്നു. ഇനി രണ്ടാം വർഷത്തിലെങ്കിലും കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റങ്ങൾ മാത്രം പറഞ്ഞ് നിങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയില്ല, നിങ്ങൾ ചെയ്ത കാര്യങ്ങളെക്കുറിച്ചായിരിക്കണം ഇനി പറയേണ്ടത്.

ഇവിടെ umbrella scheme-ൽപെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നമുക്ക് കിട്ടേണ്ട വിഹിതം കിട്ടുന്നില്ല. ഇതിനകത്ത് രണ്ടുമൂന്ന് ഘടകങ്ങളാണുള്ളത്. ഒന്ന്, ഇതിനാവശ്യമായ പ്രോപ്പർ മോണിറ്ററിംഗ് നടക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ മോണിറ്ററിംഗ് ചെയ്യേണ്ടത് സെക്രട്ടറിമാരാണ്; അത് മന്ത്രിമാരാണെന്ന് ഞാൻ പറയുന്നില്ല. സംസ്ഥാനത്തെ എം.പി.-മാരോട് ഇക്കാര്യങ്ങൾ ശക്തമായി പാർലമെന്റിൽ ഉന്നയിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം, അതോടൊപ്പം അവരുടെ കോൺഫറൻസ് കുറേക്കൂടി ഗൗരവതരമാക്കുകയും ചെയ്യണം.

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ അതാത് സമയത്ത് കൊടുക്കാനുള്ള നടപടികളുണ്ടാകണം. കേരള ഹൗസ് കേന്ദ്രീകരിച്ചുകൊണ്ട് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച്, ആ സെല്ലിന്റെ നേതൃത്വത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമായി pursue ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. ഈ നടപടികളൊന്നും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കാത്തതുകൊണ്ടാണ് ഇവിടെ പല പദ്ധതികൾക്കും കേന്ദ്ര സഹായം ലഭിക്കാത്തത്.

അതോടൊപ്പം മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം മാച്ചിംഗ് ഗ്രാന്റ് വിഹിതം വയ്ക്കുക എന്നതാണ്. ചില പദ്ധതികൾക്ക് 75:25 ശതമാനം വിഹിതമാണ് വച്ചിരിക്കുന്നത്; 75 ശതമാനം തുക കേന്ദ്ര സർക്കാരും 25 ശതമാനം തുക സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടത്. സംസ്ഥാന സർക്കാരിന്റെ ഇത്തരം അലംഭാവംമൂലം പല പദ്ധതികളും നടക്കുന്നില്ല. ഉദാഹരണമായി പോലീസ് മോഡണൈസേഷനുവേണ്ടി കേന്ദ്രം തരുന്ന 75 ശതമാനം തുകയ്ക്ക് 25 ശതമാനം തുക സംസ്ഥാനം വഹിക്കണം. ഈ ഗവൺമെന്റിന്റെ കാലത്തു മാത്രമല്ല പല ഗവൺമെന്റുകളുടെ കാലത്തും അതിനാവശ്യമായ മാച്ചിംഗ് ഗ്രാന്റ് സംസ്ഥാന സർക്കാർ അനുവദിക്കാത്തതുകൊണ്ട് പോലീസ് മോഡണൈസേഷന് വേണ്ടിയുള്ള ഫണ്ട് വിനിയോഗിക്കാൻ കഴിയാതെ വരുന്നു. കഴിഞ്ഞ മൂന്ന് നാലു വർഷമായി ഈ സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ഇതിലൂടെ പലപ്പോഴും കേന്ദ്രം അനുവദിച്ചുതരുന്ന ഫണ്ട് ചെലവഴിക്കാൻ കഴിയാതെവരുന്നു എന്നുള്ളതും ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാന്യനായ കെ. മുരളീധരൻ വളരെ വിശദമായി, ഭംഗിയായിത്തന്നെ പ്രോജക്ടുകളുടെ കാര്യം പറഞ്ഞു. നമുക്ക് അനുവദിച്ചു തരുന്ന പദ്ധതികൾ എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല? കൃഷി വകുപ്പിന്റെ പദ്ധതികളൊന്നും നമ്മൾ നടപ്പിലാക്കുന്നില്ല. ന്യായമായ ഞങ്ങളുടെ സംശയമല്ലേ ഇത്? അപ്പോൾ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിച്ചുകൊണ്ട് സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികളല്ലേ സ്വീകരിക്കേണ്ടത്. സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ ഒരു പ്രശ്നമായി കാണുന്നുണ്ട്. ഒരോ പദ്ധതിക്കും കേന്ദ്ര

സർക്കാർ മാർഗ്ഗരേഖ തയ്യാറാക്കാറുണ്ട്. ആ മാനദണ്ഡങ്ങൾ നമുക്ക് യോജിച്ചതല്ലെങ്കിൽ കേന്ദ്രത്തെ അക്കാര്യം ബോധ്യപ്പെടുത്തി അതിൽ ഭേദഗതികൾ വരുത്തി നടപ്പിലാക്കാനുള്ള ഉത്സാഹം മന്ത്രിമാരും ഉദ്യോഗസ്ഥരും കാണിക്കേണ്ടതല്ലേ? ഏറ്റവും വലിയ പ്രശ്നം സമയബന്ധിതമായി ഈ പരിപാടികൾ നടക്കുന്നില്ല എന്നതാണ്. പ്രോപ്പർ മോണിറ്ററിംഗ് ഇക്കാര്യത്തിൽ നടക്കുന്നില്ല. എത്രമാത്രം പദ്ധതികൾ നടപ്പാക്കുന്നു എന്ന കാര്യത്തിൽ ഒരു concurrent evaluation നടക്കുന്നില്ല. ഇത് മനസ്സിലാക്കാൻ വേണ്ടി പറയുന്നതാണ്, കുറ്റപ്പെടുത്താൻ പറയുന്നതല്ല. മറ്റു സംസ്ഥാനങ്ങളിൽ ഓരോ പദ്ധതികളിലും ഉദ്യോഗസ്ഥർ കാണിക്കുന്ന ജാഗ്രതയും ശ്രമവുമൊക്കെ നമ്മളെല്ലാവരും അനുഭവപാഠമാക്കേണ്ട ഒരു കാര്യമാണ്. എനിക്ക് തീർച്ചയായും അനുഭവമുണ്ട്. ഞാൻ മന്ത്രിയായിരുന്നപ്പോഴും എം.പി.-ആയിരുന്നപ്പോഴും സംസ്ഥാന താൽപ്പര്യം ഉയർത്തിപ്പിടിച്ചിട്ടുണ്ട്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, അങ്ങ് പറയുന്ന സമയത്ത് കോൺഗ്രസ്സായിരുന്നു കേന്ദ്രം ഭരിച്ചിരുന്നത്, ഇപ്പോൾ ബി.ജെ.പി. -യാണ് ഭരിക്കുന്നത്, അതാണ് വ്യത്യാസം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ആര് ഭരിക്കുന്നു എന്നുള്ളതല്ല പ്രശ്നം. ഗൗരവത്തോടുകൂടി വികസന പദ്ധതികൾ pursue ചെയ്ത് നേടിയെടുക്കാനുള്ള നടപടികളാണ് ഉണ്ടാകേണ്ടത്. നമ്മൾ തമ്മിൽ രാഷ്ട്രീയമായി അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. സംസ്ഥാനങ്ങളുടെ താല്പര്യം സംരക്ഷിക്കുന്ന കാര്യത്തിൽ കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തി നേടിയെടുക്കാൻ ശ്രമിക്കണം. അതാണല്ലോ യഥാർത്ഥത്തിൽ കേന്ദ്ര - സംസ്ഥാന ബന്ധങ്ങളുടെ ഏറ്റവും പ്രധാപ്പെട്ട കണ്ണി. കേന്ദ്രത്തോട് നമുക്ക് ആശയപരമായ ഭിന്നിപ്പും അഭിപ്രായ വ്യത്യാസങ്ങളുമുണ്ട്. പക്ഷേ നമ്മുടെ സംസ്ഥാനത്തിനായി നേടിയെടുക്കേണ്ട കാര്യങ്ങൾ നേടിയെടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്.

പലപ്പോഴും കേന്ദ്ര സെക്രട്ടറിമാരുമായി സംസാരിക്കുമ്പോൾ അവർ പറയുന്നത് സംസ്ഥാനത്തിൽ നിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി കിട്ടുന്നില്ലെന്നാണ്. സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ 75 ശതമാനമെങ്കിലും ചെലവാക്കിയശേഷം അതിന്റെ കണക്ക് കൊടുത്തു കൂടേ; അപ്പോൾ നമുക്ക് ബാക്കി ലഭിക്കാനുള്ള കൂടുതൽ തുക ലഭിക്കുകയില്ലേ? ഇവിടെ പറയുന്ന ഒരു പ്രശ്നം, വിവിധ ഡിപ്പാർട്ടുമെന്റുകൾ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ കൊടുക്കാറില്ല, പദ്ധതി പ്രവർത്തനങ്ങളുടെ പ്രോഗ്രസ്സ് അറിയിക്കാറില്ല, ആ റിപ്പോർട്ടുകൾ കേന്ദ്രത്തിൽ എത്തുന്നില്ല എന്നുള്ളതാണ്. അതുകൊണ്ടാണ് പദ്ധതി പ്രവർത്തനങ്ങൾ

നടപ്പിലാക്കുമ്പോൾ ഇത്തരത്തിലുള്ള അപാകതകളുണ്ടാകുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ബഡ്ജറ്റിന് പുറത്തുള്ള പദ്ധതികൾ തയ്യാറാക്കിക്കൊടുക്കുന്നതിൽ കുറേക്കൂടി ജാഗ്രത കാണിക്കേണ്ടിയിരിക്കുന്നു. പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ പ്രോപ്പർ മോണിറ്ററിംഗ് ഉണ്ടാകുന്നില്ലെന്നുള്ള പരാതി സജീവമാണ്. പ്രത്യേകിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മാത്രമല്ല, സംസ്ഥാനത്തെ പദ്ധതി നടത്തിപ്പിന്റെ കാര്യത്തിലും ഏകോപനമില്ലായ്മ പലപ്പോഴും വികസന പദ്ധതികളുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് പദ്ധതി പ്രവർത്തനങ്ങളുടെ കാര്യത്തിൽ കുറേക്കൂടി ജാഗ്രത ഗവൺമെന്റ് കാണിക്കേണ്ടിയിരിക്കുന്നു.

ഇവിടെ PMGSY (Pradhan Mantri Gram Sadak Yojana)-യുടെ കാര്യം പറഞ്ഞു. കഴിഞ്ഞ അഞ്ചു വർഷക്കാലം PMGSY വളരെ നല്ല നിലയിൽ നടത്തിയ ഒരു ഗവൺമെന്റായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ്. യു.ഡി.എഫ്. ഗവൺമെന്റ് ഭരണത്തിൽ വന്ന സമയത്ത് 353 പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാതെ ലാപ്സാകുന്ന സാഹചര്യമുണ്ടായിരുന്നു. അതിനുള്ള കാരണം ഇതിനാവശ്യമായ ടെൻഡർ എക്സസ്സ് കൊടുത്തിരുന്നില്ല എന്നതാണ്. ആദ്യമായി യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്, 114 കോടി രൂപയോളം ടെൻഡർ എക്സസ്സ് നൽകുകയുണ്ടായി. അതുകൊണ്ട് അഞ്ചു വർഷക്കാലം, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നല്ലനിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയോട് അദ്ദേഹത്തിന്റെ പ്രസംഗത്തിനിടെ ചോദിച്ച കാര്യം വളരെ പ്രസക്തമാണ്. തൊഴിലുറപ്പിന് പോയി കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് ജീവിക്കുന്ന പാവപ്പെട്ട തൊഴിലുറപ്പ് തൊഴിലാളികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ/പഞ്ചായത്തിന്റെ പണം ഉപയോഗിച്ച് അവർക്ക് വേതനം കൊടുക്കുകയാണെങ്കിൽ അവരുടെ livelihood മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. നമ്മുടെ ഭരണ കാലത്ത് ചെയ്തിരുന്ന ആ സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കണം, അത് റീ-ഇംബേഴ്സ് ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2013-2014-ലാണ് നിങ്ങൾ അങ്ങനെയൊരു നിലപാടെടുത്തത്. അന്ന് കേന്ദ്ര സർക്കാർ ഈ പദ്ധതിക്കുള്ള പണം നമുക്ക് കൈമാറുകയും അത് പഞ്ചായത്തു വഴി കൊടുക്കുകയുമാണ് ചെയ്തത്. ഇന്ന് കേന്ദ്രത്തിൽനിന്ന് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറാണ് നടക്കുന്നത്. ആ സോഫ്റ്റ്‌വെയറിൽ നിങ്ങൾക്ക് വേറെ പണം ഇടുന്നതിനോ അല്ലെങ്കിൽ നിങ്ങൾ കൊടുത്ത പണം അതിൽ നിന്ന് റീ-ഇംബേഴ്സ് ചെയ്യുന്നതിനോ കഴിയുകയില്ല. അതുകൊണ്ടാണ് 2013-2014-ന് ശേഷം നിങ്ങളുടെ സർക്കാരും ഇത് ചെയ്യാതിരുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങേയ്ക്ക് ഇക്കാര്യം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചുകൂടായിരുന്നോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അക്കാര്യം നേരിട്ട് സംസാരിച്ചിട്ടുണ്ട്. ഇനി ജൂൺ 3-ാം തീയതി പോകുമ്പോൾ കുറച്ചുകൂടി കഠിനമായി സംസാരിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾ ഈ അടിയന്തരപ്രമേയം അവതരിപ്പിച്ചത് ഏതെങ്കിലും തരത്തിലുള്ള കുറ്റപ്പെടുത്തലിന്റെ അടിസ്ഥാനത്തിലല്ല. സംസ്ഥാനത്തെ ജനങ്ങൾക്ക് പദ്ധതി പ്രവർത്തനങ്ങളുടെ ഗുണമുണ്ടാകണം, വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകണം, ജനങ്ങൾക്ക് ന്യായമായി, ഭരണഘടനാപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ കേന്ദ്രഗവൺമെന്റിൽ നിന്നും ലഭ്യമാക്കണം. അതിന് സംസ്ഥാനത്തെ ഉദ്യോഗസ്ഥർ തമ്മിലുള്ള കിടമത്സരവും അഭിപ്രായ വ്യത്യാസങ്ങളും തമ്മിലടിയും ഒരു വലിയ അളവോളം വിഘാതം സൃഷ്ടിച്ചിട്ടുണ്ട് എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ്. അതുകൊണ്ട് ഭാവിയിലെങ്കിലും ഇത്തരം പ്രവർത്തനങ്ങളിൽ കൂടുതൽ ജാഗ്രത കാണിക്കാനും സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാനും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തിന് ലഭ്യമാക്കാനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യങ്ങളിൽ ഉറപ്പു നല്കിയ സാഹചര്യത്തിൽ വാക്കൗട്ട് ഉപേക്ഷിക്കുന്നു.

## V ശ്രദ്ധക്ഷണിക്കൽ

### (1) നഞ്ചൻഗോഡ് - നിലമ്പൂർ റെയിൽപ്പാത

ശ്രീ. സി. കെ ശശീന്ദ്രൻ: സർ, കേരളത്തിലെ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ജി. സുധാകരനും ഇന്നലെ മുഖ്യമന്ത്രിയും നിയമസഭയിൽ വ്യക്തമായി മറുപടി പറഞ്ഞ ഒരു കാര്യമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. ഇന്നലെ മുഖ്യമന്ത്രി 603-ാം നമ്പർ ചോദ്യത്തിന് മറുപടിയായി കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 3-1-2017 -ന് സംയുക്ത സംരംഭമായി ആരംഭിച്ചുവെന്നും തലശ്ശേരി-മൈസൂർ റെയിൽപ്പാതയും

നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാതയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുകയും ചെയ്തു. നിർഭാഗ്യവശാൽ കഴിഞ്ഞ മേയ് 18-ന് വയനാട് ജില്ലയിൽ യു.ഡി.എഫ്.-ന്റെയും ബി.ജെ.പി.-യുടെയും നേതൃത്വത്തിൽ നിലമ്പൂർ മണ്ഡലത്തിലും വയനാട് ജില്ലയിലും ഹർത്താൽ നടത്തുകയുണ്ടായി. വയനാട് എം.പി. ശ്രീ. എം. ഐ. ഷാനവാസ് ചെയർമാനും കല്പറ്റ എം.എൽ.എ. എന്ന നിലയ്ക്ക് ഞാൻ ജനറൽ കൺവീനറും മാനന്തവാടി എം.എൽ.എ. ശ്രീ. ഒ. ആർ. കേളു, ബത്തേരി എം.എൽ.എ. ശ്രീ. ഐ.സി ബാലകൃഷ്ണൻ, നിലമ്പൂർ എം.എൽ.എ. ശ്രീ. പി. വി. അൻവർ, ചാമരാജ് നഗറിലെയും ഗുണ്ടൽപ്പേട്ടയിലെയും എം.എൽ.എ.-മാരും ചാമരാജ് നഗർ എം.പി. ശ്രീ. ധ്രുവനാരായണയും കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗങ്ങളായ ശ്രീ. എം. പി. വീരേന്ദ്രകുമാറും ശ്രീ. പി. വി. അബ്ദുൾ വഹാബും രക്ഷാധികാരികളുമായിട്ടുള്ള കമ്മിറ്റിയായിരുന്നു ഇതിനുവേണ്ടി പ്രവർത്തിച്ചിരുന്നത്. മേയ് 16-ന് ശ്രീ. എം.ഐ. ഷാനവാസിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സന്ദർശിക്കുകയും അദ്ദേഹം കർണ്ണാടക ഗവൺമെന്റുമായി മന്ത്രിതല ചർച്ചയ്ക്ക് സൗകര്യമൊരുക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തു. അന്ന് വൈകുന്നേരം തന്നെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും വയനാട്ടിൽ ഹർത്താൽ പ്രഖ്യാപിക്കുകയുണ്ടായി. റെയിൽപ്പാത കടന്നുപോകുന്നത് വനത്തിലൂടെയാണ്. 4-2-2012-ന്റെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അസാധാരണ ഗസറ്റ് വഴി ചില തടസ്സങ്ങൾ മാർച്ച് 17-ന് അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ ബാംഗ്ലൂരിൽ നടന്ന ചർച്ചയിൽ ഉന്നയിച്ചിരുന്നു. ഇക്കാര്യങ്ങളെല്ലാം പരിഹരിക്കാനാണ് ചർച്ചയ്ക്കുവേണ്ടി തയ്യാറായത്. എന്നാൽ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യും കർണ്ണാടക ഭരിക്കുന്ന കോൺഗ്രസ്സും സംയുക്തമായി കേരളത്തിലെ ഗവൺമെന്റിനെ അനാവശ്യമായി കുറ്റപ്പെടുത്തുന്ന തരത്തിലുള്ള പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല വയനാട്ടിലെ ജനങ്ങൾക്കിടയിൽ അനാവശ്യമായ ഒരു ചേരിതിരിവ് ഉണ്ടാക്കുകയാണ്. മേയ് 21-ന് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല വയനാട്ടിൽ വന്ന് കേരളത്തിലെ ഗവൺമെന്റിന് ഇക്കാര്യത്തിൽ താല്പര്യമില്ലെന്നും അതുകൊണ്ട് നാളെ ബാംഗ്ലൂരിൽ നേരിട്ട് ചെന്ന് ഇക്കാര്യങ്ങൾ ചർച്ച ചെയ്യാൻ പോകുകയാണെന്നും പത്രസമ്മേളനം നടത്തി പ്രഖ്യാപിക്കുകയും ചെയ്തു. ഇത് അനാവശ്യമായ രീതിയിലുള്ള വികസന തടസ്സമുണ്ടാക്കുന്ന സമീപനമാണ്. യഥാർത്ഥത്തിലുള്ള വിഷയം കർണ്ണാടക ഗവൺമെന്റിന്റെ അനുവാദം കിട്ടുക എന്നതാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഹൈദരാബാദ്- ബാംഗ്ലൂർ- കൊച്ചി ഐ.ടി. ഗോൾഡൻ കോറിഡോർ എന്ന രീതിയിൽ ഇത് അംഗീകരിച്ചത്. തുടർന്നുവന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ

ഗവൺമെന്റും അതിനുവേണ്ടി നിലകൊണ്ടു. തലശ്ശേരി- മൈസൂർ റെയിൽ പാതയ്ക്കുവേണ്ടിയും അടുത്ത കാലത്തായി ശക്തമായ ആവശ്യം ഉന്നയിച്ചു വരുന്നുണ്ട്. വയനാട്ടിലെ ജനങ്ങൾ ഇതെല്ലാം വരണമെന്ന ആഗ്രഹത്തിലാണ്. വയനാടിന്റെയും രാജ്യത്തിന്റെയും സമഗ്രവികസനത്തിനും ഇതെല്ലാം ആവശ്യമാണ്. കന്യാകുമാരിയെ കാശ്മീരുമായി ബന്ധിപ്പിക്കുന്ന ഏറ്റവും കുറഞ്ഞ ദൂരത്തിലും സമയത്തിലുമുള്ള ഒരു പാതയാണ് നഞ്ചൻഗോഡ്-നിലമ്പൂർ റെയിൽപ്പാത. 1990 മുതൽ ഡി.വൈ.എഫ്.ഐ.-യുടെ നേതൃത്വത്തിൽ വലിയ പ്രക്ഷോഭങ്ങൾ നടന്നുവരികയായിരുന്നു. പിന്നീട് ജനങ്ങൾ ഇത് ഏറ്റെടുത്തു. വൈത്തിരി-നഞ്ചൻകോഡ് എന്നത് ഡെഡ് ലൈൻ ആണെന്നും അതുകൊണ്ട് നിങ്ങൾ മംഗലാപുരം-കന്യാകുമാരി ലൈനുമായി ബന്ധപ്പെടുത്തുന്ന രീതിയിൽ ആവശ്യമുന്നയിക്കണമെന്നും പറഞ്ഞ് വയനാട്ടിലെ ജനങ്ങൾ ഒറ്റക്കെട്ടായി ഇത് ഏറ്റെടുക്കുകയായിരുന്നു. എന്നാൽ ഈ തടസ്സവാദങ്ങൾ ഉന്നയിക്കുന്നത് ശരിയല്ലെന്നും യോജിച്ച രീതിയിൽ ഇടപെടണമെന്നും ആവശ്യപ്പെടുകയാണ്. 2009-ലെ സുപ്രീംകോടതി വിധിപ്രകാരം രാജാജി പാർക്കിലൂടെയും 1999-ലെ ബോംബെ ഹൈക്കോടതി വിധിപ്രകാരം കൊങ്കൺ റെയിൽവേ നിർമ്മാണത്തിനും 2015 ജൂൺ 2-ന്റെ 34-ാം ദേശീയ വന്യജീവി ബോർഡിന്റെ തീരുമാനത്തിന്റെ മിനിട്ട്സിൽ പറയുന്നത്, ഡാർജിലിംഗ് വന്യജീവി സങ്കേതത്തിലുമെല്ലാം റെയിൽപ്പാതകൾ അനുവദിച്ചിട്ടുണ്ടെന്നാണ്. അതിനർത്ഥം റെയിൽപ്പാതയ്ക്ക് ചില ഇളവുകളുണ്ട് എന്നതാണ്. ആ ഇളവുകൾ ലഭ്യമാക്കുന്നതിനുവേണ്ടി കേരള സർക്കാർ മുൻകയ്യെടുത്ത് കർണ്ണാടക സർക്കാരുമായി ചർച്ച ചെയ്യുന്നതിനുള്ള അവസരമൊരുക്കണമെന്നാണ് ആവശ്യപ്പെടുന്നത്. 766 ദേശീയ പാതയിലും മാനന്തവാടി - ബാവലി - മൈസൂർ പാതയിലും രാത്രി യാത്രാ നിരോധനമുണ്ട്, ഇതുകൂടി ചർച്ച ചെയ്യണമെന്നും ഇതിനായി സർക്കാർ മുൻകയ്യെടുക്കണമെന്നും സർക്കാരിനെതിരെ തികച്ചും രാഷ്ട്രീയപ്രേരിതമായി നടത്തിക്കൊണ്ടിരിക്കുന്ന തെറ്റായ പ്രചരണങ്ങളെ തിരിച്ചറിയണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സുൽത്താൻബത്തേരി വഴിയുള്ള നിലമ്പൂർ-നഞ്ചൻകോഡ് റെയിൽപ്പാതയുമായി ബന്ധപ്പെട്ട മൂന്നാമത്തെ ചർച്ചയാണ് ഈ സഭയിൽ നടക്കുന്നത്. ആദ്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പിന്നീട് ശ്രീ. ഒ. രാജഗോപാലും ഈ വിഷയം ഉന്നയിച്ചിരുന്നു. ഇപ്പോൾ വയനാട് എം.എൽ.എ.-യും അവിടത്തെ എല്ലാ കാര്യങ്ങളിലും ഇടപെടുന്നയാളുമായ ശ്രീ. സി. കെ. ശശീന്ദ്രനും ഇത് ഉന്നിയിച്ചിരിക്കുകയാണ്. പറഞ്ഞ കാര്യങ്ങൾ എനിക്ക് മാറ്റിപ്പറയാൻ കഴിയില്ല. കാരണം അക്കാര്യങ്ങൾ വസ്തുതകളാണ്. കേരളത്തിലെ സംരക്ഷിത വനമേഖലയിലൂടെയും കർണ്ണാടകയിലെ സംരക്ഷിത വനപ്രദേശമായ ബന്ദിപ്പൂരിലെ

ദേശീയോദ്യാനത്തിലൂടെയും കടുവാ സങ്കേതത്തിലൂടെയുമാണ് ഇത് കടന്നു പോകുന്നത്. അതിനാൽ കേന്ദ്ര-പരിസ്ഥിതി മന്ത്രാലയം 2012-ലെ അവരുടെ ഒരു അസാധാരണ ഗസറ്റ് പ്രകാരം ദേശീയോദ്യാനത്തിലൂടെയുള്ള റെയിൽവേ ലൈനുകൾ, ഭൂഗർഭ പൈപ്പ് ലൈനുകൾ, റോപ്പ് വേ എന്നിവയുടെ നിർമ്മാണം നിരോധിച്ചിരിക്കുകയാണ്. അപ്പോൾ അതുവഴി പോകാമെന്ന് ഹൈക്കോടതി പറഞ്ഞിരിക്കുന്നത് പരിശോധിക്കേണ്ട കാര്യമാണ്. അതിനടുത്തുകൂടി ആയിരിക്കും അല്ലാതെ കടുവാ സങ്കേതത്തിനകത്തുകൂടി ട്രെയിൻ പോകാൻ പറ്റുകയില്ല. ഇതൊക്കെ തീരുമാനങ്ങളാണ്. അതിൽക്കൂടി കടന്നുപോകാൻ സാധിക്കുമെന്ന് കോടതി പറഞ്ഞിരിക്കുന്നുവെന്ന് പറയുന്നത് പരിശോധിക്കാതെ പറയാൻ കഴിയില്ല. അങ്ങനെ പോകാനാകുമെങ്കിൽ ആരെങ്കിലും തടസ്സപ്പെടുത്തുമോ? സാമാന്യബോധം വച്ച് നോക്കുകയാണെങ്കിൽ അങ്ങനെ പോകാൻ കഴിയില്ല. നിർദ്ദിഷ്ട റെയിൽവേ ലൈൻ കർണ്ണാടകയിലൂടെ കടന്നുപോകുന്നതിനുള്ള പദ്ധതിച്ചെലവിന്റെ പങ്കാളിത്തം വഹിക്കാൻ അവർ തയ്യാറല്ല. പിന്നെ എങ്ങനെയാണ് തുടങ്ങാൻ കഴിയുന്നത്? നിലമ്പൂരിൽ തുടങ്ങുന്നത് നിലമ്പൂരിൽ അവസാനിച്ചാൽ മതിയോ? കാര്യം മനസ്സിലാക്കാതെയോ അല്ലെങ്കിൽ സ്വന്തം ഉത്തരവാദിത്വം മറച്ചുവച്ചുകൊണ്ടോ ആണ് അവിടെ ചില ആളുകൾ ഹർത്താൽ നടത്തുന്നത്. രാഷ്ട്രീയമായി ഞാൻ ഒന്നും പറയുന്നില്ല. അതുകൊണ്ടൊന്നും കാര്യമില്ല, ഇതൊന്നുകൂടി തടസ്സപ്പെടുകയാണ് ചെയ്യുന്നത്. ചെലവിന്റെ പങ്കാളിത്തം, കർണ്ണാടകത്തിന്റെ വിവിധ വകുപ്പുകളുടെ അനുമതി എന്നിവ സംബന്ധിച്ച് ചർച്ച ചെയ്തു. സംസ്ഥാന സർക്കാർ ഇതിനായി മുൻകയ്യെടുത്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് അനുവാദം നൽകിയിട്ടുമുണ്ട്. കർണ്ണാടക വനം-പരിസ്ഥിതി മന്ത്രാലയവുമായി യോഗം ചേർന്നിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 17-3-2017-ൽ, കർണ്ണാടക അഡീഷണൽ ചീഫ് സെക്രട്ടറി, അവിടത്തെ അടിസ്ഥാന സൗകര്യ വികസന വകുപ്പിന്റെ കൂടി സെക്രട്ടറിയാണ്; അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അവിടെ യോഗം ചേർന്നപ്പോൾ മുഴുവൻ തടസ്സങ്ങളാണ് അദ്ദേഹം ഉന്നയിച്ചത്. ഇത് നടക്കില്ലെന്നാണ് പറഞ്ഞത്. അതിന്റെ മിനിട്സുണ്ട്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയോട് മറുപടി പറഞ്ഞപ്പോൾ ഞാൻ അത് റഫർ ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ തടസ്സമുള്ളതുകൊണ്ട് പരിസ്ഥിതിലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവ ഒഴിവാക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കാമെന്നാണ് അവിടെ എത്തിച്ചേർന്ന ധാരണ. അതുകൊണ്ട് ഇത് ഉപേക്ഷിക്കേണ്ട കാര്യമില്ല. ഇത് കടന്നുപോകുന്നത് കടുവാസങ്കേതത്തിനകത്തു കൂടി അല്ലാതെ അതിനടുത്തുകൂടി ആയിരിക്കും. ഈ സാഹചര്യത്തിൽ, 24-11-2016-ലെ ഉത്തരവ് പ്രകാരം ഈ ഗവൺമെന്റ് വകയിരുത്തിയ 8 കോടി രൂപയിൽ രണ്ട് കോടി രൂപ റിലീസ്

ചെയ്യാൻ തയ്യാറായപ്പോഴാണ് ഇത് പ്രയാസമാണെന്ന് കർണ്ണാടക സംസ്ഥാനം പറയുന്നത്. അതുകൊണ്ട് ആ തുക റിലീസ് ചെയ്തിട്ടില്ല. തുടർന്ന്, ഇനിയും ചീഫ് സെക്രട്ടറി പങ്കെടുത്ത് അവിടെ പോയി സംസാരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഈ പദ്ധതിയുമായി മുന്നോട്ടുപോകുകയാണ്. പുതിയ അലൈൻമെന്റിന്റെ സാഹചര്യത്തിൽ, നിലമ്പൂർ-നഞ്ചൻകോഡ് റെയിൽവേ പദ്ധതി സംബന്ധിച്ച് ഡി.എം.ആർ.സി. തയ്യാറാക്കിയ സ്കെച്ചിന്റെ നടപടി സ്വീകരിക്കാത്തത് അതുകൊണ്ടാണ്. പുതിയ അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യത്തിൽ കർണ്ണാടക സംസ്ഥാനവുംകൂടി സഹകരിക്കുകയാണെങ്കിൽ അതുപ്രകാരം മുന്നോട്ടുകൊണ്ടുപോകാം. ഏതായാലും കേരള സർക്കാർ ഇത് നിർത്തിവച്ചിട്ടില്ല. ബഹുമാനപ്പെട്ട എസ്. ശർമ്മ ഇന്നലെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വളരെ പ്രധാനപ്പെട്ട കാര്യം ഉന്നയിക്കുകയുണ്ടായി. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി, പരസ്പര ബന്ധിതമായ റെയിൽവേ വികസനത്തിനു വേണ്ടി 51 ശതമാനം കേരളസംസ്ഥാനവും 49 ശതമാനം കേന്ദ്രസർക്കാരും ഓഹരിയുള്ള ഒരു കമ്പനി രൂപീകരിച്ചിരിക്കുകയാണ്. അതിന്റെ ആഭിമുഖ്യത്തിൽ വളരെ വിപുലമായ റെയിൽവേ വികസനമാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആ മെമ്മോറാണ്ടത്തിൽ നിലമ്പൂർ-നഞ്ചൻഗോഡ് പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കർണ്ണാടക സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും ഇക്കാര്യത്തിലുള്ള മുൻകൈ മറച്ചുവച്ചാൽ കേരള സർക്കാരിന് ഇതിൽ എന്തുചെയ്യാൻ സാധിക്കും? നമ്മുടെ ഭാഗത്തുകൂടി പോകാൻ നമ്മൾ തയ്യാറാണ്. അതിന് കർണ്ണാടകവും കൂടി സമ്മതിക്കണം. കേന്ദ്രസർക്കാരിന്റെ വിലക്ക് മാറ്റുകയോ അല്ലെങ്കിൽ അതിന് മറ്റ് വഴി കണ്ടെത്തുകയോ ചെയ്യണം. ഇതാണ് വസ്തുത. ജനങ്ങൾ അറിയാതിരിക്കേണ്ട കാര്യമില്ല, ഇതൊക്കെ ജനങ്ങളോട് പറയാവുന്നതാണ്.

ഈ സർക്കാർ സബർബൻ റെയിൽവേ പ്രോജക്ട് ഏറ്റെടുത്തിരിക്കുകയാണ് - 125 കിലോമീറ്റർ, 2,114 കോടി രൂപ, തലശ്ശേരി-മൈസൂർ റെയിൽവേ ലൈൻ ഏറ്റെടുത്തിരിക്കുകയാണ് - 298.75 കോടി രൂപ, അതുപോലെ 2,533 കോടി രൂപവരെ, ആ ചെറിയ പ്രോജക്ട് അവസാനിക്കുമ്പോൾ അത്രയും തുകയാകും. എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷന്റെ റിനൊവേഷൻ ആന്റ് റിസ്റ്റോറേഷന് 42 കോടി രൂപയാണ് ചെലവ്. പാസഞ്ചർ ടെർമിനൽ, കാർഗോ ടെർമിനൽ & ട്രയാങ്കുലർ ലൈൻ ടു കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട്, അതിനെയൊക്കെ ബന്ധിപ്പിക്കുന്ന ഒരു റെയിൽവേ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. എരുമേലി-പുനലൂർ ലൈൻ, ഏറ്റുമാനൂർ-ശബരി ലിങ്ക്ഡ് ലൈൻ തുടങ്ങിയവ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. അങ്കമാലി-ശബരി ലൈൻ ആരും തടസ്സപ്പെടുത്തിയിട്ടില്ല. അത്തരത്തിലുള്ള വാർത്തകളൊന്നും ശരിയല്ല. അവിടെ ഒരു കൂട്ടം കുബുദ്ധികൾ

അതിനെതിരെ പ്രവർത്തിക്കുന്നതിന്റെ ഫലമായി വന്ന പത്രവാർത്തയാണ്. പത്രക്കാർക്ക് തന്നെ അത് മനസ്സിലായിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽവേ ലൈനുമായി ഏറ്റുമാനൂർ-ശബരി ലൈനും പുനലൂർ-ഏറ്റുമാനൂർ ലൈനും ലിങ്ക് ചെയ്യുന്നുണ്ട്. അങ്ങനെ വളരെ വിപുലമായിട്ടുള്ള പദ്ധതികളാണുള്ളത്. നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽവേ ലൈൻ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റെയിൽവേ കണക്ടിവിറ്റി ടു വിഴിഞ്ഞം കണ്ടെയ്നർ ടെർമിനൽ, ഇതെല്ലാം ഈ കമ്പനി രൂപീകരിച്ചതിന്റെ ഭാഗമായി, കേരളത്തിൽ ഒരുകാലത്തും ഉണ്ടാകാത്ത സാർവ്വത്രികമായ റെയിൽവേ വികസനമാണ് വരാൻ പോകുന്നത്. കേന്ദ്രസർക്കാർ അവരുടെ പങ്കുവഹിക്കണം. മറ്റ് സംസ്ഥാനങ്ങളിൽക്കൂടി കടന്നുപോകുന്നതായി പ്രധാനമായും തലശ്ശേരിയും ഇതും മാത്രമേയുള്ളൂ. തലശ്ശേരി പാതയ്ക്ക് പ്രശ്നമൊന്നുമില്ല. മാത്രമല്ല, തലശ്ശേരി ലൈനിനെതിരെ ഒരു ലൈൻ ചോദിക്കുമ്പോൾ വെറൊരു ലൈൻ വേണ്ടെന്ന് പറയുന്ന ഈ വൃത്തികെട്ട പരിപാടിയൊന്നും കേരളത്തിൽ കണ്ടിട്ടില്ല. നിലമ്പൂർ-നഞ്ചൻഗോഡ് ലൈനും തലശ്ശേരി ലൈനും ഇല്ലാതാക്കാൻ ഏതോ കുബുദ്ധികൾ പ്രവർത്തിക്കുന്നുണ്ട്. അവരുടെ വെട്ടിൽ ഈ ഗവൺമെന്റ് വീഴാൻ പോകുന്നില്ല, ജനങ്ങൾ വീഴാൻ പാടില്ല. നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാത പദ്ധതി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതിൽ ആശങ്കയില്ല. ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന എല്ലാകാര്യങ്ങളും ചെയ്യുമെന്ന് ഒരിക്കൽക്കൂടി ഉറപ്പുനൽകുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഗവൺമെന്റിനുവേണ്ടി പറഞ്ഞ മറുപടി നൂറ് ശതമാനവും സ്വാഗതാർഹമാണ്. അവിടെയുള്ള തെറ്റിദ്ധാരണകൾ നീക്കം ചെയ്യുക എന്ന അടിസ്ഥാനത്തിലാണ് ഇത് ഉന്നയിച്ചിരിക്കുന്നത്. കേരള ഗവൺമെന്റ് നല്ലരീതിയിൽ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ജൂൺ മാസത്തിലോ ജൂലായ് മാസത്തിലോ കർണ്ണാടക സർക്കാരുമായി ചേർന്ന് ഒരു മന്ത്രിതല ചർച്ചയ്ക്ക് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ജി. സുധാകരൻ: അതുസംബന്ധിച്ച് പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കർണ്ണാടക മുഖ്യമന്ത്രിയെ കാണാനായി ഞങ്ങളുടെ ഒരു പ്രതിനിധിസംഘം നാളെ പോകുന്നുണ്ട്. കർണ്ണാടക സർക്കാരിന് ഞങ്ങൾ നിവേദനം സമർപ്പിക്കുന്നുണ്ട്. ഈ വിഷയം സംസ്ഥാന സർക്കാർകൂടി സംസാരിച്ചാൽ ഈ പ്രശ്നം എളുപ്പത്തിൽ പരിഹരിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ജി. സുധാകരൻ: സർ, ഈ വിഷയം ഉടൻ തന്നെ സംസാരിക്കുന്നുണ്ട്. അതിനുശേഷം വേണ്ടത് ചെയ്യാം.

ശ്രീ. ഒ. രാജഗോപാൽ: സർ, നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാത വനമേഖലകളിൽക്കൂടി പോകുന്നുവെന്നുള്ള കാരണംകൊണ്ടാണ് തടസ്സമുണ്ടായിരുന്നത്. ഗവൺമെന്റ് ആതറൈസ് ചെയ്തതനുസരിച്ച് ശ്രീ. ഇ. ശ്രീധരൻ സർവ്വേ നടത്തി, പുതിയൊരു അലൈൻമെന്റ് ഉണ്ടായി എന്നുമാത്രമല്ല, അതിന് ഒരു വലിയ ടണൽ നിർമ്മിച്ചുകൊണ്ട് ആ റോഡ് നിർമ്മിക്കാൻ സാധിക്കുമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ വസ്തുതകൂടി പരിഗണിച്ച് കേന്ദ്ര റെയിൽവേ മന്ത്രാലയവും കർണ്ണാടക സർക്കാരും കേരള സംസ്ഥാനവും തമ്മിൽ ചർച്ച നടത്തി ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുമോ?

ശ്രീ. ജി. സുധാകരൻ: ശ്രീ. ഇ. ശ്രീധരൻ എന്തെങ്കിലും പുതിയ നിർദ്ദേശം വച്ചിട്ടുണ്ടെങ്കിൽ അതുകൂടി ഉൾപ്പെടുത്തി ചർച്ച നടത്താം.

## (2) ഫാദർ ടോം ഉഴുന്നാലിലിന്റെ മോചനം

ശ്രീ. കെ. എം. മാണി: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട രാമപുരം സ്വദേശിയായ ഫാദർ ടോം ഉഴുന്നാലിലിനെ യെമൻ ഭീകരർ തട്ടിക്കൊണ്ടുപോയി ഒരു വർഷം കഴിഞ്ഞിരിക്കുന്നു. 2016 മാർച്ച് 4-നാണ് 'Missionaries of Charity' സന്യാസിനി സമൂഹം നടത്തുന്ന വൃദ്ധസദനം ആക്രമിച്ച് വൈദികനെ തട്ടിക്കൊണ്ട് പോയത്. മദർതെരേസ, ബാബാ ആംതേ തുടങ്ങിയവരെപ്പോലെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഫാദർ ടോം ഉഴുന്നാലിലിനെ തട്ടിക്കൊണ്ടു പോകുകയും ആക്രമണത്തിൽ നാല് സന്യാസികൾ ഉൾപ്പെടെ പതിനാറു പേർ കൊല്ലപ്പെടുകയും ചെയ്തു. താനൊരു ഇന്ത്യാക്കാരനായതുകൊണ്ടാണ് തന്റെ മോചനം സാധ്യമാകാത്തത് എന്ന് വിലപിക്കുന്ന ഫാദറിന്റെ വീഡിയോ ദൃശ്യം കരളലിയിപ്പിക്കുന്നതാണ്. കഴിഞ്ഞ സമ്മേളനത്തിൽ 2-3-2017-ൽ ഇതു സംബന്ധിച്ച് ഞാൻ സബ്മിഷൻ ഉന്നയിച്ചിരുന്നു. അന്ന് ശ്രീ. എ. കെ. ബാലൻ ഈ വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താമെന്ന് ഉറപ്പുതന്നിരുന്നു. എന്നാൽ നാളിതുവരെ ഈ വിഷയം സംബന്ധിച്ച് ഒരു അറിയിപ്പും എനിക്ക് ഗവൺമെന്റിൽ നിന്നും കിട്ടിയിട്ടില്ല എന്നത് സങ്കടകരവും പ്രതിഷേധാർഹവുമായ കാര്യമാണ്. ഈ വിഷയത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ജാഗ്രതയില്ലായ്മയാണ് ഇത് തെളിയിക്കുന്നത്. കേന്ദ്ര വിദേശകാര്യ വകുപ്പ് ഫാദർ ടോം ഉഴുന്നാലിലിന്റെ മോചനത്തിന് ഒരു പ്രാധാന്യവും നൽകുന്നില്ല. അതിനാൽ സംസ്ഥാന ഗവൺമെന്റ് ഗൗരവമായി ഈ വിഷയം ഏറ്റെടുക്കണം. ഐ.എസ്. ഭീകരരുടെ ഡിമാന്റുകൾ കേന്ദ്ര സർക്കാർ അറിയാനോ അവരുമായി ചർച്ച നടത്തുവാനോ ശ്രമിച്ചിട്ടില്ല. യെമനിൽ നയതന്ത്രകാര്യാലയമില്ലെങ്കിൽ യു.എൻ. പോലുള്ള അന്താരാഷ്ട്ര സംഘടനകൾ വഴി അദ്ദേഹത്തിന്റെ മോചനം സാധ്യമാക്കണം. അതിനാൽ ഈ

വിഷയം സംസ്ഥാന ഗവൺമെന്റ് വളരെ ജാഗ്രതയോടുകൂടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിയമസഭയിലുണ്ടായ പരാമർശത്തിന്മേൽ പ്രത്യേക മറുപടി കൊടുക്കണമെന്ന് ധരിച്ചിരുന്നില്ല. അതുകൊണ്ടാണ് കൊടുക്കാതിരുന്നത്. സാധാരണ അങ്ങനെയൊരു കീഴ്‌വഴക്കമില്ലെന്നാണ് എന്റെ അനുഭവത്തിൽ കണ്ടിട്ടുള്ളത്. അദ്ദേഹം ഉന്നയിച്ച വിഷയം സംസ്ഥാന സർക്കാർ ഗൗരവമായിത്തന്നെ കാണുന്നുണ്ട്. മിഷനറീസ് ഓഫ് ചാരിറ്റിയുടെ നേതൃത്വത്തിൽ ആതുരരംഗത്ത് സേവനമനുഷ്ഠിച്ചുവന്ന വൈദികൻ ഫാദർ ടോം ഉഴുന്നാലിലിനെ യെമനിലെ ഏഥൻ തുറമുഖത്തുനിന്നും 2016 മാർച്ച് 4-ാം തീയതി മിഷനറീസ് ഓഫ് ചാരിറ്റിയുടെ അഗതി മന്ദിരം ആക്രമിച്ച് ഭീകരർ തട്ടിക്കൊണ്ടുപോയി. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഫാദർ ടോം ഉഴുന്നാലിലിനെ മോചിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുമുണ്ടായി. വിദേശ രാജ്യങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് നേരിട്ടിടപെടാൻ സാധിക്കില്ല. കേന്ദ്രവിദേശകാര്യ വകുപ്പും പ്രസ്തുത രാജ്യത്തെ എംബസിയും മുഖേനയാണ് മോചനത്തിനായുള്ള പ്രവർത്തനം നടത്തുന്നത്. ഫാദർ ടോം ഉഴുന്നാലിലിൽ ഭീകരരുടെ തടവിലാണെന്ന് കേന്ദ്ര ഗവൺമെന്റ് സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ ഒളിവിൽ പാർപ്പിച്ചിരിക്കുന്ന സ്ഥലം ഇതുവരെ കണ്ടെത്താനായിട്ടില്ല. ആഭ്യന്തര കലാപം മൂർച്ഛിച്ചിരിക്കുന്ന യെമനിൽ ഇന്ത്യൻ നയതന്ത്ര കാര്യാലയം മുഖേന സജീവമായി ഇടപെടുന്നതിന് സംസ്ഥാന ഗവൺമെന്റിന് ഒട്ടേറെ പരിമിതികളുണ്ട്. സംസ്ഥാന സർക്കാരിന് ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഫാദർ ഉഴുന്നാലിലിനെ മോചിപ്പിക്കാൻ ആവശ്യമായ ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് 25-4-2016-ൽ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിന് മറുപടി ലഭിച്ചിട്ടില്ല. പനങ്ങാട് ഭാരതറാണി ഇടവകാംഗങ്ങൾ ഫാദർ ടോം ഉഴുന്നാലിലിനെ മോചിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 31-1-2017-ൽ സംസ്ഥാന സർക്കാരിന് നിവേദനം നൽകിയിരുന്നു. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിലും ഫാദർ ടോം ഉഴുന്നാലിലിന്റെ മോചനം സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിനുമായി 27-2-2017-ലും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി കത്തിടപാടുകൾ നടത്തുകയുണ്ടായി. ഫാദർ ടോം ഉഴുന്നാലിലിനെ മോചിപ്പിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് യെമനിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് വീണ്ടും ലഭിച്ച നിവേദനങ്ങളുടെ വെളിച്ചത്തിൽ ഫാദർ ടോം

ഉഴുന്നാലിലിന്റെ മോചനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 14.03.2017-ന് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് നേരിട്ട് കത്തയച്ചിട്ടുണ്ട്. ഫാദർ ടോം ഉഴുന്നാലിലിന്റെ മോചനം ഉറപ്പാക്കുന്നതിനുള്ള കൂടുതൽ ശ്രമങ്ങൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നടത്തുന്നതാണ്.

ശ്രീ. കെ. എം. മാണി: സർ, പ്രധാനമന്ത്രിക്ക് പല കത്തുകൾ അയച്ചിട്ടും നടപടികളൊന്നും സ്വീകരിക്കുന്നില്ലെങ്കിൽ കത്തിടപാടുകളിൽ ഒതുങ്ങിനിൽക്കാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെയോ എക്സ്റ്റേർണൽ അഫയേഴ്സ് മിനിസ്റ്ററെയോ നേരിട്ടുകണ്ട് ഈ വിഷയം സംസാരിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് പേഴ്സണലായി നടപടി ഉണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. പി. സി. ജോർജ്: സർ, ഫാദർ ടോം ഉഴുന്നാലിലിനെ തീവ്രവാദികളാണ് തട്ടിക്കൊണ്ടുപോയത്. രൊക്കം കാശ് കൊടുത്താൽ മാത്രമേ അദ്ദേഹത്തെ മോചിപ്പിക്കുകയുള്ളൂ. ആ പണമുണ്ടാക്കുന്നതിനുള്ള കാര്യമാണ് ചർച്ച ചെയ്യേണ്ടത്, അല്ലാതെ കത്തയച്ചിട്ട് കാര്യമില്ല, കേരള സർക്കാരിന് ഒന്നും ചെയ്യാനുമില്ല. ഒരു ദിവസത്തെ നേർച്ച കൊടുക്കാൻ തയ്യാറായാൽ പ്രശ്നം തീരും.

മി. സ്പീക്കർ: അത് ഇവിടെ തീരുമാനിക്കേണ്ട കാര്യമല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ചത് വളരെ ഗൗരവമേറിയ വിഷയമാണ്. ഫാദർ ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എല്ലാവരും നിരന്തരം കത്തുകൾ കേന്ദ്ര ഗവൺമെന്റിന് അയച്ചിട്ടുണ്ട്. ഫാദർ ടോം ഉഴുന്നാലിലിന്റെ സ്ഥിതി വളരെ ആശങ്കാജനകമാണ്. ഇടയ്ക്കിടയ്ക്ക് അവിടെനിന്ന് സി.ഡി.കൾ പുറത്തുവരുന്നുണ്ട്. ഇടയ്ക്ക് അദ്ദേഹത്തെ ഗളഹസ്തം ചെയ്തു എന്ന വാർത്ത പുറത്തുവന്നിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനുമാത്രമേ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. അങ്ങ് പ്രധാനമന്ത്രിയെ സന്ദർശിക്കുന്ന അവസരത്തിൽ ഗൗരവമായി ഈ വിഷയം ടേക്കപ്പ് ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. പിണറായി വിജയൻ: സർ, ഫാദറിന്റെ സ്ഥിതി ആശങ്കാജനകം തന്നെയാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുകയാണ്. പ്രധാനമന്ത്രിയുമായി നേരിട്ടുതന്നെ ഇക്കാര്യം സംസാരിക്കുന്നതാണ്.

# VI. സബ്മിഷൻ

## (1) ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള നിയമവിരുദ്ധ റിക്രൂട്ട്മെന്റ്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗാർഹിക തൊഴിലാളികളായ സ്ത്രീകളെ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് അനധികൃതമായി കൊണ്ടുപോകുന്ന പ്രത്യേകതരം മനുഷ്യക്കടത്ത് നടന്നുകൊണ്ടിരിക്കുകയാണ്. 37 സ്ത്രീകൾ സൗദി അറേബ്യയിലെ വീടുകളിൽ വളരെ പ്രയാസമനുഭവിക്കുന്ന സ്ഥിതിയാണുള്ളത്. 2015-ലെ ഇ-മൈഗ്രേഷൻ ആക്ട് ലംഘിച്ചുകൊണ്ടാണ് മുംബൈ വിമാനത്താവളത്തിൽനിന്ന് സ്ത്രീകളെ കൊണ്ടുപോകുന്നത്. മിനിഞ്ഞാന്ന് തിരുവനന്തപുരം സ്വദേശിയായ സുമ സുബാഷ് എന്ന സ്ത്രീയെ മാനസികനില തെറ്റിയ നിലയിൽ അറബി റിയാദിലെ ഇന്ത്യൻ എംബസിയിൽ കൊണ്ടുപോയി ഉപേക്ഷിച്ച് കടന്നുകളഞ്ഞ സ്ഥിതിയുണ്ടായി. വയനാട്ടുള്ള സിസിലി ജോൺ എന്ന സ്ത്രീ മരണപ്പെടുകയുണ്ടായി. 37 സ്ത്രീകൾ ഇപ്പോഴും സൗദി അറേബ്യയിലുണ്ട്. വിദേശകാര്യ മന്ത്രാലയം മുഖേന സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ട് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് അത്യന്തം ഗൗരവമേറിയ വിഷയമാണ്. നേരത്തെ ഇത്തരം കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. വിദേശ രാജ്യങ്ങളിൽ ജോലി വാഗ്ദാനം ചെയ്ത് സ്ത്രീകളുൾപ്പെടെയുള്ളവരെ കൊണ്ടുപോയതിനുശേഷം കരാർ പ്രകാരമുള്ള തൊഴിലും ശമ്പളവും നൽകാതെ ജോലിസ്ഥലത്ത് കഷ്ടപ്പെടുത്തിയും ചൂഷണം ചെയ്തുമുള്ള നിരവധി സംഭവങ്ങൾ മുമ്പ് ഉണ്ടായിട്ടുണ്ട്. ഏജൻസികളുടെ ചതിക്കുഴിയിൽപ്പെട്ട് വഞ്ചിതരാകാതിരിക്കുന്നതിന് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും റേഡിയോ വഴിയും സിനിമാ തിയേറ്ററുകൾ വഴിയും നിരന്തരം നോർക്ക മുഖാന്തരം ബോധവത്കരണം നടത്തിവരുന്നുണ്ടെങ്കിലും വിരളമായി ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശ രാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റുകൾ നടത്തുന്നതിനായി അനുമതി തേടുന്ന ഏജൻസികളുടെ ആധികാരികത കർശനമായി പരിശോധിക്കുന്നതും പ്രസ്തുത ഏജൻസികൾ നിയമാനുസൃതമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ അനധികൃത ഏജന്റുമാർ ജില്ലയിൽ ഏതെങ്കിലും കേന്ദ്രത്തിൽ വച്ച് വിദേശ രാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റുകൾ നടത്തുന്നുണ്ടോയെന്ന് നിരീക്ഷിച്ചുവരുന്നു. ഏതെങ്കിലും ഏജൻസികൾ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഇവിടെനിന്ന് പോകുന്ന ആളുകൾ അവിടെ എത്തിക്കഴിഞ്ഞാൽ ജോലിക്ക് ചേരുന്നതിനുമുമ്പ് എംബസി

മുഖേന ജോലിയിൽ പ്രവേശിക്കുന്ന സംവിധാനമുണ്ടായാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാകും. എംബസിയിൽ ബന്ധപ്പെടാനും അവർക്ക് സാധിക്കും. ആ കാര്യങ്ങളെല്ലാം നേരത്തേതന്നെ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

## (2) കോതമംഗലം മുൻസിഫ് കോടതി

ശ്രീ. ആന്റണി ജോൺ: സർ, കോതമംഗലം താലൂക്കിൽ മുൻസിഫ് കോടതി അനുവദിക്കണം എന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ താലൂക്കുകളിൽ ഒന്നാണ് കോതമംഗലം. 13 വില്ലേജുകൾ ഉൾപ്പെടുന്ന കോതമംഗലം താലൂക്ക് ഇന്ന് മുൻസിഫ് കോടതിയില്ലാത്ത ഏക താലൂക്കാണ്. മുമ്പ് ഇടുക്കി ജില്ലയുടെ ഭാഗമായിരുന്ന കുട്ടമ്പുഴ വില്ലേജ് ഇപ്പോൾ കോതമംഗലം താലൂക്കിന്റെ ഭാഗമാണ്. കുട്ടമ്പുഴ പഞ്ചായത്തിനുമാത്രം ഏകദേശം 545 ചതുരശ്ര കിലോമീറ്റർ വിസ്തൃതി വരും. അയ്യായിരത്തോളം വരുന്ന ആദിവാസി സമൂഹവും അവിടെ അധിവസിക്കുന്നുണ്ട്. 19 ഓളം വരുന്ന ആദിവാസി കുടികളുമുണ്ട്. ഇങ്ങനെയുള്ള ആദിവാസി സമൂഹവും കോതമംഗലത്തെ മറ്റ് ജനവിഭാഗവും മൂവാറ്റുപുഴ മുൻസിഫ് കോടതിയെയാണ് ഇപ്പോൾ ആശ്രയിക്കുന്നത്. കോതമംഗലത്ത് മൂന്ന് നിലകളിൽ എല്ലാവിധ സൗകര്യങ്ങളോടുംകൂടിയ ഒരു കോടതി കോംപ്ലക്സ് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ട് നിലകളിൽ രണ്ട് മജിസ്ട്രേട്ട് കോടതികളാണ് പ്രവർത്തിക്കുന്നത്. മൂന്നാമത്തെ നില ഒഴിഞ്ഞുകിടക്കുകയാണ്. മൂന്നാമത്തെ നിലയിൽ ഒരു മുൻസിഫ് കോടതി ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തണം. മുൻസിഫ് കോടതി ആരംഭിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക ബാധ്യതയുണ്ടെങ്കിൽ ഇപ്പോഴുള്ള രണ്ട് മജിസ്ട്രേട്ട് കോടതികളിൽ ഒരെണ്ണം മുൻസിഫ്-മജിസ്ട്രേട്ട് ആക്കിയിട്ടാണെങ്കിലും കോതമംഗലത്ത് മുൻസിഫ് കോടതി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കെട്ടിടം അവിടെ ഒരുങ്ങി നിൽക്കുന്നുവെന്നുള്ളത് നല്ലകാര്യം തന്നെയാണ്. മുൻസിഫ് മജിസ്ട്രേട്ട്, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട്, മൊബൈൽ കോടതി തുടങ്ങി വിവിധ ശ്രേണിയിലുള്ള 68 കോടതികൾ തുടങ്ങാനായി മുൻഗണനാ ലിസ്റ്റ് 2-3-2016-ൽ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ 53 എണ്ണം മുൻസിഫ് കോടതികളാണ്. മുൻസിഫ് കോടതികളുടെ മുൻഗണനാ ലിസ്റ്റിൽ 49-ാമതായി കോതമംഗലം മുൻസിഫ് കോടതി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ മുൻഗണനാ ലിസ്റ്റ് പ്രകാരമാണ് പുതിയ മുൻസിഫ് കോടതികൾ ആരംഭിക്കുന്നത്.

## (3) അർദ്ധസൈനികരുടെ ആവശ്യങ്ങൾ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സംസ്ഥാനത്തെ അർദ്ധസൈനിക വിമുക്ത ഭടൻമാരോട്ടും അവരുടെ ആശ്രിതരോട്ടും വിധവകളോട്ടുമുള്ള അവഗണനയും അവരുടെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലുള്ള കാലതാമസവുമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അർദ്ധ സൈനിക വിമുക്തഭടൻമാരും അവരുടെ ആശ്രിതരുമായി സംസ്ഥാനത്ത് അമ്പതിനായിരത്തോളം ആളുകളുണ്ട്. സി.ആർ.പി.എഫ്., സി.ഐ.എസ്.എഫ്., ബി.എസ്.എഫ്., ഐ.ടി.ബി.പി., എസ്.എസ്.ബി., ആസാം റൈഫിൾസ് തുടങ്ങിയ അർദ്ധസൈനിക വിഭാഗത്തിൽ ജോലി ചെയ്യുവരാണിവർ. ഡ്യൂട്ടിക്കിടയിൽ കൊല്ലപ്പെടുന്ന ഇവരുടെ വിധവകൾക്കും ആശ്രിതർക്കും ആശ്രിത നിയമനം നൽകുവാൻ 20-7-2016-ന് സംസ്ഥാന ക്യാബിനറ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ ഉത്തരവിറങ്ങിയിട്ടില്ല. വിമുക്തഭടൻമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഇവർക്കും നൽകണമെന്ന് കേന്ദ്ര സർക്കാർ പലതവണ നമ്മളോട് നിർദ്ദേശിച്ചിട്ടും നമുക്ക് നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. രാജ്യത്തിനും രാജ്യ സുരക്ഷയ്ക്കുംവേണ്ടി ആയുധമേന്തി പോരാടിയ ഇവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതുണ്ട്. കഴിഞ്ഞ ആഴ്ച All India Central Paramilitary Forces Ex-service Men Welfare Association നിയമസഭാ മാർച്ചും സമരവുമൊക്കെ നടത്തിയിരുന്നു. സമരം നടത്തേണ്ടിവന്നു എന്നതും വളരെ ഖേദകരമാണ്. ഇവരുടെ പ്രശ്നങ്ങളിൽ അടിയന്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അർദ്ധസൈനിക വിഭാഗത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന് പറയുന്നത് ശരിയല്ല. അർദ്ധസൈനിക വിഭാഗങ്ങളിൽപ്പെട്ടവർ സേവനത്തിലിരിക്കുമ്പോൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണം സംഭവിക്കുന്ന കേരളീയരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ എൻടി കേഡറിൽ ജോലി നൽകുന്നതിനും വിദ്യാഭ്യാസം പൂർത്തിയാക്കാത്ത ഇവരുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് സർക്കാർ ഫീസ് നിരക്കിൽ ആവശ്യമായ ധനസഹായം നൽകുന്നതിനും സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. വിമുക്ത ഭടന്മാർക്ക് സർക്കാർ നൽകിവരുന്ന ഇതര ആനുകൂല്യങ്ങൾ അർദ്ധസൈനിക വിമുക്തഭടന്മാർക്കുംകൂടി നൽകുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്. സൈനികരുടെയും വിമുക്ത ഭടന്മാരുടെയും അർദ്ധസൈനിക വിമുക്ത ഭടന്മാരുടെയും ക്ഷേമപ്രവർത്തനങ്ങൾക്ക് മാത്രമായി സെക്രട്ടേറിയറ്റിൽ സൈനിക ക്ഷേമം എന്ന പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. ഇത് ഇവർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## (4) ചാരുംമൂട് ഫയർ സ്റ്റേഷൻ

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര നിയോജകമണ്ഡലത്തിലെ ചാരുംമൂട് കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ജില്ലയിലെ വളരെ പ്രധാനപ്പെട്ട പട്ടണങ്ങളിൽ ഒന്നാണ് ചാരുംമൂട്. ആലപ്പുഴ ജില്ലയിൽ ആണെങ്കിലും കൊല്ലം, പത്തനംതിട്ട ജില്ലകളോട് ചേർന്ന ഒരു പട്ടണമാണിത്. കെ.പി. റോഡ് പോലെ ഏറ്റവും തിരക്കേറിയ ഒരു റോഡ് കടന്നുപോകുന്ന പട്ടണമെന്ന നിലയിൽ ഫയർസ്റ്റേഷൻ വേണമെന്നുള്ളത് ആളുകളുടെ ദീർഘകാലമായുള്ള ആവശ്യമാണ്. ആയതിനാൽ ഫയർസ്റ്റേഷൻ എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാ പട്ടികയിലോ ഇതിനായി കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഏജൻസിയായ റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യ നടത്തിയ പഠന റിപ്പോർട്ടിലോ ചാരുംമൂട് ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചാരുംമൂടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കല്ലട ഇറിഗേഷൻ പദ്ധതിയുടെ കൈവശമുള്ള, ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിൽ ഒന്ന് അനുവദിച്ചുനൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ താമരക്കുളം ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടതായി അറിയുന്നു. ഇതുസംബന്ധിച്ച് സർക്കാരിൽ ശിപാർശകളൊന്നും നിലവിലില്ല.

## (5) ഹാംലെറ്റ് പദ്ധതി

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിലെ പെരുവമ്പാടം പട്ടികവർഗ്ഗ കോളനിയിൽ 2013-ലെ സർക്കാർ ഉത്തരവ് പ്രകാരം ഹാംലെറ്റ് പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. ഹാംലെറ്റ് വികസന പദ്ധതിയുടെ ഗൈഡ്‌ലൈനിൽനിന്നും വിഭിന്നമായി ഊരുകൂട്ടത്തിന്റെയും കോളനി നിവാസികളുടെയും ആവശ്യപ്രകാരം ഭവനനിർമ്മാണത്തിന് മാത്രമായി തുക വകയിരുത്തുകയും അതിന് നിർമ്മിതി കേന്ദ്രം മുഖേന ഇംപ്ലിമെന്റേഷൻ ഏജൻസിയെ ഏൽപ്പിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ കളക്ടർ, എം.എൽ.എ. എന്നിവർ പങ്കെടുത്ത മീറ്റിംഗിൽ തീരുമാനമാകാത്തതുകൊണ്ട് 2-12-2016-ൽ നിലമ്പൂർ ഐ.റ്റി.ഡി.പി. ഓഫീസിന് മുന്നിൽ ആദിവാസികൾ നീണ്ട നിരാഹാര സത്യാഗ്രഹസമരം നടത്തി. ജില്ലാ കളക്ടർ നടത്തിയ ചർച്ചയെത്തുടർന്ന് ചില തീരുമാനങ്ങളെടുക്കുകയുണ്ടായി.

ഇതിനായി 2 ഘട്ടമായി 65 ലക്ഷം രൂപ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ചു. പിന്നീട് തുക അനുവദിച്ച നടപടി സാധൂകരിക്കുന്നതിനും തുടർ ഗഡുക്കൾ അനുവദിക്കുന്നതിനുമായി നിലമ്പൂർ ഐ.റ്റി.ഡി.പി. -യിൽനിന്നും ഡയറക്ടർക്ക് കത്ത് നൽകിയെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല. ഫണ്ട് ലഭിക്കാതിരുന്നതിനാൽ നിർമ്മിതി കേന്ദ്രം പ്രവൃത്തി നിർത്തിവച്ചു. ഇതിനെത്തുടർന്ന് ഊരുനിവാസികൾ 4-4-2016, 16-4-2016, 25-4-2016 എന്നീ ദിവസങ്ങളിൽ നിലമ്പൂർ ഐ.റ്റി.ഡി.പി. ഓഫീസ് ഉപരോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ വീണ്ടും ചർച്ച നടത്തുകയും വീടുപണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഗഡു ലഭിക്കാത്തതിനാൽ നിർമ്മിതി കേന്ദ്രം പണി നിർത്തിവച്ചു. ഗൈഡ്‌ലൈൻസിന് വിപരീതമായി കളക്ടർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കളക്ടറാണ് ഈ തീരുമാനമെടുത്ത് 20 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. കാലവർഷം വരികയാണ്. 65 ലക്ഷം രൂപ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ചത് സാധൂകരിക്കുന്നതിനും 20 വീടുകൾ അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ 35 ലക്ഷം രൂപകൂടി അനുവദിക്കുന്നതിനും നടപടി ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മലപ്പുറം ജില്ലയിൽ നിലമ്പൂർ ഐ.റ്റി.ഡി.പി.-യുടെ പ്രവർത്തനപരിധിയിൽപ്പെടുന്ന ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം പള്ളിയക്കോട് പണിയ കോളനിയിൽ 2013-14 സാമ്പത്തിക വർഷത്തെ ഹാംലെറ്റ് വികസന പദ്ധതി പ്രകാരം സമഗ്ര വികസനം നടപ്പാക്കുന്നതിന് 3-9-2013-ലെ ജി.ഒ. പ്രകാരം ഉത്തരവായിരുന്നു. പദ്ധതിയിൽ ഭവനനിർമ്മാണം ഉൾപ്പെട്ടിരുന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ഭവനനിർമ്മാണം ഉൾപ്പെടാത്ത ഒരു അടിസ്ഥാനസൗകര്യ വികസനവും ഈ കോളനിയിൽ നടപ്പിലാക്കുവാൻ അനുവദിക്കുകയില്ലെന്ന് കോളനിക്കാർ ഏറനാട് എം.എൽ.എ. ശ്രീ. പി.കെ. ബഷീറിന്റെ സാന്നിദ്ധ്യത്തിൽ കോളനിയിൽവച്ച് ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രത്യേക ഊരുകൂട്ടത്തിൽ അറിയിക്കുകയുണ്ടായി. എന്നാൽ ഹാംലെറ്റ് വികസന പദ്ധതി പ്രത്യേക പദ്ധതിയാണെന്നും ടി പദ്ധതിയുടെ മാനദണ്ഡപ്രകാരം മാത്രമേ പദ്ധതിനിർവ്വഹണം സാധ്യമാകുകയുള്ളൂവെന്നും ഊരുകൂട്ടത്തിൽ അറിയിച്ചുവെങ്കിലും വീടില്ലാതെ ഒരു അടിസ്ഥാന സൗകര്യവും നടത്താൻ കഴിയില്ലെന്ന നിലപാടിൽ കോളനിക്കാർ ഉറച്ചുനിന്നു. അന്നത്തെ ജില്ലാ കളക്ടറും

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ കോളനിയിൽ 412 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ വീട് നിർമ്മിക്കുന്നതിന് വീടൊന്നിന് 4,37,038 രൂപ നിരക്കിലുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുന്നതിന് 11-2-2014-ൽ ജില്ലാ കളക്ടറുടെ ചേംബറിൽ കൂടിയ പട്ടികവർഗ്ഗ വികസനത്തിനുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് തീരുമാനിച്ചു. കൂടാതെ ഭൂമിശാസ്ത്രപരമായ പ്രത്യേകത നിമിത്തം ഉറപ്പില്ലാത്ത മണ്ണിൽ ആഴത്തിലുള്ള അസ്ഥിവാര നിർമ്മാണത്തിനും മതിയായ ഗതാഗത സൗകര്യമില്ലാത്തതിനാൽ കൂലിച്ചെലവ് ഇനത്തിൽ ഉണ്ടായ അധിക ചെലവുംകൂടി കണക്കിലെടുത്താണ് നിലവിലുണ്ടായിരുന്ന നിരക്കിനേക്കാളും അധികനിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വീട് നിർമ്മാണം നടത്തേണ്ട സാഹചര്യം ഉണ്ടായതെന്ന് ജില്ലാ കളക്ടർ അറിയിച്ചിരുന്നു. നിലവിലെ വ്യവസ്ഥ പ്രകാരം ഭവനനിർമ്മാണ ഗ്രാന്റ് മൂന്നരലക്ഷം രൂപയാണ്. അതിനാൽ 4,37,038/- രൂപ നിരക്കിൽ ഉയർന്ന നിരക്കിൽ ഭവനനിർമ്മാണം നടത്തുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ തുടരാനാവാത്തതിൽ പ്രതിഷേധിച്ച് ശ്രീമതി ബിന്ദു, വയലാശ്ശേരി എന്നയാൾ നിലമ്പൂർ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസിനുമുമ്പിൽ 4-4-2016 മുതൽ അനിശ്ചിതകാല സത്യാഗ്രഹമിരിക്കുകയും കൂടെ സ്ത്രീകളടക്കമുള്ളവർ പന്തൽകെട്ടി സമരം ആരംഭിക്കുകയും ചെയ്തു. സമരക്കാരുമായി നിലമ്പൂർ തഹസിൽദാർ നടത്തിയ ചർച്ചയിൽ പത്ത് ദിവസത്തിനുള്ളിൽ പണികൾ പുനരാരംഭിക്കാമെന്ന് ഉറപ്പ് നൽകിയതിനെത്തുടർന്ന് സമരം അവസാനിപ്പിച്ചു. എന്നാൽ ഉറപ്പ് നൽകിയ തീയതിയിൽ പണികൾ പുനരാരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 16-4-2016-ന് കോളനി നിവാസികൾ പ്രോജക്ട് ഓഫീസ് ഉപരോധിക്കുകയും പ്രോജക്ട് ഓഫീസർ ഉൾപ്പെടെയുള്ള ജീവനക്കാരെ രാത്രി 9.30 വരെ തടഞ്ഞുനിർത്തുകയും ചെയ്തതിനെത്തുടർന്ന് സ്ത്രീ ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് പുറത്തുപോകാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായി. 25-5-2016-ന് മുമ്പായി ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കണമെന്ന് എഴുതിവാങ്ങിയതിനുശേഷമാണ് ഓഫീസ് പൂട്ടി പുറത്തുപോകാൻ അനുവദിച്ചത്. ഇക്കഴിഞ്ഞ കാലഘട്ടത്തിൽ ഇങ്ങനെ കുറെ വീടുകൾ കൊടുത്തതിന്റെ ദുരിതം പല പാവങ്ങളും ഇപ്പോൾ അനുഭവിക്കുകയാണ്. നിലവിൽ നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത 20 വീടുകളിൽ 16 വീടുകൾ മേൽക്കൂര വാർത്തതും 3 വീടുകൾ ലിന്റിൽ പൊക്കംവരെ ആയതും ഒരു വീടിന്റെ തറപ്പണി പൂർത്തിയാക്കിയതുമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ വീട് നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ ഫണ്ട് ഒരു പ്രത്യേക കേസായി കണക്കാക്കി ഈ വർഷം തന്നെ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്ന് അനുവദിക്കുന്ന കാര്യം പരിഗണിക്കാം.

## (6) അയ്യങ്കാളി സ്മൃതി മണ്ഡപം

<u>ശ്രീ. ബി. സത്യൻ</u>: സർ, നവോത്ഥാന നായകനും അധഃസ്ഥിത ജനവിഭാഗത്തിന്റെ മോചന പോരാളിയുമായിരുന്ന മഹാനായ അയ്യങ്കാളി ജനിച്ചത് തിരുവനന്തപുരം പട്ടണത്തിൽനിന്ന് ഏതാണ്ട് 13 കിലോമീറ്റർ അകലെ വെങ്ങാനൂർ എന്ന ഗ്രാമത്തിൽ 1863 ആഗസ്റ്റ് 28-നാണ്. ആ കാലഘട്ടത്തിലെ അയിത്തത്തിനും ജാതീയതയ്ക്കും മറ്റെല്ലാ ഉച്ചനീചത്വങ്ങൾക്കും എതിരായി അദ്ദേഹം പോരാടി. ദളിത്, അധഃസ്ഥിത വർഗ്ഗങ്ങൾക്കുവേണ്ടിയുള്ള നീണ്ടകാല പോരാട്ടത്തിൽ ഈ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, തൊഴിൽ, ന്യായമായ കൂലി, ക്ഷേത്ര പ്രവേശനത്തിനുള്ള സ്വാതന്ത്ര്യം തുടങ്ങിയ ആവശ്യങ്ങളും സാധാരണ ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുള്ള പ്രക്ഷോഭ സമരങ്ങളും നടത്തിയിട്ടുള്ള യുഗപുരുഷനാണ് അദ്ദേഹം. ഏതാണ്ട് 76 സെന്റോളം വരുന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ സ്മൃതിമണ്ഡപം സ്ഥിതി ചെയ്യുന്നുണ്ട്. ആ സ്മൃതിമണ്ഡപം കഴിഞ്ഞ 7 വർഷമായി അടഞ്ഞുകിടക്കുകയാണ്. അവിടെ കാര്യമായ തർക്കങ്ങളൊന്നും ഉണ്ടായിട്ടില്ല. ഭൂമിയേയും സ്ഥാവര ജംഗമ വസ്തുക്കളേയും സംബന്ധിച്ച് ഞാൻ ഒരു തർക്കവും ഉന്നയിക്കുകയോ അഭിപ്രായം പറയുകയോ ചെയ്യുന്നില്ല. സ്മൃതിമണ്ഡപം തുറന്ന് ഈ നാട്ടിലെ ജനങ്ങൾക്കും ചരിത്ര വിദ്യാർത്ഥികൾക്കും കാണാനുള്ള അവസരമുണ്ടാക്കണം. നിരവധി സന്ദർഭങ്ങളിൽ നമ്മൾ അവിടെ പോയിട്ടുള്ളതാണ്. ജൂൺ 18-ന് അദ്ദേഹത്തിന്റെ ചരമദിനമാണ്. അന്നെങ്കിലും സ്മൃതിമണ്ഡപം തുറന്ന് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. പ്രിയപ്പെട്ട വകുപ്പുമന്ത്രി ഇപ്പോൾ ഒരിടപെടൽ നടത്തുന്നുണ്ട്. ഇതുസംബന്ധിച്ച് എല്ലാവരുമായി ആശയവിനിയം നടത്തി സ്മൃതിമണ്ഡപം ജനങ്ങൾക്ക് തുറന്ന് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

11.00 AM]

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>: സർ, വെങ്ങാനൂരിലെ അയ്യങ്കാളി സ്മൃതി മണ്ഡപം സംബന്ധിച്ച ഉടമസ്ഥാവകാശ തർക്കം പരിഹരിക്കണമെന്നും മഹാനായ അയ്യങ്കാളിയുടെ പേരിൽ ഗവൺമെന്റ് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്മാരകം വെങ്ങാനൂരിൽ നിർമ്മിക്കണമെന്നുമാണ് ശ്രീ. ബി. സത്യൻ സൂചിപ്പിച്ചിട്ടുള്ളത്. മഹാനായ അയ്യങ്കാളിയുടെ പേരിൽ വെങ്ങാനൂരിൽ 76 സെന്റ് സ്ഥലം ഉണ്ടായിരുന്നത് അദ്ദേഹം സാധുജന പരിപാലന യോഗത്തിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിരുന്നു. അവിടെയാണിപ്പോൾ

അയ്യങ്കാളി സ്മൃതി മണ്ഡപം സ്ഥിതി ചെയ്യുന്നത്. ഉടമസ്ഥാവകാശ തർക്കത്തെ തുടർന്ന് ഇപ്പോൾ മണ്ഡപത്തിന്റെ താക്കോൽ നെയ്യാറ്റിൻകര തഹസിൽദാരുടെ പക്കലാണ്. മഹാനായ അയ്യങ്കാളിയുടെ ജന്മദിനത്തിനും ചരമദിനത്തിനും മാത്രമേ മണ്ഡപം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാറുള്ളൂ. മണ്ഡപത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച സാധുജന പരിപാലന സംഘവും കെ.പി.എം.എസ്.-ഉം തമ്മിൽ തർക്കമുണ്ടായിരുന്നു. ഇതുസംബന്ധിച്ച് നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ നടന്ന കേസ് നമ്പർ ഒ.എസ്. 839/2009 സാധുജന പരിപാലന സംഘത്തിന് അനുകൂല വിധി ജനുവരി 2017-ൽ വന്നു. പ്രസ്തുത വിധിക്കെതിരായ അപ്പീലുണ്ടെങ്കിൽ അതിന്റെ തീർപ്പനുസരിച്ചുമാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും കോടതി വിധി വന്നതിനുശേഷം തർക്കം രമ്യമായി പരിഹരിക്കാനുള്ള സാധ്യത ആരായുന്നതിന് സാധുജന പരിപാലന സംഘത്തിന്റെയും കെ.പി.എം.എസ്.-ന്റെയും ഭാരവാഹികളുമായി സബ് കളക്ടർ ചർച്ച നടത്തിയിട്ടുണ്ട്. പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### (7) പട്ടയ ഭൂമി

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, 1958-ലെ ഗവൺമെന്റ് ഉത്തരവനുസരിച്ച് നീക്കിവയ്ക്കപ്പെട്ടിട്ടുള്ള തോട്ടംതൊഴിലാളികൾക്കുള്ള സ്ഥലം 2010-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് 3,400 പേർക്ക് 10-ഉം 5-ഉം സെന്റുകളായി നൽകുകയുണ്ടായി. 10 സെന്റ് ഭൂമിയുള്ള 770 പേർ വീടുവയ്ക്കുകയും താമസിക്കുകയും ചെയ്തു. 5 സെന്റ് വീതം 2,670 ആളുകൾക്ക് ഭൂരേഖ നൽകുകയും പ്ലോട്ട് തിരിച്ച് കല്ലിട്ട് നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് തടസ്സപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി ഇനിയും ചില നടപടിക്രമങ്ങളുണ്ടെന്ന് വാക്കാൽ പറഞ്ഞ് നീട്ടിക്കൊണ്ടു പോകുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് 3,630 പേർക്ക് ഉടനടി ഭൂമി ഏതാണെന്ന് ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതിന് എന്ന് സാധിക്കുമെന്ന കാര്യത്തിൽ അങ്ങ് അനുകൂലമായ മറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഇക്കാര്യം കഴിഞ്ഞ വർഷം ഇടുക്കിയിൽ ചേർന്ന പട്ടയമേളയുടെ വേദിയിൽ വച്ചുതന്നെ ഞാൻ പ്രഖ്യാപിച്ചിരുന്നതാണ്. ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട കുറ്റ്യാർവാലി ഭാഗത്തെ ഭൂമി വിതരണം ചെയ്യുന്നതിന് 20-11-2008-ലെ 394/2008 ഉത്തരവുപ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നതും ആയതിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആദ്യഘട്ടത്തിൽ 10 സെന്റ് ഭൂമി വീതം

770 പേർക്കും രണ്ടാംഘട്ടത്തിൽ 5 സെന്റ് ഭൂമി വീതം 2300 പേർക്കും അനുവദിച്ചിട്ടുള്ളതാണ്. ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളിൽ യഥാക്രമം 695 -ഉം 1185-ഉം പേർക്ക് പട്ടയം നൽകിയിരുന്നതാണ്. പട്ടയ വിതരണ നടപടികൾ നടന്നുവരുന്ന അവസരത്തിൽ ഈ പദ്ധതിയിൽ അനർഹർ കടന്നുകൂടിയിട്ടുള്ളതായി വ്യാപകമായ പത്രവാർത്തകളും ആക്ഷേപങ്ങളും ഉണ്ടായതിനെത്തുടർന്ന് ഭൂമി പതിച്ചുകിട്ടിയ കക്ഷികളുടെ വിശദവിവരങ്ങൾ അന്വേഷിക്കുന്നതും ഭൂമി കൈവശപ്പെടുത്തിയിട്ടുള്ളത് യഥാർത്ഥ കക്ഷികൾ തന്നെയാണോയെന്നും പട്ടയത്തിലെ നിബന്ധനകൾ ഏതെങ്കിലും ലംഘിച്ചിട്ടുണ്ടോയെന്നും മറ്റുമുള്ള കാര്യങ്ങൾ വിശദമായി പരിശോധിക്കുന്നതിന് ദേവികുളം സബ്കളക്ടറോട് നിർദ്ദേശിച്ചിട്ടുള്ളതും അന്വേഷണം പുരോഗമിച്ചുവരുന്നതുമാണ്. ഇപ്രകാരം പുനഃപരിശോധനാ നടപടികൾ നടന്നുവരുന്നതിനാൽ പട്ടയ ഉടമകൾക്ക് ഭൂമി ഏൽപ്പിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ താൽക്കാലികമായി നിർത്തിവച്ചിട്ടുള്ളതാണ്. പരിശോധന സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് ഭൂമി നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (8) മാമ്പഴം നാണ്യവിളയിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. ബാബു: സർ, നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെ മാവുകർഷകരെ സംരക്ഷിക്കണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഏഷ്യയിൽ ഏറ്റവും ആദ്യം മാവ് പൂക്കുന്നതും മാമ്പഴം മാർക്കറ്റുകളിൽ എത്തിക്കുന്നതും പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ നിന്നാണ്. വ്യാവസായികാടിസ്ഥാനത്തിൽ ജില്ലയിൽ മാത്രം 9000 ഹെക്ടർ ഭൂമിയിൽ മാവ് കൃഷി ചെയ്യുന്നതിൽ 5000 ഹെക്ടർ ഭൂമിയിലും മാവ് കൃഷിചെയ്യുന്നത് എന്റെ മണ്ഡലത്തിലാണ്. തൊട്ടടുത്ത മണ്ഡലത്തിൽ 1000 ഹെക്ടർ ഭൂമിയിൽ മാവ് കൃഷി ചെയ്യുന്നുണ്ട്. രജിസ്റ്റർ ചെയ്ത രണ്ട് മാംഗോ പ്രോഡ്യൂസേഴ്സ് കമ്പനികളിലായി രണ്ടായിരത്തോളം വരുന്ന മാവ് കർഷകരും ഒരു സീസണിൽ 25 ഇനങ്ങളിലായി 50000 ടണ്ണിലേറെ മാങ്ങ ഉൽപ്പാദനവും 500 കോടി രൂപ മുതൽ 1,000 കോടി രൂപയുടെ വിറ്റുവരവുമുണ്ട്. വരുമാനത്തിന്റെ 20 ശതമാനം കർഷകർക്കും 30 ശതമാനം പ്രാദേശിക കച്ചവടക്കാർക്കും 50 ശതമാനം മറ്റു സംസ്ഥാനങ്ങളിലെ മാർവാഡികളായ ഇടത്തട്ടുകാരുമാണ് കൊണ്ടുപോകുന്നത്. നിലവിൽ മിഡിൽ ഈസ്റ്റ് രാഷ്ട്രങ്ങളിലേയ്ക്കും ഇപ്പോൾ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും മുതലമടയിൽനിന്ന് പച്ചമാങ്ങയും മാമ്പഴവും കയറ്റി അയയ്ക്കുന്നുണ്ട്. മാവ് കൃഷി ഹോർട്ടികൾച്ചറൽ മിഷന്റെ ഭാഗമായ ഫ്രൂട്ട്സ് കോർപ്സിലാണ് ഉൾപ്പെട്ടിരിക്കുന്നത്. വീട്ടുവളപ്പിൽ മാത്രമായി കൃഷി ചെയ്യുന്ന

ചക്കയ്ക്കുപോലും ജാക്ക്ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലുണ്ട്. എന്നാൽ വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്തുവരുന്ന മാവുകൃഷിക്കാവശ്യമായ ഒരു പ്രൊമോഷൻ കൗൺസിലോ പ്രത്യേക അഗ്രികൾച്ചറൽ സോണോ ഇല്ല. മാവുകർഷകർക്ക് ഏറ്റവും ഗുണം ചെയ്യാവുന്ന തരത്തിൽ മാവുകൃഷിയെ കാർഷിക വിളയായോ നാണ്യവിളയായോ പ്രഖ്യാപിക്കണമെന്ന് സർക്കാരിനോടും ബഹുമാനപ്പെട്ട മന്ത്രിയോടും അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട മാവുകൃഷി കേന്ദ്രമാണ് മുതലമട. അങ്ങ് സൂചിപ്പിച്ചതുപോലെ 'ജാക്ക്ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ' എന്നുപറയുന്നത് സർക്കാരിന്റെ സ്ഥാപനമല്ല. അത് എൻ.ജി.ഒ. ആയി രജിസ്റ്റർ ചെയ്തിരിക്കുന്ന ഒരു സ്ഥാപനമാണ്. നാണ്യവിളകൾ കയറ്റുമതിയിലൂടെ വിദേശനാണ്യം നേടിത്തരുന്ന വിളകളാണ്. പഴവർഗ്ഗങ്ങളും പച്ചക്കറികളും നാണ്യവിളയായി ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാന സർക്കാരിന് മാത്രമായി ഒരു പ്രത്യേക വിളയെ നാണ്യവിളയായി പ്രഖ്യാപിക്കാൻ സാധ്യമല്ല. കേന്ദ്രസർക്കാരിനാണ് ഇതിന് അധികാരമുള്ളത്. കേരളത്തിൽ പാലക്കാട് ജില്ലയിലെ കൊല്ലങ്കോട്, ചിറ്റൂർ, നെന്മാറ ബ്ലോക്കുകൾ കേന്ദ്രീകരിച്ചാണ് വ്യാപകമായി മാവ് തോട്ടം അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി ചെയ്തുവരുന്നത്. സംസ്ഥാനത്തെ മറ്റ് ജില്ലകളിൽ പ്രധാനമായും വീട്ടുവളപ്പിൽ കൃഷിചെയ്യുന്ന ഒരു ഫലവൃക്ഷമായാണ് മാവിനെ പരിഗണിച്ചുവരുന്നത്. ഇന്ത്യൻ ഹോർട്ടികൾച്ചർ ഡാറ്റാബേസ് പ്രകാരം രാജ്യത്തെ മാവുകൃഷിയുടെ ആകെ വിസ്തൃതിയുടെ 2.7 ശതമാനവും ഉൽപ്പാദനത്തിന്റെ 2.5 ശതമാനവും മാത്രമാണ് കേരളത്തിന്റെ സംഭാവനയായുള്ളത്. സംസ്ഥാനത്ത് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ മാവുകൃഷി ഒരു ഹോർട്ടികൾച്ചറൽ കൃഷിയായി ഉൾപ്പെടുത്തി മാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ തയ്യാറാക്കുന്നതിന് ധനസഹായം നൽകുന്നതാണ്. കണിക ജലസേചനത്തോടുകൂടിയതും അല്ലാത്തതുമായ മാവിന്റെ അൾട്രാ സാന്ദ്രതാ കൃഷി, അൾട്രാ അതിസാന്ദ്രതാ കൃഷി എന്നിവയ്ക്കും നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്. മാവുകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശീതീകരണ സംവിധാനങ്ങളുള്ള വാഹനസൗകര്യവും ഗോഡൗൺ സംവിധാനവുമാണ് അടിയന്തരമായി ആവശ്യമായിട്ടുള്ളത്. ഇതോടൊപ്പം കയറ്റുമതി ചെയ്യുന്നതിനുള്ള സഹായവും കർഷകർക്ക് നൽകണം. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വാഴക്കുളം അഗ്രോ ഫുഡ് പ്രോസസ്സിംഗ് കമ്പനിയിലും കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിലുള്ള പുനലൂരിലെ സംസ്കരണശാലയിലും മാമ്പഴം സംസ്കരിക്കുന്നതിനുള്ള യൂണിറ്റുകൾ പ്രവർത്തന സജ്ജമായിക്കഴിഞ്ഞിരിക്കുകയാണ്. മാവുകർഷകർ

ഓഹരി ഉടമകളായിട്ടുള്ള ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ ഇപ്പോൾ പലയിടത്തും രൂപീകരിച്ചിട്ടുണ്ടെങ്കിലും മാങ്ങയും മാങ്ങയുടെ അനുബന്ധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനും മാങ്ങ കയറ്റുമതി ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളുൾപ്പെടെയുള്ള എല്ലാവിധ സൗകര്യത്തോടും കൂടിയ ഒരു അഗ്രോപാർക്ക് മുതലമടയിൽ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുവരികയാണ്.

## (9) ഡയറി സയൻസ് കോളേജ്

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഇടുക്കി ജില്ലയിലെ കോലാഹല മേട്ടിൽ ഒരു ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുള്ള തീരുമാനം 28-3-2017-ൽ കൂടിയ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയുടെ 51-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് എടുത്തിരുന്നു. തുടക്കത്തിൽ 20 സീറ്റിലെങ്കിലും അഡ്മിഷൻ നൽകി 2017-18 അക്കാദമിക് വർഷത്തിൽത്തന്നെ കോളേജിന്റെ പ്രവർത്തനം ആരംഭിക്കണമെന്നാണ് ബോർഡ് നിർദ്ദേശിച്ചിട്ടുള്ളത്. കോളേജ് ആരംഭിക്കുന്നതിനുള്ള കെട്ടിടം കോലാഹലമേട്ടിൽ ലഭ്യമാണ്. 2017-18 അദ്ധ്യയന വർഷത്തിൽത്തന്നെ കോളേജ് അനുവദിക്കുന്നതിനും പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്ന് പ്രവേശനം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഡയറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ കീഴിൽ ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് 2017 മാർച്ച് 28-ന് ചേർന്ന സർവ്വകലാശാലയുടെ 59-ാം ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാനിക്കുകയുണ്ടായി. തുടക്കത്തിൽ 20 സീറ്റിൽ പ്രവേശനം നൽകി അടുത്ത അക്കാദമിക് വർഷം മുതൽ കോളേജ് പ്രവർത്തനം ആരംഭിക്കണമെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ കാർഷിക ഗവേഷണ കൗൺസിലിന്റെ ശിപാർശയനുസരിച്ച് പുതിയ ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിന് ഏറ്റവും അത്യാവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപക-അനധ്യാപക തസ്തികകൾ, ആവശ്യമായ സാമ്പത്തിക സഹായം മുതലായവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 2017 മേയ് 5-ന് സർവ്വകലാശാല സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യം അടിയന്തരമായി പരിശോധിച്ച് സമയബന്ധിതമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (10) തീരപ്രദേശത്ത് സംരക്ഷണ ഭിത്തി

ഡോ. എം. കെ. മുനീർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കോതി, നൈനാംവളപ്പ്, പള്ളിക്കണ്ടി, ചാപ്പയിൽ എന്നീ പ്രദേശങ്ങളിൽ കഴിഞ്ഞ

കുറച്ചുദിവസമായുള്ള ശക്തമായ കടലാക്രമണംമൂലം സംരക്ഷണഭിത്തി സഹിതം തകർന്നിരിക്കുകയാണ്. അവിടെ കടൽക്ഷോഭം തടയുന്നതിന് പുലിമുട്ടുകളുടെ നീളം കൂട്ടുകയാണ് ശാശ്വത പരിഹാരം എന്ന നിലയ്ക്ക് ആറ് പുലിമുട്ടുകൾ നീളം കൂട്ടുന്നതിന് 560 ലക്ഷം രൂപയുടെയും മറ്റ് രണ്ട് പുലിമുട്ടുകൾ 75 മീറ്റർ നീളം കൂട്ടുന്നതിന് 275 ലക്ഷം രൂപയുടെയും ഭരണാനുമതി 2015-ൽ ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്യുവാനോ പ്രവൃത്തി ആരംഭിക്കുവാനോ കഴിഞ്ഞിട്ടില്ല. പൂനയിലെ Central Water and Power Research Station-ന്റെ പഠന റിപ്പോർട്ടും ഡിസൈനും ലഭ്യമാക്കാത്തതാണ് ഇതിന്റെ പ്രശ്നം. റിപ്പോർട്ടും ഡിസൈനും CWPRS തയ്യാറാക്കിക്കഴിഞ്ഞെങ്കിലും ഫീസ് അടയ്ക്കാത്തതിന്റെ പേരിലാണ് പഠന റിപ്പോർട്ട് ലഭിക്കാത്തത്. ഈ വിവരം ബന്ധപ്പെട്ടവരെയൊക്കെ അറിയിച്ചു. ഈ പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി 23-8-2017-ന് അവസാനിക്കും. അതിനുമുമ്പ് CWPRS-ന് നൽകേണ്ട തുക നൽകി ഇതിൽ ഇടപെടണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

കൂടാതെ കല്ലായിപ്പുഴയുടെ അഴിമുഖത്ത് പുലിമുട്ടുകൾ നിർമ്മിക്കാൻ 805 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടെണ്ടർ ചെയ്യുകയും ചെയ്തതാണ്. പക്ഷെ അവിടെ ആവശ്യമായിട്ടുള്ള കരിങ്കല്ല് ലഭിക്കുന്നില്ലെന്ന കാരണത്താൽ കരാറുകാരൻ പ്രവൃത്തി ആരംഭിക്കുന്നില്ല. അതിനും ആവശ്യമായിട്ടുള്ള ഇടപെടൽ നടത്തണമെന്നതാണ് എന്റെ ആവശ്യം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച 560 ലക്ഷം രൂപയുടെയും 275 ലക്ഷം രൂപയുടെയും രണ്ട് പ്രവൃത്തികൾക്കുമുള്ള ഭരണാനുമതി 24-8-2015-ന് നൽകിയതാണ്. അതിന്റെ സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ CWPRS-ന്റെ അല്ലെങ്കിൽ IIT-യുടെ പഠനപ്രകാരമുള്ള ഡിസൈൻ ആവശ്യമാണ്. കേരള തീരത്തിന്റെ വൾനറബിൾ ബീച്ചസ് ഐഡന്റിഫൈ ചെയ്യുന്ന പഠനത്തിനായി (Shore line study and mathematical modeling) CWPRS-ൽ 42 ലക്ഷം രൂപ അടച്ചതിന്റെ റിപ്പോർട്ട് ലഭ്യമായി. എന്നാൽ ഈ പഠനത്തിൽ ഡിസൈൻ ഡീറ്റെയിൽസ് ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ട് ഈ പ്രവൃത്തികളുടെ സൈറ്റ് സ്പെസിഫിക് ഡിസൈന് ആവശ്യമായ ഫീസ് അടച്ച് CWPRS - ൽനിന്ന് ഉടൻതന്നെ അത് ലഭ്യമാക്കുന്നതാണ്. ഈ പ്രദേശത്ത് soft solution techniques ഉപയോഗിച്ചുള്ള കടൽത്തീര സംരക്ഷണത്തിന്റെ സാധ്യത പരിശോധിച്ചുവരികയാണ്. പുലിമുട്ടെന്നുപറയുന്നത് ഒരു ശാശ്വത പരിഹാരമാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. കാരണം, പുലിമുട്ട് നിർമ്മിക്കുന്ന സ്ഥലങ്ങളിൽ കടൽക്ഷോഭം നിയന്ത്രിക്കാൻ കഴിയുമെങ്കിലും മറ്റ് സ്ഥലങ്ങളിലേയ്ക്ക് കടൽക്ഷോഭം

വർദ്ധിക്കുന്നതായി ആ പ്രദേശം പ്രതിനിധീകരിക്കുന്ന ആളെന്ന നിലയിൽ അങ്ങേയ്ക്കും അറിയാവുന്നതാണ്. അതുകൊണ്ട് soft solution techniques കൂടി പരിശോധിക്കുന്നുണ്ട്. ഇവിടെ സൈറ്റിന് അനുയോജ്യവും എക്കണോമിക്കലുമായ രീതിയനുസരിച്ചുള്ള എസ്റ്റിമേറ്റിന് ഡിസൈൻ ലഭ്യമാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

## (11) ആർ.എസ്.ബി.വൈ. നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീമതി യു. പ്രതിഭ ഹരി: സർ, മനുഷ്യർ ഭൂമിയിലേയ്ക്ക് വരുമ്പോഴും പോകുമ്പോഴും ചെറുതല്ലാത്ത വലിയ പങ്കുവഹിക്കുന്നവരാണ് നഴ്സുമാർ. ബി.എസ്.സി. നഴ്സിംഗും ജി.എൻ.എം.-ഉം കഴിഞ്ഞുവരുന്ന സമർത്ഥരായിട്ടുള്ള കുട്ടികളാണ് ആർ.എസ്.ബി.വൈ. നഴ്സുമാരായി കരാർ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകളിലുൾപ്പെടെ ജോലി ചെയ്യുന്നത്. പല സ്ഥലങ്ങളിലായി 250-ൽ താഴെമാത്രം ആളുകളാണ് ജോലി ചെയ്യുന്നത്. എന്നാൽ അവിടത്തെ ക്ലീനിംഗ് സ്റ്റാഫിന് കിട്ടുന്ന വേതനംപോലും ഈ ആർ.എസ്.ബി.വൈ. സ്റ്റാഫ് നഴ്സുമാർക്ക് ലഭിക്കുന്നില്ലായെന്നത് വളരെ വേദനിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. ക്ലീനിംഗ് സ്റ്റാഫ് പ്രതിദിനം 600 രൂപ വാങ്ങുമ്പോൾ ഇവർക്ക് വെറും 460 രൂപ മാത്രമാണ് പ്രതിദിനം കിട്ടുന്നത്. വകുപ്പുമന്ത്രി ഇവരുടെ കാര്യത്തിൽ പ്രത്യേക താൽപ്പര്യത്തോടുകൂടി ഇടപെടുന്ന ആളാണ്. ആർ.എസ്.ബി.വൈ. നഴ്സുമാർ 13,900 രൂപയ്ക്കാണ് ജോലി ചെയ്യുന്നത്. പ്രൈവറ്റ് ഹോസ്പിറ്റലിൽപ്പോലും മിനിമം വേജസ് ഉറപ്പാക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഡയറക്ഷൻ നിലവിലുള്ളപ്പോഴാണ് സംസ്ഥാനത്തെ ആശുപത്രികളിൽ ആർ.എസ്.ബി.വൈ. ഫണ്ട് ഉണ്ടായിട്ടുപോലും ഇവർക്ക് ന്യായമായിട്ടുള്ള വേതനം ലഭിക്കാത്തത്. നാലുവർഷത്തെ കോഴ്സും ഒരു വർഷത്തെ ഇന്റേൺഷിപ്പും കഴിഞ്ഞുവരുന്ന സമർത്ഥരായ കുട്ടികളാണിവർ. ഇവർക്ക് ന്യായമായ വേതനം ഉറപ്പാക്കുന്നതിനു വേണ്ട കർശനമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പാവപ്പെട്ടവർക്ക് വേണ്ടിയുള്ള ദേശീയ ഇൻഷ്വറൻസ് പദ്ധതിയാണ് ആർ.എസ്.ബി.വൈ. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരും അസംഘടിത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരും അവരുടെ കുടുംബാംഗങ്ങളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സർക്കാർ ആശുപത്രികളിലെയും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലെയും കിടത്തി ചികിത്സയ്ക്ക് ഗുണഭോക്താവ് പണം നൽകാതെതന്നെ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള പണരഹിത ഇൻഷ്വറൻസ് പദ്ധതി തുടക്കത്തിൽ കേന്ദ്ര തൊഴിൽ മന്ത്രാലയമാണ് നടത്തിയിരുന്നതെങ്കിലും ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലാണ്

നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അംഗീകൃത ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് ഒരുവർഷം പരമാവധി 30,000 രൂപ വരെയുള്ള സാമ്പത്തിക സഹായം നേരിട്ട് ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് ലഭ്യമാക്കുന്നു. ക്രമേണ ജീവൻരക്ഷാ മരുന്നുകളുടെയും കിടത്തി ചികിത്സയുടെയും ചെലവ് വർദ്ധിച്ചുവന്നതിനാൽ ഈ രംഗത്തെ മുൻനിര ഇൻഷ്വറൻസ് കമ്പനികൾ അവരുടെ ഇൻഷ്വറൻസ് കവറേജിൽനിന്നും ഗുരുതര രോഗങ്ങളെ ഒഴിവാക്കുകയാണ് ചെയ്യുത്. ഈ പദ്ധതി അത്രകണ്ട് അവർക്ക് ഉപകാരപ്രദമല്ലാതായി മാറിയിരിക്കുകയാണ്. ഇതിന്റെ നടത്തിപ്പിനായി സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും നഴ്സിംഗ് സഹായം, മറ്റ് സാങ്കേതിക വൈദ്യശാസ്ത്ര പാരാമെഡിക്കൽ സൗകര്യങ്ങൾ, ഡോക്ടറുടെ സേവനം ഉൾപ്പെടെ പ്രദാനം ചെയ്യുന്നതിന് ഓരോ പ്രദേശത്തെയും ആർ.എസ്.ബി.വൈ. പദ്ധതിയിൽ അംഗമായിട്ടുള്ളവരുടെ അംഗസംഖ്യ കണക്കിലെടുത്ത് നഴ്സുമാരെയും മറ്റ് ആരോഗ്യ പ്രവർത്തകരെയും ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും ഏർപ്പെടുത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി സ്റ്റാഫ് നഴ്സുമാരെ കരാറടിസ്ഥാനത്തിൽ ഏർപ്പെടുത്തുന്നതിന് എൻ.ആർ.എച്ച്.എം. മാർഗ്ഗരേഖകൾ പ്രകാരം അനുമതി ഉണ്ടെങ്കിലും അവർക്കാർക്കും ബന്ധപ്പെട്ട സ്ഥാപനത്തിൽ സ്ഥിര നിയമനത്തിനോ ശമ്പളസ്കെയിലിനോ പ്രത്യേക സേവന-വേതന വ്യവസ്ഥകൾക്കോ അർഹതയില്ല. കേന്ദ്രസർക്കാർ വിഭാവന ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ ചട്ടക്കൂടിൽനിന്നുകൊണ്ട് പദ്ധതി നിർവ്വഹണത്തിനായി മാറ്റിവച്ചിട്ടുള്ള തുകയുടെ 40 ശതമാനം മാത്രമേ കരാർ നിയമനങ്ങൾക്ക് വിനിയോഗിക്കാൻ സാധ്യമാകൂ എന്നതിനാൽ ആർ.എസ്.ബി.വൈ.-യിൽ പ്രവർത്തിക്കുന്ന ദിവസ കരാർ ജീവനക്കാരായ നഴ്സുമാർക്കോ ഇതരവിഭാഗം ജീവനക്കാർക്കോ മെച്ചപ്പെട്ട നിലയിൽ സേവന-വേതന പരിഷ്കരണമോ വ്യവസ്ഥയോ ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. നേരത്തെയുള്ള ഒരു സർക്കാർ ഉത്തരവ് പ്രകാരം ആർ.എസ്.ബി.വൈ. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആശുപത്രികളിൽ അധിക ജീവനക്കാരെ ആവശ്യമുള്ളപക്ഷം അവരുടെ എച്ച്.എം.സി./ ആർ.എസ്.ബി.വൈ./എൻ.എച്ച്.എം. ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് ദിവസവേതന ജീവനക്കാരായി തെരഞ്ഞെടുക്കാനാണ് ഉത്തരവായിട്ടുള്ളത്. അതിൻപ്രകാരം കൂടുതൽ ജീവനക്കാരെ ആവശ്യമുള്ള സ്ഥാപനങ്ങളിൽ നിയമിച്ചുവരുന്നുണ്ട്. അതത് സ്ഥാപനങ്ങളിലെ സൂപ്രണ്ട്, ആർ.എം.ഒ., ലേ സെക്രട്ടറി എന്നിവരടങ്ങിയ ഒരു സമിതിയെയാണ് ആർ.എസ്.ബി.വൈ. സംബന്ധിച്ച ചെലവുകൾ നിർവ്വഹിക്കുന്നതിനായി അധികാരപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന ജീവനക്കാരുടെ വേതനം നിശ്ചയിക്കുന്നത് പ്രസ്തുത സമിതിയാണ്.

ആർ.എസ്.ബി.വൈ. മുഖാന്തരം നഴ്സുമാരെ 179 ദിവസത്തേയ്ക്ക് താൽക്കാലികമായി നിയമിക്കുകയും ഈ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് അവരെ പിരിച്ചുവിട്ട് പുതിയ ജീവനക്കാരെ നിയമിക്കുകയുമാണ് ഇതുവരെ ചെയ്തുവന്നിരുന്നത്. ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്ന നഴ്സുമാർക്ക് പ്രതിദിനം 350 രൂപ മുതൽ 550 രൂപ വരെയുള്ള വേതനമാണ് നൽകുന്നത്. അതത് സ്ഥാപനങ്ങളിലെ എച്ച്.എം.സി.-യുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചാണ് ഇവരുടെ വേതനം വ്യത്യസ്തമായിരിക്കുന്നത്. ഇവിടെ ശ്രീമതി യു. പ്രതിഭ ഹരി സൂചിപ്പിച്ചതുപോലെ നഴ്സുമാർ ജീവിതത്തിന്റെ എല്ലാ തലങ്ങളുമായി ബന്ധപ്പെടുന്നവരാണ്. ഉരുകിയുരുകി തെളിയുന്ന മെഴുതിരികളാണ് അവരെന്ന് പറയാറുണ്ട്. പക്ഷെ ഈ കേസിൽ ഗവൺമെന്റിന് ഒരു ഉത്തരവ് പ്രകാരം ഇവരുടെ സേവന-വേതന വ്യവസ്ഥയിൽ മാറ്റമുണ്ടാക്കാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. എങ്കിലും അവരുടെ എച്ച്.എം.സി.യിലെ സാമ്പത്തികശേഷി അനുസരിച്ച് അവരുടെ പരിധിയിൽ ഒതുങ്ങുമെങ്കിൽ തീരെ വേതനം കുറഞ്ഞ പ്രദേശങ്ങളിൽ വേതനം വർദ്ധിപ്പിച്ചുകൊടുക്കാനുള്ള നിർദ്ദേശം കൊടുക്കാവുന്നതാണ്.

## (12) ഉള്ളൂർക്കടവ് പാലം

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടി- ബാലുശ്ശേരി നിയോജകമണ്ഡലത്തെ ബന്ധിപ്പിക്കുന്ന അകലാപ്പുഴയ്ക്ക് കുറുകെ ഉള്ളൂർക്കടവ് പാലം നിർമ്മിക്കുന്നതിന് 2009-ൽ ഭരണാനുമതി ലഭിച്ചതാണ്. കഴിഞ്ഞ ഒമ്പത് വർഷമായി കൊയിലാണ്ടി ഭാഗത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പണം നൽകാത്തതിന്റെ ഭാഗമായി സ്ഥലമെടുപ്പ് ഫോർവൺ നോട്ടിഫിക്കേഷൻ ഡിനോവ ആയിപ്പോയി. നേരത്തെതന്നെ ഡിസൈൻ, അലൈൻമെന്റ് എന്നിവയെല്ലാം അംഗീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാലത്തിന്റെ നിർമ്മാണ നടപടികൾ ആരംഭിക്കുന്നതിന് റവന്യൂ തലത്തിലും പി.ഡബ്ല്യൂ.ഡി. തലത്തിലും ഏകോപനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കി ഉള്ളൂർക്കടവ് പാലത്തിന് പുതുക്കിയ എ.എസ്. ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണമെന്നും റവന്യൂ, പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് നടപടികൾ ത്വരിതപ്പെടുത്തി എത്രയുംപെട്ടെന്ന് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കൊയിലാണ്ടി-ബാലുശ്ശേരി മണ്ഡലങ്ങളെ ഒന്നിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലം അകലാപ്പുഴയ്ക്ക് കുറുകെയുള്ളതാണ്. 2001-ലെ നായനാർ ഗവൺമെന്റിന്റെ കാലത്ത് 8.50 കോടി രൂപയ്ക്ക് ഭരണാനുമതി കൊടുത്തതാണ്. എട്ട് വർഷം കഴിഞ്ഞിട്ടും അത് ഫലപ്രദമായില്ല. ഇതിലുള്ള

പ്രശ്നം സ്ഥലം വിട്ടുകൊടുക്കാൻ ഉടമകൾ തയ്യാറല്ല എന്നതാണ്. പാലത്തിനു വേണ്ടി പ്രക്ഷോഭം നടത്തും; പാലം അനുവദിച്ചാൽ അവർതന്നെ അതിനെതിരായും സമരം ചെയ്യുന്ന രീതി സംസ്ഥാനത്ത് വന്നിരിക്കുകയാണ്. പിന്നീട് പുനഃപരിശോധിച്ചപ്പോൾ ഉള്ള്യേരി ഭാഗത്ത് സ്ഥലം ഏറ്റെടുക്കേണ്ടതില്ലെന്ന് കണ്ടെത്തി. കൊയിലാണ്ടി ഭാഗത്ത് സ്ഥലം ഏറ്റെടുക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുക്കിയ അഭ്യർത്ഥന റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. അതിന് മറുപടിയായി സ്ഥലത്തിന്റെ വിശദാംശങ്ങൾ റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിൻപ്രകാരമുള്ള കാര്യങ്ങൾ റവന്യൂ വകുപ്പിന് കൊടുക്കുകയാണ്. പുതിയ എൽ.എ. ആക്ട് പ്രകാരം 30 ശതമാനം കണ്ടിജൻസിയും 5 ശതമാനം എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും അടച്ചാൽ മാത്രമേ സ്ഥലം ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. അതിന്റെ വിശദാംശങ്ങൾ റവന്യൂ വകുപ്പിൽ നിന്നും പ്രതീക്ഷിക്കുകയാണ്. പുതുക്കിയ 12.20 കോടി രൂപയുടെ ഭരണാനുമതി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നു. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനമായിട്ടില്ല. ജില്ലാ കളക്ടറാണ് ഇതെല്ലാം ചെയ്യേണ്ടത്. എല്ലായിടത്തും സ്ഥലമെടുപ്പാണ് പ്രശ്നം. ബഹുമാനപ്പെട്ട അംഗം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് വേഗത്തിൽ സ്ഥലം ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകാം, എത്രയുംവേഗം പാലം പണിയാൻ കഴിയും. റവന്യൂ മന്ത്രി അതിനുള്ള എല്ലാ സഹായവും ചെയ്യുന്നുണ്ട്. ഇത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും. ആവശ്യമെങ്കിൽ ഉന്നതതല യോഗവും വിളിച്ചുചേർക്കാം.

## (13) റോഡ്, പാലം നിർമ്മാണം

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ആരംഭിച്ച് കുമ്പിടി, തൃത്താല, പട്ടാമ്പി വഴി, പട്ടാമ്പിയിൽ പുതിയ പാലമടക്കമുള്ള ഒരു പദ്ധതി കുറേ കാലമായി ചർച്ച ചെയ്യുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതിന് 120 കോടി രൂപയുടെ ഇൻ പ്രിൻസിപ്പിൾ അനുമതി നൽകിയിരുന്നു. ഇപ്പോൾ പുതിയ ഗവൺമെന്റ് വന്ന സാഹചര്യത്തിൽ പുതിയ ഗവൺമെന്റിന് അതിന്റേതായ ഫിനാൻസിംഗ് രീതിയുണ്ട്. കിഫ്ബി വഴിയാണ് ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നതെന്ന് അറിയുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ ആദ്യം ഈ പദ്ധതി ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് ഇതേ റോഡിനുവേണ്ടി ഞാൻ സബ്മിഷൻ അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുന്ന വേളയിൽ ഈ പദ്ധതിക്കുവേണ്ടി തുക ഉൾപ്പെടുത്തി. ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെയും ആ റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. അതിന് കിഫ്ബിയുടെ

അംഗീകാരവും കിട്ടിയിട്ടില്ല. ഇപ്പോൾ ഏതാണ്ട് 130 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. അതിന് എത്രയുംവേഗം അനുമതി നൽകണമെന്നതാണ് എന്റെ അഭ്യർത്ഥന. അതോടൊപ്പം, പട്ടാമ്പി പാലവും വളരെ നാശോന്മുഖമായി നിൽക്കുകയാണ്. പരുതൂർ പഞ്ചായത്തിലെ റെയിൽവേ മേൽപ്പാലം, കരിയന്നൂർ മേൽപ്പാലമെന്നാണ് പ്രഖ്യാപനം വന്നിരുന്നത്. പക്ഷെ ഉചിതമായിട്ടുള്ള സ്ഥലം കുറച്ച് അപ്പുറത്തുള്ള സുശീലപ്പടിയാണെന്ന് കണ്ടെത്തി അതിന്റെയും ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ ചാത്തന്നൂർ സ്കൂളിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം അത് സ്പോർട്സ് വകുപ്പിന്റെ കീഴിലുള്ളതാണ്. ഇത്തരം പദ്ധതികളെല്ലാം കിഫ്ബി വഴി നടപ്പാക്കുമെന്ന് പറഞ്ഞ് ഒരു വർഷമായിട്ടും അതിനുള്ള നടപടികളുമായി മുന്നോട്ട് പോയിട്ടില്ല. ഈ പദ്ധതികൾക്ക് എത്രയും പെട്ടെന്ന് എ.എസ്. നൽകാനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മൂന്ന് കാര്യങ്ങളാണ് ഒരു സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. കുറ്റിപ്പുറം, കുമ്പിടി, തൃത്താല, വി. കെ. കടവ് റോഡ്, പട്ടാമ്പി പാലം അതിൽ ഒരു റോഡും രണ്ട് പാലവുമാണുള്ളത്. ഇത് 2016-17-ലെ ബഡ്ജറ്റിലുണ്ടായിരുന്നു. ഭാരതപ്പുഴയ്ക്ക് കുറുകെ 305 മീറ്ററുള്ള പട്ടാമ്പി പാലവും സമാന്തരമായി 539 മീറ്ററിൽ മറ്റൊരു പാലവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഒന്നാംഘട്ട പ്രവൃത്തിക്ക് ഭൂമി ആവശ്യമില്ല. തവനൂർ, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടാമ്പി തുടങ്ങി മൂന്ന് മണ്ഡലങ്ങളിൽക്കൂടിയാണ് ഇത് കടന്നുപോകുന്നത്. 27.6 കി.മീ. ദൂരം, 7 മീറ്റർ വീതിയിൽ ബി.എം.&ബി.സി.-യാണ് ഉദ്ദേശിക്കുന്നത്. 2016-17-ൽ ഈ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തുകയും അതിന്റെ ജി.ഒ.1-11-2016-ൽ ഇറക്കുകയുമുണ്ടായി. 30 കോടി രൂപയാണ് ഭരണാനുമതി. ക്രോസ്‌വേയുടെയും പാലത്തിന്റെയും പ്രവൃത്തി 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയെങ്കിലും 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകിയതിനാൽ ഈ പ്രവൃത്തിയും അതിന്റെ ഭാഗമായി വന്നിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. അത് ഉടൻതന്നെ സമർപ്പിക്കുന്നതാണ്. ഇതിന്റെ ടെക്നിക്കൽ സാങ്ഷനെല്ലാം വേഗത്തിൽ കിട്ടും. അതിനുശേഷം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കിഫ്ബി മുഖാന്തരം ടെണ്ടർ നടപ്പിലാക്കാവുന്നതാണ്. സാങ്കേതികമായി കിഫ്ബിക്കുള്ള കാലതാമസമാണ്, അത് എന്തായാലും നടക്കും. അങ്ങുകൂടി പങ്കെടുത്ത യോഗത്തിലെ തീരുമാനപ്രകാരം കരിയന്നൂർ റെയിൽവേ

പാലം നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ആർ.ബി.ഡി.കെ.-യെ നിശ്ചയിച്ചിട്ടുണ്ട്. കരിയന്നൂർ പദ്ധതിക്കായി ഉദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് ഒരു മേൽപ്പാലം നിർമ്മിക്കുന്നതിലുള്ള പ്രയാസം കണക്കിലെടുത്ത് അങ്ങുകൂടി പങ്കെടുത്ത യോഗത്തിലെ തീരുമാനപ്രകാരം സുശീലപ്പടിയിൽ ആർ.ഒ.ബി. നിർമ്മിക്കും. അതോടൊപ്പം കരിയന്നൂരിൽ ഒരു സ്പാനിൽ ചെറിയൊരു പാലവുംകൂടി നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഒരു മാസത്തിനകം ഡി.പി.ആർ. കിഫ്ബിക്ക് കൊടുക്കും. അതിനനുസരിച്ച് നടപടി സ്വീകരിക്കും. സിന്തറ്റിക് ട്രാക്ക് ലോക്കൽ ബോഡിയാണ് നിർമ്മിക്കുന്നത്. അവർ കൊടുത്തിരിക്കുന്നത് വേറെ ആൾക്കാർക്കാണ്. അത് സംബന്ധിച്ച് പി.ഡബ്ല്യു.ഡി.-ക്ക് ഒന്നും പറയാനില്ല.

## (14) മലയോര ഹൈവേ വികസനം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ഹിൽഹൈവേയുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ അവതരിപ്പിക്കുന്നത്. കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേയുടെ ഭാഗമായി 133 കി.മീറ്റർ റോഡാണ് വികസിപ്പിക്കേണ്ടത്. ചില പ്രത്യേക താല്പര്യപ്രകാരം അലൈൻമെന്റിലെ ചില റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടി കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായി. അലൈൻമെന്റ് പ്രകാരമുള്ള പ്രവൃത്തിക്ക് കൃത്യമായ തുടർച്ചയുണ്ടാകണം. കഴിഞ്ഞ സർക്കാർ 135.70 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 കി.മീറ്റർ ചെയ്യാനുള്ള ഭരണാനുമതി നൽകുകയും ബാക്കി ഭാഗത്ത് വിശദമായ പഠനം നടത്താൻ നാറ്റ്പാകിനെ ചുമതലപ്പെടുത്തുകയും ചെയ്തു. നാറ്റ്പാകിന് തുക നൽകാത്തതിനാൽ പഠനം തുടങ്ങിയിട്ടില്ല. തടസ്സങ്ങൾ നീക്കി ഇതിന്റെ പ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. കാസർഗോഡ്-മഞ്ചേശ്വരം മണ്ഡലത്തിലെ പ്രവൃത്തി പൂർത്തീകരിച്ച് എന്റെ മണ്ഡലത്തിൽ കൊണ്ടുവന്ന് നിർത്തിയിരിക്കുകയാണ്. അടിയന്തരമായി കാസർഗോഡ് ജില്ലയിൽ ഹിൽ ഹൈവേയുടെ പ്രവർത്തനം പൂർത്തീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കാസർഗോഡ് ജില്ലയിലെ മലയോരപാതയുടെ ഭാഗമായാണ് അങ്ങയുടെ മണ്ഡലത്തിൽക്കൂടി ഹിൽഹൈവേയുടെ പ്രവർത്തനം പൂർത്തീകരിക്കേണ്ടത്. മലയോര ഹൈവേയുടെ ഭാഗമായി നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെ അലൈൻമെന്റ് അംഗീകരിച്ച 33 കി.മീറ്ററിന്റെ വികസനത്തിന് 2014 ജൂലൈയിൽ

ജി.ഒ. ഇറക്കിയിട്ടുണ്ട്. 20-2-2016-ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭരണാനുമതി കിട്ടി. ഈ ഗവൺമെന്റ് അതിന് ഉത്തരവിറക്കി. ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് പരിപാടിയിൽ വച്ചായിരുന്നു ഇതിനുള്ള ഭരണാനുമതി നൽകിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതിൽ കുറച്ച് കാലതാമസം വന്നെങ്കിലും അവർ ഭരണാനുമതി നൽകിയിരുന്നു. ഇപ്പോൾ അതിന്റെ മറ്റ് കാര്യങ്ങളും പൂർത്തിയായി. നാറ്റ്പാക് സർവ്വേ പൂർത്തിയാക്കിയത് മോർത്തല മുതൽ ഇടിയഡുക്ക വരെയുള്ള 31 കി. മീറ്ററിനാണ്. ഈ ദൂരത്തിനുള്ളിൽ ചേവാട് മുതൽ ഇടിയഡുക്ക വരെയുള്ള 17.5 കി.മീ. ബഡ്ജറ്റ് വർക്കിൽ ഉൾപ്പെടുത്തി നേരത്തേ ബി.എം.&ബി.സി. ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതിനുപകരമായി മോർത്തല മുതൽ നന്ദാരപ്പടവ് വരെ 9 കി.മീറ്ററും ഇടിയടുക്ക മുതൽ ബദിയഡുക്ക വരെ 9 കി.മീറ്ററും ചേർത്ത് ആകെ 18 കി.മീ. ദൂരംകൂടി ഉൾപ്പെടുത്തി ഡി.പി.ആർ. പുതുക്കി തയ്യാറാക്കാൻ 25-1-2017-ൽ ഉത്തരവായിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിയെങ്കിലും 1-4-2017 മുതൽ പുതുക്കിയ നിരക്ക് നിലവിൽ വന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് ഡൽഹി റേറ്റാക്കിയതുകൊണ്ട് നിലവിലെ നിരക്ക് ഉടനെ പുതുക്കണം. പുതുക്കിയ നിരക്കനുസരിച്ചുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ഉടനെ കൊടുക്കും. ജൂൺ 10-ന് മുമ്പായി പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കാസർഗോഡ് മുതൽ കളിയിക്കാവിള വരെയുള്ള മലയോര പാത നിർമ്മിക്കാനുള്ള ആക്ഷൻ പ്ലാൻ ഇന്നലെ എഞ്ചിനീയർമാർ തയ്യാറാക്കിയിട്ടുണ്ട്.

## (15) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

ശ്രീ. എൻ. വിജയൻ പിള്ള: സർ, എന്റെ നിയോജകമണ്ഡലമായ ചവറയിൽ സ്ഥിതി ചെയ്യുന്ന കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. നിർമ്മാണ-സാങ്കേതിക മേഖലയിലുള്ള വിവിധ കോഴ്സുകൾ, ഐ.ടി.ഐ, പോളിടെക്നിക്, എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ പാസ്സായവർക്ക് രാജ്യത്തും വിദേശത്തും ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാണ്. പക്ഷെ ഇവർക്ക് തൊഴിലിൽ പ്രായോഗിക പരിശീലനം ഇല്ലാത്തതിനാൽ തൊഴിൽ ലഭിക്കാതെ പോകുന്നു. ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കുമെന്നുള്ള പ്രതീക്ഷയാണ് ചവറയിൽ ഉദ്ഘാടനം പ്രതീക്ഷിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ അക്കാദമി നൽകുന്നത്. എന്നാൽ നാളിതുവരെ സ്വദേശത്തും വിദേശത്തുമുള്ള ഒരു സ്ഥാപനവും അക്കാദമി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ലെന്നാണ് അറിയുന്നത്. അക്കാദമിയുടെ നടത്തിപ്പ് ചുമതലയുള്ള കെ.എ.എസ്.ഇ. (Kerala Academy for

Skills Excellence) ഇതുസംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; കെട്ടിട നിർമ്മാണ ക്ഷേമനിധിയിൽ നിന്നുൾപ്പെടെ കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച അക്കാദമി പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ? സർക്കാർ പല ആവശ്യങ്ങൾക്കും നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഭൗതിക സൗകര്യങ്ങൾ ലക്ഷ്യം കാണാതെ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നശിച്ചുപോകുന്നത് പുതിയ കാര്യമല്ല. പ്രായോഗിക പ്രശ്നങ്ങൾ കണക്കിലെടുക്കാതെ നിർമ്മിച്ച ഈ കൂറ്റൻ കെട്ടിടം ചുവപ്പുനാടയിൽ കുരുങ്ങാതെ പ്രവർത്തനക്ഷമമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, അന്താരാഷ്ട്ര നിലവാരത്തിൽ കൺസ്ട്രക്ഷൻ മേഖലയിലെ വിവിധ ട്രേഡുകളിൽ കോഴ്സുകളും പരിശീലന പദ്ധതികളും നടപ്പിലാക്കുകയും ഉദ്യോഗാർത്ഥികളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ പ്രവർത്തനസജ്ജമാകുന്നത്. 19,200 ചതുരശ്ര അടിയുള്ള അക്കാദമിക് ബ്ലോക്കിന്റെ അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങളും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന 35,600 ചതുരശ്ര അടിയുള്ള ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായി വരുന്നു. നിലവിലുള്ള വ്യവസ്ഥകൾ അംഗീകരിച്ച് കോഴ്സുകൾ നടത്താൻ വ്യവസായ പങ്കാളികളാരും മുന്നോട്ടു വരാത്തതിനാൽ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തീരുമാനപ്രകാരം ഈ സ്ഥാപനത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിനായി കൺസ്ട്രക്ഷൻ മേഖലയിലുള്ള പ്രഗത്ഭർ, വ്യവസായ പ്രമുഖർ, സാമ്പത്തിക-നിയമ വിദഗ്ദ്ധർ എന്നിവരുൾപ്പെടുന്ന ഒരു സമിതിക്ക് രൂപം നൽകുകയും സമിതിയുടെ ആദ്യകൂടിക്കാഴ്ച 2-5-2017-ൽ നടക്കുകയും ചെയ്തിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങളനുസരിച്ച് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനന്തരനടപടികൾ കൈക്കൊണ്ടുവരുന്നു. ഗവൺമെന്റിന്റെ പണം തന്നെയാണ് ഇത് നിർമ്മിക്കുന്നതിന് ഉപയോഗിച്ചിട്ടുള്ളത്. കൺസ്ട്രക്ഷന്റെ മറ്റു ഫണ്ടുകളൊന്നും ഉപയോഗിച്ചിട്ടില്ല. ഗവൺമെന്റ് നേരിട്ടാണ് ഇക്കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് അടിയന്തരമായി പ്രവർത്തനത്തിൽ കൊണ്ടുവരാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

## (16) പഞ്ചായത്ത് റോഡുകൾ

ശ്രീ. അൻവർ സാദത്ത്: സർ, സഭയിലുള്ള എല്ലാ എം.എൽ.എ.-മാർക്കും വേണ്ടിയാണ് ഞാൻ ഇത് ഉന്നയിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും റോഡുകൾ പണിചെയ്യുന്നതിന് നിബന്ധനകളുണ്ട്. ജില്ലാ

പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ആറ് മീറ്റർ വീതിയുള്ള റോഡുകളുടെ റീടാറിംഗ് ചെയ്യാനോ പുതിയവ പണിയാനോ മാത്രമേ സാധിക്കുകയുള്ളൂ പി.ഡബ്ല്യു.ഡി. ഫണ്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം കിട്ടിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കിട്ടിയിരുന്നു, ഇനി കിട്ടുമെന്ന പ്രതീക്ഷയുണ്ട്. പഞ്ചായത്തിലെ റോഡുകൾ ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് വൺടൈം ഫണ്ട് അലോട്ട് ചെയ്യാറുണ്ട്. അതുമാത്രമാണ് പഞ്ചായത്തുകൾക്ക് ആശ്വാസം. പഞ്ചായത്തുകൾക്ക് തനത് ഫണ്ടില്ല, പ്ലാൻ ഫണ്ടിന് അവർക്ക് പരിമിതിയുണ്ട്. പല പഞ്ചായത്തിനും തനത് ഫണ്ട് ഇല്ലാത്തതുകൊണ്ട് അവരുടെ റോഡുകൾ യഥാസമയത്ത് പണി പൂർത്തിയാക്കാൻ സാധിക്കില്ല. അതുകൊണ്ടാണ് അസറ്റ് ഫണ്ടോ വൺടൈം ഫണ്ടോ കൊടുക്കാറുള്ളത്. ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ആറ് മീറ്റർ വീതി എന്നത് നാല് മീറ്റർ ആക്കിയാൽ ഏറ്റവും കൂടുതൽ പഞ്ചായത്ത് റോഡുകൾ നിർമ്മിക്കാനുള്ള സാഹചര്യമുണ്ടാകും. അതിനാൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇനിഷ്യേറ്റീവ് എടുത്തുകൊണ്ട് ആറ് മീറ്റർ വീതി എന്നത് നാല് മീറ്ററോ അഞ്ച് മീറ്ററോ ആക്കിയാൽ റോഡുകൾ നല്ല രീതിയിൽ നിലനിൽക്കുന്നതിനുള്ള സാഹചര്യമുണ്ടാകും.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2017-18-ലെ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ആറ് മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്നതാണ്. മുമ്പ് ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്ന റോഡുകളുടെ വീതി എട്ട് മീറ്ററായിരുന്നു. പിന്നീടാണ് അത് ആറ് മീറ്ററായി കുറച്ചത്. ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമീണ മേഖലയിൽ ഏറ്റെടുക്കാവുന്ന റോഡുകളുടെ വീതി ഇനിയും കുറയ്ക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്ന വീതി സംബന്ധിച്ച് നിബന്ധനകളൊന്നും തന്നെ നിലവിലില്ല. ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും പൊതുവേ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ആറ് മീറ്റർ വീതിയിൽ താഴെയുള്ള ഇടറോഡുകൾ ഏറ്റെടുക്കുന്നതിന് താത്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ഇതിന് അനുവദിക്കുകയാണെങ്കിൽ ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ബസ് റൂട്ട് അടക്കമുള്ള ആറുമീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾ ഏറ്റെടുക്കാൻ തയ്യാറാകാതെ വരും. അതുകൊണ്ടാണ് മുൻകാലങ്ങളിൽ ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്ന റോഡിന്റെ വീതിയിൽ നിബന്ധന വച്ചിട്ടുള്ളത്. അതുകൊണ്ട് ജില്ലാ പഞ്ചായത്തുകൾക്കും

ബ്ലോക്ക് പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്ന റോഡിന്റെ വീതിയിൽ മാറ്റംവരുത്താൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

## (17) അനധികൃതമായി പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകൾ

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ പാലാരിവട്ടത്ത് കഴിഞ്ഞ ദിവസം ഒരു നഴ്സറി സ്കൂളിലുണ്ടായ ദാരുണ സംഭവം എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തതാണ്. ഒന്നര വയസ്സുള്ള കുട്ടിയെ നഴ്സറി സ്കൂളിൽ മർദ്ദിക്കുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ഇതുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ പതിനേഴ് കുട്ടികൾ ആ സ്ഥാപനത്തിലുണ്ടായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ സ്ഥാപനത്തിന് രജിസ്ട്രേഷനോ കോർപ്പറേഷന്റെ അനുമതിയോ മറ്റ് നടപടിക്രമങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. അതിനാൽ, സംസ്ഥാനത്തെ നഴ്സറി സ്കൂളുകൾ നിയമവിധേയമായി പ്രവർത്തിപ്പിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ഇപ്രകാരം കുട്ടികളോട് കുറ്റകരമായ രീതിയിൽ പെരുമാറുന്ന ആളുകളുടെ മേൽ മാതൃകാപരമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കേണ്ട ഒരു പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. എറണാകുളം പാലാരിവട്ടത്തുള്ള 'കളിവീട്' എന്ന ഡേ കെയർ സ്ഥാപനത്തിലെ നടത്തിപ്പുകാരി ഒരു കൊച്ചുകുട്ടിയെ മർദ്ദിക്കുന്ന രംഗങ്ങളാണ് 23-5-2017-ന് ദൃശ്യമാധ്യമങ്ങളിലൂടെ പുറത്തുവന്നത്. ഇക്കാര്യത്തിൽ കുട്ടിയുടെ മാതാവ് ഡോ. വന്ദന എലിസബത്ത് ജോസ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഡേ കെയറിന്റെ നടത്തിപ്പുകാരി മിനി മാത്യുവിനെ പ്രതിയാക്കി പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 323, ജുവനൈൽ ജസ്റ്റിസ് ആക്ടിലെ സെക്ഷൻ 75 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 930/2017 ആയി കേസ് രജിസ്റ്റർ ചെയ്യുകയും മിനി മാത്യുവിനെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുണ്ട് എന്ന വിവരമാണ് ലഭ്യമായിട്ടുള്ളത്. ഈ സംഭവുമായി ബന്ധപ്പെട്ട് മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ച് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ, ജില്ലാ കളക്ടർ, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി, എറണാകുളം ജില്ലാ ശിശുക്ഷേമ ഓഫീസർ എന്നിവരോട് റിപ്പോർട്ട് സമർപ്പിക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഡേ കെയർ സെന്ററുകൾക്ക് നിലവിൽ ഒരുതരത്തിലുള്ള രജിസ്ട്രേഷനും സാമൂഹ്യനീതി വകുപ്പ് നൽകുന്നില്ല. ഇവിടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പാണ് ലൈസൻസ് നൽകുന്നത്. 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ സംരക്ഷണം സംയോജിത ശിശു

സംരക്ഷണ പദ്ധതി (Integrated Child Protection Scheme) -യുടെ ഭാഗമായതിനാൽ ഇത്തരം ഡേ കെയർ സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഐ.സി.പി.എസ്. തലത്തിൽ നടപ്പിലാക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് ആഗ്രഹിക്കുന്നുണ്ട്. ഈ പ്രശ്നം അറിഞ്ഞ ഉടൻതന്നെ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിക്ക് ഞാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള മുഴുവൻ ഡേകെയർ സെന്ററുകളെക്കുറിച്ചും അടിയന്തരമായി അന്വേഷിക്കുന്നതിന് ഒരു സമിതിയെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തുകൊണ്ട് അവയെക്കുറിച്ച് പരിശോധിക്കും. ചില പഞ്ചായത്തിൽനിന്ന് സൂത്രത്തിൽ ലൈസൻസ് സംഘടിപ്പിച്ചെടുക്കുന്നവരുണ്ട്. ഇതുവരെയില്ലാത്ത രീതിയിൽ ഇത്തരം സ്ഥാപനങ്ങളുടെ നിയന്ത്രണത്തിന് ആവശ്യമുള്ള സംവിധാനം സോഷ്യൽ ജസ്റ്റീസ് ഡിപ്പാർട്ടുമെന്റ് കൊണ്ടുവരുന്നതാണ്. അതിന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയ കാര്യം അറിയിക്കുന്നു.

## (18) കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്

ശ്രീ. റോജി എം. ജോൺ: സർ, ആദിശങ്കരന്റെ ജന്മംകൊണ്ട് പുണ്യമായ കാലടിയും തോമാശ്ലീഹയുടെ പാദസ്പർശമേറ്റ മലയാറ്റൂരും പ്രകൃതിരമണീയ പ്ലാന്റേഷൻ ആയ ഏഴാറ്റുമുഖം പ്രദേശങ്ങളുമൊക്കെ ഉൾപ്പെട്ട എന്റെ നിയോജക മണ്ഡലമായ അങ്കമാലിക്ക് ടൂറിസം രംഗത്ത് അനന്തമായ സാധ്യതകളാണുള്ളത്. ഇതോടൊപ്പം ചേർന്നുകിടക്കുന്ന അതിരപ്പിള്ളിയും കോടനാടുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസം സർക്യൂട്ട് പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടിംഗ് ഏജൻസിയായ ജിറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ടനുസരിച്ച് ജിറ്റ്പാക് ഇതിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് സംബന്ധിച്ച് വിവിധ വകുപ്പുകളുടെ ഏകോപനം നടക്കേണ്ടതുകൊണ്ടും വിവിധ വകുപ്പുകളുടെ എൻ.ഒ.സി. ലഭ്യമാകാത്തതുകൊണ്ടും ഈ റിപ്പോർട്ട് സർക്കാരിലേയ്ക്ക് എത്തുന്നതിന് കാലതാമസമുണ്ടാകുന്നുവെന്നും കേന്ദ്രസർക്കാരിന് സമർപ്പിക്കാൻ വൈകുന്നുവെന്നുമാണ് മനസ്സിലാക്കുന്നത്. ഞാൻ ഇന്ന് രാവിലെയും ഈ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് സൂചിപ്പിച്ചതാണ്. വിവിധ വകുപ്പുകളെ ഏകോപ്പിച്ചുകൊണ്ട് അതിന്റെ എൻ.ഒ.സി.-കൾ ലഭ്യമാക്കുന്നതിനും അന്തിമ റിപ്പോർട്ട് എത്രയും വേഗം സർക്കാരിൽ ഹാജരാക്കി, അത് കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ആവശ്യമായിട്ടുള്ള ഫണ്ട് ലഭ്യമാക്കിക്കൊണ്ട് കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് പദ്ധതി എത്രയും വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന നാല് നിയോജകമണ്ഡലങ്ങൾ ഈ പദ്ധതി പ്രദേശമായി വരും. ബഹുമാനപ്പെട്ട അങ്കമാലി എം.എൽ.എ. റോജി എം. ജോൺ, ചാലക്കുടി എം.എൽ.എ. ബി. ഡി. ദേവസ്സി ഇവരെല്ലാം തന്നെ ഈ പദ്ധതിയുടെ മുന്നോട്ടുള്ള പ്രയാണത്തിന് വളരെ സജീവമായിട്ടുള്ള നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രധാന ടൂറിസം കേന്ദ്രങ്ങളെ പരസ്പരം ബന്ധപ്പെടുത്തി ഒരു ടൂറിസം സർക്യൂട്ട്, കേന്ദ്ര ടൂറിസം സ്കീമായ 'സ്വദേശ് ദർശനിൽ' ഉൾപ്പെടുത്തുന്നതിനായി ഈ സർക്കാർ തീരുമാനമെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിരപ്പിള്ളി, മലയാറ്റൂർ, കാലടി, കോടനാട് നാച്വറൽ ടൂറിസം സർക്യൂട്ടിനായി ഒരു പ്രോജക്ട് റിപ്പോർട്ട് M/s. ജിറ്റ്പാക് എന്ന ഏജൻസി മുഖേന തയ്യാറാക്കി, സ്ഥലം എം.പി.-യായ ശ്രീ. ഇന്നസെന്റ് ബഹുമാനപ്പെട്ട കേന്ദ്ര ടൂറിസം വകുപ്പുമന്ത്രിക്ക് കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നു. കേന്ദ്രത്തിന് സമർപ്പിച്ചിരുന്ന പദ്ധതി പ്രൊപ്പോസൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് സമർപ്പിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അയച്ചു തന്നിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. ഈ പദ്ധതി കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി ഡി.പി.ആർ. സമർപ്പിക്കുന്നതിനോടൊപ്പം പദ്ധതി പ്രദേശങ്ങൾ ഉൾപ്പെടുന്ന സ്ഥലങ്ങളുടെ എൻ.ഒ.സി. കൂടി ഹാജരാക്കേണ്ടതും അത്യാവശ്യമാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ 'സ്വദേശി ദർശൻ' സ്കീമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്നു. എത്രയും വേഗം പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയ ശേഷമേ സ്ഥല ലഭ്യത അടക്കമുള്ള കാര്യങ്ങൾ പരിഗണിക്കാനും ഏജൻസികൾ തമ്മിലുള്ള ഏകോപനത്തിനും കഴിയുകയുള്ളൂ. നിലവിൽ ഇത്തരം നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എല്ലാ ഏജൻസികളെയും എല്ലാ വകുപ്പുകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## (19) ഖാദി മേഖലയിലെ പ്രതിസന്ധി

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്തെ ഖാദി മേഖലയാകെ പ്രതിസന്ധിയിലാണ്. 2015-16-ലെയും 2016-17-ലെയും റിബേറ്റ് കുടിശ്ശിക ഇതുവരെ കിട്ടിയിട്ടില്ല. 2017-18 നടപ്പുവർഷത്തെ റിബേറ്റിനെക്കുറിച്ച് ഒരു നയവും രൂപീകരിച്ചിട്ടില്ല. പതിനയ്യായിരത്തോളം തൊഴിലാളികളുള്ള ഒരു മേഖലയാണിത്. ഖാദിക്ക് ഇപ്പോൾ വിലയും കൂടിയിട്ടുണ്ട്. റിബേറ്റ് കുടിശ്ശിക കൂടി കിട്ടാത്ത

അവസ്ഥയിൽ ഇത് വളരെ ഗുരുതരമായ പ്രതിസന്ധിയിലേക്ക് പോയിരിക്കുകയാണ്. സർക്കാർ അടിയന്തരമായി കുറേ തുകയെങ്കിലും റിബേറ്റ് കുടിശ്ശികയായി നൽകണമെന്നും അടുത്ത വർഷത്തെ റിബേറ്റ് നയത്തെക്കുറിച്ച് എന്തെങ്കിലുമൊരു രൂപീകരണം നടത്തണമെന്നും അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഖാദി തുണിത്തരങ്ങളുടെ വില്പന പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 1985 മുതൽ വർഷം തോറും 10 ശതമാനം നിരക്കിൽ റിബേറ്റ് അനുവദിച്ചുവരുന്നുണ്ട്. 2009 മുതൽ ഖാദിയുടെ ചില്ലറ വില്പനയ്ക്ക് ഖാദി കമ്മീഷൻ നൽകിവന്നിരുന്ന റിബേറ്റ് നിർത്തലാക്കി. പകരം ഉല്പാദനത്തിന് ആനുപാതികമായി മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റന്റ്സ് (MDA) എന്ന പദ്ധതിയാണ് ഖാദി കമ്മീഷൻ ഏർപ്പെടുത്തിയത്. ഈ സാഹചര്യത്തിൽ ഉത്സവകാല വിശേഷ അവസരങ്ങളിലേയ്ക്ക് 10 ശതമാനം നിരക്കിൽ പ്രത്യേക റിബേറ്റും സംസ്ഥാന സർക്കാർ അനുവദിച്ചുവരുന്നുണ്ട്. സംസ്ഥാന സർക്കാർ അനുവദിക്കുന്ന റിബേറ്റും MDA ആനുകൂല്യം പ്രകാരം ലഭിക്കുന്ന തുകയുടെ 10 ശതമാനവും ഉപയോഗപ്പെടുത്തി വർഷം മുഴുവൻ 20 ശതമാനം നിരക്കിലും ഉത്സവകാല വിശേഷാവസരങ്ങളിൽ 10 ശതമാനം സ്പെഷ്യൽ റിബേറ്റും കൂടി 30 ശതമാനം നിരക്കിലുമുള്ള റിബേറ്റ് ആനുകൂല്യമാണ് നിലവിൽ ഉപഭോക്താക്കൾക്ക് നൽകിവരുന്നത്. ഖാദി വില്പന മേഖലയിൽ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാരും ഖാദി ബോർഡും നൽകുന്ന പ്രചരണ പ്രവർത്തനങ്ങളുടെ ഫലമായാണ് വില്പനയിൽ ക്രമാനുഗതമായ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നത്. വില്പനയിലുള്ള വർദ്ധനവിന് ആനുപാതികമായി റിബേറ്റ് നൽകുന്നതിലുള്ള തുകയിലും വർദ്ധനവുണ്ടാകുന്നുണ്ട്. 2015-16 വരെയുള്ള കണക്കനുസരിച്ച് റിബേറ്റിനത്തിൽ 22 കോടി രൂപ കുടിശ്ശിക യുണ്ടായിരുന്നു. 2015-16 വർഷം 130 കോടി രൂപയുടെ ഖാദി വില്പനയും 2016-17 വർഷം 158 കോടി രൂപയുടെ വില്പനയും സംസ്ഥാനത്തുണ്ടായി. മുൻവർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ 10 ശതമാനവും കേന്ദ്ര സർക്കാരിന്റെ 10 ശതമാനവും റിബേറ്റിനത്തിൽ ഉപഭോക്താവിന് വർഷം മുഴുവൻ നൽകി വന്നിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ റിബേറ്റ് നിർത്തലാക്കിയതിനെ തുടർന്ന് വിശേഷാവസരങ്ങളിൽ വിവിധ ഘട്ടങ്ങളിലായി എല്ലാത്തരം ഖാദി തുണിത്തരങ്ങൾക്കും 10 ശതമാനം സ്പെഷ്യൽ റിബേറ്റിന് സംസ്ഥാന സർക്കാർ പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുവരികയാണ്. കൂടാതെ MDA ഉപയോഗിച്ചും 10 ശതമാനം റിബേറ്റ് അനുവദിക്കുന്നു. 2016-17-ലെ വില്പനയിൽ മാത്രം 20 കോടി രൂപയുടെ റിബേറ്റ് കുടിശ്ശിക ഉൾപ്പെടെ 42 കോടി രൂപ

കുടിശ്ശികയുണ്ടായിരുന്നതിൽ 7.85 കോടി രൂപ ഈ സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. 2017-18 വർഷത്തിൽ 9 കോടി രൂപ റിബേറ്റിനായി സർക്കാർ വകയിരുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ വേതനം കോസ്റ്റ് ചാർട്ടിന് വിധേയമായി വർദ്ധിച്ചപ്പോൾ സ്വാഭാവികമായും അത് ഖാദിയുടെ വിലവർദ്ധനവിന് ഇടയാക്കിയിട്ടുണ്ട്. നിലവിലുള്ള റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രിയുമായി ഈ വിഷയം സംസാരിച്ചിട്ടുണ്ട്. റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും.

## (20) നീർക്കടവ് ഫിഷിംഗ് ഹാർബർ

ശ്രീ. കെ. എം. ഷാജി: സർ, അഴീക്കോട് നിയോജകമണ്ഡലത്തിലെ നീർക്കടവ് പ്രദേശത്തുള്ള ജനങ്ങൾ മുഴുവനും മത്സ്യബന്ധന ജോലി ചെയ്ത് ഉപജീവനം നടത്തുന്നവരാണ്. ഇവർ ഇപ്പോൾ അഴീക്കൽ ഹാർബറിനെയാണ് ആശ്രയിക്കുന്നത്. നീർക്കടവ് പ്രദേശം ഒരു ഫിഷിംഗ് ഹാർബറായി വികസിപ്പിക്കുന്നതിന് ഏറ്റവും അനുയോജ്യവുമാണ്. റോഡുകൾ ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള പ്രദേശമാണ് നീർക്കടവ്. ഇവിടെ ഒരു ഫിഷിംഗ് ഹാർബർ വന്നാൽ ആ പ്രദേശത്തെ വികസനത്തിനും ആയിരക്കണക്കിന് ആളുകൾക്കും ഇത് വളരെ പ്രയോജനം ചെയ്യും. ഈ പ്രദേശത്തെ ജനങ്ങളുടെ വർഷങ്ങളായുള്ള ആവശ്യമാണ് നീർക്കടവ് ഫിഷിംഗ് ഹാർബർ. 2016-17 ബഡ്ജറ്റിൽ രണ്ടുകോടി രൂപ ഇതിന് വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ അടിയന്തര തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്. നീർക്കടവ് ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ പ്രത്യേക താല്പര്യമെടുത്ത് നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിലെ നീർക്കടവിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുന്നതിനായി അഴീക്കോട് ശ്രീകുറുംബ ഭഗവതി പരിപാലന അരയ സമാജം ബഹുമാനപ്പെട്ട മത്സ്യബന്ധന തുറമുഖ വകുപ്പുമന്ത്രി മുഖേന 18-6-2013-ൽ അഭ്യർത്ഥിച്ചിരുന്നു. ആയതനുസരിച്ച് ടി സ്ഥലത്ത് മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് റിപ്പോർട്ട് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത റിപ്പോർട്ടിന്മേൽ തീരുമാനമൊന്നും

കൈക്കൊണ്ടിട്ടില്ല. മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തുനിന്ന് വടക്കോട്ട് 10 കിലോമീറ്ററും അഴീക്കൽ മത്സ്യബന്ധന തുറമുഖത്തുനിന്നും തെക്കോട്ട് 7 കിലോമീറ്ററും മാറിയാണ് അഴീക്കൽ ഗ്രാമപഞ്ചായത്തിലെ നീർക്കടവ് സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള ഹാർബറിൽ നിന്ന് 7 കിലോമീറ്റർ അകലത്തിൽ മാത്രം മറ്റൊരു ഫിഷിംഗ് ഹാർബർ വരുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതികാഘാതം പഠനവിധേയമാക്കേണ്ടതുണ്ട്. ടി സ്ഥലത്ത് മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഘടകങ്ങളായ പുലിമുട്ടുകൾ, ഡ്രഡ്ജിംഗ്, വാർഫ്, ലേലപ്പുര തുടങ്ങിയ ഘടകങ്ങൾ നിർമ്മിക്കുന്നതിന് ഏകദേശം 40 കോടി രൂപ ചെലവ് വരുമെന്നും ടി മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് വിശദമായ ഇൻവെസ്റ്റിഗേഷൻ, മാതൃകാപഠനം എന്നിവ നടത്തേണ്ടതുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ നീർക്കടവ് മത്സ്യബന്ധന തുറമുഖത്തിന് തുകയൊന്നും വകയിരുത്തിയിരുന്നില്ല. നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങൾ പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ആദ്യം മുൻഗണന നൽകുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## (21) ഫിഷ് ലാൻഡിംഗ് സെന്റർ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തിലെ തീരപ്രദേശ മണ്ഡലങ്ങളിലൊന്നാണ് കയ്പമംഗലം. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കയ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ വഞ്ചിപ്പുര-കമ്പനിക്കടവ് കേന്ദ്രീകരിച്ച് ഒരു ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കണമെന്നതാണ് എന്റെ ആവശ്യം. പേര് സൂചിപ്പിക്കപ്പെട്ട പോലെ വഞ്ചിപ്പുര കമ്പനിക്കടവ് നിരവധി വള്ളങ്ങളും ചെറുവഞ്ചികളും മൂട്ടവട്ടികളും കൊണ്ട് നിറഞ്ഞതാണ്. നിരവധി വർഷങ്ങളായി തുടർച്ചയായി ചാകരയുള്ള അനുഗ്രഹിക്കപ്പെട്ട ഒരു പ്രദേശം കൂടിയാണിത്. ആയിരക്കണക്കിന് തൊഴിലാളികൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുന്ന ഈ പ്രദേശത്ത് ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുക എന്നുള്ളത് നാട്ടുകാരുടെ ചിരകാലാഭിലാഷമാണ്. ഇതിനാവശ്യമായ പ്രാഥമിക പഠനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടത്തിയിട്ടുണ്ട്. എങ്കിലും പുരോഗതിയുണ്ടായിട്ടില്ല. അടിയന്തരമായി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഇടപെട്ട് പ്രശ്നപരിഹാരമുണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഇക്കാര്യത്തിൽ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (22) സിവിൽ സർവ്വീസ് അക്കാദമി കെട്ടിട നിർമ്മാണം

ശ്രീ. എ. പ്രദീപ്കുമാർ: സർ, വടക്കൻ കേരളത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഞങ്ങളുടെ എല്ലാവരുടെയും ആവശ്യം പരിഗണിച്ചാണ് ഐ.എ.എസ്./ഐ.പി.എസ്. പോലുള്ള കോഴ്സുകൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനം കൊടുക്കാനായി കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി പ്രവർത്തനം ആരംഭിച്ചത്. അത് ഒരു സ്കൂൾ കെട്ടിടത്തിലെ താൽക്കാലിക സൗകര്യത്തിലാണ് പ്രവർത്തിച്ചുവരുന്നത്. അതിന് സ്വന്തമായി ക്യാമ്പസ് പണിഉയർത്താൻ പി.ഡബ്ല്യൂ.ഡി.-യുടെ കൈവശം ഉണ്ടായിരുന്ന സ്ഥലം വിദ്യാഭ്യാസ വകുപ്പിന് കൈമാറി. ആദ്യകാലത്ത് സർവ്വേ നമ്പരിലുണ്ടായിരുന്ന ചില മിസ്റ്റേക്കുകൾ കറക്ട് ചെയ്ത് കൈവശം കിട്ടിയിട്ട് ഒരുപാട് കാലമായി. കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ സൗകര്യപ്രദമായ കെട്ടിടം ഉണ്ടാകണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒന്നിലധികം തവണ നിയമസഭയിൽ ഈ വിഷയം ഉന്നയിച്ചതാണ്. അന്നത്തെ മന്ത്രിയും അനുകൂലമായ മറുപടി പറഞ്ഞു. ഇത് ഡിപ്പാർട്ടുമെന്റ് ഓഫ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ കീഴിലാണ് നിൽക്കുന്നത്. അതിന്റെ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ തലപ്പത്ത് ഇരിക്കുന്ന ആൾക്കാർ അക്കാര്യത്തിൽ ഒരു നടപടിയും കൈക്കൊണ്ടില്ല. നിർമ്മാണത്തിന് ഏതോ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടെന്ന് കേട്ടു. അതിന്റെ ആൾക്കാർ ആർക്കിടെക്റ്റിന്റെ ഡിസൈൻ കൊണ്ടുവന്ന് കാണിച്ച് കൊതിപ്പിച്ചിട്ട് പോകും. പണി ചെയ്യുന്നില്ല. ഇപ്പോഴും അതേ അനാസ്ഥ ഡിപ്പാർട്ടുമെന്റ് ഓഫ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ തലപ്പത്ത് തുടരുകയാണ്. വടക്കൻ കേരളത്തിലെ വിദ്യാർത്ഥികൾക്ക് ആകെ ആശ്രയമാകേണ്ട ഈ സ്ഥാപനത്തിന് സ്വതന്ത്രമായി കെട്ടിടം ഉണ്ടാക്കാൻ ക്യാമ്പസിൽ സൗകര്യങ്ങളുണ്ടായിട്ടും അത് നിർമ്മിക്കുന്നതിന് ആവശ്യമായ ഒരു നടപടിയും ഡിപ്പാർട്ടുമെന്റ് തലപ്പത്തുള്ള ഉദ്യോഗസ്ഥന്മാർ സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഇത് അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇടപെട്ട് അതിന് പരിഹാരമുണ്ടാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 29-5-2008-ലെ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ്സെന്റർ കോഴിക്കോട് ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ചുങ്കം ഗവൺമെന്റ് യു.പി. സ്കൂൾ പരിസരത്ത് സബ്സെന്റർ താൽക്കാലികമായി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് 2-8-2014-ലെ ഉത്തരവ് പ്രകാരം സബ്സെന്റർ സ്ഥിരമായി

പ്രവർത്തിക്കുന്നതിനായി തുരുത്തിയാട് അഴകുടി ദേവീ ക്ഷേത്രത്തിന് സമീപമുള്ള അടഞ്ഞുകിടക്കുന്ന പി.ഡബ്ല്യൂ.ഡി. ജില്ലാ ഗോഡൗൺ പരിസരത്ത് 54 സെന്റ് സ്ഥലം അനുവദിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള 175 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാബിറ്റാറ്റ് ടെക്നോളജി സമർപ്പിക്കുകയുണ്ടായി. 23-2-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 175 ലക്ഷം രൂപ ചെലവാക്കി കോഴിക്കോട് സബ്സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഹാബിറ്റാറ്റ് ടെക്നോളജി തയ്യാറാക്കിയ എസ്റ്റിമേറ്റിന് CCEK (Centre for Continuing Education Kerala) -യുടെ ടെക്നിക്കൽ കമ്മിറ്റി സാങ്കേതികമായി അനുമതി നൽകിയിട്ടുണ്ട്. അതുപ്രകാരം സ്വന്തം കെട്ടിട നിർമ്മാണത്തിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി കരാറിൽ ഏർപ്പെടുവാൻ സി.സി.ഇ.കെ. ഡയറക്ടർ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 10-4-2017-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം കരാർ നടപ്പിലാക്കി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സബ്സെന്ററിന് സ്വന്തം കെട്ടിടം നിർമ്മിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## VII. റിപ്പോർട്ട് സമർപ്പണം

### 1. വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ട്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

### 2. ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

### 3. സാമൂഹ്യനീതി സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ റിപ്പോർട്ട്

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, സാമൂഹ്യനീതി സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VIII. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### തൊഴിൽദാന പദ്ധതിയിലെ അംഗങ്ങൾക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി 1994-ലെ ജി.ഒ. (എം.എസ്.) നമ്പർ 122/94/കൃഷി ഉത്തരവ് പ്രകാരം നടപ്പിലാക്കിയ പദ്ധതിയാണ്. ഈ പദ്ധതിയിൽ 97,849 പേരാണ് അംഗങ്ങളായി ചേർന്നിരുന്നത്. മറ്റ് തൊഴിലുകൾ തേടി പോയവർ, മരണപ്പെട്ടവർ, സ്വയം പിരിഞ്ഞു പോയവർ എന്നിങ്ങനെയുള്ളവരെ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയ ശേഷം 85,217 പേർ അംഗങ്ങളായി നിലവിലുണ്ട്.

പദ്ധതി രൂപീകരിക്കുമ്പോൾ അംഗങ്ങൾക്ക് കാർഷിക മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിന് സാങ്കേതിക സഹായവും വായ്പാസൗകര്യവും വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ വികലമായ പദ്ധതി രൂപരേഖയും അംഗങ്ങളുടെ താത്പര്യരാഹിത്യവുംമൂലം ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചില്ല. പദ്ധതി രൂപരേഖ പ്രകാരം 60 വയസ്സ് തികയുന്ന മുറയ്ക്ക് അംഗങ്ങൾക്ക് പ്രതിമാസം 1,000 രൂപ പ്രകാരം പെൻഷനും 30,000 രൂപ ഗ്രാറ്റുവിറ്റിയുമാണ് വാഗ്ദാനം ചെയ്തിരുന്നത്.

2014 മുതൽ ഈ പദ്ധതിയിലെ അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകാൻ തുടങ്ങിയിരുന്നു. എങ്കിലും കഴിഞ്ഞ സർക്കാർ പെൻഷൻ കാര്യത്തിൽ തീരുമാനമെടുക്കാതെ മാറ്റിവച്ചിരിക്കുകയായിരുന്നു. ഇപ്പോൾ 921 പേർ 60 വയസ്സ് പൂർത്തിയാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതിയിലെ അംഗങ്ങളുടെ പരാതികൾ പരിശോധിക്കുകയും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 60 വയസ്സ് പൂർത്തിയാക്കിയവർക്ക്, വാഗ്ദാനം ചെയ്ത പ്രകാരം പ്രതിമാസം 1,000 രൂപ വീതം പെൻഷൻ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിരിക്കുകയാണ്. കൂടാതെ 30,000 രൂപ ഗ്രാറ്റുവിറ്റിയും നൽകുന്നതാണ്. 2017 ജൂൺ മാസം മുതൽ പെൻഷൻ തുക നൽകി തുടങ്ങുന്നതാണ്.

# IX. ഗവൺമെന്റ് പ്രമേയം

## കുടിശ്ശിക തുക ലഭ്യമാക്കൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, "ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന, അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള കുടുംബങ്ങൾക്ക് പ്രതിവർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പ് വരുത്തുന്നതിനുവേണ്ടിയാണ് 2005-ൽ പാർലമെന്റ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാസ്സാക്കിയിട്ടുള്ളത്. തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം അതുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ചും പ്രസ്തുത നിയമത്തിൽ സുവ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 3 (3) പ്രകാരം തൊഴിലാളികൾക്ക് അവർ തൊഴിലെടുത്ത് രണ്ടാഴ്ചയ്ക്കകം വേതനം ലഭിക്കുവാൻ അർഹതയുണ്ട്. നിയമത്തിന്റെ പട്ടിക II ഖണ്ഡിക 29 പ്രകാരം മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനുള്ളിൽ അർഹതപ്പെട്ട വേതനം നൽകിയില്ലായെങ്കിൽ വേതനം നൽകുന്നതിലെ കാലതാമസത്തിനുള്ള നഷ്ടപരിഹാരം ലഭിക്കുവാൻ തൊഴിലാളികൾക്ക് അവകാശമുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം തൊഴിലാളികൾക്ക് അർഹമായ കൂലിയിനത്തിൽ ലഭിക്കേണ്ട 2146.05 കോടി രൂപയിൽ 1386.70 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ 2016-17 വർഷം അനുവദിച്ച് നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിക്കേണ്ട 759.35 കോടി രൂപയുടെ വേതനം 2016 നവംബർ മാസം മുതൽ 2017 മാർച്ച് 31 വരെ കുടിശ്ശികയുണ്ടായിരുന്നു. ഈ തുക അനുവദിക്കുന്നതിനുപകരം 2017 ഏപ്രിൽ മാസം 122.83 കോടി രൂപ മാത്രമാണ് അനുവദിച്ചത്. അങ്ങനെ 2017-18 സാമ്പത്തിക വർഷം കൂലിയിനത്തിൽ ലഭിക്കേണ്ട 46.87 കോടി രൂപയും കഴിഞ്ഞ വർഷത്തെ ബാക്കി ലഭിക്കേണ്ട 636.52 കോടി രൂപയും ഉൾപ്പെടെ ആകെ 683.39 കോടി രൂപയാണ് നിലവിൽ കുടിശ്ശികയായി ലഭിക്കേണ്ടത്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ കേരളത്തിന് അനുവദിക്കപ്പെട്ട 4.5 കോടി രൂപയും തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി മുൻകൂർ ലഭിക്കേണ്ട തുകയും അനുവദിക്കപ്പെട്ടിട്ടില്ല. 2016-17 വർഷത്തെ കുടിശ്ശിക തുകയും 2017-18 വർഷത്തേയ്ക്കുള്ള മുൻകൂർ തുകയും അടക്കം ആകെ 122.83 കോടി രൂപ മാത്രമാണ് സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ 10-4-2017-ലെ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളത്. ഇതേ ദിവസം തന്നെ മറ്റ് സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട തുക കേന്ദ്ര സർക്കാർ നൽകിയിട്ടുമുണ്ട്.

സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ 32.39 ലക്ഷം കുടുംബങ്ങൾക്കാണ് തൊഴിൽ കാർഡുള്ളത്. ഇതിൽ 18.34 ലക്ഷം കുടുംബങ്ങൾ ഈ പദ്ധതിയിൻ കീഴിൽ സജീവമായി തൊഴിൽ ചെയ്യാൻ വരുന്നവരാണ്. ഈ പദ്ധതിയിൽ പണിയെടുക്കുന്നതിൽ 90 ശതമാനത്തിലേറെയും സ്ത്രീകളാണ്. നിർദ്ധന കുടുംബത്തിൽപ്പെട്ട സ്ത്രീകൾ പകലന്തിയോളം പൊരിവെയിലത്ത് പണി ചെയ്തതിന്റെ കൂലി നിരവധി തവണ ആവശ്യപ്പെട്ടിട്ടും നേരിൽ പോയി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിയെക്കണ്ട് അഭ്യർത്ഥിച്ചിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം ചൂണ്ടിക്കാണിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടും കുടിശ്ശിക ഇനിയും നൽകാത്ത കേന്ദ്ര സർക്കാർ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ജൂൺ മാസത്തിൽ സ്കൂളുകൾ തുറക്കുന്നതോടനുബന്ധിച്ച് കുട്ടികൾക്ക് പഠന സാമഗ്രികളും യൂണിഫോമുകളും മറ്റും വാങ്ങുന്നതിനായി വീട്ടമ്മമാരായ സ്ത്രീത്തൊഴിലാളികൾ കരുതിവയ്ക്കുന്ന തുക യഥാസമയം ലഭിക്കാത്തതുമൂലം ലക്ഷക്കണക്കിന് കുടുംബങ്ങളാണ് ബുദ്ധിമുട്ട് അനുഭവിക്കുന്നത്.

2017 ഏപ്രിൽ ആദ്യം കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് പദ്ധതിത്തുക അനുവദിച്ച അവസരത്തിൽ കേരളത്തിന് അർഹതപ്പെട്ട തുക അനുവദിക്കാതെ വളരെ തുച്ഛമായ തുകയാണ് അനുവദിച്ചത്. അതേസമയം മറ്റ് പല സംസ്ഥാനങ്ങൾക്കും അർഹതപ്പെട്ട തുക നൽകി. പദ്ധതിത്തുക അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാർ കേരളത്തിനോട് കാണിക്കുന്ന വിവേചനത്തിൽ ഈ സഭ പ്രതിഷേധിക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൂലിയിനത്തിൽ ന്യായമായി ലഭിക്കേണ്ട കുടിശ്ശിക തുകയായ 683.39 കോടി രൂപ നിയമപരമായി അർഹതപ്പെട്ട നഷ്ടപരിഹാരം സഹിതം കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

12.00 Noon]

ശ്രീ. അനിൽ അക്കര: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയ്ക്കുശേഷം ഇനിപ്പറയുന്ന ഭേദഗതി കൂട്ടിച്ചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

"കഴിഞ്ഞ കാലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടായ സമയത്ത് ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്ന് എടുത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും പിന്നീട് കേന്ദ്ര സർക്കാരിൽ നിന്ന് സംഖ്യ ലഭിച്ചപ്പോൾ തിരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി മാതൃകയാകുകയും ചെയ്ത സംസ്ഥാനമാണ് കേരളം" .

തൊഴിൽ ലഭിക്കുന്നതിനുവേണ്ടി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ ധാരാളം കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ട്. അതിൽ എസ്.ജി.ആർ.വൈ. (സ്വർണ്ണ ജയന്തി ഗ്രാം സ്വറോസ്ഗാർ യോജന) ഉൾപ്പെടെയുള്ള പദ്ധതികളിൽ കൂലിക്ക് ഭക്ഷണമെന്ന രീതിയിൽ അരി ഉൾപ്പെടെയുള്ള സാധനങ്ങളാണ് വിതരണം ചെയ്തിരുന്നത്. അതിൽ വ്യാപകമായ അഴിമതിയും മറ്റും വന്നപ്പോഴാണ് യു.പി.എ. സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും അതിനനുസരിച്ചുള്ള നിയമവും രാജ്യത്ത് നടപ്പിലാക്കിയത്. അതനുസരിച്ച് നൂറ് തൊഴിൽ ദിനങ്ങൾ നൽകണമെന്നും 15 ദിവസത്തിനകം വേതനം കൊടുക്കണമെന്നുമൊക്കെ നിയമമായി വന്നിട്ടുള്ളതാണ്. ഇപ്പോൾ അത് അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തുമാത്രമാണ് ഇത്രയേറെ മുടക്കം വന്നിട്ടുള്ളത്. മുൻകാലങ്ങളിൽ ഇത്തരത്തിലുള്ള വീഴ്ചകൾ വന്നപ്പോൾ നമ്മുടെ സംസ്ഥാനം രാജ്യത്തിന് മാതൃകയായതാണ്. അന്ന് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽനിന്നും പണമെടുത്ത് തൊഴിലാളികൾക്ക് കൊടുക്കുകയും പിന്നീട് അത് തിരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തും മാതൃകയായ സംസ്ഥാനമാണ് കേരളം. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു പ്രമേയം അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായും രാജ്യത്തിന് മാതൃകയായ ഒരു കാര്യം അതിൽ കൂട്ടിച്ചേർക്കാതിരിക്കുന്നത് ശരിയല്ലെന്നുള്ളതുകൊണ്ട് ഈ ഭേദഗതി ചേർക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രമേയത്തിന്റെ അവസാന വരിയിൽ "കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്നതിനു പകരം " കേന്ദ്രസർക്കാരിനോടും കേന്ദ്രസർക്കാരിന്റെ അവഗണനമൂലം വേതനം കിട്ടാനുണ്ടാകുന്ന കാലതാമസംമൂലം തൊഴിലുറപ്പ് തൊഴിലാളികൾക്കുണ്ടാകുന്ന കാലതാമസം കണക്കിലെടുത്ത് ഓരോ പഞ്ചായത്തിലുമുള്ള കുടിശ്ശിക തുക അതാത് പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ടിൽ നിന്നും അഡ്വാൻസായി തൊഴിലാളികൾക്ക് നൽകി അവരുടെ ദുരിതത്തിന് പരിഹാരമുണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റിനോടും ഈ സഭ അഭ്യർത്ഥിക്കുന്നു." എന്ന് ചേർക്കുക.

ഈ പ്രമേയത്തോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുകയാണ്. ഈ പ്രമേയം കേരളത്തിന്റെ പൊതുവായ വികാരമാണ്. ഏതാണ്ട് 683.39 കോടി രൂപ കുടിശ്ശികയായി കിട്ടാനുണ്ടെന്നാണ് ഈ പ്രമേയത്തിൽ മന്ത്രി ചൂണ്ടിക്കാണിച്ചത്. കേന്ദ്രഗവൺമെന്റ് തൊഴിലുറപ്പ് വേതനം ഇങ്ങനെ അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നത് ശരിയല്ല. കേന്ദ്ര നിയമമനുസരിച്ച് സമയത്ത് വേതനം കൊടുത്തില്ലെങ്കിൽ കുടിശ്ശിക മാത്രമല്ല ഫൈൻ കൊടുക്കാനും കേന്ദ്രം ബാധ്യസ്ഥമാണ്. ശ്രീ. അനിൽ അക്കര ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ ഔദാര്യം കാത്തിരുന്നാൽ ബി.പി.എൽ. കാറ്റഗറിക്ക് താഴെയുള്ള തൊഴിലാളികളാണ് പ്രയാസപ്പെടുന്നത്. 2013-14-ൽ ഇങ്ങനെയുള്ള സംഭവമുണ്ടായപ്പോൾ പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ടിൽ നിന്നും പണം അഡ്വാൻസ് ചെയ്തു. കേന്ദ്രത്തിൽ നിന്നുള്ള പണം ലഭിച്ചപ്പോൾ അത് തിരിച്ചടച്ചു. ഇപ്പോൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ആയതുകൊണ്ട് അങ്ങനെ ചെയ്യാൻ പ്രയാസമാണെന്നാണ് ധനകാര്യ വകുപ്പുമന്ത്രി രാവിലെ പറഞ്ഞത്. ഏതായാലും ഈ പ്രശ്നം ഗവൺമെന്റ് ടേക്ക് അപ് ചെയ്യണം. കേന്ദ്രഗവൺമെന്റിന്റെ പണം കാത്തിരുന്നാൽ തൊഴിലാളികൾക്ക് സമയത്ത് കൂലി കൊടുക്കാൻ കഴിയില്ല. അതുകൊണ്ട് സംസ്ഥാന സർക്കാർ കൊടുക്കുന്ന തുക തിരിച്ചുകിട്ടത്തക്ക രീതിയിലുള്ള ക്രമീകരണമുണ്ടാക്കാൻ സാധിക്കുമെങ്കിൽ അതാണ് നല്ലത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന പ്രമേയത്തിന് ഭേദഗതി ഉന്നയിച്ചുകൊണ്ട് അങ്ങ് സംസാരിക്കുകയാണല്ലോ. ഈ ഗവൺമെന്റ് സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് ടീമിനെ നിയമിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, നിയമിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ഇതുവരെയും ആ വിവരം പുറത്തുവന്നിട്ടില്ല. മെറ്റീരിയൽ ഓറിയന്റഡായി വർക്ക് ഏറ്റെടുത്തിട്ടില്ല. ഏറ്റെടുത്ത വർക്കിന് ഡ്യൂറബിളായിട്ടുള്ള നിബന്ധന പാലിക്കപ്പെട്ടിട്ടില്ലെന്ന പരാതിയുമുണ്ട്. സ്ഥിരമായി ഒരു മിഷൻ ഡയറക്ടറെ നിയമിച്ചിട്ടില്ല. ദിശാ മീറ്റിംഗിന്റെ മിനിട്ട്സ് അപ്‌ലോഡ് ചെയ്ത് കൊടുത്തിട്ടില്ല. ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും 100 ശതമാനവും ജില്ലാ പഞ്ചായത്തിൽ 10 ശതമാനവും പരിശോധന നടത്തണമെന്നതിന്റെ പരിശോധനാ റിപ്പോർട്ട് കേന്ദ്രത്തിന് കൊടുത്തിട്ടില്ല. ഞാൻ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയതുപോലെ, കേന്ദ്രത്തിലെ ശ്രീ. വി. കെ. സിബ്ബു, അഡീഷണൽ സെക്രട്ടറിയുമായി ബന്ധപ്പെട്ടപ്പോൾ ഈ ഫണ്ട് കൊടുക്കുന്നതിന് ഇതാണ് തടസ്സമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് അങ്ങയുടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: ശ്രീ. പി. ടി. തോമസ് പറഞ്ഞത് ശരിയാണ്. നേരത്തെ ഈ പദ്ധതി ആരംഭിച്ചപ്പോൾ അത് വേജ് ഓറിയന്റഡായ ഒരു ദാരിദ്ര്യ നിർമ്മാർജ്ജന പ്രോഗ്രാമായിരുന്നു. കൂലി കൊടുത്താൽമാത്രം മതി. പിന്നീട് ആ രീതി മാറിയപ്പോൾ മെറ്റീരിയൽ കമ്പോണന്റിന് പ്രാധാന്യമുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതിന് തുടക്കം കുറിച്ചെങ്കിലും കുറച്ചുകൂടി വിപുലമായി മെറ്റീരിയൽ കമ്പോണന്റ് ഉള്ള പ്രവൃത്തികൾ ചെയ്യാൻ സാധിക്കണം. കേന്ദ്രം ഓരോ ഘട്ടത്തിലും മാസാമാസങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. ആ മാറ്റത്തിനനുസരിച്ച് സംസ്ഥാന ഗവൺമെന്റും മാറ്റം വരുത്തിയില്ലെങ്കിൽ പ്രയാസമായിരിക്കും. എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ കഴിഞ്ഞ ഒരു വർഷത്തിൽ കൂടുതലായി ഫുൾ ടൈം കമ്മീഷണറുടെ പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്. ഇപ്പോൾ ഗ്രാമവികസന കമ്മീഷണർക്ക് ചാർജ് കൊടുത്തിരിക്കുകയാണ്. കേന്ദ്ര പദ്ധതികളുടെ പണം ലഭിക്കണമെങ്കിൽ ഒരു ഫുൾ ടൈം കമ്മീഷണർ ഉണ്ടാകണം. അത് എത്രയുംവേഗം നിയോഗിക്കണം. ഏതായാലും ഞാൻ ഈ പ്രമേയത്തോട് യോജിക്കുന്നു. കേന്ദ്രത്തിൽനിന്നും ഫണ്ട് കിട്ടാനുള്ള താമസമുണ്ടെങ്കിൽ ആ കാലതാമസം തൊഴിലാളികളെ ബാധിക്കാതെ പരിഹരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞതുപോലെ, തൊഴിലാളികൾക്ക് നേരത്തെ പണം കൊടുത്തിട്ട് അത് റീ-ഇംബേഴ്സ് ചെയ്യാൻ സാധിക്കുന്ന ഒരു സ്ഥിതി നിലവിലില്ല. 1-1-2016 മുതൽ നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം വഴിയാണ് അവർക്കുള്ള പണം കേന്ദ്രം ഡയറക്ടായി നൽകുന്നത്. അതുകൊണ്ട് ആ സോഫ്റ്റ്‌വെയറിൽ മാറ്റംവരുത്താനുള്ള യാതൊരു സാഹചര്യവും നിലനിൽക്കുന്നില്ല. അതിനാൽ പണം മുൻകൂർ നൽകാനോ അത് റീ -ഇംബേഴ്സ് ചെയ്ത് അവരിൽനിന്ന് എടുക്കാനോ കഴിയില്ല. നേരത്തെ സംസ്ഥാനങ്ങൾക്കായിരുന്നു കേന്ദ്ര സർക്കാർ പണം നൽകിയിരുന്നത്. അങ്ങനെ നൽകുമ്പോൾ സ്വാഭാവികമായും കേന്ദ്രത്തിൽനിന്നും പണം കിട്ടുമ്പോൾ റീ-ഇംബേഴ്സ് ചെയ്താൽ മതിയായിരുന്നു. ഇപ്പോൾ അങ്ങനെയല്ലാത്തതുകൊണ്ടാണ് വലിയൊരു പ്രശ്നവും ബുദ്ധിമുട്ടും നിലനിൽക്കുന്നത്. ഓഡിറ്റ് റിപ്പോർട്ട് യഥാസമയം കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഉച്ചമായ ഒരു അലോക്കേഷൻ കേന്ദ്രം അനുവദിച്ചത്. അതേ ഉത്തരവിൽ മറ്റുള്ള സംസ്ഥാനങ്ങൾക്ക് മുഴുവൻ തുകയും അനുവദിച്ചു. കേരളം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയില്ലായിരുന്നെങ്കിൽ ആ പണവും ലഭിക്കുമായിരുന്നില്ല. നമ്മുടെ സംസ്ഥാനത്ത് മെറ്റീരിയൽ കമ്പോണന്റിന് ലെസ്സ്

പ്രിഫറൻസാണ് ഇക്കാലമത്രയും നൽകിയത്. അത് ആരുടേയും കുറ്റം കൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ബന്ധപ്പെട്ട് പൊതുവെ ഒരു തെറ്റിദ്ധാരണ നിലനിന്നിരുന്നു. മെറ്റീരിയൽ കമ്പോണന്റിനുവേണ്ടി പണം ചെലവഴിക്കുമ്പോൾ കൂലിയിനത്തിൽ ലഭിക്കുന്ന പണത്തിൽനിന്ന് അത് കുറയ്ക്കേണ്ടിവരും. അത് ആത്യന്തികമായി തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലിയിലും അവർക്ക് ലഭിക്കേണ്ട തൊഴിൽ ദിനങ്ങളിലും കുറവ് വരുത്തും. അങ്ങനെയൊരു തെറ്റിദ്ധാരണ നിലനിന്നതു കൊണ്ടാണ് ആറോ ഏഴോ ശതമാനം അസറ്റ് ക്രിയേഷൻ ഇക്കാലമത്രയും കഴിഞ്ഞത്. ഇപ്രാവശ്യം അത് പരിഹരിക്കുന്നതിനുവേണ്ടി 30 ശതമാനം അസ്സറ്റ് ക്രിയേഷനുവേണ്ടി മെറ്റീരിയൽ കമ്പോണന്റ് ഇനത്തിൽ ചെലവഴിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ഓരോരുത്തരുടേയും നിയോജക മണ്ഡലങ്ങളിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ 30 ശതമാനം മെറ്റീരിയൽ കമ്പോണന്റിനുവേണ്ടി നീക്കിവയ്ക്കണമെന്ന് നിഷ്കർഷിക്കണം. അങ്ങനെയായാൽ മാത്രമേ അസ്സറ്റ് ക്രിയേഷനാകൂ. വർഷങ്ങൾ കഴിഞ്ഞാലും അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാൻ എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ബന്ധപ്പെട്ട് ഒരു പദ്ധതിയുണ്ടാകണം. അതിന് എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് ടീമിനെ നിയമിച്ചുവെന്ന് പറഞ്ഞു. ഏത് ഏജൻസിയെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് വിഭാഗത്തെ നിയമിച്ചിട്ടുണ്ട്. ആ പോരായ്മ ഉണ്ടായിരുന്നത് നികത്തിയിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന് പ്രത്യേകമൊരു ഡയറക്ടറില്ലെന്നുള്ള പ്രശ്നവുമുണ്ടായിരുന്നു. ഇത് ഗ്രാമവികസന വകുപ്പിന്റെ കീഴിലാണ് വരുന്നത്. റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർക്കായിരുന്നു എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ ചുമതല നൽകിയിരുന്നത്. പക്ഷേ അത് മാറ്റി ഒരു ഫുൾ ടൈം ഡയറക്ടറെ വയ്ക്കാൻ പോകുകയാണ്. അതിന്റെ പേരിൽ ഈ പദ്ധതിയുടെ രൂപീകരണത്തിലോ നിർവ്വഹണത്തിലോ യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. അവർക്കത് കാരണമായി പറയാമെന്നുമാത്രം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഇതുസംബന്ധിച്ച പാർലമെന്റ് സമിതി മൂന്നാറിൽ തെളിവെടുപ്പ് നടത്തിയപ്പോൾ ഡയറക്ടറില്ലെന്നുള്ളത് ഒരു പ്രധാന കുറ്റമായി ചൂണ്ടിക്കാണിച്ചു. കേരള ഗവൺമെന്റിന് ഇക്കാര്യത്തിൽ ഗൗരവമായ ഒരു സമീപനമില്ലെന്ന് എം.പി.-

മാർക്കുപോലും തോന്നിയെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ശരിയോ തെറ്റോ എന്ന് എനിക്കറിയില്ല.

ഡോ. കെ. ടി. ജലീൽ: സർ, റൂറൽ ഡെവലപ്മെന്റ് കമ്മീഷണറും എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ ചുമതലയുള്ള ഐ.എ.എസ്. ഓഫീസറുമായ ശ്രീ. ഷാജഹാൻ മൂന്നാറിലെ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം വളരെ ശക്തമായി ഇക്കാര്യം അവിടെ അവതരിപ്പിച്ചതാണ്. കേരളം എല്ലാ രേഖകളും സമർപ്പിച്ചിട്ടുണ്ടെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് തുക റിലീസ് ചെയ്യാമെന്ന് പാർലമെന്റ് സമിതി അഭിപ്രായപ്പെടുകയും ചെയ്തിരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നമ്മൾ പ്രമേയം പാസ്സാക്കുന്നത് ശരിയാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ശമ്പളം കിട്ടാതിരുന്നാൽ അതൊരു വലിയ പ്രശ്നം തന്നെയാണ്. സ്കൂൾ തുറക്കാൻ പോകുകയാണ്. അങ്ങ് എന്തുകൊണ്ട് ഡൽഹിയിൽ പോയി മന്ത്രിയെ കാണുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സംസാരിക്കുകയോ ചെയ്തില്ല? പ്രമേയം പാസ്സാക്കിയതുകൊണ്ട് കാര്യമില്ല. ഞങ്ങൾ നേരത്തെ ഒരു നിർദ്ദേശം വച്ചിരുന്നത് പ്രായോഗികമല്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ എന്തെല്ലാം ഡെഫിഷ്യൻസീസ് ഉണ്ടെന്ന് കണ്ടെത്തി അത് തിരുത്തിയെടുക്കാനും കേന്ദ്രത്തെ സമീപിക്കാനും അങ്ങ് തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ : സർ, തീർച്ചയായും. രണ്ടുതവണ നേരിട്ട് മന്ത്രിയെ കണ്ടിരുന്നു. ഒരിക്കൽ അദ്ദേഹം കോഴിക്കോട് വന്നപ്പോൾ നേരിൽപോയി കണ്ടു; പിന്നെ ഡൽഹിയിൽ പോയി കണ്ടു. നിരവധി തവണ കത്തയച്ചു. പ്രിൻസിപ്പൽ സെക്രട്ടറിയെക്കൊണ്ട് ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് കത്തയപ്പിച്ചു. അതും പോരാഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സമീപിക്കുകയും അദ്ദേഹം പ്രധാനമന്ത്രിക്ക് നേരിട്ട് കത്തയയ്ക്കുകയും ചെയ്തു. എന്നിട്ടും നമ്മുടെ റിക്വസ്റ്റ് കേന്ദ്രം പരിഗണിച്ചിട്ടില്ല. ഇത്തരമൊരു സാഹചര്യത്തിൽ നമ്മൾ ഒരുമിച്ചുനിന്ന് ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കേണ്ടതുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ഉത്തർപ്രദേശ്, തമിഴ്നാട്, കർണ്ണാടകം, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിലുള്ളവർക്ക് കിട്ടുന്നുണ്ട്. കേരളത്തിൽ മാത്രം കിട്ടാത്തതെന്താണ്? എല്ലായിടത്തും കിട്ടിയെന്ന് മുഖ്യമന്ത്രിയുടെ മറുപടിയിൽ സമ്മതിച്ചു. സൗത്ത് ഇന്ത്യയിൽ കേരളം ഒഴിച്ചുള്ള മുഴുവൻ സംസ്ഥാനത്തിനും കിട്ടിയോ ഇല്ലയോ എന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ശ്രീ. ഇ. പി. ജയരാജൻ: സർ, നിങ്ങൾ എന്ത് അറിഞ്ഞിട്ടാണ് പറയുന്നത്?

<u>ശ്രീ. പി. ടി. തോമസ്:</u> സർ, കേരളത്തിൽ മാത്രം കിട്ടിയില്ല. ബാക്കിയുള്ള സംസ്ഥാനങ്ങൾക്ക് കിട്ടി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്..... പ്ലീസ്..... മിനിസ്റ്റർ മറുപടി പറയും.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ഇടക്കാല ആശ്വാസം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൂടെ?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, നേരത്തെ സംസ്ഥാനങ്ങൾക്കായിരുന്നു ഇത് കിട്ടിയിരുന്നത്. ഇപ്പോൾ സംസ്ഥാനങ്ങൾക്കല്ല ഈ തുക ലഭിക്കുന്നത്. ഓരോ തൊഴിലാളിക്കും കേന്ദ്രം തന്നെ അവരവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് തുക നൽകുന്നത്. ഇപ്പോൾ അഡ്വാൻസ് കൊടുത്താലും അത് തിരിച്ചുപിടിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ടാണ് നമുക്ക് ഇത് ചെയ്യാൻ കഴിയാത്തത്. ബഹുമാനപ്പെട്ട ശ്രീ. പി. ടി. തോമസ് സോഷ്യൽ ഓഡിറ്റിന്റെ കാര്യം ഇവിടെ പറഞ്ഞു. സോഷ്യൽ ഓഡിറ്റ് സംവിധാനം നിലവിൽവന്നു. ജലവിഭവ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ 11 അംഗ ഗവേണിംഗ് ബോഡി 2017 ജനുവരിയിൽ യോഗം ചേർന്ന് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ഇത് ഗവൺമെന്റിന്റെ കീഴിലുള്ളതാണ്. സമ്മതിക്കില്ല.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, അത് ലഭ്യമാക്കണമെന്നാണ് കിട്ടിയിട്ടുള്ള നിർദ്ദേശം. നമ്മൾ ഓഡിറ്റ് സംവിധാനം രൂപീകരിച്ചുകഴിഞ്ഞു. ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. അനിൽ അക്കര, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. അനിൽ അക്കര:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ :</u> ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ :</u> ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

## X. വ്യക്തിപരമായ വിശദീകരണം:

ശ്രീ. കെ. ബി. ഗണേഷ് കുമാർ നടത്തിയ പരാമർശം സംബന്ധിച്ച്

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, മേയ് മാസം 8-ാം തീയതി വിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നെ സംബന്ധിച്ച് ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അതിനുള്ള വ്യക്തിപരമായ വിശദീകരണം നൽകുന്നതിനു വേണ്ടിയാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം, പരേതനായ ടി. എം. ജേക്കബിന്റെ അദ്ധ്യക്ഷതയിൽ തയ്യാറാക്കിയിരുന്ന പ്രൊഫ. ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ ഒരു പേജ് വായിച്ചുനോക്കാൻപോലും തയ്യാറായില്ല എന്നാണ്. 2011-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ പ്രൊഫ. ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ട് പഠിക്കാൻവേണ്ടി ചുമതലപ്പെടുത്തുകയും ആ കമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുകയും ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട് 16-10-2012-ന് ഉത്തരവിറക്കുകയും ഹയർ എഡ്യൂക്കേഷൻ കൗൺസിലിനെ ഓരോ യൂണിവേഴ്സിറ്റിയിലുമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വീക്ഷിക്കുന്നതിനുംവേണ്ടി അധികാരപ്പെടുത്തുകയും ചെയ്തു. അതാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

അദ്ദേഹം പിന്നീട് പറഞ്ഞത്, 'എന്റെ സ്വന്തം ഇഷ്ടപ്രകാരം വീടിന്റെ പേരുമാറ്റിയെന്ന്'. കഴിഞ്ഞ 6 വർഷമായി കേട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ഞാൻ ഒരു വീടിന്റെയും പേര് മാറ്റിയിട്ടില്ല. എനിക്ക് താമസിക്കാൻ തന്നത് പുതിയ വീടായിരുന്നു. അതിന് പേര് ഇട്ടിരുന്നില്ല. പുതിയ വീട് നിർമ്മാണം പൂർത്തിയായി ഞാൻ അതിൽ താമസിച്ചു. പേരെന്താണെന്ന് ചോദിച്ചപ്പോൾ, മന്ത്രിക്ക് ഇഷ്ടമുള്ള പേരിടാമെന്ന് ടൂറിസം വകുപ്പുമന്ത്രി പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ എന്റെ നാട്ടിലെ വീടിന്റെ പേര് 'ഗ്രെയ്സ്' ആയതുകൊണ്ട് ഇവിടെയും ഞാൻ 'ഗ്രെയ്സ്' എന്ന് പേരിട്ടു. 'ഗ്രെയ്സ്' എന്ന പേരിന് എന്ത്

വർഗ്ഗീയതയാണുള്ളതെന്ന് എനിക്കറിഞ്ഞുകൂടാ? 'ഗ്രെയ്സ്' എന്നുപറഞ്ഞാൽ 'അനുഗ്രഹം' എന്നാണർത്ഥം. അപ്പോൾ 'ഗ്രെയ്സ്' എന്ന ഒരു പേരിട്ടതാണ് വലിയ പ്രശ്നം. പേരില്ലാത്ത വീടിന് മന്ത്രിതന്നെ ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ എനിക്ക് ഇഷ്ടമുള്ള ഒരു പേരിട്ടു എന്നുള്ളതല്ലാതെ ഞാൻ പേരു മാറ്റാൻ പോയിട്ടില്ല. പേരു മാറ്റിയാൽ തന്നെ 'ഗ്രെയ്സ്' എന്ന പേരിൽ എവിടെയാണ് വർഗ്ഗീയതയുള്ളത്? ശ്രീ. എ. എൻ. ഷംസീറും അങ്ങനെ ഇവിടെ പറഞ്ഞു. എന്താണ് ഷംസീറെ അതിൽ വർഗ്ഗീയത? ഒരു വർഗ്ഗീയതയുമില്ല. അതുപോലെതന്നെ 'പച്ച'. പച്ച ബോർഡ്, പച്ച ബ്ലൗസ്, പച്ച കോട്ട്. ഈ 'പച്ച' എന്നുപറഞ്ഞാൽ വർഗ്ഗീയതയാണോ? 'പച്ച'-യെന്ന് പറഞ്ഞാൽ എവിടെയാണ് വർഗ്ഗീയത? കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണത്തെക്കുറിച്ച് ഒന്നും പറയാൻ കഴിയാത്തതുകൊണ്ട് നാഴികയ്ക്ക് നാല്പതുവട്ടം 'പച്ച'-യെന്നും 'പേരുമാറ്റി'യെന്നുംപറഞ്ഞ് ആരോപിക്കുകയല്ലാതെ കാര്യമായിട്ടുള്ള ഒരു വിമർശനവും അതിൽ വരുത്താൻ കഴിഞ്ഞിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് ....ചുരുക്കിപ്പറയൂ.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, മാത്രമല്ല, കഴിഞ്ഞ അഞ്ചുവർഷക്കാലം ഇവിടത്തെ വിദ്യാർത്ഥി സംഘടനകൾക്കോ അദ്ധ്യാപക സംഘടനകൾക്കോ ഒരു ദിവസംപോലും പഠനമോ അദ്ധ്യയനമോ മുടക്കി ഒരു സമരം ചെയ്യാൻ ഞങ്ങളുടെ കാലത്ത് കഴിഞ്ഞിട്ടില്ല. (.........ബഹളം.....) ഞാൻ പറയട്ടെ,

ശ്രീ. റ്റി. വി. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ............

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ വഴങ്ങുന്നില്ല. ഞാൻ പറഞ്ഞു കഴിഞ്ഞിട്ട് പറയാം, ശ്രീ. രാജേഷ് ഇത് ശരിയാവില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....... പ്ലീസ്..........പോയിന്റ് ഓഫ് ഓർഡർ പറയട്ടെ.

ശ്രീ. റ്റി. വി. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ വ്യക്തിപരമായ വിശദീകരണം നൽകാൻ വേണ്ടിയാണ് അവസരം കൊടുത്തത്. പോയിന്റ് ഓഫ് ഓർഡർ പറയാൻ എനിക്ക് അവകാശമുണ്ട്. പോയിന്റ് ഓഫ് ഓർഡർ പറയാൻ എനിക്ക് ശ്രീ. പി. ടി. തോമസിന്റെ സമ്മതമൊന്നും വേണ്ട. ഞാൻ ഇവിടെ ഉന്നയിക്കാൻ പോകുന്ന വിഷയം, ഒരു നിയമസഭാംഗത്തിന് അദ്ദേഹത്തെ സംബന്ധിച്ചുവന്ന പരാമർശത്തെക്കുറിച്ച് വിശദീകരിക്കാൻ അവസരം നൽകിയ സമയത്ത് അദ്ദേഹം മറ്റ് വിഷയങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. കഴിഞ്ഞ 5 വർഷക്കാലം നടന്ന വിദ്യാഭ്യാസമേഖലയിലെ

പ്രവർത്തനങ്ങളെക്കുറിച്ച് പറയാനല്ല മറിച്ച്, അദ്ദേഹത്തിനെതിരെ വന്ന ഒരു വിഷയത്തിൽ വ്യക്തിപരമായ പരാമർശം നടത്താനാണ് അവസരം കൊടുത്തത്. അത് ഓർഡറിലാണോ; വിശദീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ പ്രസംഗത്തിൽ നിന്നാണ് ഞാൻ ഇത് പറയുന്നത്. മുസ്ലീം ലീഗിനെ ഞാൻ ഒരു വർഗ്ഗീയ പാർട്ടിയായി കാണുന്നില്ല. പക്ഷെ ചിലയാളുകളുടെ നയത്തിൽ അങ്ങനെ തോന്നുന്നതിൽ തെറ്റില്ല. മുസ്ലിം ലീഗ് ഒരിക്കലും വർഗ്ഗീയ പാർട്ടിയല്ല. അതിന്റെ നിലപാടുകൾ വർഗ്ഗീയത നിറഞ്ഞതല്ല. അതിനെതിരെ പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്തിട്ടുള്ള ബഹുമാനപ്പെട്ട താങ്കളെപ്പോലുള്ളവരുടെയൊക്കെ നിലപാടുകളെ ഞാൻ ബഹുമാനിക്കുകയാണ്. ചില സന്ദർഭങ്ങളിൽ ചിലയാളുകളുടെ പെരുമാറ്റം ഇവിടെ ബഹുമാനപ്പെട്ട എ. എൻ. ഷംസീർ പറഞ്ഞതുപോലെയെന്ന് പറഞ്ഞിട്ട് അദ്ദേഹം ഇവിടെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിനെക്കുറിച്ച് പറഞ്ഞു. ശ്രീ. എൻ. എ. നെല്ലിക്കുന്ന് എന്റെ സുഹൃത്താണ്. അദ്ദേഹവും അതിനെപ്പറ്റി പറയുകയുണ്ടായി, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ജില്ലാതല ഓഫീസർമാരായി ശ്രീ. പി. കെ. അബ്ദു റബ്ബ് നിയമിച്ച ആളുകളുടെ പേരും അഡ്രസും എടുത്ത് വായിച്ചാൽ മനസ്സിലാകും. അവരുടെ പേരും അഡ്രസ്സുമൊക്കെ എന്റെ കയ്യിലുണ്ട് (ലിസ്റ്റ് ഉയർത്തിക്കാട്ടി).

മി. ഡെപ്യൂട്ടി സ്പീക്കർ: വ്യക്തിപരമായ വിശദീകരണമാണ് പ്ലീസ് ... പ്ലീസ് ചുരുക്കി പറയൂ.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വ്യക്തിപരമായ കാര്യമാണ് പറയുന്നത്. സ്കിൽ അക്വിസിഷൻ പ്രോഗ്രാമുമായി ബന്ധപ്പെട്ട് 219 പ്രോഗ്രാം മാനേജർമാരെ നിയമിച്ചു. ബി.ടെക്, എം.ബി.എ., എം.എസ്.ഡബ്ല്യൂ. എന്നീ ക്വാളിഫിക്കേഷനുള്ള വരെ ഓൺലൈൻ ടെസ്റ്റ്, കേസ് സ്റ്റഡി, ഇന്റർവ്യൂ എന്നിവ നടത്തിയാണ് നിയമിച്ചത്. ഈ ടെസ്റ്റുകൾ നടത്തിയത് ചീഫ് സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റി തെരഞ്ഞെടുത്ത പഴയ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. വിജയനുണ്ണിയും ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. എ. കെ. നായരുമാണ്. അവരാണ് ഈ ലിസ്റ്റ് ഉണ്ടാക്കിയത്. അവരുണ്ടാക്കിയ ലിസ്റ്റിൽ 219 പേരിൽ 20 പേരാണ് മുസ്ലീം സമുദായത്തിൽപ്പെട്ടവരുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...കൺക്ലൂഡ്, (....ബഹളം....)

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വാസ്തവത്തിൽ ഈ 219 പേരിൽ 18 പേരെ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ നിന്നും ഡെപ്യൂട്ടേഷനിൽ കൊടുത്തതും ബാക്കിയുള്ളവരെ മേൽപ്പറഞ്ഞ കമ്മിറ്റി തെരഞ്ഞെടുത്തതുമാണ്. 2014-16-ന്

ഇടയിൽ തെരഞ്ഞെടുത്ത ആളുകളാണ്. സ്കിൽ ഡെവലപ്പ്മെന്റ് സെന്റേഴ്സ് കൂടുന്നതനുസരിച്ച് കൂടുതൽ ആളുകളെ ഇതിൽനിന്ന് നിയമിക്കുകയാണ്. സ്ഥാനത്തും അസ്ഥാനത്തും ആളുകളെ വർഗ്ഗീയവാദിയാക്കുന്ന ഏർപ്പാടാണ് ഇവിടെ ബഹുമാന്യനായ കെ. ബി. ഗണേഷ് കുമാർ ചെയ്തത്. ആരാണ് വർഗ്ഗീയ വാദി? വർഗ്ഗീയം പറയുന്നതും പ്രവർത്തിക്കുന്നതും പ്രസംഗിക്കുന്നതും മനസ്സിൽ മലീമസമായ അത്തരം ചിന്തകൾ കൊണ്ടുനടക്കുന്നതും ആരാണെന്ന് എല്ലാവർക്കും അറിയാം. ഞങ്ങളാരും അതിന്റെ ആളുകളല്ല. ഞങ്ങൾ വർഗ്ഗീയത പറഞ്ഞിട്ടില്ല. ഞങ്ങൾക്ക് വർഗ്ഗീയമായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്...കൺക്ലൂഡ്

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ മുഴുവൻ മുസ്ലീങ്ങളെയും നിയമിച്ചു. ഇങ്ങനെ എന്തെങ്കിലും പറഞ്ഞയുടനെ അവരെ ബി.ജെ.പി.യാക്കണ്ട. ഞാൻ ബി.ജെ.പി. ഒന്നുമല്ല. പൊതുവേദിയിലും എല്ലായിടത്തും മതേതര നിലപാട് സ്വീകരിക്കുന്നൊരു ആളാണ് ഞാൻ എന്നൊക്കെ പറഞ്ഞിട്ട് എവിടെയെങ്കിലും ഒരു ജാതിക്കാരോ സമുദായക്കാരോ സംഘടിച്ചാൽ മറുവശത്ത് വേറെ ആളുകൾ സംഘടിച്ച് വർഗ്ഗീയത ഉണ്ടാകും. ഇതിന് ഞാനാണോ ഉത്തരവാദി; എന്റെ കാര്യവും സ്കിൽ അക്വിസിഷൻ പ്രോഗ്രാമുമായി ബന്ധപ്പെട്ട് നിയമിച്ച ആളുകളുമായി എന്താണ് ബന്ധമുള്ളത്; വായിൽ തോന്നിയത് കോതയ്ക്ക് പാട്ട് എന്നുപറയുന്നതുപോലെ നിയമസഭയിൽ വന്ന് എന്തും വിളിച്ചുപറയാം എന്നുള്ളത് ശരിയാണോ? ഒരിക്കലും ശരിയല്ല. ഞാൻ വിദേശത്തായിരുന്നതുകൊണ്ട് ഇങ്ങനെയൊരു പ്രസംഗം അദ്ദേഹം നടത്തിയെന്നത് ഇന്നലെയാണ് എന്റെ ശ്രദ്ധയിൽവന്നത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതി വാങ്ങി സംസാരിച്ചത്. ഇത്തരം പരാമർശങ്ങൾ മുഴുവൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നും നീക്കം ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

## XI. ക്രമപ്രശ്നം

### <u>2005-ലെ കേന്ദ്ര ദുരന്തനിവാരണ ആക്ടിന് കീഴിൽ ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഭരണഘടനയുടെ 256-ാം അനുച്ഛേദപ്രകാരം പാർലമെന്റ് പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാന സർക്കാർ ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ 2005-ലെ കേന്ദ്ര ദുരന്തനിവാരണ ആക്ടുമായി ബന്ധപ്പെട്ട ആക്ടിലെ 23, 38(1), 38(2) (ബി) വകുപ്പുകൾ പ്രകാരം ദുരന്തനിവാരണ പ്രതിരോധ സംവിധാനങ്ങൾ

സജ്ജമാക്കുന്നതിന് സംസ്ഥാന സർക്കാർ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ആ ആക്റ്റ് പാസ്സാക്കിയതിനു ശേഷം നാളിതുവരെ ഇതുസംബന്ധിച്ച് സംസ്ഥാന എക്സിക്യൂട്ടീവ് സമിതി രൂപീകരിച്ചതല്ലാതെ വകുപ്പ് വില്ലേജ് ഓഫീസുകളിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കി നൽകിയിട്ടില്ല. ഇതുസംബന്ധിച്ച് 2017 മാർച്ചിൽ പുറപ്പെടുവിച്ച അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിൽ കാലതാമസം വരുത്തുന്നതിലൂടെ ദുരന്തനിവാരണ മേഖലകളിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനോ അവ നടപ്പിലാക്കുന്നതിനുള്ള കേന്ദ്രസഹായം നേടിയെടുക്കുന്നതിനോ കഴിഞ്ഞിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയാണ്. ഓഡിറ്റ് റിപ്പോർട്ട് ഞാൻ വായിക്കുന്നില്ല. എന്നാൽ ഇതിലെ ഒരു വരിമാത്രം വായിക്കാം. Section - 23, There shall be a State Plan for disaster management for every State to be called State Disaster Management Plan. അത് ഇവിടെ രൂപീകരിച്ചിട്ടില്ല. സ്കീം കൊടുത്തിട്ടില്ല. ..Subject to the provisions of this Act, each State Government shall take all measures specified in the guidelines laid down by the National Authority and such further measures as it deems necessary or expedient for the purpose of disaster management. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ സ്കീം തക്കസമയത്ത് കൊടുക്കാത്തതുകൊണ്ട് അടിയന്തര പ്രമേയത്തിൽ സൂചിപ്പിച്ചതുപോലെ കേന്ദ്രത്തിൽനിന്നും നമുക്ക് ലഭിക്കേണ്ട പണം ലഭിക്കാതെ പോകുന്നുവെന്നത് ഏറ്റവും വലിയൊരു ദുരന്തമാണ്. അതുകൊണ്ട് ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ ശക്തമായ റൂളിംഗ് നൽകണമെന്നാണ് പറയാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2005-ലെ കേന്ദ്ര ദുരന്ത നിവാരണ നിയമം അനുസരിച്ച് 2007-ൽ കേരള സംസ്ഥാന ദുരന്തനിവരാണ ചട്ടം രൂപീകരിച്ചിട്ടുള്ളതാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ (Crisis Management Committees), ഉപദേശക സമിതികൾ, ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേരളത്തിന്റെ ആദ്യത്തെ സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 7-9-2016-ന് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികളും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റൽ പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ

ഗൈഡ്‌ലൈൻ 2014-ൽത്തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. അതാത് വകുപ്പുകളാണ് ഇവ തയ്യാറാക്കേണ്ടത്. ആരോഗ്യം, വാട്ടർ അതോറിറ്റി, ഹോമിയോപ്പതി, അഗ്നിശമന സേന എന്നീ ഡിപ്പാർട്ടുമെന്റുകൾ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളോടും പ്ലാൻ തയ്യാറാക്കാൻ നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. നഗര ദുരന്തലഘൂകരണ പദ്ധതി തിരുവനന്തപുരം നഗരത്തിനുവേണ്ടി 2015-ൽ തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുവാൻ തിരുവനന്തപുരം നഗരസഭ സ്വന്തം ഫണ്ടിൽനിന്നും പണം വകയിരുത്തിയിട്ടുണ്ട്. എല്ലാ നഗരസഭകളിലും അവരവരുടേതായ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കുന്നതിന് 57,99.000/- രൂപ 14 ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്കായി അനുവദിച്ചിട്ടുണ്ട്. ഏറ്റവും ദുരന്ത സാദ്ധ്യതയുള്ള 197 വില്ലേജുകളിലും തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ നഗരസഭകളിലെ വിവിധ വാർഡുകളിലും മൺട്രോതുരുത്ത്, പെരിങ്ങര എന്നീ പഞ്ചായത്തുകളിലും ദുരന്തലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ മറ്റു വാർഡുകളിലും ഈ വർഷം തന്നെ ദുരന്തലഘൂകരണ പദ്ധതി തയ്യാറാക്കും. തദ്ദേശതല ദുരന്തലഘൂകരണ പദ്ധതികളും വകുപ്പുതല ദുരന്ത ലഘൂകരണ പദ്ധതികളും തയ്യാറാക്കുന്നതിനോ നടപ്പിലാക്കുന്നതിനോ പ്രത്യേക കേന്ദ്രസഹായം ലഭ്യമല്ല. കേന്ദ്ര ദുരന്ത നിവാരണ നിയമം അനുസരിച്ച് ഡിപ്പാർട്ടുമെന്റൽ പ്ലാൻ നടപ്പാക്കാനാവശ്യമായ പണം കണ്ടെത്തേണ്ടത് അതാത് വകുപ്പുകളാണ്. കേന്ദ്ര സർക്കാർ കേന്ദ്ര ദുരന്ത പ്രതിരോധനിധി, നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട്, മിറ്റിഗേഷൻ ഫണ്ട് എന്നിവ രൂപീകരിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതിരോധനിധി രൂപീകരിച്ച ഇന്ത്യയിലെ ആദ്യത്തെ മൂന്ന് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പ്രസ്തുത നിധിയിൽ നിന്നാണ് ഓപ്പറേഷൻ അനന്ത, മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിയത്. സംസ്ഥാന അതോറിറ്റി വിവിധ പദ്ധതികൾ തയ്യാറാക്കി കേന്ദ്രത്തിൽനിന്നും ഗണ്യമായ തോതിൽ ധനസഹായം നേടിയെടുത്തിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഓർഡർ...ഓർഡർ... ഇന്നത്തെ കാര്യവിവരപ്പട്ടിക പ്രകാരം ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ആരംഭിക്കേണ്ടതുണ്ട്. എന്നാൽ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ഇന്നത്തെ കാര്യപരിപാടി ഭേദഗതി ചെയ്ത് ഇപ്പോൾ സഭയ്ക്ക് മുന്നിലുള്ള ബിസിനസ്സുകൾ പൂർത്തീകരിച്ചതിനുശേഷം ധനവിനിയോഗ ബില്ലിന്റെ പരിഗണന നടത്തുവാൻ സഭയുടെ അനുമതിയോടുകൂടി തീരുമാനിക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. ഉമ്മർ

ഉന്നയിച്ച ക്രമപ്രശ്നത്തിന്റെ വിശദീകരണമാണ് ഞാൻ നൽകിയത്. അത് പൂർത്തീകരിച്ചിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ദുരന്ത നിവാരണത്തിനുവേണ്ടി സംസ്ഥാനത്തിന് കിട്ടേണ്ട സെൻട്രൽ ഷെയറുണ്ട്. അത് എല്ലാ സ്റ്റേറ്റുകളുമായി ആലോചിച്ച് ഓരോ വർഷവും നമുക്ക് കിട്ടുന്നുണ്ട്. അത് കൃത്യമായി ഈ വർഷവും കിട്ടും. എന്നാൽ ഇപ്പോൾ സ്പെഷ്യൽ അസിസ്റ്റൻസിനുവേണ്ടി നമ്മൾ മൂവ് ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ ലഭിക്കുന്ന തുകയാണ് ഒരു സംസ്ഥാനത്തിന്റെ ദുരിത നിവാരണത്തിനുവേണ്ടി വിനിയോഗിക്കുന്നത്. ഈ വർഷം എന്തെങ്കിലും കിട്ടിയിട്ടുണ്ടോ? അതിനുവേണ്ടി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? ഇത്രയും രൂക്ഷമായ വരൾച്ചയിൽ കേരളത്തിലെ ഒട്ടുമുക്കാൽ ജില്ലകളും വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുക ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തെ ഈ വിഷയം ഉന്നയിച്ചതാണ്. അതിനുള്ള മറുപടി അപ്പോൾ നൽകിയതായിട്ടാണ് ഓർക്കുന്നത്. വരൾച്ചയെ തുടർന്ന് പ്രത്യേക ആവശ്യപ്രകാരം തൊഴിലാളികൾക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിപ്രകാരം 50 ദിവസത്തെ കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നേരത്തെ ലഭിച്ചിട്ടുണ്ട്. കൂടുതൽ ഭക്ഷ്യധാന്യവും മണ്ണെണ്ണ ഉൾപ്പെടെയുള്ളവ വരൾച്ചയെത്തുടർന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആ കാര്യത്തിൽ തീരുമാനമെടുക്കാനിരിക്കുകയാണ്. എന്നാൽ നേരത്തെതന്നെ 50 ദിവസത്തെ തൊഴിൽ ദിനങ്ങൾ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്.

## റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ..... ഓർഡർ...... പാർലമെന്റ് പാസ്സാക്കിയ ദി ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട്, 2005 പ്രകാരം സംസ്ഥാന ഗവൺമെന്റ് രൂപീകരിക്കേണ്ട പദ്ധതികളും ചട്ടങ്ങളും രൂപീകരിക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങളാണ് ക്രമപ്രശ്നത്തിലൂടെ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. 2005-ലെ ദുരന്ത നിവാരണ നിയമപ്രകാരം സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ട ചട്ടം 2007-ൽ തന്നെ രൂപീകരിച്ചതായും അത് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഇനിയും കൂടുതൽ ചട്ടങ്ങളും പദ്ധതികളും അനിവാര്യമായിട്ടുണ്ടെങ്കിൽ ആയത് സമയബന്ധിതമായി

രൂപീകരിക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കേണ്ടതാണ്.

## XII നിയമനിർമ്മാണകാര്യം

### (1) 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017 -ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2017 -ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളത്തെ നാമാവശേഷമാക്കിയ ഒരു വലതുപക്ഷ ഭരണത്തിനുശേഷം 2016 മേയ് മാസം 25-ാം തീയതി അധികാരത്തിലേയ്ക്കുവന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഒന്നാം വാർഷികമാണ് ഇന്ന് കേരളം ആഘോഷിക്കുന്നത്. അതിന്റെ ഭാഗമായി ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് നടത്താൻ കഴിഞ്ഞതിനാൽ ഈ ധനവിനിയോഗബില്ലിനെ ഞാൻ പൂർണ്ണമായി പിൻതുണയ്ക്കുകയാണ്. യു.ഡി.എഫ്. ഭരണത്തെ നോക്കിക്കൊണ്ടാണ് മഹാനായ ഒ.എൻ.വി. കുറുപ്പ് അദ്ദേഹത്തിന്റെ ശാർങ്ഗകപക്ഷികൾ എന്ന കവിതയിൽ ഇങ്ങനെ പാടിയത്

എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ
എന്നേയ്ക്കുമായസ്തമിച്ചുപോയ്; ഇന്നിനി
നമ്മിലൊരാളിന്റെ നിദ്രയ്ക്കു മറ്റെയാൾ
കണ്ണിമ ചിമ്മാതെ കാവൽ നിന്നീടണം.
ഇനി ഞാനുണർന്നിരിക്കാം, നീയുറങ്ങുക!

അസ്വസ്ഥമായിരുന്ന കേരളത്തെ സംരക്ഷിക്കാൻ ഒരു കാവലാളായി സഖാവ് പിണറായി വിജയന്റെ ഗവൺമെന്റുണ്ട് എന്ന പ്രഖ്യാപനമാണ് 2017 മേയ് മാസം 25-ാം തീയതി നടന്നത്. കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ഹൃദയത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. ഹൃദയമില്ലാത്ത ലോകത്തിന്റെ ഹൃദയമാണ് പിണറായി വിജയൻ. ഹൃദയമില്ലാതിരുന്ന കേരളത്തിന്റെ ഹൃദയമാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. എനിക്ക് പ്രതിപക്ഷനേതാവിനോട് പറയാനുള്ളത്, ഈ ധനവിനിയോഗ ബില്ലിന്റെ ഭാഗമായെങ്കിലും യു.ഡി.എഫ്. അംഗങ്ങളെ നിഷ്പക്ഷമായി വോട്ട് ചെയ്യാൻ അങ്ങ് അനുവദിക്കണം. കെ.പി.സി.സി.-യുടെ സർക്കുലർ പ്രതിപക്ഷാംഗങ്ങൾക്ക് കൊടുക്കാൻ പാടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ യു.ഡി.എഫ് എന്തിനാണ് അസ്വസ്ഥമാകുന്നത്? കഴിഞ്ഞ അഞ്ചുവർഷക്കാലം, 2006 മുതൽ 2011 വരെ ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുമ്പോൾ കേന്ദ്രം ഭരിച്ചത് യു.പി.എ. സർക്കാരായിരുന്നു. യു.പി.എ. സർക്കാരിൽ നിന്നും എത്ര അവാർഡുകൾ കേരളത്തിന് കിട്ടി? അവാർഡുകൾ ഓരോന്നായി കേരളത്തിലെ ഇടതുപക്ഷ സർക്കാരിന് കിട്ടുമ്പോൾ സംസ്ഥാനത്തെ കെ.പി.സി.സി.യുടെ നേതാക്കൾ കേന്ദ്രത്തിലെ കോൺഗ്രസ് നേതാക്കളോട് പറഞ്ഞു ഇനി ഒരു അവാർഡ് പോലും കേരളത്തിലെ ഇടതുപക്ഷ സർക്കാരിന് കൊടുക്കാൻ പാടില്ലെന്ന്. കേരളത്തിലെ ആരോഗ്യമേഖലയിൽ, വിദ്യാഭ്യാസ മേഖലയിൽ നടത്തിയ പുരോഗതിയുടെ ഭാഗമായി കേന്ദ്രം ഭരിച്ച കോൺഗ്രസ് ഗവൺമെന്റിന് അന്നത്തെ ഇടതുപക്ഷ സർക്കാരിനെ പിന്തുണയ്ക്കേണ്ടതായിവന്നു. അവാർഡ് കൊടുക്കേണ്ടതായി വന്നു. സമാനമായ സാഹചര്യമാണ് 2017-ലും, കെ.പി.സി.സി. യോഗം ചേരുമ്പോൾ പ്രതിപക്ഷ എം.എൽ.എ.-മാരോട് പറയുകയാണ് ഈ സർക്കാരിനെ പുകഴ്ത്താൻ പാടില്ല, അവരുടെ ഹൃദയത്തിൽ നിന്ന് വരുന്നതാണ്. ഈ നാട് നന്നാക്കാൻ ഇടതുപക്ഷ സർക്കാർ തീരുമാനിക്കുമ്പോൾ, നാട് നന്നാവുന്നതിന്റെ ഭാഗമായി സ്വാഭാവികമായി അവർ പിന്തുണയ്ക്കുകയാണ്. സി & എ.ജി. -യുടെ റിപ്പോർട്ടിൽ ഒന്നിനുപുറകെ ഒന്നൊന്നായി വരികയാണ്. കഴിഞ്ഞ സി & എ. ജി. റിപ്പോർട്ടിൽ കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം യു.ഡി.എഫ് നടത്തിയ തീവെട്ടിക്കൊള്ളയെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. കരാർ ലംഘനം നടത്തി മെത്രാൻ കായൽ ഇവിടത്തെ മുതലാളിമാർക്ക് എഴുതിക്കൊടുത്തു. ശ്രീ. വി. ഡി. സതീശന്റെ മണ്ഡലമായ പറവൂരിൽ വിവാദസ്വാമിയായ സന്തോഷ് മാധവന് ഭൂമി കൊടുക്കാൻ അന്നത്തെ സർക്കാർ തീരുമാനിച്ചു. കോട്ടയം മൊബിലിറ്റി ഹബ്ബ്, ഹരിപ്പാട് മെഡിക്കൽ കോളേജ് അടക്കമുള്ള കേരളത്തിലെ പൊതുവിഭവങ്ങൾ കേരളത്തിലെ ഭൂസ്വാമിമാർക്ക് തീറെഴുതിക്കൊടുക്കാൻ ശ്രമിച്ചത് കരാർ ലംഘനമാണ്, നിയമവിരുദ്ധമാണ് എന്ന് സി. ആന്റ് എ.ജി.

ചൂണ്ടിക്കാണിച്ചു. സി.ആന്റ് എ.ജി.-യുടെ ഒരു പുതിയ അന്വേഷണ റിപ്പോർട്ട് വന്നിരിക്കുകയാണ്. വിഴിഞ്ഞം ഉദ്ഘാടനത്തിന്റെ സമയത്ത് വിഴിഞ്ഞം തന്റെ കുഞ്ഞാണ് എന്നാണ് കേരളത്തിന്റെ മുൻമുഖ്യമന്ത്രി പറഞ്ഞത്. വിഴിഞ്ഞം എന്നത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ വികസന കുഞ്ഞല്ല, ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയ അഴിമതിയുടെ കുഞ്ഞാണ്. കേരളത്തിന്റെ ഭാവി തകർത്ത് അദാനി ജൂനിയേഴ്സിന് ഭാവിയിൽ ജീവിക്കാൻ പണമുണ്ടാക്കിക്കൊടുക്കുന്ന ഒരു പദ്ധതിയായി വിഴിഞ്ഞം മാറുകയാണ്. വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി സി. ആന്റ് എ. ജി. റിപ്പോർട്ട് വരുമ്പോൾ, കെ.പി.സി.സി.-യുടെ മുൻ പ്രസിഡന്റ് ശ്രീ. വി. എം. സുധീരന്റെ ഫെയ്സ് ബുക്ക് പേജിൽ അദ്ദേഹം പോസ്റ്റ് ചെയ്തു. 29,217 കോടി രൂപയുടെ ഭീകരമായ കൊള്ളയാണ് ശ്രീ. ഉമ്മൻ ചാണ്ടിയും സംഘവും ചേർന്ന് വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി നടത്തിയിരിക്കുന്നത് എന്ന് സി. ആന്റ് എ. ജി. പറയുന്നു. എനിക്ക് തോന്നുന്നത് മിനിഞ്ഞാന്ന് ശ്രീ. ഉമ്മൻ ചാണ്ടി ഒരു പ്രസംഗം നടത്തി. ആ പ്രസംഗം അദ്ദേഹം ചോദിച്ചു വാങ്ങിയതാണ്. മുൻകൂർ പ്രതിരോധിക്കാൻ PRDS-നെ മറപിടിച്ചുകൊണ്ട്, പട്ടികജാതി വിഭാഗത്തിന് കൊടുത്ത കോളേജ് മറച്ചുകൊണ്ട് ആ കോളേജിന്റെയും PRDS-ന്റെയും മറവിൽ വിഴിഞ്ഞത്തെ ഒളിപ്പിക്കാൻ ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയ ബോധപൂർവ്വമായ പരിശ്രമങ്ങൾ, വിഴിഞ്ഞത്തിന്റെ കാര്യത്തിൽ കൊടിയ അഴിമതികൾ നടന്നിട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്തുണ്ടായ കരാറിൽ നിന്നും എന്ത് വ്യത്യസ്തമായ നിലപാടാണ് ഈ കരാറിലുള്ളത് എന്ന് ശ്രീ. ഉമ്മൻ ചാണ്ടി ചോദിച്ചു. സി.ആന്റ് എ.ജി. റിപ്പോർട്ടിൽ പേജ് 101, ചാപ്റ്റർ-3 ൽ പറയുന്നു. അതിന് മുമ്പ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലത്തുണ്ടായിരുന്ന, നിങ്ങളുടെ കാലത്തുണ്ടായിരുന്ന മൂന്ന് ദർഘാസുകളിൽ നിന്നും വ്യത്യസ്തമായ ദർഘാസായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 2013-ൽ ഉണ്ടാക്കിയ ദർഘാസ്. അതിൽ പറയുന്നു. 30 വർഷമെന്നുള്ളത് 2013-ലെ കരാറിലാണ്. അതിനുമുമ്പുള്ള വി. എസ്. സർക്കാരിന്റെ കാലത്തുണ്ടായ കരാറിലില്ല. നിങ്ങളുടെ കാലത്തെ 2013-ലെ കരാറിലാണ് 40 വർഷമാക്കി കൊടുത്തിരിക്കുന്നത്. മുൻ മുഖ്യമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. പഴയ സർക്കാരിന്റെ കാലത്തെ കരാറാണ് ഈ സർക്കാർ തുടർന്നുപോന്നതെന്ന തെറ്റിദ്ധാരണ ഈ സഭയ്ക്കകത്ത് ഉണ്ടാക്കുകയാണ്. നിങ്ങളുടെ കാലത്തെ കരാറിനകത്താണ് 30 വർഷമെന്നുള്ളത് 40 വർഷമായി കൂട്ടിക്കൊടുത്തിരിക്കുന്നത്. 10 വർഷം അധികമായി കൊടുത്തതിന്റെ ഭാഗമായാണ് കൺസെഷണയർക്ക് 29,217 കോടി രൂപ അധികമായി വരുമാനം കിട്ടിയിട്ടുള്ളത്. ഇത് കുളച്ചലിന് സമാനമാണെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറയുന്നു. അദ്ദേഹം പ്രതിരോധിക്കാൻ ശ്രമിക്കുകയാണ്. പേജ് 101.....

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ കേന്ദ്ര സർക്കാരിന്റെ പ്ലാനിംഗ് കമ്മീഷന്റെ സ്റ്റേറ്റ് പോർട്ട്സിന്റെ കൺസെഷൻ എഗ്രിമെന്റാണ്. ഇതിൽ പറയുന്നത്, Subject to and in accordance with the provisions of this Agreement, Applicable Laws and Applicable permits, the Authority hereby grants to the Concessionaire, the concession set forth herein including the exclusive right, license and authority to construct, operate and maintain the project (the " Concession" ) for a period of 40 (forty) years commencing from Appointed Date. പ്ലാനിംഗ് കമ്മീഷന്റെ ഗൈഡ്‌ലൈനിൽ 40 വർഷമാണെന്നാണ് പറയുന്നത്. അതനുസരിച്ചാണ് കരാർ വച്ചത്. അല്ലാതെ ഞങ്ങൾ എഴുതിച്ചേർത്തതൊന്നുമല്ല.

ശ്രീ. ആർ. രാജേഷ്: സർ, കേന്ദ്രസർക്കാരിന്റെ മാനദണ്ഡപ്രകാരം അനുസരിച്ചല്ല. നിങ്ങൾ സമീപത്തുള്ള കുളച്ചൽ കരാർ നോക്കണം.

ശ്രീ. പി. സി. ജോർജ്: സർ, ആര് എന്തുപറഞ്ഞാലും ദിവസം 35 കോടി രൂപ വച്ച് ലാഭമുണ്ടാക്കാൻ അദാനിക്ക് കച്ചവടം ചെയ്തതാണ്. കേരളത്തിലെ ജനങ്ങൾക്ക് ഇതിൽ നിന്നും ഒരു പൈസയെങ്കിലും ലഭിക്കണമെങ്കിൽ 40 കൊല്ലം കാത്തിരിക്കണം. ഇത് വലിയ കൊള്ളയാണ്. 2016 ഫെബ്രുവരി 26-ാം തീയതി പത്രസമ്മേളനം നടത്തിയ കാര്യം എന്റെ പ്രസംഗത്തിൽ പറയുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. സുരേഷ് കുറുപ്പ്)

ശ്രീ. രാജു എബ്രഹാം: സർ, 40 വർഷം കഴിഞ്ഞ് വീണ്ടും ഒരു 20 വർഷം കൂടി ഈ കരാർ നീട്ടികൊടുത്തിട്ടുണ്ട്. അതുവഴി 80,000 കോടി രൂപയുടെ കള്ളക്കച്ചവടമാണ് നടന്നതെന്ന് അങ്ങേയ്ക്കറിയുമോ?

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ മൂന്ന് പോയിന്റ് മാത്രമേ പറയുന്നുള്ളൂ. ഇത് ബ്രൗൺ ഫീൽഡിൽ നിന്നും ഗ്രീൻ ഫീൽഡിലേക്ക് മാറ്റുമ്പോൾ പരമാവധി ധനസഹായം കിട്ടുമെന്നാണ് ശ്രീ. ഉമ്മൻ ചാണ്ടി സഭയിൽ പറഞ്ഞത്. കിട്ടില്ല. ഗ്രീൻഫീൽഡിലേക്ക് മാറ്റുമ്പോഴും കുളച്ചൽ കരാർ 30 വർഷമാണ്. കുളച്ചലിന് സമാനമാണെന്ന് പറയുമ്പോൾ വിഴിഞ്ഞം പദ്ധതി 40 വർഷത്തേയ്ക്ക് എക്സ്റ്റന്റ് ചെയ്തുകൊടുത്തു. കൺസെഷണയറുടെ കാലാവധി 40 വർഷക്കാലത്തിനിടയിൽ, 36, 37 വർഷമാകുമ്പോൾ അദാനി എന്നുപറയുന്നയാൾ ഒരു അപേക്ഷ കൊടുത്താൽ അദ്ദേഹത്തിന് 20 വർഷം കൂടി ഈ കരാർ നീട്ടിക്കൊടുക്കാൻ ഇതിന്റെ ഭാഗമായി വ്യവസ്ഥ ചെയ്തിരിക്കുകയാണ്. സി.ആന്റ് എ.ജി. പറയുന്നു, കേവലം 14,681 കോടി രൂപ ചെലവഴിച്ചാൽ 61,095 കോടി രൂപയുടെ ലാഭം

അദാനിക്ക് കിട്ടും. 5,000 കോടി രൂപ മുടക്കുന്ന അദാനി 14,000 കോടി രൂപ 30-ാ മത്തെ വർഷം മുടക്കുമ്പോൾ 61,000 കോടി രൂപ അദാനിക്ക് ലാഭം കിട്ടുന്ന ഒരു പ്രോജക്ടാക്കി വിഴിഞ്ഞത്തെ മാറ്റിയിരിക്കുന്നു. സംസ്ഥാനത്തിന് എന്താണ് ലാഭം? നാടിന് എന്താണ് ലാഭം; 60 വർഷക്കാലത്തേയ്ക്ക് ഈ നാടിന് ലാഭമില്ലാത്ത ഒരു പദ്ധതിയാക്കി മാറ്റുന്നു. സംസ്ഥാനത്തെ ഒരു വർഷത്തെ ഭരണനേട്ടങ്ങളാകെ വിശദീകരിക്കണം എന്നാണ് കരുതിയത്. അതിലേക്ക് പോകുന്നില്ല.

നിങ്ങളുടെ കാലഘട്ടത്തിൽ ഒരിഞ്ച് ദേശീയപാത നിർമ്മിക്കാൻ നിങ്ങൾക്കായോ? ഈ സർക്കാർ എന്ത് ശരിയാക്കി എന്നുചോദിക്കുമ്പോൾ ഒന്നും ശരിയാക്കിയില്ല എന്ന് പറയുന്ന പ്രതിപക്ഷനേതാവേ, 630 കിലോമീറ്റർ ദേശീയ പാത മലബാറിന്റെ മേഖലയിൽ 2 ജില്ലകളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2020-ഓടുകൂടി ഈ സർക്കാർ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ദേശീയപാത പൂർത്തീകരിക്കാൻ പോകുകയാണ്. നിങ്ങൾ എന്താണ് ശരിയാക്കിയത് എന്ന് ചോദിക്കുമ്പോൾ പ്രതിപക്ഷനേതാവേ, ഗെയിൽ വാതക പൈപ്പ്ലൈനിന്റെ ഒരിഞ്ച് പൈപ്പ് ഇടാൻ നിങ്ങൾക്ക് കഴിഞ്ഞിരുന്നോ; എല്ലാം ശരിയാക്കേണ്ടത് ഇടതുപക്ഷ സർക്കാർ. പൈപ്പ്ലൈൻ രണ്ട് ജില്ലകളിൽ പൂർത്തീകരിച്ചു. അതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. രണ്ട് ജില്ലകളിൽ പൈപ്പ്ലൈൻ ഇട്ടുകൊണ്ട് ഗെയിൽ വാതക പൈപ്പ്ലൈൻ പൂർത്തീകരണ ഘട്ടത്തിലേയ്ക്ക് മുന്നോട്ട് കൊണ്ടുപോകാൻ ഇടതുപക്ഷം തീരുമാനിക്കുകയാണ്. കേരളത്തിന്റെ വികസനത്തിൽ, വിദ്യാഭ്യാസ മേഖലയിൽ, ആരോഗ്യ മേഖലയിൽ, പരമ്പരാഗത രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ സമ്മാനിച്ചത് ഇടതുപക്ഷ സർക്കാരാണ്. ഇന്ത്യയിൽ ആദ്യമായി സൈബർ പാർക്കിന് തറക്കല്ലിട്ടത് കഴിഞ്ഞ ഇടതുപക്ഷ സർക്കാരാണ്. നിങ്ങളുടെ 5 വർഷക്കാലം എന്തുചെയ്തു? ഒന്നും ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. ഇന്ത്യയിലെ ആദ്യത്തെ ടെക്നോപാർക്ക് ആരംഭിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. സമയപരിമിതികൊണ്ട് വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. സമ്പൂർണ്ണ വൈദ്യുതീകരണം, ഒ.ഡി.എഫ്., പട്ടയങ്ങൾ, പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നു, എല്ലാവർക്കും പെൻഷൻ കൊടുക്കുന്നു, അഴിമതിരഹിതമായ, സംശുദ്ധമായ ഭരണം. കാർഷിക മേഖലയിൽ പുത്തൻ ഉണർവ്, നാല് ലക്ഷം കുടുംബങ്ങൾക്ക് വീട് കൊടുക്കുന്ന ലൈഫ് പദ്ധതി, 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലേയ്ക്ക് മാറുന്നു. 36,000 ത്തോളം വരുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ പി.എസ്.സി. വഴി നിയമിക്കുന്നു. കിഫ്ബിയിലൂടെ 12,000 കോടി രൂപയുടെ ഭരണാനുമതി കൊടുക്കുന്നു. കൊച്ചി മെട്രോയ്ക്ക് 156 കോടി രൂപ വകയിരുത്തിയെങ്കിലും കേന്ദ്രം അതിന് അനുമതി നൽകിയില്ല. എന്തുകൊണ്ടാണ്? ശ്രീ. കെ. വി. തോമസിനെ ഉപയോഗിച്ചുകൊണ്ട്

നിങ്ങൾ പാരവച്ചു. അതിനുശേഷം DMRC (Delhi Metro Rail Corporation) വരാൻ പാടില്ല എന്ന നിലപാടെടുത്തു; അഥവാ വന്നാലും ശ്രീ. ഇ. ശ്രീധരൻ അതിലുണ്ടാകാൻ പാടില്ല എന്ന നിലപാട് നിങ്ങൾ സ്വീകരിച്ചു. 10 ശതമാനം കമ്മീഷനുവേണ്ടി DMRC വരാൻ പാടില്ല, ശ്രീ. ഇ. ശ്രീധരൻ ഉണ്ടാകാൻ പാടില്ല.

കണ്ണൂർ വിമാനത്താവളം വിമാനമിറങ്ങാതെ നിങ്ങൾ ഉദ്ഘാടനം ചെയ്തു. അതിന് സ്ഥലം ഏറ്റെടുത്തതാരാണ്? അതിനാവശ്യമായ 2500 ഏക്കർ സ്ഥലം ഏറ്റെടുത്തത് ഇടതുപക്ഷ സർക്കാരാണ്. ഇന്നലെ ബഹുമാന്യനായ ഡോ. എം. കെ. മുനീർ പറഞ്ഞു, പ്രസവമെടുക്കുന്ന ഡോക്ടറെ ആരും ബാപ്പ എന്നുവിളിക്കില്ല എന്ന്. ഇതെല്ലാം ആരംഭിച്ചത് ഇടതുപക്ഷമാണ്. ഇടതുപക്ഷമാണ് പൂർത്തീകരിക്കാൻ പോകുന്നത്. ഒരു വയറ്റാട്ടിയെ ആരും അമ്മ എന്നുവിളിക്കില്ല. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തുടങ്ങിവച്ച വികസന ക്ഷേമ പ്രവർത്തനങ്ങളുടെ അംഗീകാരമാണ് ഇക്കാലത്ത് നടന്ന തെരഞ്ഞെടുപ്പ്. മലപ്പുറത്ത് ഒരു ലക്ഷം വോട്ട് ഇടതുപക്ഷത്തിന് പോയി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ രണ്ടുഘട്ടങ്ങളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ചരിത്രവിജയം നേടി. ഒരുവർഷം കൊണ്ട് കേരളത്തിന്റെ വികസനത്തിന് അടിത്തറ പാകിയ ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ, ഹൃദയമില്ലാത്ത ലോകത്തിന്റെ ഹൃദയമായി മാറിയ ഈ സർക്കാരിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ധനവിനിയോഗ ബില്ലിന് ഒരു വിധത്തിലുമുള്ള പരസ്പര ധാരണ വകുപ്പുകൾ തമ്മിലില്ല എന്നുള്ള ഒരു സൂചന ചൂണ്ടിക്കാണിച്ചുകൊണ്ട് തുടങ്ങാം. ഈ ബില്ലിൽ മാൻഹോളുകളുടെയും സെപ്റ്റിക് ടാങ്കുകളുടെയും ശുചീകരണം യന്ത്രവൽക്കരിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോയെന്ന ശ്രീ. എം. ഉമ്മറിന്റെ 10-5-2017 -ലെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ.ടി. ജലീൽ നൽകിയ മറുപടി, മാൻഹോളുകളുടെയും സെപ്റ്റിക് ടാങ്കുകളുടെയും ശുചീകരണം യന്ത്രവൽക്കരിക്കുന്നതിന് സർക്കാർ പദ്ധതികൾ നിലവിലില്ല എന്നാണ്. ഇന്നലെ ഇവിടെ നമ്മൾ പാസ്സാക്കിയ സപ്ലിമെന്ററി ഡിമാന്റ്സിലെ 19-ാമത്തെ പേജിൽ പറഞ്ഞിരിക്കുന്നത്, Mechanisation of cleaning of manhole and septic tank എന്നതിനുവേണ്ടി ടോക്കൺ മണി വച്ചിരിക്കുകയാണ് എന്നാണ്. ഇത് മൂന്നുമാസം മുമ്പുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതാണ്. ഇത്തരമൊരു പദ്ധതി ഞങ്ങൾ നടപ്പാക്കുന്നുവെന്ന കാര്യം ധനകാര്യവകുപ്പ് പഞ്ചായത്ത് വകുപ്പിനെ അറിയിക്കാതെയോ ധനകാര്യവകുപ്പ് ഇതിന് പണം വച്ചിട്ടുണ്ട് എന്നുള്ള കാര്യം പഞ്ചായത്ത് അറിയാതെയോ പോകുന്നു. ഇതൊക്കെ

കേവലം അധര വ്യായാമമായി മാറുകയാണ്. അങ്ങനെയൊരു പദ്ധതിയില്ല എന്ന് ഒരു മന്ത്രി പറയുന്നു. ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ അതിന് പണം വകയിരുത്തി സ്പെഷ്യൽ സപ്ലിമെന്ററി ബഡ്ജറ്റ് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ഇതാണ് ഭരണത്തിന്റെ ഒരു രൂപമെന്ന് ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഇന്ന് ഒരു വർഷം പൂർത്തിയാകുകയാണ്. കേരള ചരിത്രത്തിലെ നഷ്ടങ്ങളുടെയും കഷ്ടങ്ങളുടെയും വികസന മുരടിപ്പിന്റെയും ഒരു വർഷമാണ് നമ്മൾ പിന്നിട്ടത്. ഇത്തവണത്തെ എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞപ്പോൾ 15 വയസ്സുള്ള ഒരു മിടുക്കൻ ഫേസ്ബുക്കിൽ ഒരു പോസ്റ്റിട്ടു. ഞങ്ങളുടേതല്ലാത്ത കുറ്റത്തിന് ഞങ്ങളെക്കൊണ്ട് നിങ്ങൾ രണ്ടാം തവണ പരീക്ഷ എഴുതിപ്പിച്ചു. 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പ് രണ്ടാം വട്ടം നടത്താൻ തയ്യാറാണെങ്കിൽ, 'അന്ന് കേരള ജനതയ്ക്ക് പറ്റിയ തെറ്റ് അവർ ഇന്ന് തിരുത്തും' എന്ന ഒരു 15 വയസ്സുകാരന്റെ അമർഷം നമുക്ക് ഫേസ്ബുക്കിലൂടെ കാണാൻ സാധിച്ചു. ഒരു പരീക്ഷയുടെ തയ്യാറെടുപ്പ് നമുക്കൊക്കെ അറിയാം. നമ്മളൊക്കെ പരീക്ഷ എഴുതിയതാണ്. പക്ഷെ അന്ന് നമ്മളൊക്കെ പാസ്സാകാനാണ് പരീക്ഷ എഴുതിയിരുന്നതെങ്കിൽ ഇന്നത്തെ കുട്ടികൾക്ക് 'എ പ്ലസ്' വേണം, തല കുത്തനെ നിന്നാണ് പഠിക്കുന്നത്. രാത്രി ഉറങ്ങാതിരിക്കാൻ ബക്കറ്റിലെ വെള്ളത്തിൽ കാൽ മുക്കിവച്ചിരുന്ന് പഠിക്കുന്ന കുട്ടികളുണ്ട്. അങ്ങനെ കഷ്ടപ്പെട്ട് പഠിച്ച് പരീക്ഷ എഴുതി കഴിയുമ്പോൾ ആ കുട്ടിക്ക് ഒരാശ്വാസമാണ്. നമ്മളൊക്കെ അവസാനത്തെ കണക്ക് പരീക്ഷ കഴിഞ്ഞ് വീട്ടിലേയ്ക്ക് വരുമ്പോൾ ആശ്വാസത്തോടെ പുസ്തകം അറ്റത്തേയ്ക്ക് ഒരേറാണ്. ഇനി 2-3 മാസത്തേയ്ക്ക് അത് നമുക്ക് ആവശ്യമില്ല. ആ ആശ്വാസത്തിലിരിക്കാൻ ഇന്നത്തെ കുട്ടി പോകുമ്പോഴാണ് അമ്മ പറയുന്നത്, പുസ്തകം എറിയാൻ വരട്ടെ നീ എഴുതി വന്ന പരീക്ഷ ശരിയായിട്ടില്ലായെന്ന് ടി.വി.-യിൽ എഴുതിക്കാണിക്കുന്നുണ്ടെന്ന്. ചരിത്രത്തിൽ ആദ്യമായല്ലേ എസ്.എസ്.എൽ.സി. പരീക്ഷ രണ്ടാംവട്ടം എഴുതേണ്ടിവന്നത്. ആ ഒരു ഗതികേടാണ് ഇന്ന് കേരളത്തിനുള്ളത്. 2016-ലെ തെരഞ്ഞെടുപ്പ് ഒന്നുകൂടി നടത്തിയാൽ ജനം നിങ്ങളെ വിലയിരുത്തുമെന്ന് അതുകൊണ്ടാണ് ആ കുട്ടി പറഞ്ഞത്.

ഇപ്പോൾ വാർഷികാഘോഷങ്ങളുടെ ഒരു വലിയ ബഹളമാണ്. ഇവിടെ ശ്രീ. ആർ. രാജേഷൊക്കെ പ്രസംഗിക്കുമ്പോൾ പുതിയതൊന്നും പറയാനില്ലാത്തതു കൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് നടപ്പാക്കിയ പദ്ധതികൾ ഏറ്റെടുക്കുകയാണ്. ഇന്നത്തെ എല്ലാ പത്രങ്ങളിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചിത്രമടക്കം ഒരുപാട് പദ്ധതികൾ പറഞ്ഞിട്ടുണ്ട്. അതിൽ മെട്രോ, വിഴിഞ്ഞം, കണ്ണൂർ എയർപോർട്ട് എന്നിവയൊക്കെയുണ്ട്. ഇതിന്റെയൊക്കെ പിതൃത്വത്തിന് ഡി.എൻ.എ. ടെസ്റ്റ് നടത്തേണ്ട കാര്യമില്ല. ഇതൊക്കെ ഏത് കാലത്താണ്

തുടങ്ങിയതെന്ന് കേരള ജനതയ്ക്കറിയാം. അതിൽ എനിക്കൊരു വിയോജിപ്പുണ്ട്. ഇന്നത്തെ പത്ര പരസ്യങ്ങളിലൊക്കെ നവകേരളത്തിന്റെ ഒന്നാം വാർഷികമെന്നാണ് പറയുന്നത്. ഞങ്ങളെ നിങ്ങൾ വിസ്മരിച്ചോളൂ, ഇ.എം.എസ്.-ഉം അച്യുതമേനോനും ഇ. കെ. നായനാരുമൊക്കെ ചേർന്നാണ് നവകേരളമുണ്ടാക്കിയത്. മന്നത്ത് പത്മനാഭനും ആർ. ശങ്കറും പട്ടം താണുപിള്ളയും ഇടത്-വലത് മുന്നണികളിലെ കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും സി. എച്ച്. മുഹമ്മദ്കോയയും സീതി സാഹിബുമൊക്കെയടങ്ങുന്നവരുടെ സംഭാവനകളുണ്ട്. പക്ഷെ, അതെല്ലാം മറന്നു. നവകേരളം തുടങ്ങുന്നത് കഴിഞ്ഞ വർഷം മെയ് മാസം 25-ാം തീയതിയാണെന്നാണ് ഇവരുടെ കണക്ക്. എന്താണ് ഇതൊക്കെ? വളരെ മോശമായിപ്പോയി. നവകേരളത്തിന്റെ ഒന്നാം വാർഷികം. അതിന് മുമ്പുള്ളത് നവകേരളമല്ലേ? ഐക്യ കേരളം രൂപപ്പെട്ട് നിങ്ങളും ഞങ്ങളുമുള്ള ഇടതും വലതുമായ മന്ത്രിസഭകൾ ഒരുപാട് സംഭാവനകൾ ചെയ്താണ് ഈ നവകേരളം സൃഷ്ടിച്ചത്. നിങ്ങളുടെ കണ്ണിൽ ഇതുവരെയുള്ളതൊന്നും നവകേരളത്തിന്റെ ഭാഗമല്ല. വല്ലാത്ത മോശമായിപ്പോയി. 'ഞാനും ഞാനുമെന്റാളും പിന്നെ 40 പേരും' എന്ന് പറഞ്ഞതുപോലെ ഇന്ന് നിങ്ങൾക്ക് അഭിരമിക്കാൻ എന്താണുള്ളത്? നിങ്ങളുടെ കയ്യിൽ ഒരു കിഫ്ബിയുണ്ട്. നമ്മളും നമ്മുടെ കിഫ്ബിയും ശ്രീ. ഉമ്മൻ ചാണ്ടി തന്ന കുറെ വികസന പദ്ധതികളും അതിന്റെ തുടർച്ചയുമല്ലാതെ ഈ ഗവൺമെന്റിന് എന്താണ് അവകാശപ്പെടാനുള്ളത്?

ഒരു ഗവൺമെന്റിന്റെ ഒരു കൊല്ലം കഴിഞ്ഞുവെന്ന് പറഞ്ഞാൽ 1/5 പൂർത്തിയായെന്നാണ്. ഈ 1/5 പൂർത്തിയായപ്പോൾ മലപ്പുറം തെരഞ്ഞെടുപ്പിനെക്കുറിച്ച് ഇവിടെ പറഞ്ഞു; ഞാൻ വിശദീകരിക്കുന്നില്ല. മലപ്പുറത്ത് ജനങ്ങൾ ഗവൺമെന്റിനെ വിലയിരുത്തുമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞല്ലോ; നന്നായി വിലയിരുത്തി. ഒന്നേമുക്കാൽ ലക്ഷം വോട്ടിനാണ് ഞങ്ങളെ ജയിപ്പിച്ചത്. നിങ്ങൾ 10 മാസം ഭരിച്ചപ്പോൾ ജനം ഇങ്ങനെയാണ് വിലയിരുത്തിയതെങ്കിൽ നിങ്ങൾ 5 കൊല്ലം പൂർത്തിയാക്കിയാൽ കേരളത്തിലെ ജനത അധികാരം യു.ഡി.എഫ്.-ന്റെ കൈകളിലേയ്ക്ക് തിരിച്ചേൽപ്പിക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് ഒരു തർക്കവുമില്ല. 2014-ൽ ശ്രീമതി പി. കെ. സൈനബയെ നിർത്തിയപ്പോൾ അതിനുമുമ്പ് കിട്ടിയതിനേക്കാൾ 90,000 വോട്ട് കുറഞ്ഞു. അവിടെ വച്ചല്ല കണക്കുകൂട്ടേണ്ടത്. 2009 മുതൽ കണക്കുകൂട്ടൂ. 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പ് കണക്കുകൂട്ടൂ. 30,000 വോട്ട് കുറവാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അരലക്ഷം വോട്ട് കൂടി. 5,15,000 വോട്ട് കേരളത്തിന്റെ റിക്കാർഡ് നേട്ടമാണ്. ഭൂരിപക്ഷം കുറയുന്ന സാഹചര്യമാണ് ഞാൻ വിശദീകരിച്ചത്.

കേരളം ഇന്ന് പനിയിൽ അമരുകയാണ്. കേരളത്തിന്റെ നാനാഭാഗത്തും പകർച്ചവ്യാധികളും പനികളുമാണ്. അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ മന്ത്രി പറഞ്ഞത് എല്ലാം ഭദ്രമാണെന്നാണ്. ഒരു ഇടതുപക്ഷ ഭരണ കാലത്ത് പനി വന്നപ്പോൾ പട്ടാളത്തെ വിളിച്ചു. കൊതുകിനെ കൊല്ലാൻ തോക്കെടുത്തവരാണ് നിങ്ങൾ. ഇന്ന് ആ ജാതി വീരവാദമൊന്നും കാണിക്കുന്നില്ല. എന്നിരുന്നാലും എന്തെങ്കിലുമൊക്കെ ചെയ്യണം. മണ്ണാർക്കാട് മേഖലയിലൊക്കെ ആകെ പനിയാണ്. ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയവയൊക്കെയുണ്ട്. ആശുപത്രിയിൽ ആളുകളെ അഡ്മിറ്റ് ചെയ്യാൻ കഴിയുന്നില്ല.

മി. ചെയർമാൻ: യെസ്....... പ്ലീസ്....... സമയം കഴിഞ്ഞു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ ഗവൺമെന്റിന്റെ മദ്യനയം എന്താണ് വരാത്തത്? ഇതിൽ ഒരു കള്ളക്കളിയുണ്ടെന്നാണ് ഞാൻ പറയുന്നത്. മദ്യനയം വരാത്തതുകൊണ്ട് ഇത്തവണയുള്ള ബാർ ലൈസൻസുകളും ബിയർ-വൈൻ പാർലർ ലൈസൻസുകളുമൊക്കെ കഴിഞ്ഞ വർഷത്തെ അതേ റേറ്റിന് നിങ്ങൾ പുതുക്കിക്കൊടുത്തു. ഓരോ തവണയും, ഓരോ വർഷവും 10 ശതമാനവും 20 ശതമാനവും ലൈസൻസ് ഫീസ് സാധാരണയായി വർദ്ധനവുണ്ടാകും.

മി. ചെയർമാൻ: യെസ്....... പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മദ്യനയം പ്രഖ്യാപിച്ചില്ലെന്ന് പറഞ്ഞുകൊണ്ട് മദ്യ മുതലാളിമാരെയും ബാറുകാരെയും സഹായിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. അതിന്റെ പിന്നിൽ എന്തൊക്കെയോ ചീഞ്ഞുനാറുന്നുണ്ടെന്നാണ് പറയപ്പെടുന്നത്. ഒരു വർഷംകൊണ്ട് എല്ലാ തലത്തിലും കേരളത്തിനെ പുറകോട്ടടിച്ച ഒരു ഗവൺമെന്റാണിത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ധനവിനിയോഗ ബില്ലിനെ സർവ്വാത്മനാ പിന്താങ്ങുകയാണ്. കേരളത്തെ ഒരു മുടിഞ്ഞ തറവാട് പോലെയാക്കിയ സാഹചര്യത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. അതിനെത്തുടർന്ന് എൽ.ഡി.എഫ്. കേരളീയ സമൂഹത്തിനുവേണ്ടി തയ്യാറാക്കിയ ഒരു പ്രകടനപത്രിക ജനങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചുകൊണ്ട് ജനങ്ങളുടെ മാൻഡേറ്റ് വാങ്ങി വലിയ ഭൂരിപക്ഷത്തോടെ അധികാരത്തിലേറി. സഖാവ് പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായും ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായും മറ്റ് മന്ത്രിമാരും ചുമതലയെടുത്തുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോയി. അതിന്റെ ഭാഗമായാണ് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. എൻ. ഷംസുദ്ദീൻ മലപ്പുറം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്

ഇവിടെ സൂചിപ്പിച്ചത്. 10 മാസം ആകുമ്പോഴാണ് മലപ്പുറത്ത് തെരഞ്ഞെടുപ്പ് നടന്നത്. 10 മാസംകൊണ്ട് മലപ്പുറം പാർലമെന്റ് മണ്ഡലത്തിൽ ഒരു ലക്ഷം വോട്ട് അധികം കരസ്ഥമാക്കാൻ കഴിഞ്ഞുവെന്ന് പറഞ്ഞാൽ 5 വർഷംകൊണ്ട് ഈ ഗവൺമെന്റ് 140 സീറ്റിലും ജയിക്കുന്ന സാഹചര്യത്തിലേയ്ക്ക് കേരളം മാറുകയാണ്. എസ്.എസ്.എൽ.സി. പരീക്ഷയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ തവണ 3 ദിവസമാണ് എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൾട്ട് പ്രഖ്യാപിച്ചത്. അത് മറന്നുപോകരുത്. പരീക്ഷ എഴുതാത്ത 79 കുട്ടികളാണ് പാസ്സായത്. അതിൽ ഒരാൾക്ക് 'എ പ്ലസ്സ്'മാണ്. ഈ കാര്യങ്ങൾ വിസ്മരിക്കരുത്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പ്രശസ്ത കവി അയ്യപ്പപണിക്കർ നമ്മളെ നോക്കി ചോദിച്ചിരുന്നു,

കാടെവിടെ മക്കളേ? മേടെവിടെ മക്കളേ?

കാട്ടുപുൽത്തകിടിയുടെ വേരെവിടെ മക്കളേ?

കാട്ടുപൂഞ്ചോലയുടെ കുളിരെവിടെ മക്കളേ?

കാറ്റുകൾ പുലർന്ന പൂങ്കാവെവിടെ മക്കളേ?

ഈ ചോദ്യങ്ങൾക്ക് ഉത്തരമെന്ന നിലയിലാണ് പ്രകടനപത്രികയിലെ 4 മിഷനുകൾ കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. വീട് എന്ന സ്വപ്നം ഇവിടെ പൂവണിയുകയാണ്. ഇത് സംബന്ധിച്ച് ഒട്ടേറെ പ്രസംഗങ്ങൾ ഇവിടെ നടന്നതാണ്. തീർച്ചയായും ഈ പ്രകൃതിയേയും മണ്ണിനേയും സമൂഹത്തേയും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമെന്ന നിലയ്ക്ക് മനുഷ്യരോട് കൂറുപുലർത്തുന്ന തീരുമാനവുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകും. മുടിഞ്ഞ തറവാടാക്കി മാറ്റിയ ഈ കേരളത്തെ ഇനിയെങ്ങനെ മുന്നോട്ടുകൊണ്ടുപോകണമെന്ന കാഴ്ചപ്പാടിന്റെ ഭാഗമായി പണമില്ലെങ്കിലും ഈ നാടിന്റെ വികസനത്തിന് പണമൊരു പ്രശ്നമല്ലെന്ന് കണ്ടുകൊണ്ട് ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചുകൊണ്ട് സമഗ്രമായ വികസന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചിട്ടുള്ളത് തീർച്ചയായും ശ്ലാഘനീയമാണ്. അതിന്റെ കൂടെയാണ് 4 മിഷനുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങൾ. അതിലാണ് അയ്യപ്പപണിക്കർക്ക് മറുപടി പറഞ്ഞുകൊണ്ട് കേരളത്തെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് രംഗത്തുവരുന്നത്. കാടെന്ന് പറഞ്ഞാൽ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. വേരെവിടെയെന്ന് ചോദിക്കുമ്പോൾ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. അതിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗം മുതൽ വയോജനങ്ങളുടെ പ്രശ്നങ്ങൾ വരെ കൈകാര്യം ചെയ്യുന്ന രീതിയിലേയ്ക്ക് ഗവൺമെന്റ് തുടക്കം കുറിക്കുകയാണ്. കഴിഞ്ഞ ഒരു വർഷംകൊണ്ട് ഏറെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടാണ് ഒന്നാം വാർഷികത്തിലേയ്ക്ക് എത്തിയത്. ഇന്ത്യയ്ക്ക്

മാതൃകയായി മുന്നോട്ട് പോകുകയാണെന്ന് തെളിയിക്കുന്ന തരത്തിലേയ്ക്ക്, അതിന്റെ ചൂണ്ടുപലകയായി ഒന്നാം വാർഷികം സന്തോഷത്തോടുകൂടി കേരളമാകെ ആഘോഷിക്കുകയാണ്.

1.00 PM]

അതിന്റെ പ്രയാസത്തിലാണ് സെക്രട്ടേറിയറ്റ് നടയിലും മറ്റ് മേഖലകളിലും ഒരുമിച്ച് നിന്നുകൊണ്ട് കോൺഗ്രസ്സും ബി.ജെ.പി.-യും ഈ ഗവൺമെന്റിനെതിരായി സമരം നടത്തുന്നത്. അതവരുടെ മനസ്സിലുള്ള ഒരു കാഴ്ചപ്പാടാണ്. ഇതൊരു വർഗ്ഗസമരമാണ്. ലോക സാമ്രാജ്യത്വത്തിനെതിരെ, മുതലാളിത്വത്തിനെതിരെയുള്ള പോരാട്ടത്തിന്റെ ശക്തി കേരളത്തിൽ രൂപം കൊള്ളുന്ന എന്നതിന്റെ ഭാഗമായി ഇത് ഇന്ത്യയ്ക്ക് ആപത്താണെന്ന് കണ്ടുകൊണ്ടാണ് അവർ യോജിച്ചുനിന്ന് സെക്രട്ടേറിയറ്റിന് മുമ്പിൽ ഇത്തരമൊരു സമരമുറ തുടങ്ങിയത്. അതാണ് ശ്രീ. എൻ. ഷംസുദ്ദീൻ ആലോചിക്കേണ്ടത്. ഇത്തരമൊരു സാഹര്യം കേരളത്തിൽ വരുന്നുവെന്ന് പറഞ്ഞാൽ ഇതിനെ പിന്താങ്ങാൻ നിങ്ങൾ തയ്യാറാകണം. കേരളവും ഇന്ത്യയും രക്ഷപ്പെടാൻ നിങ്ങൾ പിന്താങ്ങണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതിന്റെ ഭാഗമായാണ് നാല് മിഷനുകൾ. ഇതൊരു ജനകീയ സംരംഭമാണ്, ഗവൺമെന്റ് പദ്ധതിയെന്ന നിലയ്ക്കല്ല. ഗവൺമെന്റ് അത് ലക്ഷ്യം വയ്ക്കുന്നു. ഈ നാടിനെ സംരക്ഷിക്കേണ്ടതുണ്ട്, നാട്ടിലെ തലമുറയെ സംരക്ഷിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് മിഷനുകളുമായി ബന്ധപ്പെട്ട 'ആർദ്രം' എന്ന പദ്ധതി. തീർച്ചയായും എത്ര ശ്ലാഘനീയമാണ്. 'ധർമ്മാശുപത്രി' എന്ന സങ്കൽപ്പം നമുക്കുണ്ടായിരുന്നു. അത് മാറി, ഒരു സാമ്രാജ്യ മുതലാളിത്ത സാമ്പത്തികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി ഈ മേഖലകളെല്ലാം വിറ്റ് കാശാക്കുന്ന സമീപനത്തിലേയ്ക്ക് പോയി; വീണ്ടും ധർമ്മാശുപത്രി സങ്കൽപ്പത്തിലേയ്ക്ക് തിരിച്ചുവരികയാണ്. സർക്കാർ ആശുപത്രികളെ ജനസൗഹൃദമാക്കുന്നു; പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നു. മെഡിക്കൽ കോളേജ്, ജില്ലാ, താലൂക്കാശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നു. മികച്ച ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം, മികച്ച ലബോറട്ടറി സൗകര്യങ്ങൾ, കാൻസർ പോലുള്ള മാരകരോഗങ്ങൾക്ക് പ്രത്യേക ചികിത്സാ കേന്ദ്രങ്ങൾ എല്ലാം ഉയർത്തിക്കൊണ്ടുവരാൻ തീരുമാനിക്കുകയാണ്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ്, എല്ലാ വിഭാഗങ്ങൾക്കും സൗജന്യമായി മരുന്ന് എത്തിക്കുന്ന പദ്ധതികളാണ് ഇതിന്റെ ഭാഗമായി ഉയർന്നുവരുന്നത്. സമഗ്രമായ സാമൂഹ്യ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നു.

മനുഷ്യനുവേണ്ടിയാണ് ഒരു ഗവൺമെന്റ് നിൽക്കുന്നത്. രാജ്യത്തെ വിറ്റ് കാശാക്കുന്ന നിലപാടുകളിൽനിന്നും മാറി മനുഷ്യജീവിതം എന്താണെന്ന് മനസ്സിലാക്കി അവന്റെ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ഒരു ജനാധിപത്യ ഗവൺമെന്റിന്റെ ബാധ്യത. അതാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി നടപ്പിലാക്കുകയാണ്. തെരഞ്ഞെടുപ്പിന്റെ വേളയിൽ ഈണത്തിൽ പാടിക്കൊണ്ട് സുന്ദരമോഹന മുദ്രാവാക്യങ്ങൾ മുന്നോട്ടുവച്ച് വോട്ട് വാങ്ങാനല്ല പ്രകടനപത്രിക, അതിനുശേഷം ആരും പുറംകാണാത്ത സമീപനത്തിലേയ്ക്കല്ല പോകേണ്ടത്. നിത്യജീവിതത്തിലൂടെ എന്താണ് പ്രകടനപത്രികയെന്ന് തെളിയിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു. അതിന്റെ ഭാഗമായാണ് സമഗ്ര സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നത്. വിദ്യാഭ്യാസ വായ്പാ സഹായവുമായി ബന്ധപ്പെട്ട് എത്ര സബ്മിഷനുകളും പ്രസംഗങ്ങളുമായിരുന്നു കഴിഞ്ഞ അഞ്ചുവർഷം ഈ നിയമസഭയ്ക്കകത്ത് ഉയർന്നുവന്നത്. എന്നാൽ ഒരു നിമിഷം ആലോചിക്കാതെ, കേരളത്തിൽ ആ പദ്ധതിക്ക് രൂപം നൽകി 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പാ സഹായമാണ് ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ചിട്ടുള്ളത്. 2159 പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപവരെയുള്ള കടം എഴുതിത്തള്ളി. ആരോടാണ് ഈ ഗവൺമെന്റിന് കൂറ് എന്ന് ഇതിലൂടെ തെളിയിക്കുകയാണ്. പ്രഖ്യാപിച്ച മുഴുവൻ പട്ടയവും വിതരണം ചെയ്യും എന്നതാണ് സർക്കാരിന്റെ നയം. അതോടൊപ്പം ഭൂമാഫിയയെ നിലയ്ക്കുനിർത്തുമെന്നും പ്രഖ്യാപിക്കുകയാണ്. അർഹരായ 60 വയസ്സ് കഴിഞ്ഞവർക്കെല്ലാം പെൻഷൻ നൽകുന്ന യൂണിവേഴ്സൽ പെൻഷൻ സ്കീം നടപ്പിലാക്കുന്നു. പൂട്ടിക്കിടക്കുന്ന 40 കശുവണ്ടി ഫാക്ടറികൾ തുറന്ന് 18000 തൊഴിലാളികൾക്ക് തൊഴിൽ തിരികെ നൽകി. 4943 പേർക്ക് പുതുതായി ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ നൽകി. നിശ്ചലമായിരുന്ന കൈത്തറി മേഖലയെ ഇന്ന് ചലിക്കുന്ന മേഖലയാക്കി മാറ്റി. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് ആ മേഖല സുരക്ഷിതമാണെന്ന് തോന്നുന്ന തരത്തിലേയ്ക്ക് മാറ്റുവാനുള്ള സംവിധാനമൊരുക്കി. കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകി ആ മേഖലയെ ശക്തിപ്പെടുത്താനുള്ള ശ്രമം ഗവൺമെന്റ് പ്രഖ്യാപിച്ചുവെന്ന് മാത്രമല്ല, അതോടൊപ്പം അവരുടെ കൈകളിലേയ്ക്ക് പുസ്തകമെത്തിക്കുന്ന നില ഉയർത്തിക്കൊണ്ടുവന്നിരിക്കുകയുമാണ്. നമ്മുടെ നാട്ടിന്റെ പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്ന കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷം റോഡിലെ അറ്റകുറ്റപ്പണികൾ നടന്നത് എങ്ങനെയെന്ന് നാം കണ്ടുകഴിഞ്ഞു. ഇന്നതല്ല സ്ഥിതി. അറ്റകുറ്റപ്പണി നടന്ന റോഡ് ഏതാണെന്ന് ഇന്നിപ്പോൾ തിരിച്ചറിയും.

ബഹുമാന്യനായ ജി. സുധാകരൻ അതിനൊരു പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി മാതൃകാപരമായ പ്രവർത്തനം നടത്തുന്നു. കഴിഞ്ഞ അഞ്ചുവർഷം ഇതിനുവേണ്ടി നിവേദനം നൽകി എന്റെ കൈ കുഴഞ്ഞിട്ടും തുകയൊന്നും ലഭിച്ചില്ല. ഇന്ന് എല്ലാ മണ്ഡലങ്ങളെയും ഒരുപോലെ കാണുകയും എല്ലാ മണ്ഡലങ്ങളിലുമുള്ളവർ മനുഷ്യരാണെന്ന് കണ്ടുകൊണ്ട് എടുക്കുന്ന തീരുമാനമാണ് പി.ഡബ്ല്യു.ഡി.-യിലും 'കിഫ്ബി'-യിലൂടെയും നടപ്പിലാക്കുന്നത്. ഏത് മേജർ പദ്ധതിക്ക് അപേക്ഷ കൊടുത്താലും അത് നടപ്പിലാക്കാനുള്ള സംവിധാനങ്ങളാണ് കേരളത്തിലുള്ളത്. പക്ഷഭേദമില്ലാതെ എല്ലാവർക്കും തുല്യ നീതിയെന്ന് പ്രഖ്യാപിച്ചുകൊണ്ട് 140 മണ്ഡലങ്ങളിലും വികസനം നടത്തുന്ന ഒരു സമീപനമാണ് എൽ.ഡി.എഫ്.-നുള്ളത്. അതാണ് എൽ.ഡി.എഫ്., യു.ഡി.എഫ്. മുന്നണികൾ തമ്മിലുള്ള വ്യത്യാസം. മനുഷ്യരോടാണ് കൂറ്, അവിടെയുള്ളതും മനുഷ്യരാണെന്ന് കണ്ടുകൊണ്ടുള്ള ഒരു വികസനം സമഗ്രമായി നടപ്പിലാക്കുകയാണ്. എല്ലാപേർക്കും വീടെന്ന യാഥാർത്ഥ്യം നടപ്പിലാക്കുന്ന ഒരു സാഹചര്യത്തിലേയ്ക്ക് പോകുന്നു. തീർച്ചയായും ഒന്നാമത് വാർഷികം ആഘോഷിക്കേണ്ട അവസരം യഥാർത്ഥത്തിൽ ഇന്നായിരുന്നില്ല. ഇന്ന് ഏറെ സമയം നമുക്ക് ലഭിക്കേണ്ടതായിരുന്നു. ഇതെല്ലാം പറയാനുള്ള അവസരം ലഭിക്കേണ്ടതായിരുന്നു. ഒന്നാമത് വർഷംതന്നെ ഇതുപോലെ പോകുകയാണെങ്കിൽ അഞ്ചുവർഷം കൊണ്ട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്, വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന്റെ 140 എം.എൽ.എ.-മാരെയും ജയിപ്പിക്കുന്ന അവസ്ഥയിലേയ്ക്ക് മാറും. ആ നിലയിലേയ്ക്കുള്ള ശബ്ദമാണ് വിദ്യാലയങ്ങളിൽനിന്ന് ഉയരാൻ പോകുന്നത്. അവർ ഇന്ന് ഒരു പുതിയ ലോകത്തെ കാണുകയാണ്. അവരുടെ എല്ലാ കഴിവുകളും പ്രകടിപ്പിക്കാൻ കഴിയുന്ന, അവരുടെ സാദ്ധ്യതകൾ മുഴുവൻ ഉപയോഗിക്കാൻ കഴിയുന്ന വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി മാറ്റുന്നു. അന്തർദേശീയ നിലവാരത്തിലേയ്ക്ക് വിദ്യാലയങ്ങളെ മാറ്റി ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന വർത്തമാന കാലയളവിലെ വെല്ലുവിളികളെ നേരിടാൻ ഇന്ത്യൻ ജനാധിപത്യത്തെയും മതേതരത്വത്തെയും സംരക്ഷിക്കുന്നതിനുള്ള ബാധ്യത എനിക്കുണ്ട് എന്ന് തോന്നുന്ന ഒരു തലമുറയെയാണ് ഈ പൊതുവിദ്യാലയത്തിലൂടെ സൃഷ്ടിക്കുന്നത്. ആ യജ്ഞമാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളത്. തീർച്ചയായും യു.ഡി.എഫ്. ഈ ബില്ലിനെ പിന്താങ്ങേണ്ടതാണ്. ഇന്ത്യയിൽ ഒരു പോരാട്ടം നടക്കുകയാണ്. അതിന്റെ ഭാഗമായി കേരളത്തിന്റെ ശബ്ദം ഒന്നാണെന്ന് കാണിച്ചുകൊടുക്കുന്നതിനുള്ള ബാധ്യത നിങ്ങൾക്കും കൂടിയുണ്ടെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ബഹുമാനപ്പെട്ട ഇ. കെ. വിജയനോട് എനിക്കൊരു അഭിപ്രായം പറയാനുണ്ടായിരുന്നു. മുഴുവൻ സീറ്റിലും എൽ.ഡി.എഫ്. ജയിച്ചാൽ എങ്ങനെയാണ് ശരിയാകുന്നത്? 140 സീറ്റും വേണ്ട, ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. പി. ടി. തോമസുമൊക്കെ അവിടെ ഇരുന്നോട്ടെ. അവരെ ഉപദ്രവിക്കരുത്. പ്രതിപക്ഷം വേണ്ടെന്ന് പറയുന്നത് ശരിയാണോ? പ്രതിപക്ഷം വേണ്ടെന്ന് ഇനിയെങ്കിലും പറയരുത്. വിഴിഞ്ഞം പദ്ധതിയെപ്പറ്റി 2016 ഫെബ്രുവരി 27-ാം തീയതി മുൻമുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ കാലത്ത് തിരുവനന്തപുരത്ത് ഞാൻ നടത്തിയ ഒരു പത്രസമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങളുടെ കണക്ക് മാത്രമെ പറയുന്നുള്ളൂ. വിഴിഞ്ഞം പദ്ധതിയെന്നാൽ അദാനി പദ്ധതിയാണ്. ഇത് കൊള്ളയാണ്, ഇത് പാടില്ല, എന്നു പറഞ്ഞ ആളാണ് ഞാൻ. ആകെ മുതൽമുടക്ക് 7,525 കോടി രൂപയാണ്. അതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതം 5,192 കോടി രൂപ, അതായത് 69 ശതമാനം. അദാനി ഗ്രൂപ്പിന്റെ മുതൽമുടക്ക് 2,332 കോടി രൂപ, 31 ശതമാനം. പദ്ധതിക്കായി കൈമാറിയ ഭൂമി 374 ഏക്കർ, ഇതിൽ 129 ഏക്കർ അദാനിക്ക് സ്വകാര്യ വ്യവസായത്തിന് ഉപയോഗിക്കാം. കൂടാതെ 129 ഏക്കർ ഭൂമി ധനകാര്യ സ്ഥാപനങ്ങളിൽ പണയം വച്ച് ലോണെടുക്കാനുള്ള അനുവാദവും കൊടുത്തിട്ടുണ്ട്. 129 ഏക്കർ ലോൺ വച്ചാൽ മാത്രം അദാനിയുടെ മുതൽമുടക്കായ 2,332 കോടി രൂപയുടെ ഇരട്ടി പണം കിട്ടും. പദ്ധതി നടപ്പാക്കാൻ കരാർ ഒപ്പിട്ടിരിക്കുന്നത് 1000 ദിവസം എന്നായിരുന്നു. ആ സമയത്തിനുള്ളിൽ അത് പൂർത്തിയാക്കണം. നിർമ്മാണം 600 ദിവസംകൊണ്ട് പൂർത്തിയാക്കുമെന്നാണ് അദാനി പ്രഖ്യാപിച്ചത്. 600 ദിവസം കൊണ്ട് പൂർത്തീകരിച്ചാൽ, ഫലത്തിൽ 400 ദിവസത്തെ നിയന്ത്രണങ്ങളില്ലാതെ 400 ദിവസം കൂടുതൽ അദാനിക്ക് സ്വന്തമാകുകയാണ്. കേരളത്തിന്റെ ലാഭവിഹിതം പതിനഞ്ച് വർഷമാണ്. ഈ പദ്ധതി തുടങ്ങി പതിനഞ്ചാമത്തെ വർഷമാണ് ഒരു ശതമാനം തുക നമുക്ക് കിട്ടാൻ പോകുന്നത്. പതിനഞ്ചാം വർഷം മുതൽ ഓരോ വർഷവും നമുക്ക് ഒരു ശതമാനംവച്ച് കിട്ടും. അപ്പോൾ നമുക്ക് എന്ത് കിട്ടും? ഇത് വലിയൊരു കൊള്ളയാണ്, ഇത് പാടില്ല. വാങ്ങിയ തുകയുടെ കണക്കൊക്കെ അന്ന് ഞാൻ പത്രസമ്മേളനത്തിൽ പറഞ്ഞു. ഇവിടെ നിയമസഭയിൽ അത് പറയുന്നില്ല. കേരളത്തിന്റെ സ്വത്ത് ഇതുപോലെ കൊണ്ടുപോയി വിൽക്കുന്നത് ശരിയാണോ? ശ്രീ. ആർ. രാജേഷ് പ്രസംഗിച്ചപ്പോൾ എനിക്ക് സന്തോഷം തോന്നി. താങ്കളുടെ നിയന്ത്രണത്തിലുള്ള മുഖ്യമന്ത്രിയാണ് സംസ്ഥാനം ഭരിക്കുന്നത്. ഇതിലുള്ള കൊള്ള അവസാനിപ്പിക്കാൻ മാർഗ്ഗമില്ലേ? യാതൊരു സംശയവുമില്ല, ഈ പദ്ധതിയിലൂടെ അദാനി ഒരു ദിവസം കേരള സർക്കാരിന്റെ 35 കോടി രൂപയാണ് അടിച്ചുകൊണ്ട് പോകുന്നത്. ഇത് കൊടുക്കണോ; ഇത് കൊടുക്കാതിരിക്കാൻ മാർഗ്ഗമുണ്ടോ? അത് ഈ ഗവൺമെന്റ്

ചർച്ച ചെയ്യണമെന്ന് മാത്രം ഞാൻ ആവശ്യപ്പെടുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കേരളത്തെ രക്ഷിച്ച ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. വളരെ പ്രധാനപ്പെട്ടൊരു കാര്യത്തെ സംബന്ധിച്ച സബ്മിഷന് രാവിലെ ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതി കിട്ടിയതാണ്. സ്പീക്കർ തരാമെന്നും പറഞ്ഞതാണ്. പക്ഷേ ലിസ്റ്റ് വന്നപ്പോൾ ഉണ്ടായില്ല. സംസ്ഥാനത്തിന്റെ വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. ഇന്നലെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി തമിഴ്നാട് മുഖ്യമന്ത്രിയെ കണ്ടതിന്റെ വാർത്തകൾ പത്രത്തിൽ വന്നിട്ടുണ്ട്. ഇവിടത്തെ പത്രങ്ങളിൽ വന്നില്ലെങ്കിലും മറ്റ് പത്രങ്ങളിൽ വന്നിട്ടുണ്ട്. അത് നമ്മുടെ കേരളത്തെ വളരെ ഗൗരവമായി ബാധിക്കുന്നതാണ്. പ്രസിഡന്റ് ഇലക്ഷനുമായി ബന്ധപ്പെട്ട രാഷ്ട്രീയ ചർച്ചയും അതിന്റെ കൂടെ തമിഴ്നാട് കേരളത്തിന്റെ സ്വത്ത് കവർന്നെടുക്കുന്ന രീതിയിലുള്ള ധാരണകളുമാണ് അവിടെ ഉണ്ടാക്കിയതെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അതിൽ അവർ കൊടുത്ത മെമ്മോറാണ്ടമുണ്ട്. അത് കേരളത്തെ ഏറ്റവുമധികം പ്രതിസന്ധിയിലാക്കാൻ പോവുകയാണ്. കാവേരി പ്രശ്നത്തിൽ 14,500 കോടി രൂപയുടെ ദേശീയ പദ്ധതിയായി ഇന്നലെ അത് in principle അംഗീകരിച്ചു. അതിന്റെ ഫലമായി, കാവേരിയിൽനിന്ന് നമുക്ക് കിട്ടേണ്ട 30 ടി.എം.സി. വെള്ളംകൂടി അവരെടുത്ത് ഉപയോഗിക്കാനാണ് ഈ പദ്ധതിയുടെ കരട് രേഖയിലുള്ളത്. അത് in principle അംഗീകരിച്ചു എന്നാണ് മനസ്സിലാക്കുന്നത്. പ്രസിഡന്റ് ഇലക്ഷനുമായി ബന്ധപ്പെട്ട് വോട്ട് കിട്ടുന്ന രീതിയിലുള്ള ഒരു നടപടിയിലാണ് അതിപ്പോൾ എത്തിനിൽക്കുന്നത്. അതുമാത്രമല്ല പമ്പ-അച്ചൻകോവിലാറിലെ വെള്ളം ഡൈവർട്ട് ചെയ്യാനും കേരളത്തിന് വൈദ്യുതി തരാനും അവർ തീരുമാനമെടുത്തു. എന്താണിത്; കേരളത്തിനോട് യാതൊരു ആലോചനയുമില്ലാതെ അതിന്റെ ഓരോ ഡാറ്റയും അവർ പ്രത്യേകമായി എടുത്ത് വളരെ വിശദമായി കൊടുത്തിരിക്കുകയാണ്. പമ്പ - അച്ചൻകോവിൽ നഷ്ടപ്പെടാൻ പോകുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങ് അന്തർ സംസ്ഥാന നദീജല കരാറിനെപ്പറ്റിയൊക്കെ നന്നായി പഠിക്കുകയും അതിൽ ഇടപെടുകയുമൊക്കെ ചെയ്യുന്ന ഒരാളാണ്. ഇത്രയും ഗുരുതരമായ ഒരു കാര്യം, പ്രത്യേകിച്ച് കാവേരിയുടെ 30 ടി.എം.സി. ജലം നഷ്ടപ്പെടുന്നത് ഉൾപ്പെടെയുള്ള 14,500 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുമ്പോൾ അതിൽ മുഖ്യകക്ഷിയായി ചർച്ചയിലുണ്ടാകേണ്ട കേരള ഗവൺമെന്റ് ഇല്ലായിരുന്നു എന്ന കാര്യവും കാവേരി സെൽ ഈ സർക്കാർ നിർത്തലാക്കിയതും തമ്മിൽ കൂട്ടിവായിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അത് കൂട്ടിവായിക്കല്ലേ. ഇത് ഗൗരവമായി കാണേണ്ട വിഷയമാണ്. സംസ്ഥാനത്തെ ഇന്റലിജൻസ് ഇക്കാര്യത്തിൽ വളരെ ശ്രദ്ധിക്കേണ്ടതും ഇടപെടേണ്ടതുമാണ്. ഇടുക്കി ജില്ലയിലെ പാമ്പാറിൽ നമ്മൾ കെട്ടിക്കൊണ്ടിരിക്കുന്ന ഡാമും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ഭവാനിപ്പുഴയിൽ കെട്ടിയ തടയണയും പൊളിച്ചു കളയണമെന്നാണ് അതിൽ ഒരു പ്രധാനപ്പെട്ട പ്രശ്നമായി അവർ പറഞ്ഞത്. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. നമ്മളത് ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വേറൊരു പ്രധാനപ്പെട്ട പ്രശ്നം, പറമ്പിക്കുളത്തുനിന്ന് മേയ് 15-ാം തീയതി കഴിഞ്ഞാൽ 350 ക്യൂസെക്സ് വെള്ളം തരണം. അവരത് ഏകപക്ഷീയമായി കുറച്ചു. കരാർ പ്രകാരം നമുക്ക് തരാനുള്ള assured irrigation ആണ്. അത് ഒരു കാരണവശാലും അവർക്ക് തടയാൻ അധികാരമില്ല. അത് തടഞ്ഞു. ഇക്കാര്യത്തിൽ നമ്മൾ വളരെ ശക്തമായി ഇടപെടണം. നമ്മൾ ഭവാനിയിൽ അവർക്ക് കരാറിലെ വ്യവസ്ഥയില്ലാതെ തന്നെ ഡെഡ് സ്റ്റോറേജ് പമ്പ് ചെയ്യാനുള്ള പെർമിഷൻ കൊടുത്തിട്ടുണ്ട്. ഇവിടെ തന്നില്ലെങ്കിൽ അവിടെ തടയാനുള്ളൊരു നടപടി എടുക്കണം. അല്ലെങ്കിൽ കേരളം വല്ലാത്തൊരു പ്രതിസന്ധിയിലേയ്ക്ക് പോകും. അതുപോലെ നെയ്യാറിൽ വരുന്ന. ചാലിയാർപുഴയുടെ മുകളിൽ പാണ്ടിയാർ പുന്നപ്പുഴയിൽ അവർ ഡാമിന് അനുമതി കൊടുത്തു. ഇതൊക്കെ രാഷ്ട്രീയമായ ധാരണയുടെ അടിസ്ഥാനത്തിലാണ്. പ്രസിഡന്റ് ഇലക്ഷനുമായി ബന്ധപ്പെട്ട് അവർക്ക് തമിഴ്നാടിന്റെ വോട്ട് കിട്ടണം. ആ രീതിയിൽ പ്ലാൻ ചെയ്തിരിക്കുകയാണ്. ഇതുസംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തര നടപടി ഉണ്ടാകണം. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ നമ്മളെല്ലാവരും കൂടി ഒറ്റക്കെട്ടായി നിന്നാൽ മാത്രമേ അതിനെ എതിർക്കാൻ സാധിക്കുകയുള്ളൂ. അത് ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള)

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഇന്ന് ഭരണത്തിന്റെ ഒരു വർഷം കഴിയുന്ന ദിവസമാണ്. നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തുമ്പോഴും പുതിയ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴും ഫയലുകൾ നീങ്ങുന്നതിലുള്ള കാലതാമസം മുഖാന്തരം വന്നിരിക്കുന്ന വീഴ്ചകളെക്കുറിച്ചും പരിശോധിക്കണം. പൊതുവിദ്യാഭ്യാസത്തെ നവീകരിക്കാനും ആരോഗ്യരംഗത്ത് കൂടുതൽ മാറ്റങ്ങൾക്ക് വഴിയൊരുക്കാനുമുള്ള നല്ല പദ്ധതികളാണ് വിഭാവന ചെയ്തുവരുന്നത്. അതോടൊപ്പം സാധാരണക്കാരായ ആളുകൾ കൊടുക്കുന്ന

ഫയലുകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിച്ച് മുന്നോട്ടുപോകാൻ കഴിയുമെങ്കിൽ ഏറ്റവും നന്നായിരിക്കും.

നാമമാത്രമായ ചെറുകിട കർഷകരെ സംരക്ഷിക്കാൻ നമുക്ക് കുറേക്കൂടി ബാധ്യതയുള്ളതായി തോന്നുന്നു. ഈ സഭയിൽ തന്നെ മറുപടിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം കെ. കൃഷ്ണൻകുട്ടിക്ക് കൊടുത്ത ഒരു മറുപടി ഞാൻ ശ്രദ്ധിച്ചു. അഞ്ച് ഏക്കർ വരെയുള്ള കൃഷിക്കാരുടെ മാസവരുമാനം 5,000 രൂപയെന്നാണ് നൽകിയ മറുപടി. അപ്പോൾ അത് ദിവസ വരുമാനമാകുമ്പോൾ 166 രൂപയേയുള്ളൂ. ഒരു വർഷം എടുത്താൽ 60,000 രൂപയാണ്. അതുകൊണ്ട് ഒരു കുടുംബത്തിന് ഇന്ന് ജീവിക്കാൻ സാധിക്കുമോ എന്ന പ്രസക്തമായൊരു ചോദ്യം നിലവിലുണ്ട്. എ.പി.എൽ., ബി.പി.എൽ. തമ്മിലുള്ള കണക്കിവിറ്റി; എന്താണ് അതിനുള്ള മാനദണ്ഡം? 166 രൂപ പ്രതിദിന വരുമാനമുള്ള ഒരു ചെറുകിട കർഷകൻ; അവർക്ക് ഒരിക്കലും ബി.പി.എൽ. ആനുകൂല്യത്തിനുള്ള അർഹത ലഭിക്കുന്നില്ല. അതുകൊണ്ട് ഒരു മാറ്റം വരുത്തേണ്ടത്, ബി.പി.എൽ. ആനുകൂല്യം ലഭിക്കാൻ കേന്ദ്ര ഗൈഡ്‌ലൈൻസ് പ്രകാരം സാധ്യമല്ലെങ്കിൽപ്പോലും ഈ കുടുംബങ്ങളെ പരിരക്ഷിക്കാനുതകുന്ന വിധത്തിലുള്ള ഒരു നിയമനിർമ്മാണം ഉണ്ടാകണം. ഇന്ന് വിദ്യാഭ്യാസച്ചെലവ്, തീരാരോഗം ബാധിച്ചാൽ ആ കുടുംബത്തിനുണ്ടാകുന്ന അവസ്ഥ, അവരെ സംരക്ഷിക്കാനുള്ള ഒരു തീരുമാനവും നമ്മുടെ മുൻപിലില്ല. അതുകൊണ്ട് അഞ്ചേക്കർ വരെയുള്ള കർഷകരെ സംബന്ധിച്ചിടത്തോളം അവരുടെ വരുമാന പരിധി എത്രയെന്ന് കണ്ടെത്തിയിട്ടുള്ള സർക്കാരിന്റെ നിലപാടിൽത്തന്നെ ഉറച്ചുനിന്നുകൊണ്ട് അവരെ സംരക്ഷിക്കുന്നതിന് ഒരു നിയമനിർമ്മാണം ഉണ്ടാകണം. അതിനാവശ്യമായ തുക മാറ്റിവയ്ക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിൽ സഹായിക്കും എന്നുള്ള ഉത്തമമായ ബോധ്യമുണ്ട്. അത് സംസ്ഥാനത്തിന്റെ പൊതുവായ ഒരു കാര്യമായി കാണാൻ തയ്യാറാകണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനായി പല ശ്രമങ്ങളും നടന്നെങ്കിലും അവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. അവരെ സംരക്ഷിക്കാൻ ഒരു പാക്കേജ് കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ഇത്തരം കാര്യങ്ങളിൽ ഏറെ ജാഗ്രതയുണ്ടാകണം.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് റൂമുകളാക്കി മാറ്റാൻ ശ്രമിക്കുന്ന സന്ദർഭത്തിൽ ഇന്നത്തെ ഗൈഡ്‌ലൈൻസ് അനുസരിച്ച് എം.എൽ.എ.-ക്ക് അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ

നിന്ന് സ്മാർട്ട് ക്ലാസ്റൂമിന് തുക കൊടുക്കാൻ കഴിയുന്നില്ല. അതിന് കഴിഞ്ഞാൽ മലയോര മേഖലയിലെ കുറേ പ്രദേശങ്ങളിൽ കഴിയുന്നത്ര സ്കൂളുകളെ സംരക്ഷിക്കാൻ ഞങ്ങൾക്ക് കഴിയുമായിരുന്നു. അക്കാര്യത്തിലുള്ള മാറ്റങ്ങൾ അനിവാര്യമാക്കത്തക്ക വിധത്തിൽ ഫയലുകൾ ഡിപ്പാർട്ടുമെന്റിൽനിന്ന് ലഭിച്ചാൽ നന്നായിരുന്നു. തീർച്ചയായും കർഷകരെ രക്ഷിക്കാൻ ഉതകുന്ന ഒരു നിയമനിർമ്മാണം ഈ സഭയിൽ ഉണ്ടാകുമെന്ന പ്രതീക്ഷയോടുകൂടിയാണ് ഞാൻ സംസാരിക്കുന്നത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റ് ഒരു വർഷം തികയുന്ന ഈ ദിവസം കേരള നിയമസഭയിൽ ഈ ഗവൺമെന്റിന് ആശംസകളും അഭിവാദ്യങ്ങളും നേർന്ന് പ്രസംഗിക്കാൻ അവസരം ലഭിച്ചതിൽ എനിക്ക് അഭിമാനമുണ്ട്. ഇടതുപക്ഷം മുൻപോട്ട് വയ്ക്കുന്ന സാമ്പത്തിക, രാഷ്ട്രീയ സമീപനങ്ങളുടെ പ്രായോഗിക രൂപം ഇന്ത്യാ രാജ്യത്തിന് കാണിച്ചുകൊടുക്കുന്ന ഗവൺമെന്റാണിത്. ഉദാരവൽക്കരണത്തിന്റെയും വർഗ്ഗീയതയുടെയും മുമ്പിൽ പകച്ചുനിന്ന ഒരു ജനതയ്ക്ക് മുമ്പിലേയ്ക്കാണ് ഈ ഗവൺമെന്റ് കടന്നുവന്നത്. ഇന്ത്യാ രാജ്യത്തെ ഇടതുപക്ഷങ്ങളൊഴിച്ചുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും മത്സരിച്ച് ഉദാരവൽക്കരണത്തെ പിന്താങ്ങുകയാണ്. കോൺഗ്രസ്സാണെങ്കിലും ബി.ജെ.പി. ആണെങ്കിലും ഇന്ത്യയിലെ പ്രാദേശിക രാഷ്ട്രീയ കക്ഷികളാണെങ്കിലും ഉദാരവൽക്കരണ സാമ്പത്തിക സമീപനത്തിന്റെ വക്താക്കളാണ്. മറുവശത്ത്, ഇന്ത്യാ രാജ്യത്ത് ബി.ജെ.പി. അതിവേഗം പടർത്തിവിടുന്ന വർഗ്ഗീയ വികാരം. ഈ രണ്ടിനുമെതിരെ ഉറച്ച രാഷ്ട്രീയ നിലപാടെടുക്കുന്ന ഇച്ഛാശക്തിയുള്ള രാഷ്ട്രീയ ശക്തി ഇടതുപക്ഷമാണ്. ആ ഇടതുപക്ഷം ഇന്ന് കേരളത്തിൽ അധികാരത്തിലിരിക്കുമ്പോൾ ആ രാഷ്ട്രീയ സമീപനത്തിന്റെ പ്രായോഗിക രൂപം കാണിച്ചുകൊടുക്കാൻ ഇടതുപക്ഷത്തിന് ബാധ്യതയുണ്ട്. അതാണ് ഈ സർക്കാർ ഒരു വർഷക്കാലം ചെയ്തത്. ഈ നാട്ടിലെ എല്ലാ ദുർബല വിഭാഗങ്ങൾക്കും കരുതൽ കൊടുത്തുകൊണ്ടും കേരളത്തിന്റെ വികസന കുതിപ്പിനാവശ്യമായ സമീപനങ്ങൾ എടുത്തുകൊണ്ടും ആ വികസനത്തിനാവശ്യമായ ധനസമാഹരണം നടത്താനുള്ള ഇച്ഛാശക്തി പ്രകടിപ്പിച്ചുകൊണ്ടുമാണ് ഈ സർക്കാർ മുമ്പോട്ട് പോകുന്നത്.

ഈ ഗവൺമെന്റ് 5 വർഷക്കാലം പൂർത്തിയാക്കുമ്പോൾ വികസനത്തിലേയ്ക്ക് അതിവേഗത്തിലുള്ള കുതിപ്പ് തുടങ്ങും എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ പല തവണ ഈ സഭയിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. നിസ്സാര കാര്യങ്ങളെ അമിതമായി പെരുപ്പിക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. അവർ പറയുന്നത് കേട്ടാൽ ഈ നാട്ടിൽ പോലീസ് ഉദ്യോഗസ്ഥരെയോ മറ്റ് ഉദ്യോഗസ്ഥരെയോ ഗവൺമെന്റ് സ്ഥലം മാറ്റിയിട്ടില്ല

എന്നതോന്നും. അത് ഗവൺമെന്റിന്റെ prerogative ആണ്. സ്ഥലംമാറ്റത്തെക്കുറിച്ച് പരാതിയുള്ള ഉദ്യോഗസ്ഥർ എപ്പോഴും കോടതിയിൽ പോയിട്ടുണ്ട്; എത്രയോ തവണ ഏതെല്ലാം ഉദ്യോഗസ്ഥർ കോടതിയിൽ പോയി അവർക്കനുകൂലമായ വിധി സമ്പാദിച്ചിട്ടുണ്ട്. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട് അധികാരത്തിലിരിക്കുന്ന ഒരു ഗവൺമെന്റ് ആ വിധി അനുസരിക്കും, അതിലെന്താണ് തെറ്റ്? അത് ജനങ്ങളുടെ ജീവിതത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചോ? ഉദ്യോഗസ്ഥർ പരസ്പരം ഏറ്റുമുട്ടുന്നത് കേരളത്തിൽ ആദ്യമാണോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രി മധ്യസ്ഥനെ നിയോഗിക്കുകയല്ലായിരുന്നോ? ഉദ്യോഗസ്ഥർ ഏറ്റുമുട്ടുന്നത് ഇനി കേരളത്തിൽ നടക്കില്ലെന്നുള്ള വ്യക്തമായ സന്ദേശം ഈ ഗവൺമെന്റ് കൊടുത്തില്ലേ; ആ രാഷ്ട്രീയ ഇച്ഛാശക്തി കാണിച്ചില്ലേ? ഈ നാട്ടിലെ സാധാരണക്കാരന്റെ ജീവിത സുരക്ഷിതത്വത്തെ ബാധിക്കുന്ന ഏതെങ്കിലും ഒരു കാര്യത്തിൽ ഈ ഗവൺമെന്റിന് പാളിച്ച പറ്റിയോ? ഇല്ല എന്നുള്ളതാണ് അതിനുള്ള ഉറച്ച ഉത്തരം. അഴിമതി തുടച്ചുനീക്കിയ ഈയൊരു വർഷക്കാലം എന്നത് നിസ്സാരകാര്യമാണോ? ജനാധിപത്യവും അഴിമതിയും ഒന്നിച്ചുപോകില്ലായെന്ന് എല്ലാവർക്കും അറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്നതെന്താണ്? നിരന്തരമായ അഴിമതി, അതിനെതിരായി നിലപാടെടുത്ത് അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് ഒരു വർഷക്കാലം അഴിമതിരഹിതമായ ഭരണം കാഴ്ചവച്ചില്ലേ? അതുപോലെ ഇവിടെ പ്രതിപാദിച്ച വിവിധ മിഷനുകളുടെ പ്രവർത്തനം ചിട്ടയായി നടപ്പിലാക്കുകയല്ലേ? എന്താണ് ഗെയിൽ പൈപ്പ് ലൈൻ ഇടാൻ കഴിയാതെ പോയത്? കൂടംകുളത്തുനിന്നും ലൈൻ വലിക്കാൻ പറ്റാതെ പോയതും ദേശീയപാത വീതി കൂട്ടാൻ കഴിയാതെ പോയതും എന്തുകൊണ്ടാണ്? അത് നടപ്പാക്കുന്നതിന് ആത്മവിശ്വാസമുള്ള ഒരു ഗവൺമെന്റ് ഇവിടെ ഇല്ലാതെപോയി എന്നുള്ളതുകൊണ്ടാണ്. അതെല്ലാം ഈ ഗവൺമെന്റ് നടപ്പാക്കുന്നു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മേന്മ. ഇന്ന് പ്രതിപക്ഷത്തിന്റെ സ്ഥിതി എന്താണ്? ഭിന്നിച്ച ഒരു പ്രതിപക്ഷമല്ലേ? കഴിഞ്ഞ 35 വർഷമായി കേരളം കണ്ടുകൊണ്ടിരുന്ന യു.ഡി.എഫ്. ആണോ ഇന്നുള്ളത്? ആ യു.ഡി.എഫ്. ഇല്ലാതായി. കേരള കോൺഗ്രസ്സ് രൂപം കൊണ്ടതുതന്നെ കോൺഗ്രസ്സിന്റെ മർമ്മം നോക്കി പ്രഹരിച്ചു കൊണ്ടാണ്. ആ പ്രഹരത്തിൽ വീണുപോയ കോൺഗ്രസ്സ് പിന്നീട് നടുനിവർത്തി എഴുന്നേറ്റ് നിൽക്കുന്നത്, കേരള കോൺഗ്രസ്സിന്റെ സഹായത്തിലാണ്; പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂറിൽ. ഇത് ആർക്കാണ് അറിയാൻ പാടില്ലാത്തത്? ഒരാളുടെ സഹായം സ്വീകരിക്കുക, രാവിലെയും വൈകുന്നേരവും അയാളെ പുലഭ്യം പറയുക. അതാണ് കോൺഗ്രസ്സ് ചെയ്തുകൊണ്ടിരുന്നത്, കേരള കോൺഗ്രസ്സും ശ്രീ. കെ.എം. മാണിയും അതങ്ങ് അവസാനിപ്പിച്ചേക്കാമെന്ന് തീരുമാനിച്ചു. അതോടെ

മാണിസാർ വഞ്ചകനായി. മാണിസാറിന് ഇല്ലാത്ത കുറ്റങ്ങൾ ഉണ്ടായി. യു.ഡി.എഫ്.-ന്റെ രാഷ്ട്രീയം തകർന്നിരിക്കുന്ന കാഴ്ചയാണ് ഇന്ന് കേരളത്തിൽ കാണുന്നത്. കോൺഗ്രസ്സ് വിചാരിക്കുന്നത് ലീഗിന്റെ ഏണിയിൽക്കൂടി കയറാമെന്നാണ്. പക്ഷെ ലീഗ് വച്ചിരിക്കുന്ന ഏണിയുടെ അടിയിലെ മണ്ണ് ദുർബ്ബലമായിപ്പോയി. അക്കാര്യം കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും ഇപ്പോൾ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിലും കണ്ടില്ലേ? ഇന്ത്യയിലാകെ ദുർബ്ബലമായ കോൺഗ്രസ്സ് സ്വാഭാവികമായി കേരളത്തിലും ദുർബ്ബലമായിക്കൊണ്ടിരിക്കുകയാണ്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ദയാദാക്ഷിണ്യത്തിനൊത്തുമാത്രമേ കോൺഗ്രസ്സിന് മുന്നേറാൻ കഴിയുകയുള്ളൂ. യു.പി.യുടെ കാര്യം നോക്കിയാൽ, ജവഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും ഒരു കൈലേസ് പോലെ കൊണ്ടു നടന്നിരുന്നതല്ലേ. എവിടെപ്പോയി യു.പി.; ഗുജറാത്ത് എവിടെപ്പോയി? ഇവിടെയെല്ലാം കോൺഗ്രസ്സ് പിന്തുടർന്നുവന്ന രാഷ്ട്രീയം തകർന്ന് തരിപ്പണമായി. വർഗ്ഗീയ ശക്തികളോടുള്ള ഒത്തുതീർപ്പ്, ഉറച്ച രാഷ്ട്രീയ നിലപാടുകൾ എടുക്കാതിരിക്കുക അതെല്ലാമാണ് കോൺഗ്രസ്സിനെ തകർച്ചയിലേയ്ക്ക് നയിച്ചത്. അതുതന്നെയാണ് കേരളത്തിലെ കോൺഗ്രസ്സിനേയും തകർച്ചയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള രാഷ്ട്രീയ വിവേകമുണ്ടെങ്കിൽ കോൺഗ്രസ്സ് രക്ഷപ്പെടും. യു.ഡി.എഫ്.-.ന്റെ തകർച്ചയിൽനിന്ന് ഇനി കോൺഗ്രസ്സിന് രക്ഷപ്പെടാൻ കഴിയുകയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ നടത്തുന്ന അതിവേഗത്തിലുള്ള വികസന പ്രവർത്തനം, ജനങ്ങളോടുള്ള വാഗ്ദാനങ്ങൾ നിറവേറ്റൽ, യു.ഡി.എഫ്.-ന്റെ അഴിമതിയുടെ ഏറ്റവും വലിയ പ്രതീകമായിരുന്ന മെത്രാൻകായൽ. മെത്രാൻകായലിനെ രാജ്ക്കുമാറിനും പതിച്ചു കൊടുത്തില്ലേ? ആ ഉത്തരവ് ഇറങ്ങിയത് മുഖ്യമന്ത്രി അറിഞ്ഞില്ല, റവന്യൂ വകുപ്പുമന്ത്രി അറിഞ്ഞില്ല, ആരുമാരുമറിയാതെ ഗവൺമെന്റിന്റെ ഒരു ഉത്തരവ് ഇറങ്ങി. ആ ഉത്തരവ് പിൻവലിച്ചില്ലേ? ഇടതുപക്ഷ മുന്നണി അധികാരത്തിൽ വരുമ്പോൾ മെത്രാൻ കായലിൽ കൃഷി ചെയ്യുമെന്ന് പറഞ്ഞത് കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് നടപ്പിലാക്കിയില്ലേ? മെത്രാൻ കായലിനെക്കുറിച്ച് അറിയാത്തവർക്ക് അതിന്റെ പ്രാധാന്യം മനസ്സിലാകുകയില്ല. ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് അറിയാമല്ലോ. അഞ്ചാറ് കൃഷിക്കാർക്ക് കൃഷിയോടുള്ള സ്നേഹം ഒന്നുകൊണ്ടു മാത്രം, അവർക്ക് ആ സ്ഥലത്തിന്റെ വിലയിൽനിന്ന് പത്തോ, ഇരുപതോ, മുപ്പതോ ഇരട്ടി വില കൊടുക്കാമെന്ന് പറഞ്ഞിട്ടും അവർ വിൽക്കാതിരുന്നു. അത് ഒന്നിച്ചു കിടക്കുന്ന സ്ഥലമല്ല, തെക്കും, വടക്കും, പടിഞ്ഞാറും, കിഴക്കുമൊക്കെയായി കിടക്കുന്ന സ്ഥലമാണ്. അതിനുവേണ്ടി 428 ഏക്കർ കായലിന്റെ ബണ്ട് ബലപ്പെടുത്തി, വെള്ളം വറ്റിച്ചു. ഇവർ കൃഷി ചെയ്യുന്നത് എങ്ങനെയാണെന്ന് കാണണമെന്നാണ്

ആളുകൾ നോക്കിയിരുന്നത്. കൃഷി ചെയ്ത് കാണിച്ചില്ലേ; വിളവെടുത്തില്ലേ; നെല്ല് വിൽക്കാൻ തുടങ്ങിയില്ലേ? ആ രാഷ്ട്രീയ ഇച്ഛാശക്തി എല്ലാ മേഖലയിലും ഈ ഗവൺമെന്റ് കാണിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടെ റവന്യൂ വരുമാനം കൊണ്ട് കേരളത്തിൽ വികസനക്കുതിപ്പ് നടത്താൻ പറ്റുകയില്ലെന്ന് എല്ലാവർക്കും അറിയാം. ആ വികസനക്കുതിപ്പിനാവശ്യമായ ഒരു പ്രായോഗിക പദ്ധതിയാണ് ഗവൺമെന്റ് ആവിഷ്കരിച്ചത്. കേരളത്തിന്റെ വികസനം ലോകം അംഗീകരിക്കുന്ന ഒരു വികസനമായി മുമ്പോട്ട് പോകണം. നമ്മുടെ ആളോഹരി പ്രതിശീർഷ വരുമാനം കുറവായിരുന്ന ഒരു കാലത്താണ് ലോകത്തിലെ വികസിത രാജ്യങ്ങളോടൊപ്പം നമ്മുടെ ഹ്യൂമൻ ഇൻഡക്സ് വളർന്നത്. കുട്ടികളുടെ മരണനിരക്ക് കുറഞ്ഞത്; പ്രസവത്തോടെ അമ്മമാർ മരിക്കുന്നത് അവസാനിച്ചത്; ഇതെല്ലാം ലോകത്തിനെ അത്ഭുതപ്പെടുത്തിയ കാര്യങ്ങളാണ്. ആ കേരളം വീണ്ടുമൊരു അത്ഭുതം നടത്താൻ പോകുകയാണ്. അതിനാവശ്യമായ പദ്ധതികളാണ് ആവിഷ്കരിച്ചത്, അതാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ പോകുന്നത്, അതിനോടൊപ്പമാണ് നമ്മുടെ നാട്ടിലെ എല്ലാ ദുർബ്ബല വിഭാഗങ്ങൾക്കും കരുതലോടുകൂടിയ സമീപനം ഈ ഗവൺമെന്റ് ആവിഷ്കരിച്ചത്. ഇത് കേരളത്തെ മുന്നോട്ട് നയിക്കുമെന്ന് മനസ്സിലാക്കാനുള്ള വിവേകം പ്രതിപക്ഷം കാണിക്കണം, അതിനോട് സഹകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഈ ഗവൺമെന്റിന്റെ നേട്ടങ്ങളും രാഷ്ട്രീയ നിലപാടുകളും വളരെ ഭംഗിയായി വിശദീകരിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് കയ്യടിക്കരുതെന്ന് യു.ഡി.എഫ്. തീരുമാനിച്ചതുകൊണ്ട് പുകഴ്ത്തി പറയുകയോ, കയ്യടിക്കുകയോ, പ്രശംസിക്കാനോ പാടില്ല എന്ന തീരുമാനം അവർ നടപ്പിലാക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സർക്കാരിനെതിരെ 65 കുറ്റപത്രം തയ്യാറാക്കി. ഇതിൽ ഒരിടത്തും ഈ ഗവൺമെന്റിന്റെ അഴിമതിയെക്കുറിച്ച് ഒരക്ഷരം പറയാൻ അദ്ദേഹം തലതിരിഞ്ഞ് നോക്കിയിട്ടും കണ്ടില്ല എന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഇന്ത്യയുടെ ചരിത്രത്തിൽ അഴിമതി നിർമ്മാർജ്ജനം ചെയ്ത അഭിമാനകരമായ ഒരു ഗവൺമെന്റാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് എന്നുള്ളത് കേരളത്തിന്റേയും ഇന്ത്യയുടേയും രാഷ്ട്രീയ ചരിത്രം രേഖപ്പെടുത്താൻ പോകുന്ന കാര്യമാണ്.

<u>ശ്രീ. പി.ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ കെ. സുരേഷ് കുറുപ്പ് അഴിമതിക്കെതിരായി ധാരാളം സംസാരിക്കുന്നത് നല്ല കാര്യമാണ്.

കെ. എം. മാണിസാറിന് നോട്ടടിക്കുന്ന യന്ത്രമുണ്ടെന്ന് പറഞ്ഞ കൂട്ടുകാരാണ് അടുത്തിരിക്കുന്നവർ. അദ്ദേഹത്തെ ഇപ്പോൾ കെട്ടിപ്പിടിക്കുന്നത് ശരിയാണോ, തെറ്റാണോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അദ്ദേഹത്തെ ആരും കെട്ടിപ്പിടിച്ചിട്ടില്ല. അദ്ദേഹത്തെ നിങ്ങൾ ചവിട്ടിപ്പുറത്താക്കിയെന്നേ ഞാൻ പറഞ്ഞുള്ളൂ. അദ്ദേഹം പോയതോടുകൂടി കേരളത്തിൽ യു.ഡി.എഫ്. പിന്തുടർന്നു വന്ന രാഷ്ട്രീയം തകർന്നു പോയി എന്നാണ് പറഞ്ഞത്. ആ രാഷ്ട്രീയം തിരിച്ചുപിടിക്കാൻ നോക്കിയിട്ട് നടന്നില്ല. കാരണം ശ്രീ. കെ. എം. മാണി പുറംതിരിഞ്ഞുനിൽക്കുകയാണ്. അപ്പോഴാണ് ശ്രീ. കെ. എം. മാണി കൊള്ളരുതാത്തവനാണ്, ഇനി മേലിൽ ഞങ്ങൾ സാറേ എന്നു വിളിക്കില്ല എന്നൊക്കെ ശ്രീ. കെ. സി. ജോസഫിനെപ്പോലെയുള്ളവർ പറഞ്ഞത്. അതൊക്കെ രാഷ്ട്രീയ ഇച്ഛാഭംഗത്തിൽ നിന്നുവന്നതാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടുകൾ അദ്ദേഹം തീരുമാനിക്കട്ടെ. അദ്ദേഹം ഇഷ്ടമുള്ള രാഷ്ട്രീയ നിലപാടുകൾ എടുക്കട്ടെ. ഇവിടെ ഉറച്ച രാഷ്ട്രീയത്തോടുകൂടിയ, ദീർഘവീക്ഷണത്തോടുകൂടിയുള്ള ഇടതുപക്ഷ മുന്നണിയുള്ളപ്പോൾ അവിടെ യു.ഡി.എഫ്. പരമ്പരാഗതമായി തുടർന്നുവന്ന രാഷ്ട്രീയം ഇല്ലാതായി എന്നു നിങ്ങളെ ഓർമ്മിപ്പിക്കാനാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ശ്രീ. ആർ. ബാലകൃഷ്ണ പിള്ള നിങ്ങളുടെ മുന്നണിയിലേയ്ക്ക് വന്നിട്ടുണ്ട് അദ്ദേഹം ഇപ്പോൾ പരിശുദ്ധനായ ഒരാളാണ് എന്നാണോ; വാഴ്ത്തപ്പെട്ട ഒരു വ്യക്തിയായിട്ടാണോ അങ്ങ് കാണുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ശ്രീ. അടൂർ പ്രകാശ് പിന്തുണ തന്നാൽ, അത് വേണ്ടെന്ന് നമ്മൾ പറയുകയില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞങ്ങൾ ആരെയും വാഴ്ത്തപ്പെട്ടവരായിട്ടിരുത്തുന്നില്ല. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് 5 വർഷം പൂർത്തീകരിക്കും. അത് കേരളത്തെ സമൃദ്ധിയിലേയ്ക്കും ഐശ്വര്യത്തിലേയ്ക്കും നയിക്കും എന്നു മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. ഒന്നും ശരിയാകാത്ത ഒരു വർഷമാണ് ഈ കടന്നുപോയത്. തിരുവള്ളുവരുടെ തിരുക്കുറൾ എന്ന മഹാകാവ്യത്തിൽ നിന്നും രണ്ടുവരി ഞാൻ ഇവിടെ ഉദ്ധരിക്കട്ടെ;

"കല്ലാർപ്പിണിക്കും കടുംകോൽ
അതുവല്ലതില്ലെ നിലക്കുറുപ്പോറേ"

മോശം ഭരണാധികാരിക്ക് നീതിജ്ഞാനമില്ലാത്ത ഉപദേഷ്ടാക്കളും മന്ത്രിമാരുമായിരിക്കുമുണ്ടാവുന്നത്. അവർ ഈ ഭൂമിക്ക് ഭാരമായിരിക്കും എന്നുള്ളതാണ് തിരുക്കുറലിൽ പറഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റിനെ ഉദ്ദേശിച്ച് എത്രയോ വർഷങ്ങൾക്കുമുമ്പ് തിരുവള്ളുവർ എഴുതിയല്ലോ എന്നുള്ള അത്ഭുതത്തോടുകൂടിയാണ് ഞാൻ ഈ വരികൾ വായിക്കുന്നത്. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അവസാനത്തെ മുഖ്യമന്ത്രിയാകാൻ പോകുന്നുവെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. അതിന്റെ സൂചനകളാണ് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഏതാണ്ട് ശതാബ്ദിയിലേയ്ക്ക് നീങ്ങുന്ന ഒരു കാലമാണ്. ആ ശതാബ്ദിയിലേയ്ക്ക് നീങ്ങുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചിത്രം എത്ര ദയനീയമാണെന്ന് എന്റെ സുഹൃത്ത് ശ്രീ. കെ. സുരേഷ് കുറുപ്പ് എന്തുകൊണ്ട് ആലോചിച്ചില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ശ്രീ. സീതാറാം യെച്ചൂരി ടെലഗ്രാഫ് പത്രത്തിൽ കൊടുത്ത ഒരു അഭിമുഖം മുഴുവൻ ഞാൻ വായിക്കുന്നില്ല. ഇടതുപക്ഷത്തിന്റെ ഈ മുരടിപ്പ് അഭൂതപൂർവ്വമാണെന്നാണ് അദ്ദേഹം പറഞ്ഞത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇന്ന് അങ്ങ് ഞങ്ങളെ ഒത്തിരി കുറ്റപ്പെടുത്തിയല്ലോ, ഞങ്ങളുടെ സഹായമില്ലാതെ ബംഗാളിൽ തെരഞ്ഞെടുപ്പിനുപോലും നിങ്ങൾക്ക് മത്സരിക്കാൻ കഴിയാത്ത അവസ്ഥയാണെന്നുള്ള കാര്യം നിങ്ങൾ മറന്നുപോകരുത്. നിങ്ങളുടെ ശത്രു ആരാണ്? ബി.ജെ.പി. ആണോ കോൺഗ്രസ് ആണോ; അത് വ്യക്തമാക്കണം. ശ്രീ. സീതാറാം യെച്ചൂരി പറയുന്നതാണോ ശ്രീ. പ്രകാശ് കാരാട്ട് പറയുന്നത്? നിങ്ങളുടെ നയം നിങ്ങൾ ആദ്യം തീരുമാനിക്കൂ. പ്രകാശ് കാരാട്ട് ബി.ജെ.പി.-യെ ഫാസിസ്റ്റ് ശക്തിയായി കാണുന്നില്ല, എന്നാൽ യെച്ചൂരി കാണുന്നു. നിങ്ങളുടെ നയപരമായ പാപ്പരത്തമാണ് ഇതിലൂടെ തെളിഞ്ഞുവരുന്നത്. ഇന്ത്യയിൽ കോൺഗ്രസ്സിന് ക്ഷീണമുണ്ടായിട്ടുണ്ട്, അത് ഞാൻ സമ്മതിക്കുന്നു. പക്ഷേ കോൺഗ്രസ് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ വീണ്ടും ഇന്ത്യൻ രാഷ്ട്രീയത്തിൽ തിരിച്ചുവരുന്ന കാലം അനതിവിദൂരമല്ല. കേരളത്തിലെ ബുദ്ധദേവ് ഭട്ടാചാര്യയായി ശ്രീ. പിണറായി വിജയൻ മാറും എന്നുള്ള സംശയം ശ്രീ. പി. ഗോവിന്ദപിള്ളയുടെ മകൻ എം. ജി. രാധാകൃഷ്ണന് ഉണ്ടായാൽ അദ്ദേഹത്തെ കുറ്റപ്പെടുത്താൻ കഴിയുമോ? ഇന്ന് കേരളം ബംഗാളിന്റെ വഴിയിലേയ്ക്ക് പോകുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. കമ്മ്യൂണിസ്റ്റുകാരായ ആളുകൾക്കുപോലും അങ്ങനെയുള്ള ചിന്ത വന്നാൽ അത് പരിശോധിക്കാനുള്ള ഉത്തരവാദിത്വം പാർട്ടി കാണിക്കേണ്ടതല്ലേ? ഈ ഗവൺമെന്റിനെ വിലയിരുത്തിയാൽ, എല്ലാവർക്കും പ്രാപ്യമായ ഒരു ഗവൺമെന്റല്ല, അപ്രാപ്യമായ

ഗവൺമെന്റാണിത്. ക്യാബിനറ്റ് തീരുമാനങ്ങൾ പുറത്തുവിടില്ല, മുഖ്യമന്ത്രി മാധ്യമങ്ങളെ കാണില്ല, സ്വന്തം പാർട്ടിക്കാർക്കും മുന്നണിക്കാർക്കും മതിപ്പില്ലാത്ത ഒരു ഭരണം. ക്യാബിനറ്റ് തീരുമാനം അറിയണമെങ്കിൽ എന്തുചെയ്യണമെന്നറിയാതെ മാധ്യമങ്ങളും മറ്റുള്ളവരും കുഴയുന്നുവെന്നുള്ള സാഹചര്യമാണ്. വിവരാവകാശ നിയമത്തെ കാറ്റിൽ പറത്തുന്നു; ക്യാബിനറ്റ് ബ്രീഫിംഗ് ഇല്ലാത്ത അവസ്ഥ; മാധ്യമങ്ങളിൽ നിന്നും അകന്നുനിൽക്കുന്നു. ഇവിടെ കാണാൻ കഴിയുന്നതെന്താണ്? എല്ലാ അധികാരവും മുഖ്യമന്ത്രിയിൽ കേന്ദ്രീകരിക്കുന്നു. Absolute power corrupts absolutely; ഇതാണ് ഇന്ന് കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. എല്ലാ അധികാരവും ഒരു കേന്ദ്രത്തിലേയ്ക്ക് വന്നുചേരുന്നു. ശ്രീ. പിണറായി വിജയനും ശ്രീ. നരേന്ദ്ര മോദിയും തമ്മിൽ എന്തുവ്യത്യാസമാണുള്ളത്? നരേന്ദ്ര മോദിയുടെ ശൈലി തന്നെയാണ് പിണറായി വിജയന്റെയും ശൈലി. രണ്ടുപേരെയും ഒരേ തൂവൽ പക്ഷികളായി നമുക്ക് കാണാൻ കഴിയുന്നു. ഇന്ന് ഇടതുമുന്നണി ഗവൺമെന്റിന്റെ ഒരു വർഷം തികയുന്ന ദിവസം മാത്രമല്ല, മോദിഭരണം മൂന്ന് വർഷം തികയുന്നതിന്റെ വാർഷികം കൂടിയാണ്. ഏറ്റവും വലിയ വർഗ്ഗീയത ആളിക്കത്തിക്കാൻ ശ്രമിക്കുന്ന മോദി ഭരണത്തിന്റെ, ആർ.എസ്.എസ്.-ന്റെ ഭരണത്തിനെതിരായി രാജ്യവ്യാപകമായി ഉയർന്നുവരുന്ന പ്രതിഷേധം ഇന്ന് ഇന്ത്യയിൽ അലയടിക്കുന്നു. അതിനെ ഏകോപിപ്പിക്കുവാനാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നത്. അതിന്റെ ആദ്യത്തെ പരീക്ഷണമായിരിക്കും രാഷ്ട്രപതി തെരഞ്ഞെടുപ്പ്. ഒരു പൊതു സ്ഥാനാർത്ഥിയെ നിർത്തിക്കൊണ്ട് ആർ.എസ്.എസ്. -ന്റെയും ബി.ജെ.പി.-യുടേയും സംഘ്പരിവാറിന്റെയും അജണ്ട പരാജയപ്പെടുത്താൻ വേണ്ടിയുള്ള നീക്കങ്ങളാണ് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ ഇരിപ്പുണ്ടല്ലോ, ആരെങ്കിലും മികവ് പ്രകടിപ്പിക്കുന്നുണ്ടോ? വി.എസ്. ഗവൺമെന്റിന്റെ കാലത്ത് ഞാൻ സഭയിൽ ഇല്ലായിരുന്നു. അന്നുണ്ടായിരുന്ന ശ്രീ. വി. ഡി. സതീശനും ശ്രീ. കെ. സി. ജോസഫും എന്നോട് പറയാറുണ്ടായിരുന്നു ആ മന്ത്രിസഭയിൽ ഏറ്റവും ചൈതന്യവത്തായി പ്രവർത്തിച്ച വ്യക്തി ഇന്നത്തെ ധനവിനിയോഗ ബിൽ അവതരിപ്പിച്ച ഡോ. ടി. എം. തോമസ് ഐസക് ആയിരുന്നുവെന്ന്. ഇന്ന് ഐസക്കിന് എന്തുപറ്റി? ഗീതാഗോപിനാഥ് എന്ന സാമ്പത്തികവിദഗ്ദ്ധ വന്നശേഷം ഐസക്കിന്റെ മുഖം മ്ലാനമായിരിക്കുകയാണ്, നിറം മങ്ങിയിരിക്കുകയാണ്. അദ്ദേഹത്തിന് എന്തുപറ്റിയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്; പഴയ ഒരു ഉത്സാഹവും കാണുന്നില്ലല്ലോ; അദ്ദേഹത്തിന് പഴയ വാക്ചാതുര്യമില്ലല്ലോ; അദ്ദേഹത്തിന്റെ ഷാഡോ മാത്രമല്ലേ നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന് എന്തുപറ്റി? കിഫ്ബിയുടെ കുറേ

സ്വപ്നങ്ങൾ മാത്രമായി അദ്ദേഹം നടക്കുകയാണ്. മറ്റുമന്ത്രിമാർ കഴിവില്ലാത്തവരാണെന്നൊന്നും ഞാൻ പറയുന്നില്ല. മറ്റ് മന്ത്രിമാരിലും നല്ല കഴിവുള്ളവരുണ്ട്. പക്ഷേ അവർക്കാർക്കും ഒരു സ്വാതന്ത്ര്യവുമില്ല, ഒന്നും പറയാൻ ധൈര്യവുമില്ല. ഈ സർക്കാരിന്റെ മുഖമെന്താണ്? അധികാരപ്രമത്തതയുടെ, അമിതാധികാര പ്രവണതയുടെ, അഹങ്കാരത്തിന്റെ, അസഹിഷ്ണുതയുടെ, ധാർഷ്ട്യത്തിന്റെ, പകയുടെ മുഖമാണ് ഈ സർക്കാരിനുള്ളത്. സാധാരണ ഒരു ഗവൺമെന്റ് വന്നാൽ ആറുമാസം, ഏഴുമാസം, എട്ടുമാസം ആ സർക്കാരിന്റെ ഹണിമൂണാണെന്ന് അങ്ങേയ്ക്കറിയാമല്ലോ? ഈ സർക്കാരിന് ഹണിമൂൺ പിരീഡ് ഉണ്ടായിരുന്നോ? തുടക്കം മുതൽ തന്നെ ഈ സർക്കാർ വിവാദങ്ങളിലേയ്ക്കും ഭരണത്തകർച്ചയിലേയ്ക്കുമാണ് എത്തിച്ചേർന്നത്. സമരങ്ങളുടെ വേലിയേറ്റമാണ് കഴിഞ്ഞ ഒരുവർഷക്കാലമായി ഈ സർക്കാരിനെതിരെ ഉണ്ടായത്. ഈ സർക്കാർ ജനപക്ഷത്തല്ലായിരുന്നു, ജനവിരുദ്ധപക്ഷത്തായിരുന്നു. ക്യാബിനെറ്റ് തീരുമാനങ്ങൾ വിവരാവകാശ നിയമ പ്രകാരംപോലും തരുന്നില്ല. ലാ അക്കാദമിയുടെ സമരത്തിൽ നിങ്ങൾ എവിടെയായിരുന്നു? ഇരയോടൊപ്പമായിരുന്നില്ല, വേട്ടക്കാരോടൊപ്പമായിരുന്നു. കെ. സി. മഹിജയുടെ സമരത്തിലും മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കൽ സമയത്തും സ്വാശ്രയ പ്രശ്നങ്ങളിലും നിങ്ങൾ എവിടെയായിരുന്നു? ഈ നിലപാടുകളിലെല്ലാം നിങ്ങൾ ജനപക്ഷത്തായിരുന്നില്ല. ജനവിരുദ്ധതയുടെ ഭാഗത്തായിരുന്നു എന്നതാണ് യാഥാർത്ഥ്യം. ഇതുകൊണ്ടാണ് ഇങ്ങനെപോയാൽ നന്ദിഗ്രാം ആവർത്തിക്കുമെന്ന് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞപ്പോൾ ആരും ഒരക്ഷരവും മിണ്ടാതിരുന്നത്. വലിയ പ്രതീക്ഷ ഉണർത്തി അധികാരത്തിൽ വന്ന ഒരു ഗവൺമെന്റാണിത്. എന്റെ സുഹൃത്തായ ശ്രീ. കടമ്മനിട്ടയുടെ ഒരു വരി കവിത ഞാൻ ഉദ്ധരിക്കാം.

"ചോരയല്ലിത് ചോപ്പാണ് കുഞ്ഞേ

നേരറിഞ്ഞാൽ നീ നീറിമരിക്കും."

ഭരണത്തിൽ കാണുന്ന ചുവപ്പ് ചോരയുടേതല്ല വെറും ചായം മാത്രമാണെന്നാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. നമ്മൾ എന്താണ് കരുതിയത്? പാർട്ടിയിലും ഗവൺമെന്റിലും സ്വാധീനമുള്ള ഒരു മുഖ്യമന്ത്രി വരുന്നു. പോളിറ്റ് ബ്യൂറോ അംഗമായ ഒരു മുഖ്യമന്ത്രി വരുന്നു. 16 വർഷക്കാലമായി പാർട്ടി സെക്രട്ടറിയായിരുന്ന ഒരാൾ മുഖ്യമന്ത്രിയാകുന്നു. നമുക്ക് വലിയ പ്രതീക്ഷയായിരുന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലത്തെ ഭരണമല്ലായിരിക്കുമെന്നാണ് കരുതിയത്. എന്നാൽ ഇന്ന് എന്താണ് നടക്കുന്നത്? ഇന്ന് ഈ ഭരണം ലക്കും ലഗാനുമില്ലാതെ പോകുന്നുവെന്നതാണ് സത്യം. ഭരണം എങ്ങോട്ടുപോകുന്നുവെന്ന്

ഭരണകർത്താക്കൾക്കുപോലും അറിയാത്ത അവസ്ഥയാണ്. വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലൂടെ നിരവധി സമരങ്ങൾ നടത്തി പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തുവന്ന ആളല്ലേ ശ്രീ. പിണറായി വിജയൻ. അദ്ദേഹത്തിനെന്തിനാണ് എട്ട് ഉപദേഷ്ടാക്കൾ? അദ്ദേഹത്തിന് സാമാന്യബുദ്ധിയുണ്ടെന്ന് എല്ലാവർക്കുമറിയാമല്ലോ? ഈ എട്ട് ഉപദേശകർ അദ്ദേഹത്തെ കുഴപ്പത്തിലാക്കുന്നുവെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. അവർ അദ്ദേഹത്തെ വഴിതെറ്റിക്കുകയാണ്.

ഇന്ന് കേരളം കാണുന്നത് ഭരണസ്തംഭനമാണ്. ഉദ്യോഗസ്ഥരെ സംബന്ധിച്ച കാര്യം ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഉദ്യോഗസ്ഥർ തമ്മിലുള്ള അടിയല്ല പ്രശ്നം; അത് ഭരണത്തെ ബാധിക്കുന്നുവെന്നുള്ളതാണ്; അതാണ് ഞങ്ങളുടെയും ജനങ്ങളുടെയും പ്രശ്നം. ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കത്തെ സംബന്ധിച്ച് വളരെ നിസ്സാരവൽക്കരിച്ചാണ് അദ്ദേഹമിവിടെ പറഞ്ഞത്. ഇന്നലെ മുഖ്യമന്ത്രിയും അത് നിസ്സാരവൽക്കരിച്ചു. അങ്ങനെയാണെങ്കിൽ ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിനുശേഷം കൃഷിവകുപ്പ് സെക്രട്ടറിയേയും കൃഷിവകുപ്പ് ഡയറക്ടറേയും എന്തിനാണ് മാറ്റിയത്? ഐ.എ.എസ്.-കാർക്ക് ഭരണത്തിൽ നിസ്സംഗതയാണ്. എപ്പോഴാണ് വിജിലൻസ് അന്വേഷണം വരുന്നത് എന്ന ഭയത്തോടുകൂടി കാത്തിരിക്കുന്ന ഒരു കാലമാണ്. ഇവിടെ രണ്ട് മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി. ഇതാണോ ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടം? ശ്രീ. ഇ. പി. ജയരാജനും ശ്രീ. എ. കെ. ശശീന്ദ്രനും രാജി വയ്ക്കുകയുണ്ടായി. എന്തിനാണെന്ന് ഞാൻ പറയുന്നില്ല, എല്ലാവർക്കും അറിയുന്നതാണ്. ഇവിടെ രാഷ്ട്രീയ അഴിമതിയെന്ന് പറഞ്ഞാൽ പണം വാങ്ങുക മാത്രമല്ല, സ്വജനപക്ഷപാതവുമുണ്ട്, nepotism is also corruption. ഈ ഗവൺമെന്റ് വന്നതിനുശേഷം 365 ദിവസത്തിനകം 305 കൊലപാതകങ്ങളും 18 രാഷ്ട്രീയ കൊലപാതകങ്ങളും നടന്നു. പ്രാദേശിക പാർട്ടി നേതാക്കന്മാർ ഭരണത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നു. 2 വയസ്സുമുതൽ 92 വയസ്സുവരെയുള്ള സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്ന ഒരു കാലം; കുട്ടികൾക്കെതിരായി പീഡനങ്ങൾ വർദ്ധിക്കുന്നു; ക്രമസമാധാനനില ഇത്രയും വഷളായ ഒരു കാലഘട്ടം കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടാകില്ല; ഇതുപോലൊരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ? ഇവിടെ നടന്ന എല്ലാ സമരങ്ങളോടും ഈ സർക്കാരിന്റെ സമീപനമെന്താണ്? സമരങ്ങളെ അടിച്ചമർത്തുന്നു; സമരങ്ങളോട് അസഹിഷ്ണുത കാണിക്കുന്നു; ശ്രീമതി കെ.സി. മഹിജ സമരം ചെയ്തപ്പോൾ, ഈ സമരം കൊണ്ട് അവർ എന്ത് നേടി എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചത്? ഇത് ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിക്ക് ചോദിക്കാൻ കഴിയുന്ന കാര്യമാണോ? ഈ സംസ്ഥാനത്ത് നിരവധി സമരങ്ങൾ നടത്തിയ ഒരു പ്രസ്ഥാനത്തിന്റെ നേതാവിന്

ചോദിക്കാൻ പാടുള്ള കാര്യമാണോ? കേരളത്തിൽ അങ്ങോളമിങ്ങോളം കഴിഞ്ഞ ഒരു വർഷക്കാലം കെ.എസ്.യു.-വിന്റെയും യൂത്ത് കോൺഗ്രസ്സിന്റെയും എം.എസ്.എഫ്.-ന്റെയും പ്രവർത്തകരായ എത്രയോ ആളുകൾക്കാണ് അടിയും മർദ്ദനങ്ങളുമേറ്റ് ആശുപത്രിയിൽ കഴിയേണ്ടതായി വന്നത്? ഈ സർക്കാർ സമരങ്ങളോടുള്ള സമീപനത്തിൽ വ്യത്യാസം വരുത്താതെ മുന്നോട്ട് പോകുന്നു. ജനവിരുദ്ധ നയവും ഫാസിസ്റ്റ് മുഖവുമാണ് ഈ സർക്കാരിനുള്ളത്. ഈ ഫാസിസ്റ്റ് മുഖമാണ് നിങ്ങളെ ജനങ്ങളിൽനിന്ന് ഒറ്റപ്പെടുത്തുന്നത്. മുൻമുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനോട് ഈ സർക്കാർ ഇത്രയും ചെയ്യേണ്ടിയിരുന്നില്ല. ശ്രീ. പിണറായി വിജയന് ശ്രീ. വി. എസ്. അച്ചുതാനന്ദനോടുള്ള ബഹുമാനം എല്ലാവർക്കും അറിയാവുന്നതാണ്. ആലപ്പുഴ സംസ്ഥാന സമ്മേളനത്തിൽ വച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പാർട്ടി വിരുദ്ധ മനോഭാവത്തിലേയ്ക്ക് തരംതാഴ്ന്നുവെന്നാണ് ശ്രീ. പിണറായി വിജയൻ പറഞ്ഞത്. അന്നാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പാർട്ടി യോഗത്തിൽനിന്ന് ഇറങ്ങിപ്പോയത്. ഇപ്പോഴാണ് ശരിക്കും അദ്ദേഹത്തെ പൂട്ടാനുള്ള അവസരം കിട്ടിയത്. ശ്രീ. വി. എസ്. അച്ചുതാനന്ദന് ലഭിച്ച ക്യാബിനറ്റ് പദവി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കുകൂടി കൊടുത്ത് ആ പാവത്തിനെ അപമാനിക്കേണ്ടായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. ഇതെല്ലാം ഈ സർക്കാരിന്റെ നേട്ടങ്ങളാണോ? ഇന്നത്തെ എല്ലാ പത്രങ്ങളിലും പുതിയ വാർത്തകളും പരസ്യങ്ങളും ഉണ്ടല്ലോ? യു.ഡി.എഫ്. കൊടുക്കാത്തതിനേക്കാൾ വലിയ പരസ്യങ്ങൾ കൊടുക്കുന്നു. അത് നല്ല കാര്യമാണ്. പരസ്യങ്ങൾ വരട്ടെ. പക്ഷേ അതിലൊന്നും ഒരു വർഷക്കാലം നടപ്പാക്കിയ പദ്ധതികളെപ്പറ്റി പറയുന്നില്ല. നടപ്പാക്കാൻ പോകുന്ന പദ്ധതികളെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്, അത് നമുക്ക് കാത്തിരുന്നുകാണാം. ചോറ് വെന്തോ എന്ന് അറിയാൻ മുഴുവൻ ചോറും പരിശോധിക്കേണ്ട കാര്യമില്ല. അതിലെ ഒരു വറ്റെടുത്ത് പരിശോധിച്ചാൽ മതിയാകും. ഒരു വർഷത്തെ ഭരണംകൊണ്ട് അഞ്ച് വർഷത്തെ ഭരണം എങ്ങനെയിരിക്കുമെന്ന് ബോദ്ധ്യപ്പെടുന്നു. യു.ഡി.എഫ്.-ന്റെ ജനകീയ അടിത്തറ തകർന്നുവെന്ന് ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് ഇവിടെ പറഞ്ഞു. യു.ഡി.എഫ്.-ന്റെ ജനകീയ അടിത്തറ കൂടുതൽ ബലപ്പെടുന്നു. ദേശീയ രാഷ്ട്രീയത്തിലും കേരള രാഷ്ട്രീയത്തിലും വ്യക്തമായ നിലപാടുകളോടെ ഞങ്ങൾ മുന്നോട്ടുപോകുന്നു. ഞങ്ങളെ സംബന്ധിച്ച് നിങ്ങൾ ഞങ്ങളുടെ ശത്രുക്കളല്ല; അങ്ങനെ കാണുന്നുമില്ല. നിങ്ങൾ ഞങ്ങളെ ശത്രുക്കളായി കാണുന്നത് അവസാനിപ്പിക്കണം. ഇതാണ് ഞാൻ പ്രഖ്യാപിക്കാൻ ആഗ്രഹിക്കുന്നത്. സി.പി.ഐ.-യുടെ നിലപാടെങ്കിലും നിങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകണം. ഇന്ന് ഈ രാജ്യത്ത് വളർന്നുവരുന്ന വർഗ്ഗീയതയ്ക്കെതിരെ, ഫാസിസത്തിനെതിരെ ഒറ്റക്കെട്ടായി മതേതര കക്ഷികളെ അണിനിരത്താനുള്ള

കോൺഗ്രസ്സിന്റെ വിശാലമായ സമീപനത്തിന് മാത്രമേ നാളെ ഈ രാജ്യത്തെ ജനങ്ങളെ രക്ഷിക്കാൻ കഴിയുകയുള്ളവെന്നുള്ള വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. അത് വരും ദിവസങ്ങളിൽ പൂർത്തീകരിക്കാൻ പോകുന്നൊരു കാര്യമാണ്. 2019-ൽ നടക്കാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ നരേന്ദ്രമോദിയെ പരാജയപ്പെടുത്താൻ, ആർ.എസ്.എസ്./ബി.ജെ.പി.-യേയും പരാജയപ്പെടുത്താൻ ദേശവ്യാപകമായി മതേതര ശക്തികളുടെ കൂട്ടായ്മ ബലപ്പെടുത്തുക എന്ന ദേശീയ-രാഷ്ട്രീയ ചിന്തകളാണ് ഞങ്ങളെ മുന്നോട്ട് നയിക്കുന്നത്. യു.ഡി.എഫ്. ഇപ്പോൾ പ്രതിപക്ഷത്താണ്. അടുത്ത നാലുവർഷവും ഞങ്ങൾ പ്രതിപക്ഷത്തായിരിക്കും. പക്ഷേ ഈ നാട്ടിലെ ജനങ്ങളുടെ, സാധാരണക്കാരന്റെ, പാവപ്പെട്ടവന്റെ പ്രശ്നങ്ങൾ ഉയർത്തിപിടിച്ചുകൊണ്ട്, ചെറുപ്പക്കാരുടെ പ്രശ്നങ്ങൾ ഉയർത്തിപിടിച്ചുകൊണ്ടുള്ള നിരന്തരമായ പോരാട്ടങ്ങളിലൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളെ തുറന്നുകാട്ടാനുള്ള പ്രതിപക്ഷത്തിന്റെ ധർമ്മം നിർവ്വഹിക്കുമെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇപ്പോൾ സഭ പാസ്സാക്കാൻ പോകുന്ന ധനവിനിയോഗ ബില്ലിന്റെ ഉള്ളടക്കം പരിശോധിക്കുകയാണെങ്കിൽ ഈ സർക്കാരിന്റെ സമീപനവും ശൈലിയും അതിൽ പ്രതിഫലിപ്പിക്കുന്നുണ്ടെന്ന് കാണാൻ സാധിക്കും. അങ്ങനെയൊരു ധനവിനിയോഗ ബിൽ ഈ വാർഷിക ദിനത്തിൽ അവതരിപ്പിക്കാൻ സാധിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഒരു പ്രധാനപ്പെട്ട സവിശേഷത, കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മുഴുവൻ പുതിയ കാര്യങ്ങൾക്കും ഇതോടുകൂടി ബഡ്ജറ്റ് ഹെഡ്ഡ് ആവുകയാണ്. ഇത് ചെറിയ കാര്യമല്ല. സാധാരണ കേരളത്തിലെ കീഴ്വഴക്കം, അതതു വകുപ്പുകൾ ബഡ്ജറ്റിൽ പറഞ്ഞ പുതിയ കാര്യങ്ങൾക്ക് സ്കീം തയ്യാറാക്കി, ഫയൽ അയച്ച്, സപ്ലിമെന്ററി ഡിമാന്റിൽ പണം വകയിരുത്തുകയാണ് ചെയ്യുന്നത്. അങ്ങനെ സ്കീമുകൾ ആയിട്ടില്ലെങ്കിലും ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളവയ്ക്ക് ഇപ്പോൾ ടോക്കൺ പ്രൊവിഷനെങ്കിലും വച്ച് ഹെഡ്ഡ് സൃഷ്ടിച്ചിരിക്കുകയാണ്. അതുകൊണ്ട് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യവും നിർവ്വഹണത്തിലേയ്ക്ക് നീങ്ങുന്നതിന് തടസ്സങ്ങളില്ല. അത് തുടങ്ങുന്നതിന് ബഡ്ജറ്റ് ഹെഡ്ഡുണ്ട്. അത് ഇവിടെ മാത്രമല്ല, ഭരണത്തിന്റെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ധനകാര്യവകുപ്പ് ഇത്തരമൊരു സമീപനമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. അത് എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിനെക്കുറിച്ചുള്ള സമീപനത്തിൽ വ്യക്തമാണ്. എന്തുകൊണ്ടാണ് കാലതാമസം വരുന്നതെന്ന് പരിശോധിച്ചപ്പോൾ മേൽത്തട്ടിൽ, സെക്രട്ടേറിയറ്റിലെ വകുപ്പുകൾ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും കൈമാറി ഈ

പ്രശ്നങ്ങൾ ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്. അങ്ങനെയായാലും താഴെത്തട്ടിൽനിന്നും ചെയ്യാൻ സാധിക്കും. എം.എൽ.എ.-മാർ മറ്റ് ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതുപോലെ തന്നെ ഇതും കൈകാര്യം ചെയ്യട്ടെ. ഇത്തരത്തിൽ, കൂടുതൽ കാര്യക്ഷമമായി കാര്യങ്ങൾ നീക്കുന്നതിന് എന്തെല്ലാം ധനാഗമ രീതികൾ അവലംബിക്കാൻ പറ്റുമോ അത് അവലംബിക്കുന്നത് നന്നായിരിക്കും.

ഈ ധനവിനിയോഗ ബില്ലിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത് സിവിൽ സപ്ലൈസിനുള്ള 357 കോടി രൂപയാണ്. നമ്മുടെ പുതിയ റേഷൻ സംവിധാനം വരുമ്പോൾ അതിനുവേണ്ടിവരുന്ന അധിക ചെലവ് പൂർണ്ണമായും വകയിരുത്തുകയാണ്. ക്യാൻസർ ബാധിച്ച കുട്ടികൾക്കുള്ള പണം വകയിരുത്തിയിട്ടില്ലെന്ന് ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ സൂചിപ്പിച്ചു. അതിനായി തുക പൂർണ്ണമായും വകയിരുത്തിയിരിക്കുന്നു. ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് തുക ഏതെങ്കിലും രീതിയിൽ മാറ്റാമെന്നുള്ളതാണ്. ഇത്തരത്തിൽ എന്തെങ്കിലും കുറവുകൾ ക്ഷേമപ്രവർത്തനങ്ങളിൽ വന്നിട്ടുണ്ടെങ്കിൽ ആ കുറവുകൾ നികത്താം. ഇത് ഈ സർക്കാരിന്റെ പ്രധാനപ്പെട്ട ഒരു സമീപനമാണ്. അത് കേരളത്തിലെ ജനങ്ങളിൽ വലിയൊരു അംഗീകാരമുണ്ടാക്കിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 2,000 കോടി രൂപയിൽ താഴെയാണ് പെൻഷനായി കൊടുത്തത്. ഇപ്പോൾ 5,500 കോടി രൂപ പെൻഷൻ തുകയും നൽകിയിട്ടുണ്ട്. ഇതൊരു പ്രതിബദ്ധതയുടെ പ്രശ്നമാണ്. ഇത്രയും താങ്ങാനുള്ള കഴിവ് നമ്മുടെ ഇന്നത്തെ ധനസ്ഥിതിക്ക് ഉണ്ടോ എന്ന് നോക്കിയിട്ടല്ല, അത് നിർവ്വഹിച്ചത്. പെൻഷൻ, ചില ക്ഷേമനിധികൾ എന്നിവയ്ക്ക് തുക നീക്കിവയ്ക്കുന്നതിനുപുറമേ ഹാന്റ്ലൂം, കയർ എന്നിവയുടെ നവീകരണത്തിനും പണം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്ന ആളുകൾ, ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർ തുടങ്ങിയവരുടെ സാമൂഹിക സുരക്ഷിതത്വത്തിന് ഏറ്റവും മുൻഗണന നൽകുന്ന ഒരു സർക്കാരായിരിക്കും ഇത്. അതിന്റെ കാരണം, നമ്മൾ ബഡ്ജറ്റിന് പുറത്ത് വലിയ തോതിലുള്ള നിക്ഷേപങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ തുടങ്ങിയവ നടത്തുമ്പോൾ ഈ നാട്ടിലെ സാധാരണക്കാരായിട്ടുള്ളവർക്ക് കിഫ്ബി ഫണ്ടിൽനിന്നുള്ള നിക്ഷേപത്തിൽനിന്നും പശ്ചാത്തല സൗകര്യങ്ങൾക്കും മറ്റും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ദുർബ്ബല വിഭാഗങ്ങൾക്ക് എത്രമാത്രം തുകയുണ്ട് തുടങ്ങിയ ചോദ്യങ്ങളൊക്കെ ചിലർ ഉന്നയിക്കുകയുണ്ടായി. ആ ചോദ്യങ്ങൾക്കുള്ള പ്രതികരണമാണിത്. കാരണം, ഒരു സോഷ്യൽ കോംപ്രമൈസ് ആണ്. കേരളത്തിന്റെ മുന്നേറ്റത്തിന്റെ ഒരു ചുവടുമാറ്റമാണ്. നമ്മൾ ഇതുവരെ ഒറ്റക്കാലിൽ നടക്കുകയായിരുന്നു. സാമൂഹ്യ ക്ഷേമ മേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾക്കാണ്

നമ്മൾ ശ്രദ്ധകൊടുത്തിരുന്നത്. അവിടെനിന്നും നമ്മൾ ചുവടുമാറ്റം നടത്തുകയാണ്, രണ്ടുകാലിൽ നടക്കുകയാണ്. ആധുനിക വ്യവസായങ്ങൾ, ആധുനിക തൊഴിലവസരങ്ങൾ എന്നിവ സൃഷ്ടിക്കുകയും അവയ്ക്കാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ കേരളത്തിലൊരുക്കുകയും ചെയ്യണം. എന്നാൽ ആദ്യത്തെ നിലപാട് വിട്ടുന്നില്ല. ഞങ്ങൾക്ക് ഇതിൽ എന്തുപങ്ക്, ഞങ്ങളുടെ മക്കൾക്ക് ഈ ജോലിയെല്ലാം കിട്ടി, ഈ മേഖലയിൽ ജോലി ചെയ്യുന്ന പാവങ്ങളായ ഞങ്ങൾക്ക് എന്ത് എന്ന് ചോദിച്ചാൽ, ഈ സർക്കാർ സമ്പൂർണ്ണ സാമൂഹിക സുരക്ഷിതത്വം നിങ്ങൾക്ക് നൽകും എന്നത് ഇതിൽ പ്രതിഫലിക്കുന്നുണ്ട്. ഈ ധനവിനിയോഗ ബില്ലിന്റെ മറ്റൊരു ഭാഗം ഞാൻ നേരത്തെ സൂചിപ്പിച്ചു. നൂറ് കോടി രൂപ കിഫ്ബിയുടെ സെന്റേജ് ചാർജ് നൽകുന്നതിന് മാറ്റിവച്ചിരിക്കുകയാണ്. ഇനി അതൊരു വൈഷമ്യമായി വേണ്ട.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, അങ്ങ് കിഫ്ബി പദ്ധതിയെക്കുറിച്ച് പറഞ്ഞു. ഒരു നിയോജകമണ്ഡലത്തിൽ എം.എൽ.എ. നിർദ്ദേശിക്കുന്ന ഒരു സ്കൂൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഉൾപ്പെടെയുള്ളവർ പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുകയും സ്റ്റേറ്റിന്റെ ആർക്കിടെക്ട് ഡിസൈനും മറ്റും അപ്രൂവ് ചെയ്യുകയും ചെയ്തു. എന്നാൽ ഇപ്പോൾ പറയുന്നത് കിറ്റ്കോയുടെ ഉദ്യോഗസ്ഥരാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്നും അവരാണ് കൺസൾട്ടന്റെന്നുമാണ്. പൊതുമരാമത്ത് വകുപ്പിന് അതിനുള്ള അധികാരമില്ലെന്നാണ് പറയുന്നത്. അപ്പോൾ നേരത്തെ തയ്യാറാക്കിയ എസ്റ്റിമേറ്റ് മാറ്റേണ്ടിവരും. മറ്റൊന്ന്, കിറ്റ്കോയുടെ എസ്റ്റിമേറ്റും മറ്റും കിഫ്ബി അംഗീകരിച്ചാൽ ഇംപ്ലിമെന്റിംഗ് ഏജൻസി ആരായിരിക്കും?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഈ മാസം 31-ാം തീയതി കൂടുന്ന കിഫ്ബിയുടെ ഡയറക്ടർ ബോർഡ് യോഗത്തിൽ സ്കൂളുകൾക്ക് 5 കോടി രൂപയുടെ അംഗീകാരം നൽകുകയാണ്. 5 കോടി രൂപ കിഫ്ബിയിൽനിന്ന് നൽകും. എന്നാൽ 10 കോടി രൂപയുടെ ചെലവ് വരികയാണെങ്കിൽ 10 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. 25 ഓളം സ്കൂളുകൾ കിഫ്ബിയിൽനിന്ന് ലഭിക്കുന്ന 5 കോടി രൂപയ്ക്ക് പുറമെ 5 കോടി രൂപകൂടി ചെലവാക്കാമെന്ന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ മെയിന്റനൻസിനുവേണ്ടിയുള്ള സ്ഥിരനിക്ഷേപവും ഉറപ്പാക്കണം. ഇത് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. അങ്ങയെപ്പോലെ ഞാനും എന്റെ മണ്ഡലത്തിൽ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ ആർക്കിടെക്ചർ വിഭാഗത്തെക്കൊണ്ടാണ് എസ്റ്റിമേറ്റും മാസ്റ്റർ പ്ലാനും തയ്യാറാക്കിയത്. ഇത് പരിശോധിച്ച് കിഫ്ബി അംഗീകാരം നൽകിയാൽ അത് നടപ്പാക്കുന്ന ഏജൻസി ഏതെന്ന് അതത് ഡിപ്പാർട്ട്മെന്റാണ്

തീരുമാനിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന് അത്തരം ഏജൻസിയില്ല. അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പ് മൂന്ന് മേഖലയായി തിരിച്ച് മൂന്നിനും പ്രത്യേകം പ്രത്യേകം ഏജൻസിയെയാണ് നിയോഗിക്കുന്നത്. അതിൽ ഒരു മേഖലയിൽ കിറ്റ്കോയാണ് വരുന്നത്. അതായിരിക്കാം ശ്രീ. പി. കെ. ബഷീർ സൂചിപ്പിച്ചത്. നമ്മൾ നൽകിയ എസ്റ്റിമേറ്റിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോയെന്ന് ഏജൻസികൾ പരിശോധിക്കും. അല്ലാതെ രണ്ടാമത് എസ്റ്റിമേറ്റ് തയ്യാറാക്കുകയല്ല ചെയ്യുന്നത്. ഏജൻസികൾ എസ്റ്റിമേറ്റ് പരിശോധിക്കുന്നതോടെ തടസ്സങ്ങൾ കൂടാതെ അതിന്റെ പ്രവർത്തനത്തിലേയ്ക്ക് കടക്കുകയാണ് ചെയ്യുന്നത്. എന്നാൽ പി.ഡബ്ല്യൂ.ഡി. സർക്കാർ ഡിപ്പാർട്ട്മെന്റായതിനാൽ അങ്ങനെ ചെയ്യാൻ കഴിയില്ല. അല്ലെങ്കിൽ പി.ഡബ്ല്യു.ഡി. അംഗീകരിച്ച ഏജൻസിയെ നിയോഗിക്കേണ്ടിവരും. അങ്ങനെ ഏതെങ്കിലും ഏജൻസിയുണ്ടോയെന്ന് എനിക്ക് ഇപ്പോൾ പറയാൻ കഴിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പി.ഡബ്ല്യു.ഡി-യെക്കൊണ്ട് ചെയ്യിപ്പിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; പി.ഡബ്ല്യു.ഡി. ഒരു ഡിപ്പാർട്ട്മെന്റല്ലേ; അവിടെ പ്രവൃത്തിപരിചയമുള്ള ഉദ്യോഗസ്ഥരില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു തടസ്സവുമില്ലെന്ന് മാത്രമല്ല അതാണ് ഏറ്റവും അഭികാമ്യവും. പി.ഡബ്ല്യു.ഡി-യിൽ വളരെ കഴിവുള്ള ഉദ്യോഗസ്ഥരുണ്ട്. അവർ എസ്റ്റിമേറ്റെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് പി.ഡബ്ല്യൂ.ഡി.-ക്ക് കഴിയില്ല, ഒരു ഏജൻസിക്ക് മാത്രമേ കഴിയുകയുള്ളൂ. പി.ഡബ്ല്യു.ഡി. പദ്ധതി നിർവ്വഹണം നടത്തിയാൽ കിഫ്ബി ഫണ്ട് ബഡ്ജറ്റ് ചെലവായി ബുക്ക് ചെയ്യേണ്ടിവരും. അത് സാധ്യമല്ല, നിയമവിരുദ്ധമാണ്. ഇപ്പോൾ എസ്റ്റിമേറ്റ് പാസ്സാക്കിയ റോഡുകളുടെ സിംഹഭാഗവും തയ്യാറാക്കിയിട്ടുള്ളത് പി.ഡബ്ല്യു.ഡി എഞ്ചിനീയർമാരാണ്. എന്റെ മണ്ഡലത്തിലെ പാലത്തിന്റെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരാണ് തയ്യാറാക്കിയത്. പി.ഡബ്ല്യു.ഡി. തീരുമാനിക്കുന്ന ഏജൻസിയായ റോഡ് ഫണ്ട് ബോർഡോ ബ്രിഡ്ജസ് കോർപ്പറേഷനോ മറ്റേതെങ്കിലും ഏജൻസിയോ വർക്ക് ചെയ്യും. അവിടെ നിശ്ചയിച്ചിട്ടുള്ള ഏജൻസി കിറ്റ്കോയാണെങ്കിൽ അവരാണ് അറേഞ്ച് ചെയ്യുന്നത്. അത് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റാണ് തീരുമാനിക്കുന്നത്. കിഫ്ബി ബോർഡല്ല.

ശ്രീ. എം. ഉമ്മർ: സർ, എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും പബ്ലിക് കോൺട്രിബ്യൂഷനും പഞ്ചായത്ത് ഫണ്ടുമൊക്കെ പൂൾ ചെയ്തുവരുമ്പോൾ പ്രോജക്ട് തയ്യാറാക്കിക്കഴിഞ്ഞാൽ അതിന്റെ ബിൽ എഴുതാനും പേമെന്റ് നടത്താനുമുള്ള അധികാരം കിറ്റ്കോയ്ക്ക് ഉണ്ടാകുമോ?

ശ്രീ. പി. ഉബൈദുള്ള: സർ, കിഫ്ബിയിൽനിന്ന് 5 കോടി ലഭിക്കുന്നതിനുപുറമെ സ്കൂളുകൾ സംഭാവന കളക്ട് ചെയ്യുന്നുണ്ട്. ആ സംഭാവനയുടെ റസീപ്റ്റ് കൊടുക്കേണ്ടത് ആരാണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, കിഫ്ബിയിൽ നിന്ന് ലഭിക്കുന്ന 5 കോടി രൂപയുടെ പദ്ധതിനിർവ്വഹണം നടത്തുന്നത് കിഫ്ബി നിശ്ചയിച്ച ഏജൻസി തന്നെയായിരിക്കും. നിങ്ങൾ സമാഹരിക്കുന്ന തുകയ്ക്ക് ഏത് ഏജൻസിയെ വച്ചും ചെയ്യിപ്പിക്കാം. അതല്ല, കിറ്റ്കോവഴി ഒരുമിച്ച് ചെലവാക്കണമെങ്കിൽ അങ്ങനെയും ചെയ്യാം. അതിന് തടസ്സമില്ല. അതിന് ബില്ല് എഴുതുന്നതും പേമെന്റ് കൊടുക്കാൻ പറയുന്നതും കിറ്റ്കോ ആയിരിക്കും. അങ്ങനെ കൊടുക്കാൻ പറഞ്ഞാൽ കിഫ്ബി ആ തുക കോൺട്രാക്ടർക്ക് നൽകും.

ശ്രീ. രമേശ് ചെന്നിത്തല: സർ, കോളനികളുടെ നവീകരണത്തിനുവേണ്ടി കിറ്റ്കോ ഉൾപ്പെടെ നിരവധി ഏജൻസികളെ ഏൽപ്പിച്ചിരുന്നെങ്കിലും ഒരു ഏജൻസിയും ഫലപ്രദമായി പദ്ധതി നിർവ്വഹണം നടത്തിയില്ല. അതുകൊണ്ട് ദയവായി അങ്ങ് ഇത് ചെയ്യരുത്. പി.ഡബ്ല്യു.ഡി.-യുമായി ആലോചിച്ച് ആവശ്യമായ സംവിധാനമുണ്ടാക്കണം. കിറ്റ്കോ ഉൾപ്പെടെയുള്ള ഏജൻസികൾ ഫലപ്രദമായി പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ലെന്നുള്ള ചരിത്രം നമ്മുടെ മുന്നിലുണ്ട്. ഇത് അപകടമാകുമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: മിനിസ്റ്റർ, ഇത് ടെണ്ടർ ചെയ്തിട്ടല്ലേ ചെയ്യുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതെ. ആദ്യമായി മനസ്സിലാക്കേണ്ട അടിസ്ഥാനകാര്യം, ഇത് ബഡ്ജറ്റിനുപുറത്ത് ചെയ്യുന്ന പ്രവൃത്തികളാണ് എന്നതാണ്. ബഡ്ജറ്റ് ഫണ്ട് കൈകാര്യം ചെയ്യുന്ന സർക്കാർ ഡിപ്പാർട്ട്മെന്റുകൾക്ക് നേരിട്ട് ഈ പ്രവൃത്തികൾ ചെയ്യുന്നതിന് നിയമതടസ്സമുണ്ട്. അതുകൊണ്ട് പുറത്തുള്ള ഏജൻസികൾതന്നെ വേണം. പി.ഡബ്ല്യു.ഡി.ക്ക് നാലഞ്ച് അംഗീകൃത ഏജൻസികളുണ്ട്. എന്നാൽ ആരോഗ്യവകുപ്പിൽ അത്തരം ഏജൻസികൾ ഇല്ല. എന്നാൽ എച്ച്.എൽ.എൽ. പല ആശുപത്രികളും ഏറ്റെടുത്ത് നിർവ്വഹണം ചെയ്തിട്ടുള്ളതാണ്. അവർ മെയിന്റനൻസ് കോൺട്രാക്ടുൾപ്പെടെ ചെയ്ത് ശീലമുള്ളവരാണ്. ആരോഗ്യ വകുപ്പിന്റെ നിർവ്വഹണ ഏജൻസിയായി എച്ച്.എൽ.എൽ-നെ നിയോഗിക്കുകയും അവർ ഡിസൈനും മറ്റും ചെയ്യുന്നതിന് നമ്മൾ സെന്റേജ് ചാർജ് കൊടുക്കുകയും ചെയ്യും. പിന്നീട് അവർ ടെണ്ടർ വിളിച്ച് നടപ്പാക്കണം. അത്തരത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഏജൻസിയില്ലെങ്കിൽ ഏജൻസിയുണ്ടാക്കി നടപ്പാക്കലാണ് നമ്മുടെ പ്രവൃത്തി. ഇത് എളുപ്പമുള്ള കാര്യമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ നിങ്ങൾക്ക് ഇക്കാര്യങ്ങൾ നാട്ടിൽ ചെയ്യണമെങ്കിൽ ഇതല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് സൂചിപ്പിച്ചത് മൂന്ന് ഏജൻസികൾ മൂന്ന് മേഖലകളിലായി കൊടുക്കാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചു എന്നതാണ്. മലപ്പുറം ജില്ലയിലെ 16 നിയോജകമണ്ഡലങ്ങളിലെ 16 സ്കൂളുകൾ ഒരു ഏജൻസിയെ ഏൽപ്പിച്ചാൽ നടപ്പാക്കാൻ കഴിയില്ല. പി.ഡബ്ല്യു.ഡി. ഉൾപ്പെടെയുള്ള വിവിധ ഏജൻസികളെ ഉൾപ്പെടുത്തിയാൽ സൗകര്യമായിരിക്കും.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതാത് ഡിപ്പാർട്ടുമെന്റാണ് തീരുമാനിക്കുന്നത്. ഞാൻ തീരുമാനിക്കുന്നതല്ല. വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂൾ കെട്ടിടങ്ങൾ ഏത് ഏജൻസി വഴി പണിയണമെന്ന് വിദ്യാഭ്യാസ വകുപ്പാണ് തീരുമാനിക്കുക. ആരോഗ്യ വകുപ്പിന്റേത് അവരാണ് തീരുമാനിക്കുക. അത്തരത്തിൽ അവർക്ക് പരിശോധിച്ച് തീരുമാനിക്കാം.

2.00 PM]

ശ്രീ. എം. ഉമ്മർ: സർ, നേരത്തെ സൂചിപ്പിച്ചതുപോലെ, പബ്ലിക്കിൽ നിന്നും പിരിച്ചെടുക്കുന്ന തുകയും എം.എൽ.എ. ഫണ്ടും ഉണ്ടാകും. ഇതുമുഴുവൻ ഒരു അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യത്തക്കവിധത്തിൽ ഗവൺമെന്റ് ഒരു സ്കൂളിന് ഒരു അക്കൗണ്ട് ഓപ്പൺ ചെയ്യാനുള്ള പെർമിഷൻ കൊടുക്കുമോ; എന്നാൽ ആ അക്കൗണ്ടിലേയ്ക്ക് പൊതു ഫണ്ടും ഗവൺമെന്റ് ഫണ്ടും പൂൾ ചെയ്യുകയാണെങ്കിൽ ഒറ്റ അക്കൗണ്ടിൽ പണം വരില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിന് കഴിയില്ല. കാരണം കിഫ്ബിയുടെ ഫണ്ട് നിങ്ങൾക്കാർക്കും ട്രാൻസ്ഫർ ചെയ്ത് തരില്ല. ഈ പറയുന്ന ഏജൻസി ടെണ്ടർ വിളിച്ച് എസ്റ്റിമേറ്റും പ്ലാനും പ്രകാരം മുഴുവനായോ പാർട്ടായോ പ്രോജക്ട് പൂർത്തീകരിച്ചുവെന്ന് പറയുമ്പോൾ അവരുടെ അക്കൗണ്ടിലേയ്ക്ക് പണം ഇട്ടുകൊടുക്കുകയേയുള്ളൂ. അതേസമയം നിങ്ങൾ സ്കൂളിനുവേണ്ടി സമാഹരിക്കുന്ന മറ്റ് തുകകൾ സർക്കാർ ഉത്തരവുപ്രകാരമുള്ള ഒരു അക്കൗണ്ടുണ്ടാക്കി ആ അക്കൗണ്ടിലിട്ട് ചെലവഴിക്കാം. അത് ഏജൻസി വഴിയോ സർക്കാരിന്റെ അംഗീകാരത്തോടുകൂടി മറ്റൊരു ഏജൻസിയെയോ ഏൽപ്പിച്ച് ചെയ്യാം. കിഫ്ബിയുടെ പണം ഒരു അക്കൗണ്ടിലേയ്ക്ക് ഇട്ടുകൊടുക്കില്ല. കരാറുകാരുടെ അക്കൗണ്ടിലേയ്ക്ക് പണിപൂർത്തിയാകുമ്പോൾ കൊടുക്കുക മാത്രമാണ് ചെയ്യുന്നത്.

ശ്രീ. അനിൽ അക്കര: സർ, കിഡ്കോ ഇതിന്റെ വെരിഫിക്കേഷൻ മാത്രമാണ് നടത്തുന്നതെന്നാണ് ഡി.പി.ആർ.-മായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ നിന്നും ലഭിച്ച വിവരം. എം.എൽ.എ.-മാർ എഴുതിക്കൊടുക്കുന്ന ഏജൻസികൾക്കാണ് കൊടുക്കുന്നതെന്ന് പറഞ്ഞിട്ടാണ് നാട്ടിൽ ഓരോ വർക്കുകൾ ഞങ്ങൾ ചെയ്യുന്നത്. അതിന് ക്ലിയറായ മറുപടി

ബഹുമാനപ്പെട്ട മന്ത്രി തരണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിൽ കൂടുതൽ ക്ലാരിറ്റി എനിക്ക് തരാൻ കഴിയില്ല. ഇത് ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി പറഞ്ഞതാണ്. നിങ്ങൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. അതിന് ഏത് ഏജൻസിയുടെ സഹായവും നിങ്ങൾക്ക് സ്വീകരിക്കാം. അങ്ങനെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ചിലർ ബിൽഡിംഗിന്റെ conceptual plan മാത്രമാകും നൽകുന്നത്. ചിലരാണെങ്കിൽ ഡീറ്റെയിൽഡായ എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്ലാൻ നൽകും. വിദ്യാഭ്യാസ വകുപ്പ് പ്ലാൻ പരിശോധിച്ച് ഏത് ഏജൻസി വഴി നടപ്പാക്കണമെന്ന് തീരുമാനിക്കും. നിങ്ങളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെങ്കിൽ ആ ഏജൻസി അത് ചെയ്യും. അങ്ങനെയല്ല conceptual plan മാത്രമേ ഉണ്ടാക്കിയിട്ടുള്ളൂവെങ്കിൽ അവർ ഡീറ്റെയിൽഡ് ആയിട്ടുള്ള എസ്റ്റിമേറ്റ് ഉണ്ടാക്കും. അതാണ് ഏജൻസി ചെയ്യുന്നത്. മാസ്റ്റർ പ്ലാൻ എന്നുപറഞ്ഞാൽ കെട്ടിടത്തിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റല്ല; അക്കാഡമിക്കായി എന്തുചെയ്യാൻ പോകുന്നു, ലാൻഡ്സ്കേപ് എന്തുചെയ്യാൻ പോകുന്നു തുടങ്ങിയ എല്ലാ കാര്യങ്ങളും അടങ്ങുന്നതാണ്. കെട്ടിടം പണിയുന്നതല്ല, മറിച്ച് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താനുള്ള ഒരു പരിപാടി നടപ്പാക്കുന്നതിന് ഉത്തേജനം നൽകുന്നതിന് വേണ്ടിയുള്ളതാണ്. ഇതുസംബന്ധിച്ച് പ്രായോഗികമായി കാര്യങ്ങൾ ചെയ്യുമ്പോൾ പ്രശ്നങ്ങൾ വരുന്നത് പരിഹരിച്ചുപോവുകയെന്നതാണ്. ഇത് എളുപ്പമുള്ള കാര്യമാണെന്ന് ഞാൻ പറയുന്നില്ല, പ്രയാസമുള്ളത് തന്നെയാണ്. അങ്ങനെതന്നെ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതല്ലാതെ വേറെ മാർഗ്ഗമില്ല. സർക്കാരിന്റെ ബഡ്ജറ്റ് വഴി ചെയ്യാമെന്ന് വിചാരിച്ചാൽ ആരു ഭരിച്ചാലും ഇതിനപ്പുറത്തേയ്ക്ക് ചെയ്യാൻ കഴിയില്ല. അതുകൊണ്ട് പി.പി.പി., ആന്വറ്റി ഇങ്ങനെ പലതും നോക്കി. ഇന്ന് അതിനെക്കാൾ കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ ചെയ്യാൻ ഇത് സഹായിക്കുമെന്നുള്ളതുകൊണ്ട് ചെയ്യാൻ നോക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രതിപക്ഷ എം.എൽ.എ.-മാർക്ക് ഒരു പരാതിയുണ്ട്. അത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവരുടെ നിയോജകമണ്ഡലങ്ങളിൽ കിഫ്ബി വഴിയുള്ള വർക്ക് എടുക്കുന്നത് എം.എൽ.എ.-മാർ അറിയുന്നില്ലെന്ന് പൊതുവെ പരാതിയുണ്ട്. ദയവായി അങ്ങ് അത് പരിശോധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടില്ലാത്ത ഒരു കാര്യവും എടുക്കുന്നില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ സുതാര്യമായി പറഞ്ഞിട്ടുണ്ട്. സാധാരണഗതിയിൽ ചില ഒറ്റപ്പെട്ട പ്രശ്നങ്ങൾ ഉണ്ടെന്ന് ഒന്നോ രണ്ടോ പേർ പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രതിപക്ഷത്തുനിന്നുപോലും

അത്തരത്തിൽ രാഷ്ട്രീയ വിവേചനം കാണിച്ചുവെന്നുള്ള ആക്ഷേപം ഉണ്ടായിട്ടില്ല. ഒറ്റപ്പെട്ട ഏതെങ്കിലും കേസ് നിങ്ങൾക്ക് പറയാൻ കഴിയുമായിരിക്കും. അതിനപ്പുറത്തേയ്ക്ക് ഉണ്ടായിട്ടില്ല. എം.എൽ.എ.-മാർ അറിയാതെ ഒരു കാര്യവും ചെയ്യുന്ന പ്രശ്നമില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ മാത്രമേ ചെയ്യുന്നുള്ളൂ. ഇനിയും വേണമെങ്കിൽ അത് അടുത്ത ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി ചെയ്യാം. അതാണ് രീതി. മണ്ഡലങ്ങളിൽ എം.എൽ.എ.മാർ അറിയാതെ ഒരു കാര്യവും ചെയ്യില്ല. അങ്ങനെ ചെയ്തിട്ട് രാഷ്ട്രീയമായി വോട്ട് നേടാമെന്ന തെറ്റിദ്ധാരണയൊന്നും വേണ്ട.

ഇടതുപക്ഷ പ്രസ്ഥാനത്തിന് ക്ഷീണമുണ്ട്, ബംഗാളിൽ ഇടതുപക്ഷത്തിന് തിരിച്ചടി വന്നിട്ടുണ്ട്, ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിൽ വേണ്ടത്ര വേഗതയിൽ വളരുന്നില്ല, എന്നാൽ കേരളത്തിൽ ശക്തമായി അധികാരത്തിൽ നിൽക്കുന്നു. ഞങ്ങൾ ശ്രമിക്കുന്നത്, ഇന്ത്യയുടെ മുന്നിൽ ഇടതുപക്ഷ പ്രതിബദ്ധതയുണ്ടെങ്കിൽ, ഒരു സംസ്ഥാനത്ത് എന്തുചെയ്യാൻ കഴിയുമെന്ന് ചെയ്ത് കാണിക്കുകയാണ്. അതാണ് ചെയ്യാൻ ശ്രമിക്കുന്നത്. അതിൽ നിങ്ങൾക്കും പങ്കുണ്ട്, ഇല്ലെന്ന് പറയുന്നില്ല. പക്ഷേ ഇടതുപക്ഷ നിലപാട് വെറും വളർച്ചയല്ല, വളർച്ചയുടെ നേട്ടം സാധാരണക്കാർക്ക് ലഭ്യമാകണം എന്നുള്ളതാണ്. അതിന് ഉയർന്ന കൂലി, ഭൂവിതരണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലയിൽ കേരളത്തിലെ സാധാരണക്കാരന് ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇല്ലാത്ത ഒരു ജീവിതനിലവാരവും മാന്യതയും നേടിക്കൊടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇനിയിപ്പോൾ ആ രീതിയിൽ അവിടെ നിൽക്കാൻ കഴിയില്ല. കാരണം ഇവിടെയെല്ലാം പുതിയ വെല്ലുവിളികൾ വരുന്നുണ്ട്, അതോടൊപ്പം നേട്ടങ്ങളുടെ തലമുറയുടെ പ്രതീക്ഷകൾ ഉയരുകയാണ്. അവിടേയ്ക്ക് നമുക്ക് നീങ്ങാൻ പുതിയ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും രണ്ടാം തലമുറയുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പറ്റുന്ന സ്കൂളുകളും ആശുപത്രികളും കൊണ്ടുവരുന്നതിനും നവലിബറൽ നയങ്ങൾ മാത്രമാണോ ഉള്ളതെന്നൊരു ചോദ്യമുണ്ട്. നിങ്ങൾ ഒരുപക്ഷേ ചോദിക്കില്ല. ഞങ്ങൾ അങ്ങനെയാണ് ചോദിക്കുന്നത്. ഞങ്ങൾ പറയാൻ ശ്രമിക്കുന്നത് അല്ല എന്നാണ്. ഇതിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്നതിൽ നിന്നും വ്യത്യസ്തമായ നിലപാടെടുക്കാം. ഇവിടെയെല്ലാ തൊഴിൽ അവകാശങ്ങളും പാരിസ്ഥിതിക നിയമങ്ങളും അംഗീകരിച്ചുകൊണ്ട് മൂലധനം വരുത്തുന്ന രീതിയിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ പറ്റുമോ? സ്വകാര്യവത്കരണവും ഇൻഷ്വറൻസ് അടിസ്ഥാനത്തിലുള്ള പരിപാടിയുമല്ലാതെ വിദ്യാഭ്യാസ, ആരോഗ്യ മേഖല മെച്ചപ്പെടുത്താൻ കഴിയുമോ? പിണറായി വിജയൻ സർക്കാർ ഇത്തരത്തിൽ ഇന്ത്യയുടെ മുന്നിൽ ഇടതുപക്ഷ മാതൃക സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. അതിന് ആദ്യ വർഷം നടന്ന കാര്യങ്ങളെക്കുറിച്ച് വിവാദങ്ങൾ ഉണ്ടായിട്ടുണ്ട്. അതാണ് നിങ്ങൾ

പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് പരിശോധിച്ച് എങ്ങനെ ഇല്ലാതാക്കാൻ പറ്റുമെന്നത് സംബന്ധിച്ച് ആലോചിക്കാം. നിങ്ങൾ വിവാദമുണ്ടാക്കാൻ ശ്രമിച്ചാലും ആ കെണിയിൽ വീഴാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. അൾട്ടിമേറ്റ്ലി എന്താണ് ചെയ്തതെന്നാണ് ജനം നോക്കുന്നത്. ചെയ്ത കാര്യങ്ങളെക്കുറിച്ച് നമുക്ക് അഭിമാനമുണ്ട്. അങ്ങനെ കാര്യങ്ങൾ കൂടുതൽ ഭംഗിയായി ചെയ്യുന്നതിനുവേണ്ടിയുള്ള ധനവിനിയോഗ ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 2017 - ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ാം വകുപ്പ്</u>

(ഭേദഗതിയില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

(ഭേദഗതിയില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല.)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. ആൻസലൻ
2. ശ്രീ. ആന്റണി ജോൺ
3. ശ്രീ. പി. വി. അൻവർ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. വി. ജോയി
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ

25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. എം. മുകേഷ്
33. ശ്രീ. ഡി. കെ. മുരളി
34. ശ്രീ. മുരളി പെരുനെല്ലി
35. ശ്രീ. സി. കെ. നാണു
36. ശ്രീ. എ. പ്രദീപ്കുമാർ
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ
44. ശ്രീ. ആർ. രാജേഷ്
45. ശ്രീ. റ്റി. വി. രാജേഷ്
46. ശ്രീ. കെ. രാജു
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. ആർ. രാമചന്ദ്രൻ

49. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
50. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
51. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
52. ശ്രീ. മുല്ലക്കര രത്നാകരൻ
53. പ്രൊഫ. സി. രവീന്ദ്രനാഥ്
54. ശ്രീ. കാരാട്ട് റസാഖ്
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. സി. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. എ. എൻ. ഷംസീർ
60. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. വി. ആർ. സുനിൽ കുമാർ
63. ശ്രീ. വി. എസ്. സുനിൽ കുമാർ
64. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
65. ശ്രീ. കെ. സുരേഷ് കുറുപ്പ്
66. ശ്രീ. എം. സ്വരാജ്
67. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
68. ശ്രീ. പി. തിലോത്തമൻ
69. ശ്രീ. തോമസ് ചാണ്ടി
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. പി. ഉണ്ണി
72. ശ്രീമതി വീണാ ജോർജ്ജ്

73. ശ്രീ. കെ. വി. വിജയദാസ്
74. ശ്രീ. ഇ. കെ. വിജയൻ
75. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൽദോസ് കുന്നപ്പിള്ളി
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീ. റോജി എം. ജോൺ

21. ശ്രീ. റോഷി അഗസ്റ്റിൻ
22. ശ്രീ. കെ. എസ്. ശബരീനാഥൻ
23. ശ്രീ. എൻ. ഷംസുദ്ദീൻ
24. ശ്രീ. വി. ഡി. സതീശൻ
25. ശ്രീ. ഷാഫി പറമ്പിൽ
26. ശ്രീ. കെ. എം. ഷാജി
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ : 75

പ്രതികൂലിക്കുന്നവർ : 32

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ധനകാര്യ ബില്ലിന് മറുപടി പറഞ്ഞ ധനകാര്യ വകുപ്പുമന്ത്രി ഒരു ഭാഗത്ത് സോഷ്യൽ കോംപ്രമൈസെന്നും മറുഭാഗത്ത് ഇടതുപക്ഷ ബദൽ എന്നുമാണ് പറഞ്ഞത്. വൈരുദ്ധ്യങ്ങളുടെയും പൊരുത്തക്കേടുകളുടെയും ഒരു കൊട്ടക്കാട് കാണുന്ന രീതിയാണ് ഇപ്പോഴുള്ളത്. ഈ ഒരു വർഷം ഒന്നും വ്യക്തമായി പറയാൻ കഴിയാത്ത ഒരു സർക്കാർ, താങ്കൾ എത്ര മിനിട്ട് നിന്ന് സംസാരിച്ചാലും ഈ സഭയ്ക്ക് വിശ്വാസം വരാത്തവിധം അത്രമാത്രം ആശയക്കുഴപ്പങ്ങളുണ്ട്. ഈ സഭ പാസ്സാക്കിയ നിയമമാണ് കിഫ്ബി. എന്നിട്ടും അതിന്റെ സംശയനിവാരണത്തിന് എത്രയധികം ആളുകളാണ് ചോദ്യങ്ങളുന്നയിച്ചതെന്ന് താങ്കൾ ശ്രദ്ധിച്ചിട്ടുണ്ടാകും. അതിന്റെ അർത്ഥം ഈ സഭയ്ക്ക് വിശ്വാസം വന്നിട്ടില്ല എന്നാണ്. എല്ലാ ഭാഗത്തുമുള്ള അംഗങ്ങളുടെ ചോദ്യങ്ങൾ വന്നു. സഭയ്ക്കാകെ ആശങ്കകളും സംശയങ്ങളുമുണ്ട്. ചോദ്യങ്ങളുടെ മറുപടിയിൽ അവ്യക്തതയാണ്. കാര്യങ്ങൾ തുറന്നുപറയുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ടി. എ. അഹമ്മദ് കബീർ, അങ്ങയുടെ പ്രസംഗത്തിൽ ഇടപെടുകയല്ല, സംസാരിക്കുന്നതിന് 10 മിനിട്ട് എന്നുള്ള ധാരണയിൽ പോയാൽ നന്നായിരുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, ഞാൻ അധികം സംസാരിക്കുന്നില്ല. എന്തൊക്കെയോ സർക്കാർ ഇവിടെ മറച്ചുപിടിക്കുകയാണ്. ഒരു സോഷ്യൽ കോംപ്രമൈസല്ല നടന്നിട്ടുള്ളത്. മറിച്ച് സമ്പൂർണ്ണമായ നയവ്യതിയാനമാണ്. അത് വിശ്വാസ്യപരമായ രീതിയിൽ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് ഈ സഭയ്ക്ക് തൃപ്തികരമാകാത്തവിധം കാര്യങ്ങൾ മുമ്പോട്ടുപോകുന്നത്. ഇവിടെ പരമാവധി നമുക്ക് ഗ്യാരന്റി നിൽക്കാവുന്നത് ഒരു വർഷം 21,000 കോടി രൂപയ്ക്കാണ്. 2016-ലെ കണക്കനുസരിച്ച് 1,52,000 കോടി രൂപയുടെ ഗ്യാരന്റി ഇപ്പോൾ നിന്നിട്ടുണ്ട്. എന്താണ് അതിന്റെ അർത്ഥം? കിഫ്ബിയുടെ പൂളിലേയ്ക്ക് നേരത്തെ ഇവിടെ വിശദീകരിച്ച പണം മാത്രമല്ലല്ലോ ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്, പ്രൈവറ്റ് മണിയുമുണ്ടല്ലോ? ഇത്ര വലിയ ഗ്യാരന്റി നിന്നിട്ട് എങ്ങനെയാണ് പുറത്തുനിന്ന് പുതിയ ആളുകൾ നമുക്ക് പണം നൽകാൻ വരുന്നത്? Debt capital-ൽ അധിഷ്ഠിതമായ ഒരു വലിയ അപകടത്തിലേയ്ക്കാണ് നമ്മൾ പോകുന്നത്. കടം വാങ്ങി മൂലധനമാക്കുന്ന സമ്പ്രദായം പാടെ വർജ്ജിക്കണമെന്നല്ല ഉദ്ദേശിച്ചത്, ഒരു debt capital-നെ അടിസ്ഥാനമാക്കി എങ്ങനെയാണ് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുന്നത്? ജി.എസ്.ടി. വളരെ ഗുണം ചെയ്യുമെന്ന് പറയുന്നു. പക്ഷെ നികുതി വെട്ടിപ്പുകാർ എന്തെല്ലാം പുതിയ സങ്കേതങ്ങൾ കണ്ടെത്തുമെന്ന കാര്യത്തിൽ നമുക്കൊരു രൂപവുമില്ല. ചുരുക്കത്തിൽ കേരളം അതീവ ഗുരുതരമായ അപകടത്തിലേയ്ക്കാണ് പോകുന്നത്. ഈ സർക്കാർ

ഒരു കൊല്ലം പാഴാക്കി. നേരത്തെ സൂചിപ്പിച്ചതുപോലെ സ്കൂളുകളുടെ കാര്യത്തിൽപ്പോലും വ്യക്തതയില്ല. നമുക്ക് ഇനി ഒന്നോ രണ്ടോ വർഷം കൂടി നഷ്ടപ്പെടാൻ പോകുകയാണ്.

ധനകാര്യ ബില്ലിന്റെ ചട്ടങ്ങൾ ഏപ്രിൽ 7-ന് പുറത്തുവന്നു. അപ്പോൾ സ്വാഭാവികമായും പുതിയ നികുതി ഇനങ്ങൾ വന്നാലും ഇളവുകൾ വന്നാലും ഏപ്രിൽ 1-മുതൽ ബാധകമാണ്. പക്ഷെ, ഇ-സ്റ്റാമ്പിംഗിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഇ-സ്റ്റാമ്പിംഗ് നികുതിയോ നികുതി ഇളവോ അല്ല. ഒരു പുതിയ സംവിധാനമാണ്. ആ നികുതി സംവിധാനത്തെക്കുറിച്ച് ഏപ്രിൽ 7-ാം തീയതി തന്നെ ചട്ടമിറങ്ങിയത് ശരിയാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. അത് പരിശോധിക്കണം. ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. വി. ഡി. സതീശൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

ഡോ. എൻ. ജയരാജ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇന്ന് വാക്കൗട്ട് സമയത്ത് നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോകുന്നില്ലെന്ന നിലപാടാണ് പ്രതിപക്ഷനേതാവ് സ്വീകരിച്ചത്. ഒരു വർഷം പൂർത്തിയാക്കുന്ന സഖാവ് പിണറായി വിജയൻ ഗവൺമെന്റിന് ഒരു ഉപദേശമെന്നുള്ള നിലയിലാണ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് കൂടുതൽ ഇടപെടേണ്ടത് എങ്ങനെയാണ് എന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രധാനമായും ഉണ്ടായിരുന്നത്. അതിനുശേഷം ഈ സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് അദ്ദേഹം നടത്തിയ പ്രസംഗത്തിലും പുറത്ത് വലിയ ആവേശത്തോടുകൂടി കുറ്റപത്രം അവതരിപ്പിച്ച പ്രതിപക്ഷനേതാവ് നിയമസഭയ്ക്കുള്ളിൽ അതിനുള്ള ഒരു

വീറും വാശിയുമൊന്നും കാണിക്കുന്നതായി കണ്ടില്ല. അതിനുള്ള കാരണം ഈ ഗവൺമെന്റിനെ പ്രതിപക്ഷമെന്നുള്ള നിലയിൽ ഒന്ന് വിമർശിക്കണം എന്നുള്ളതിനപ്പുറത്ത് കാര്യമായ ഒരു ആരോപണവും ഗവൺമെന്റിന് എതിരെ ഉന്നയിക്കാനില്ല എന്നുള്ളതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മൂർച്ച കുറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ഒരു വർഷക്കാലംകൊണ്ട് ഗവൺമെന്റ് വരുന്ന 60 വർഷക്കാലത്തേയ്ക്ക് അടിത്തറ പാകുന്നതിനുള്ള മികച്ച ശ്രമമാണ് നടത്തിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനം രൂപീകൃതമായിട്ട് 60 വർഷം പിന്നിടുമ്പോൾ ഇനി ഒരു 60 വർഷക്കാലംകൂടി നമ്മുടെ സംസ്ഥാനം എങ്ങനെയായിരിക്കണം എന്നുള്ളതിനെ സംബന്ധിച്ച വിശദമായ പ്ലാനിംഗിനുള്ള തയ്യാറെടുപ്പ്, ഈ ഒരു വർഷക്കാലംകൊണ്ട് സഖാവ് പിണറായി വിജയന്റെ ഗവൺമെന്റിന് നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു മികച്ച കേരളമാണ് നമ്മൾ വിഭാവന ചെയ്യുന്നത്. നവകേരള സൃഷ്ടിക്കുള്ള തുടക്കം എന്നുള്ള നിലയിൽ ഈ ഒരു വർഷത്തെ കാണുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് ഒന്നു രണ്ട് വാചകങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1957-ൽ കേരളത്തിൽ ആദ്യമായി കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും ഏതാനും ആളുകൾക്കെങ്കിലും വലിയ പരിഭ്രമം ഉണ്ടായിരുന്നു. ഭൂരിപക്ഷം വരുന്ന ജനങ്ങളിൽ ആവേശവും സന്തോഷവും ഉണർത്തിയിരുന്നു. ഈ സർക്കാരിന്റെ ഒന്നാം വാർഷികം ആഘോഷിക്കുമ്പോഴും പരിഭ്രമമുള്ള കുറേയധികം ആളുകളെങ്കിലും കേരളത്തിൽ ഉണ്ട്. ആ പരിഭ്രമമാണ് പ്രതിപക്ഷം ഇവിടെ പ്രകടിപ്പിച്ചത്. ഇങ്ങനെ പരിഭ്രമിക്കേണ്ട കാര്യമില്ല, ഈ നാടിന്റെ അഭിവൃദ്ധിക്കുവേണ്ടി ശക്തമായി നിലകൊള്ളാൻ താല്പര്യമുള്ള ഇടതുപക്ഷ രാഷ്ട്രീയം കൈകാര്യം ചെയ്യുന്നവരാണ് ഇന്ന് കേരളത്തിൽ ഭരണം നടത്തുന്നത് എന്നാണ് അവരോട് അഭ്യർത്ഥിക്കാനുള്ളത്. ഒരു പുതിയ സാഹചര്യം കേരളത്തിൽ രൂപപ്പെട്ടതുകൊണ്ടാണ് ധനമേഖലയിൽ പുതിയൊരു സമീപനം കൊണ്ടുവരാൻ ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പരിശ്രമിച്ചത്. ഈ നാടെങ്ങനെ വളർത്തണം, അറച്ചുനിൽക്കുന്ന മേഖല എവിടെയാണ്, വികസന രംഗത്ത് എവിടെയൊക്കെയാണ് മുരടിപ്പ്, ആ മുരടിപ്പ് പരിഹരിക്കാനുള്ള പരിശ്രമം എങ്ങനെയാണ് നടത്തേണ്ടത് എന്നതിനെ ക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ മേഖലയിലും

ഒരുവർഷക്കാലത്തിനിടയിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ ദീർഘമായി നമ്മുടെ നിയമസഭ ചർച്ച ചെയ്തതാണ്. ഒരു പുതിയ കാലത്തെക്കുറിച്ചുള്ള സ്വപ്നവും അത് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമവും നടത്തുകയാണ്. അത് ഇടതുപക്ഷത്തിന്റെ ആത്മാർത്ഥത മനസ്സിലാക്കി ഒരു സമീപനം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ് കേരളത്തിന്റെ ഭാവിക്ക് നല്ലത് എന്ന കാര്യംകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ധനകാര്യവും കയറും വകുപ്പുമന്ത്രി ( ഡോ. ടി. എം. തോമസ് ഐസക്): സർ, വിയോജനക്കുറിപ്പിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് വലിയ പ്രസക്തിയില്ല. നിയമം പാസ്സാകുന്നതിനുമുമ്പ് എങ്ങനെയാണ് ഒരു നിയമത്തിന് ചട്ടമുണ്ടാക്കിയത് എന്നതാണ് വിയോജനക്കുറിപ്പിൽ ഉന്നയിച്ചിട്ടുള്ള ഒരു പ്രശ്നം. ധനകാര്യ ബിൽ Provisional Collection of Revenue Act പ്രകാരമാണ് നമ്മൾ അവതരിപ്പിക്കുന്നത്. എന്ന് അവതരിപ്പിച്ചോ അന്നുമുതൽ നികുതിപിരിവിനുവേണ്ടി നിയമമായി പ്രാബല്യത്തിൽ വരും എന്ന് അതിലുണ്ട്. സ്വാഭാവികമായി അതിന്റെ ചട്ടങ്ങൾക്ക് രൂപം നൽകേണ്ടിയും വരും. അങ്ങനെയാണ് ഇ-രജിസ്ട്രേഷനുള്ള, ഇ-സ്റ്റാമ്പിംഗിനുള്ള ചട്ടം ഉണ്ടാക്കിയത്. രണ്ട്, ഇ-മുദ്ര രജിസ്ട്രേഷന്റെ സംവിധാനം റദ്ദാക്കുന്നത് സംബന്ധിച്ച് അവ്യക്തതയുണ്ട് എന്നുപറയുന്നത് ശരിയല്ല. കേരള മുദ്രപത്ര ആക്ടിലെ 12 (എ) വകുപ്പിൽ ഇത് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിൽ കൃത്യമായ വ്യക്തതയുണ്ട്. മൂന്ന്, ഫാസ്റ്റ് ട്രാക്കിൽ നികുതി പൂർത്തീകരിക്കുന്നതിന് സ്കീം ഉണ്ടാക്കുമ്പോൾ അത് നിയമസഭയിലെ പരിശോധനയ്ക്ക് വിധേയമാകുന്നില്ല എന്ന വിമർശനം വരികയുണ്ടായി. പക്ഷെ സർക്കാരിന്റെ വിജ്ഞാപനങ്ങളെല്ലാം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാണ്. അത് നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നില്ല എന്നുപറയുന്നത് ശരിയല്ല. അതുകൊണ്ട് ഈ വിയോജനക്കുറിപ്പിലെ വാദങ്ങൾ നിലനിൽക്കുന്നതല്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. ഹരീന്ദ്രൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 2(ബി) ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ാം വകുപ്പ്</u>

<u>Shri. M. Ummer</u>: Sir, I move the following amendments:

106. In clause 2 (1) (a), after the word “impressed” insert the word “stamp”.

118. In clause 2(1) (d) (ii) insert the word “stamp” after the word “impressed”.

126. In section 12A proposed to be inserted in the Kerala Stamp Act, 1959 by clause 2(4), delete the word “computer”.

127. In section 12A proposed to be inserted in the Kerala Stamp Act, 1959 by clause 2(4), substitute the word “authorised” for the word “authorized”.

131. In section 69(2)(aa) proposed to be inserted in the Kerala Stamp Act, 1959 by clause 2(7), for the word “manner” substitute the word “mode”.

സർ, 126-ാം നമ്പർ ഭേദഗതിയിൽ 'online' ചെയ്യുക എന്നുപറഞ്ഞാൽ പിന്നെ 'computer'-ന്റെ ആവശ്യമില്ല. അപ്പോൾ അതിൽ 'computer' എന്ന വാക്ക് ഒഴിവാക്കണം. അതുപോലെ 127-ാം നമ്പർ ഭേദഗതിയിൽ 'authorized' – എന്ന വാക്കിൽ 'z' എന്നത് അമേരിക്കൻ ഇംഗ്ലീഷാണ്. നമ്മുടെ ഇംഗ്ലീഷിൽ 's' എന്നാണ് വരുന്നത്. ഈ പറഞ്ഞ ഭേദഗതികളൊക്കെ സ്വീകരിക്കാവുന്നതാണ്.

Shri. Roji M. John: Sir, I move the following amendment:

113. In section 2(ea) proposed to be inserted in the Kerala Stamp Act, 1959 by clause 2(1)(b), after the words "Government of Kerala" add the words "for this purpose".

മി. സ്പീക്കർ: 107-ാം നമ്പർ ഭേദഗതി 106-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി ( ഡോ. ടി. എം. തോമസ് ഐസക്): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 126, 127 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 106, 118, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Shri. M. Ummer: Sir, I move the following amendments:

133. In clause 3(a), for the figures and words "31st December", substitute the figures and words "30th June".

135. In clause 3(b), for the figures and words "31st December" substitute the figures and words "30th June".

138. In Section 23 B(9) proposed to be inserted in the Kerala General

Sales Tax Act, 1963 by clause 3(c), insert the word “on” after the word “filed”.

140. In Section 23 B(9) proposed to be inserted in the Kerala General Sales Tax Act, 1963 by clause 3(c), delete the words “paid under the earlier option”.

സർ, 133-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്ന '31st December' എന്നത് '30th June' എന്നാക്കണം.

Shri. K.C.Joseph: Sir, I move the following amendment:

134. In clause 3(a), for the figures and words “ 31st December, 2017” substitute the figures and words “ 31st March, 2018” .

Shri. Sunny Joseph : Sir, I move the following amendment:

139. In Section 23(B)(9) proposed to be inserted in the Kerala General Sales Tax Act, 1963 by clause 3(c) for the words “ entire amount” substitute the words “ entire arrear amount” .

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ആംനെസ്റ്റി സ്കീമിൽ ഓപ്ഷൻ നൽകേണ്ടതും പണമടയ്ക്കേണ്ടതുമായ അവസാനത്തെ തീയതി പറയുന്നുണ്ട്. പണമടയ്ക്കേണ്ട അവസാനത്തെ തീയതി എല്ലാത്തിലും ഡിസംബർ 31 വച്ചിരിക്കുകയാണ്. കാരണം, അതിനപ്പുറത്തേയ്ക്ക് നീക്കിക്കഴിഞ്ഞാൽ ധനകാര്യ വർഷത്തിൽ നമുക്ക് പണം ലഭ്യമല്ലാതെ വരും. വർഷാവസാനം ഉപയോഗിക്കാൻ ഈ പണം ലഭിക്കണമെന്നാണ് താല്പര്യം. അതുകൊണ്ട് ഈ ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 133, 135, 138, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

Shri M. Ummer: Sir, I move the following amendments:

144. In section 10 B(2) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, before words "shall be applicable" the words figures and letters "of 10B of the Kerala Tax on Luxuries Act 1976" shall be added.

149. In section 10 B(3) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, for the word "withdraw" substitute the words "produce evidence regarding the withdrawal of".

150. In section 10 B(4) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, after the word "tax" add the words and figures "before 30th June 2017".

151. In section 10 B(4) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, before the word "year" add the word "financial".

156. In section 10 B(5) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, for the figures, words and symbol " 30th June, 2017" substitute the words "the date of submission of application".

162. Section 10 B(8) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, shall be deleted.

Shri P.K. Abdu Rabb: Sir, I move the following amendments:

152. In section 10 B(5) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, for the word "an" substitute the words "a written" and after the word "authority" add the words "expressing the intention".

158. In section 10 B(7) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, after the word "to the assessee" insert the words "within thirty days of receipt of application".

മി. സ്പീക്കർ: 142-ാം നമ്പർ ഭേദഗതി 141-ാം നമ്പർ ഭേദഗതിക്കും 160-ാം നമ്പർ ഭേദഗതി 159-ാം നമ്പർ ഭേദഗതിക്കും 161, 163 എന്നീ നമ്പർ ഭേദഗതികൾ 162-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഭേദഗതി നിയമത്തിൽ ആംനെസ്റ്റി സ്കീമിന്റെ പണം അടയ്ക്കാനുള്ള തീയതി നീട്ടുന്നത് സംബന്ധിച്ചുള്ളതാണ് ഭൂരിപക്ഷം ഭേദഗതികളും. ശ്രീ. പി. കെ. ബഷീറിന്റെ 155-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാത്തതിനാൽ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

155. In section 10 B(5) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, for the word "June" substitute the word "September".

ആംനെസ്റ്റി സ്കീമിൽ ഓപ്ഷൻ നൽകാനുള്ള തീയതി ജൂൺ 30 എന്നത് സെപ്റ്റംബർ 30 ആയി ഉയർത്തുന്നതാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 155-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 144, 149, 150, 151, 156, 162 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 152, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

Shri K. Muraleedharan: Sir, I move the following amendment:

168. In Section 37 C (1) proposed to be substituted in the Kerala Agricultural Income Tax Act, 1991, by clause 5, for the word " thirty" substitute the words " thirty five" .

Shri M. Ummer: Sir, I move the following amendments:

169. In Section 37 C (1) proposed to be substituted in the Kerala Agricultural Income Tax Act, 1991, by clause 5, for the words " per cent" substitute the word " percent" .

170. In Section 37 C (2) proposed to be substituted in the Kerala Agricultural Income Tax Act, 1991, by clause 5, insert the words " of section 37 C of the Kerala Agricultural Income Tax Act 1991" before the words " shall be applicable" .

175. In Section 37 C (3) proposed to be substituted in the Kerala Agricultural Income Tax Act, 1991, by clause 5, for the word "withdraw" substitute the words "produce the evidence of the withdrawal of".

176. In Section 37 C (4) proposed to be substituted in the Kerala Agricultural Income Tax Act, 1991, by clause 5, insert the word and symbol " interest" after the word "tax".

177. In Section 37 C (4) proposed to be substituted in the Kerala Agricultural Income Tax Act, 1991, by clause 5, insert the word "financial" before the word "year".

184. In Section 37C(7) proposed to be substituted in the Kerala Agricultural Income Tax Act, 1991 by clause 5, "December, 2017" shall be substituted with "March 2018".

Shri K.S. Sabarinadhan: Sir, I move the following amendment:

180. In Section 37C(5) proposed to be substituted in the Kerala Agricultural Income Tax Act, 1991 by clause 5, "30th June, 2017" shall be substituted with "31st August, 2017".

Shri V. S. Sivakumar: Sir, I move the following amendment:

183. In Section 37C(7) proposed to be substituted in the Kerala Agricultural Income Tax Act, 1991 by clause 5, for the figures, words and symbol "31st December, 2017" substitute the figures and words "31st March 2018".

മി. സ്പീക്കർ: 166-ാം നമ്പർ ഭേദഗതി 165-ാം നമ്പർ ഭേദഗതിക്കും 186-ാം നമ്പർ ഭേദഗതി 185-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 181-ാം നമ്പർ ഭേദഗതി ഇവിടെ അവതരിപ്പിക്കാത്തതിനാൽ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

181. In Section 37C(5) proposed to be substituted in the Kerala Agricultural Income Tax Act, 1991 by clause 5, "30th June, 2017" shall be substituted with "30th September, 2017".

കാർഷികാദായ നികുതിയിലെ ആംനെസ്റ്റി സ്കീമിന്റെ ഓപ്ഷൻ നൽകുന്നതിനുള്ള തീയതി ജൂൺ 30-ൽ നിന്ന് സെപ്റ്റംബർ 30 ആയി ഭേദഗതി ചെയ്യുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 169, 170, 175, 176, 177, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

Minister for Finance and Coir (Dr. T. M. Thomas Isaac): Sir, I move the following official amendment:

233. In the twenty fourth proviso to subsection (1) of section 6 of the

Kerala Value Added Tax Act, 2003 (30 of 2004) proposed to be inserted by item (a) of sub-clause(1), for the words and figures "upto 22nd February 2017" the words and figures "from 1st April 2005 to 22nd February 2017" shall be substituted.

Shri M. Ummer: Sir, I move the following amendments:

190. In the twenty first proviso to section 6(1) proposed to be inserted in the Kerala Value Added Tax Act, 2003 by clause 6(1)(a), substitute the word "percent" for the word "per cent".

197. In the fourth proviso to section 24(1) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(2)(ii) for the figure, word and symbol "31st March, 2018" substitute the figure, word and symbol "31st June 2017".

200. In the third proviso to section 25 (1) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(3)(ii) for the words, figures and symbol "31st March, 2018" substitute the words and figures "30th June 2017".

203. In section 25E(1) (i) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4) for the words "per cent" substitute the word "percent".

206. In section 25E(1) (ii) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4) substitute the word "percent" for the words "per cent".

209. In the Explanation to section 25E(1) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), the letter "(li)" shall be substituted with the letters "(l), (li), (lii)".

211. In the Explanation to section 25E(1) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), for the words "per cent" substitute the word "percent".

225. In section 31 A(4) proposed to be inserted in the Kerala Value Added Tax Act, 2003 by clause 6(6), insert the word "financial" before the

word "year".

226. In section 31A(5) proposed to be inserted in the Kerala Value added Tax Act, 2003 by clause 6(6), for the words and figures "30th June 2017" substitute the words "the date of submission of application".

230. In section 96(A) of the Kerala Value Added Tax Act, 2003 proposed to be inserted by clause 6(10), the word "For" shall be substituted with the words "By using the powers given in section 97 of the Act,"

190-ാം നമ്പർ ഭേദഗതിയിലെ per cent എന്നത് രണ്ട് വാക്കാണ്. ഈ ഭേദഗതി സ്വീകരിക്കാവുന്നതാണ്.

1-7-2017 മുതൽ ജി.എസ്.ടി. നിലവിൽ വരുമ്പോൾ കേരള വാല്യൂ ആഡഡ് ടാക്സ് 2003, കേരള ലക്ഷ്വറി ടാക്സ് ആക്ട്, ജനറൽ സെയിൽസ് ടാക്സ് ആക്ട് ഇവയെല്ലാം ഇതോടുകൂടി ഇൻവാലിഡ് ആവുകയാണ്. അങ്ങനെ വരുമ്പോൾ 31 മാർച്ച് 2018 വരെ കൊടുക്കാൻ കഴിയുമോ? ഈ ജൂലൈ മാസത്തിൽ ലാപ്സായിപ്പോകുന്ന നിയമത്തിന് അതിനപ്പുറത്തേക്ക് ഒരു ഡേറ്റ് കൊടുത്താൽ ഒരിക്കലും അത് നിലനിൽക്കില്ല. അതുകൊണ്ട് 200-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് 30 ജൂൺ 2017 വരെയേ കൊടുക്കാൻ പറ്റൂ എന്നുള്ളതാണ്. അത് വളരെ കൃത്യമാണ്. ഇത് ബോണഫൈഡ് മിസ്റ്റേക്കല്ല. അത് കറക്ട് ചെയ്താൽ മാത്രമേ ഇത് നിലനിൽക്കുകയുള്ളൂ. ഇത് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്.

Shri Adoor Prakash: Sir, I move the following amendment:

196. In clause 6(2)(i), for the words "four years" substitute the words "five years".

Shri K. Muraleedharan: Sir, I move the following amendment:

202. In section 25E(1) (i) proposed to be Substituted in the Kerala Value Added Tax Act, 2003 by clause 6(4) for the words "half per cent" substitute the words "one fourth percent".

Shri Sunny Joseph: Sir, I move the following amendments:

216. In section 25E(4) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), the words "fifteen days" shall be

substituted with the words "thirty days".

219. In section 25 E(5) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), for the word, symbol and figure "December, 2017" substitute the word and figure "March 2018".

Shri Roji M. John: Sir, I move the following amendment:

217. In section 25 E(5) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), for the words "Thirty per cent" substitute the words "Twenty percent".

Shri V.S. Sivakumar: Sir, I move the following amendment:

227. In section 31A(7) proposed to be inserted in the Kerala Value added Tax Act, 2003 by clause 6(6), for the word, and figure and symbol "December, 2017" substitute the word and figure "March 2018".

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ശ്രീ. എം. ഉമ്മർ പറഞ്ഞത് ശരിയാണ്. 'per cent' രണ്ട് വാക്കായാണ് ഉപയോഗിക്കേണ്ടത്. പക്ഷെ നിയമത്തിൽ മുഴുവനും ഒരു വാക്കായാണ് വച്ചിരിക്കുന്നത്. അതെല്ലാം മുഴുവനായി തിരുത്താനാകില്ല. അതുകൊണ്ട് ഭേദഗതി തൽക്കാലം സ്വീകരിക്കാൻ നിർവ്വാഹമില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 214-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുൽ ഹമീദ് പി.-യുടെ 220-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലിയുടെ 228, 229 എന്നീ നമ്പർ ഭേദഗതികളും ഇവിടെ അവതരിപ്പിക്കാത്തതിനാൽ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

214. In section 25E(2) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), the figures, words and symbol "30$^{th}$ June, 2017" shall be substituted with the words and figures "30$^{th}$ September 2017".

220. In section 25 E(5) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), after the word "equal" insert the word "monthly".

228. The second proviso to section 57(1) proposed to be inserted in the Kerala Value Added Tax Act, 2003 inserted by clause 6(8), clause 6

the words and figures "by virtue of the Kerala Finance Bill, 2017" shall be deleted.

229. The second proviso to section 60(1) proposed to be inserted in the Kerala Value Added Tax Act, 2003, by clause 6(9), the words "by virtue of the Kerala Finance Bill, 2017" shall be deleted.

അനുമാന നികുതിദായകരുടെ ആംനെസ്റ്റി പദ്ധതിക്കുള്ള ഓപ്ഷൻ തീയതി 2017 സെപ്റ്റംബർ 30 വരെ നീട്ടുന്നു. അനുമാന നികുതിദായകർ ആംനെസ്റ്റി സ്കീം പ്രകാരം തുല്യതവണകളായി നികുതി അടയ്ക്കണമെന്നുള്ളത് തുല്യ മാസതവണകളായി ഒടുക്കണമെന്ന് മാറ്റം വരുത്തുന്നു.

By virtue of the Kerala Finance Bill, 2017 എന്നതിനുപകരം by virtue of the Kerala Finance Act, 2017 എന്ന് ചേർക്കേണ്ടതാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അങ്ങ് സാധാരണഗതിയിൽ ഒരു ഭേദഗതി തള്ളുമ്പോൾ അതിന്റെ കാര്യകാരണങ്ങൾ വ്യക്തമായി പറയുന്നയാളാണ്. 1-7-2017-ന് ജി.എസ്.ടി. നിലവിൽ വരുന്നതോടുകൂടി ഞാൻ നേരത്തേ സൂചിപ്പിച്ച മൂന്ന് ആക്ടുകളും നിലവിലില്ലാതാകുന്നതിനാൽ അതിനപ്പുറത്തേയ്ക്ക് ഡേറ്റ് നൽകുന്നത് നിലനിൽക്കുമോ; ഇക്കാര്യത്തിൽ ഒരു ക്ലിയർ എക്സ്പ്ലനേഷൻ നൽകേണ്ടതുണ്ട്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ജി.എസ്.ടി. ആക്ടിൽ ഒരു സേവിംഗ് ക്ലോസ് നൽകി ഇത് സംരക്ഷിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 190, 197, 200, 203, 206, 209, 211, 225, 226, 230 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 216, 219 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭ

നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Shri N.A. Nellikkunnu: Sir, I move the following amendment:

103. In the preamble, after the word "certain financial" insert the words "and other".

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ശ്രീ. കെ. എം. മാണിയുടെ 104-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാത്തതിനാൽ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു:

104. Clause 1 (2) shall be recast as follows: "

(2) It shall deemed to have been come into force on the 1st day of April, 2017".

മറ്റ് ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2017- ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017- ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. ആൻസലൻ
2. ശ്രീ. ആന്റണി ജോൺ
3. പ്രൊഫ. കെ. യു. അരുണൻ
4. ശ്രീമതി സി. കെ. ആശ
5. ശ്രീ. എ. കെ. ബാലൻ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീ. ചിറ്റയം ഗോപകുമാർ
12. ശ്രീ. സി. കെ. ഹരീന്ദ്രൻ

13. ശ്രീ. ജെയിംസ് മാത്യു
14. ശ്രീ. ജി. എസ്. ജയലാൽ
15. ശ്രീ. ഇ. പി. ജയരാജൻ
16. ശ്രീ. ജോൺ ഫെർണാണ്ടസ്
17. ശ്രീ. ഒ. ആർ. കേളു
18. ശ്രീ. സി. കൃഷ്ണൻ
19. ശ്രീ. കെ. കൃഷ്ണൻകുട്ടി
20. ശ്രീ. കെ. കുഞ്ഞിരാമൻ
21. ശ്രീ. കോവൂർ കുഞ്ഞുമോൻ
22. ശ്രീ. വി. കെ. സി. മമ്മത് കോയ
23. ശ്രീ. എം. എം. മണി
24. ശ്രീ. മാത്യു ടി. തോമസ്
25. ശ്രീ. കെ. ജെ. മാക്സി
26. ശ്രീ. എ. സി. മൊയ്തീൻ
27. ശ്രീ. എം. മുകേഷ്
28. ശ്രീ. ഡി. കെ. മുരളി
29. ശ്രീ. മുരളി പെരുനെല്ലി
30. ശ്രീ. സി. കെ. നാണു
31. ശ്രീ. എ. പ്രദീപ് കുമാർ
32. ശ്രീ. കെ. ഡി. പ്രസേനൻ
33. ശ്രീമതി യു. പ്രതിഭ ഹരി
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. പി. ടി. എ. റഹീം
36. ശ്രീ. എം. രാജഗോപാലൻ

37. ശ്രീ. കെ. രാജൻ

38. ശ്രീ. എസ്. രാജേന്ദ്രൻ

39. ശ്രീ. ആർ. രാജേഷ്

40. ശ്രീ. കെ. രാജു

41. ശ്രീ. ആർ. രാമചന്ദ്രൻ

42. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

43. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

44. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

45. ശ്രീ. മുല്ലക്കര രത്നാകരൻ

46. പ്രൊഫ. സി. രവീന്ദ്രനാഥ്

47. ശ്രീ. കാരാട്ട് റസാഖ്

48. ശ്രീ. എസ്. ശർമ്മ

49. ശ്രീ. സി. കെ. ശശീന്ദ്രൻ

50. ശ്രീ. വി. ശശി

51. ശ്രീ. ഐ. ബി. സതീഷ്

52. ശ്രീ. ബി. സത്യൻ

53. ശ്രീ. എ. എൻ. ഷംസീർ

54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

55. ശ്രീ. ജി. സുധാകരൻ

56. ശ്രീ. വി. ആർ. സുനിൽ കുമാർ

57. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

58. ശ്രീ. കെ. സുരേഷ് കുറുപ്പ്

59. ശ്രീ. എം. സ്വരാജ്

60. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

61. ശ്രീ. പി. തിലോത്തമൻ
62. ശ്രീ. തോമസ് ചാണ്ടി
63. ഡോ. ടി. എം. തോമസ് ഐസക്
64. ശ്രീ. പി. ഉണ്ണി
65. ശ്രീമതി വീണാ ജോർജ്ജ്
66. ശ്രീ. കെ. വി. വിജയദാസ്
67. ശ്രീ. ഇ. കെ. വിജയൻ
68. ശ്രീ. പിണറായി വിജയൻ
69. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പാറക്കൽ അബ്ദുല്ല
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. അനിൽ അക്കര
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. ടി. വി. ഇബ്രാഹിം
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. മോൻസ് ജോസഫ്
9. ശ്രീ. കെ. മുരളീധരൻ
10. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
11. ശ്രീ. രമേശ് ചെന്നിത്തല
12. ശ്രീ. റോജി എം. ജോൺ
13. ശ്രീ. റോഷി അഗസ്റ്റിൻ
14. ശ്രീ. കെ. എസ്. ശബരീനാഥൻ

15. ശ്രീ. വി. എസ്. ശിവകുമാർ

16. ശ്രീ. സണ്ണി ജോസഫ്

17. ശ്രീ. പി. ടി. തോമസ്

18. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ: 2017-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ- 69

പ്രതികൂലിക്കുന്നവർ- 18

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## XIII. അവകാശലംഘന പ്രശ്നങ്ങൾ

### (1) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് അയച്ച പ്രശ്നങ്ങൾ

13-3-2017-ൽ ചെയർ സഭയിൽ നൽകിയ റൂളിംഗിനെപ്പറ്റി ആക്ഷേപകരമായ പരാമർശങ്ങൾ ഉൾപ്പെട്ട പരിപാടി മാതൃഭൂമി ന്യൂസ് ചാനൽ സംപ്രേക്ഷണം ചെയ്തതുമായി ബന്ധപ്പെട്ട് ചട്ടം 155 പ്രകാരം അവകാശലംഘന പ്രശ്നം ഉന്നയിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. നൽകിയ നോട്ടീസ് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തിരിക്കുന്നു. അടാട്ട് സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് തങ്ങളെ അഴിമതിക്കാരായി ചിത്രീകരിച്ച് ശ്രീ. അനിൽ അക്കര, എം.എൽ.എ അപകീർത്തിപ്പെടുത്തുന്നുവെന്നാരോപിച്ച് ശ്രീമതി സി. എം. ഇന്ദിരാ പ്രിയദർശിനി, ശ്രീമതി. പി. അജിത എന്നിവർ നൽകിയതും അംഗങ്ങളുടെ എഥിക്സിനെ സംബന്ധിച്ചതുമായ രണ്ട് പരാതികളും പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തിരിക്കുന്നു.

### (2) ചെയറിന്റെ പരിഗണനയിലുള്ളവ

എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുത്തതു സംബന്ധിച്ച് -5-5-2017-ൽ ശ്രീ. പി. ടി. തോമസ് എം.എൽ.എ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി ആവശ്യപ്പെട്ടു നൽകിയ നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

നടത്തിയത് വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനയാണെന്ന് ആരോപിച്ച് സർവ്വശ്രീ ഹൈബി ഈഡൻ, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ ചട്ടം 155 പ്രകാരം അവകാശലംഘനം ഉന്നയിക്കുന്നതിന് ഓരോ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്. അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫാക്ടിന്റെ സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിയമസഭാ മന്ദിരത്തിലെ ഓഫീസിൽ വച്ചു ചേർന്ന യോഗത്തിലേയ്ക്ക് സ്ഥലം എം.എൽ.എ. ആയ തന്നെ ക്ഷണിക്കാത്തത് അവകാശ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ. നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

## XIV. പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുൻപാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

ഓർഡർ, ഓർഡർ.....,

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. 2017-18 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾ വിശദമായി ചർച്ച ചെയ്തു പാസ്സാക്കുക എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ പ്രധാന ഉദ്ദേശ്യം. 2017 ഏപ്രിൽ 25-ാം തീയതി ആരംഭിച്ച ഈ സമ്മേളനം ഇന്ന് അവസാനിക്കുമ്പോൾ സഭ ആകെ 21 ദിവസമാണ് സമ്മേളിച്ചത്. ഒന്നാം കേരള നിയമസഭ അതിന്റെ ആദ്യ സമ്മേളനം ചേർന്നത് 1957 ഏപ്രിൽ 27-ന് ആയിരുന്നു. അതിന്റെ 60-ാം വാർഷികദിനം ഈ സമ്മേളന കാലയളവിലായിരുന്നു നാം ആചരിച്ചത്. അന്നേ ദിവസത്തെ സഭയുടെ സമ്മേളനം സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ മന്ദിരത്തിൽ ചേർന്ന് നമ്മുടെ മുൻഗാമികളായിരുന്ന നിയമസഭാ സാമാജികരെയും അവരുടെ പ്രവർത്തനങ്ങളെയും

അനുസ്മരിക്കുകയും പഴയകാല ഓർമ്മകൾ പുതുക്കുകയും ചെയ്തു. അതോടൊപ്പം സംസ്ഥാനത്ത് മലയാള ഭാഷാപഠനം ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യംവച്ചുകൊണ്ടുള്ള ശക്തമായ ഒരു നിയമ നിർമ്മാണത്തിനുള്ള തുടക്കം കുറിക്കുവാനും ആ സമ്മേളനം സാക്ഷിയായി.

അഞ്ചാം സമ്മേളന കാലയളവിൽ സഭ സമ്മേളിച്ച 21 ദിവസങ്ങളിൽ 12 ദിവസം ധനാഭ്യർത്ഥന ചർച്ചകൾക്കായി മാറ്റിവച്ചതിനുപുറമേ 4 ദിവസം നിയമനിർമ്മാണത്തിനും 2 ദിവസം മറ്റ് ധനകാര്യ നടപടികൾക്കും 3 ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായും നീക്കിവയ്ക്കുകയുണ്ടായി. നിയമനിർമ്മാണത്തിൽ 2 ധനവിനിയോഗ ബില്ലുകൾക്കു പുറമേ ഏറെ ചർച്ച ചെയ്യപ്പെട്ട, മലയാള ഭാഷ (നിർബന്ധിത ഭാഷ) ബില്ലും 2017- ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലും 2017-ലെ കേരള ധനകാര്യ ബില്ലുമാണ് സഭ പാസ്സാക്കിയത്. അനൗദ്യോഗിക കാര്യങ്ങൾക്കായി നീക്കിവച്ച 3 ദിനങ്ങളിൽ ഒരു ദിവസം ബില്ലുകളും രണ്ടു ദിവസം പ്രമേയങ്ങളുമാണ് സഭ പരിഗണിച്ചത്. ബില്ലുകളുടെ കാര്യത്തിൽ 5 സ്വകാര്യബില്ലുകളുടെ അവതരണാനുമതി തേടിക്കൊണ്ടുള്ള പ്രമേയങ്ങൾ സഭ പരിഗണിക്കുകയുണ്ടായി. അതുപോലെ സഭ മുമ്പാകെവന്ന അഞ്ച് അനൗദ്യോഗിക പ്രമേയങ്ങളിൽ ഒന്ന് ഗവൺമെന്റ് വരുത്തിയ ഭേദഗതിയോടെയും മറ്റൊന്ന് അതേ രൂപത്തിലും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

20 അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസുകളാണ് സമ്മേളനകാലയളവിൽ സഭാതലത്തിൽ പരിഗണിക്കപ്പെട്ടത്. ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 660 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 5921 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 80 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 691 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. 37 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെയും 197 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. കൂടാതെ ചട്ടം 118 പ്രകാരം മൂന്ന് ഗവൺമെന്റ് പ്രമേയങ്ങൾ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. ചട്ടം 300 അനുസരിച്ച് സമ്മേളനകാലയളവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും സഭയിൽ ഒരോ പ്രസ്താവനകൾ നടത്തുകയുണ്ടായി.

17-12-2014-ന് നിയമസഭ പാസ്സാക്കിയ കേരള മാരിടൈം ബോർഡ് ബിൽ മടക്കി അയച്ചുകൊണ്ടുള്ള ഗവർണ്ണറുടെ സന്ദേശം 11-5-2017-ന് സഭയെ അറിയിക്കുകയും തുടർന്ന് 17-5-2017-ന് പ്രസ്തുത ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം സഭ അംഗീകരിക്കുകയുമുണ്ടായി.

സഭാതലത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ യഥാസമയം മറുപടി ലഭ്യമാക്കുന്നില്ല എന്ന പരാതി വ്യാപകമായി ഉയർന്നുവന്ന സാഹചര്യത്തിലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി ഒന്നിലധികം തവണ ചെയറിന് കത്ത് നൽകുകയും ചെയ്ത സാഹചര്യത്തിലും ഇതുസംബന്ധിച്ച് ചെയർ വ്യക്തമായൊരു റൂളിംഗ് ഈ സമ്മേളനകാലത്ത് നൽകിയിരുന്നു. പ്രസ്തുത റൂളിംഗ് മുഖവിലയ്ക്കെടുത്തുകൊണ്ട് ഭരണപരമായ അസൗകര്യങ്ങൾ അനുഭവപ്പെടുന്നവ ഒഴികെയുള്ള പരമാവധി ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും അശ്രാന്തം പരിശ്രമിക്കുകയും ഒരു പരിധിവരെ വിജയിക്കുകയും ചെയ്തതായി കാണാൻ കഴിഞ്ഞിരിക്കുന്നു. ഇക്കാര്യത്തിലുള്ള ചെയറിന്റെ സന്തോഷം രേഖപ്പെടുത്തുന്നതോടൊപ്പം ഇനിയും മറുപടി ലഭ്യമാക്കാനുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി സമയബന്ധിതമായി ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

നിയമസഭാ മ്യൂസിയത്തിന്റെ നവീകരണം ലക്ഷ്യമിട്ടുകൊണ്ട് 23-5-2017-ന് സംഘടിപ്പിച്ച മ്യൂസിയം സന്ദർശനത്തിലും സാംസ്കാരിക പരിപാടിയിലും ഒട്ടേറെ അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി.

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷ പരിപാടികൾ സമുചിതമായി നടന്നുവരുന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിവുള്ളതാണല്ലോ. അതിന്റെ തുടർച്ചയായി 6-6-2017-ന് നിയമസഭയുടെ C.P.S.T.-യുടെയും താനൂർ നിയോജക മണ്ഡലത്തിലെ വിവിധ സാംസ്കാരിക സംഘടനകളുടെയും ആഭിമുഖ്യത്തിൽ 'വജ്രകേരളം' എന്ന പേരിൽ ഒരു സാംസ്കാരിക പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണർ പങ്കെടുക്കുന്ന പ്രസ്തുത ചടങ്ങിന്റെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുന്നതാണ്. അതുപോലെ വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായുള്ള പ്രഭാഷണ പരമ്പരയിലെ രണ്ടാമത്തേതായി "പ്രകൃതി സംരക്ഷണത്തിലും സുസ്ഥിര വികസനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്" എന്ന വിഷയത്തിൽ

മുൻ കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേഷ് നടത്തുന്ന പ്രഭാഷണം 14-6-2017-ന് നിയമസഭാ മന്ദിരത്തിൽവച്ച് നടക്കുന്നതാണ്. മേൽ സൂചിപ്പിച്ച രണ്ടു ചടങ്ങുകളിലും പങ്കെടുക്കുവാൻ അംഗങ്ങൾ സൗകര്യം കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമസഭയുടെ അറുപതാം വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് സെമിനാറുകൾ, പ്രദർശനങ്ങൾ, സ്കൂൾ പാർലമെന്റുകൾ, ഭരണഘടനാ ക്ലാസ്സുകൾ എന്നിവയും പൊതുജനങ്ങളേയും വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വൈവിധ്യമാർന്ന പരിപാടികൾ എന്നിവയും നടത്താൻ ഉദ്ദേശിക്കുന്നു. ഇവയിലെല്ലാം ബഹുമാനപ്പെട്ട അംഗങ്ങളുടെ നേതൃത്വപരമായ പങ്കാളിത്തവും സഹകരണവും അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ ഭരണ പ്രതിപക്ഷ ഭേദമെന്യേ ഉന്നയിച്ച ഒരു കാര്യം കൂടി ഈ അവസരത്തിൽ സൂചിപ്പിക്കുവാൻ ചെയർ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ വിവിധ മന്ത്രിമാർക്ക് നൽകുന്ന നിവേദനങ്ങൾക്കും കത്തുകൾക്കും യഥാസമയം മറുപടി ലഭിക്കുന്നില്ല എന്നതാണ് പൊതുവായ പരാതി. ഇത് ആരോഗ്യകരമായ ഒരു പ്രവണതയല്ലെന്ന കാര്യത്തിൽ സംശയമില്ല. ജനപ്രതിനിധികൾ എന്ന നിലയിൽ ജനങ്ങളുടെ ഇടയിൽ നിന്നും ഉയർന്നു വരുന്ന പ്രശ്നങ്ങളാണ് വിവിധ രൂപത്തിൽ അവർ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അപ്രകാരം വരുന്ന കത്തുകൾക്കും നിവേദനങ്ങൾക്കും യഥാസമയം മറുപടി നൽകുന്ന കാര്യത്തിൽ മാതൃകാപരമായ ഒരു സമീപനം എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും സ്വീകരിക്കണമെന്നതാണ് ഇക്കാര്യത്തിൽ ചെയറിന്റെ ഭാഗത്തുനിന്നുള്ള അഭിപ്രായം. അതോടൊപ്പം വിവിധ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥരും ഇക്കാര്യം ഗൗരവപൂർവ്വം നടപ്പാക്കുന്നു എന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഉറപ്പാക്കണമെന്നും ചെയർ നിർദ്ദേശിക്കുന്നു.

ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, വിവിധ കക്ഷിനേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുകളിലെയും എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ

നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.....ഓർഡർ...സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയ ഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.50-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 1624/Table-1/2017/Leg. Dated Thiruvananthapram, 25th May, 2017

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fifth Session of the Fourteenth Kerala Legislative Assembly with effect from May 25, 2017 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2017 മേയ് 25-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിച്ചിരിക്കുന്നു.

By Order of the Governor,

V. K. Babu Prakash,

Secretary.

***

## അനുബന്ധം

14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിലെ 2017 മേയ് 15-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 395-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) മേശപ്പുറത്തുവച്ചു.

രജിസ്ട്രേഷൻ വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ

(* 395) ശ്രീ. എൻ.എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നോട്ട് നിരോധനവും പണം കൈമാറ്റത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും ഭൂമി രജിസ്ട്രേഷൻ നടപടികളെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് വ്യക്തമാക്കുമോ;

(ബി) സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും വരുത്തിയ വർദ്ധനവ് ഭൂമി രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ കുറവുണ്ടാക്കുകയും രജിസ്ട്രേഷൻ വരുമാനത്തെ ബാധിക്കുകയും ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കി സർക്കാർ വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ): സർ,

(എ) ഉണ്ട്. നോട്ട് നിരോധനമുണ്ടായിരുന്ന കാലയളവിൽ (2016 നവംബർ മുതൽ 2017 ജനുവരി വരെ) പ്രതിമാസം ശരാശരി നികുതി വരുമാനത്തിൽ മുൻമാസങ്ങളെ അപേക്ഷിച്ച് 45.11 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും വരുത്തിയ വർദ്ധനവ് രജിസ്ട്രേഷനുകളുടെ എണ്ണം കുറഞ്ഞുവരുന്ന പ്രവണതയാണ് ഉണ്ടാക്കിയിട്ടുള്ളതെങ്കിലും വരുമാനം വർദ്ധിച്ചു വരികയാണ് ഉണ്ടായത്.

(സി) രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

*******